# കേരള നിയമസഭാ നടപടികൾ

**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**2017 മേയ് 18, വ്യാഴം**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 16

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മേയ് 18, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

103/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 34

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 34
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 80

**II. അടിയന്തരപ്രമേയം**

കാവേരി സെൽ നിർത്തലാക്കാനുള്ള തീരുമാനം—
(അവതരണാനുമതി നിഷേധിച്ചു) .. 294

**III. ശ്രദ്ധ ക്ഷണിക്കൽ**

1. അലിൻഡ് സംരക്ഷണം—

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ .. 311

2. ഒഴിവുകൾ നികത്തൽ—

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ .. 315

**IV. സബ്മിഷൻ**

1. കളിമണ്ണ് കൊണ്ടുവരുന്നത് സംബന്ധിച്ച്—

ശ്രീ. വി. കെ. സി. മമ്മത് കോയ .. 319

2. ഫ്ലൈറ്റ് ഹാൻഡ്ലിംഗ് തൊഴിലാളി സമരം—

ശ്രീ. വി. അബ്ദുറഹിമാൻ .. 320

3. മെഡിക്കൽ പി.ജി. വിദ്യാർത്ഥികളുടെ ഫീസ്—

ശ്രീ. എ. പി. അനിൽ കുമാർ .. 321

4. കനാൽ നിർമ്മാണം - —

ശ്രീ. പാറക്കൽ അബ്ദുല്ല .. 323

*പേജ്*

5. നഷ്ടപരിഹാരം—

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 325

6. ഉപാധിരഹിത പട്ടയം—

ശ്രീ. റോഷി അഗസ്റ്റിൻ .. 327

7. പുലിമുട്ട് നിർമ്മാണം—

ശ്രീ. എസ്. ശർമ്മ .. 329

8. കുടിവെള്ള പദ്ധതി—

ശ്രീ. മുല്ലക്കര രത്നാകരൻ .. 330

9. ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ—

ശ്രീ. സി. മമ്മൂട്ടി .. 331

10. സൗരോർജ്ജ വേലിയും കിടങ്ങും സ്ഥാപിക്കൽ—

ശ്രീ. രാജു എബ്രഹാം .. 332

**V റിപ്പോർട്ടുകളുടെ സമർപ്പണം**

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് .. 334
2. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ മുപ്പത് മുതൽ നാൽപ്പത് വരെയുള്ള റിപ്പോർട്ടുകൾ. .. 334
3. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. 334

**VI ധനകാര്യം**

1. 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും .. 334

*പേജ്*

**VII വ്യക്തിപരമായ വിശദീകരണം**

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും
വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) .. 412

**ധനകാര്യം (തുടർച്ച)** .. 413

**VIII അറിയിപ്പ്**

'ജീവാമൃതം ചിത്രപ്രദർശനം'—

മി. സ്പീക്കർ .. 450

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 18, വ്യാഴം*

| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 16 |
|---|---|---|

നിയമസഭ 2017 മേയ് മാസം 18-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *481.

**ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

1 (*481) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഓഫീസ് സംവിധാനമുൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പുതിയ സംരംഭങ്ങൾക്ക് എത്ര നാളുകൾക്കുള്ളിൽ ലൈസൻസ് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും നെറ്റ്‌വർക്കിംഗ്

നടത്തുകയും കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കിംഗ് പദ്ധതി (KSWAN) നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിലൂടെ ജില്ലാ ഓഫീസുകളിൽ KSWAN സൗകര്യം, ടെലഫോൺ, കണക്ടിവിറ്റി, യു.പി.എസ്. പവർ എന്നിവ ഉറപ്പാക്കുന്നു. കാലാകാലങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ക്രിയാത്മകമായ മാറ്റം വരുത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ മുഖേന സംരംഭകർക്ക് കൂടുതൽ സേവനങ്ങൾ ഉറപ്പുവരുത്തുന്നു.

(ബി) നിലവിലെ ഓഫീസ് സംവിധാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വ്യവസായ സംബന്ധമായ വിവരങ്ങൾ നൽകുന്നതിനും വ്യവസായ സംരംഭങ്ങൾ നടത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

2. വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിനും ഇവർ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും ലക്ഷ്യമിട്ട് കേരള എം.എസ്.എം.ഇ. ജിയോ പോർട്ടൽ-വ്യവസായ ജാലകം പദ്ധതി നടപ്പിലാക്കിവരുന്നു.

3. വകുപ്പിൽ നടപ്പിലാക്കി വരുന്നതും സമീപഭാവിയിൽ നടപ്പിലാക്കാൻ പോകുന്നതുമായ ഓൺലൈൻ പദ്ധതികളായ ഇ.എസ്.എസ്., ഇ-ഓഫീസ്, മറ്റ് സോഫ്റ്റ്‌വെയറുകൾ, വീഡിയോ കോൺഫറൻസിംഗ് എന്നിവയുടെ നടത്തിപ്പിന് അടിസ്ഥാന സൗകര്യം ഉറപ്പാക്കുവാൻ ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്കിംഗ് (KSWAN) പദ്ധതി നടപ്പിലാക്കി.

4. കാലോചിതമായ മാറ്റങ്ങൾ ലഭ്യമാക്കി പുതിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി വകുപ്പിന്റെ വെബ്സൈറ്റ് പൂർണ്ണമായും നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

5. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 2500-ഓളം ഏക്കർ വ്യവസായ ഭൂമി ചെറുകിട സംരംഭകർക്കായി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതിന്റെ ഭാഗമായി ലാന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിവരുന്നു.

6. സംരംഭകർക്ക് വകുപ്പുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

7. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി വ്യവസായ വകുപ്പിലെ എല്ലാ ഇലക്ട്രോണിക് അസറ്റുകളും സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്ട് അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിൽ ലഭിക്കുന്ന അപേക്ഷ 60 ദിവസത്തിനകം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾക്ക് അയച്ചുകൊടുക്കുന്നു. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ശിപാർശ ലഭിച്ച് നിശ്ചിത ദിവസത്തിനകം തീരുമാനം കൈക്കൊണ്ടിട്ടില്ലെങ്കിൽ ഡീംഡ് സർട്ടിഫിക്കറ്റ് നൽകാൻ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിന് അധികാരമുണ്ട്.

നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒരു സ്ഥിരം സെന്റർ കെ.എസ്.ഐ.ഡി.സി.-യിൽ പ്രവർത്തനമാരംഭിക്കും. ഈ സംവിധാനം ജില്ലാതലത്തിൽ പ്രാവർത്തികമാക്കുന്നതിന് ജില്ലാ കളക്ടർ തലവനായി ഒരു സ്ഥിരം ജില്ലാ സമിതിയും രൂപീകരിക്കുന്നതാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും ഏജൻസികളിലേയും അപേക്ഷാ ഫാറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാ ഫാറം കൊണ്ടുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചുവെന്ന് ഉത്തരത്തിൽ പറയുന്നുണ്ട്. ഇത് എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളത്; ഇതുമൂലം വ്യവസായികൾക്ക് ലഭിക്കുന്ന സൗകര്യം എന്താണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, 14 ജില്ലാ കേന്ദ്രങ്ങളിലെ ഡി.ഐ.സി. ഓഫീസുകളിലും ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ പ്രയോജനം ഉത്തരത്തിൽ ഞാൻ സൂചിപ്പിച്ചതാണ്. പുതിയ വ്യവസായ സംരംഭകർക്ക് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം ലഭ്യമാണ്. ഇൻക്യുബേഷൻ സെന്ററുമായി ബന്ധപ്പെട്ട് പുതിയ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ സഹായം,

സംരംഭകർക്കാവശ്യമായ സാങ്കേതിക സഹായം, ധനസഹായം ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കും ഇൻക്യുബേഷൻ സെന്ററുകൾ വഴി നൽകുന്ന നടപടിയാണ് സ്വീകരിക്കുന്നത്.

ശ്രീ. അൻവർ സാദത്ത് : സർ, എല്ലാം ശരിയാക്കിത്തരുമെന്ന് പറഞ്ഞാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. നിലവിലെ വ്യവസായ സ്ഥാപനങ്ങളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും ശരിയാക്കിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. പ്രസംഗത്തിൽ മാത്രമാണ് ഈ ഒരു വർഷം വ്യവസായത്തിൽ വളർച്ച കാണുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം കേരള ത്തിന്റെ വ്യവസായ വളർച്ച എത്ര ശതമാനമാണ് ; മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് ദേശീയ ശരാശരിയുടെ എത്ര ശതമാനം വരും; ചെറുകിട - ഇടത്തരം വ്യവസായങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിന്റെ വ്യവസായ വളർച്ചാ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ബഹുമാനപ്പെട്ട അംഗം ഈ ചോദ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല ചോദിച്ചത്. കഴിഞ്ഞ വർഷം 15100-ൽപ്പരം പുതിയ ചെറുകിട വ്യവസായ സംരംഭങ്ങളാണ് തുടങ്ങിയത്. ഏകദേശം 57000 ആളുകൾക്ക് പുതുതായി ജോലി കൊടുക്കാൻ കഴിയത്തക്ക രീതിയിലുള്ള വളർച്ച ചെറുകിട വ്യവസായ മേഖലയിലുണ്ടായിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടത്തിലെ കെടുതികളിൽ നിന്ന് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ രക്ഷപ്പെട്ടുവരികയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 13 സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു എന്നുള്ളതാണ് ശരിയായിവരുന്നു എന്നുള്ളതിന്റെ ലക്ഷണമായി ചൂണ്ടിക്കാണി ക്കാനുള്ളത്.

ശ്രീ. റോജി എം. ജോൺ : സർ, വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും റദ്ദാക്കുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിലവിലുണ്ടായിരുന്ന വിവേചനാധികാരം ഇല്ലാതാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിലാണ്? ഒരു വശത്ത് അധികാര വികേന്ദ്രീകരണം നടത്തി തദ്ദേശ സ്ഥാപനങ്ങളെ കൂടുതൽ ശാക്തീകരിക്കുമെന്ന് പ്രസംഗിക്കുമ്പോഴും ഇത്തരത്തിൽ ലൈസൻസുകൾ കൊടുക്കാനും റദ്ദാക്കാനുമുള്ള തദ്ദേശസ്ഥാപനങ്ങളുടെ അധികാരം ഇല്ലാതാക്കാനുള്ള തീരുമാനമുണ്ടെങ്കിൽ അത് ശരിയാണോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു അധികാരവും എടുത്തുകളയാനുള്ള തീരുമാനം സംസ്ഥാന സർക്കാർ എടുത്തിട്ടില്ല. കേരളത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷമുണ്ടാക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളുടെ നിയമത്തിലും ചട്ടങ്ങളിലുമുള്ള ചില കാര്യങ്ങളിൽ ആവശ്യമായ

ഭേദഗതികൾ വേണമെന്നുള്ള ശിപാർശ നിയമ വകുപ്പിലുണ്ട്. Ease of doing business-നുവേണ്ടി, കേരളത്തിൽ ഒരു നിക്ഷേപ വ്യവസായ സൗഹൃദ അന്തരീക്ഷമുണ്ടാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരധികാരവും എടുത്തുകളയാനുള്ള യാതൊരു നടപടിയുമില്ല. അത്തരത്തിലുള്ള വാർത്തകൾ വസ്തുതാപരമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള 2500-ഓളം ഏക്കർ ഭൂമി ചെറുകിട വ്യവസായികൾക്ക് കൊടുക്കുന്നതിനുള്ള നടപടി ആരംഭിച്ചുവെന്നാണ് അങ്ങ് നൽകിയ ഉത്തരത്തിൽ പറഞ്ഞത്. പൂവൻതുരുത്ത് വ്യവസായ കേന്ദ്രത്തിലെ ഇരുന്നൂറിലധികം വ്യവസായങ്ങൾ ചെറുകിട വ്യവസായങ്ങളാണ്. അവർക്ക് പത്തും പതിനഞ്ചും സെന്റ് ഭൂമിയേയുള്ളൂ. അതിന് പട്ടയം ലഭിക്കാത്തതുകൊണ്ട് പൊളിച്ച് പണിയാൻ കഴിയുന്നില്ല. അതുകൊണ്ട് അവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അവിടെ അടിയ്ക്കടി തീപിടിത്തമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഭൂമിയിൽ കാലുകുത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ അവിടെ വ്യവസായ സംരംഭം പടുത്തുയർത്താൻ കഴിയൂ. ഈ ഭൂമിയുടെ ഉടമസ്ഥാവകാശം അവർക്ക് അടിയന്തരമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്ലോട്ടുകളുടെ അളവ് 2445.26 ഏക്കറാണ്. അതിൽ വിതരണം ചെയ്യാവുന്നത് 2099 ഏക്കർ സ്ഥലമാണ്. ബാക്കിയുള്ളത് റോഡിനും മറ്റ് പൊതു സൗകര്യങ്ങൾക്കും വേണ്ടിയാണ്. അതിൽ 2049 ഏക്കർ സ്ഥലം ഇതുവരെ വിതരണം ചെയ്യുകയും 2589 യൂണിറ്റുകളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ പട്ടയം നൽകിയിട്ടുണ്ട്. അതിനുശേഷം ലീസ് അടിസ്ഥാനത്തിലാണ് ഇത് കൊടുക്കുന്നത്. അങ്ങനെ ലീസ് അടിസ്ഥാനത്തിൽ കൊടുക്കുമ്പോൾ ചെറുകിട വ്യവസായികൾക്ക് ബാങ്കുകളിൽനിന്ന് ലോൺ എടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് തടസ്സമുണ്ടാകുന്നു എന്നുള്ള ആക്ഷേപമുണ്ട്. അതിന് ഒരു ത്രികക്ഷി കരാറിന്റെ ഭാഗമായി MoU വച്ച് ബാങ്കുകളിൽനിന്ന് ലോൺ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ചെറുകിട വ്യവസായികൾ ഉന്നയിച്ചിട്ടുള്ള കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ആ കാര്യത്തിൽ സർക്കാർ ഇടപെടാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, എന്റെ നിയോജകമണ്ഡലത്തിൽ 110 ഏക്കർ സ്ഥലമുള്ള വേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 178 യൂണിറ്റുകൾ പ്രവർത്തിക്കാനുള്ള സ്ഥാനത്ത് 106 യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. ഇന്ന് ഈ

സ്ഥാപനം വളരെ പരിതാപകരമായ സ്ഥിതിയിലാണ്. അവിടത്തെ റോഡുകൾ മുഴുവൻ തകർന്നിരിക്കുന്നു. കോമ്പൗണ്ട് വാൾ, കോമൺ എൻട്രൻസ്, പ്രത്യേക ഇലക്ട്രിക് ലൈൻ സംവിധാനം ഇവയൊന്നുമില്ല. അതുപോലെ തിരുവനന്തപുരം അൺ എംപ്ലോയ്ഡ് എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ഏക്കർ സ്ഥലം അടഞ്ഞുകിടക്കുകയാണ്. നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും അവിടെ കൂട്ടിയിട്ടിരിക്കുകയാണ്. അടഞ്ഞുകിടക്കുന്ന യൂണിറ്റുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റുവഴി (കെ-ബിപ്) പത്ത് കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. അതിന്റെ സ്ഥിതി എന്തായി; അടിയന്തരമായി ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, വേളിയിലെ വ്യവസായ എസ്റ്റേറ്റിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിനുള്ള എല്ലാ തയ്യാറെടുപ്പുകളും നടന്നുവരികയാണ്. ഈ മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി രണ്ടാംഘട്ട മൾട്ടി സ്റ്റോറേജ് ബിൽഡിംഗുകളുടേയും അത് സംരംഭകർക്ക് വിതരണം ചെയ്യാനുള്ള സംവിധാനത്തിന്റെയും കാര്യങ്ങൾ ആലോചിച്ചുവരികയാണ്.ഇതുമായി ബന്ധപ്പെട്ട് അങ്ങ് ഉന്നയിച്ച പ്രശ്നങ്ങൾ ഇപ്പോഴുണ്ടായതല്ല. അതിന് ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. അവിടെ വൈദ്യുതി, റോഡ്, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ കുറവുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.വ്യവസായികൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനും ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : സർ, സിംഗിൾ വിൻഡോ ക്ലിയറൻസിന് ജില്ലാ കളക്ടർമാരെയാണ് ചുമതലപ്പെടുത്തുന്നത് എന്ന് പറഞ്ഞു. മുമ്പ് ഒരു പരാതി പരിഹാര സെൽ ഉണ്ടായിരുന്നു. പലപ്പോഴും പല കളക്ടർമാരും മീറ്റിംഗ് വിളിക്കാറില്ല. കളക്ടർമാർക്ക് നിരവധി ചുമതലകളുണ്ട്. കളക്ടർമാരെ സിംഗിൾ വിൻഡോ ക്ലിയറൻസിന്റെ നടപടികൂടി ഏൽപ്പിച്ചാൽ അത് ഫലപ്രദമാകില്ല. സിംഗിൾ വിൻഡോ ക്ലിയറൻസിന് പ്രത്യേകമായി ഒരു സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, ഇന്ന് സിംഗിൾ വിൻഡോ ക്ലിയറൻസിന് ജില്ലാ തലങ്ങളിൽ കളക്ടർ ചെയർമാനായ സംവിധാനമാണുള്ളത്. ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരെയെല്ലാം ഏകോപിപ്പിക്കാൻ കളക്ടർക്കാണ് കഴിയുക എന്നതിന്റെ അടിസ്ഥാനത്തിലാണ് അത് തീരുമാനിച്ചത്. അത് മാറ്റി മറ്റൊരു

സംവിധാനം ഉണ്ടാക്കുന്നത് ഈ ഏകോപനത്തിന് സഹായകമാകുമോ എന്നുള്ള സംശയമുണ്ട്. സമയബന്ധിതമായി യോഗം കൂടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കും.

ശ്രീ. കെ. എം. ഷാജി : സർ, ഇന്ന് ലോക വ്യാപകമായി ഇ-കൊമേഴ്സ് വിപണനത്തിന് വലിയ സാധ്യതയുണ്ട്. നമ്മുടെ പരമ്പരാഗത ഉത്പന്നങ്ങൾ, കരകൗശല-ഭക്ഷ്യ ഉത്പന്നങ്ങൾ എന്നിവ വിറ്റഴിക്കാൻ ഇ-കൊമേഴ്സിന്റെ സാദ്ധ്യത വ്യവസായ വകുപ്പ് പരിശോധിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, തീർച്ചയായും. അതിനാണ് വ്യവസായ ഡയറക്ടറേറ്റിലെ ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. 'വ്യാപാർ' പോലുള്ള മേളകൾ വിപുലമായ പങ്കാളിത്തത്തോടുകൂടി സംഘടിപ്പിക്കാൻ കഴിഞ്ഞത് ഇ-കൊമേഴ്സിന്റെ സാദ്ധ്യതകളെക്കൂടി പ്രയോജനപ്പെടുത്തിയതുകൊണ്ടാണ്. അതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിലുൾപ്പെടെയുള്ള മാർക്കറ്റ് നമ്മുടെ സംരംഭകർക്കും ഉത്പാദകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അത് വിപുലമാക്കാനുള്ള തയ്യാറെടുപ്പുകളും തുടർന്നുവരികയാണ്.

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ ചെറുകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കാനും, അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൊടുക്കാനും അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യാനും 9 ഡിവിഷനുകളിലായി ആരംഭിച്ച സിഡ്കോ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഗുരുതരമായ അഴിമതിയിൽപ്പെട്ട് നിരവധി വിജിലൻസ് കേസുകളിൽപ്പെട്ടു. കെൽട്രോണിന്റെ അവസ്ഥയും കഴിഞ്ഞ 5 വർഷമായി വളരെ ദയനീയമാണ്. ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെയും പുനഃസംഘടിപ്പിച്ച് അഴിമതിരഹിതമായി പ്രവർത്തിപ്പിക്കുന്നതിനായി കാര്യക്ഷമമായ ഒരു മാനേജ്മെന്റിനെ നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം സിഡ്കോയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ നൂറ് ശതമാനവും വസ്തുതയാണ്. 5 വർഷക്കാലം സിഡ്കോയിൽ നടന്ന അഴിമതിയും തട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണവും നിരവധി കേസുകളുമുണ്ട്. അത്തരം കേസുകളുടെ അന്വേഷണം തുടരുകയാണ്. സിഡ്കോയുടെ മാനേജ്മെന്റ് സംവിധാനം ഇപ്പോൾ ശക്തിപ്പെടുത്തുകയും പുതിയ എം.ഡി.-യെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സിഡ്കോ നൽകിയിട്ടുള്ള പണത്തിന്റെ അഡ്വാൻസ് തിരിച്ച് വരുന്നില്ല. പലർക്കും യാതൊരു കണക്കുമില്ലാതെ പണം നൽകിയിട്ടുണ്ട്. ഓഡിറ്റ് നടത്താൻ കഴിയുന്ന രേഖകൾ അവിടെയില്ലെന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളുണ്ട്. അതെല്ലാം ക്രമീകരിച്ച് വരികയാണ്. സിഡ്കോയുടെ പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന സംവിധാനം ഇപ്പോൾ

ഉണ്ടാക്കിയിട്ടുണ്ട്. കെൽട്രോണും കേരളത്തിലെ ഏറ്റവും മികച്ച ഇലക്ട്രോണിക് സ്ഥാപനങ്ങളിൽ ഒന്നാണ്. ലോകത്തിന്റെ മുൻപന്തിയിൽ കേരളം എത്തുന്നതിന് കാരണമായ ഒരു വ്യവസായ സ്ഥാപനത്തിന് കഴിഞ്ഞ കുറച്ച് കാലമായി തകർച്ചയുടെ അദ്ധ്യായമാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കുവേണ്ടി 100 കോടി രൂപയുടെ പ്രത്യേക പ്രോജക്ട് ഉണ്ടാക്കി. കേരളത്തിലെ ഇലക്ട്രോണിക്സ് ഉൽപ്പന്ന വ്യവസായരംഗത്ത് കെൽട്രോണിനെ ഒരു പ്രമുഖ സ്ഥാപനമാക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കും. അതിന്റെ മാനേജ്മെന്റ് സംവിധാനത്തിലും ആവശ്യമായ അഴിച്ചുപണികൾ ഉണ്ടാകും.

ശ്രീ. സി. എഫ്. തോമസ് : സർ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പുതിയ വ്യവസായങ്ങൾക്ക് ലൈസൻസ് കൊടുക്കുന്നു. എന്നാൽ നമ്മുടെ നാട്ടിൽ ചെറുകിട വ്യവസായരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. അഞ്ച്-എട്ട് വർഷങ്ങൾക്കുള്ളിൽ നമ്മൾ ഓരോ ജില്ലയിലും അനുവദിച്ച ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; പരാജയപ്പെട്ടെങ്കിൽ അതിനുള്ള കാരണം എന്താണ്; ഓരോ ജില്ലയ്ക്കും പറ്റിയ വ്യവസായങ്ങൾ ഏതൊക്കെയാണ്; കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിച്ചാൽ അവയ്ക്ക് സാദ്ധ്യതയുണ്ടോ; അത്തരം കാര്യങ്ങളിൽ ഒരു മാർഗ്ഗനിർദ്ദേശം കൊടുക്കാനുള്ള സംവിധാനം ഓരോ ജില്ലാ വ്യവസായ കേന്ദ്രത്തിലും നടത്തുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളും കെ.എസ്.ഐ.ഡി.സി. പോലുള്ള സ്ഥാപനങ്ങളും സംരംഭകർക്ക് ആവശ്യമായ എല്ലാ വിധത്തിലുള്ള സഹായം നൽകാനുള്ള പദ്ധതികളും തയ്യാറാക്കി വരുന്നുണ്ട്. അപൂർവ്വമായി മാത്രം ചില യൂണിറ്റുകളുടെ പ്രവർത്തനം ചില പ്രത്യേക കാലഘട്ടത്തിൽ നിലച്ചുപോയിട്ടുണ്ട്. പൊതുവിൽ അത്തരം യൂണിറ്റുകളെ സഹായിക്കാൻ സാമ്പത്തികമായും സാങ്കേതികമായുമുള്ള എല്ലാ സംവിധാനങ്ങളും ഇന്ന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലുണ്ട്. കെ.എസ്.ഐ.ഡി.സി. വഴിയും നൽകുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്താൻ വേണ്ടിയുള്ള പരിശ്രമമുണ്ടാകും.

ശ്രീ. മുരളി പെരുനെല്ലി : സർ, കേരളത്തിലെ വ്യവസായ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് ഏത് വ്യവസായ വികസന പദ്ധതിക്കും രൂപരേഖ തയ്യാറാക്കുമ്പോൾ സർക്കാർ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം ഭൂമിയുടെ ലഭ്യതയാണ്. വ്യവസായ വകുപ്പ് നടപ്പാക്കുന്ന ബഹുനില വ്യവസായ സമുച്ചയങ്ങളുടെ ഭാഗമായി തൃശ്ശൂർ പുഴക്കൽ പാടത്തുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം

മിനി എസ്റ്റേറ്റ് എന്ന രൂപത്തിൽ ധാരാളം ഭൂമിയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരം വ്യവസായ സമുച്ചയങ്ങൾ ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള പുഴക്കൽ പാടത്തെ 10 ഏക്കർ ഭൂമി വ്യവസായ ഡയറക്ടറേറ്റിന്റെ കീഴിലാണ്. അവിടെ സംരംഭകർക്കുള്ള ബഹുനില സമുച്ചയത്തിന്റെ പണി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അതിന്റെ രണ്ടാം ഘട്ടം ഇപ്പോൾ ആരംഭിക്കുകയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. കിറ്റ്കോയാണ് പണി തുടങ്ങുന്നത്. അതിന്റെ ഉദ്ഘാടന നടപടികളിലേയ്ക്ക് പോകുകയാണ്. അവിടെ ഏകദേശം 30 ഏക്കറോളം കിൻഫ്രയുടെ കൈവശമുള്ള ഭൂമിയുണ്ട്. അത് gem and jewellery park-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ആയിട്ടുണ്ട്. അതിന്റെ നടപടികൾ തുടരുകയാണ്. പഞ്ചായത്തുകളുടെ കൈവശമുള്ള, അവർ ഉത്പാദന മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള പണം പ്രയോജനപ്പെടുത്തിയിട്ടുള്ള നിരവധി സ്ഥലങ്ങളും കെട്ടിടങ്ങളും ഇന്ന് നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് വകുപ്പുമായി സഹകരിച്ചുകൊണ്ട് അത്തരം സ്ഥലങ്ങളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സൗകര്യം നൽകാൻ വകുപ്പ് തയ്യാറാണ്. ഇന്ന് അതുമായി ബന്ധപ്പെട്ട ഒരു ചർച്ച പ്ലാനിംഗ് ബോർഡ് ഉദ്യോഗസ്ഥരുമായി വച്ചിട്ടുണ്ട്. അത് സംരംഭകർക്ക് കൂടുതൽ സൗകര്യപ്രദമായ ഒരന്തരീക്ഷമുണ്ടാക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കിൻഫ്രയിൽ വ്യവസായം തുടങ്ങാൻ അനുമതി നൽകുന്നതും സ്ഥലം അലോട്ട് ചെയ്യുന്നതും ഡി.ഐ.സി. ആണ്. ഇങ്ങനെ സ്ഥലം അലോട്ട് ചെയ്താൽ എത്ര കാലത്തിനുള്ളിൽ വ്യവസായം തുടങ്ങണമെന്ന് നിയമമുണ്ടോ? കിൻഫ്രയിൽ സ്ഥലമനുവദിച്ചുകിട്ടിയിട്ടും വർഷങ്ങളായി വ്യവസായം തുടങ്ങാതെ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന ധാരാളമാളുകളുണ്ട്. അങ്ങനെയുള്ളവരുടെ ലിസ്റ്റ് സർക്കാരിന്റെ കൈവശമുണ്ടോ; അവർക്കെതിരെ നട പടി എടുക്കുമോ; ആ സ്ഥലം സർക്കാർ തിരിച്ചുപിടിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കിൻഫ്രയുടെ മാത്രമല്ല, മറ്റു വ്യവസായ എസ്റ്റേറ്റുകളിലും ഇതുപോലുള്ള തെറ്റായ പ്രവണതകൾ നിലനിൽക്കുന്നുണ്ട്. അതിന്റെ ഒരു വിവരശേഖരണം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആരുടെ കൈയ്യിലാണ് ഭൂമി, അത് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ, അവിടെ വ്യവസായം തന്നെയാണോ നടക്കുന്നത് എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുകയാണ്. എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രത്യേക കാരണങ്ങളൊന്നും ഇല്ലാതെ വ്യവസായം തുടങ്ങാൻ കഴിയാത്തത്, ചിലപ്പോൾ അവരുടെ

കുറ്റംകൊണ്ടായിരിക്കില്ല, അവിടെ മറ്റു സൗകര്യങ്ങൾ എത്താത്തതിന്റെ ഭാഗമായുള്ള പ്രശ്നങ്ങളുമുണ്ടാകാം. അത് പരിശോധിക്കുകയും എന്തെങ്കിലും ക്രമവിരുദ്ധമായി നടക്കുന്നുണ്ടെങ്കിൽ അത് തിരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

ശ്രീ. ബി. ഡി. ദേവസ്സി : സർ, നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള അങ്ങയുടെ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. എന്റെ നിയോജക മണ്ഡലത്തിലെ കിൻഫ്ര അങ്ങ് നേരിട്ട് സന്ദർശിക്കുകയും കിൻഫ്രയുടെ നേരിട്ടുള്ള വികസനത്തിനുവേണ്ടി 28 കോടി രൂപ അനുവദിക്കുകയും ചെയ്തു. അതിന് നന്ദി പ്രകാശിപ്പിക്കുകയാണ്. ഇതൊന്നും കാണാതെയുള്ള പ്രതിപക്ഷത്തിന്റെ പ്രതികരണം നിഷേധാത്മകമായ നിലപാടിന്റെ ഭാഗമായിട്ടുള്ളതാണ്. ചാലക്കുടി താലൂക്ക് നിരവധി ചെറുതും വലുതുമായ വ്യവസായങ്ങളുള്ള താലൂക്കാണ്. അവിടെ താലൂക്ക് വികസന കേന്ദ്രം ഇല്ല. പുതിയതായി രൂപീകരിച്ച താലൂക്കിൽ താലൂക്ക് വികസന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ചാലക്കുടി താലൂക്ക് രൂപീകരിച്ചുകഴിഞ്ഞപ്പോൾ സർക്കാരിന്റെ വിവിധ താലൂക്ക് ആസ്ഥാനത്ത് ഉണ്ടാകേണ്ട ഓഫീസുകൾ നിലവിൽവന്നു കഴിഞ്ഞിട്ടുണ്ട്. അതിലൊന്ന് വ്യവസായ വകുപ്പിന്റേതാണ്. ഇക്കാര്യം സർക്കാർ പരിശോധിക്കും. ആവശ്യമായ സ്റ്റാഫും, മറ്റ് അനുബന്ധ കാര്യങ്ങളും നിശ്ചയിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്. അത് പരിശോധിച്ചതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

## സോഷ്യൽ ടൂറിസം പദ്ധതി

2 (*482) ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ടൂറിസം പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ, അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലാരൂപങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സോഷ്യൽ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സോഷ്യൽ ടൂറിസം പദ്ധതിപ്രകാരം വിനോദസഞ്ചാര വകുപ്പ് തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിനടുത്തുള്ള പാണ്ടവൻ മലയിലുള്ള ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റിൽ ഒരു ടൂറിസം പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ പ്രധാനമായും കലാകാരന്മാർക്കും മറ്റും താമസിക്കാൻവേണ്ടി 24 കോട്ടേജുകളും (ഒന്നാം ഘട്ടം 12) കലാകാരന്മാരുടെ പരിശീലനത്തിനുള്ള ആംഫി തിയേറ്ററും ഉൾപ്പെടുന്നു. ഇതല്ലാതെ മറ്റ് സോഷ്യൽ ടൂറിസം പദ്ധതികൾ പ്രത്യേകമായി നിലവിലില്ല.

(ബി) ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

(സി) ഇത്തരം പദ്ധതികളുടെ സാമൂഹികവീക്ഷണം ഉൾപ്പെടുന്നതും വകുപ്പ് നടപ്പിലാക്കുന്നതുമായ ബൃഹത് പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി. ഉത്തരവാദിത്ത ടൂറിസം പദ്ധതി 2007 മുതലാണ് കേരളത്തിൽ നടപ്പിലാക്കുവാൻ തുടങ്ങിയത്. 2008 മുതൽ കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നിവിടങ്ങളിൽ പദ്ധതിയുടെ പ്രാദേശികതല നിർവ്വഹണം ആരംഭിച്ചു. തുടർന്ന് 2012-ൽ ബേക്കൽ, കുമ്പളങ്ങി, അമ്പലവയൽ എന്നീ കേന്ദ്രങ്ങളെക്കൂടി പദ്ധതി പ്രവർത്തനത്തിൽ ഉൾപ്പെടുത്തി. 2014-ൽ മുസരിസ് പദ്ധതി പ്രദേശത്തെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു.

2012-ൽ കേരളത്തിലെ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി. 2014-ൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനത്തിന്റെ ഭാഗമായി "ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം" എന്ന പേരിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. നിലവിൽ ഏഴ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം പൂർത്തിയായി വരുന്നു. സംസ്ഥാനത്താകെ ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനായി സത്വര പ്രവർത്തനങ്ങൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനായി റെസ്പോൺസിബിൾ ടൂറിസം മിഷൻ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. 2007-08 കാലഘട്ടം മുതൽ നാളിതുവരെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ നടത്തിപ്പിന് പത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡോ. എം. കെ. മുനീർ : സർ, സോഷ്യൽ ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നൊക്കെ പറഞ്ഞ് കുറെ പേരുകളുണ്ട്. സത്യത്തിൽ സോഷ്യൽ ടൂറിസവും ഉത്തരവാദിത്ത ടൂറിസവും ഒന്നുതന്നെയാണ്. അപ്പോൾ എന്തിനാണ് ഈ സോഷ്യൽ ടൂറിസവും ഉത്തരവാദിത്ത ടൂറിസവും വെവ്വേറെ പറയുന്നത്. ഉത്തരവാദിത്ത ടൂറിസത്തിനകത്ത് സോഷ്യൽ ടൂറിസവും വരുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വന്നു. അതിനെ ഒന്നുകൂടി വിപുലപ്പെടുത്തി കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇതിലേയ്ക്ക് ഉൾപ്പെടുത്തി ഉത്തരവാദിത്ത ടൂറിസം ഒന്നുകൂടി ശക്തിപ്പെടുത്തുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങയുടെ അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുമുള്ളത്. യഥാർത്ഥത്തിൽ സോഷ്യൽ ടൂറിസമെന്ന് പറഞ്ഞ് നമ്മുടെ സംസ്ഥാനത്ത് ഒന്നിലധികം പ്രോജക്ടുകളില്ല. സത്യസായി ഓർഫനേജ് ട്രസ്റ്റിന് ഒരു പ്രോജക്ട് നൽകുന്നതിനുവേണ്ടി കണ്ടെത്തിയ പേരായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. ആകെ ഒരേയൊരു സോഷ്യൽ ടൂറിസം പ്രോജക്ട് മാത്രമേ കേരളത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നുള്ളൂ. ബാക്കിയെല്ലാം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഗവൺമെന്റ് ആർ.ടി. മിഷനുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ തന്നെയാണ് ശ്രമിക്കുന്നത്.

ഡോ. എം. കെ. മുനീർ : സർ, എല്ലാ മിനിസ്ട്രികളും ഉത്തരവാദിത്ത ടൂറിസത്തെ വളരെ ഗൗരവമായാണ് കാണുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും, 2007 മുതലുള്ള ടൂറിസം വകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചാൽ ഉത്തരവാദിത്ത ടൂറിസത്തിന് ദേശീയതലത്തിൽ ധാരാളം അംഗീകാരം കിട്ടിയിട്ടുണ്ട്. പ്രാദേശിക ഉല്പന്നങ്ങൾ വിൽക്കുന്നതിനുവേണ്ടി കുടുംബശ്രീയെ ആയിരുന്നു ഉപയോഗിച്ചിരുന്നത്. കുടുംബശ്രീ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ, മറ്റ് കരകൗശല വസ്തുക്കൾ ഇതെല്ലാം ടൂറിസത്തിന്റെ ഭാഗമായി, ടൂറിസം ഞങ്ങളുടേതാണെന്ന് അവിടെയുള്ള ജനങ്ങൾക്കും തോന്നുന്ന രീതിയിൽ കുടുംബശ്രീയെ ഇതിൽ വളരെ ശക്തമായി ഇടപെടുത്തിക്കൊണ്ട് അവരുടെ ഉല്പന്നങ്ങൾ കൂടി വില്ക്കുന്നതിനു വേണ്ടിയുള്ള കിയോസ്കുകളും കൊച്ചു ഷോപ്പുകളും ഇത്തരം കേന്ദ്രങ്ങളിൽ പുതുതായി ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങ് സൂചിപ്പിച്ചതുപോലെ, കുടുംബശ്രീ ആർ.ടി. പദ്ധതിയുടെ പ്രധാനപ്പെട്ടഭാഗം തന്നെയാണ്. ടൂറിസം വകുപ്പ്, കുടുംബശ്രീ, വിവിധ എൻ.ജി.ഒ.-കൾ, ടൂറിസം വ്യവസായികൾ, സന്നദ്ധ സംഘടനകൾ, കർഷക സമിതികൾ, അയൽക്കൂട്ടങ്ങൾ, തദ്ദേശ സമൂഹം (ടൂറിസം നടക്കുന്ന

പ്രദേശത്തെ ജനങ്ങൾ) ഇവരെല്ലാംകൂടി ചേർന്ന് നടത്തുന്ന വിപുലമായിട്ടുള്ള പദ്ധതിയാണ് ആർ.ടി. പദ്ധതി. അതിൽ നിശ്ചയമായും ആ പ്രദേശത്തെ അയൽക്കൂട്ടങ്ങൾക്കും അതിലൂടെ കുടുംബശ്രീ പ്രവർത്തകർക്കും തന്നെയാണ് മുന്തിയ പരിഗണന ലഭിക്കുന്നത്. അതിന്റെ പ്രയോജനം ആ പ്രദേശത്തെ ജനങ്ങൾക്കും കുടുംബശ്രീ പ്രവർത്തകർക്കും തന്നെയാണ്.

ശ്രീ. എം. ഉമ്മർ : സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മഹാകവി പൂന്താനത്തിന്റെ നാമധേയത്തിൽ പൂന്താനത്ത് ഒരു ഓപ്പൺ ഓഡിറ്റോറിയം ഏതാനും മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. അനുഷ്ഠാന കലകൾ, ക്ഷേത്ര കലകൾ, അന്യം നിന്നുപോകുന്ന മറ്റ് നാടൻ കലകൾ എന്നിവ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ വിപുലമാക്കുന്നതിനും രണ്ടാംഘട്ട പ്രോജക്ടിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഊന്നൽ നൽകിയിട്ടുണ്ട്. അനുഷ്ഠാന കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അതിന്റെ രണ്ടാംഘട്ട പ്രോജക്ടിന് അനുമതി നൽകി പൂന്താനം സ്മാരകം കൂടുതൽ അർത്ഥവത്താക്കി തീർക്കുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇത് ഗവൺമെന്റിന്റെ പരിഗണനയി ലാണ്. അടിയന്തരമായി ഗവൺമെന്റ് അനുമതി നൽകുന്നതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ആഭ്യന്തര വിദേശ വിനോദസഞ്ചാരികൾക്ക് ആസ്വാദന സൗകര്യമൊരുക്കാനും അവരെ കൂടുതലായി ആകർഷിക്കാനും കേരളത്തിന്റെ തനത് നാടൻ കലാരൂപങ്ങൾ ഗ്രാമീണ ഭംഗിയുള്ള പ്രദേശങ്ങളിൽ വച്ച് അവതരിപ്പിക്കുന്നതിന് സ്ഥിരം വേദികൾ ഇപ്പോൾ എവിടെയങ്കിലുമുണ്ടോ; ഇല്ലെങ്കിൽ വിനോദസഞ്ചാര സീസണിലെങ്കിലും അത്തരം വേദികൾ സംഘടിപ്പി ക്കുന്ന കാര്യം പരിഗണിക്കുമോ; സത്യസായി ഓർഫനേജ് ട്രസ്റ്റുമായി ബന്ധപ്പെട്ടു കൊണ്ട് കലാകാരന്മാർക്ക് താമസിക്കാനും അവരുടെ പരിശീലനത്തിനുമൊക്കെയുള്ള സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ ഇവർക്കുവേണ്ടി വർഷത്തിൽ ടൂറിസ്റ്റുകൾ വരുന്ന സമയങ്ങളിലെല്ലാം ഈ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനായി സ്ഥിര മായ വേദികളുണ്ടാക്കാനുള്ള നടപടിയെടുക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തോന്നയ്ക്കൽ സത്യസായി ഓർഫനേജ് ട്രസ്റ്റിലെ സോഷ്യൽ ടൂറിസം പ്രോജക്ടിൽ ഈ രണ്ട് കാര്യങ്ങളും വരുന്നുണ്ട്. അത് പൂർത്തീകരിച്ചാൽ മാത്രമേ അതിന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ് സംഘടിപ്പി ക്കുന്നതെന്ന് പറയാൻ സാധിക്കുകയുള്ളൂ. പഴയകാലത്തെ കാക്കാരിശ്ശി നാടകം, കൃഷ്ണനാട്ടം, പാവക്കൂത്ത് തുടങ്ങിയ പ്രാചീന കലകളുടെ സമുദ്ധാരണമാണ് ആ പ്രോജക്ടിനകത്ത് പറയുന്നത്. അത് പൂർത്തീകരിച്ചതിനുശേഷം മാത്രമേ അതിന്റെ

പ്രവർത്തന പുരോഗതി വിലയിരുത്താൻ കഴിയുകയുള്ളൂ. സംസ്ഥാനത്തെ ഏതാണ്ട് 100-112-ഓളം വരുന്ന പ്രാചീന കലകളുടെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എല്ലാവർഷവും 'ഉത്സവ്' എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം മലപ്പുറത്തുവച്ചാണ് ആ പ്രോഗ്രാം നടന്നത്. അത് കേരളത്തിലുടനീളമുള്ള പ്രാചീന കലാകാരന്മാരെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രാചീന കലകളെ നിലനിർത്തുന്നതിനും വേണ്ടി നടത്തുന്ന ബൃഹത്തായ ഒരു പദ്ധതിയാണ്. ആ പദ്ധതിക്ക് സ്ഥിരമായിട്ടുള്ള ഒരു കേന്ദ്രമില്ല. അതത് പ്രദേശങ്ങളിൽ ആ പദ്ധതി വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, പല വിദേശ രാജ്യങ്ങളിലും അവരുടെ പൗരാണിക ജീവിത രീതികളും സാംസ്കാരിക തനിമയുമൊക്കെ മറ്റു ടൂറിസ്റ്റുകൾക്കുകൂടി കാണിച്ചുകൊടുക്കാൻ നിയുക്തമായ രീതിയിലുള്ള മ്യൂസിയങ്ങളും മറ്റും സ്ഥാപിച്ചിട്ടുണ്ട്. ദുബായിൽ തന്നെ അങ്ങനെയുള്ള ഒരു നല്ല മ്യൂസിയം നമുക്ക് കാണാൻ കഴിയും. നമ്മുടെ രാജ്യത്തിന്റെ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ജീവിതരീതിയും സാംസ്കാരിക തനിമയുമൊക്കെ ആഭ്യന്തര ടൂറിസ്റ്റുകൾക്കും വിദേശ ടൂറിസ്റ്റുകൾക്കുമൊക്കെ മനസ്സിലാക്കാനും പഠിക്കാനും നിയുക്തമായ രീതിയിലുള്ള ഹെറിറ്റേജ് വില്ലേജുകൾ സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അങ്ങനെയുള്ള പദ്ധതിക്ക് തുടക്കം കുറിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഉത്തരവാദിത്ത ടൂറിസം പദ്ധതി മുഖ്യമായിട്ടും ഊന്നൽ കൊടുക്കുന്നത് തദ്ദേശീയമായിട്ടുള്ള കലകൾ, സംസ്കാരം, ജനങ്ങളുടെ ജീവിതരീതി, ഭക്ഷണരീതി, ഭക്ഷണക്രമം ഇതൊക്കെ വിദേശികളുമായിട്ടും മറ്റ് ടൂറിസ്റ്റുകളുമായിട്ടും പങ്കുവയ്ക്കുന്നതിന് സഹായകരമായതരത്തിലാണ്. ഇപ്പോൾ ഒരു മ്യൂസിയമെന്നുള്ള നിലയിൽ ആലോചിച്ചിട്ടില്ല. അത് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എസ്.സി./എസ്.റ്റി. പിന്നോക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനകീയ പിന്തുണയോടെ നടത്തിവരുന്ന ഗദ്ദിക പോലുള്ള സാംസ്കാരിക സംഗമങ്ങളും വിഭിന്ന മേളകളുമെല്ലാം മാതൃകയാക്കേണ്ടതാണ്. പാലക്കാടുള്ള സ്വന്തം കലയെന്ന് വിശേഷിപ്പിക്കപ്പെടുന്ന പുരാതന ദളിത് കലാരൂപമായ പൊറാട്ട് നാടകവും ക്ഷേത്രോത്സവത്തിന്റെ ഭാഗമായ കണ്ണേറുകളിയും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഈ ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ സന്നദ്ധമാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ 'ഉത്സവ്' എന്ന പ്രോജക്ടിൽ പ്രാചീന കലകളുടെ സംരക്ഷണവും പ്രോത്സാഹനവുമാണ് സജഷൻ വയ്ക്കുന്നത്. കലാകാരന്മാർക്ക് ആവശ്യമായ സഹായവും ആ പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് 'ഉത്സവ്' എന്ന പ്രോജക്ട് ആരംഭിച്ചത്. അത് കൂടുതൽ വിപുലീകരിച്ച് നടത്താൻ ശ്രമിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ പ്രാചീന കലകൾക്കും ആവശ്യമായിട്ടുള്ള സംരക്ഷണം നൽകാനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വിനോദയാത്രയുടെ ഭാഗമായി ഒരു രാജ്യം സന്ദർശിക്കുകയും കുറഞ്ഞത് 24 മണിക്കൂറെങ്കിലും അവിടെ തങ്ങുന്നതുമായ വ്യക്തിയാണ് വിനോദസഞ്ചാരിയെന്ന നിർവ്വചനത്തിൽപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾ സന്ദർശനത്തിനായി തെരഞ്ഞെടുക്കുന്ന ജില്ലകൾക്ക് നൽകുന്ന മുൻഗണന മാറ്റമില്ലാതെ നിൽക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. സംസ്ഥാനത്തെ മധ്യ-തെക്കൻ ജില്ലകളാണ് വിനോദസഞ്ചാരത്തിനായി വിദേശികൾ ഏറ്റവും കൂടുതൽ തെരഞ്ഞെടുക്കുന്നതെന്ന് കാണാൻ സാധിക്കും. ഇതിൽ തന്നെ കൂടുതലായി വരുന്നത് എറണാകുളം, ഇടുക്കി, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ എന്നീ അഞ്ചു ജില്ലകളാണ്. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ വടക്കൻ ജില്ലകളിൽ പ്രധാനമായും മലബാർ പ്രദേശം ഏറെ പിന്നിലാണ്. 97 ശതമാനം മധ്യ-തെക്കൻ ജില്ലകളിലാകുമ്പോൾ കേവലം മൂന്ന് ശതമാനത്തിനു താഴെ മാത്രമാണ് വടക്കൻ ജില്ലകളുടെ സംഭാവന. അവിടെ ടൂറിസം സാദ്ധ്യതകൾ ഇല്ലാത്തതുകൊണ്ടല്ല, ധാരാളം സാദ്ധ്യതകളുണ്ട്. ആയതിനാൽ മലബാർ പ്രദേശത്ത് ഏറെ ശ്രദ്ധയാകർഷിക്കുന്ന ഒരു ടൂറിസം സംരംഭത്തിന് തുടക്കം കുറിക്കാൻ സർക്കാർ സന്നദ്ധമാകുമോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ മുന്നിലുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം തികച്ചും ശരിയാണ്. ഈ പ്രശ്നം അഡ്രസ്സ് ചെയ്യാൻ ടൂറിസം ഡിപ്പാർട്ട്മെന്റ് ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി ഇപ്രാവശ്യം നമ്മൾ തയ്യാറാക്കിയ പരിപാടികളിൽ ഭൂരിഭാഗവും വിശേഷിച്ച് ഉത്തര മലബാർ പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യതകളെ ഉപയോഗപ്പെടുത്താനും അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാനുമാണ് ശ്രമിച്ചിട്ടുള്ളത്. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുന്നതോടുകൂടി മലബാറിലെ ടൂറിസം രംഗത്ത് ഒരു കുതിച്ചുചാട്ടം പ്രതീക്ഷിക്കുന്നുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഒഴുകുന്ന 9 പ്രധാനപ്പെട്ട നദികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്ക് 300 കോടി രൂപയുടെ ഒരു പ്രോജക്ടാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. പ്രോജക്ട് ആരംഭിച്ച

കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ധർമ്മടം, കോഴിക്കോട്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, മുഴപ്പിലങ്ങാട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് മറ്റൊരു വിപുല മായിട്ടുള്ള ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മലബാർ മേഖലയിൽ ചെറുതും വലുതുമായിട്ടുള്ള 25-ലധികം ടൂറിസം പദ്ധതികൾക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം അനുമതി നൽകിയിട്ടുണ്ട്. ഇതെല്ലാംകൂടി വരുമ്പോൾ മലബാർ ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിക്കുമെന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ടൂറിസം മേഖലയിൽ പുറമേ നിന്നും പാക്കേജ് ടൂറുമായി വരുന്ന ഡ്രൈവർമാർ, ചില ഹോട്ടലുകൾ, ചില ഷോപ്പിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ കൃത്യമായി ചെല്ലുകയും കൂടുതൽ തുക കമ്മീഷനായി നിശ്ചയിച്ചുകൊണ്ട് ടൂറിസ്റ്റുകളെ കണക്ക് ചെയ്തുകൊടുക്കുന്ന പ്രത്യേക സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇതിൽ ടൂറിസം വകുപ്പിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. വിദേശ ടൂറിസ്റ്റുകളെ പല വിധത്തിൽ കൊള്ളയടിക്കുന്ന സംവിധാനം നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. ഹോട്ടലുകളിലും മറ്റ് സ്ഥലങ്ങളിലും ആഡംബര വസ്തുക്കൾ വാങ്ങുന്ന ഷോപ്പിംഗ് സെന്ററുകളിലും തദ്ദേശീയർക്ക് കൊടുക്കുന്നതിനെക്കാൾ വലിയ വിലയിലാണ് വിദേശികൾക്ക് നൽകുന്നത്. അത് നിയന്ത്രിക്കുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കും. ഏജന്റുമാരുടെ കടന്നുകയറ്റം തടയാനാവശ്യമായ നടപടിയും സ്വീകരിക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കിഴക്കൻ മേഖലയിൽ പ്രത്യേകിച്ച് ചടയമംഗലം ജഡായുപാറയിലും തെന്മലയിലുള്ള ആദിവാസി ഊരുകളുമായി ബന്ധപ്പെട്ട തനതു കലകളുണ്ട്. അവരുടെ പ്രത്യേകമായ സംഗീതവും താളവുമുണ്ട്. ഇതൊക്കെ പരിപോഷിപ്പിക്കാനും അവതരിപ്പിക്കാനുമുള്ള സംവിധാനങ്ങൾ ഇപ്പോൾ തീരെ കുറവാണ്. ഞാൻ പറയുന്നത് ടൂറിസം വകുപ്പ് മാത്രമല്ല സാംസ്കാരിക വകുപ്പും പുരാവസ്തു വകുപ്പുമായി ചേർന്ന് ആദിവാസി ഊരുകളിൽനിന്നും തനതുകലകളായ സംഗീതം, താളം ഇവയൊക്കെ പ്രകടിപ്പിക്കുന്നതിന് പറ്റിയ തരത്തിലുള്ള അന്തരീക്ഷം ഒരുക്കുന്നതിന് ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളെയെല്ലാം ബന്ധപ്പെടുത്തിക്കൊണ്ട് ഒരു പ്രോജക്ട് രൂപീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഗവൺമെന്റ് ഇപ്പോൾ നടത്തിക്കൊണ്ടി രിക്കുന്ന 'ഉത്സവ്' എന്നുപറയുന്ന പ്രോജക്ട് ഇതിന്റെ ഭാഗമായി നമുക്ക് കണക്കാക്കാവുന്നതാണ്. ആദിവാസി കലാരൂപങ്ങൾക്കാണ് 'ഉത്സവ്' പ്രോജക്ടിൽ

പ്രാമുഖ്യം കൊടുക്കുന്നത്. ഇപ്പോൾ വളരെ ഭംഗിയായിട്ടാണ് അത് നടക്കുന്നത്. പക്ഷെ നാം ആഗ്രഹിക്കുന്ന രൂപത്തിൽ സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളിലെ കലാരൂപങ്ങളെയാകെ ആകർഷിച്ചുകൊണ്ടുവരാൻ സാധിച്ചിട്ടില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ആദിവാസി മേഖലയിൽ ചരിത്രപരമായ പൈതൃകവും ആചാരവും സംരക്ഷിക്കപ്പെടുന്ന ഒരു സാഹചര്യമുണ്ടാകേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചരിത്രപരമായുള്ള കുടികളിൽ അവരുടെ പൈതൃക ഭവനം സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് 50 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 25 ലക്ഷം രൂപ നിർമ്മിതിക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി കൈമാറുകയും ചെയ്തു. ഈ സർക്കാർ വന്നതിനുശേഷം ആ ജി.ഒ. തന്നെ ക്യാൻസൽ ചെയ്തു. മാത്രമല്ല ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നിലവിലുള്ളവ പൊളിച്ചുമാറ്റി അതിന്റെ പ്രവൃത്തി തുടങ്ങുന്ന സാഹചര്യത്തിലാണ് ഇതുസംബന്ധിക്കുന്ന ഗവൺമെന്റ് ഓർഡർ ക്യാൻസൽ ചെയ്യുന്നത്. അത് അങ്ങ് പരിശോധിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഞാൻ അങ്ങയുടെ മണ്ഡലത്തിൽ ചില പരിപാടികൾക്ക് വന്നിട്ടുണ്ട്. അന്നും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. നിശ്ചയമായും അങ്ങ് ഇപ്പോൾ പറഞ്ഞ വിഷയം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീമതി യു. പ്രതിഭ ഹരി: സർ, 'ടൂറിസം എല്ലാവർക്കും' എന്നതാണ് കഴിഞ്ഞ ലോക ടൂറിസം ദിനത്തിന്റെ സന്ദേശം. ഭിന്നശേഷിക്കാർക്കും കിടപ്പു രോഗികൾക്കും പ്രായമായവർക്കുമെല്ലാം സഹായകമാകുംവിധം വിനോദ യാത്ര നടത്താനുള്ള അവസരം ഉണ്ടാക്കേണ്ടത് ആവശ്യമാണെന്നാണ് ഇതിലൂടെ ചൂണ്ടിക്കാട്ടിയിരുന്നത്. പക്ഷെ നമ്മുടെ പല ടൂറിസം കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമല്ലെന്ന പോരായ്മ നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 'ടൂറിസം എല്ലാവർക്കും' എന്നതായിരുന്നു കഴിഞ്ഞ ലോക ടൂറിസം ദിനത്തിന്റെ സന്ദേശം. ഭിന്നശേഷിയുള്ളവർ, പ്രായ മായവർ, കിടപ്പുരോഗികൾ തുടങ്ങിയവർ വിനോദയാത്ര നടത്തേണ്ടതിന്റെ പ്രാധാന്യമാണ് 'ടൂറിസം എല്ലാവർക്കും' എന്ന മുദ്രാവാക്യം ചൂണ്ടിക്കാട്ടിയത്. നമ്മുടെ ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷിയുള്ളവർ നിരവധി പ്രയാസങ്ങൾ

അനുഭവിക്കുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ തന്നെ അത് തികച്ചും ദുഃഖകരമാണ്. ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുന്ന ഭിന്നശേഷിയുള്ളവർക്കായി ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ടൂറിസം ഡെസ്റ്റിനേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും അനുമതി നൽകുന്ന എല്ലാ പ്രധാന ടൂറിസം പദ്ധതികളിലും ഭിന്നശേഷിക്കാർക്കാവശ്യമായ സൗകര്യങ്ങൾ കൂടി ഉറപ്പുവരുത്തുന്നതാണ്. എങ്കിൽ മാത്രമേ പദ്ധതിക്ക് അനുമതി നൽകുകയുള്ളൂവെന്ന ചട്ടം സർക്കാർ കൊണ്ടു വരാൻ ആഗ്രഹിക്കുകയാണ്.

**ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ**

3 (*483) ശ്രീ. രാജു എബ്രഹാം :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) സന്നിധാനത്തെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചതെന്നാണ്; കരാറുകാർ ആരാണ്; പ്ലാന്റ് സ്ഥാപിച്ചതിന് നാളിതുവരെ എത്ര രൂപ കരാറുകാർക്ക് നൽകി;

(സി) പ്ലാന്റ് സ്ഥാപിതമായതിനുശേഷം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കാത്തതിനാൽ, പ്ലാന്റിന്റെ ശരിയായ പ്രയോജനം ലഭിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്താണ് ;

(ഡി) പ്ലാന്റ് സ്ഥാപിച്ച കരാറുകാർക്കെതിരെ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുകയാണ്.

## LIST OF WORKS COMPLETED UNDER SABARIMALA MASTER PLAN

| Sl. No. | Name of work | Amount in Rs. |
|---|---|---|
| 1 | 2 | 3 |
| 1 | SMP-Sabarimala – Construction of Queue complex unit 1,2 & 3 between Sabaripeedam and Marakkoottam at Sabarimala | 1,05,00,000 |
| 2 | SMP – Sabarimala – Construction of Bailey Bridge – Conveyance of materials | 12,47,260 |
| 3 | SMP – Sabarimala – Construction of approach road and abutments to the Bailey bridge | 1,30,11,200 |
| 4 | SMP – Nilakkal – Repairs and maintenance to existing roads at Nilakkal | 14,25,000 |
| 5 | SMP – Nilakkal – Construction of facility Centre for crew of vehicles | 39,00,000 |
| 6 | SMP – Nilakkal – Construction of Check Dam near Kaduvathodu | 38,50,000 |
| 7 | SMP – Nilakkal – Construction of Ground level RCC Water Tank | 68,25,000 |
| 8 | SMP – Sabarimala – Improvements & widening Swamy Ayyappan Road | 5,59,00,000 |
| 9 | SMP – Sabarimala – Improvements to demolished building area by providing interlocking cobbles | 42,25,000 |
| 10 | SMP – Sabarimala – Construction of Malikappuram Elevated approach | 30,00,000 |
| 11 | SMP – Sabarimala – Construction of Grade Seperator at Marakkoottam | 1,02,00,000 |
| 12 | SMP – Nilakkal – Supplying, Erecting & Commissioning of Pressure Sand Filter and Gas Chlorinator to the Ground Level Water | 11,00,000 |

| | | |
|---|---|---|
| | Tank | |
| 1 | 2 | 3 |
| 13 | SMP – Sabarimala – Construction of Queue Complex from Marakkottam to Saramkuthy from chainage 80M | 1,65,35,000 |
| 14 | SMP – Sabarimala – Construction of Queue Complex from Marakkottam to Saramkuthy from chainage 190M | 1,59,00,000 |
| 15 | SMP – Sabarimala – Construction of Queue Complex from Marakkottam to Saramkuthy from chainage 250M | 1,59,00,000 |
| 16 | SMP – Sabarimala – Construction of Queue Complex from Marakkottam to Saramkuthy from chainage 310M | 1,59,00,000 |
| 17 | SMP – Sabarimala – Construction of Queue Complex from Marakkottam to Saramkuthy from chainage 390M | 1,59,00,000 |
| 18 | SMP – Sabarimala – Construction of Queue Complex from Marakkottam to Saramkuthy from chainage 430M | 1,59,00,000 |
| 19 | SMP – Sabarimala - Constructin of Toilet Block | 2,05,00,000 |
| 20 | SMP – Sabarimala – Construction of RCC Ground Level Water Tank Unit V | 1,68,00,000/- |
| 21 | SMP – Sabarimala – Construction of RCC Ground Level Water Tank Unit VI | 1,69,00,000 |
| 22 | SMP – Sabarimala – Providing electrification and street lighting arrangements along the traditional trekking route, swami ayyappan road etc (Arranged through KSEB as deposit work) | 4,35,00,000 |
| 23 | SMP – Pampa – Construction of Toilet Block Unit I | 1,87,00,000 |
| 24 | SMP – Pampa – Construction of Toilet Block | 1,87,00,000 |

| | | |
|---|---|---|
| | Unit II | |
| 1 | 2 | 3 |
| 25 | SMP – Pampa – Construction of Toilet Block Unit III | 1,87,00,000 |
| 26 | SMP – Sabarimala – Construction of 5MLD sewage Treatment Plant at Sannidhanam (excluding O & M for 6 years) | 21,70,00,000 |
| 27 | SMP – Nilakkal – Resurfacing of existing internal roads and providing walkways | 4,02,60,000 |
| 28 | SMP – Nilakkal – Construction of Bus terminal and improvements to the parking ground | 4,02,00,000 |
| 29 | SMP – Nilakkal – Resurfacing of entry and exit road | 1,05,00,000 |
| 30 | SMP – Nilakkal – Providing street lighting along the existing internal roads | 1,01,00,000 |
| 31 | SMP – Sabarimala – Laying tiles and inproving facilities at the two waiting halls at Sannidhanam and the open spaces available after the demolition of Malikappuram building | 20,00,000 |
| 32 | SMP – Pampa – Construction of Godown Building | 1,45,00,000 |
| 33 | SMP – Pampa – Construction of Restaurant Building | 3,78,00,000 |
| 34 | SMP – Pampa – Construction of Annadanam Building | 3,78,00,000 |
| 35 | SMP – Pampa – Construction of Emergency Response Station | 60,00,000 |
| 36 | SMP – Pampa – Construction of Sewage Holding tank of 6 Ltrs capacity | 1,76,00,000 |

(ബി) 2015 നവംബറിലാണ് സന്നിധാനത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത്. ഹൈദ്രാബാദിലെ രാംകി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡാണ് കരാറുകാർ.

പ്ലാന്റ് സ്ഥാപിച്ചതിന് നാളിതുവരെ 20,31,61,499 (ഇരുപത് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) കരാറുകാർക്ക് നൽകിയിട്ടുണ്ട്.

(സി) പ്ലാന്റ് സ്ഥാപിതമായതിനുശേഷം പ്ലാന്റ് പൂർണ്ണമായും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാന്റ് പൂർണ്ണമായും കാര്യക്ഷമമായും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്ലാന്റ് പൂർണ്ണമായും കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാകാതെ വന്നാൽ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം : സർ, ശബരിമലയുടെ മറവിൽ വിശുദ്ധമല്ലാത്ത നിരവധി കാര്യങ്ങൾ നടക്കുന്നു. ഹൈക്കോടതിയുടെ നിർദ്ദേശത്തിന് വിരുദ്ധമായി ആരോപണ വിധേയനായ ദേവസ്വം ബോർഡ് സെക്രട്ടറിയെ ദേവസ്വം ബോർഡ് കമ്മീഷണറായി നിയമിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സന്നിധാനത്ത് ശുദ്ധീകരണ പ്ലാന്റ് 21 കോടി രൂപ മുടക്കി സ്ഥാപിച്ചു. ഒന്നരവർഷമായി പ്രവർത്തിക്കുന്നില്ല. അപ്പോൾ ആ പണം തിരിച്ചുപിടിക്കുമോ; ഈ വർഷം തന്നെ 150 കോടി രൂപ സ്റ്റേറ്റും 100 കോടി രൂപ കേന്ദ്രസർക്കാരും കൊടുക്കുകയാണ്. സംസ്ഥാന സർക്കാരിന് ഇതിൽ ഒരു റോളും ഇല്ല. അത് സംബന്ധിച്ച് വളരെ ഗൗരവമായ നിലയിൽ പുനഃപരിശോധന നടത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, രണ്ട് ചോദ്യങ്ങളാണ് ചോദിച്ചിരിക്കുന്നത്. ശ്രീ. ജയകുമാറിനെ കമ്മീഷണറായി നിയമിക്കണമെന്ന് പറഞ്ഞുകൊണ്ട് ദേവസ്വം ബോർഡ്, ഒരു അംഗം ഉണ്ടാകാതിരുന്ന സന്ദർഭത്തിൽ അംഗത്തിനെ അറിയിച്ചില്ലെന്നാണ് അദ്ദേഹത്തിന്റെ പരാതി. അദ്ദേഹം ഓംബുഡ്സ്മാനെ സമീപിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. അദ്ദേഹത്തിന് പിന്നീട് കിട്ടിയ അജണ്ട നോട്ടിൽ കമ്മീഷണറുടെ നിയമനത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന ഭാഗം ഉണ്ടായിരുന്നില്ല. മറ്റൊരു അജണ്ട നോട്ടിൽ അത് ഉണ്ടായിരുന്നു. ഇങ്ങനെ ഉണ്ടായിരുന്നാലും ശരിയല്ലാത്ത രൂപത്തിൽ കൂടിയ ഒരു ബോർഡ് യോഗം ആരോപണ വിധേയനായിട്ടുള്ള ദേവസ്വം ബോർഡ് സെക്രട്ടറിയെ ദേവസ്വം ബോർഡ് കമ്മീഷണറായി നിയമിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും അദ്ദേഹം തന്നെ ഒപ്പിട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അദ്ദേഹത്തെ കമ്മീഷണറാക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു അപേക്ഷ കൊടുത്തതായും മനസ്സിലാക്കാൻ സാധിച്ചു. സാധാരണഗതിയിൽ ഗവൺമെന്റാണ് ദേവസ്വം ബോർഡ് കമ്മീഷണറെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ഹൈക്കോടതിയിൽ സമർപ്പിക്കുന്നത്.

ഗവൺമെന്റിന്റെ പ്രൊപ്പോസൽ ഹൈക്കോടതിയുടെ പരിഗണനയിലുള്ളപ്പോഴാണ് ഇങ്ങനെയൊരു നീക്കം കണ്ടത്. ഏതായാലും അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അതൃപ്തി ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. ഹൈക്കോടതി ഉചിതമായ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കാം.

ശബരിമലയുടെ പ്രത്യേകതകളും പരിമിതികളും കണക്കിലെടുത്തുള്ള ഒരു പ്രത്യേക ടെക്നോളജി വികസിപ്പിച്ചാണ് അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത്. നഗരങ്ങളെപ്പോലെ 365 ദിവസവും 24 മണിക്കൂറും തുടർച്ചയായി ഉണ്ടാകുന്ന മാലിന്യം സംസ്കരിക്കാനുള്ളൊരു സംവിധാനമല്ല ശബരിമലയിലെ മാലിന്യ സംസ്കരണ പ്ലാന്റിലുള്ളത്. വർഷത്തിൽ രണ്ടുമാസവും ഓരോ മാസവും അഞ്ച് ദിവസവും മാത്രം മാലിന്യം ഉണ്ടാകുന്ന സന്നിധാനത്തിലെ സംസ്കരണ പ്ലാന്റ് ആ നിലയിൽ പ്രത്യേകമായി സംവിധാനം ചെയ്യുകയാണുണ്ടായത്. തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജിയിലെ ഡോ. അജിത് ഹരിദാസും മദ്രാസ് ഐ.ഐ.ടി.-യിലെ ഡോ. ലിജി ഫിലിപ്പും ഉൾപ്പെടെയുള്ള ഒരു വിദഗ്ദ്ധസമിതി ശബരിമലയ്ക്ക് ചേർന്നൊരു സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയാണ് ചെയ്തത്. ആധുനിക സാങ്കേതിക വിദ്യയും യന്ത്രസാമഗ്രികളുമുള്ള പ്ലാന്റിന്റെ പ്രവർത്തനക്ഷമതയെപ്പറ്റി ആക്ഷേപമില്ല. അതിന്റെ പ്രവർത്തനം മെച്ചപ്പെടുകയും കഴിഞ്ഞ സീസണിൽ മാലിന്യം നിയന്ത്രിക്കുന്നതിന് സഹായകമാകുകയും ചെയ്തുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. പ്ലാന്റിനെക്കുറിച്ചല്ല അനുബന്ധമായി ചെയ്യേണ്ട പ്രവൃത്തികൾ കരാറുകാരൻ ഇനിയും പൂർത്തിയാക്കിയിട്ടില്ലെന്നതാണ് പരാതി. അത് പ്ലാന്റിന്റെ പ്രവർത്തനത്തെ ബാധിക്കുന്നില്ലെങ്കിലും ശബരിമലയുടെ പൊതുവായ മാലിന്യ നിർമ്മാർജ്ജനത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് എല്ലാ പണികളും അടിയന്തര മായി പൂർത്തിയാക്കാൻ കരാറുകാരന് അന്ത്യശാസനം നൽകിയിട്ടുണ്ട്. അതുകൂടെ പൂർത്തീകരിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാട്ടിയ മാലിന്യസംസ്കരണ പ്ലാന്റിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ പൊതുവെ അവസാനിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, ലക്ഷക്കണക്കിന് തീർത്ഥാടകർ സഞ്ചരിക്കുന്ന പാതയിൽ പ്രസാദം തയ്യാറാക്കുന്നതിനുള്ള സാധനങ്ങൾ കൊണ്ടുപോകുന്നതിന് കഴുതകളെ ഉപയോഗിച്ചിരുന്നത് മാറ്റി ട്രാക്ടർ ഉപയോഗിക്കാൻ തുടങ്ങിയതു കാരണം തീർത്ഥാടകർക്ക് കാൽനടയാത്രയ്ക്ക് കഴിയുന്നില്ല. അതുകൊണ്ടാണ് റോപ് വേയുടെ പ്രൊപ്പോസൽ വന്നത്. റോപ് വേ-യുടെ പ്രവർത്തനം വനം വകുപ്പും ദേവസ്വം ബോർഡും ഗവൺമെന്റും എല്ലാം ഒരുമിച്ചാണ് നടത്തേണ്ടത്. ആ പദ്ധതി ഇഴഞ്ഞു നീങ്ങുകയാണ്. അടിയന്തരമായി റോപ് വേ സ്ഥാപിക്കാനുള്ള

നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, പി.പി.പി. മോഡലിലുള്ള ഒരു പ്രോജക്ടാണ് റോപ്‍വേയുള്ളത്. അതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽത്തന്നെ റോപ് വേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട ആലോചന നടത്തി ഏതാണ്ട് ശിലാസ്ഥാപനം നടത്തിയെന്നും കണ്ടപ്പോഴാണ് എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും അംഗീകാരം കിട്ടാതെയാണ് ആ പ്രവൃത്തികൾ ആരംഭിക്കാൻ പോകുന്നതെന്ന അറിവ് കിട്ടിയത്. അതിന്റെയടിസ്ഥാനത്തിൽ എല്ലാ ഡിപ്പാർട്ട്മെന്റുകളുടേയും അംഗീകാരത്തിനുവേണ്ടിയുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമാണ് മുഖ്യമായും വേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ റോപ് വേയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും.

<u>ശ്രീ. എൻ. വിജയൻ പിള്ള</u> : സർ, ശബരിമലയിൽ ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതുപോലെ ലക്ഷക്കണക്കിന് തീർത്ഥാടകർ വന്ന് തമ്പടിക്കുന്ന പമ്പയിലും ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുമോ ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, പമ്പയിൽ ഒരു മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ശബരിമലയിൽ ഇടത്താവളങ്ങളായി വിശ്രമ കേന്ദ്രങ്ങൾ പണിയുന്ന പദ്ധതിയുടെ ഭാഗമായി എത്ര ക്ഷേത്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്, ഈ ക്ഷേത്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്. എന്റെ മണ്ഡലമായ പന്തളത്തോട് ചേർന്നുകിടക്കുന്ന നൂറനാട് പടനിലം ക്ഷേത്രത്തെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ശബരിമലയിൽ ഇടത്താവളങ്ങളായി കേരളത്തിൽ അങ്ങോളമിങ്ങോളം വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക താല്പര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക സർവ്വേ നടത്തി ഇടത്താവളങ്ങൾ സ്ഥാപിക്കാൻ കഴിയുന്ന 37 ക്ഷേത്രങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അതിൽ 18 എണ്ണം അടിയന്തിരമായി ആരംഭിക്കത്തക്കവിധത്തിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയിലൂടെയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. അങ്ങ് ചൂണ്ടിക്കാണിച്ച ക്ഷേത്രത്തിന്റെ കാര്യം പിന്നീട് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. സി. കെ ഹരീന്ദ്രൻ</u> : സർ, കഴിഞ്ഞ പൈങ്കുനി ഉത്രം-വിഷുദിനങ്ങളിൽ

ശബരിമലയിൽ ആചാരലംഘനം നടന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; സംസ്കൃതം ദേവഭാഷയായിട്ടാണ് കണക്കാക്കുന്നത്. സംസ്കൃതപഠനം നടത്തിയവർക്ക് മാത്രമേ പൂജാദികർമ്മങ്ങൾ ചെയ്യാൻ പാടുള്ളൂവെന്ന ദേവസ്വം ബോർഡ് ചെയർമാന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, കഴിഞ്ഞ പൈങ്കുനി ഉത്രം-വിഷു മഹോത്സവങ്ങളോടനുബന്ധിച്ച് നട തുറന്നിരുന്ന ദിവസങ്ങളിൽ ആചാരലംഘനം നടന്നുവെന്ന വാർത്ത പുറത്തുവന്നയുടൻ തന്നെ ചീഫ് ദേവസ്വം വിജിലൻസ് ഓഫീസറെക്കൊണ്ട് അന്വേഷണം നടത്തുകയുണ്ടായി. പത്ത് വയസ്സിനും അൻപത് വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ ക്ഷേത്രദർശനം നടത്തിയെന്നു പറഞ്ഞുകൊണ്ടുള്ള ആക്ഷേപം ചിത്രങ്ങൾ സഹിതം സോഷ്യൽ മീഡിയകളിലും മാധ്യമങ്ങളിലും വന്നിരുന്നു. അതിനെ സംബന്ധിച്ചുള്ള കൃത്യമായ അന്വേഷണത്തിൽ അങ്ങനെ ഒരു ആചാരലംഘനം ശബരിമലയിൽ നടന്നിട്ടില്ലെന്നാണ് മനസ്സിലായത്. 50 വയസ്സിനുമേൽ പ്രായമുള്ളവർ തന്നെയാണ് അവിടെ ക്ഷേത്ര ദർശനം നടത്തിയതായി കണ്ടെത്തിയത്. മറ്റു ചില ആചാര ലംഘനങ്ങളും ക്രമക്കേടുകളും ആ സന്ദർഭത്തിൽ നടന്നിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചു. അതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. സംസ്കൃതഭാഷ അറിയണമെന്നുള്ളത് ഒഴിവാക്കാൻ പറ്റുന്ന കാര്യമല്ല, ദേവഭാഷയെന്നറിയപ്പെടുന്ന സംസ്കൃതം മന്ത്രോച്ചാരണങ്ങൾക്ക് അനിവാര്യമാണ്. മതപഠനത്തിന് ഗവൺമെന്റ് എതിരല്ല. പക്ഷേ മതപാഠശാലകളിൽ കുട്ടികളെ അയയ്ക്കുന്നവരെ മാത്രമേ ഉപദേശകസമിതികളിൽ അംഗങ്ങളാക്കുകയുള്ളൂ എന്ന് പറഞ്ഞതിനെയാണ് ഗവൺമെന്റ് എതിർത്തത്. അത് ശരിയല്ലെന്നാണ് സർക്കാർ പറഞ്ഞത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ശബരിമലയുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തിരുവിതാംകൂറിലെ മറ്റ് ചെറിയ ക്ഷേത്രങ്ങളും നിലനിന്നുപോരുന്നത്. ശബരിമലയുടെ വികസനം ഉദ്ദേശിക്കുന്ന രീതിയിൽ വേഗത്തിലാകുന്നില്ല. ഹൈക്കോടതിയുടെ അനുമതിയോടുകൂടി ശബരിമല മാസ്റ്റർ പ്ലാനിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനുവേണ്ടി കോടിക്കണക്കിന് രൂപ സർക്കാരിൽ നിന്നും പുറത്തുനിന്നും ഭക്തൻമാരും നൽകുന്നുണ്ട്. എങ്കിൽപ്പോലും ഇത് വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ല. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ മന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്ക് തൃപ്തികരമാണോ, ഇല്ലെങ്കിൽ കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത് മാസ്റ്റർപ്ലാൻ

വേഗത്തിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ അദ്ധ്യക്ഷനായിട്ടുള്ള ഒരു ഉന്നതാധികാര സമിതിയാണ് ശബരിമലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. തൃപ്തികരമാണെന്ന് പറയാൻ സാധിക്കില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒന്നിലധികം പ്രാവശ്യം നടന്ന പ്രവർത്തനങ്ങൾ റിവ്യൂ ചെയ്ത് ഒരു കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. സാധാരണഗതിയിൽ ശബരിമലയിൽ സീസൺ സമയത്താണ് വർക്കുകൾക്ക് രൂപം കൊടുക്കുന്നതും കരാറുകാരെ ഏർപ്പെടുത്തുന്നതും. ഇപ്രാവശ്യം സീസൺ കഴിഞ്ഞ ഉടനെ ഉന്നതാധികാര സമിതിയുടെ യോഗം ഗവൺമെന്റ് വിളിച്ചു ചേർക്കുകയും ഒരു കലണ്ടർ തയ്യാറാക്കിക്കൊടുക്കുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് നൽകുന്ന ധനസഹായത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താൻ ഉന്നതാധികാര സമിതിയ്ക്ക് കഴിയുന്നില്ല. അതിനാവശ്യമായ കാര്യങ്ങൾ ചെയ്യും, ഇല്ലെങ്കിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് നീങ്ങും.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഏറ്റവും കൂടുതൽ വികസനമെത്തേണ്ട ശബരിമലയുടെ മൂലസ്ഥാനമാണ് പന്തളം. എന്നാൽ ശബരിമലയിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുമ്പോഴും പന്തളത്ത് വേണ്ടത്ര വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. ശബരിമലയിൽ വരുന്ന മുഴുവൻ ഭക്തജനങ്ങളും ആദ്യം വരുന്നത് പന്തളത്താണ്. പന്തളത്ത് അയ്യപ്പൻ വളർന്ന കൊട്ടാരവും ക്ഷേത്രവും കുളവും കണ്ടതിനുശേഷമാണ് ശബരിമലയിലേയ്ക്ക് പോകുന്നത്. കഴിഞ്ഞ അഞ്ചുവർഷവും ഞാൻ പന്തളത്തിന്റെ വികസനത്തിനുവേണ്ടി നിയമസഭയിൽ ശക്തമായി ആവശ്യപ്പെടുന്നതാണ്. ഈ ഗവൺമെന്റ് ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി പന്തളത്ത് ആവശ്യമായ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശബരിമലയും പന്തളവും തമ്മിലുള്ള ബന്ധവും പ്രാധാന്യവും വളരെ വലുതാണ്. മാസ്റ്റർ പ്ലാനിൽ പന്തളത്തിന്റെ വികസനത്തെ സംബന്ധിച്ചൊന്നും പറയുന്നില്ല. പന്തളത്തിന്റെ സമഗ്രവികസനത്തിനാവശ്യമായ പ്രത്യേക പ്രോജക്ട് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഉണ്ടാകണമെന്ന നിബന്ധന ഗവൺമെന്റ് ഉന്നതാധികാര സമിതിക്ക് നൽകുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ച്

കോടി രൂപ മുടക്കി ശബരിമലയിൽ ഒരു ആശുപത്രിയ്ക്ക് തറക്കല്ലിട്ടു. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല, അതിന്റെ സ്ഥിതിയെന്താണ്;

വികസനപ്രവർത്തനങ്ങൾ ശബരിമലയുടെ ആചാരങ്ങളേയും പരിസ്ഥിതിയേയും സംരക്ഷിച്ചുകൊണ്ടുവേണം നടത്താൻ. റോപ്‍വേ അതിനൊരു തടസ്സമാണെന്ന ഒരു വികാരമുണ്ട്. അതുകൊണ്ട് ശബരിമലയുടെ ആചാരങ്ങളേയും പരിസ്ഥിതിയേയും സംരക്ഷിച്ചുകൊണ്ട് വികസനം നടത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങ് ചൂണ്ടിക്കാണിച്ച ഹോസ്പിറ്റലിന്റെ കാര്യവും ഗവൺമെന്റ് ഗസ്റ്റ് ഹൗസ് നിർമ്മാണകാര്യവും പ്രഖ്യാപിച്ചെങ്കിലും രണ്ടും നടന്നില്ല. അത് രണ്ടും നടത്തുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഗസ്റ്റ് ഹൗസിന്റെയും ആശുപത്രിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കും. ശബരിമലയുടെ ആചാരാനുഷ്ഠാനങ്ങളേയും പരിസ്ഥിതിയേയും ദോഷകരമായി ബാധിക്കുന്ന വികസനപ്രവർത്തനങ്ങളൊന്നും നടത്താൻ ഗവൺമെന്റ് തയ്യാറാകില്ല. അതിനെ സംരക്ഷിച്ചുകൊണ്ടുമാത്രമേ ശബരിമലയുടെ വികസനം സാധ്യമാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുകയുള്ളൂ.

ശ്രീ. കെ. ബാബു: സർ, ഇതര സംസ്ഥാനങ്ങളിൽനിന്നും അതിർത്തി കടന്നുവരുന്ന അയ്യപ്പഭക്തൻമാർ നമ്മുടെ തോട്, പുഴകൾ, കുളങ്ങൾ എന്നിവയുള്ള പ്രദേശങ്ങളിലാണ് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നത്. വിശാലമായ പറമ്പുകളിൽ ഭക്ഷണം പാകംചെയ്ത് കഴിച്ച് തിരിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. അതിർത്തി കടന്നുവരുമ്പോൾ അവർക്ക് വിശ്രമിക്കാനുള്ള ഇടത്താവളങ്ങളും താൽക്കാലികമായ മാലിന്യസംസ്കരണ പ്ലാന്റുകളും സ്ഥാപിക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: ആ ചോദ്യത്തിന്റെ ഉത്തരമല്ലേ നേരത്തെ ഇവിടെ പറഞ്ഞത്.

ശ്രീ. കെ. ബാബു: സർ, ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുള്ള ഇടത്താവളങ്ങളെക്കുറിച്ചാണ് നേരത്തെ പറഞ്ഞത്. ക്ഷേത്രങ്ങൾക്കൊപ്പം തന്നെ ഇപ്പോൾ ഗോവിന്ദപുരം അതിർത്തിയാണ്. അതിർത്തി കടന്നുവന്നാൽ തൊട്ടടുത്ത് വലിയൊരു പുഴയുണ്ട്. ഓരോ പ്രദേശങ്ങളിലും അത്തരം പുഴയോരങ്ങളുണ്ട്. സീസണുകളിൽ മാത്രം പഞ്ചായത്തുകളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ഇവയെ ഇടത്താവളങ്ങളാക്കി മാറ്റാൻ കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങയുടെ അഭിപ്രായം നിശ്ചയമായും ആലോചിക്കാൻ കഴിയുന്ന ഒന്നുതന്നെയാണ്. അതിർത്തിയിലെ ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികളുമായി ബന്ധപ്പെട്ടുകൊണ്ട് സീസൺ ആരംഭിക്കുമ്പോൾ പ്രാഥമികകൃത്യങ്ങൾ

നിർവ്വഹിക്കുന്നതിനുള്ള താൽക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അങ്ങനെ ചില സംവിധാനങ്ങൾ നേരത്തെ എല്ലായിടത്തുമുണ്ട്. കുറച്ച് കൂടുതലായി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ഡോ. എൻ. ജയരാജ് : സർ, ശബരിമല ഒരു കാനനക്ഷേത്രമാണെന്ന പ്രത്യേകതയുണ്ട്. അടിസ്ഥാനപരമായി ആചാരാനുഷ്ഠാനങ്ങൾ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമാണ്. ശബരിമല ഇപ്പോൾ ഒരു കോൺക്രീറ്റ് കാടായി മാറിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യ വ്യക്തികൾ കാലാകാലങ്ങളിലായി സ്വന്തമായി മുറികൾ അധീനതയിൽ വച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. അടുത്തകാലത്ത് ഒരു സ്വകാര്യ വ്യക്തി ശബരിമലയുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നുവെന്ന പരാതിയിന്മേൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ സൂചിപ്പിച്ചതുപോലെ ശബരിമലയുടെ കാനനാന്തരീക്ഷവും പാരിസ്ഥിതികാവബോധവും നിലനിർത്തിക്കൊണ്ട് അവിടത്തെ പരിസ്ഥിതിയെ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനത്തനങ്ങൾക്ക് മാത്രമേ സർക്കാർ അനുമതി കൊടുക്കു എന്നുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. നമ്മുടെ സംസ്ഥാനത്ത് ശബരിമലയുൾപ്പെടെ എല്ലായിടത്തും വ്യക്തമായ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിലൊന്നുമല്ല വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. പക്ഷേ കഴിഞ്ഞ കുറേനാളുകളായി ശബരിമലയിൽ ഉണ്ടാകാൻ പോകുന്ന ആപത്ത് കണക്കിലെടുത്ത് ഗവൺമെന്റ് എടുത്ത സമീപനങ്ങളുടെ ഭാഗമായിട്ടാണ് മാസ്റ്റർ പ്ലാൻ ഉണ്ടായതും ആ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തി ലാണ് ശബരിമലയിൽ ഇനി വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കു ന്നതും. ഈ മാസ്റ്റർപ്ലാൻ അങ്ങ് ചൂണ്ടിക്കാണിച്ച എല്ലാ ഉത്കണ്ഠകൾക്കും അറുതിവരുത്താൻ കഴിയുന്ന ഒന്നാണ്. പാരിസ്ഥിതികമായ എല്ലാ കാര്യങ്ങളും സംരക്ഷിക്കുന്ന തരത്തിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇനി ശബരിമലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുള്ളൂ.

**ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കുവേണ്ടി കടാശ്വാസ പദ്ധതി**

4 (*484) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കുവേണ്ടി ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്കാണ് ആനുകൂല്യം ലഭിച്ചത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വായ്പകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താത്തതെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത വായ്പകൾകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കുവേണ്ടി ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി 20-8-2016-ലെ സ.ഉ.(പി) നമ്പർ 118/2016/ധന പ്രകാരം കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി-2016- ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ചവരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശ ഇളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പിലാക്കിയ കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാകുടിശ്ശിക മാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമേകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ കടാശ്വാസ പദ്ധതി.

അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകൾ എഴുതിത്തള്ളുന്നു. ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തി ഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിധം പുനഃക്രമീകരിച്ചും നൽകുന്നു.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.

(സി) പ്രസ്തുത പദ്ധതിപ്രകാരം 1028 കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 272 |
| കൊല്ലം | 106 |
| പത്തനംതിട്ട | 27 |
| ആലപ്പുഴ | 94 |
| കോട്ടയം | 56 |
| ഇടുക്കി | 19 |
| എറണാകുളം | 26 |
| തൃശ്ശൂർ | 37 |
| പാലക്കാട് | 40 |
| മലപ്പുറം | 23 |
| കോഴിക്കോട് | 216 |
| വയനാട് | 56 |
| കണ്ണൂർ | 35 |
| കാസർഗോഡ് | 21 |

(ഡി) പദ്ധതി മാർഗ്ഗരേഖ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

- സ്വർണ്ണ ഈടിന്മേലുള്ള വായ്പകൾ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ

- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ
- ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ

(ഇ) പ്രസ്തുത വായ്പകൾകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, രണ്ട് പ്രധാന വിഭാഗം ആളുകളാണ് ഈ വായ്പാ കടാശ്വാസ പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഏറ്റവും പ്രധാനമായി വന്നിരിക്കുന്നത്, അഞ്ച് ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകൾ എഴുതിത്തള്ളുന്നുവെന്നതാണ്. ഇതുസംബന്ധിച്ച് ഒരു സുപ്രീംകോടതി വിധിയുണ്ട്. മുതലിന്റെ ഇരട്ടി പലിശ വരാൻ പാടില്ല. മുതലിനേക്കാൾ കൂടുതൽ പലിശ വന്നുകഴിഞ്ഞാൽ ബാങ്കുകളും പൊതു ധനാകാര്യ സ്ഥാപനങ്ങളും വായ്പക്കാരനിൽ നിന്നും അങ്ങനെ ഈടാക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധി നിലനിൽക്കുമ്പോൾ, ഇതിൽ പറയുന്ന പൊതു ധനകാര്യസ്ഥാപനങ്ങൾ എങ്ങനെയാണ് മുതലിന്റെ ഇരട്ടി പലിശയ്ക്ക് കടാശ്വാസം പ്രഖ്യാപിക്കുന്നത്. ഇതുസംബന്ധിച്ച് അങ്ങ് വ്യക്തമാക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇപ്പോഴത്തെ നിലയ്ക്ക് 1028 പേർക്ക് കടാശ്വാസം നൽകിക്കഴിഞ്ഞു. അതിന്റെ അർത്ഥം ഈ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത 1028 പേർ ഇരട്ടി തുക തിരിച്ചടച്ചിട്ടും ജപ്തി ഭീഷണി നിലനിൽക്കുന്നുവെന്നതാണ്. ആ വസ്തുത മനസ്സിലാക്കി അവരുടെ വീടിന്റെ ആധാരം തിരിച്ചുലഭിക്കുന്നതിനുവേണ്ടി അവർക്ക് കടാശ്വാസം നൽകുക എന്ന നിലപാടാണ് എടുത്തിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ ചോദിച്ച ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല. രണ്ടാമത്തെ ഘട്ടം, ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാത്തുക രണ്ടുവർഷം കൊണ്ട് തിരിച്ചടയ്ക്കാമെന്നതാണ്. ഒന്നര ഇരട്ടി അടച്ചുകഴിഞ്ഞിട്ടും വീണ്ടും അസസ് ചെയ്തിരിക്കുകയാണ്. അപ്പോഴും അസസ്സ്മെന്റ് എന്നുപറയുന്നതിൽ യഥാർത്ഥ മുതലിന്റെ ഇരട്ടിയിലധികം പലിശ വന്നുകഴിഞ്ഞു. ഇതെല്ലാം പൊതു സ്ഥാപനങ്ങളാണ്. ഇപ്പോൾ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന നിയമവിരുദ്ധമായ

കാര്യത്തിന് കടാശ്വാസ പദ്ധതിയിലൂടെ നിയമസാധുത നൽകുകയാണ്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുതലിനേക്കാൾ ഇരട്ടി പലിശ വന്നാൽ മുതലിനേക്കാൾ കൂടുതൽ പണം വാങ്ങാൻ പാടില്ലെന്ന നിർദ്ദേശം നൽകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, കേരളത്തിൽ ഇത്രയും കാലം കടം വാങ്ങിയ പണം തിരിച്ചടയ്ക്കാൻ കഴിയാതെ കഷ്ടപ്പെട്ടിരുന്ന ജനങ്ങളെ ഇവിടെ ആരും കണ്ടിരുന്നില്ലല്ലോ. ഇവർക്ക് കടാശ്വാസം നൽകാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നത്. നിയമലംഘനം നടത്തുകയാണെങ്കിൽ അത് പരിശോധിക്കാം. അതിൽ എന്താണ് സംശയമുള്ളത്, ഏതെങ്കിലും തരത്തിൽ ഇരട്ടിയിലധികം തുക അടയ്ക്കാത്തതിന്റെ പേരിൽ ജപ്തിഭീഷണി നേരിടുന്നവർക്ക് ആശ്വാസം കൊടുക്കും. നിയമവിരുദ്ധമായാണ് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെങ്കിൽ അത് പരിശോധിക്കാം. നിയമപരമായി അവർക്ക് ആശ്വാസം നൽകാൻ ശ്രമിക്കാം.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികൾ ജോലി ലഭിക്കുന്ന മുറയ്ക്കോ/കോഴ്സ് പൂർത്തീകരിച്ച് ഇത്രവർഷത്തിനുശേഷമോ ഈ ലോൺ തിരിച്ചടയ്ക്കണമെന്നാണ് വ്യവസ്ഥ. ജോലി കിട്ടാത്ത/ലഭിക്കുന്ന ജോലിയിൽ നിന്നും തുച്ഛമായ വരുമാനം ലഭിക്കുന്ന താഴെക്കിടയിലുള്ള ആളുകളെ മാനസികമായി പീഡിപ്പിക്കുന്നതിന് ക്രിമിനലുകളായ ആളുകളെ ജപ്തി നടപടികൾക്കും തുടർന്നുള്ള നടപടികൾക്കുവേണ്ടി അയയ്ക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഇതുസംബന്ധിച്ച് ധാരാളം പരാതികൾ ജനപ്രതിനിധികൾക്ക് ലഭിക്കാറുണ്ട്. അത്തരം വിഷയങ്ങളിൽ ന്യായമായ രീതിയിൽ വിദ്യാർത്ഥികളെ സഹായിക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, സർക്കാർ ആദ്യമായി 900 കോടി രൂപ നീക്കിവച്ച് വിദ്യാഭ്യാസ കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചു. അതിന്റെ ജി.ഒ. ഇന്നലെ ഇറങ്ങി. ജി.ഒ. യുടെ കോപ്പിയാണിത് (കടലാസ് ഉയർത്തിക്കാട്ടി). അതിന്റെ സ്കീമും ഇതിൽ ഇറങ്ങി. ഇനി വെബ് ബേയ്സ്ഡായ ഒരു ആപ്ലിക്കേഷൻ തയ്യാറാക്കണം. അതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ പ്രശ്നം നേരിടുന്ന പാവപ്പെട്ടവർക്കുള്ള ആശ്വാസ പദ്ധതി ആരംഭിക്കും. ഈ രണ്ട് പദ്ധതിയും, വീടുവയ്ക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ലോണെടുത്തവർക്കുള്ള കടാശ്വാസ പദ്ധതിയും വിദ്യാഭ്യാസത്തിനായി ലോണെടുത്തവർക്കുള്ള കടാശ്വാസ പദ്ധതിയും സൂചിപ്പിക്കുന്നത് മറ്റൊരു ഫിനാൻഷ്യൽ ഫിലോസഫിയാണ്. ഇപ്പോൾ കേരളത്തിൽ പലതരത്തിലുള്ള

ന്യൂ ലിബറൽ പോളിസി നടപ്പിലാക്കുമ്പോഴുണ്ടാകുന്ന അസമത്വ വർദ്ധനയുടെ ഭാഗമായി വളരെ താഴ്ന്ന വരുമാനക്കാർക്ക് ഈ സമ്പദ്‌വ്യവസ്ഥിതിയിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത പ്രശ്നം തിരിച്ചറിഞ്ഞ് അതിനെ മറികടക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. ഇവിടുത്തെ ചോദ്യം കടാശ്വാസത്തെ സംബന്ധിച്ചാണെങ്കിലും ഇക്കാര്യം സൂചിപ്പിച്ചുവെന്നേയുള്ളൂ.

ശ്രീ. കെ. സി. ജോസഫിനുവേണ്ടി ശ്രീ. പി. ടി. തോമസ് : സർ, നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ പലിശനിരക്ക് പലപ്പോഴും തെറ്റായാണ് കണക്കാക്കാറുള്ളത്. വിവരാവകാശത്തിന്റെ പരിധിയിൽപ്പോലും പല ബാങ്കുകളും വരാൻ തയ്യാറല്ല. യഥാർത്ഥത്തിൽ സാധാരണക്കാരും പാവപ്പെട്ടവരുമായ ആൾക്കാരുടെ വായ്പകളിൽ അനാവശ്യമായി പലിശ എഴുതിച്ചേർക്കുന്ന പ്രവണതയാണ് പല ബാങ്കുകൾക്കുമുള്ളത്. അത് തടയാൻ നടപടി സ്വീകരിക്കുമോ; കടാശ്വാസത്തോടൊപ്പം കൃത്യമായ പലിശനിരക്കാണ് ഈടാക്കുന്നതെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വളരെ സങ്കീർണ്ണമായ പ്രശ്നമാണിത്. പുതിയ സാമ്പത്തിക നയം വന്നതിനുശേഷം ബാങ്കിംഗ് രംഗത്ത് വലിയ വാണിജ്യവത്ക്കരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അവിടെ സാധാരണ ജനങ്ങളുടെ ജീവൽപ്രശ്നം പരിഹരിക്കുന്നതിനപ്പുറം പണമുണ്ടാക്കുക എന്ന തലത്തിലേയ്ക്ക് ബാംങ്കിംഗ് റെഗുലേഷനുകൾ മാറിപ്പോയതുകൊണ്ടുള്ള പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിനെ രണ്ട് തരത്തിൽ സമീപിക്കണം. അത്തരത്തിലുള്ള ബാങ്കുകളിൽ വാണിജ്യവൽക്കരണം നടത്തുന്ന നയത്തിനെതിരെ ശക്തമായ ജനകീയ സമരം രൂപപ്പെടുത്തുക എന്നതാണ് ഒരുവശം. ആ സമരം രൂപപ്പെടുത്തുന്ന സമയത്തും പാവപ്പെട്ട ജനങ്ങൾക്ക് ജീവിതപ്രശ്നമുണ്ടാകുമ്പോൾ ഇതുപോലുള്ള സമാശ്വാസ പദ്ധതികൾ പ്രഖ്യാപിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുക. ഇങ്ങനെ രണ്ട് തരത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാം. ജനങ്ങൾക്ക് ആശ്വാസം കൊടുക്കുന്നതോടൊപ്പം ഇനി ഇത്തരത്തിലുള്ള ആശ്വാസ പദ്ധതികൾ വരാതിരിക്കത്തക്ക രീതിയിൽ, ബാങ്കിന്റെ വാണിജ്യവൽക്കരണം

ചെറുക്കുന്ന രീതിയിൽ ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്ന രീതിയാണ് ഇപ്പോൾ സർക്കാർ അനുവർത്തിച്ചുവരുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു. )

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കയർ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി

5 (*485) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ വ്യവസായം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ ഇത്തരം നടപടികൾ കൊണ്ട് കഴിഞ്ഞിട്ടുണ്ടോ;

(ബി) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കയർ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ഇപ്പോൾ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിപണനം വ്യാപകമാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഇത് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കയർ വ്യവസായം. ഈ മേഖലയിൽ അതിന്റെ നിലനിൽപ്പിനും പുരോഗതിക്കും തൊഴിലാളികളുടെ ക്ഷേമത്തിനും വേണ്ട എല്ലാ കാര്യങ്ങളും സർക്കാർ തലത്തിൽ നൽകിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് നിലവിൽ ഈ മേഖല പുരാഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയുടെ

പുരോഗതിക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. രണ്ടാം പുനഃസംഘടനാ പദ്ധതി.
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം.
3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം.
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

നിയന്ത്രിത യന്ത്രവൽക്കരണം എന്നതിൽ നിന്നും സമ്പൂർണ്ണ യന്ത്രവൽക്കരണം കയർമേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി 77 കോടി രൂപ ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്.

ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനത്തിന് നടപടി സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി ജല

മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളെ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും മറ്റ് മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. ഇത്തരം നടപടികൾകൊണ്ട് പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവ തങ്ങളുടെ ഫർണിഷിംഗ് ആവശ്യങ്ങൾക്ക് കയർ ഉല്പന്നങ്ങൾ പരമാവധി ഉപയോഗിക്കണമെന്നും അവ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, ഫോംമാറ്റിംഗ്സ് എന്നീവിടങ്ങളിൽ നിന്നും ക്വട്ടേഷൻ കൂടാതെ വാങ്ങണമെന്നും ഉത്തരവായിട്ടുണ്ട്.

(സി) കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിന് പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബറിൽ ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണന മേളകളിൽ സജീവമായി പങ്കെടുത്തുവരുന്നു. കൂടാതെ ഇതരസംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. യു.പി. സ്റ്റേറ്റ് ഹാന്റ്ലൂം ഫെഡറേഷനുമായി MoU ഒപ്പുവച്ചിട്ടുണ്ട്.

(ഡി)

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസന മുൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന

സഹായം (എം.ഡി.എ.) നൽകിവരുന്നു.

4. കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.

6. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

8. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

9. ക്ഷേമനിധി ബോർഡ് മുഖേന കയർ തൊഴിലാളികൾക്ക് പെൻഷൻ, ചികിത്സാസഹായം, മാച്ചിംഗ് ഗ്രാന്റ് എന്നിവ നൽകിവരുന്നു. കയർ തൊഴിലാളികളുടെ ആശ്രിതർക്കുള്ള കുടുംബപെൻഷൻ 100 രൂപയിൽ നിന്ന് 1000 രൂപയാക്കി ഉയർത്തി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

10. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

11. യന്ത്രവത്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

ഇവയ്ക്കുപുറമെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. രണ്ടാം പുനഃസംഘടനാ പദ്ധതി.

2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം.

3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം.

4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്ന പദ്ധതി

നടപ്പിലാക്കുന്നു. ഇതുവഴി തൊഴിൽമേഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും തൊഴിൽദിനങ്ങൾ കൂട്ടുന്നതിനും കഴിയുന്നു.

പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉല്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്.

**പാറ ഉല്പന്നങ്ങളുടെ അമിത വിലവർദ്ധന**

6 (*486) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രഷർ ഉടമസ്ഥർ യാതൊരു മാനദണ്ഡവും പാലിക്കാതെ പാറയ്ക്കും പാറ ഉല്പന്നങ്ങൾക്കും അമിത വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് എത്ര പരാതികൾ ഈ സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിവിധ ഇനം പാറ ഉല്പന്നങ്ങളുടെ വില ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) അമിത വിലവർദ്ധനമൂലം വിവിധ സർക്കാർ ഭവന പദ്ധതികൾ തകിടം മറിഞ്ഞിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെ നവീകരണത്തെ ഈ വില വർദ്ധനവ് വളരെയധികം ബാധിക്കുന്നതുമൂലം പല സ്ഥലങ്ങളിലും റോഡ് പണിതന്നെ നിർത്തിവച്ചിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ക്വാറി ഉടമകളെ വിളിച്ച് ഒരു ചർച്ചയിലൂടെ അടിയന്തരമായി ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) 2-12-2016-ലെ ബഹു. സുപ്രീംകോടതി വിധി പ്രകാരം എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ പാരിസ്ഥിതികാനുമതിയില്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികൾ എല്ലാം തന്നെ നിർത്തിവയ്പ്പിക്കേണ്ടി വന്നു. കരിങ്കൽ ക്വാറികൾ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമായതിനെ തുടർന്ന് കരിങ്കല്ലിന്റെ ഉൽപ്പാദനം കുറയുകയും അതുമൂലം ചിലയിടങ്ങളിൽ വില വർദ്ധിച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമാതീതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരിങ്കല്ല്/കരിങ്കല്ല് ഉല്പന്നങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച് തിരുവനന്തപുരം സിമെന്റ് ബ്ലോക്ക് വർക്കേഴ്സ് വെൽഫെയർ അസോസിയേഷൻ, ശ്രീ. അയൂബ് ഖാൻ, പ്ലാവില പുത്തൻവീട്, പൂന്നയം, തിരുവനന്തപുരം ജില്ലയിലെ പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർ തുടങ്ങിയവരുടെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) വിവിധതരം പാറ ഉല്പന്നങ്ങളുടെ ഉല്പാദനച്ചെലവ് വ്യത്യസ്തമായതിനാൽ വില ഏകീകരിക്കൽ പ്രായോഗികമല്ലാത്തതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ദുർബല വിഭാഗങ്ങൾക്കായി ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന സാഫല്യം ഭവനനിർമ്മാണ പദ്ധതിയിലെ ഫ്ലാറ്റുകളുടെ നിർമ്മാണം, കെട്ടിടനിർമ്മാണ സാധനങ്ങളുടെ അമിതവില വർദ്ധനമൂലം ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥ വന്നിട്ടുണ്ട്.

(ഇ) വില വർദ്ധനവുമൂലം ചില സ്ഥലങ്ങളിലെ റോഡ് പണികൾ മന്ദഗതിയിലായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ബഹു. സുപ്രീംകോടതി വിധിയെ തുടർന്ന് പാരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികൾ നിർത്തവയ്പ്പിക്കേണ്ടി വന്നതിനെതുടർന്ന് സംസ്ഥാനത്തെ ഖനനനിർമ്മാണ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-12-2016-നും 28-3-2017-നും രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് പ്രസ്തുത യോഗങ്ങളിൽ

തീരുമാനമെടുക്കുകയുണ്ടായി. പാരിസ്ഥിതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഖനനാനുമതി നൽകുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് സജ്ജമാണ്. കൂടുതൽ ക്വാറികൾ പ്രവർത്തിച്ച് തുടങ്ങുന്നതോടെ ക്വാറി ഉല്പന്നങ്ങളുടെ ലഭ്യത കൂടുകയും വിലവർദ്ധനവ് തടയാനാകുമെന്നും സർക്കാർ കരുതുന്നു.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ പുനഃസംഘടന-നവീകരണ പ്രവർത്തനങ്ങൾ

7 (*487) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിർമ്മാണ സംവിധാനങ്ങളെയും അവയിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളെയും കുറിച്ച് അവലോകനം ചെയ്തിരുന്നോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച പുനഃസംഘടന-നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിട്ടതായി പറയപ്പെടുന്ന വ്യവസായ മാന്ദ്യം പരിഹരിക്കാനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ഏതെല്ലാം സ്ഥാപനങ്ങൾ ലാഭകരമാക്കാൻ സാധ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. കൂടാതെ മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും കമ്പനികൾ സന്ദർശിച്ച് അവയുടെ സൗകര്യങ്ങൾ വിലയിരുത്തുകയുണ്ടായി.

അതിനാൽ ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കാൻ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 270 കോടി രൂപയുടെ പദ്ധതി വിഹിത സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻവർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. ഇത് കൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവദിക്കുന്നതാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

മുൻകാലങ്ങളിലെ മോശം പ്രവർത്തനം കാരണം ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ കൂടുതൽ ധനസഹായം ബജറ്റിൽനിന്നും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100 കോടി രൂപയ്ക്ക് പുറമെ 23 കോടി രൂപ കൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്.

വിപണനമൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപുലീകരണത്തിലൂടെയും നവീന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമത കൂട്ടിയും ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണന സാദ്ധ്യതകൾ ഉറപ്പുവരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ കടുത്ത മത്സരത്തെ അതിജീവിക്കുവാൻ സാധിക്കുയെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ സാമ്പത്തിക വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലമായ നവീകരണ

വിപുലീകരണ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.

(സി) 2016-17 സാമ്പത്തിക വാർഷികാവസാനം പ്രവർത്തന അവലോകനത്തിനായി പരിഗണിച്ച മൊത്തം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിലും, 27 സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചു വരുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന Travancore Titanium Products Ltd, Travancore Cochin Chemicals Ltd., Transformers & Electricals Kerala Ltd., Traco Cable Company Ltd, Steel & Industrial Forgings Ltd. എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു.

## സഹകരണ പ്രസ്ഥാനത്തെ സാമ്പത്തിക വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താൻ പദ്ധതി

8 (*488) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസന മുൾപ്പെടെയുള്ള വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(സി) വിവിധ സഹകരണ സ്ഥാപനങ്ങളെ ഇതിനുവേണ്ടി എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്.

- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി വിതരണകേന്ദ്രങ്ങൾ എന്നിവയെല്ലാം വിവരസാങ്കേതിക

വിദ്യയുടെ പിൻബലത്താൽ ഏകോപിപ്പിച്ച് ഫലപ്രദമായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുന്നതിന് പദ്ധതിയുണ്ട്.

- ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവ്വേദ റിസോർട്ട് ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ തുടങ്ങിയിട്ടുണ്ട്.

- പ്രാഥമിക കാർഷിക സഹകരണസംഘങ്ങളെ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടിയാരംഭിച്ചു.

- സഹകരണമേഖലയിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള ഉല്പന്നങ്ങളും സേവനങ്ങളും നൽകി അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്.

- വനിതാസഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാഫെഡറേഷനും ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകുന്നതാണ്.

- സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം ലക്ഷ്യമിട്ടിട്ടുണ്ട്.

- 2017-18 വർഷത്തിൽ സുവർണ്ണം സ്റ്റോർ എന്ന പദ്ധതി ആരംഭിക്കുന്നതിനായി സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

- 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി)

- മിതമായ നിരക്കിൽ ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനായി ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു.

- കേപ്പിന് സംസ്ഥാന പദ്ധതി പ്രകാരം ഗ്രാന്റും അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നും തുക നൽകിവരുന്നു.

- ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ എന്നിവയ്ക്കും ഇപ്രകാരം തുക നൽകിവരുന്നു.

- ദുർബ്ബല വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനും പ്രവർത്തനമൂലധനം അനുവദിക്കുന്നതിനും ധനസഹായം നൽകി വരുന്നു.

- ദുർബ്ബല വിഭാഗത്തിൽപ്പെട്ട വിപണനസംഘങ്ങളുടെ പുനരുദ്ധാരണം, കാർഷികമേഖലയുടെ വളർച്ച എന്നിവയ്ക്ക് സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി. പദ്ധതികൾ വഴി ധനസഹായം നൽകിവരുന്നു.

- വിപണന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾക്കുള്ള മാർജിൻമണി/ദീർഘകാലവായ്പ-എൻ.സി.ഡി.സി. പദ്ധതി വഴി നൽകിവരുന്നു.

- സംസ്ഥാന സഹകരണ യൂണിയനും സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങളും മുഖേന സഹകരണ വിദ്യാഭ്യാസം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിനും ഗവേഷണം, സഹകരണ പ്രചാരണം എന്നിവയ്ക്കായും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. ഉൾപ്പെടെയുള്ള ആധുനികവത്കരണം എന്നിവ നടപ്പിലാക്കി വരുന്നു.

- കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന ധനസഹായ പദ്ധതിയും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമും നടപ്പാക്കി വരുന്നു.

(സി)

- ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവ്വേദ റിസോർട്ട് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ആശ്രാമം കേന്ദ്രമാക്കി അഡ്വഞ്ചർ പാർക്കിൽ 3.5 കിലോമീറ്റർ ദൈർഘ്യത്തിലോടുന്ന ഒരു മിനിയേച്ചർ റെയിൽവേ അഷ്ടമുടി ക്കായലിനും ഗസ്റ്റ് ഹൗസിനും സമീപത്തുകൂടി നിർമ്മിച്ച് നടപ്പാക്കുന്ന പദ്ധതിയും ആലോചിച്ചുവരുന്നു.

- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ വികസനത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. അട്ടപ്പാടിയിൽ ഇ.എം.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുമായി ചേർന്ന് സമഗ്ര ആരോഗ്യസംരക്ഷണ പദ്ധതി പ്രഖ്യാപിച്ചു. എസ്.സി./എസ്.ടി. ഫെഡറേഷന്റെ കീഴിൽ

ആയുർധാര എന്ന പേരിൽ ഉൽപ്പാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉൽപ്പാദനത്തിന് സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- കൺസ്യൂമർഫെഡ് വഴി ത്രിവേണി, സൂപ്പർമാർക്കറ്റുകൾ, നീതി വിതരണ കേന്ദ്രങ്ങൾ എന്നിവയെല്ലാം വിവരസാങ്കേതിക വിദ്യയുടെ പിൻബലത്താൽ ഏകോപിപ്പിച്ച് ഫലപ്രദമായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുന്നതിനും പദ്ധതിയുണ്ട്.

- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- സംയോജിത സഹകരണ വികസന പദ്ധതി പ്രവർത്തനം പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ രണ്ടാം ഘട്ടം നടപ്പാക്കി സഹകരണ വികസനം സാദ്ധ്യമാക്കി സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് നടപടിയാരംഭിച്ചു. മാതൃകാ സഹകരണസംഘങ്ങളെ കൊണ്ട് വികസന പ്രോജക്ടുകൾ ഏറ്റെടുപ്പിച്ച് സംസ്ഥാന വികസനം ത്വരിതപ്പെടുത്തും.

**ലോകനിലവാരത്തിലുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതി**

9 (*489) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികമേഖലയ്ക്ക് കുതിപ്പേകുന്നതിനും ലോകനിലവാരത്തിലുള്ള താരങ്ങളെ വാർത്തെടുക്കുന്നതിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) 'യോഗ ഫോർ ഓൾ, പ്ലേ ഫോർ ഹെൽത്ത്' തുടങ്ങിയ പദ്ധതികൾ ഈ ലക്ഷ്യത്തിനായി എത്രമാത്രം പ്രയോജനപ്രദമാകുമെന്നും ഇവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) കായിക വികസനത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും മിനി സ്റ്റേഡിയം നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ

നടന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും ഓരോ കായിക താരങ്ങൾക്കും അവരുടെ ഇഷ്ട കായികയിനത്തിൽ പ്രോത്സാഹനം നൽകുന്നതിനും വിദഗ്ധ പരിശീലനം നൽകുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളിബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (സ്പെഷ്യൽ ഇഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം ഇൻ സ്വിമ്മിംഗ്-SETT), ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ കേരളീയ താരങ്ങളെ മെഡൽ നേടുന്നതിന് പര്യാപ്തമാക്കുന്നത് ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കി വരുന്നത്. കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും താമസവും ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.

കൂടാതെ 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റെസ്‌ലിംഗ് എന്നീ 11 കായികയിനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 'ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി' യും ആവിഷ്കരിച്ചിട്ടുണ്ട്.

2020, 2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. മേൽ സൂചിപ്പിച്ച 11 കായികയിനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകാനാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതിൽ റെസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായികയിനങ്ങളിൽ പെൺകുട്ടികൾക്ക്

മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി) കായികമേഖലയ്ക്ക് ഗുണമേകുന്ന തരത്തിൽ കർമ്മനിരതരായ കായിക താരങ്ങളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യോഗ പരിശീലനത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു. ഇതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ബജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രൈമറി തലം മുതൽ കുട്ടികൾക്ക് കായിക വിനോദങ്ങളിലേർപ്പെടാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായികക്ഷമതയുള്ളവരാക്കുന്നതിനായി 'പ്ലേ ഫോർ ഹെൽത്ത്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ ടി പദ്ധതി 5 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനു വേണ്ടി 'കായിക ക്ഷമതാ മിഷൻ' പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾ ലോകനിലവാരത്തിലുള്ള താരങ്ങളെ വാർത്തെടുക്കുന്നതിന് സഹായിക്കുന്നതാണ്.

(സി) എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേകം നിക്ഷേപപദ്ധതിയിൽ നീക്കി വച്ചിട്ടുണ്ട്. ഇവയിൽ 18 പ്രോജക്ടുകളുടെ ഭരണാനുമതി ലഭിക്കുകയും 16 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

10 (*490) ശ്രീ. കെ. ബാബു :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളം, വൈദ്യുതി, റോഡ്-റെയിൽ ഗതാഗതം തുടങ്ങിയ പൊതു

അവശ്യസേവനങ്ങൾക്കുള്ള ചാർജ്ജിന്റെ നിരക്ക് സംബന്ധിച്ച പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ വ്യക്തമാക്കാമോ ;

(ബി) കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ റെയിൽവേ താരിഫ് അതോറിറ്റി പോലെ വിവിധ താരിഫ് അതോറിറ്റികൾക്ക് സേവനത്തിനുള്ള വിലനിർണ്ണയാധികാരം നൽകുന്നത്, പാവപ്പെട്ടവർക്ക് സംരക്ഷണം നൽകേണ്ട സർക്കാരിന്റെ ഭരണാധികാരം ദുർബ്ബലപ്പെടുത്താനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാനത്തിന്റെ നിലപാട് മുൻ സർക്കാർ വ്യകതമാക്കിയിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച് പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ എന്തെല്ലാമാണ് ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) കുടിവെള്ളം, വൈദ്യുതി, റോഡ്-റെയിൽ ഗതാഗതം തുടങ്ങിയ പൊതു അവശ്യസേവനങ്ങൾക്കുള്ള ചാർജ്ജിന്റെ നിരക്ക് സംബന്ധിച്ച പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അനുബന്ധം 1-ൽ ചേർക്കുന്നു*.

(ബി) പരിശോധിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ റെയിൽവേ താരിഫ് അതോറിറ്റി പോലെ വിവിധ താരിഫ് അതോറിറ്റികൾക്ക് സേവനത്തിനുള്ള വിലനിർണ്ണയാധികാരം നൽകുന്നത്, പാവപ്പെട്ടവർക്ക് സംരക്ഷണം നൽകേണ്ട സർക്കാരിന്റെ ഭരണാധികാരം ദുർബ്ബലപ്പെടുത്താനുള്ള സാധ്യതയാണ് കമ്മീഷൻ കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്തിരിക്കുന്നത്.

ഉണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച് പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു*.

## സഹകരണമേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി

11 (*491) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ:

(എ) സഹകരണ മേഖലയിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പിടിച്ചിട്ടും തുക കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അടയ്ക്കാത്തത് കാരണം ആനുകൂല്യം നിഷേധിച്ചതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പക്കാരന്റേതല്ലാത്ത കാരണത്താൽ റിസ്ക് ഫണ്ട് ആനുകൂല്യം നഷ്ടപ്പെട്ടാൽ സഹകരണ സംഘത്തിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സഹകരണ മേഖലയിൽ 1-4-2008 പ്രാബല്യത്തിൽ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പിടിച്ചിട്ടും തുക കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അടയ്ക്കാത്തതിനാൽ ആനുകൂല്യം നിഷേധിച്ചതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലോസ് 13(7) പ്രകാരം ഒരു സഹകരണ സംഘത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന വ്യവസ്ഥ നിലവിലുണ്ട്.

**ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമന പ്രക്രിയ**

12 (*492) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി, പരമ്പരാഗേതര തസ്തികകളിലേയ്ക്കുള്ള നിയമനം സമയബന്ധിതമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ നിയമന പ്രക്രിയ ത്വരിതപ്പെടുത്താനാവശ്യമായ നിർദ്ദേശം നൽകുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വം കമ്മീഷണർ ഉൾപ്പെടെയുള്ള വിവിധ തസ്തികകളിലേക്ക് വഴിവിട്ട നിയമനത്തിന് നീക്കം നടത്തുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, അക്കാര്യത്തെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ;

(സി) പരമ്പരാഗത തസ്തികകൾ ഉൾപ്പെടെയുള്ളവ, പുറംകരാർ വ്യവസ്ഥയിൽ നികത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് നീക്കം നടത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറെ നിയമിക്കുന്നതിനായി സർക്കാർ നൽകിയ പാനൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ദേവസ്വം കമ്മീഷണർ തസ്തികയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് നിയമനം നടത്തിയതിലെ അപാകത സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തസ്തികകൾ പുറം കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടില്ല. എന്നാൽ അനാവശ്യ തസ്തികകൾ ക്രമപ്പെടുത്തുന്നതിനുള്ള പഠനം നടന്നുവരുന്നുവെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

**ഊർജ്ജ വികസന പദ്ധതികൾ**

13 (*493) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജ വികസന നവീകരണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പദ്ധതിയുടെ പുരോഗതി

അറിയിക്കാമോ; ഇതുവഴി ഊർജ്ജ വിതരണ മേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;

(ബി) പദ്ധതിക്ക് എത്ര ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്ന തെന്നും കേന്ദ്ര സർക്കാരിൽ നിന്ന് ഇതിനായി സാമ്പത്തിക സഹായം ലഭിച്ചി ട്ടുണ്ടോ എന്നും അറിയിക്കാമോ;

(സി) നഗരപ്രദേശങ്ങളിലെ ഊർജ്ജവിതരണം ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച സംയോജിത ഊർജ്ജ വികസന പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഓഫീസുകളെ ബന്ധിപ്പിച്ച് വിവര സാങ്കേതിക വിദ്യ ശൃംഖല സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻവേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള 43 നഗരങ്ങളിലേയ്ക്കുള്ള ഊർജ്ജ ഓഡിറ്റിംഗും ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തലും നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) തുടങ്ങിയവ നടപ്പിലാക്കി. കൂടാതെ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, കാൾ സെന്റർ എന്നിവ മുഖേന ഉപഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കലും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി.

ഡാറ്റാ സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഡാറ്റാ റിക്കവറി സെന്റർ എന്നിവ സ്ഥാപിക്കൽ, 43 നഗരങ്ങളിലെ പദ്ധതി "ഗോ ലൈവ്" പ്രഖ്യാപനം, വിവരസാങ്കേതിക വിദ്യ ശൃംഖല സ്ഥാപിക്കൽ, ജി.ഐ.എസ്. അടിസ്ഥാനത്തിലുള്ള വൈദ്യുതി ശൃംഖല പൂർത്തീകരണം മുതലായവയാണ് ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ നടപ്പിലാക്കിയ മുഖ്യമായ പ്രവൃത്തികൾ.

ഈ പദ്ധതി വഴി വിവരസാങ്കേതിക വിദ്യ ശൃംഖല സ്ഥാപിച്ച് വിതരണ മേഖലയിലെ നവീകരണം, സമഗ്രമായ കമ്പ്യൂട്ടർവത്കരണം മുഖേന ലക്ഷ്യമിടുന്നു. 2010-ൽ കേന്ദ്രാനുമതി ലഭിച്ച 1078.3 കോടി രൂപയുടെ പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജ വികസന നവീകരണ പദ്ധതി നഗരങ്ങളിലെയും പ്രാന്തപ്രദേശ

ങ്ങളിലെയും വൈദ്യുതി വിതരണം ശക്തിപ്പെടുത്തി, ഊർജ്ജ നഷ്ടം നികത്തുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നു.

പ്രസ്തുത പദ്ധതിയുടെ (പാർട്ട് ബി) യിൽ നിലവിലെ വിതരണമേഖല ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 66/33 കെ. വി. സബ്‌സ്റ്റേഷൻ നിർമ്മാണം/ശേഷി വർദ്ധിപ്പിക്കൽ, 11 കെ.വി./എൽ.റ്റി. ലൈൻ/ഭൂഗർഭ കേബിൾ ട്രാൻസ്ഫോർമർ/ ആർ.എം.യു. തുടങ്ങിയവയുടെ നിർമ്മാണം/ശേഷി വർദ്ധിപ്പിക്കലും കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. 31-3-2017 വരെ 925 കോടി രൂപയുടെ പ്രവർത്തനപുരോഗതി നേടിയിട്ടുണ്ട്.

(ബി) 1078.3 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും ഇതിനകം 161.745 കോടി രൂപ (പദ്ധതി വിഹിതത്തിന്റെ 15%) വായ്പയായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കൗണ്ടർ പാർട്ട് ലോൺ ആർ.ഇ.സി.-യാണ് നൽകുന്നത്. ആയിനത്തിൽ 461 കോടി രൂപ 31-3-2017 വരെ വായ്പയായി ആർ.ഇ.സി. യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ പാർട്ട് എ യുടെ ഭാഗമായുള്ള വിവരസാങ്കേതിക വിദ്യ പദ്ധതികൾ കേരളത്തിലെ 43 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 214.38 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പാർട്ട് എ യുടെ ഭാഗമായുള്ള സ്കാഡ ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 83.15 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) നഗരപ്രദേശങ്ങളിലെ ഊർജ്ജ വിതരണം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ആവിഷ്കരിച്ച കേന്ദ്ര പദ്ധതിയായ സംയോജിത ഊർജ്ജ വികസന പദ്ധതിക്ക് (ഐ.പി.ഡി.എസ്.) 592.07 കോടി രൂപയുടെ പ്രവർത്താനുമതി 06/2016 ൽ ലഭിച്ചിട്ടുണ്ട്. ആയതിൽ 107.41 കോടി രൂപ നാളിതുവരെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിലും വൈദ്യുതി വിതരണം ശക്തിപ്പെടുത്തുന്നതി ലേയ്ക്കായി സബ് സ്റ്റേഷനുകളുടെ നിർമ്മാണം/ശേഷി വർദ്ധിപ്പിക്കൽ 11 കെ.വി./എൽ.റ്റി. ലൈൻ/ഭൂഗർഭ കേബിൾ/എ.ബി. കേബിൾ തുടങ്ങിയവയുടെ നിർമ്മാണം സോളാർ പാനലുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ, ഫീഡർ തുടങ്ങിയവയിൽ മീറ്റർ ഘടിപ്പിക്കൽ, സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്ന നടപടികളും സോളാർ പാനലുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവരസാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ് 2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവരസാങ്കേതിക വിദ്യ പദ്ധതികളും 21 നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## ജെൻഡർ ആന്റ് ചൈൽഡ് ബജറ്റ്

14 (*494) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ഒ. ആർ. കേളു :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ അനുഭാവ-ബാല അനുഭാവ ബജറ്റ് (ജെന്റർ ആൻഡ് ചൈൽഡ് ബജറ്റ്) എന്നതുവഴി ലക്ഷ്യമാക്കുന്നതെന്തെന്ന് വിശദമാക്കാമോ;

(ബി) വനിതാ ശാക്തീകരണത്തിനും ബാലക്ഷേമത്തിനും പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള മുഖ്യപദ്ധതികൾ ഏതെല്ലാമാണ്;

(സി) വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം അവരുടെ സുരക്ഷിതത്വത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) ദാരിദ്ര്യം, അധഃസ്ഥിതാവസ്ഥ, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് വികസന നയങ്ങൾ പ്രധാനമായും ലക്ഷ്യമിടുന്നത്. എന്നാൽ ഇത്തരം പ്രശ്നങ്ങളുടെ രൂക്ഷത ഏറ്റവും അനുഭവിക്കുന്നത് സ്ത്രീകളാണ് എന്ന് വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല. സർക്കാർ നയങ്ങളിലും സ്ത്രീശാക്തീകരണ പുരോഗതിയിലും തുടർച്ചയായി ഉണ്ടായിട്ടുള്ള പൊരുത്തക്കേടുകൾമൂലം സർക്കാരിന്റെ സാമ്പത്തിക/വികസന നയങ്ങളിൽ സ്ത്രീപക്ഷത്ത് നിന്നുകൊണ്ടുള്ള ഒരു സൂക്ഷ്മ വിലയിരുത്തലിന് ഇപ്പോൾ പ്രസക്തി കൂടിയിട്ടുണ്ട്. ഇത്തരം നയങ്ങളെ സ്ത്രീ അനുപൂരകമാക്കി സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം ഉയർത്തുകയെന്നതാണ് വനിതാ അനുഭാവ ബജറ്റ് കൊണ്ടുദ്ദേശിക്കുന്നത്. ഇത് സർക്കാരിന്റെ പ്രത്യേകമായുള്ള ഒരു ബജറ്റ് അല്ല. നിലവിലുള്ള സർക്കാർ ബജറ്റിനെ സ്ത്രീകൾക്ക്

പ്രയോജനപ്രദമാക്കുന്ന രീതിയിൽ വിവിധ മാർഗ്ഗങ്ങളിലൂടെ പരിഷ്കരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഒരു തന്ത്രമാണിത്. പണത്തേക്കാൾ ഉപരി അത് എവിടെ ഉപയോഗിക്കുന്നുവെന്നും അത് ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനും സഹായകരമാണോ എന്നതുമാണ് പ്രധാനം. വികസന മേഖലകളിൽ ലിംഗ സമത്വം ഉൾപ്പെടുത്തുക വഴി സ്ത്രീകൾക്ക് ദോഷകരമായ വിഷയങ്ങൾ അവരുടെ പ്രശ്നങ്ങൾ മാത്രമായി കാണാതെ സമൂഹത്തിൽ സ്ത്രീക്കും പുരുഷനുമുള്ള ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ ലിംഗ അസമത്വങ്ങൾ ഒഴിവാക്കുന്നതിനും സ്ത്രീകളെ പിൻനിരയിൽനിന്നും മുൻനിരയിൽ എത്തിക്കാൻ സഹായിക്കുകയും ചെയ്യുന്ന തരത്തിൽ വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

അതുപോലെ തന്നെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കൗമാരപ്രായത്തിൽ അവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ശരിയായ ദിശയിൽ അവയെ നയിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വിദ്യാഭ്യാസം ശൈശവപരിപാലനം, ഉപജീവനം, കഠിന പരിതസ്ഥിതികളിൽ നിന്നുള്ള അവരുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് പദ്ധതി രേഖകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും ബജറ്റിൽ വകയിരുത്തുന്ന തുകയുടെ ശരിയായ വിനിയോഗവും പ്രവൃത്തികളുടെ കൃത്യമായ വിലയിരുത്തലുമാണ് ബാല അനുഭാവ ബജറ്റിലൂടെ ലക്ഷ്യമിടുന്നത്. ഇതും ഒരു പ്രത്യേകമായുള്ള ബജറ്റ് അല്ല. സർക്കാരിന്റെ നിലവിലുള്ള ബജറ്റിനെ കുട്ടികൾക്ക് പ്രയോജനമാക്കുന്ന രീതിയിൽ വിവിധ മാർഗ്ഗങ്ങളിലൂടെ പരിഷ്കരിക്കുന്നുണ്ടെന്ന് മാത്രമേ ഇതിനർത്ഥമുള്ളൂ. 18 വയസ്സുവരെ ഉള്ളവരെ സംബന്ധിക്കുന്ന പദ്ധതികളുടെ ഒരു സമാഹരണമാണ് ഇതിലൂടെ നടത്തുന്നത്. ഇതുമൂലം എല്ലാ വകുപ്പുകളിലും ഈ വിഷയത്തിൽ ഒരു അവബോധം സൃഷ്ടിക്കുവാൻ കഴിയുകയും ചെയ്യുന്നു.

(ബി) വനിതാ ശാക്തീകരണത്തിനും ബാലക്ഷേമത്തിനും പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള മുഖ്യപദ്ധതികൾ താഴെപ്പറയുന്നവയാണ്.

<u>വനിതാശാക്തീകരണം</u>

- പിങ്ക് പട്രോൾ
- എല്ലാ ജില്ലാ, താലൂക്ക്, വില്ലേജ് തലങ്ങളിലും പ്രാഥമിക ആവശ്യ നിർവ്വഹണത്തിന് ടോയ്‌ലെറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലാ താലൂക്ക് ഹോസ്പിറ്റലുകളിലും മറ്റേർണിറ്റി യൂണിറ്റുകൾ.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വൈദ്യസഹായം
- സ്കൂളുകളിൽ ആരോഗ്യപദ്ധതികൾ
- സ്ത്രീകൾക്കും കുട്ടികൾക്കും ആയുർവ്വേദ ആശുപത്രികൾ
- ആയുർവ്വേദ പ്രസവ പരിചരണ സൗകര്യം
- വൈകല്യമുള്ള കുട്ടികളുടെ പരിപാലനത്തിനുള്ള സൗകര്യം
- ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം
- ആദിവാസി മേഖലയിൽ പ്രൈമറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കും.
- സംഘടിത മേഖലയിലല്ലാത്ത സ്ത്രീകൾക്ക് പ്രസവാനുകൂല്യം നൽകും.
- അവിവാഹിതരായ, ഉപേക്ഷിക്കപ്പെട്ട അമ്മമാർക്ക് "ശരണ്യ" സ്വയംതൊഴിൽ പദ്ധതി.
- ജനനീ ജന്മ രക്ഷ പദ്ധതി
- വിധവകൾക്കും ഉപേക്ഷിക്കപ്പെട്ടവർക്കും ഭവനപദ്ധതി
- സംസ്ഥാന സ്ത്രീവികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ
- വനിതാ കമ്മീഷൻ മുഖേനയുള്ള പദ്ധതികൾ
- ആശ്രിതർക്കായി "ആശാകിരണം" പദ്ധതി
- അവിവാഹിതരായ അമ്മമാർക്കും കുട്ടികൾക്കും "സ്നേഹസ്പർശം" പദ്ധതി.
- അഗതികളായ സ്ത്രീകൾക്ക് "എന്റെ കൂട്" പദ്ധതി
- നിർഭയ പദ്ധതി
- ജി.ഐ.എസ്. ഉപയോഗിച്ച് മാനന്തവാടിയിൽ സ്ത്രീകളെയും കുട്ടികളെയും കണ്ടെത്താനുള്ള പദ്ധതി
- കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി "സബല" പദ്ധതി.
- നിർഭയ അംഗങ്ങൾക്കുവേണ്ടി എസ്.ഒ.എസ്. മോഡൽ വീടുകൾ നിർവ്വഹിക്കും.

- വൈകല്യമുള്ള സ്ത്രീകൾക്കായി "സ്ത്രീശക്തി" പദ്ധതി

<u>ചൈൽഡ് ബജറ്റ്</u>

- സൗജന്യ സ്കൂൾ യൂണിഫോം വിതരണം
- ഓട്ടിസം പാർക്ക്
- ഉച്ചഭക്ഷണ പദ്ധതി
- ബാലസാഹിത്യ സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട്
- പൊതു ആരോഗ്യ ലബോറട്ടറികളിൽ ശിശുക്കളെ പരിചരിക്കാനുള്ള പദ്ധതി
- "ആരോഗ്യകിരണം" പദ്ധതി
- ശിശു വികസന കേന്ദ്രം
- ഐ.എസ്.എസ്. കീഴിൽ ബാലമുകുളം സ്കൂൾ ആരോഗ്യ പദ്ധതി
- എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം.
- മാതൃകാ ബോർഡിംഗ് സ്കൂളുകൾ (അയ്യങ്കാളി സ്പോർട്സ് സ്കൂൾ അടക്കം)
- ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ
- വാത്സല്യനിധി
- മിടുക്കരായ കുട്ടികൾക്ക് പ്രത്യേക ആനുകൂല്യം
- അനാഥർക്ക് സഹായം
- പെൺകുട്ടികൾക്ക് വേണ്ടി ഗോത്ര വാത്സല്യനിധി
- കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ പദ്ധതി
- താലോലം പദ്ധതി
- കുട്ടികൾക്ക് ശ്രവണസഹായി
- സ്നേഹപൂർവ്വം പദ്ധതി
- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള കമ്മീഷൻ

- അട്ടപ്പാടി ശിശുക്കൾക്കായുള്ള ആദ്യ ആയിരംദിന പദ്ധതി
- കൗമാരക്കാരായ പെൺകുട്ടികൾക്കായി "സബല" രാജീവ്ഗാന്ധി പദ്ധതി.
- കൗമാരക്കാരായ പെൺകുട്ടികൾക്കായി മാനസികവും സാമൂഹികവുമായ സഹായങ്ങൾ
- മൊബൈൽ ക്രഷ്
- സംസ്ഥാന പോഷകാഹാര പദ്ധതി
- സ്റ്റുഡന്റ് പോലീസ് കേഡറ്റ്

(സി) വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് ഊന്നൽ നൽകുന്നതി നോടൊപ്പം അവരുടെ സുരക്ഷിതത്വത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 നടപ്പിലാക്കുന്നതിനായി വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എന്നിവ മുഖേന ഈ മേഖലയിലെ വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.
2. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമ ങ്ങൾ തടയുന്ന നിയമം 2013 പ്രകാരം ലോക്കൽ ലെവൽ കമ്മിറ്റികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിക്കുന്നതിന് Sexual Harassment of Women at Workplace Act ന്റെ ജില്ലാ ഓഫീസർ കൂടിയായ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. നോഡൽ വകുപ്പ് എന്ന നില യിൽ സാമൂഹികക്ഷേമ വകുപ്പ് ഈ നിയമം നടപ്പിലാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.
3. സ്ത്രീധന നിരോധന നിയമം 1961 നടപ്പിലാക്കുന്നതുമായി ബന്ധ പ്പെട്ട് മൂന്ന് മേഖലാ ഡൗറി പ്രൊഹിബിഷൻ ഓഫീസർമാർ മുഖേന അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
4. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതിയായ നിർഭയ പദ്ധതിയുടെ ഭാഗമായി പത്ത് ജില്ലകളിലായി 12 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ (1800-425-1400) പ്രവർത്തിക്കുന്നുണ്ട്.

5. ജാഗ്രതാസമിതികളുടെ ശാക്തീകരണത്തിനും അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും പ്രാദേശിക സർക്കാർ തലത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിന് കിലയുമായി ചേർന്ന് 2017 ഏപ്രിൽ, മേയ് മാസങ്ങളിലായി വിപുലമായ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

6. അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെ സംരക്ഷിക്കുന്നതിനും ആവശ്യമായ ശാരീരിക, മാനസിക, വൈദ്യസഹായം കൗൺസിലിംഗ്, പോലീസ് സഹായം, നിയമോപദേശം, എമർജൻസി ഷെൽട്ടർ എന്നിവ ഉറപ്പുവരുത്തുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ ജില്ലാ/താലൂക്ക് ആശുപത്രികളിലായി 21 വൺ സ്റ്റോപ് ക്രൈസിസ് സെന്ററുകൾ പ്രവർത്തിക്കുന്നു.

7. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളിലേയ്ക്ക് ലിംഗ അവബോധം സന്ദേശം എത്തിക്കുന്നതിനും അവരെ ലിംഗ സമത്വ പ്രചരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് 2014-15, 2015-16, 2016-17 വർഷങ്ങളിൽ NSS ടെക്നിക്കൽ സെല്ലുമായി ചേർന്ന് ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

8. 2017-ലെ വനിതാ ദിനാചരണത്തോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, കുടുംബശ്രീ എന്നിവയുമായി ചേർന്ന് സംസ്ഥാനത്തൊട്ടാകെ ഒരാഴ്ചത്തെ സ്ത്രീ ശാക്തീകരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

9. സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ (മഹിളാ മന്ദിരം, ആശാഭവൻ (വിമൻ), റസ്ക്യൂഹോം, ആഫ്റ്റർ കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോം) താമസക്കാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ പരിപാടികൾ നടത്തുന്നു. ഇതിനുപുറമെ കാലാനുസൃതമായ നൂതന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

10. സാമൂഹ്യനീതി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരെയും ജില്ലാ ഭരണകൂടത്തെയും സംയോജിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുന്നതിനും ലൈംഗിക അതിക്രമങ്ങൾ, ആസിഡ് അറ്റാക്ക്, മറ്റ് ഗുരുതര അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്നവർക്കായി ഒരു ഇമ്മീഡിയറ്റ് റിലീഫ് ഫണ്ട് രൂപീകരിക്കുന്നതിനും സാമൂഹിക ക്ഷേമ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

## വസ്ത്രഗ്രാമം പദ്ധതി

15 (*495) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്ത്രഗ്രാമം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയനുസരിച്ച് ഏതെല്ലാം ജില്ലകളിലാണ് വസ്ത്രഗ്രാമങ്ങൾ തുടങ്ങിയതെന്നും എന്തെല്ലാം പരിശീലന പരിപാടികളാണ് തൊഴിലാളികൾക്ക് നൽകിയതെന്നും അറിയിക്കാമോ;

(ബി) പരമ്പരാഗത മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന വസ്ത്ര ഗ്രാമം പദ്ധതിയിൽ ആദ്യഘട്ടമായി തിരുവനന്തപുരം, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പരിശീലനപരിപാടികൾ പൂർത്തിയാക്കിയായി ട്ടുണ്ട്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചവർ രൂപീകരിക്കുന്ന വനിതാ വ്യവസായ സഹകരണ സംഘങ്ങൾ തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ രൂപീകരിച്ചുകഴിഞ്ഞു. ഈ സംഘങ്ങളുടെ പൊതുസേവന കേന്ദ്രങ്ങൾക്കാവശ്യമായ മെഷിനറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വനിതാ വ്യവസായ സംഘങ്ങൾ രൂപീകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ആദ്യഘട്ടത്തിലെ 5 ജില്ലകളിലെയും വ്യവസായ സഹകരണ സംഘങ്ങളുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ഉടൻ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഓരോ ജില്ലയിലും 60 വനിതകളെ തെരഞ്ഞെടുത്ത് ടെക്സ്റ്റൈൽ ഓർണമെന്റേഷൻ, ഹോസ്പിറ്റൽ വെയർ മാനുഫാക്ചറിംഗ്, ചുരിദാർ നിർമ്മാണം, ഡിസ്പോസിബിൾ നാനോ വസ്ത്ര നിർമ്മാണം എന്നിവയിലാണ് പ്രധാനമായും പരിശീലനം ലഭ്യമാക്കിയത്.

(ബി) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയ്ക്കും സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കും പുത്തനുണർവ് നൽകാനും പരമ്പരാഗത ആർട്ടിസാൻ

കുടുംബങ്ങളിലെ സ്ത്രീകളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനും പൊതുസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**ഉപഭോക്താക്കളെ വൈദ്യുതി ഉല്പാദകരാക്കി മാറ്റാൻ സൗരഗൃഹ പദ്ധതി**

16 (*496) പ്രൊഫ. കെ.യു. അരുണൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ട് നടപ്പിലാക്കി വരുന്ന സൗരഗൃഹ പദ്ധതിയുടെ കാര്യക്ഷമത, ഉൽപ്പാദനക്ഷമത, ഈടുനിൽപ്പ് എന്നിവ സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി വഴി ഉപഭോക്താക്കളെ വൈദ്യുതി ഉൽപ്പാദകരാക്കി മാറ്റാനും ഗാർഹിക വൈദ്യുതി ഉത്പാദനത്തെ പ്രോത്സാഹിപ്പിക്കാനും കഴിയുമെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ;

(സി) സൗരോർജ്ജ വിളക്കുകൾ, സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന ഗാർഹിക ഉപകരണങ്ങൾ എന്നിവയുടെ ഉത്പാദനവും വിതരണവും വർദ്ധിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഇല്ല. അനെർട്ട് നടപ്പിലാക്കിവരുന്ന സൗരഗൃഹ പദ്ധതിയിൽ സോളാർ ഓഫ് ഗ്രിഡ് വിഭാഗത്തിൽ കാര്യക്ഷമത മിനിമം 85 ശതമാനവും ഗ്രിഡ് കണക്ട് പദ്ധതിയിൽ 95 ശതമാനത്തിൽ കുറയാത്ത കാര്യക്ഷമതയുള്ള പവർ കണ്ടീഷനിംഗ് യൂണിറ്റുകളാണ് ഉപയോഗിക്കുന്നത്. ഇത് അഞ്ച് വർഷം വാറണ്ടിയോടെയാണ് നൽകിയിട്ടുള്ളത്. ഈ പവർ പ്ലാന്റുകൾ ഏകദേശം 3, 4 വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. പദ്ധതിയുടെ കാര്യക്ഷമത, ഈടുനിൽപ്പ് ഉല്പാദനക്ഷമത എന്നിവയെപ്പറ്റിയുള്ള അവലോകനം 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുവാൻ പദ്ധതിയുണ്ട്.

(ബി) അനെർട്ടിന്റെ 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി 5 മെഗാവാട്ട് വിഭാവനം ചെയ്ത ഗ്രിഡ് കണക്ട് പദ്ധതിയിൽ 7 മെഗാവാട്ടിൽ അധികം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഗാർഹിക വൈദ്യുതി ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞെന്നു തന്നെയാണ് ഇത്

വ്യക്തമാക്കുന്നത്.

(സി) ഉണ്ട്. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് - സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളെ നിർമ്മാതാക്കളെ എംപാനൽ ചെയ്തു, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചുനൽകാൻ പദ്ധതിയുണ്ട്.

**ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

17 (*497) ശ്രീ. എം. നൗഷാദ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് എനർജി മാനേജ് മെന്റ് സെന്റർ (ഇ.എം.സി.) മുഖേന സ്വീകരിച്ചുവരുന്നത്;

(ബി) ഇതുമായി ബന്ധപ്പെട്ട് ഗവേഷണം, പരിശീലനം, പ്രദർശനം, ബോധവൽക്കരണം എന്നിവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ കീഴിൽ ഊർജ്ജ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ വിവിധ മലയോര ജില്ലകളിൽ പൈക്കോ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) എനർജി മാനേജ്മെന്റ് സെന്റർ എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികളാണ് നടത്തിവരുന്നത്.

ഗാർഹികമേഖല– ഗാർഹികമേഖലയിലെ ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ടു കൊണ്ട് ഊർജ്ജ ക്ലിനിക്, ഊർജ്ജ കിരൺ, പൊതുജനബോധവത്കരണ പരിപാടികൾ, പ്രദർശനങ്ങൾ, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവ നടത്തിവരുന്നു.

വ്യവസായമേഖല - വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് പ്രോത്സാഹിപ്പിച്ച് ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് സൗജന്യ ഊർജ്ജ ഓഡിറ്റ്, ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം, ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ എംപാനൽമെന്റ്, ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ വിലയിരുത്തൽ പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു.

പൊതുകെട്ടിടങ്ങൾ/വാണിജ്യമേഖല - വാണിജ്യമേഖലയിലെ കെട്ടിടങ്ങളെ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

വിദ്യാഭ്യാസ മേഖല - വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിനായി സ്മാർട്ട് എനർജി പ്രോഗ്രാം നടത്തിവരുന്നു.

കാർഷികമേഖല - കാര്യക്ഷമതയുള്ള കാർഷിക പമ്പുസെറ്റുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) ഗവേഷണം-ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. 2016-17-ൽ ഗവേഷണ പദ്ധതികൾക്ക് 25 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2017-18-ൽ ഗവേഷണത്തിനായി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പരിശീലനം-പരിശീലന പരിപാടികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലകർക്കുള്ള പരിശീലനം, ഊർജ്ജ ക്ലിനിക് പരിപാടി നടത്തുന്ന വോളണ്ടിയർമാർക്കുള്ള പരിശീലനം, സ്മാർട്ട് എനർജി പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം, എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് സംബന്ധിച്ച് എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, മറ്റ് ബന്ധപ്പെട്ടവർ എന്നിവർക്ക് പരിശീലനം, വ്യവസായങ്ങളിൽ സാങ്കേതിക വിദഗ്ദ്ധർ, ഊർജ്ജ മാനേജർമാർ എന്നിവർക്കുള്ള

പരിശീലനങ്ങൾ എന്നിവ നൽകിവരുന്നുണ്ട്.

പ്രദർശനം-പൊതുജനങ്ങൾക്ക് വിവിധ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പ്രദർശനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സേവന സംഘടനകൾ എന്നിവ നടത്തിവരുന്ന മേളകൾ, ഉത്സവങ്ങൾ എന്നിവയിൽ പങ്കെടുത്തുവരുന്നു.

ബോധവൽക്കരണം-പൊതുജന ബോധവത്കരണത്തിനായി വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് ഓർഗനൈസേഷൻ എന്നിവയുമായി സഹകരിച്ച് പൊതുജന ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക് പരിപാടിയുടെ ഭാഗമായും ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്.

(സി) ഗാർഹികമേഖലയിലെ ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് വീട്ടമ്മമാർക്ക് ഇ.എം.സി.-യിൽ നിന്നും പരിശീലനം ലഭിച്ച വനിതാ വോളണ്ടിയർമാർ നടത്തുന്ന ബോധവത്കരണ പരിപാടിയാണ് ഊർജ്ജ ക്ലിനിക്. സ്ത്രീ കൂട്ടായ്മകൾ സംഘടിപ്പിച്ച് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുപുറമെ ഊർജ്ജ സംരക്ഷണത്തെ സംബന്ധിച്ചുള്ള സർവ്വേകൾക്കായി പ്രദർനസ്റ്റാളുകൾ കൈകാര്യം ചെയ്യുന്നതിനും ക്ലിനിക് വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തുകൾ, കുടുംബശ്രീ, സേവന സംഘടനകൾ, ആൾ ഇന്ത്യാ വിമൺസ് കോൺഫറൻസ് എന്നിവയുമായി ചേർന്നാണ് വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നത്.

(ഡി) ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ കേന്ദ്ര നവീന നവീകരണീയ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായത്തോടുകൂടി 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2 ലക്ഷം രൂപ വരെ ചെലവ് വരുന്ന ഒരു പദ്ധതിക്ക് കേന്ദ്ര സാമ്പത്തിക സഹായമായി 1.5 ലക്ഷം രൂപ വരെ ഇ.എം.സി. വഴി നൽകുന്നുണ്ട്. ഇത്തരത്തിൽ 100 ഓളം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട, കോട്ടയം, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയത്.

**പൊതുമേഖലാ സ്ഥാപനങ്ങളുണ്ടാക്കുന്ന നഷ്ടം കുറയാനിടയാക്കിയ പ്രവർത്തനങ്ങൾ**

18 (*498) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ശ്രീ. സി.മമ്മൂട്ടി :
കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുണ്ടാക്കുന്ന നഷ്ടത്തിൽ 2016-17 വർഷം കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രത്തോളമാണ് കുറവുണ്ടായത് എന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടം കുറയാനിടയാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ;

(സി) അതേ പ്രവർത്തനരീതികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന മറ്റുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കി നഷ്ടമില്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. 60.26 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്.

(ബി&സി) സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർ മാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**കായംകുളം നിലയത്തിൽ സോളാർ വൈദ്യുതോല്പാദന പദ്ധതി**

19 (*499) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം വൈദ്യുതി നിലയം സോളാർ വൈദ്യുതോല്പാദന പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദവിവരങ്ങൾ സംസ്ഥാന സർക്കാരുമായി

പങ്കുവച്ചിട്ടുണ്ടോ;

(സി) പരിസ്ഥിതി സൗഹൃദവും ചെലവുകുറഞ്ഞതുമായ ഈ പദ്ധതിയുമായി സഹകരിക്കാൻ വൈദ്യുതി ബോർഡ് തയ്യാറാകുമോ; അതിന് അനുകൂലമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ&ബി) എൻ.ടി.പി.സി. കായംകുളം വൈദ്യുതി നിലയത്തോടനുബന്ധിച്ച് സോളാർ വൈദ്യുതോല്പാദന പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് എൻ.ടി.പി.സി. അറിയിച്ചിട്ടുണ്ട്. 170 മെഗാവാട്ട് സോളാർ പദ്ധതി, മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ ഏറ്റവും കുറഞ്ഞ നിരക്കിൽ ഉല്പാദിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാൻ കെ.എസ്.ഇ.ബി.എൽ. എൻ.ടി.പി.സി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ടി പദ്ധതിയിൽനിന്നും ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ പദ്ധതി ഉപാധികളോടെ വാങ്ങുവാൻ വൈദ്യുതി ബോർഡ് തയ്യാറാണെന്ന് എൻ.ടി.പി.സി. അറിയിച്ചിട്ടുണ്ട്. എൻ.ടി.പി.സി. മത്സരാധിഷ്ഠിത ടെണ്ടർ മുഖേന കണ്ടെത്തുന്നതും കെ.എസ്.ഇ.ബി. ലിമിറ്റഡിന് താങ്ങാവുന്നതും കെ.എസ്.ഇ.ആർ.സി. അംഗീകരിക്കുന്നതുമായ നിരക്കിൽ വൈദ്യുതി വാങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ്**

20 (*500) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം, അംഗമാകുന്നതിന് മുമ്പുണ്ടായിരുന്ന രോഗങ്ങൾക്ക് പരിരക്ഷ ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് ചികിത്സയ്ക്കും ലാബ് പരിശോധനകൾക്കും പ്രസ്തുത പദ്ധതിയിൽ പണരഹിത ഇൻഷ്വറൻസ് സംരക്ഷണം ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ&ബി) പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ടെണ്ടർ നടപടികളിലൂടെയായിരിക്കും ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുക.

## സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ മേഖലയിൽ സ്വകാര്യസംരംഭകരുടെ സജീവ പങ്കാളിത്തം

21 (*501) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ സ്വകാര്യ സംരംഭകരുടെ സജീവ പങ്കാളിത്തം അനിവാര്യമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട വ്യവസായ മേഖലകളിൽ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; ഇതുമൂലം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-സി) സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ മേഖലയിലെ വികസനത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സൂക്ഷ്മ ചെറുകിട യൂണിറ്റുകൾക്ക് മൂലധന പിന്തുണ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും കൂടുതൽ മൂലധന നിക്ഷേപവും വിറ്റുവരവും സാധ്യമാക്കുന്നതിന് തുടങ്ങിയ പദ്ധതിയായ സംരംഭകത്വ സഹായ പദ്ധതിയിലൂടെ 2016-2017 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ടപ്പ്/ടെക്നിക്കൽ സബ്സിഡിയായി 98 എം.എസ്.എം.ഇ. യൂണിറ്റുകൾക്കും ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടായി 939 യൂണിറ്റുകൾക്കും സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി 64 യൂണിറ്റുകൾക്കും

സാമ്പത്തിക സഹായം നൽകി. ഇതിനുപുറമെ സ്വകാര്യ സ്ഥലമുടമകൾക്ക് അവരുടെ സ്ഥലം എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള വ്യവസായ ഏരിയ/ പാർക്കുകൾ/എസ്റ്റേറ്റുകൾ രൂപാന്തരപ്പെടുത്തി കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സൗകര്യമൊരുക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. വ്യവസായ ഏരിയ/പ്ലോട്ട് എന്നിവയിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് വേളി, ഷൊർണ്ണൂർ, പുന്നപ്ര, പുഴയ്ക്കൽപാടം (രണ്ടാം ഘട്ടം) എന്നിങ്ങനെ നാല് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, അവർ നേരിടുന്ന സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും മാനേജീരിയൽ, ടെക്നിക്കൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തൊട്ടാകെ സെമിനാറുകൾ, എക്സിബിഷനുകൾ, ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, സംരംഭക ക്ലബ്ബുകൾ തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു.

2017 മാർച്ച് വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഇ.ഡി.പി.-യിൽ ആകെ 616 പേർ പങ്കെടുത്തു. 118 യൂണിറ്റുകൾ ആരംഭിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തിയ 100 പ്രോഗ്രാമുകളിൽ (EAP - Employment Assistance Programme) ആകെ 15460 പേർ പങ്കെടുത്തു. നിക്ഷേപ സംഗമത്തിൽ 1868 പേർ പങ്കെടുക്കുകയും 8472.81 ലക്ഷം രൂപയുടെ നിക്ഷേപവുമുണ്ടായി. ടെക്നോളജി ക്ലിനിക്കിൽ 877 പേർ പങ്കെടുക്കുകയും 196 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സംരംഭക വികസന ക്ലബ്ബുകൾ വഴി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. 2016-17 വർഷത്തിൽ 280 ക്ലബ്ബുകളിലായി 7000 വിദ്യാർത്ഥികൾ പങ്കാളികളായി 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ 15535 യൂണിറ്റുകൾ ആരംഭിക്കുകയും ഇതുവഴി സംസ്ഥാനത്ത് 1,387.11 കോടി രൂപയുടെ മൂലധന നിക്ഷേപമുണ്ടായതായും കണക്കാക്കുന്നു.

വിദ്യാസമ്പന്നരായ യുവസംരംഭകരെയും വിദ്യാർത്ഥികളെയും സംരംഭക രംഗത്തേയ്ക്ക് ആകർഷിച്ചുകൊണ്ട് അവരിൽ ആത്മവിശ്വാസവും ജീവിതവിജയവും വളർത്താൻ സഹായിക്കുന്ന രീതിയിൽ ഒരു സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

എം.എസ്.എം.ഇ. മേഖലയിൽ 2017-18-ൽ 17500 സംരംഭങ്ങൾ ആരംഭിക്ക

ന്നതിന് ഉതകുന്ന സഹായ സഹകരണങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുടെയും വിവിധ വകുപ്പുകളുടെ പ്രോജക്ടുകളുടെയും ഏകോപനം ഉറപ്പുവരുത്തിക്കൊണ്ട് നേതൃത്വം നൽകുന്നുണ്ട്. ഇതുവഴി 2000 കോടി രൂപയുടെ നിക്ഷേപവും 75000 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

**വിനോദസഞ്ചാര മേഖലയിലെ തൊഴിലവസരങ്ങൾ**

22 (*502) ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ്.പി. :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി മുൻസർക്കാരിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത് ; വിശദ മാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമായി സൂക്ഷിക്കുന്നതിന് എന്തെല്ലാം നവീന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പ്രാദേശിക ഉപഗ്രഹ കണക്ക് പ്രകാരം കേരളത്തിന്റെ മൊത്തം തൊഴിൽ എണ്ണത്തിന്റെ 11.49% വിനോദസഞ്ചാരമേഖലയുടെ സംഭാവനയാണ്. ഇത് നേരിട്ടുള്ള തൊഴിൽ ലഭ്യതയാണ്. ഇതിനോടൊപ്പം പരോക്ഷ തൊഴിൽ ലഭ്യത കൂടി കണക്കാക്കുമ്പോൾ 23.74% തൊഴിലുകൾ ലഭ്യമായിട്ടുണ്ട്. വിനോദസഞ്ചാര മേഖല നേരിട്ട് 14 ലക്ഷത്തോളം തൊഴിൽ ലഭ്യമാക്കിയിട്ടുള്ളതായി കണക്കാക്കുന്നു.

അടുത്ത 5 വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കു ന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ അടുത്ത 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇപ്രകാരം ഈ മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോടുകൂടിയുള്ളതാണ്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയിൽ

വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യമേഖലയിൽ വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മുഖേന വകുപ്പ് നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ടനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത ആഹാര പദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്തുങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര-ജല-വ്യോമ സഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) മാലിന്യ നിയന്ത്രണം, സംസ്കരണം മുതലായവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്നതാണെങ്കിലും ടൂറിസം പ്രാധാന്യമുള്ള പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചും വകുപ്പ് നേരിട്ടും സർക്കാരിതര സംഘടനകളുമായി ചേർന്നും മാലിന്യ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന കുടുംബശ്രീയുമായി ചേർന്ന് 86 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ 519-ൽപ്പരം ശുചീകരണ പ്രവർത്തകരെ വിന്യസിച്ച് സ്ഥിരമായി ശുചീകരണം നടത്തിവരുന്നു.

പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ടൂറിസം വകുപ്പ് മാലിന്യ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇടുക്കി ജില്ലയിൽ 8 പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഡി.റ്റി.പി.സി. മുഖാന്തരം സർക്കാരിതര സംഘടനയെ (എക്സ് സർവ്വീസ് മെൻ ട്രസ്റ്റ്) ഉപയോഗപ്പെടുത്തി മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോവളം ടൂറിസം മേഖലയിലെ സമഗ്രമായ മാലിന്യനിയന്ത്രണം ലക്ഷ്യമിട്ടുകൊണ്ട് ഈ പ്രദേശത്തെ വീടുകൾ, ഹോട്ടലുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുകൂടി മാലിന്യസംസ്കരണ പ്രക്രിയ വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാർ "കമ്മ്യൂണിറ്റി ഡ്രിവൺ സെൻട്രലൈസ്ഡ് വേസ്റ്റ് മാനേജ്മെന്റ്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷന്റെ സമഗ്ര മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്ന ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും കേരള ത്തിൽ പുതിയ ടൂറിസം സീസണിനെ വരവേൽക്കാനുള്ള ഒരുക്കത്തിന്റെ മുന്നോടിയായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ**

23 (*503) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ശതമാനം അധികം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനെയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും ഇതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സ്ഥാപനങ്ങളുടെ നിലവിലെ മൊത്തം വിറ്റുവരവ് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇരട്ടിയാക്കുന്നതിനുള്ള വികസന പദ്ധതികൾക്കാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന വിവിധ വിപുലീകരണ പദ്ധതികളുടെ ഫലമായി നിലവിലുള്ള ജീവനക്കാർ കൂടാതെ 20% മുതൽ 30%-ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. കൂടാതെ വിവിധ സ്ഥാപനങ്ങളിൽ ആസൂത്രണം ചെയ്തുവരുന്ന പദ്ധതികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് കൂടുതൽ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ടൂറിസം വികസനത്തിന് ആസ്ട്രേലിയയിൽ പ്രചരണപരിപാടികൾ**

24 (*504) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആസ്ട്രേലിയയിലെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സജീവ പ്രചരണ പരിപാടിക്കായി നാളിതുവരെ എത്ര തുകയാണ് നൽകിയത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ഏജൻസിയെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആസ്ട്രേലിയയിലെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ആസ്ട്രേലിയയിലെ അച്ചടി മാധ്യമങ്ങളിലും ടെലിവിഷൻ മാധ്യമങ്ങളിലും ട്രാമുകളിലും പരസ്യങ്ങൾ നൽകിയിട്ടുണ്ട്. കൊച്ചി മുസിരിസ് ബിനാലെയുമായി ബന്ധപ്പെട്ട ക്യാമ്പയിനിംഗിന്റെ ഭാഗമായാണ് 2016-17 വർഷത്തിൽ ആസ്ട്രേലിയയിൽ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്. ആസ്ട്രേലിയയിൽ പ്രിന്റ് ക്യാമ്പയിൻ, ആസ്ട്രേലിയൻ ടി. വി. ക്യാമ്പയിൻ, ഔട്ട് ഓഫ് ഹോം (OOH) എന്നിങ്ങനെയാണ് പ്രചരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്.

(ബി) 2016-17 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) ആസ്ട്രേലിയൻ പ്രിന്റ് ക്യാമ്പയിനുവേണ്ടി 1,71,934 ആസ്ട്രേലിയൻ ഡോളറിന്റെ (ഏകദേശം 87 ലക്ഷം രൂപ + സർവ്വീസ് ടാക്സ്)

അനുമതിയാണ് നൽകിയിട്ടുള്ളത്.

(ii) ആസ്ട്രേലിയൻ ടി.വി. ക്യാമ്പയിനുവേണ്ടി 1,07,52,500 (ഒരു കോടി ഏഴ് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അഞ്ഞൂറുരൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(iii) സിഡ്നി, മെൽബൺ നഗരങ്ങളിൽ ഔട്ട് ഓഫ് ഹോം (OOH) ക്യാമ്പയിൻ നടത്തുന്നതിനായി ഒരു മാസ കാലാവധിയിൽ ട്രാമുകളിൽ കേരള ടൂറിസത്തിന്റെ പരസ്യം പതിക്കുന്നതിന് സർവ്വീസ് ചാർജ്ജുകൾ ഉൾപ്പെടെ ടൂറിസം വകുപ്പ് 1,11,55,000 (ഒരു കോടി പതിനൊന്ന് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(സി) ആസ്ട്രേലിയയിൽ പ്രചരണ പരിപാടിക്കായി കേരള ടൂറിസത്തിന്റെ ബ്രാന്റിംഗ് ആന്റ് അഡ്വർട്ടൈസിംഗ് എംപാനൽഡ് ഏജൻസിയായ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് അനുമതി നൽകിയിട്ടുള്ളത്.

**ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന**

25 (*505) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഗ്രാമീണ മേഖലയിൽ വൈദ്യുതീകരണത്തിനും വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഉണ്ട്.

(ബി) ഗ്രാമീണ ഭവന വൈദ്യുതീകരണം, ഗ്രാമീണ വൈദ്യുതി സബ്ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ ശൃംഖല ശക്തിപ്പെടുത്തൽ, കേടായതും പഴയതുമായ മീറ്ററുകൾ മാറ്റിവയ്ക്കൽ, സൻസദ് ആദർശ് ഗ്രാമയോജന (SAGY) പ്രകാരം പാർലമെന്റംഗങ്ങൾ തെരഞ്ഞെടുത്ത വില്ലേജുകളിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കൽ എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി&ഡി) ഗ്രാമീണ മേഖലയിൽ ഭവന വൈദ്യുതീകരണത്തോടനുബന്ധിച്ചുള്ള എൽ.റ്റി. ലൈൻ നിർമ്മാണം, 11 കെ. വി. ലൈനുകൾ, ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്ഫോർമറുകൾ, ഏരിയൽ ബഞ്ച്ഡ് കണക്ടർ (എ.ബി.സി.) ലൈൻ തുടങ്ങിയവയും വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനായി പുതിയ 11 കെ.വി. ലൈനുകൾ സ്ഥാപിക്കൽ, നിലവിലുള്ള 11 കെ.വി.ലൈൻ., എൽ.റ്റി. ലൈൻ, ട്രാൻസ്ഫോർമർ എന്നിവയുടെ ശേഷി കൂട്ടലും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്കുടിയിൽപ്പെട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭവനങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കലും DDUGJY പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി

26 (*506) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് പ്രവാസികൾക്കായി ചിട്ടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ ചിട്ടിയാണ് കെ.എസ്.എഫ്.ഇ. ആലോചിക്കുന്നത്;

(ബി) പ്രസ്തുത ചിട്ടിക്ക് ഓൺലൈനായി ലേലം വിളിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ചിട്ടിക്ക് അടയ്ക്കുന്ന പണം കിഫ്ബിയിൽ നിക്ഷേപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ചിട്ടിക്ക് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ&ബി) ഇല്ല. പ്രവാസികൾക്കായി ചിട്ടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രവാസി ചിട്ടിയുടെ തുക ഓൺലൈനായി ലേലം വിളിക്കാനുള്ള സംവിധാനം എന്നിവ സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(സി) പ്രവാസികളായ ചിട്ടി വരിക്കാർക്ക് ഏതെങ്കിലും പേയ്മെന്റ് ഗേറ്റ് വേ വഴി ചിട്ടി തുക ഒടുക്കാവുന്നതാണ്. ഇത്തരത്തിൽ അടയ്ക്കുന്ന പണം അപ്പപ്പോൾ കെ.എസ്.എഫ്.ഇ.-യുടെ പേരിൽ കിഫ്ബിയുടെ പ്രവാസി ബോണ്ടുകളിൽ ഓട്ടോമാറ്റിക് ആയി നിക്ഷേപിക്കപ്പെടും. ചിട്ടി പിടിക്കുമ്പോഴോ നറുക്ക് വീണ് പണം പിൻവലിക്കുമ്പോഴോ ആവശ്യമുള്ള പണം പിൻവലിക്കാൻ കെ.എസ്.എഫ്.ഇ.-ക്ക് കാൾ ഓപ്ഷൻ നൽകാനും മിച്ചമുള്ള ഫ്രീ ഫ്ലോട്ട് കിഫ്ബിയുടെ ബോണ്ടുകളിൽ തന്നെ നിലനിർത്തുവാനുമുള്ള സംവിധാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) റിസർവ് ബാങ്കിന്റെ 2-3-2015-ലെ FEMA 337/2015-RB നമ്പർ ഭേദഗതി നോട്ടിഫിക്കേഷൻ പ്രകാരം ഫെമ ആക്ടിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഏതൊരു ചിട്ടി സ്ഥാപനത്തിനും പ്രവാസികളിൽ നിന്നും വരിസംഖ്യ സ്വീകരിക്കാവുന്നതാണ്. ആയതിനാൽ പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് റിസർവ് ബാങ്കിന്റെ പ്രത്യേകാനുമതി ആവശ്യമില്ല.

**വില നിയന്ത്രണത്തിനായി സഹകരണ വകുപ്പ് നടത്തിയ ഇടപെടൽ**

27 (*507) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അരിവില നിയന്ത്രണത്തിനായി സഹകരണ വകുപ്പ് നടത്തിയ ഇടപെടൽ വിശദമാക്കാമോ ;

(ബി) മുൻസർക്കാർ തകർച്ചയിലാക്കിയ കൺസ്യൂമർഫെഡിനെ ഉപഭോക്തൃ സാധന വിലനിയന്ത്രണത്തിന് സാധിക്കുംവിധം ശാക്തീകരിക്കുന്നതിനായി നടത്തിയ ഇടപെടൽ അറിയിക്കുമോ;

(സി) പുതുതായി നീതി സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ

വിശദാംശം ലഭ്യമാക്കുമോ;

(ഡി) മരുന്നുവില നിയന്ത്രണത്തിനായി 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കാമോ ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് അരിവില നിയന്ത്രിക്കുന്നതിനും പൊതുവിപണിയിൽ വിൽപ്പനവില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയുണ്ടായി. 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്തുവരുന്നു.

(ബി) ഉപഭോക്തൃ സാധനവില നിയന്ത്രണത്തിന് സാധിക്കുംവിധം കൺസ്യൂമർഫെഡിനെ ശാക്തീകരിക്കുന്നതിനായി ചുവടെ പറയും പ്രകാരം ഇടപെടൽ നടത്തിയിട്ടുണ്ട്.

1. പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹായത്തോടെ നീതി സ്റ്റോർ പുനരാവിഷ്കരിച്ചു.
2. സാധനങ്ങൾ വാങ്ങുന്നതിലും ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും കൺസ്യൂമർഫെഡും സഹകരണ സ്ഥാപനങ്ങളുമായി ഒത്തുചേർന്ന് ഏകോപിതമായി പ്രവർത്തനങ്ങൾ നടത്തി.
3. ഇ-ടെണ്ടർ, ക്വാളിറ്റി ഉറപ്പുവരുത്തൽ എന്നിവയിലൂടെ ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സാധിച്ചു.
4. പ്രാഥമിക സഹകരണ സംഘങ്ങളുടെ ഇൻഡന്റ് മുൻകൂട്ടി വാങ്ങി, അതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ നടത്തിയും നെഗോസിയേഷൻ നടത്തിയും അഡ്വാൻസ് തുക സംഘങ്ങളിൽ നിന്നും വാങ്ങാൻ സാധിച്ചു. ഇത് സപ്ലൈയർമാർക്ക് രൊക്കം പണം നൽകി സാധനങ്ങൾ വാങ്ങാൻ സാധിച്ചു.

മേൽ മാർഗ്ഗങ്ങൾ വഴി പൊതുമാർക്കറ്റിനേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ സാധനങ്ങൾ വാങ്ങുന്നതിന് സാധിക്കുകയും, മാർക്കറ്റ് വില കുറച്ചുകൊണ്ടുവരുന്ന നടപടി ഫലപ്രദമാക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുതുതായി നീതി സ്റ്റോറുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിന്റെ

മുൻകയ്യോടെ 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) മരുന്നുവില നിയന്ത്രിക്കുന്നതിനായി 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമായി വരുന്നു. സഹകരണ സംഘങ്ങൾ വഴി നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ പാലിച്ച് ലഭ്യമാക്കുന്ന അപേക്ഷകളിന്മേൽ അവ തുടങ്ങുന്നതിന് അനുമതി നൽകിവരുന്നു.

## ടൂറിസ്റ്റുകളെ ആകർഷിക്കാൻ ജനകീയ പങ്കാളിത്തത്തോടെ പദ്ധതി

28 (*508) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളിലേക്ക് ജനകീയ പങ്കാളിത്തത്തോടെ സഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയത് ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാന/ജില്ലാതല ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉത്സവം എന്നിവയുടെ നടത്തിപ്പിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക വഴി കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.

ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന വള്ളംകളികൾ, സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ഇതുവഴി കൂടുതൽ വിനോദസഞ്ചാരികൾ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടുന്നു.

ടൂറിസം കേന്ദ്രങ്ങളുടെ വികസനം ജനകീയ പങ്കാളിത്തത്തോടെ എന്ന ഉദ്ദേശത്തോടെ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു.

ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവ്വേദ കേന്ദ്രങ്ങൾ, റസ്റ്റോറന്റുകൾ എന്നീ ടൂറിസം മേഖലയിലെ സ്വകാര്യ സേവന ദാതാക്കൾക്ക് ക്ലാസിഫിക്കേഷൻ നൽകുകയും അവയുടെ വിപണന സാധ്യതകൾക്ക് വേണ്ട സഹായങ്ങൾ ചെയ്യുക വഴിയും കൂടുതൽ ജനകീയ പങ്കാളിത്തം ടൂറിസം മേഖലയിൽ ഉറപ്പാക്കാൻ ശ്രമിച്ചുവരുന്നു.

(ബി) കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിന് ടൂറിസം വ്യവസായം ഏറെ ആവശ്യപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനത്തിനും അവ മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടൂറിസം വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെ ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## ഭരണാനുമതിക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കൽ

29 (*509) ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് കോടി രൂപയ്ക്ക് താഴെ വരുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബജറ്റിലുള്ള ഒരു പദ്ധതിക്കോ അല്ലെങ്കിൽ ആസ്തിവികസന ഫണ്ടിന്മേൽ ഉള്ള പദ്ധതിക്കോ നിർദ്ദേശം നൽകിയാൽ നിശ്ചിതസമയത്തിനുള്ളിൽ ഭരണാനുമതി ലഭ്യമാക്കത്തക്ക വിധത്തിൽ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടിയുണ്ടാകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വിവിധ ഫിനാൻസ് മോണിറ്ററിംഗ് പ്രോഗ്രാമുകൾ ലഭ്യമായതുകൊണ്ട് സ്കൂട്ടിണി ഓഫ് ഇവാല്യുവേഷന് എളുപ്പമാണെന്നിരിക്കെ എല്ലാ അധികാരങ്ങളും സെക്രട്ടേറിയറ്റിൽ കേന്ദ്രീകരിക്കപ്പെടാതെ വികേന്ദ്രീകരിച്ച് നൽകി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിൽ ആക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്ക് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്താത്തതും 10 കോടി രൂപയ്ക്ക് താഴെയുള്ളതുമായ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ വച്ചും 10 കോടിക്ക് മുകളിലുള്ള പദ്ധതികൾ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മിറ്റിംഗിൽ വച്ചും തീരുമാനമെടുത്തു ഭരണാനുമതി നൽകി വരുന്നു.

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി 18-1-2017-ലെ സ.ഉ.(പി) നമ്പർ 4/2017/ധന. ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 5 കോടി രൂപയിൽനിന്നും 10 കോടി രൂപയായും, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 10 കോടി രൂപയിലധികമുള്ള പ്രോജക്ടുകൾക്കായും നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സമയബന്ധിതമായി നടത്തുന്നതിനായി 31-3-2017-ൽ സർക്കുലർ നമ്പർ 22/2017/ധന. പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ 5-4-2017-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത സെക്രട്ടറിമാരുടെ മീറ്റിംഗിൽ 60% പ്ലാൻ സ്കീമുകൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും 2017 ജൂൺ അവസാനത്തോടുകൂടിയും വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ ജൂലൈ 2017-നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സെപ്റ്റംബർ 2017-നും RIDF പദ്ധതികൾക്ക് ഭരണാനുമതി ജൂൺ/ജൂലൈ മാസത്തോടുകൂടിയും പൂർത്തീകരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്.

(ബി) 22-7-2015-ലെ സർക്കുലർ നമ്പർ 67/2015/ധന. പ്രകാരം ആസ്തി വികസന ഫണ്ടിന്മേലുള്ള പദ്ധതിക്കുള്ള അനുമതിക്കായി ധനവകുപ്പിന് ലഭ്യമാകുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണവകുപ്പിന് നൽകുന്നതും ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ് അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ തന്നെ ഭരണാനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുകയും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് നൽകേണ്ടതുമാണ്.

(സി) ഭരണ വകുപ്പിനും വകുപ്പ് തലവന്മാർക്കും സാമ്പത്തികാധികാരം നൽകിക്കൊണ്ട് 1-3-2013-ലെ സ.ഉ.(പി) 110/13/ഫിൻ., 5-10-2013-ലെ സ.ഉ.(പി) 506/13/ഫിൻ. എന്നിവ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകളിലെ സാമ്പത്തികാധികാര പരിധി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളം താപവൈദ്യുതനിലയം കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കണമെന്ന നിർദ്ദേശം**

30 (*510) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ അധീനതയിലുള്ള കായംകുളം താപവൈദ്യുതനിലയം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏറ്റെടുക്കണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി.എൽ. നൽകുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ച് നൽകണമെന്ന് താപനിലയം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം എന്താണ്;

(സി) നാഫ്ത ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപനിലയം ഒരു യൂണിറ്റ് വൈദ്യുതിക്ക് നിലവിൽ ഈടാക്കുന്നത് എത്ര രൂപയാണ്; പുറത്തുനിന്നും ഇതിലും കുറഞ്ഞ നിരക്കിൽ ബോർഡിന് വൈദ്യുതി ലഭിക്കുന്നുണ്ടോ; എങ്കിൽ താപനിലയത്തിൽനിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട ആവശ്യമുണ്ടോ എന്നറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കായംകുളം താപനിലയത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ 27-10-2016-ൽ പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയതിന്മേൽ സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 27-4-2017-ലെ ഉത്തരവുപ്രകാരം ചില തടസ്സവാദങ്ങൾ രേഖപ്പെടുത്തുകയും വർഷം തോറും എൻ.ടി.പി.സി.-ക്ക് നൽകുന്ന ഭീമമായ തുക കുറയ്ക്കുന്നതിനുവേണ്ടി എൻ.ടി.പി.സി. യുമായി ചർച്ചകൾ നടത്തുവാനോ ഇതിനുപകരമായി ഇതര

നിലയങ്ങളിൽ നിന്നും വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുവാനോ ഉള്ള നടപടികൾ സ്വീകരിക്കണമെന്നും ടി കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ടി നിലയം കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ കെ.എസ്.ഇ.ബി.എൽ.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻ പ്രകാരം ഫിക്സഡ് ചാർജ്ജിൽ കുറവ് വരുത്തുന്നതിനും കേന്ദ്ര ഗവൺമെന്റിൽ നിന്നും കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ഥിരമായി ഫിക്സഡ് ചാർജ്ജ് നൽകുന്നതിന് പകരമായി ഈ നിലയം കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കുന്നതിനുള്ള സാധ്യത കൂടി പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്. കെ.എസ്.ഇ.ബി.എൽ. നൽകുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ചു നൽകണമെന്ന് എൻ.ടി.പി.സി. കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം കമ്മീഷൻ 27-10-2016-ലെ ഉത്തരവ് പ്രകാരം ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിൽ ആയിരുന്നതിനാലും കെ.എസ്.ഇ.ആർ.സി.-യുടെ ഇപ്പോഴുള്ള ഉത്തരവ് വർദ്ധനവിന് അനുകൂലമല്ലാത്തതിനാലും ഇതുവരെ പുതുക്കിയ നിരക്കിൽ ഫിക്സഡ് ചാർജ്ജ് നൽകിയിട്ടില്ല.

(സി) നാഫ്ത ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപനിലയം ഒരു യൂണിറ്റ് വൈദ്യുതിക്ക് ഫിക്സഡ് ചാർജ്ജിന് പുറമെ 7.27 രൂപയാണ് ഈടാക്കുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്ന് ഇതിലും കുറഞ്ഞ വിലയ്ക്കാണ് വൈദ്യുതി ലഭിക്കുന്നത്. ആയതിനാൽ ഈ താപനിലയത്തിൽ നിന്നുള്ള വിലകൂടിയ വൈദ്യുതി വാങ്ങേണ്ട ആവശ്യം ഇപ്പോഴില്ല. എന്നാൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതായിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരളാ ബാങ്ക്

1 (4460) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് നിലവിൽ വരുമ്പോൾ സംസ്ഥാന സഹകരണ ബാങ്ക് നിലവിലുണ്ടാകുമോയെന്നും സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം ഏതു നിലയിലായിരിക്കുമെന്നും വിശദീകരിക്കുമോ ?

ഉത്തരം

14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരളാ കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി വിശദമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു 5 അംഗ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. മേൽ സമിതിയുടെ പഠന റിപ്പോർട്ട് 28-4-2017-ന് സർക്കാരിന് ലഭിച്ചിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചശേഷം മാത്രമേ പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഘടനയുൾപ്പെടെയുള്ള വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**നികുതി വരുമാനം, നികുതി കുടിശ്ശിക**

2 (4461) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-11-ലെയും 2011-16-ലെയും സർക്കാരുകൾ ഓരോ വർഷവും ലക്ഷ്യമിട്ട തനത് നികുതി വരുമാനം, ലഭിച്ച വരുമാനം, ലക്ഷ്യത്തിൽ വന്ന കുറവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) 2011-16 കാലയളവിൽ സംസ്ഥാനത്ത് വർദ്ധിച്ചുവന്ന അഴിമതിയും സർക്കാർ സ്റ്റേകളും മൂലമുണ്ടായിട്ടുള്ള നികുതി കുടിശ്ശിക എത്ര; ഇത് നികുതി പിരിവിനെയും ധനസ്ഥിതിയെയും എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നികുതി മേഖലയിലെ സാങ്കേതിക നവീകരണത്തിന്റെ അഭാവവും നികുതി വകുപ്പിലെ സർവ്വറിന്റെ ശേഷി വർദ്ധിപ്പിക്കാത്തതും നികുതി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയ സമയത്തുള്ള സോഫ്റ്റ്‌വെയർ തുടർന്നു വരുന്നതും നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയും 2011-2016 കാലയളവിലെ നികുതി പിരിവിനെ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് സി. ആന്റ് എ.ജി. ചൂണ്ടിക്കാട്ടിയ പ്രധാന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) മുൻ സർക്കാരിന് ലഭിക്കേണ്ട വിവിധ നികുതികളുടെ സമാഹരണത്തിൽ എത്ര കോടി രൂപയുടെ സ്റ്റേ അനുവദിച്ചു എന്നും പ്രസ്തുത സ്റ്റേകൾ ഒഴിവാക്കി സർക്കാരിന് ലഭിക്കേണ്ട പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും

വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2006-11-ലേയും 2011-16-ലേയും സർക്കാരുകൾ ഓരോ വർഷവും ലക്ഷ്യമിട്ട തനത് നികുതി വരുമാനം, ലഭിച്ച വരുമാനം, ലക്ഷ്യത്തിൽ വന്ന കുറവ് എന്നിവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

| വർഷം | ലക്ഷ്യമിട്ട തനത് നികുതി വരുമാനം | ലഭിച്ച നികുതി വരുമാനം | ലക്ഷ്യമിട്ടതും ലഭിച്ചതും തമ്മിലുള്ള വ്യതിയാനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 2006-07 | 11662.86 | 11941.82 | -278.96 |
| 2007-08 | 13789.79 | 13668.95 | 120.84 |
| 2008-09 | 15780.85 | 15990.18 | -209.33 |
| 2009-10 | 18228.28 | 17625.02 | 603.26 |
| 1 | 2 | 3 | 4 |
| 2010-11 | 20884.23 | 21721.69 | -837.46 |
| 2011-12 | 26641.53 | 25718.6 | 922.93 |
| 2012-13 | 32122.21 | 30076.61 | 2045.6 |
| 2013-14 | 38771.1 | 31995.02 | 6776.08 |
| 2014-15 | 42467.49 | 35232.5 | 7234.99 |
| 2015-16 | 45428.03 | 38995.15 | 6432.88 |

(ബി) 2011-16 കാലയളവിൽ സർക്കാർ സ്റ്റേമൂലം വാണിജ്യ നികുതിയിൽ 440.41 കോടി രൂപയുടെ കുടിശ്ശിക ഉണ്ടായി. ഇതുമൂലം ലക്ഷ്യമിട്ട തുക (പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ളത്) പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. ഓരോ വർഷവും വന്ന കുറവിന്റെ വിവരം ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

| വർഷം | കുറവ് /കൂടുതൽ |
|---|---|
| 2011-12 | 131.56 (കുറവ്) |
| 2012-13 | 229.95 (കുറവ്) |
| 2013-14 | 1309.76 (കുറവ്) |
| 2014-15 | 1288.63 (കുറവ്) |
| 2015-16 | 50.87 (കുറവ്) |

ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാത്തത് സംസ്ഥാനത്തിന്റെ ധന സ്ഥിതിയെ പ്രതികൂലമായി ബാധിച്ചു.

(സി) സർവറിന്റെ ശേഷിക്കുറവ് നികുതി ഭരണത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നതിനാൽ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സർവർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(ഡി) നികുതി പിരിവ് കൂടുതൽ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിലേയ്ക്കായി സോഫ്റ്റ്‌വെയറിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് സി ആന്റ് എ.ജി.യുടെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.*

(ഇ) മുൻ സർക്കാരിന് ലഭിക്കേണ്ട വിവിധ നികുതികളുടെ സമാഹരണത്തിൽ 4052.29 കോടി രൂപ (31-3-2016 വരെയുള്ളത്) സ്റ്റേ ഇനത്തിൽ ഉണ്ട്. പ്രസ്തുത സ്റ്റേകൾ ഒഴിവാക്കി സർക്കാരിന് ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.
2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതി ദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

10. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

12. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

13. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

15. റെയിൽവേ വഴി സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.

17. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കു കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

18. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

19. കെട്ടിക്കിടക്കുന്ന അപ്പീൽ കേസുകൾ തീർപ്പാക്കുന്നതിനുവേണ്ടി അപ്പലേറ്റ് അധികാരികളുടെ എണ്ണം കൂട്ടിയിട്ടുണ്ട്.

**താഴ്ന്ന വരുമാനക്കാർക്കുള്ള കടാശ്വാസ പദ്ധതി**

3 (4462) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി ജപ്തി ഭീഷണി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; വ്യക്തമാക്കുമോ;

(സി) 2017 മാർച്ച് 31 വരെ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭിച്ചു; ജില്ല തിരിച്ച് പൂർണ്ണവിവരം നൽകുമോ;

(ഡി) ഏതെല്ലാം വായ്പകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് ; വിവരിക്കുമോ; വായ്പ എടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത പദ്ധതി പ്രകാരം വായ്പ

പൂർണ്ണമായും എഴുതിത്തള്ളുമോ ;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 20-8-2016-ലെ സ.ഉ.(പി) നമ്പർ 118/2016/ധന പ്രകാരം ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി, ജപ്തി ഭീഷണി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/ പിഴപ്പലിശ ഇളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പാക്കിയ കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാ കുടിശ്ശിക മാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമേകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ കടാശ്വാസ പദ്ധതി.

അഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകൾ എഴുതിത്തള്ളുന്നു. ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തി ഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷംകൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നു.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.

(സി) ഈ പദ്ധതി പ്രകാരം 1028 കുടുംബങ്ങൾക്ക് ഇതേവരെ സഹായം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 272 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| കൊല്ലം | 106 |
| പത്തനംതിട്ട | 27 |
| ആലപ്പുഴ | 94 |
| കോട്ടയം | 56 |
| ഇടുക്കി | 19 |
| എറണാകുളം | 26 |
| തൃശ്ശൂർ | 37 |
| പാലക്കാട് | 40 |
| മലപ്പുറം | 23 |
| കോഴിക്കോട് | 216 |
| വയനാട് | 56 |
| കണ്ണൂർ | 35 |
| കാസർഗോഡ് | 21 |

(ഡി) പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ ഒഴികെയുള്ളവയാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നത്.

- സ്വർണ്ണ ഈടിന്മേലുള്ള വായ്പകൾ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായപ്കൾ
- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായപ്കൾ
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ
- ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ

പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.3 പ്രകാരം നിയമാനുസൃത അനന്തരാവകാശിയേയും പദ്ധതി ഗുണഭോക്താവ് എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ വായ്പയെടുത്തയാൾ മരണപ്പെട്ടാലും നിയമാനുസൃത അനന്തരാവകാശിക്കും പദ്ധതി മാർഗ്ഗരേഖയിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി കടാശ്വാസം ലഭിക്കുന്നതാണ്.

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

4 (4463) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് പരിശോധനകൾ നടത്തി കണ്ടെത്തി യിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരം സ്ഥാപനങ്ങൾ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ ഏത് സ്ഥാപനത്തിനെതിരെയാണ് നടപടി സ്വീകരിച്ചത്;

(സി) ഏത് തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചത്?

ഉത്തരം

(എ-സി) നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയവയുടെ പേരും സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

5 (4464) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബിയിൽ എത്ര പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതികളിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെയാണെന്ന് വകുപ്പുകൾ തിരിച്ച് അറിയിക്കാമോ ?

ഉത്തരം

(എ&ബി) വാർഷിക ബജറ്റ് പ്രഖ്യാപനങ്ങളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനനുസൃത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മായി കിഫ്ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായ 4022.08 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ കിഫ്ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിക്കുകയും 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്*. മുൻ സൂചിപ്പിച്ച ഉത്തരവ് പ്രകാരം കിഫ്ബിയിലൂടെ നടപ്പിലാക്കേണ്ട പദ്ധതികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയുൾപ്പെടെയുള്ള പദ്ധതി വിശദാംശങ്ങളാണ് കിഫ്ബോർഡിന്റെ പരിഗണനയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കേണ്ടത്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള വിവരം ടി പട്ടികയിൽ ലഭ്യമാണ്.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

6 (4465) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ധനകാര്യ വകുപ്പ് ഇതുസംബന്ധിച്ച് ഭരണ വകുപ്പിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ധനകാര്യ വകുപ്പിൽ ഫയൽ നിലവിലുള്ള, കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിനെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ്ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4022.08 കോടി രൂപ മുതൽ മുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടിയ കിഫ്ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*. കിഫ് ബോർഡ് അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ടും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) കിഫ്ബിയിൽ പദ്ധതികൾ സമർപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് 8-8-2016-ലെ സ.ഉ (കൈ) നമ്പർ 315/2016/ധന ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഭരണ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുള്ളതല്ല.

**ജി.എസ്.ടി.**

7 (4466) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാണിജ്യ നികുതി ഉദ്യോഗസ്ഥർക്ക് പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ട വാണിജ്യ നികുതി ഉദ്യോഗസ്ഥർക്ക് പരീക്ഷ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ജി.എസ്.ടി. സംബന്ധിച്ച് ജീവനക്കാർക്ക് കൃത്യമായ അവബോധം ഉണ്ടാക്കുന്നതിനും ജനങ്ങൾക്ക് ഇതുസംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ 1517 ഉദ്യോഗസ്ഥർക്ക് ജി.എസ്.ടി. നിയമത്തെക്കുറിച്ചുള്ള പരിശീലനം നൽകിക്കഴിഞ്ഞു. അവശേഷിക്കുന്നവർക്കുള്ള പരിശീലനം ഓരോ ജില്ലകളിലും നടന്നുവരുന്നു. കൂടാതെ വകുപ്പിലെ അൻപത് ജീവനക്കാർക്ക് ജി.എസ്.ടി.യുടെ സാങ്കേതിക വിദ്യയെക്കുറിച്ച് തമിഴ്നാട് കാഞ്ചീപുരം ഇൻഫോസിസ് ക്യാമ്പസിൽ വച്ച് പരിശീലനവും നൽകി.

(ബി) എല്ലാ ജീവനക്കാർക്കും പരിശീലനം പൂർത്തിയാക്കിയതിനുശേഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഓൺലൈൻ പരീക്ഷ നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) ജി.എസ്.ടി. നിയമം സംബന്ധിച്ച് വകുപ്പിലെ ജീവനക്കാർക്ക് അവബോധം നൽകുന്നതിനുവേണ്ടി നിരന്തര പരിശീലനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് 80 ഓളം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും അവിടെ വച്ച് വാണിജ്യ നികുതി വകുപ്പും സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസും ചേർന്ന് ബോധവൽക്കരണ ക്ലാസ്സ് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

**ജി.എസ്.ടി.**

8 (4467) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഫലമായുള്ള നേട്ടങ്ങളും, കോട്ടങ്ങളും എന്താണെന്ന് വിവരിക്കുമോ;

(ബി) ജി.എസ്.ടി.യെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനുള്ള നടപടികൾ എന്തെന്ന് വിവരിക്കുമോ;

(സി) ഇത് നടപ്പാക്കുന്നതോടെ പ്രതിവർഷം എത്ര കോടി രൂപയുടെ അധികവരുമാനം സംസ്ഥാനത്തിന് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2017 ജൂലൈ 1 മുതൽ ജി.എസ്.ടി. നടപ്പിലാക്കാനാണ് നിലവിലുള്ള തീരുമാനം. എന്നിരുന്നാലും ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ നികുതി നഷ്ടം ഉണ്ടായാൽ തന്നെ 2015-16 -ലെ നികുതി വളർച്ച 14% ആയി കണക്കാക്കി ആദ്യ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം നികത്താമെന്ന് അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്.

(ബി) സംസ്ഥാനത്തെ 80-ഓളം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും വാണിജ്യനികുതി വകുപ്പും സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസും

ചേർന്ന് ജനങ്ങളെ ജി.എസ്.ടി. നിയമത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുള്ള ക്ലാസ്സുകൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) നികുതി വിധേയ ചരക്കുകളുടേയും സേവനങ്ങളുടേയും പട്ടിക ഇതുവരെ തീരുമാനിച്ചിട്ടില്ല. ചരക്കുകളും സേവനങ്ങളും അവയുടെ നികുതി നിരക്കുകളും നിശ്ചയിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലുള്ള fitment committee രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കൗൺസിൽ അന്തിമ തീരുമാനം കൈകൊള്ളുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്തെ നികുതി വരുമാനം കണക്കാക്കുവാൻ സാധ്യമാകൂ. ജി.എസ്.ടി. കൗൺസിലിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി വ്യവസ്ഥയായതിനാലും ചരക്കുകളിൽമേലും സേവനങ്ങളിന്മേലുമുള്ള നികുതി പിരിക്കുവാനുമുള്ള അവകാശം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിനാലും കേരളത്തിന് നികുതി വരുമാന വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് പദ്ധതി**

9 (4468) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ കീഴിൽ സമഗ്രപദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഗതാഗത വകുപ്പും കെ.എസ്.ആർ.ടി.സി.യും ധനകാര്യ വകുപ്പുമായിട്ട് ആലോചിച്ച് ഒരു സമ്പൂർണ്ണ പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.

**എസ്.ബി.ഐ.-എസ്.ബി.ടി. ബാങ്കുകളുടെ ലയനം**

10 (4469) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ബി.ഐ.-എസ്.ബി.ടി. ബാങ്കുകളുടെ ലയനത്തിന് ശേഷം ബാങ്കിംഗ് സേവനങ്ങൾക്ക് കനത്ത സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ജനങ്ങൾക്ക് അനുകൂലമായി പ്രസ്തുത വിഷയത്തിൽ നിയമപരമായി എന്തെല്ലാം ചെയ്യാൻ കഴിയും എന്നും അപ്രകാരം എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ , ബി) ഉണ്ട്.

(സി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവന ങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചു കിട്ടുന്നതിന് പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**എസ്.ബി.ഐ.- സർവ്വീസ് ചാർജ്ജ്**

11 (4470) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ബി.ടി.-എസ്.ബി.ഐ. ലയനത്തോടെ ഉപഭോക്താക്കളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ട്രഷറികളിൽ എ.ടി.എം. മെഷീൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവന ങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചു കിട്ടുന്നതിന് പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**എസ്.ബി.ടി.-എസ്.ബി.ഐ. ബാങ്കുകളുടെ ലയനം**

12 (4471) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എസ്.ബി.ടി.-എസ്.ബി.ഐ. ബാങ്കുകളുടെ ലയനം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

2017 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രാബല്യം നൽകിയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള 5 പൊതുമേഖലാ ബാങ്കുകളെ ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ലയിപ്പിക്കാൻ കേന്ദ്രസർക്കാർ ഉത്തരവിറക്കിയിരുന്നത്. അതിന്റെ തുടർച്ചയായുള്ള ഡേറ്റ മെർജർ ഉൾപ്പെടെയുള്ള നടപടികൾ നടന്നു വരുന്നതേയുള്ളൂ. അതുകൊണ്ടുതന്നെ ബാങ്കുകളുടെ ലയനം എല്ലാ അർത്ഥത്തിലും പൂർത്തിയാകുന്നതിന് ഇനിയും സമയം വേണ്ടിവരും. സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ലയനം മൂലമുണ്ടായേക്കാവുന്ന മാറ്റങ്ങൾ വരും ദിനങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെട്ട് തുടങ്ങുകയുള്ളൂ. എന്നിരുന്നാലും ലയനത്തിന്റെ ഭാഗമായി പ്രതീക്ഷിക്കുന്ന എസ്.ബി.ടി. ശാഖകളുടെ അടച്ചുപൂട്ടലും കേരളീയർക്ക് എസ്.ബി.ടി.യോട് ഉണ്ടായിരുന്ന വൈകാരിക ബന്ധം നഷ്ടപ്പെടുന്നതുമൂലം എൻ.ആർ.ഐ.കളുടേതടക്കമുള്ള നിക്ഷേപങ്ങളിൽ സൃഷ്ടിച്ചേക്കാവുന്ന വൻ ഇടിവും ഏറ്റെടുക്കലിനു ശേഷം ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ വായ്പാശേഷിയെ ലയനത്തിനു മുമ്പുള്ള എസ്.ബി.ടി.യേയും എസ്.ബി.ഐ.യേയും അപേക്ഷിച്ച് സാരമായി ബാധിക്കാൻ സാധ്യതയുണ്ട്. ഇതുകൂടാതെ ഏകദേശം 90 ശതമാനത്തോളം നിക്ഷേപവും എസ്.ബി.ടി. വായ്പയായി ചെലവഴിച്ചിരുന്നത് കേരളത്തിലാണ്. പുതിയ സാഹചര്യത്തിൽ അങ്ങനെയൊരു സമീപനം പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല. സംസ്ഥാന സർക്കാരിന്റെ ഏജൻസി ബാങ്കായ എസ്.ബി.ടി.യുമായി ചേർന്നാണ് ബഹുഭൂരിപക്ഷം ട്രഷറികളും പ്രവർത്തിച്ചു വന്നിരുന്നത്. സംസ്ഥാനത്തിന്റെ കാർഷിക, വ്യാവസായിക, സ്വയംതൊഴിൽ, ചെറുകിട, ഗ്രാമീണ മേഖലകളിൽ ആവശ്യമായ മൂലധനം വായ്പയായി നൽകുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിരുന്ന എസ്.ബി.ടി. സർക്കാരുമായി ചേർന്ന് സബ്സിഡികൾ അനുവദിക്കുന്നതിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം, സ്വയംതൊഴിൽ, ചെറുകിട വ്യവസായം, പരമ്പരാഗത തൊഴിൽ തുടങ്ങിയ മേഖലകളിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളിൽ കൃത്യമായ വായ്പ ഇടപെടലിലൂടെ എസ്.ബി.ടി. വഹിച്ച പങ്ക് സ്തുത്യർഹമാണ്. സംസ്ഥാനത്തിന്റെ

ഉയർന്ന ബാങ്കിംഗ് സാന്ദ്രത, ലയനത്തിന്റെ ഭാഗമായി എസ്.ബി.ടി. ശാഖകളുടെ അടച്ചുപൂട്ടലിനെ തുടർന്ന് പ്രകടമായ തോതിൽ കുറയുവാൻ സാധ്യതയുണ്ട്. മേൽസാഹചര്യത്തിൽ ബാങ്കുകളുടെ ലയനം സംസ്ഥാനത്തിന് വൈകാരിക ബന്ധമുണ്ടായിരുന്ന എസ്.ബി.ടി.യുടെ അസ്തിത്വം ഇല്ലാതാകുന്നതോടൊപ്പം സംസ്ഥാനത്തിന്റെ സമ്പദ് ഘടനയുടെ വിവിധ മേഖലകളിൽ വായ്പാ ലഭ്യതയിൽ ഉണ്ടാകുന്ന ഇടിവ് സംസ്ഥാന സമ്പദ്ഘടനയ്ക്ക് അനുഗുണമല്ലാത്ത ഒരു സാഹചര്യം സൃഷ്ടിക്കുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

**മാനവ വികസന നിലവാരം**

13 (4472) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവ വികസന നിലവാരം ഉയർത്തുന്നതിനുവേണ്ടി സാമൂഹ്യസേവന ങ്ങൾക്കുള്ള സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് മറ്റ് സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്ത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയ്ക്ക് സംസ്ഥാനത്തിന്റെ ചെലവ് മറ്റ് സംസ്ഥാനങ്ങളുടെ തിനെക്കാൾ കുറവാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ മേഖലയ്ക്ക് അർഹമായ മുൻഗണന നൽകാതിരിക്കുന്നതിന് കാരണമെന്താണ് ;

(സി) സാമൂഹ്യസേവനങ്ങളുടെ ചെലവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി മാനവ വികസന നിലവാരം ഉയർത്തുന്നതിനും ആവശ്യമായ മുൻഗണന നൽകുമോ; എങ്കിൽ ഇതിനായി എന്തെല്ലാം മാറ്റമാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മാനവ വികസന സൂചികയനുസരിച്ച് കേരളം ഒന്നാം സ്ഥാനത്താണ്. ആയതിനാൽ സാമൂഹ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് മറ്റ് സംസ്ഥാനങ്ങളേക്കാൾ കുറവാണെന്ന് പറയാൻ കഴിയില്ല.

(സി) ഓരോ വർഷവും സാമൂഹ്യ മേഖലയ്ക്കുള്ള ചെലവിൽ കേരളം കാര്യമായ വർദ്ധനവ് വരുത്തുന്നുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ മുൻഗണന നൽകേണ്ട പ്രത്യേക വിഭാഗങ്ങളും പദ്ധതികളും രൂപകൽപ്പന ചെയ്യുന്നതിനായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ചു ചേർക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വാർഷിക പദ്ധതിയിൽ സാമൂഹ്യ സേവനങ്ങൾക്കായി 7447.43 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇത്

2017-18 വർഷത്തിൽ 8929.16 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

**ആർ.എസ്.ബി.വൈ. പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് നടപടി**

14(4473) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ സൗജന്യചികിത്സയ്ക്കായുള്ള ആർ.എസ്. ബി.വൈ. പദ്ധതിയിൽ നിന്നും ആശുപത്രികൾ പിൻവാങ്ങുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ; വ്യക്തമാക്കുമോ;

(സി) ആർ.എസ്.ബി.വൈ. പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.എസ്.ബി.വൈ. പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്ത ആശുപത്രികളെ പദ്ധതിയിൽനിന്നും പുറത്താക്കുന്നതിനും ആർ.എസ്.ബി.വൈ. പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്ത ആശുപത്രികൾക്ക് സ്വമേധയാ പദ്ധതിയിൽ നിന്നും പിന്മാറുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്ത ആർ.എസ്.ബി.വൈ. പദ്ധതിയിൽ സ്വാതന്ത്ര്യം ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ 385 ആശുപത്രികൾ പദ്ധതി പ്രകാരം സേവനം നൽകിയപ്പോൾ 2017-18 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ 490 ആശുപത്രികൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷവും ഇ-ടെൻഡർ വഴി തെരഞ്ഞെടുക്കുന്ന പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായ ഇൻഷ്വറൻസ് സേവന ദാതാക്കൾക്കാണ് പദ്ധതി നിർവ്വഹണ ചുമതല നൽകുന്നത്. ഇപ്രകാരം 2017-18 സാമ്പത്തികവർഷം തെരഞ്ഞെടുത്തത് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെയാണ്.

(സി) സ്വീകരിക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 259.43 കോടി രൂപയുടെ സൗജന്യ ആരോഗ്യ ചികിത്സ സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി ആർ.എസ്.ബി.വൈ. ഗുണഭോക്താകൾക്ക് ലഭിച്ചു. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയത് മുതൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിനിയോഗിച്ച തുകയിൽ ഏറ്റവും മികച്ച പ്രകടനം ആയിരുന്നു ഇത്.

ഈ വർഷം കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയിലേയ്ക്ക് കൊണ്ടുവരാൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ കാർഡ് പുതുക്കുന്നതിനും വിതരണത്തിനുമുള്ള സ്ഥിരം കേന്ദ്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. ഈ സാമ്പത്തിക വർഷം ആദ്യം തന്നെ പുതിയ ആശുപത്രികളെ പദ്ധതിയിലേക്ക് ആകർഷിക്കുവാൻ വേണ്ടി ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിച്ചിരുന്നു. കൂടുതൽ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കാൻ ചിയാക് ക്രിയാത്മകമായി പ്രവർത്തിച്ചുവരുന്നു.

## ആസ്തി വികസന ഫണ്ട്

15 (4474) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് എയ്ഡഡ് സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാനായി ഉപയോഗിക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ സ്മാർട്ട് ക്ലാസ്സ് റൂം, മോഡൽ സ്കൂൾ തുടങ്ങിയ പദ്ധതികൾ എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഭൗതികസാഹചര്യം ഇല്ലാത്ത നിരവധി എയ്ഡഡ് സ്കൂളുകളുടെ സ്ഥിതി ശോചനീയമാണെന്ന വസ്തുത ധനകാര്യ വകുപ്പ് പരിശോധിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ അധീനതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. ആയതിനാൽ എയ്ഡഡ് സ്കൂളുകൾക്കായി ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിന് പരിമിതിയുണ്ട്.

(ബി) പരിഗണനയിലില്ല.

(സി) ഭൗതിക സാഹചര്യം അപര്യാപ്തമായ എയ്ഡഡ് സ്കൂളുകളിൽ പാചകപ്പുര, ശൗചാലയം എന്നിവ നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണെന്ന് 12-5-2017-ലെ സ.ഉ. (പി) നമ്പർ 63/2017/ധന തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.)

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

16 (4475) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എങ്ങനെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) എല്ലാവരിൽനിന്നും ഒരു നിശ്ചിത തുക വാങ്ങാതെ ഓരോരുത്തരുടെയും ചികിത്സ ചെലവുകൾക്കനുസൃതമായിട്ടുള്ള കവറേജ് ലഭിക്കുന്ന തരത്തിൽ കൂടുതൽ കവറേജ് വേണ്ടവർക്ക് കൂടുതൽ പ്രീമിയം സ്വന്തമായി അടയ്ക്കുന്നതിനുള്ള ഒരു അവസരം കൂടി നൽകുന്ന തരത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) G.O.(P) No. 54/2017/Fin. Dated 24-4-2017 പ്രകാരം സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി&സി) ടെൻഡർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിച്ച ശേഷം പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**കാലടി സംസ്കൃത സർവ്വകലാശാല**

17 (4476) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ ഡോ. സുചേത നായർ വി. സി.-യുടെ ചുമതല വഹിച്ചിരുന്ന കാലത്ത് നടത്തിയ പ്രൊമോഷനുകൾ ക്രമ വിരുദ്ധമാണെന്ന് സംസ്ഥാന ധനകാര്യ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഈ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാണോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ റിപ്പോർട്ട് പൂഴ്ത്തിവെയ്ക്കുകയും നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ഈ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) അനധികൃത പ്രൊമോഷനുകൾ റദ്ദ് ചെയ്യുന്നതിനും സർക്കാരിന് വന്ന

ബാധ്യത ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ ഡോ. സുചേത നായർ വി.സി.-യുടെ ചുമതല വഹിച്ചിരുന്ന കാലത്ത് നടത്തിയ പ്രൊമോഷനുകൾ ക്രമവിരുദ്ധമാണെന്ന് സംസ്ഥാന ധനകാര്യ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാണ്.

(ബി) പരിശോധനാ റിപ്പോർട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.

(സി ഡി) ധനകാര്യപരിശോധനാ വിഭാഗം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയ പരിശോധന റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് പ്രസ്തുത വകുപ്പാണ്.

**കിഫ്ബി-നിക്ഷേപസമാഹരണം**

18 (4477) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിലവിലുള്ള മറ്റ് നിക്ഷേപ മാർഗ്ഗങ്ങളെ അപേക്ഷിച്ച് 'കിഫ്ബി'-യിലെ നിക്ഷേപം ഏത് രീതിയിൽ ആകർഷണീയം എന്നാണ് വിലയിരുത്തിയിട്ടുള്ളത് ;

(ബി) കെ.എസ്.എഫ്.ഇ. മുഖാന്തിരമുള്ള ചിട്ടി വഴിയല്ലാതെ പ്രവാസികളുൾപ്പെടെയുള്ളവരുടെ നിക്ഷേപം സ്വരൂപിക്കാൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിന് പുറമെ നിന്നും പണം കണ്ടെത്തി ധനസഹായം നൽകുന്നതിനുള്ള കേരള സർക്കാരിന്റെ ഒരു കേന്ദ്രീകൃത ഏജൻസിയാണ് 1999-ൽ സ്ഥാപിതമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി 1999-ലെ കിഫ് ആക്ട് നവംബർ 2016-ൽ സമഗ്രമായി ഭേദഗതി ചെയ്തുവഴി കടം വാങ്ങുന്ന പ്രക്രിയയുടെ വിശ്വാസ്യത ഉറപ്പിക്കുവാനും നിക്ഷേപകർക്ക് അവരുടെ മുതലും പലിശയും മുടക്കം കൂടാതെ നൽകുന്നതിനുള്ള ധനലഭ്യത ഉറപ്പ് വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്. നിക്ഷേപകർക്കുള്ള പണത്തിന്റെ മടക്കിക്കൊടുക്കലിനും കടപത്രങ്ങൾ മുതലായവയുടെ

വീണ്ടെടുപ്പിനുമായി സർക്കാരിൽ നിന്നും കിഫ്ബിക്ക് ലഭിക്കേണ്ട എല്ലാ തുകകളും ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിനത്തിന് മുമ്പ് കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനും ടി ഭേദഗതി ചെയ്ത ആക്റ്റിൽ വ്യവസ്ഥയുണ്ട്. കിഫ്ബി സമാഹരിക്കുന്ന നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി സമാഹരിക്കുന്ന പണം സർക്കാർ ഖജനാവിൽ നിക്ഷേപിക്കുകയോ വകുപ്പുകൾവഴി ചെലവഴിക്കുകയോ ചെയ്യുന്നില്ല. കിഫ്ബിയുടെ മിച്ചപണം ട്രിപ്പിൾ റേറ്റഡ് ആസ്തികളിൽ നിക്ഷേപിക്കുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകളിലൂടെ ഉറപ്പ് വരുത്തുന്ന സുരക്ഷിതത്വം കിഫ്ബിയിലെ നിക്ഷേപം ആകർഷകമാക്കുന്നു.

(ബി) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിനു പുറമെനിന്നും പണം കണ്ടെത്തുന്നതിന്റെ ഭാഗമായി കിഫ്ബി കെ.എസ്.എഫ്.ഇ.യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ്ഥലമേറ്റെടുപ്പ് ആവശ്യമായ പദ്ധതികൾ കണ്ടെത്തി, ഏറ്റെടുക്കേണ്ട സ്ഥലത്തിന് അതാത് ജില്ലാ കളക്ടർമാർ നിശ്ചയിച്ചിട്ടുള്ള തുകയുടെ മൂല്യമുള്ള ലാന്റ് ബോണ്ടുകൾ പുറപ്പെടുവിച്ച് സ്ഥലമുടമകൾക്ക് ആ തുകകൾ കിഫ്ബിയിൽ നിക്ഷേപിക്കാൻ കഴിയുന്ന രീതി തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനവും സർക്കാരിന്റെ പരിഗണനയിലാണ്. ലാന്റ് ബോണ്ടുകളുടെ കാലാവധി തീരുമ്പോൾ പലിശയുൾപ്പെടെയുള്ള തുക സ്ഥലമുടമകൾക്ക് ലഭ്യമാക്കുന്നതാണ്. ഇതിനുപുറമെ സാധാരണക്കാർക്ക് യൂണിറ്റ് രൂപത്തിൽ നിക്ഷേപിക്കാവുന്ന ഇൻഫ്രാസ്ട്രക്ചർ ഡെബ്റ്റ് ഫണ്ട് (IDF) സംവിധാനവും ആലോചനയിലുണ്ട്.

**ചരക്ക് സേവന നികുതി**

19 (4478) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ ഉൽപ്പന്നങ്ങൾക്ക് വില കുറയുമോ;

(ബി) ചരക്ക് സേവന നികുതി നിലവിൽ വരുന്നതിനുമുമ്പ് സിമന്റ് ഉൾപ്പടെയുള്ള സാധനസാമഗ്രികൾക്ക് വിലകൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള വിലവർദ്ധനവിനെതിരെ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലെ നിയമപ്രകാരം Input tax credit ലഭ്യമല്ലാത്ത നികുതികൾക്കും ചരക്ക് സേവന നികുതി (ജി.എസ്.ടി.) വരുമ്പോൾ credit ലഭിക്കും. ഇത് പൂർണ്ണമായും ഉപഭോക്താവിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ മിക്ക സാധനങ്ങൾക്കും വില കുറയുവാനാണ് സാധ്യത. അതിനായി ജി.എസ്.ടി. നിയമത്തിൽ 171 വകുപ്പ് പ്രകാരം Anti-profitering Authority രൂപീകരിക്കും. ഈ മേൽനോട്ട സംവിധാനത്തിലൂടെ ഉപഭോക്താവിന് ഗുണകരമായി വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രവുമല്ല ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിലവിൽ വരുമ്പോൾ സാധനങ്ങളുടെ ഉല്പാദനത്തിന്മേലും വിൽപ്പന മേലുമുള്ള നികുതികൾ ഏകീകരിക്കപ്പെടുന്നതിനാലും ഇന്ത്യ ഒറ്റക്കമ്പോളമായി മാറുകയും വ്യാപാരികൾ തമ്മിലുള്ള മൽസരം ഉണ്ടാകുകയും ചെയ്യുമെന്നതിനാലും വിലവർദ്ധനവിന് സാദ്ധ്യതയില്ലെന്നാണ് കരുതുന്നത്. ചരക്ക് സേവന നികുതി യിൽ നികുതിക്കുമേൽ നികുതി ചുമത്തുമ്പോൾ ഉള്ള cascading effect-ഉം ഉണ്ടാകുന്നില്ല.

**ട്രഷറി നവീകരണ നടപടികൾ**

20 (4479) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി സ്ഥിര നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) ട്രഷറികളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, തൃപ്തികരമായ രീതിയിൽ ഇടപെടുന്നതിനും നടപടികൾ ലഘൂകരിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുമോ ?

<u>ഉത്തരം</u>

(എ) ട്രഷറികളിൽ സ്ഥിരനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി മിക്ക ധനകാര്യ സ്ഥാപനങ്ങളും നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കാണ് സ്ഥിര നിക്ഷേപങ്ങൾക്ക് ട്രഷറി നൽകുന്നത്. സീനിയർ സിറ്റിസൺ പ്രായപരിധി 60 വയസ്സ് എന്നത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് ലഭിക്കുന്ന അര ശതമാനം (1/2%) അധിക പലിശ നൽകി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സ്ഥിര നിക്ഷേപമായി ട്രഷറിയിൽ തന്നെ സ്വീകരിക്കാൻ എടുത്ത നടപടിയും സ്ഥിരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്ന തിനായിരുന്നു. നിക്ഷേപകന് പലിശ നഷ്ടം കൂടാതെ കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപം പുതുക്കി നൽകാനുള്ള തീരുമാനവും ഇതിന്റെ ഭാഗമായിരുന്നു.

കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കി സ്ഥിര നിക്ഷേപങ്ങൾക്ക് പ്രതിമാസ പലിശ ലഭിക്കുന്നതിന് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയതും നിക്ഷേപ തീയതി മുതൽ ആ മാസം അവസാനം വരെയുള്ള കാലയളവിലേയ്ക്കുള്ള പലിശ അടുത്ത മാസം 1-ാം തീയതി നൽകുകയും തുടർന്നുള്ള പ്രതിമാസ പലിശ 1-ാം തീയതികളിൽ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനാൽ സേവിംഗ്സ് ബാങ്ക് പലിശ ലഭിക്കാൻ ഇടയാക്കുമെന്നതും ഏത് ട്രഷറിയിൽനിന്നും പലിശ കൈപ്പറ്റാൻ സാധിക്കും എന്നതും ട്രഷറി സ്ഥിരനിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന്റെ ഭാഗമായുള്ള നടപടിയുടെ ഭാഗമാണ്.

(ബി) ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദപരമായ സമീപനം സ്വീകരിക്കുന്നതിനും അതുവഴി നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇടപാടുകാരോട് തൃപ്തികരമായ രീതിയിൽ ഇടപെടുന്നതിനുതകുന്ന പരിശീലനങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. ട്രഷറികളെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഐ.എഫ്.എം.എസിന്റെ ഭാഗമായി കൂടുതൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതാണ്.

**അടൂർ മണ്ഡലത്തിലെ കിഫ്ബി മുഖാന്തരമുള്ള പ്രവൃത്തികൾ**

21 (4480) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിന് പരിഗണിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) അനുബന്ധ പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക

മണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽനിന്നും 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മ പരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം നൽകുന്ന പദ്ധതിക്ക് കിഫ്ബി ധനസഹായം നൽകുന്നു. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി* ലഭ്യമാക്കുന്നു.

(ബി-ഡി) 7-11-2016-ൽ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച ഒന്നാംഘട്ട പദ്ധതികളുടെ ടെണ്ടർ/സ്ഥലമേറ്റെടുപ്പ് നടപടികൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തന പുരോഗതി മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും ആനുകാലിക അവലോകനം നടത്തി വരുന്നുണ്ട്. പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. 21-3-2017-ൽ കൂടിയ കിഫ്ബോർഡിന്റെ 28-ാമത് ബോർഡ് യോഗം അംഗീകരിച്ച 2-ാം ഘട്ട പദ്ധതികളുടെ നടത്തിപ്പിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിനാവശ്യമായ നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

22 (T*4481) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പെൻഷൻകാർ എന്നീ വിഭാഗങ്ങളിൽ മൊത്തം എത്രപേർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും;

(ബി) ഇതിന് ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും എത്ര രൂപ വീതം ഇൻഷ്വറൻസ് പ്രീമിയമായി ഈടാക്കും; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതിയിലൂടെ ജീവനക്കാർക്കും പെൻഷൻകാർക്കും എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകും; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 487970 ജീവനക്കാർക്കും 499953 പെൻഷൻകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(ബി) ടെണ്ടർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിച്ചശേഷം പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(സി) എല്ലാ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ഈ പദ്ധതി സഹായകരമാകും.

## കേന്ദ്ര ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തിന് ലഭ്യമായ മൊത്തം സാമ്പത്തിക സഹായം

23 (4482) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ കേന്ദ്ര ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തിന് ലഭ്യമായ മൊത്തം സാമ്പത്തിക സഹായം എത്രയെന്നും ഏതെല്ലാം മേഖലകൾക്കാണ് വികസന സഹായങ്ങൾ ഉൾപ്പെടെ സാമ്പത്തിക സഹായം പ്രഖ്യാപിച്ചത് എന്നും മേഖലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016-17 വർഷം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായങ്ങളും ലഭ്യമായ സഹായവും മേഖലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം എന്നും 2016-17 വർഷത്തെ പദ്ധതികൾ ഏതെല്ലാം എന്നും എത്ര കേന്ദ്ര സഹായം ലഭിച്ചു എന്നും 2017-18 വർഷം ലഭ്യമായ പുതിയ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 2017-18 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം ഇനത്തിൽ 16,891.75 കോടി രൂപയും ധനസഹായമായി 11,243.71 കോടി രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2016-17 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം ഇനത്തിൽ 14,282 കോടി രൂപയും ധനസഹായമായി 11,361.72 കോടി രൂപയും ലഭിക്കുമെന്ന്

പ്രതീക്ഷിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരം 2016 ഡിസംബർ 31 വരെ ഇവ ഓരോ ഇനത്തിലും ലഭിച്ച തുക യഥാക്രമം 9567.59, 5347.70 കോടി രൂപയുമാണ്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

24 (4483) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ നല്കാനുണ്ടായിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക (ഇനം തിരിച്ച്) എത്ര എന്നും, ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയത് എത്ര എന്നും കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകുവാനുണ്ടായിരുന്നത് എത്ര എന്നും വെയ്സ് & മീൻസ്, ട്രഷറികൃ എത്ര എന്നും വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ / ക്ഷേമനിധികൾ / ബോർഡുകൾ തുടങ്ങി സമാഹരിച്ചതും അവർക്ക തിരികെ നൽകുവാനുള്ള മൊത്തം തുക എത്ര എന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ ഇതുവഴി കൊടുക്കാനുണ്ടായിരുന്ന ബാധ്യത എത്ര എന്നും ആയത് ഉൾപ്പെടെയുള്ള മൊത്ത കടബാധ്യത എത്ര എന്നും വ്യക്തമാക്കുമോ;

(സി) കുടിശ്ശിക നല്കുവാനായി ധനകാര്യ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്നും എന്ത് തുക നാളിതുവരെ ഏതെല്ലാം വിഭാഗങ്ങൾക്ക് നല്കി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| 2016-ൽ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ നൽകുവാനുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക | കർഷകത്തൊഴിലാളി പെൻഷൻ 1106995200 രൂപ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ- 7883934550 രൂപ<br><br>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ- 1052972525 രൂപ<br><br>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ -4926763025 രൂപ<br><br>50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ- 277734700 രൂപ<br><br>ആകെ -1525,34,00,000 രൂപ |
| ഇലക്ട്രോണിക്സ് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയത് | 1,431 കോടി രൂപ |
| കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകുവാനുണ്ടായിരുന്നത് | 1,775.59 കോടി രൂപ |
| വെയ്സ് & മീൻസ് ട്രഷറി ക്യൂ | 800 കോടി രൂപ |
| വിവിധ പൊതു മേഖലാസ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽ നിന്നും സമാഹരിച്ചതും അവർക്ക് തിരികെ നൽകുവാനുള്ള മൊത്തം തുക | 1,365 കോടി രൂപ |

(ബി)

| | |
|---|---|
| കഴിഞ്ഞ സർക്കാർ ഇതുവഴി | 6,896.93 കോടി രൂപ |

| | |
|---|---|
| കൊടുക്കാനുണ്ടായിരുന്ന ബാധ്യത | |
| മൊത്ത കടബാധ്യത പൊതുകടം(തനി) | 78,697.08 കോടി രൂപ |

(സി) കുടിശ്ശിക നൽകുവാനായി ധനകാര്യ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. പിരിവ് 'എ' ൽ സൂചിപ്പിച്ചിട്ടുള്ള കുടിശ്ശികകളിൽ സുരക്ഷാ പെൻഷൻ, കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകാനുണ്ടായിരുന്ന വെയ്സ് & മീൻസ് ട്രഷറി ക്യൂ എന്നിവ പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. ഇലക്ട്രോണിക്സ് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയതിൽ 1,204.43 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ക്ഷേമനിധികൾ/ബോർഡുകൾ എന്നിവയിൽ നിന്നുമുള്ള സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മാറിനൽകി വരുന്നുണ്ട്.

വിവിധ വിഭാഗങ്ങൾക്ക് നൽകിയ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ- 1525 കോടി രൂപ

കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും നൽകിയത്-1,775.59 കോടി രൂപ

വെയ്സ് & മീൻസ് , ട്രഷറി ക്യൂ-800 കോടി രൂപ

**കാരുണ്യ ബെനവലന്റ് ഫണ്ട്**

25 (4484) പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 വർഷത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സംസ്ഥാനത്ത് സഹായം അനുവദിച്ചവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽനിന്ന് എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; എത്ര തുക വിതരണം ചെയ്തു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ 42539 അപേക്ഷകർക്കായി 346.02 കോടി രൂപയും 2016-17-ൽ 32321 അപേക്ഷകർക്കായി 369.43 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി ചികിത്സാ ധനസഹായത്തിനായി 2015-16-ൽ 3330 അപേക്ഷകളും 2016-17-ൽ 3573 അപേക്ഷകളും ലഭിച്ചു.

2015-16-ൽ 23,14,40,489 രൂപയും 2016-17-ൽ 8,33,71,029 രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2016-17-ൽ മുൻകൂർ അനുമതി പ്രകാരം ചികിത്സ ലഭ്യമാക്കിയ കേസുകളിൽ സർക്കാർ ആശുപത്രികൾക്ക് അടക്കം 36,68,53,752 രൂപ നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇവയിൽ മിക്ക കേസുകളിലും അപേക്ഷകർക്ക് കാരുണ്യ സഹായ നിധി പ്രകാരമുള്ള ചികിത്സ ലഭ്യമാക്കി കഴിഞ്ഞതാണ്.

### കാരുണ്യ ബെനവെലന്റ് ഫണ്ട്

26 (4485) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് മംഗലാപുരത്തെ ആശുപത്രി കളിൽ ചികിത്സ തേടുന്നവർക്ക് സഹായം നൽകുന്നത് സംബന്ധിച്ച് എടുത്ത തീരുമാനത്തിന്റെ വിശദാംശം അറിയിക്കുമോ;

(ബി) കെ.ബി.എഫ്. - സംസ്ഥാനതല സമിതി തീരുമാനപ്രകാരം പ്രസ്തുത സഹായ പ്രകാരമുള്ള ചികിത്സക്ക് പ്രത്യേക അനുമതി തേടണമെന്നതിന്റെ വിശദാംശം അറിയിക്കുമോ;

(സി) മംഗലാപുരത്ത് ചികിത്സ തേടുന്ന അർഹതപ്പെട്ട മുഴുവൻ രോഗി കൾക്കും പ്രസ്തുത ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുള്ളതിനാൽ കർണ്ണാടക സംസ്ഥാനത്തിലെ ആശുപത്രികളെ കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### കാരുണ്യ ബെനവലന്റ് ഫണ്ട്

27 (4486) ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് കൈകാര്യം ചെയ്യുന്ന ജില്ലാ ആഫീസുകളിൽ എത്ര താൽക്കാലിക ഒഴിവുകൾ നികത്തപ്പെടാനുണ്ട് ;

(ബി) ഏതെല്ലാം ജില്ലാ ആഫീസുകളിലാണ് ഒഴിവുകൾ നികത്തപ്പെടാനുള്ളത് ;

(സി) ലഭിച്ച അപേക്ഷകളിൽ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതിനായി അടിയന്തരമായി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് കൈകാര്യം ചെയ്യുന്ന ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ 5 ലെയിസൺ ഓഫീസർമാരുടെ താൽക്കാലിക ഒഴിവുകൾ നികത്തപ്പെടാനുണ്ട്.

(ബി) ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് ലെയ്സൺ ഓഫീസർമാരുടെ ഒഴിവുകൾ നികത്തപ്പെടാനുള്ളത്.

(സി) ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതിനായി സോഫ്റ്റ്‌വെയർ നവീകരണം ആരംഭിച്ചിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

28 (4487) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് വിതരണത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ക്രമക്കേടുകൾ നടന്നതായി പറയപ്പെടുന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ ഒരു പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടക്കുന്നുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 2011-2016 കാലയളവിൽ കാരുണ്യ ലോട്ടറി ഫണ്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. ജി. സുരേഷ് കുമാർ എന്നയാൾ ബഹു. വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. നമ്പർ 165/16 എന്ന പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു സത്വര അന്വേഷണം നടത്തി, തുടർ നടപടികൾ ആവശ്യമില്ലായെന്ന ശിപാർശയോടെ 13-3-2017-ൽ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല.

കൂടാതെ കാരുണ്യ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട് യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ ഒന്നും കണ്ടെത്താത്തതിനാൽ തുടർ നടപടി അവസാനിപ്പിക്കുകയുമുണ്ടായി. കാരുണ്യാ പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ വാങ്ങിയതിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും കുറ്റാരോപിതർക്ക് വകുപ്പുതല നടപടി ശിപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത ശിപാർശ തുടർ നടപടികൾക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്.

**ശ്രീറാം കമ്മിറ്റിയുടെ ശിപാർശകൾ**

29 (4488) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ.വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്രീറാം കമ്മിറ്റിയുടെ ശിപാർശകൾ ലഭ്യമായിട്ടുണ്ടോ;

(ബി) സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനായി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ റെഗുലേഷൻ അതോറിറ്റി രൂപീകരിക്കണമെന്ന ശിപാർശ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അതോറിറ്റിയുടെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ട് 28-4-2017-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി&സി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ**

30 (4489) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) ന്റെ നിയമാവലി, സർവ്വീസ് നിയമങ്ങൾ തുടങ്ങിയവയിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗിഫ്റ്റ് ഡയറക്ടറുടെ പ്രായപരിധി 65 വയസ്സിൽ നിന്ന് ഉയർത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഗവേർണിംഗ് ബോഡിക്ക് കൂടുതൽ അധികാരങ്ങൾ നൽകി ഗിഫ്റ്റിനെ സർക്കാർ നിയന്ത്രണത്തിൽ നിന്നും മാറ്റാൻ പദ്ധതിയുണ്ടോ;

(ഡി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന് സ്വതന്ത്ര ചെയർമാനെ നിയമിക്കുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 ഡിസംബർ മാസം 5-ാം തീയതി കൂടിയ 'ഗിഫ്റ്റ്'-ന്റെ ഭരണ സമിതിയുടെ തീരുമാനപ്രകാരം സ്ഥാപനത്തിന്റെ നിലവിലുള്ള നിയമാവലിയിലും സർവ്വീസ് ചട്ടങ്ങളിലും കൂടുതൽ വ്യക്തത വരുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 'ഗിഫ്റ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിലും നിയമാവലിയിലും ഗിഫ്റ്റ് ഡയറക്ടറുടെ പ്രായപരിധിയെക്കുറിച്ച് പരാമർശമില്ലാത്തതിനാൽ ഈ വിഷയത്തിൽ വ്യക്തത വരുത്തുവാൻ ആലോചിക്കുന്നുണ്ട്. എന്നാൽ പ്രായപരിധി എത്രയാണെന്നുള്ളതിനെക്കുറിച്ച് ഗിഫ്റ്റിന്റെ ഭരണസമിതി കൂടി പരിശോധിച്ചതിന് ശേഷമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഗിഫ്റ്റ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ**

31 (4490) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ "കിഫ്ബി" അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് മാസം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ്ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4022.08 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽ മുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*. കിഫ് ബോർഡ് അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി&സി) 7-11-2016-ൽ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ ടെൻഡർ/സ്ഥലമേറ്റെടുപ്പ് നടപടികൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ സ്വീകരിച്ചു വരുന്നു. ഈ നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തന പുരോഗതി മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും ആനുകാലിക അവലോകനം നടത്തി വരുന്നുണ്ട്. പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. 21-3-2017-ൽ കൂടിയ കിഫ്ബോർഡിന്റെ 28-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ നടത്തിപ്പിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ പ്രാരംഭ നടപടികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തീകരിക്കുന്ന മുറയ്ക്ക് അവയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമുള്ളതായി കരുതുന്നില്ല.

**ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ**

32 (4491) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർക്ക് ലഭിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപയായി കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പെൻഷൻ കാരുടെ നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജൂൺ മുതൽ പ്രതിമാസം 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 1,000 രൂപയായും ഏപ്രിൽ 2017 മുതൽ പ്രതിമാസം 1,100 രൂപയായും ഉയർത്തുക യുണ്ടായി. എന്നാൽ നിലവിൽ സർക്കാർ ധനസഹായത്തോടെ നൽകുന്ന ക്ഷേമനിധി പെൻഷനും ഒന്നോ അതിലധികമോ സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങിവന്നിരുന്നവർക്ക് രണ്ട് പെൻഷൻ വാങ്ങാമെന്നും ഇതിൽ ക്ഷേമനിധി പെൻഷൻ ഉയർത്തിയ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഉയർത്തുന്നതിന് മുമ്പുള്ള പ്രതിമാസം 600 രൂപ നിരക്കിലും തുടർന്നും ലഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അംഗപരിമിത പെൻഷൻ വാങ്ങുന്ന വർക്ക് ഉയർത്തിയ നിരക്കിൽ മറ്റൊരു പെൻഷനും കൂടി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ളവർക്ക് ക്ഷേമനിധി പെൻഷന് പുറമേ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ ഉയർന്ന നിരക്കിൽ ലഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**എലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

33 (4492) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തേയോ ജില്ലയേയോ മാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4022.08 കോടി രൂപ മുതൽ മുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽ മുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്കു വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*. കിഫ് ബോർഡ് അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നിർവ്വഹണ സംവിധാനമേർപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ബില്ലുകൾ ലഭിക്കുന്ന മുറയ്ക്കേ കിഫ്ബിയിൽനിന്നും നേരിട്ട് തുകകൾ അനുവദിച്ച് തുടങ്ങുകയുള്ളൂ.

## പങ്കാളിത്ത പെൻഷൻ പദ്ധതി

34 (4493) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പുനഃസ്ഥാപിച്ച് നൽകിയ ഡി.സി.ആർ.ജി., കുടുംബ പെൻഷൻ, എക്സ്-ഗ്രേഷ്യ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ കേരളത്തിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അതേ രീതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നൽകുന്ന കാര്യം അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ&ബി) അനുവദിച്ച് നൽകിയിട്ടില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

35 (4494) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതി ഗവൺമെന്റ് ജീവനക്കാർക്കും, അദ്ധ്യാപകർക്കും എന്ന് മുതലാണ് ആരംഭിച്ചിട്ടുള്ളത് ; ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എത്ര ഗവൺമെന്റ് ജീവനക്കാരും, അദ്ധ്യാപകരും ഉൾപ്പെട്ടിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 7-1-2013-ലെ സ.ഉ. (പി) നമ്പർ 20/2013/ധന. ഉത്തരവ് പ്രകാരം 1-4-2013 മുതൽ സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ നിയമിതരാകുന്നവർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

(ബി) എൻ.എസ്.ഡി.എൽ.-ൽനിന്നും ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം മാർച്ച് 2017 വരെ സംസ്ഥാനത്ത് ആകെ 49173 ജീവന ക്കാരാണ് ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്.

**കിഫ്ബിയുടെ രണ്ടാംഘട്ട പദ്ധതികൾ**

36 (4495) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി രണ്ടാം ഘട്ടമായി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബിയുടെ ഡയറക്ടർ ബോർഡ് യോഗം മേയ് മാസത്തിൽ ചേരുന്നുണ്ടോ; പ്രസ്തുത യോഗം പരിഗണിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മാളിയേക്കൽ ലെവൽ

ക്രോസിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി കിഫ്ബിയുടെ ഡയറക്ടർ ബോർഡ് പരിഗണിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ?

ഉത്തരം

(എ) 21-3-2017-ൽ കൂടിയ കിഫ്ബോർഡിന്റെ 28-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള 2-ാമത് യോഗം) വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചിട്ടുള്ളതും കിഫ്ബി മുഖേന രണ്ടാം ഘട്ടമായി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളതുമായ 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി) കിഫ്ബിയുടെ ഡയറക്ടർ ബോർഡ് യോഗം 2017 മേയ് 31-ന് കൂടാൻ നിലവിൽ തീരുമാനമായിട്ടുണ്ട്. കിഫ് ബോർഡിന് മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന പദ്ധതികളിൽ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായവയുടെ അവലോകനം നടന്നുവരുന്നു. ബോർഡ് അംഗീകരിച്ചതിശേഷം പദ്ധതികളുടെ പട്ടിക ലഭ്യമാക്കുന്നതാണ്.

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മാളിയേക്കൽ ലെവൽ ക്രോസിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി ബന്ധപ്പെട്ട ഭരണ വകുപ്പ് കിഫ്ബിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ പദ്ധതി വിശദീകരണ റിപ്പോർട്ടിന്റെ അവലോകനം കിഫ്ബിയിലെ പദ്ധതി അവലോകന വിഭാഗം നടത്തിവരുന്നു.

## മാവേലിക്കര മണ്ഡലത്തിൽ എൽ.എ.സി.- എ.ഡി.എസ്.-ൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

37 (4496) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാനുള്ളവയ്ക്ക് 2017 മേയ് 30-ന് മുൻപായി ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

29-3-2017-ലെ സർക്കുലർ നമ്പർ 19/2017/ധന. ഉത്തരവ് പ്രകാരം 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള തീയതി 31-5-2017 വരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ് സഹിതം ഭരണ വകുപ്പ് ശിപാർശയോടുകൂടി ലഭ്യമാക്കുന്ന മുറയ്ക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതാണ്.

## ആസ്തി വികസന, പ്രത്യേക വികസന ഫണ്ടുകളിലെ പ്രവൃത്തികൾ

38 (4497) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-16-ൽ പാറശ്ശാല എം.എൽ.എ.യുടെ ആസ്തിവികസന, പ്രത്യേക വികസന ഫണ്ടുകളിൽനിന്നും ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന വിവരം നൽകാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചു; ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത് ; അവയുടെ നിലവിലെ സ്ഥിതി ; എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2012-16 കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി/പ്രത്യേക വികസനനിധി എന്നിവ പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

## സ്പാർക്ക് സർവ്വറിന്റെ ശേഷിക്കുറവ്

39 (4498) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ ശേഷിക്കുറവുമൂലം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള കുടിശ്ശിക ബില്ലുകൾ തയ്യാറാക്കുന്നതിന് നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടുവോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തെ ക്ഷേമ പെൻഷനുകൾ**

40 (4499) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമ പെൻഷനുകൾ തുലോം തുച്ഛവും ഒരു വ്യക്തിയുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾപോലും നിറവേറ്റുന്നതിന് പര്യാപ്തവുമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാന ചെലവുകൾക്കെങ്കിലും പര്യാപ്തമാകുന്ന വിധത്തിൽ ക്ഷേമ പെൻഷനുകളെ പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ക്ഷേമ പെൻഷനുകൾ തുലോം തുച്ഛവും ഒരു വ്യക്തിയുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾപോലും നിറവേറ്റുന്നതിന് പര്യാപ്തവുമല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെടുകയും 2016 ജൂൺ മുതൽ പ്രതിമാസ പെൻഷൻ 600-ൽ നിന്ന് തുക 1000 രൂപയും 2017 ഏപ്രിൽ മുതൽ പ്രതിമാസം 1100 രൂപയായും ഉയർത്തിയിട്ടുണ്ട്. മുൻപ് നൽകിയതിന്റെ ഏതാണ്ട് ഇരട്ടിയോളം വരും ഇത്.

(ബി) ക്ഷേമ പെൻഷനുകൾ പടിപടിയായി ഉയർത്തിക്കൊണ്ടുവരികയെന്ന നയത്തിന്റെ ഭാഗമായിട്ടാണ് ആദ്യ വർഷം തന്നെ ഗണ്യമായ വർദ്ധന വരുത്തി യിട്ടുള്ളത്.

**സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ**

41 (4500) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ ബാങ്കുകളിൽനിന്നും എൽ.ഐ.സി. പോലുള്ള സ്ഥാപന ങ്ങളിൽനിന്നും ഉയർന്ന പലിശ നിരക്കിൽ ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ള സർക്കാർ ജീവനക്കാരുടെ ഭവന വായ്പ സർക്കാർ എച്ച്.ബി.എ.യിലേക്ക് മാറ്റുന്നതിന് ഉത്തരവുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 12-11-2009 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 505/2009/ധന പ്രകാരം സർക്കാർ ജീവനക്കാർ ബാങ്കിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ

നിന്നോ എടുത്ത ഭവന വായ്പ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയിലേക്ക് മാറ്റുന്നതിന് നിലവിൽ ഉത്തരവില്ല. ടി ഉത്തരവിലെ രണ്ടാമത്തെ ഖണ്ഡികയിലെ ഏഴാമത്തെ വ്യവസ്ഥ, ബാങ്കുകളിൽ നിന്നുള്ള വായ്പ ഏറ്റെടുക്കുകയില്ല എന്നതാണ്. 2002-ൽ നിർത്തലാക്കിയിരുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതി 12-11-2009-ലെ സ.ഉ.(അച്ചടി) നമ്പർ 505/2009/ധന പ്രകാരം പുനഃസ്ഥാപിച്ചു. അപേക്ഷകന്റെയോ/ അപേക്ഷകയുടേയോ ഭാര്യയുടേയോ/ഭർത്താവിന്റേയോ പ്രായപൂർത്തിയാകാത്ത മക്കളുടെ പേരിലോ ഭവനമില്ല എന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിലും ആധാര മുൾപ്പെടെയുള്ള രേഖകളുടെ അടിസ്ഥാനത്തിലുമാണ് വായ്പ അനുവദിക്കുന്നത്.

(ബി) സർക്കാർ ജീവനക്കാർ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തി ട്ടുള്ള ഉയർന്ന പലിശ നിരക്കിലുള്ള ഭവന വായ്പ എച്ച്.ബി.എ.യിലേക്ക് മാറ്റുന്നത് പരിഗണനയിലില്ല എന്നറിയിക്കുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ**

42 (4501) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ എത്ര രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കാണ് കിഫ്ബി അനുമതി നൽകുന്നത്;

(ബി) 20 കോടി രൂപ അനുവദിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയിൽ ഡി.പി.ആർ. പ്രകാരം വ്യത്യാസം വന്നാൽ അത്തരം പ്രവൃത്തികൾക്ക് അനുമതി നൽകുമോ;

(സി) പ്രഖ്യാപിച്ച പദ്ധതിയോടൊപ്പം സമാന സ്വഭാവമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി നിശ്ചിത തുകയ്ക്കുള്ള പദ്ധതികൾ സമർപ്പിച്ചാൽ പരിഗണിക്കുമോ?

ഉത്തരം

(എ) ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം 100 കോടി രൂപയിൽ കവിയുന്ന മൂല്യമുള്ള പദ്ധതികളാണ് കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കേണ്ടത്. മൂല്യം കണക്കാക്കുന്നതിലേക്കായി പത്ത് കോടി രൂപയിൽ കുറയാത്ത പദ്ധതികൾ ട്രാഞ്ചസ് ആയി തരംതിരിക്കാവുന്നതും അവയിലോരോന്നും നൂറ് കോടി രൂപയിൽ കവിയുന്ന മൂല്യമുള്ളതും ആയിരിക്കേണ്ടതാണ്. ഇത്തരം പദ്ധതി നിർദ്ദേശങ്ങൾ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതി വിശദാംശങ്ങളോടൊപ്പം കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷം കിഫ്ബിയിലെ പ്രോജക്ട് അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പി ക്കുന്നതാണ്.

(ബി) ചോദ്യം (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ 20 കോടി രൂപ മൂല്യമുള്ള ട്രാഞ്ചസ് ആയി തരംതിരിക്കപ്പെട്ട പദ്ധതിയുടെ ഡി.പി.ആർ. പ്രകാരമുള്ള മൂല്യം പത്ത്കോടി രൂപയിൽ കുറയാത്തതാണെങ്കിൽ അത്തരം പദ്ധതികൾ ട്രാഞ്ചസ് ആക്കപ്പെട്ട 100 കോടി രൂപയിൽ കവിയുന്ന മൂല്യമുള്ള പദ്ധതികളോടൊപ്പം അവലോകനം നടത്തിയശേഷം കിഫ്ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം പത്ത്കോടി രൂപയിൽ കുറഞ്ഞ മൂല്യമുള്ള ട്രാഞ്ചസ് ആയി തരംതിരിക്കപ്പെട്ട പദ്ധതികൾ കിഫ് ബോർഡ് പരിഗണിക്കുന്നതല്ല. എന്നാൽ ആരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ മേഖലകളിലെ പദ്ധതികളിലെ കുറഞ്ഞ മൂല്യമുള്ള യൂണിറ്റുകളെ ഏകോപിപ്പിച്ച് 10 കോടി രൂപ മൂല്യത്തിൽ കുറയാത്ത ട്രാഞ്ചസ് ആയും പരിഗണിക്കുന്നതാണ്.

(സി) 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന ഉത്തരവ് പ്രകാരം വാർഷിക ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതോ ആയ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. പ്രഖ്യാപിച്ച പദ്ധതിയോടൊപ്പം സമാന സ്വഭാവമുള്ളതോ മറ്റേതെങ്കിലും പ്രവൃത്തിയോ കിഫ്ബി മുഖേന നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ അത്തരം പ്രവൃത്തികൾ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടുകൂടി മന്ത്രിസഭാ യോഗം പരിഗണിക്കേണ്ടതും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള പദ്ധതി വിശദാംശങ്ങളുൾപ്പെടെ ബോർഡിന്റെ പരിഗണനയ്ക്കായി കിഫ്ബിയിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ടി സമാന സ്വഭാവമുള്ള പ്രവൃത്തികൾ 100 കോടി രൂപ മൂല്യത്തിൽ കുറയാത്ത ഏതെങ്കിലും കിഫ്ബി പദ്ധതിയുടെ ഭാഗമായിരിക്കണം.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

43 (4502) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 ബജറ്റിൽ മാവേലിക്കര മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയ എത്ര പദ്ധതികൾക്ക് കിഫ്ബി ബോർഡ് അനുമതി നല്കിയിട്ടുണ്ട്;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബി ബോർഡ് അനുമതി നല്കിയിട്ടില്ല എന്നും ആയതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ എല്ലാ പ്രവൃത്തികൾക്കും അനുമതി ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കിഫ്ബിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഒരു ജില്ലയുടെയോ ഒരു നിയോജകമണ്ഡലത്തിന്റെയോ വികസനമുദ്ദേശിച്ചല്ല, മറിച്ച് സംസ്ഥാനത്തിന്റെ സമഗ്രമായ വികസനമാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. 2016-17, 2017-18 ബജറ്റിൽ കിഫ്ബിയിലൂടെ നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക യഥാക്രമം അനുബന്ധം (എ), (ബി) ആയി ചേർത്തിട്ടുണ്ട്.* പുനഃസംഘടിപ്പിച്ച കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെയും 28-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെയും പട്ടിക യഥാക്രമം അനുബന്ധം (സി), (ഡി) ആയി ചേർത്തിട്ടുണ്ട്.*

(ബി&സി) വാർഷിക ബജറ്റിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളും കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിന് 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന. ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കിഫ്ബിയിൽ സമർപ്പിക്കുന്ന പദ്ധതികളുടെ വിശദമായ അവലോകനം നടത്തിയതിനുശേഷം കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായ പദ്ധതികൾ കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം**

44 (4503) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപത്തെ അടിസ്ഥാനമാക്കിയാണോ ഈ വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം വിഭാവനം ചെയ്തിട്ടുള്ളത് ; എങ്കിൽ ഏകദേശം എത്ര രൂപയുടെ നിക്ഷേപമാണ് ഈ വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി പ്രതീക്ഷിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നാളിതുവരെ കിഫ്ബിയിലേക്ക് യാതൊരു തുകയും നിക്ഷേപമായി ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഈ വർഷത്തെ കിഫ്ബി പ്രകാരം വിഭാവനം ചെയ്ത പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) കിഫ്ബിയിൽ നിക്ഷേപമായി ഈ വർഷം എന്ത് തുക സമാഹരിക്കാൻ കഴിയും ; ഈ തുക ഏത് തീയതിയിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി നിധിയിൽ ലഭ്യമായ നിക്ഷേപത്തെ അടിസ്ഥാനപ്പെടുത്തിയല്ല കിഫ്ബിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ചെലവ് വിഭാവനം ചെയ്തിട്ടുള്ളത്. 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് സ്ഥലമേറ്റെടുപ്പലിനാവശ്യമായ തുകയുൾപ്പെടെ 20,000 കോടി രൂപയുടെ പദ്ധതികളും 2017-18-ലെ ബജറ്റ് പ്രഖ്യാപനമനുസരിച്ച് 25,000 കോടി രൂപയുടെ പദ്ധതികളുമാണ് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ കിഫ് ബോർഡിന്റെ 27-ാമതും 28-ാമതും ബോർഡ് യോഗങ്ങൾ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന. ഉത്തരവുപ്രകാരം യോഗ്യമായ 12,063.73 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷം അംഗീകരിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനുള്ള ആദ്യഗഡു ധനസഹായം നൽകാൻ കിഫ്ബിയിൽ ഇതുവരെ ലഭ്യമായിട്ടുള്ള ആകെ തുകയായ 3227.94 കോടി രൂപ പര്യാപ്തമാണ്. കിഫ്ബിയിലുൾപ്പെടുത്തിയ പദ്ധതികളുടെ നടത്തിപ്പിനായി ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരമുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ പാലിച്ചുകൊണ്ട് ആവശ്യാനുസരണം കിഫ്ബി ധനസമാഹരണം നടത്തുന്നതാണ്.

(ബി) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടിയെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻവർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ

അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ ആദ്യ പാദ ചെലവുകൾക്ക് മേൽ പ്രതിപാദിച്ചിട്ടുള്ള വിഹിതം പര്യാപ്തമാണ്. ഇതിന് പുറമെ ആവശ്യമായി വരുന്ന തുകയനുസരിച്ച് നിക്ഷേപ സമാഹരണം നടത്തുന്നതാണ്.

(സി) കിഫ്ബിയിലൂടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ബജറ്റിന് പുറമെ നിന്നും പണം കണ്ടെത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുന്നതിനും ലാന്റ് ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷത്തെ മോട്ടോർ വാഹന നികുതിയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ് തുകയും കിഫ്ബി നിധിയിലേയ്ക്ക് ഈ വർഷവും ലഭ്യമാകുന്നതാണ്. കൂടാതെ പദ്ധതി നടത്തിപ്പിന് അധികമായി ആവശ്യം വരുന്ന തുക ഭേദഗതി ചെയ്ത കിഫ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള അനുയോജ്യമായ ധനസമാഹരണ മാർഗ്ഗങ്ങൾവഴി സമാഹരിക്കുന്നതാണ്. നിലവിൽ കിഫ്ബിയിൽ ലഭ്യമായ തുകയ്ക്ക് പുറമെ പദ്ധതി നിർവ്വഹണ പുരോഗതിയനുസരിച്ച് ആവശ്യമായി വരുന്ന മുഴുവൻ തുകയും ടി മാർഗ്ഗേണ സമാഹരിക്കാൻ കഴിയുന്നതാണ്.

**നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

45 (4504) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ നികുതി വരുമാനം ലഭിച്ചത് ഏത് വർഷമാണ് ; എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതി വരുമാന ചോർച്ചയുടെ കാരണങ്ങൾ വിശദമാക്കുമോ; ആയത് പരിഹരിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഫലം ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2011 മുതൽ 2016 ഡിസംബർ 31 വരെ ലഭിച്ച തനത് നികുതി വരുമാനം പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ നികുതി വരുമാനം ലഭിച്ചത് 2015-16 സാമ്പത്തിക വർഷമാണ്. പ്രസ്തുത സാമ്പത്തിക വർഷം മുൻവർഷത്തെ അപേക്ഷിച്ച് 10.67 ശതമാനം വളർച്ച നേടുവാൻ കഴിഞ്ഞു.

(ബി) ബാർ ഹോട്ടലുകൾ നിർത്തലാക്കിയതും നോട്ട് നിരോധനവും സിമന്റ്, അയൺ ആന്റ് സ്റ്റീൽ, ടൈൽസ്, ടിംബർ എന്നിവയുടെ വരുമാനത്തിൽ വന്ന കുറവും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചു.

ആയത് പരിഹരിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

10. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽവരുത്തി.

12. അന്തർ സംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

13. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലുമുള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്ന തിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്ന തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

15. റെയിൽവേവഴി സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.

17. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കുകടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡു കളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

18. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്.

19. മോട്ടോർ വാഹന വകുപ്പിൽ വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി, പർച്ചേസ് വാല്യു എന്നിവ കുറച്ച് കാണിച്ച് നികുതി വെട്ടിക്കുന്നത് തടയുന്നതിനായി ആഭ്യന്തര പരിശോധനാ വിഭാഗം ശക്തിപ്പെടുത്തി.

മേൽ പ്രസ്താവിച്ച നടപടികളുടെ ഫലമായി 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98 ശതമാനം വളർച്ച നേടാൻ കഴിഞ്ഞു.

## സർക്കാരിന്റെ പൊതുസാമ്പത്തിക സ്ഥിതി

46 (4505) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരം ഒഴിയുന്ന സമയത്ത് പൊതുകടം, റവന്യൂകമ്മി, ആളോഹരി കടം എന്നിവ എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ധനക്കമ്മി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനുള്ള ധനകാര്യ സൂചകങ്ങൾ അനുസരിച്ച് 2017 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 31-3-2016 തീയതിയെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,57,370.32 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി 9,656.81 കോടി രൂപയും ആളോഹരി കടം 46,058 രൂപയുമാണ്.

(ബി) 2011 മുതൽ 2016 വരെയുള്ള സംസ്ഥാനത്തിന്റെ ധനകമ്മി ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | ധനക്കമ്മി | വർഷം | ധനകമ്മി |
|---|---|---|---|
| 2010-11 | 7730.45 | 2013-14 | 16944.12 |
| 2011-12 | 12814.77 | 2014-15 | 18641.73 |
| 2012-13 | 15002.46 | 2015-16 | 17818.39 |

(സി) 2017 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ അന്തിമ കണക്ക് ഇതുവരെ ലഭ്യമായിട്ടില്ല. 2016-17-ലെ Revised Estimate (RE) അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനുള്ള പ്രധാന ധനസൂചകങ്ങൾ അനുസരിച്ച് 2017 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഇനം | 2016-17 RE |
|---|---|
| Gross Fiscal Deficit as % of GSDP | 3.53% |
| Revenue Deficit as % of GSDP | 2.10% |
| Primary Deficit as % of GSDP | 1.67% |
| Total Debt Stock as % of GSDP | 27.27% |
| Interest payment as % of Revenue receipts | 15.36% |

**അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനം**

47 (4506) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ സംസ്ഥാന ബജറ്റിൽ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യമിട്ട വരുമാനം എത്രയായിരുന്നു ;

(ബി) പ്രസ്തുത ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിയോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2016-17-ലെ സംസ്ഥാന ബജറ്റിൽ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ലക്ഷ്യമിട്ട വരുമാനം 805 കോടി രൂപയായിരുന്നു. അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിലൂടെ ലഭിച്ച വരുമാനത്തിന്റെ കണക്കുകൾ പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ ലഭിച്ച ആകെ തനത് റവന്യൂ വരുമാനം 35492.2 കോടി രൂപയാണ്.

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി**

48 (T 4507) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വിദ്യാഭ്യാസ വായ്പ അനുവദിച്ച ബാങ്കുകൾക്ക് എത്ര രൂപ കിട്ടാക്കട മായുണ്ട്;

(സി) ദേശസാൽകൃത ബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) തിരിച്ചടവ് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 16-5-2017-ലെ ജി.ഒ. (പി) നമ്പർ 65/2017/ധന. പ്രകാരം വിദ്യാഭ്യാസവായ്പ തിരിച്ചടവ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്ന തിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- 1-4-2016-നുമുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷ ത്തേയ്ക്ക് വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്ന തായിരിക്കും.

- 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് സർക്കാർ സഹായം നൽകുന്നതാണ്.

- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

- മാനേജ്മെന്റ് /എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.

- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണ്.

- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഈ സ്കീം പ്രകാരം ഇന്ത്യയിലെ ആദ്യത്തെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.
- 1-4-2016-ൽ വാർഷിക കുടുംബ വരുമാനം ആറ് ലക്ഷത്തിൽ കവിയാത്ത വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് ഉയർന്ന വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

(ബി&സി) വിദ്യാഭ്യാസ വായ്പ അനുവദിച്ചയിനത്തിൽ പൊതുമേഖലാ ബാങ്കുകൾക്ക് 1,166 കോടി രൂപയും സ്വകാര്യ ബാങ്കുകൾക്ക് 149 കോടി രൂപയും സഹകരണ ബാങ്കുകൾക്ക് 43 കോടി രൂപയുമായി ആകെ 1,358 കോടി രൂപയാണ് ബാങ്കുകൾക്ക് കിട്ടാക്കടമായുള്ളത്.

(ഡി) കുടുംബ വാർഷിക വരുമാനം, വായ്പാ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിക്കുള്ള ആനുകൂല്യത്തിന് വിദ്യാർത്ഥികൾ അർഹരാകുന്നത്. ആയതിനാൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകുന്ന മുറയ്ക്ക് മാത്രമേ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഇ) സംസ്ഥാനത്തെ വിവിധ ബാങ്കുകളുമായി സഹകരിച്ച് ധനകാര്യ വകുപ്പ് നേരിട്ട് നടത്തുന്ന ഒരു പദ്ധതിയാണിത്. 16-5-2017-ലെ ജി.ഒ. (പി) നമ്പർ 65/2017/ധന പ്രകാരം ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്.

**റബ്ബർ കച്ചവടം നടത്താൻ കഴിയാത്ത സാഹചര്യം ഒഴിവാക്കാൻ നടപടി**

49 (4508) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വ്യാപാരികളിൽനിന്നോ കർഷകരിൽ നിന്നോ റബ്ബർ വാങ്ങി അന്യസംസ്ഥാനങ്ങളിലേക്ക് വിൽപ്പന നടത്തുന്നവർക്ക് എസ്.ആർ.ഒ. 804/2008, വാണിജ്യ നികുതി കമ്മീഷണറുടെ 5-10-2013-ലെ 17/2013 നമ്പർ സർക്കുലർ എന്നിവമൂലം കച്ചവടം നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2008/2009 മുതൽ കേന്ദ്ര വിൽപ്പന നികുതി അടച്ച് ഫോറം 'സി ' നൽകിയ ശേഷവും കോടിക്കണക്കിന് രൂപ വീണ്ടും അടയ്ക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

ഉത്തരം

(എ) 1) കേരളത്തിൽ രജിസ്റ്റർ ചെയ്ത വ്യാപാരികളിൽനിന്ന് നാല് ശതമാനം നികുതി നൽകി അന്യസംസ്ഥാനങ്ങളിലെ രജിസ്റ്റേർഡ് വ്യാപാരികൾക്ക് സി ഫോറം സ്വീകരിച്ച് രണ്ട് ശതമാനം നിരക്കിൽ അന്തർസംസ്ഥാന വിൽപ്പന നടത്തിയാൽ കൂടുതൽ നൽകിയ നികുതി സെക്ഷൻ 13 പ്രകാരം റീഫണ്ട് നൽകുന്ന വ്യവസ്ഥയാണ് വാറ്റ് നികുതി നിയമത്തിലുണ്ടായിരുന്നത്. എന്നാൽ റീഫണ്ട് നൽകുന്നതിന് കാലതാമസം വരുന്നത് തങ്ങളുടെ മൂലധനത്തിനെ ബാധിക്കുന്നു വെന്ന് വ്യാപാര സംഘടനകൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റബ്ബറിന്റെ അന്തർസംസ്ഥാന വിൽപ്പന നികുതി ഒഴിവാക്കി എസ്.ആർ.ഒ. 804/2008 പുറപ്പെടുവിക്കുകയുണ്ടായി. രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കുള്ള അന്തർ സംസ്ഥാന വിൽപ്പനയ്ക്ക് പൂർണ്ണ നികുതിയിളവ് നൽകാൻ കേന്ദ്ര വിൽപ്പന നികുതി നിയമം സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്നില്ല എന്ന് കണ്ടതിനെത്തുടർന്ന് എസ്.ആർ.ഒ. 753/2011 പുറപ്പെടുവിച്ചു. എസ്.ആർ.ഒ. 753/2011-ൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി.

(1) രജിസ്റ്റേർഡ് വ്യാപാരികൾക്കുള്ള അന്തർസംസ്ഥാന വിൽപ്പനമാത്രം കേന്ദ്ര വിൽപ്പന നികുതി ആക്ടിൽ 8(4)-ൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള സി ഫോറം നൽകിയാൽ നികുതി വിമുക്തമായിരിക്കും.

(2) സെൻട്രിഫ്യൂഗൽ ലാറ്റക്സ് ഉൾപ്പെടെയുള്ള ലാറ്റക്സിന് എസ്.ആർ.ഒ. ബാധകമായിരിക്കില്ല.

(2) സർക്കുലർ നമ്പർ 17/2013-ൽ എസ്.ആർ.ഒ. 753/2011 പ്രകാരം പുതുക്കിയിട്ടുള്ള എസ്.ആർ.ഒ. 804/2008 പറഞ്ഞിട്ടുള്ള സുപ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്ന രീതിയിൽ വിശദീകരിക്കുകയുണ്ടായി.

(1) എസ്.ആർ.ഒ. 804/2008 പ്രകാരമുള്ള ആനുകൂല്യം സി ഫോറം നൽകുന്ന രജിസ്റ്റേർഡ് വ്യാപാരികൾക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(2) രജിസ്റ്റേർഡ് വ്യാപാരികൾ സി ഫോറം നൽകുകയാണെങ്കിൽ നികുതി നിരക്ക് 0% മാത്രമായിരിക്കും.

(3) രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കുള്ള അന്തർസംസ്ഥാന വിൽപ്പനയിലെ നികുതി നിരക്ക് കേന്ദ്രവിൽപ്പന നികുതി നിയമം സെക്ഷൻ 8(5)-ൽ പറഞ്ഞിട്ടുള്ള പ്രകാരമാണ്.

(4) രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കുള്ള അന്തർസംസ്ഥാന നികുതി കണക്കാക്കുമ്പോൾ സംസ്ഥാനത്തിനകത്ത് നൽകിയ നികുതി തട്ടിക്കിഴിക്കേണ്ടതാണ്.

(3) എസ്.ആർ.ഒ. 804/2008 പുറപ്പെടുവിച്ചതിനുശേഷവും അന്തർസംസ്ഥാന വിൽപ്പനയിൽ സി ഫോറം സ്വീകരിച്ച് രണ്ട് ശതമാനം നികുതി ഒടുക്കിയ റബ്ബർ വ്യാപാരികൾ പരാതി ഉന്നയിക്കുകയുണ്ടായി. ഇവ അന്വേഷണത്തിനായി വാണിജ്യ നികുതി കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേന്ദ്ര വിൽപ്പന നികുതി നിയമവും വിജ്ഞാപനങ്ങളും അനുസരിച്ച് റബ്ബറിന്റെ അന്തർസംസ്ഥാന വിൽപ്പനയ്ക്ക് നികുതി ഒഴിവ് നൽകിയിട്ടുണ്ടായിരുന്നുവെങ്കിലും ചില വ്യാപാരികൾ അന്തർസംസ്ഥാന വിൽപ്പനയ്ക്ക് സി-ഫോറം നൽകിക്കൊണ്ട് രണ്ട് ശതമാനം നികുതി ഒടുക്കുകയും മൂല്യവർദ്ധിത നികുതി നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയും ചെയ്യുന്നത് തുടർന്നുകൊണ്ടിരുന്നു. ഇത്തരം വ്യാപാരികളുടെ കാര്യാലയത്തിൽ രണ്ട് ശതമാനം കേന്ദ്ര വിൽപ്പനികുതി കളക്ട് ചെയ്തത് നിയമാനുസൃതമല്ലെന്നുള്ള നിലപാട് നികുതി നിർണ്ണയാധികാരികൾ സ്വീകരിക്കുകയും പ്രസ്തുത തുക കണ്ടുകെട്ടുകയും ചെയ്തു. ഇത് സംബന്ധമായി വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള പരാതികൾ വാണിജ്യ നികുതി കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചെക്ക്പോസ്റ്റുകളിലെ വരുമാനം

50 (4509) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17-ൽ സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളിലെ വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ൽ സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളിലെ വരുമാനം 1,036.90 കോടി രൂപയായിരുന്നു.

(ബി) ഇല്ല. മുൻവർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ 57.38 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്.

(സി) മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോയ വാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഇത് അഡ്വാൻസ് ടാക്സ് ഇനത്തിലും ജാമ്യത്തുക ഇനത്തിലുള്ള വരുമാനത്തിലും കുറവ് വരുത്തിയിട്ടുണ്ട്. നോട്ട് നിരോധനംമൂലവും വരുമാനത്തിൽ കുറവ് സംഭവിച്ചു.

**വിൽപ്പന നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ**

51 (4510) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിൽപ്പന നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദമാക്കുമോ?

ഉത്തരം

1. വാണിജ്യ നികുതി വകുപ്പിന്റെ ഇ-ഗവേണൻസ് സംവിധാനത്തിന്റെ നട്ടെല്ലായ കെ-വാറ്റിസിന്റെ പഴക്കം ചെന്ന സർവ്വറുകൾ മാറ്റി പുതിയ ശേഷി കൂടിയ സർവ്വറുകൾ സ്ഥാപിച്ച് സേവനങ്ങൾ മെച്ചപ്പെടുത്തി.

2. ജി.എസ്.ടി.-യിലേയ്ക്കുള്ള മാറ്റത്തിനുള്ള തയ്യാറെടുപ്പുകൾ നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി ഓഫീസിൽ ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രക്രിയ നടന്നുവരുന്നു.

3. സോഫ്റ്റ്വെയർ ഡെവലപ്മെന്റിനുവേണ്ടി എൻ.ഐ.സി.-യുമായി ചേർന്ന് ഒരു ഡെവലപ്മെന്റ് സെന്റർ വകുപ്പിൽ രൂപീകരിക്കുകയും ഇതിലേയ്ക്കായി സാങ്കേതിക വിദഗ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് സോഫ്റ്റ്വെയറിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4. ജി.എസ്.ടി. നടപ്പിലാക്കാൻ ആവശ്യമുള്ള സാങ്കേതിക ഉപകരണങ്ങൾ, ഹാർഡ് വെയറുകൾ എന്നിവ സംഭരിക്കാനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

**ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റം**

52 (4511) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ നടപ്പാക്കിയ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റത്തിന് (ഐ.എഫ്.എം.എസ്.) എത്ര രൂപ ചെലവായി എന്നറിയിക്കാമോ

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാട്രഷറി /സബ്ട്രഷറികളിലും പ്രസ്തുത സംവിധാനം ലഭ്യമാണോ ;

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് (ടി. എസ്.ബി.) അക്കൗണ്ടുള്ളവർക്ക് ട്രഷറി/ സബ് ട്രഷറികളിൽ എ.ടി.എം. സേവനം നൽകുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഐ.എഫ്.എം.എസ്. നടപ്പാക്കുന്നതിനുവേണ്ടി പുതിയ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ട്രഷറികളിൽ നടപ്പാക്കിയ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റത്തിന് (ഐ.എഫ്.എം.എസ്.) 22,20,44,687 രൂപ (ഇരുപത്തിരണ്ട് കോടി ഇരുപത് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി അറുന്നൂറ്റി എൺപത്തേഴ് രൂപ മാത്രം) ഇതുവരെ ചെലവായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലാ ട്രഷറി/സബ് ട്രഷറികളിലും പ്രസ്തുത സംവിധാനം ലഭ്യമാണ്.

(സി) 14-12-2012-ലെ G.O.(Rt.) No.10460/12/Fin. പ്രകാരം സംസ്ഥാനത്തെ നാല് ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനംവഴി നടപ്പിലാക്കുന്ന Stand alone ATM-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) ഐ.എഫ്.എം.എസ്. നടപ്പാക്കുന്നതിനുവേണ്ടി ട്രഷറി വകുപ്പിൽ പുതുതായി ജീവനക്കാരെ നിയമിച്ചിട്ടില്ല.

**വ്യാജ ലോട്ടറിയുടെ വിപണനം**

53 (4512) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ലോട്ടറിയുടെ വിപണനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാന ലോട്ടറി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വ്യാജ ലോട്ടറിയുടെ വിപണനം തടയുന്നതിനും സംസ്ഥാന ലോട്ടറിയുടെ സുരക്ഷാ മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വ്യാജ ലോട്ടറി അച്ചടിച്ചതുമായോ വിപണനം നടത്തിയതുമായോ ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്; ഭാഗ്യക്കുറി വകുപ്പ് നേരിട്ട് നടത്തിയ പരിശോധനകളിൽ അത്തരം എത്ര സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സമ്മാനാർഹമായ നമ്പരിലുള്ള ടിക്കറ്റുകൾ വ്യാജമായി നിർമ്മിച്ച് ഏജന്റുമാരെയും വിൽപ്പനക്കാരെയും കബളിപ്പിച്ച് പണം തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യതയെ ബാധിക്കുമെന്നതിനാൽ വ്യാജ ടിക്കറ്റുകളുടെ ഉറവിടം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അനധികൃത ലോട്ടറികളുടെ വിൽപ്പന തടയുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. വ്യാജ സമ്മാന ടിക്കറ്റുകളുടെ വിപണനം തടയുന്നതിനുവേണ്ടി നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾക്ക് പുറമെ micro printing, opaque text, currency strips മുതലായ സുരക്ഷാമാർഗ്ഗങ്ങൾകൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) അനധികൃത ലോട്ടറിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 28 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജ സമ്മാന ടിക്കറ്റുകളുടെ ഉറവിടം കണ്ടെത്തുന്നതിന് അന്വേഷണം നടത്തുന്നതിനായി എല്ലാ ജില്ലകളിലും ക്രൈം ബ്രാഞ്ച് DySP/ ASP-യെ നോഡൽ ഓഫീസറായി അന്വേഷണ സംഘത്തെ നിയോഗിക്കാൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്. ഇത്തരത്തിലുള്ള വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് പാലക്കാട് സി.ബി.സി.ഐ.ഡി. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2017 ഏപ്രിൽ മാസത്തിൽ വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് കൊല്ലം, ആലപ്പുഴ ജില്ലകളിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയും ഒരു അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയ മുഖം നൽകുന്നതിന് പദ്ധതികൾ**

54 (4513) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ ജൂബിലി വർഷത്തിൽ ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയ മുഖം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ലോട്ടറി നടത്തിപ്പിലൂടെയുള്ള വരുമാനം ഈ സർക്കാരിന്റെ കാലത്ത് വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഭാഗ്യക്കുറി വകുപ്പിന് കൂടുതൽ ജനകീയ മുഖം നൽകുന്നതിന്റെ ഭാഗമായിട്ടാണ് ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം നിർമ്മൽ പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പുകൾ എല്ലാ വെള്ളിയാഴ്ചകളിലും നടത്തിവരുന്നത്. പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചാരണത്തിനുള്ള വാചകങ്ങൾ അച്ചടിക്കുന്നുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ്, സ്ത്രീ ശക്തി തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ലോട്ടറികൾക്കൊപ്പമാണ് നിർമ്മൽ ഭാഗ്യക്കുറിയുടെയും സ്ഥാനം. വകുപ്പിന്റെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. 18 പുതിയ ഓഫീസുകൾ ആരംഭിച്ചു. വകുപ്പിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണിത്.

(ബി) ലോട്ടറി നടത്തിപ്പിലൂടെയുള്ള വരുമാനം ഈ സർക്കാരിന്റെ കാലത്ത് (2016-17) വർദ്ധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ വരുമാനം (വിറ്റുവരവ്) 6,318.46 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തെ വരുമാനം 7,395.29 കോടി രൂപയുമാണ്. 2015-16-ലെ വരുമാനത്തെ അപേക്ഷിച്ച് 1,076.83 കോടി രൂപയുടെ വരുമാന വർദ്ധനവ് 2016-17-ൽ ഉണ്ടായിട്ടുണ്ട്.

**കരുനാഗപ്പള്ളിയിൽ ലോട്ടറി ഓഫീസ്**

55 (4514) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ ലോട്ടറി ഓഫീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽനിന്ന് പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെനിന്ന് ലോട്ടറി ടിക്കറ്റ് വിതരണം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ഡി) ഈ ഓഫീസിൽ കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നുള്ള സഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭിക്കുമോ;

(ഇ) പ്രസ്തുത ഓഫീസിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്. 12-4-2017 മുതൽ.

(ബി) ജില്ലാ ലോട്ടറി ആഫീസിൽ ലഭ്യമാകുന്ന ക്ഷേമനിധി ഒഴികെയുള്ള സേവനങ്ങളെല്ലാം കരുനാഗപ്പള്ളി ലോട്ടറി ആഫീസിലും ലഭിക്കുന്നതാണ്.

(സി) 12-5-2017 മുതൽ പൂർണ്ണതോതിൽ ലോട്ടറി ടിക്കറ്റ് വിതരണം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ ഓഫീസിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുള്ള സഹായ ത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം ലഭിക്കുന്നതാണ്.

(ഇ) അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ -1, ജൂനിയർ സൂപ്രണ്ട്-1, ക്ലാർക്ക് -3 (സ്ഥിരം-1, ദിവസവേതനം-2), ദിവസവേതന ഓഫീസ് അറ്റൻഡന്റ് -1, നൈറ്റ് വാച്ചർ (കരാർ)-1. ആകെ ഏഴ് ജീവനക്കാർ.

## 2016-17 കാലത്തെ ലോട്ടറി വകുപ്പിന്റെ ലാഭം

56 (4515) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലയളവിൽ ലോട്ടറി വകുപ്പിന്റെ ലാഭം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ലോട്ടറി വകുപ്പിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നിലവിൽ ഏതെല്ലാം ലോട്ടറികൾ പ്രചാരത്തിലുണ്ട് ; വിശദവിവരം നൽകുമോ; കൂടുതൽ ലോട്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016-17 കാലയളവിൽ ലോട്ടറി വകുപ്പിന്റെ ലാഭം 1,691.05 കോടി രൂപയാണ്.

(ബി) ലോട്ടറി വകുപ്പിന്റെ വർദ്ധിത വരുമാനത്തിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

(എ) വകുപ്പിൽ സർവ്വർ വിപുലീകരണം നടപ്പിലാക്കി.

(ബി) 2008 മുതൽ വകുപ്പിൽ പ്രയോഗത്തിലിരുന്ന ലോട്ടറി ആപ്ലിക്കേഷൻ, കാലാനുസൃതമായ മാറ്റം ഉൾപ്പെടുത്തി എൻ.ഐ.സി.-യെക്കൊണ്ട് ഒരു പുതിയ സോഫ്റ്റ്‌വെയർ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലും ബി.എസ്.എൻ.എൽ. ഫൈബർ കണക്ടിവിറ്റി നൽകിയതിനാൽ നെറ്റ്‌വർക്ക് ഡാറ്റാസ്പീഡ് വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ ട്രാൻസാക്ഷൻ നിരക്ക് നാലുമടങ്ങായി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഹെഡ് ക്വാർട്ടേഴ്സ് ഓഫീസിൽ ഫയൽ പ്രോസസ്സ് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ഏജന്റുമാർ തന്നെ ടിക്കറ്റ് വാങ്ങുന്നതിനുള്ള തുക ഓൺലൈനായി ട്രഷറിയിൽ ഒടുക്കുന്നതിനായി 'E-Treasury' സംവിധാനം നടപ്പിലാക്കി.

(എഫ്) 18 പുതിയ സബ് ഓഫീസുകൾ സ്ഥാപിക്കുകയും ടി ഓഫീസു കൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ജി) വകുപ്പിന്റെ കീഴിലുള്ള 36 ഓഫീസുകളിലും ആധാറുമായി ബന്ധപ്പെടുത്തി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു.

(സി) നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പുകളും (വിഷു ബമ്പർ, തിരുവോണം ബമ്പർ, പൂജ ബമ്പർ, ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ, മൺസൂൺ ബമ്പർ, സമ്മർ ബമ്പർ) നടത്തിവരുന്നു.

പ്രതിവാര ഭാഗ്യക്കുറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലോട്ടറിയുടെ പേര് | മുഖവില (രൂപ) |
|---|---|
| പൗർണ്ണമി | 30 |
| വിൻ വിൻ | 30 |
| സ്ത്രീ ശക്തി | 50 |
| അക്ഷയ | 30 |
| കാരുണ്യ പ്ലസ് | 50 |
| നിർമ്മൽ | 50 |
| കാരുണ്യ | 50 |

2017 ജൂൺ 1 മുതൽ നറുക്കെടുക്കുന്ന എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയാക്കി ഏകീകരിച്ചിട്ടുണ്ട്. നിലവിൽ കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

## പത്തനാപുരം മണക്കാല വിളയിൽ ഹോസ്പിറ്റലിന് കെ.എഫ്.സി. നൽകിയ വായ്പ

57 (4516) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്ക് തലവൂർ വില്ലേജിലെ മണക്കാല വിളയിൽ ഹോസ്പിറ്റൽ എന്ന സ്ഥാപനം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തിരുന്നോ; എങ്കിൽ എന്നായിരുന്നു എന്നും തുക എത്രയായിരുന്നു എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം ഈ വായ്പയ്ക്ക് നൽകിയത് ഈടോ, ജാമ്യമോ എന്നത് വ്യക്തമാക്കാമോ; പ്രസ്തുത ജാമ്യത്തിന്റെയോ ഈടിന്റെയോ മൂല്യം എത്രയായിരുന്നു;

(സി) പ്രസ്തുത സ്ഥാപനം ഈ വായ്പയിന്മേൽ മുതലിലേയ്ക്കും പലിശയിലേയ്ക്കും എത്ര തുക വീതം അടയ്ക്കണമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വായ്പ കോംപ്രമൈസ് സെറ്റിൽമെന്റ് പദ്ധതി പ്രകാരം തീർപ്പാക്കിയോ; ഇതുപ്രകാരം കെ.എഫ്.സി.-ക്ക് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വായ്പയുടെ ജാമ്യ വസ്തു റവന്യൂ റിക്കവറി നടപടി ക്രമം പ്രകാരം ലേലം ചെയ്ത ശേഷം കൺഫർമേഷൻ ചെയ്തിട്ടുണ്ടോ; ഈ ഇനത്തിൽ കെ.എഫ്.സി.-ക്ക് ലഭിച്ച തുക എത്രയെന്ന് പറയാമോ; പ്രസ്തുത സ്ഥാപനത്തിന്റെ വായ്പാ തിരിച്ചടവ്, കോംപ്രമൈസ് സെറ്റിൽമെന്റ് അടവ്, ജാമ്യവസ്തു ലേലം ചെയ്ത് ലഭിച്ച തുക എന്നീ ഇനങ്ങളിലായി കെ.എഫ്.സി.-ക്ക് ലഭിച്ച തുക എത്ര;

(എഫ്) കോംപ്രമൈസ് സെറ്റിൽമെന്റ് തുക ലഭിച്ചതിനുശേഷം ഈ വായ്പയ്ക്ക് പ്രസ്തുത സ്ഥാപനം നൽകിയ ഈടിന്റെ പ്രമാണങ്ങൾ കെ.എഫ്.സി. ഉടമയ്ക്ക് തിരികെ നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് തിരികെ നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ജി) ഈ വിഷയത്തിൽ ശ്രീമതി അനിത ബേബിയുടെ 20-3-2017-ലെ നിവേദനത്തിൽ ധനകാര്യ വകുപ്പിലെ 137/PU.-A3/2016/FIN എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീമതി മേരിക്കുട്ടി ബേബി, മഞ്ഞക്കാലവിളയിൽ വീട്, മഞ്ഞക്കാല പി.ഒ. തലവൂർ, പത്തനാപുരം എന്നയാളിന് മഞ്ഞക്കാലവിളയിൽ ഹോസ്പിറ്റൽ എന്ന സ്ഥാപനം തുടങ്ങുന്നതിന് 26-3-2002-ൽ കോർപ്പറേഷൻ 28 ലക്ഷം രൂപ അനുവദിച്ചു. അവ താഴെ വിവരിക്കും പ്രകാരം വിതരണം ചെയ്തിട്ടുള്ളതാണ്.

| | | |
|---|---|---|
| 4-2-2002 | - | 5.50 ലക്ഷം രൂപ |
| 8-5-2002 | - | 7.00 ലക്ഷം രൂപ |
| 6-7-2002 | - | 3.00 ലക്ഷം രൂപ |
| 14-8-2002 | - | 1.78 ലക്ഷം രൂപ |

| | | |
|---|---|---|
| 21-10-2002 | - | 7.00 ലക്ഷം രൂപ |
| 5-12-2002 | - | 3.72 ലക്ഷം രൂപ |
| ആകെ | - | 28.00 ലക്ഷം രൂപ |

(ബി) വായ്പയ്ക്ക് ഈടായി തലവൂർ വില്ലേജിൽ സർവ്വേ നമ്പർ 388/3-1-ൽപ്പെട്ട 4.34 ആർസ് സ്ഥലവും ആശുപത്രി കെട്ടിടവും മറ്റ് ഉപകരണങ്ങളും പ്രാഥമിക സെക്യൂരിറ്റിയായി നൽകിയിട്ടുള്ളതാണ്. ടി സെക്യൂരിറ്റിക്ക് കണക്കാക്കിയിട്ടുള്ള മൂല്യം 30.11 ലക്ഷം രൂപയാണ്.

കൂടാതെ ജാമ്യ വസ്തുവായി വായ്പക്കാരിയുടെ ഭർത്താവും വായ്പയുടെ ജാമ്യക്കാരനും പരേതനുമായ ശ്രീ. യോഹന്നാൽ ബേബിക്കുട്ടിയുടെ പേരിലുള്ള തലവൂർ വില്ലേജിൽ സർവ്വേ നമ്പർ 387/2-3-ൽപ്പെട്ട 8.87 ആർസ് സ്ഥലവും വീടും ജാമ്യമായി നൽകിയിട്ടുള്ളതാണ്. അവയുടെ മൂല്യം 37.87 ലക്ഷം രൂപയാണ്.

(സി) 1-12-2013-ലെ കണക്ക് പ്രകാരം (കോംപ്രമൈസ് സെറ്റിൽമെന്റിനായി അപേക്ഷ പരിഗണിക്കുന്ന സമയത്ത്) അടയ്ക്കുവാനുള്ള തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുതൽ | - | 28.00 ലക്ഷം രൂപ |
| മറ്റിനം | - | 2.96 ലക്ഷം രൂപ |
| പലിശ | - | 118.72 ലക്ഷം രൂപ |
| ആകെ | - | 149.68 ലക്ഷം രൂപ |

(ഡി) ജാമ്യക്കാരനായ യോഹന്നാൽ ബേബിക്കുട്ടിയുടെ അപേക്ഷ പ്രകാരം 24-3-2014-ൽ കൂടിയ കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി 10.50 ലക്ഷം രൂപ അടച്ച് നിബന്ധനകൾക്ക് വിധേയമായി കോംപ്രമൈസ് സെറ്റിൽമെന്റ് അനുവദിച്ച് നൽകിയിട്ടുള്ളതും അതിൻപ്രകാരം ടിയാൻ 10.50 ലക്ഷം രൂപ അടച്ച് വായ്പ സെറ്റിൽ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ നിയമാനുസൃതം സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തേണ്ട ആർ.ആർ. കമ്മീഷനും മറ്റും നാളിതുവരെയായി അടച്ചിട്ടില്ലാത്തതാകുന്നു.

(ഇ) ആർ.ആർ. ലേല വിൽപ്പന സ്ഥിരപ്പെടുത്തിയിട്ടുള്ളതാണ്. ലേല തുകയായ 30.02 ലക്ഷം രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. വായ്പാ കണക്കിലെ തിരിച്ചടവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപനം നേരിട്ട് ഒടുക്കു വരുത്തിയ തുക | 2.57 ലക്ഷം രൂപ |
| കോംപ്രമൈസ് സെറ്റിൽമെന്റ് അടവ് | 10.50 ലക്ഷം രൂപ |

| | |
|---|---|
| ജാമ്യവസ്തു ലേലം ചെയ്ത് ലഭിച്ച തുക (റവന്യൂ റിക്കവറി) | 30.02 ലക്ഷം രൂപ |
| ആകെ | 43.09 ലക്ഷം രൂപ |

(എഫ്) ഈട് നൽകിയ വസ്തുവിന്റെ പ്രമാണങ്ങൾ കെ.എഫ്.സി. ഉടമയ്ക്ക് തിരികെ നൽകിയിട്ടില്ല. കാരണം ജാമ്യക്കാരൻ ആർ.ആർ. ലേല വിൽപ്പനയ്ക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനും റിട്ട് അപ്പീലും പിൻവലിക്കണമെന്നും ആർ.ആർ. ലേല വിൽപ്പനയിലൂടെ സർക്കാരിലേയ്ക്ക് നിയമാനുസൃതം ഒടുക്കുവരുത്തേണ്ട ആർ.ആർ. കമ്മീഷനും മറ്റും നൽകണമെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് സി.എസ്. ആനുകൂല്യം നൽകിയിട്ടുള്ളത്. ഇവ കക്ഷികൾ സമ്മതിച്ചിട്ടുള്ളതും എന്നാൽ സമ്മതിച്ച പ്രകാരം കക്ഷികൾ നാളിതുവരെയായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകൾ പിൻവലിച്ച് നിയമാനുസൃതം സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ട ആർ.ആർ. കമ്മീഷൻ തുകയും മറ്റും നൽകിയിട്ടില്ലാത്തതുമാണ്.

നിയമാനുസൃതം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ആർ.ആർ. കമ്മീഷൻ തുക ഒടുക്കുകയും നിലവിലുള്ള കേസുകൾ പിൻവലിക്കുകയും ചെയ്യുന്ന മുറയ്ക്ക് വായ്പയ്ക്ക് നൽകിയ ഈടിന്റെ പ്രമാണങ്ങൾ ഉടമയ്ക്ക് തിരികെ നൽകുന്നതാണ്.

(ജി) ടി നിവേദനം വിശദമായ റിപ്പോർട്ടിനായി കെ.എഫ്.സി.-യ്ക്ക് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യിലെ സ്വർണ്ണപ്പണയ വായ്പ**

58 (4517) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്വർണ്ണപ്പണയ വായ്പയിലൂടെ കെ.എസ്.എഫ്.ഇ.-ക്ക് ലഭിച്ച ലാഭം എത്രയാണ്; ഓരോ സാമ്പത്തിക വർഷത്തിലും ലാഭവും ഇടപാടുകളും കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ യഥാർത്ഥ കാരണം പരിശോധിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ബാങ്കുകളെയും സഹകരണ സ്ഥാപനങ്ങളെയും പോലെ കൃഷിക്ക് സബ്സിഡി നിരക്കിൽ സ്വർണ്ണപ്പണയവായ്പ സർക്കാർ സഹായത്തോടുകൂടി കെ.എസ്.എഫ്.ഇ.യിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പുതിയ സോഫ്റ്റ്‌വെയർ (സി.എ.എസ്.ബി.എ.) നടപ്പിലാക്കിയതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ.-യിൽ സ്വർണ്ണപ്പണയ വായ്പയ്ക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്വർണ്ണപ്പണയ വായ്പയിലൂടെ കെ.എസ്.എഫ്.ഇ.-യ്ക്ക് ലഭിച്ച ലാഭം എത്രയെന്ന് പ്രത്യേകം കണക്കാക്കുവാൻ സാധ്യമല്ല. എന്നാൽ പലിശയിനത്തിൽ ഈ വർഷങ്ങളിൽ യഥാക്രമം 149.16 കോടി രൂപ, 110.80 കോടി രൂപ, 100.16 കോടി രൂപ (ഓഡിറ്റ് ചെയ്യാത്തത്) എന്നീ തുകകളാണ് ലഭിച്ചിട്ടുള്ളത്. സ്വർണ്ണത്തിന്റെ വിലയിൽ വന്ന മാറ്റം, പണയ വായ്പാത്തുക പണമായി നൽകുന്നതിനുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവയാണ് ഇടപാടുകൾ കുറയുന്നതിനുള്ള കാരണമായി കരുതുന്നത്. ഇടപാടുകളിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പുതിയ സോഫ്റ്റ്‌വെയർ (സി.എ.എസ്.ബി.എ.) സ്ഥാപിക്കുന്നതിനോട് അനുബന്ധിച്ച മൈഗ്രേഷന്റെ സമയത്ത് തുടക്കത്തിൽ സ്വർണ്ണപ്പണയ വായ്പയ്ക്ക് കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ അത്തരം കാലതാമസങ്ങൾ പൂർണ്ണമായും ഒഴിവായിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. സ്പെഷ്യൽ ഗോൾഡ് ലോൺ**

59 (4518) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടറുകളിലെ ഇടപാടുസമയം വ്യക്തമാക്കുമോ ; എല്ലാ ബ്രാഞ്ചുകളും പ്രസ്തുത സമയക്രമം പാലിക്കുന്നതായി ഉറപ്പുവരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) കെ.എസ്.എഫ്.ഇ.-യുടെ തിരുവനന്തപുരം റീജിയണൽ ഓഫീസിന് കീഴിലുള്ള ശാഖകളിൽ സ്വർണ്ണപ്പണയ വായ്പ അനുവദിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെ സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടറുകൾ പ്രവർത്തിക്കണം എന്നിരിക്കെ, പുതിയ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതിന്റെ മറവിൽ പല ബ്രാഞ്ചുകളും 2 മണിവരെ മാത്രം വായ്പ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ബ്രാഞ്ചുകൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടറുകളുടെ സമയക്രമം സാധാരണ സാഹചര്യങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെയാണ്. പ്രസ്തുത സമയക്രമം പാലിക്കാതിരിക്കുന്നതായോ സ്വർണ്ണപ്പണയ വായ്പ അനുവദിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം**

60 (4519) ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-ക്ക് ആകെ എത്ര ശാഖകൾ ഉണ്ട്; ഈ ശാഖകൾ മുഖേന പ്രതിവർഷം എത്ര കോടി രൂപയുടെ ചിട്ടിയും മറ്റ് ബിസിനസ്സുമാണ് നടത്തിവരുന്നത്;

(ബി) നോട്ട് നിരോധനം കെ.എസ്.എഫ്.ഇ.-യെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(സി) കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം കൂടുതൽ ജനകീയവും ജനോപകാരപ്രദവുമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-ക്ക് നിലവിൽ 568 ശാഖകളാണുള്ളത്. 31-3-2017-ലെ ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് പ്രതിവർഷം ഏകദേശം 17,722 കോടി രൂപയുടെ ചിട്ടി കെ.എസ്.എഫ്.ഇ. നടത്തുന്നുണ്ട്. അതുകൂടാതെ മേൽ കണക്കനുസരിച്ച് 10,225 കോടി രൂപയുടെ നിക്ഷേപവും 4,696 കോടി രൂപയുടെ വായ്പയും അടക്കം ആകെ 32,643 കോടി രൂപയുടെ ബിസിനസ്സ് കെ.എസ്.എഫ്.ഇ.-യ്ക്കുണ്ട്.

(ബി) നോട്ടുനിരോധനം കെ.എസ്.എഫ്.ഇ.-യെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. 2016 നവംബർ, ഡിസംബർ, 2017 ജനുവരി മാസങ്ങളിൽ തിരിച്ചടവിൽ 150 കോടി രൂപ മുതൽ 200 കോടി രൂപവരെ കുറവ് വന്നിട്ടുണ്ട്.

(സി) കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം കൂടുതൽ ജനകീയവും ജനോപകാരപ്രദവുമാക്കുവാൻ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഉത്സവകാല ചിട്ടികൾ തിരിച്ചുകൊണ്ടുവന്നു. പൊന്നോണച്ചിട്ടികൾ, പുതുവർഷച്ചിട്ടികൾ എന്നീ സമ്മാനത്തോടുകൂടിയ ബ്രാന്റഡ് ചിട്ടികൾ വിജയകരമായി നടപ്പിലാക്കി. ഈ പദ്ധതികൾ തുടർച്ചയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2. പ്രവാസികൾക്കുവേണ്ടി ചിട്ടി തുടങ്ങാനുള്ള തയ്യാറെടുപ്പ് നടക്കുന്നു.

3. നോട്ടുനിരോധനം വന്ന 2016 നവംബർ മാസത്തിൽ ലേലം നീട്ടിവച്ചും പിഴപ്പലിശ ഒഴിവാക്കിക്കൊടുത്തും ഇടപാടുകാരെ സഹായിച്ചു. ശാഖകളിൽ ഇലക്ട്രോണിക് പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തി. POS മെഷീനുകൾ സ്ഥാപിച്ചു.

4. ഇളവ് 2017 എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തി. ഇതുമൂലം ഏതാണ്ട് 300 കോടി രൂപയോളം കുടിശ്ശിക പിരിച്ചെടുക്കുകയും 13500 ഓളം കുടിശ്ശിക കേസുകൾ തീർപ്പാക്കുകയും ചെയ്തു.

5. അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിലായി 1104 (853+197+54) പേർക്ക് നിയമനം നൽകി.

**കെ.എസ്.എഫ്.ഇ. ചിട്ടികൾ**

61 (4520) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടിപിടിക്കുന്ന ഏകദേശം എത്ര ശതമാനം പേരാണ് ഈ തുക കെ.എസ്.എഫ്.ഇ.-യിൽ തന്നെ നിക്ഷേപിക്കുന്നതെന്നും എത്ര ശതമാനം പേരാണ് ചിട്ടിയിൽനിന്നും വായ്പയെടുക്കുന്നതെന്നും അറിയിക്കുമോ;

(ബി) ഏകദേശം എത്ര ശതമാനം പേരാണ് ചിട്ടി സ്ഥിരമായി മുടക്കുകയോ ചിട്ടിയിൽനിന്നും പിൻവലിയുകയോ ചെയ്യുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് മാസത്തിലെ കണക്കനുസരിച്ച് ചിട്ടി പിടിക്കുന്നവരിൽ 20% മുതൽ 30% വരെ പേരാണ് ചിട്ടിത്തുക കെ.എസ്.എഫ്.ഇ.-യിൽത്തന്നെ നിക്ഷേപിച്ചിരിക്കുന്നത്. ചിട്ടിയിൽനിന്ന് വായ്പയെടുത്തവർ ഏകദേശം 4% ആണ്.

(ബി) 31-3-2017-ലെ കണക്ക് പ്രകാരം ചിട്ടി വിളിച്ചെടുത്തശേഷം മുടക്ക് വരുത്തിയവർ ഏതാണ്ട് 3% ആണ്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വ്യവസ്ഥ

62 (4521) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ. മുഖേന പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ചിട്ടി സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ?

ഉത്തരം

പ്രവാസികൾക്കുവേണ്ടിയുള്ള ഒരു പ്രത്യേക ചിട്ടി പദ്ധതി 2017 ജൂൺ മാസത്തോടെ കെ.എസ്.എഫ്.ഇ. മുഖേന തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ചിട്ടി വ്യവസ്ഥകൾ സംബന്ധിച്ച അന്തിമ രൂപരേഖ ആയിട്ടില്ല.

## കെ.എസ്.എഫ്.ഇ.-യിലെ സ്വർണ്ണപ്പണയ വായ്പ

63 (4522) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണപ്പണയ വായ്പയ്ക്ക് ഗ്രാമിന് ഏകീകൃത വായ്പാ തുക കെ.എസ്. എഫ്.ഇ.-യുടെ എല്ലാ ബ്രാഞ്ചുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഗ്രാമിന് മാർക്കറ്റ് വിലയുടെ 75% വരെ സ്വർണ്ണ പണയ വായ്പ നൽകാം എന്നിരിക്കെ, മിക്ക ബ്രാഞ്ചുകളും 50% മുതൽ 65% വരെ മാത്രം വായ്പാതുക അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം ബ്രാഞ്ചുകൾ ക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) റിസർവ് ബാങ്കിന്റെ പുതിയ പണവിനിമയത്തിന്റെ അടിസ്ഥാനത്തിൽ, കെ.എസ്.എഫ്.ഇ.-യിലെ സ്വർണ്ണപ്പണയവായ്പകൾ കുറയുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഇളവുകൾ കെ.എസ്. എഫ്.ഇ.-ക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) ഗ്രാമിന് മാർക്കറ്റ് വിലയുടെ 75% വരെ എന്നാൽ 2100 രൂപയിൽ കവിയാതെ എന്നാണ് ഹാൾമാർക്കുള്ള സ്വർണ്ണാഭരണങ്ങൾ പണയമായി സ്വീകരിച്ച് കെ.എസ്.എഫ്.ഇ. നൽകുന്ന വായ്പയുടെ നിബന്ധന. 19 ക്യാരറ്റിനും അതിന് മുകളിലുമുള്ള സ്വർണ്ണാഭരണങ്ങളുടെ കാര്യത്തിൽ ഈ നിബന്ധന 75%

അഥവാ 1,900 രൂപയിൽ കവിയാതെ എന്നും, 18 ക്യാരറ്റ് സ്വർണ്ണാഭരണങ്ങൾക്ക് 75% അഥവാ 1,700 രൂപയിൽ കവിയാതെ എന്നും കണക്കാക്കിയിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ ശാഖകൾ ലംഘിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(സി) കെ.എസ്.എഫ്.ഇ.-ക്ക് ബാധകമായ റിസർവ് ബാങ്കിന്റെ കാലാകാലങ്ങളിലുള്ള നിയമങ്ങൾക്ക് അനുസൃതമായാണ് കെ.എസ്.എഫ്.ഇ. പ്രവർത്തിക്കുന്നത്. സ്വർണ്ണപ്പണയ വായ്പയിൽ കുറവ് വരുന്നത് നികത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുന്നുണ്ട്.

**കിഫ്ബി പദ്ധതികൾക്കുവേണ്ടിയുള്ള ധനസമാഹരണം**

64 (4523) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ പ്രകാരം കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ചിട്ടിയിലൂടെ സമാഹരിക്കുന്ന ധനം കിഫ്ബിയ്ക്ക് കൈമാറുമ്പോൾ കെ എസ്.എഫ്.ഇ.-യിലെ ചിറ്റാളന്മാർക്ക് ചിട്ടിപണം തിരികെ നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ.-യിലെ ചിറ്റാളന്മാർക്ക് ഉണ്ടാകാവുന്ന റിസ്കിന് എന്ത് സംരക്ഷണമാണ് നൽകുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസി ചിട്ടി ആരംഭിച്ചിട്ടില്ല. അതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ചിട്ടിപ്പണം തിരികെ നൽകുന്നതിന് യാതൊരു തരത്തിലുള്ള തടസ്സവും ഉണ്ടാകുന്നതല്ല. ബോണ്ടിൽ നിക്ഷേപിക്കുന്ന പണം, ചിട്ടിപ്പണം നൽകേണ്ടിവരുമ്പോഴും മറ്റാവശ്യങ്ങൾക്കും പിൻവലിക്കുന്നതിനുള്ള കാൾ ഓപ്ഷൻ സൗകര്യത്തോടെയാണ് ബോണ്ടുകളിൽ നിക്ഷേപിക്കുക.

(സി) കെ.എസ്.എഫ്.ഇ.-യിലെ സാധാരണ ചിട്ടിപോലെതന്നെയാണ് പ്രവാസി ചിട്ടിയും. ചിറ്റാളന്മാരെ സംബന്ധിച്ചിടത്തോളം മറ്റ് യാതൊരുവിധ റിസ്കും പ്രവാസി ചിട്ടിയിൽ പ്രത്യേകമായി എടുക്കേണ്ടതില്ല.

## പെൻഷൻ പ്രായം കഴിഞ്ഞിട്ടും സർവ്വീസിലുളള കെ.എസ്.എഫ്.ഇ. ജീവനക്കാർ

65 (4524) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തിയിരിക്കെ, സർക്കാർ നയത്തിന് വിരുദ്ധമായി നിരവധി ജീവനക്കാർ സർവ്വീസിൽ തുടരുന്നതുമൂലം കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാരിലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട യുവജനങ്ങൾക്കും ഉണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

നിരവധി ജീവനക്കാർ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 58 വയസ്സിനുശേഷവും സർവ്വീസിൽ തുടർന്നുവരുന്നുണ്ട്. ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസാക്കി ഉയർത്തണമെന്ന 25-6-2014-ലെ ഡയറക്ടർ ബോർഡ് തീരുമാനം റദ്ദാക്കുന്നതിന് 8-5-2017-ലെ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്.

എൻട്രി കേഡർ തസ്തികകളിൽ ഒഴിവുകൾ കണക്കാക്കുന്ന അവസരത്തിൽ 58 വയസിനുശേഷവും കമ്പനിയിൽ തുടരുന്ന ജീവനക്കാരെ പരിഗണിക്കാറില്ല. ആയതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

## കയർ സഹകരണ സംഘം സെക്രട്ടറിമാരുടെ ശമ്പള പരിഷ്കരണം

66 (4525) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘം സെക്രട്ടറിമാരുടെ ശമ്പള സ്കെയിൽ വിശദമാക്കാമോ;

(ബി) ഇവരുടെ ശമ്പളം പരിഷ്കരിക്കാൻ ആലോചന ഉണ്ടോ ; ഉണ്ടെങ്കിൽ എത്രയായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ശമ്പള പരിഷ്കരണം എന്ന് മുതൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

| ക്രമ നമ്പർ | സൊസൈറ്റിയുടെ ഗ്രേഡ് | ശമ്പള സ്കെയിൽ |
|---|---|---|
| 1 | എ ഗ്രേഡ് | 6410-11270 |
| 2 | ബി ഗ്രേഡ് | 5850-9810 |
| 3 | സി ഗ്രേഡ് | 5250-8540 |
| 4 | ഡി ഗ്രേഡ് | 4750-7850 |
| 5 | ഇ ഗ്രേഡ് | 4660-6730 |

(ബി&സി) 23-11-2012-ലെ സ.ഉ.(കൈ) നമ്പർ 139/2012/വ്യവ. പ്രകാരം ശമ്പളം പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത ശമ്പള പരിഷ്കരണത്തിന് 23-11-2012 മുതൽ അഞ്ച് വർഷത്തെ പ്രാബല്യമുണ്ട്.

**കയർ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ നടപടി**

67 (4526) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ പുരോഗതിക്ക് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കയർ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർ മേഖലയുടെ പുരോഗതിക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.
6. ഈ മേഖലയിൽ പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.
12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.
13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.
14. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റമുണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. രണ്ടാം പുനഃസംഘടനാ പദ്ധതി

2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം

3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം

4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം

പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

നിയന്ത്രിത യന്ത്രവൽക്കരണം എന്നതിൽനിന്നും സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതിവഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ ബജറ്റ് പ്രകാരം 77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്.

ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി-ജല-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർ മേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിവരുന്നു.

കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾവഴി സ്വീകരിച്ചുവരുന്നു. പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബറിൽ ആലപ്പുഴയിൽവച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണന മേളകളിൽ സജീവമായി പങ്കെടുത്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. യു.പി. സ്റ്റേറ്റ് ഹാന്റ്ലൂം ഫെഡറേഷനുമായി MoU ഒപ്പുവച്ചിട്ടുണ്ട്.

(സി) കയറിന്റെ വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾവഴി സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബറിൽ ആലപ്പുഴയിൽവച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**കയർ വ്യവസായത്തിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏജൻസി**

68 (4527) ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏതെങ്കിലും ഏജൻസികളെ ഈ സർക്കാർ പുതുതായി നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത ഏജൻസി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്;

(സി) ഇവ നടപ്പാക്കുന്നതിനുമുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) കയർ വ്യവസായവും അനുബന്ധ പ്രശ്നങ്ങളും എന്ന വിഷയത്തിൽ സാങ്കേതിക-സാമ്പത്തിക പഠനം നടത്തുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് 16-12-2016-ലെ ഇ 4-36471/16/എസ്.പി.ബി. നമ്പർ ഉത്തരവ് പ്രകാരം ശ്രീ. അജിത്ത് പി. മത്തായി, ഡയറക്ടർ, Deloitte Touche Tohmatsu Pvt. Ltd. എന്ന വ്യക്തിയെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) നാളിതുവരെ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) റിപ്പോർട്ട് സമർപ്പിച്ചശേഷം ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**കയർ ഉൽപ്പന്നങ്ങളുടെ വില വ്യതിയാന സ്ഥിരതാ ഫണ്ട്**

69 (4528) ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നങ്ങളുടെയും ചകിരിയുടെയും വിലകളിലുണ്ടാകുന്ന വ്യതിയാനം പരിഹരിക്കുന്നതിന് വില വ്യതിയാന സ്ഥിരതാ ഫണ്ട് നിലവിലുണ്ടോ;

(ബി) ഉല്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് സംഘങ്ങളിൽ നിന്നും ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും ഇവ കമ്പോള വിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും ഇതിൻപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉല്പാദകർ, അപെക്സ് സംഘടനകൾ എന്നിവയ്ക്ക് എന്തെല്ലാം പ്രത്യക്ഷ ഗുണങ്ങളാണ് ഇതുമൂലം ലഭ്യമാകുന്നത് ;

(ഡി) എല്ലാ കയർ തൊഴിലാളികൾക്കും നിയമാനുസൃത കൂലി ഉറപ്പാക്കിക്കൊണ്ട് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധ്യമാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൽപ്പന്നങ്ങളുടെ ചെലവിനനുസൃതമായ ന്യായവിലയ്ക്ക് സംഘങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിച്ച് കമ്പോളവിലയ്ക്ക് വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് വില വ്യതിയാന സ്ഥിരതാ ഫണ്ടിൽനിന്നും തുക അനുവദിച്ചു വരുന്നു.

(സി) കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, അപക്സ് സംഘടനകൾ എന്നിവയ്ക്ക് ഇതുമൂലം അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നു. കയർ തൊഴിലാളികൾക്ക് പരമാവധി ദിവസങ്ങളിൽ ജോലിയും കൂലിയും ലഭിക്കുന്നു.

(ഡി) എല്ലാ കയർ തൊഴിലാളികൾക്കും നിയമാനുസൃത കൂലി ഉറപ്പാക്കിക്കൊണ്ട് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ തുടങ്ങിയിട്ടുണ്ട്. കയർ ജിയോ ടെക്സ്റ്റയിൽസ്, കൃഷി-ജല-മണ്ണ് സംരക്ഷണ, റോഡ് നിർമ്മാണ പരിപാടികളിൽ MGNREGS-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘം**

70 (4529) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷയിച്ചു വരുന്ന കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സംഘത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) രണ്ടാം പുനഃസംഘടനാ പദ്ധതി

(2) എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം

(3) ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാന ങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം

(4) കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം

പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

നിയന്ത്രിത യന്ത്രവൽക്കരണം എന്ന പദ്ധതിയിൽനിന്നും സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം പുതുക്കി ബജറ്റ് പ്രകാരം 77 കോടി രൂപയായി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്.മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ച ചർച്ച നടന്നുവരുന്നു.

കയർ ജിയോ ടെക്സ്റ്റയിൽസ് കൃഷി-മണ്ണ്-ജല സംരക്ഷണ റോഡ് നിർമ്മാണ പരിപാടികളിൽ MGNREGS-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിപുലമായ പഠന പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് കഴിഞ്ഞു. എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർ മേഖലയുടെ പ്രോത്സാഹന ത്തിന് മേൽ സൂചിപ്പിച്ച പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിവരുന്നു.

(ബി) വെങ്കിടങ്ങ് സി.വി.സി.എസ്. നമ്പർ 337, 2015 ഡിസംബർ മുതൽ പ്രവർത്തനരഹിതമാണ്. ഭരണസമിതി നിലവിലുണ്ട്. സംഘത്തിൽ ഡി.എഫ്. മിൽ സ്ഥാപിക്കുന്നതിനായി കെട്ടിടം ഭാഗികമായി പണി പൂർത്തിയാക്കി മെഷീൻ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ പ്രകാരം സപ്ലൈ ഓർഡർ കോയമ്പത്തൂർ ആസ്ഥാന മായുള്ള മെ. വിനായക എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് നൽകുകയും 4.5 ലക്ഷം രൂപ അഡ്വാൻസായി നൽകുകയും തുടർന്ന് മെഷിനറി സപ്ലൈ ചെയ്ത് സ്ഥാപിക്കാതിരുന്നതിനാൽ ഉപഭോക്തൃ തർക്ക പരിഹാര കോടതിയെ സമീപി ക്കുകയും സംഘത്തിന് അനുകൂലമായി വിധി വന്നുവെങ്കിലും വിധി നടപ്പാക്കിയിട്ടില്ല.

(സി) സംഘത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

**കയർ മേഖലയിലെ ഡിപ്പോ സമ്പ്രദായം**

71 (4530) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർമേഖലയിൽ നിലനിൽക്കുന്ന ഡിപ്പോ സമ്പ്രദായം ഇല്ലാതാക്കുന്നതിന് നിയമം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**വ്യാവസായിക അന്തരീക്ഷവും ഏകജാലക ക്ലിയറൻസ് സംവിധാനവും**

72 (4531) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി.ജോസഫ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായം തുടങ്ങുന്നതിനുള്ള അനുമതിക്ക് ഏകജാലക ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പബ്ലിക് റിലേഷൻസ് സെന്ററുകൾ സ്ഥാപിക്കുമോ;

(ബി) സംസ്ഥാനത്തുണ്ടാകുന്ന ഹർത്താലുകളും പണിമുടക്കുകളും സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തി യിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ജില്ലാതല ഏകജാലക സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്ന ഇൻഫർമേഷൻ സെന്ററുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പണിമുടക്കുകളും ഹർത്താലുകളും കേരളത്തിന്റെ ചെറുകിട വ്യവസായ അന്തരീക്ഷത്തെ മൊത്തത്തിൽ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ**

73 (4532) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇതുമൂലം പ്രസ്തുത സ്ഥാപനങ്ങളുടെ വളർച്ച മുൻ വർഷങ്ങളെക്കാൾ എത്ര ശതമാനം വർദ്ധിച്ചു എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-2017 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു ; ഏതൊക്കെ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചു ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെയും വിവിധ പദ്ധതികളുടെയും പുരോഗതി യഥാസമയം അവലോകനം ചെയ്യുന്നതിനായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകന ങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റ് സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് ഈ സ്ഥാപന ങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയ ങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷാവസാനം 13 സ്ഥാപനങ്ങൾ ലാഭത്തിലും, 27 സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ സാധിച്ചു. ഈ കാലയളവിൽ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കിയ സ്ഥാപനം KMML ആണ്. KMML-ന്റെ ലാഭം 40.37 കോടി രൂപയായി ഉയർത്താൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽ നിന്നും ഈ വർഷം സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. 17 സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരാൻ സാധിച്ചു.

(സി) 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

### തേയില തോട്ടം മേഖലയിൽ സിഡ്കോയുടെ സ്ഥാപനങ്ങൾ

74 (4533) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ തേയില തോട്ടം മേഖലയിൽ സിഡ്കോയുടെ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ സ്ഥാപനങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ദേവികുളം നിയോജകമണ്ഡലത്തിൽ ഉപഭോക്തൃസാധനങ്ങൾ വിതരണം ചെയ്യുന്ന ഒരു ഔട്ട്ലെറ്റ് സിഡ്കോ ട്രേഡിങ് ഡിവിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ സിഡ്കോ ട്രേഡിങ് ഡിവിഷൻ വഴിയുള്ള പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്.

## പുതിയ വ്യവസായ സംരംഭങ്ങൾക്കായി നിക്ഷേപക സംഗമങ്ങൾ

75 (4534) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ജില്ലകളിൽ പുതിയ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി നിക്ഷേപക സംഗമങ്ങൾ നടത്തി എന്ന് അറിയിക്കുമോ;

(ബി) ഇതിലൂടെ പ്രതീക്ഷിക്കുന്ന നിക്ഷേപം, തുടങ്ങുവാനാകുന്ന വ്യവസായ യൂണിറ്റുകൾ, പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കാൻ സാധ്യതയുള്ള വരുടെ എണ്ണം എന്നിവ അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി 14 ജില്ലകളിലുമായി ഏകദേശം 75 -ഓളം നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഇതിലൂടെ പ്രതീക്ഷിക്കുന്ന നിക്ഷേപം ഏകദേശം 270 കോടി രൂപയും തുടങ്ങുവാനാകുന്ന വ്യവസായ യൂണിറ്റുകൾ ഏകദേശം 2400 എണ്ണവും ജോലി ലഭിക്കുവാൻ സാധ്യതയുള്ളവരുടെ എണ്ണം ഏകദേശം 9200 എണ്ണവുമാണ്.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

76 (4535) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റ് വ്യവസായ മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(സി) ഇത്തരം വ്യവസായങ്ങളിലൂടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അവയുടെ നിലവാര നിർണ്ണയം, യോഗ്യതാ നിർണ്ണയം എന്നിവ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറുടെ മേൽനോട്ടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രധാന പശ്ചാത്തല സൗകര്യമായ വ്യവസായ ഭൂമി സംരംഭകർക്ക് അനുവദിക്കുന്നതിനായി വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ വികസന ഏരിയ/പ്ലോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സ്ഥല ദൗർലഭ്യം പരിഹരിക്കുകയെന്ന ഉദ്ദേശ്യത്തോടെ പ്രധാനപ്പെട്ട വ്യവസായ മേഖലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് ആവശ്യാനുസരണം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) നിലവിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള കെ-ബിപ്പിൽ (കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ), ഭക്ഷ്യ വ്യവസായത്തിൽ ഹസാർഡ് അനലൈസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (HACCP) സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി നാഷണൽ സെന്റർ ഫോർ HACCP സർട്ടിഫിക്കേഷൻ (NCHC) സ്ഥാപിച്ചിട്ടുണ്ട്.

ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (BIS), ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) തുടങ്ങിയ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ സംരംഭകരെ ഇത്തരം ഏജൻസികളിൽ നിന്നും ഗുണമേന്മ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ ബോധ്യപ്പെടുത്തുന്നുണ്ട്.

## ചെറുകിട വ്യവസായ രംഗത്ത് വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

77 (4536) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ രംഗത്ത് വനിതാ സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടി സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഈ രംഗത്ത് കൂടുതൽ വനിതകൾക്ക് അവസരം ലഭിക്കുന്നതിനായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-ഡി) ഉണ്ട്. സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്) വഴി വനിതാ സംരംഭകർക്ക് നിക്ഷേപത്തിന്റെ 20% (പരമാവധി 30 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നുണ്ട്. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനുംവേണ്ടി വനിതാ സംരംഭകത്വ മിഷൻ അഥവാ വീ മിഷൻ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും നെറ്റ്‌വർക്കിങ് മീറ്റിങ്ങുകളും നൽകുന്നതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിന് മുൻപിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയാണ് വീ മിഷൻ വഴി ചെയ്തുവരുന്നത്. പ്രസ്തുത വീ മിഷൻ മുഖേന കേരളത്തിലെ വനിതാ വ്യവസായികൾക്കുവേണ്ടി മെന്ററിംഗ് സപ്പോർട്ട്, മറ്റ് വ്യവസായ യൂണിറ്റുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ, വിപണി ശൃംഖല വിപുലീകരിക്കൽ, ഹ്രസ്വകാല സാമ്പത്തിക സഹായം, അടിസ്ഥാന സൗകര്യ വിപുലീകരണം/ആധുനികവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഈ രംഗത്തേയ്ക്ക് വനിതകൾക്ക് അവസരം ലഭിക്കുന്നതിനും അവരെ ബിസിനസ്സിലേയ്ക്ക് ആകർഷിക്കുന്നതിനുമായി മേൽപ്പറഞ്ഞ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി

78 (4537) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; കണ്ണൂർ ജില്ലയിൽ പദ്ധതിയുടെ പ്രാരംഭനടപടികൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കേരളത്തിലെ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനിരിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ (KKBMPL)പ്രോജക്ടിന്റെ പ്രാരംഭ സർവ്വേ നടപടികളും 6(1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ എന്നീ

ജില്ലകളിൽ പൂർത്തിയാക്കിക്കഴിഞ്ഞു. പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും, മഹസറും പൂർത്തീകരിച്ചുവരുന്നുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും, മഹസറും കേരളത്തിൽ 435 കി.മീ (86%) പൂർത്തിയാക്കിക്കഴിഞ്ഞു. മലപ്പുറം ജില്ലയിൽ സർവ്വേ നടപടികൾ ഉടനെ തുടങ്ങും.

എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചുവരുന്നു. മലപ്പുറത്തെ അരീക്കോട് മുതൽ കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ വില്ലേജ് വരെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏപ്രിൽ അവസാനം ആരംഭിച്ചുകഴിഞ്ഞു. പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടികളും 6(1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈനിന്റെ ദൈർഘ്യം (ROU) 83 കിലോമീറ്ററാണ്. ഇതിൽ 81 കിലോമീറ്ററിലും നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും, മഹസറും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ വില്ലേജ് മുതൽ കുറുമാത്തൂർ വില്ലേജ് വരെയുള്ള 47 കി.മീ പൈപ്പ് സ്ഥാപിക്കുന്ന പണി ഉടൻതന്നെ ആരംഭിക്കും.

കണ്ണൂർ ജില്ലയിൽ 5 SV സ്റ്റേഷനും 1 IP സ്റ്റേഷനുംവേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ ഒലായിക്കര, കൂടാളി, പരിയാരം എന്നീ സ്റ്റേഷനുകൾ ഗെയിൽ ഏറ്റെടുത്ത് കഴിഞ്ഞു. കുറുമാത്തൂർ, ആലമ്പടമ്പ എന്നീ സ്റ്റേഷനുകളുടെ നടപടികൾ അന്തിമഘട്ടത്തിലാണ്. തൃപ്പങ്ങോട്ടൂർ വില്ലേജിലെ കടവത്തൂർ സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

**വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണം**

79 (4538) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണം നിയന്ത്രിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു എന്ന് അറിയിക്കുമോ;

(ബി) വ്യവസായ സ്ഥാപനങ്ങളുടെ മലിനീകരണം നിയന്ത്രിക്കുന്നതിലേക്കായി കൃത്യമായ പരിശോധനകളും നടപടികളും സ്വീകരിക്കുമോ;

(സി) നിയന്ത്രണാതീതമായ മലിനീകരണം നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾക്ക്, മലിനീകരണം നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. അനുമതി നൽകുന്ന അവസരത്തിൽ മലിനീകരണ നിയന്ത്രണത്തിനുതകുന്ന നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അനുമതി പത്രത്തിലെ നിബന്ധനകളിലും ഇക്കാര്യം സൂചിപ്പിച്ചിരിക്കും. എറണാകുളം ജില്ലയിൽ ഏലൂരുള്ള ജില്ലാ ഓഫീസ്, എൻവയോൺമെന്റ് സർവൈലൻസ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. പെരിയാറിന്റെ തീരത്തുള്ള വ്യാവസായിക മേഖലയുടെ മോണിറ്ററിംഗാണ് ഈ സെന്ററിന്റെ ചുമതല. മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്ന അനുമതി വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്.

(ബി) വ്യവസായ സ്ഥാപനങ്ങളുടെ മലിനീകരണം നിയന്ത്രിക്കുന്നതിലേയ്ക്കായി കൃത്യമായ പരിശോധനകളും അതിനനുസരിച്ച നടപടികളും മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സ്വീകരിക്കുന്നുണ്ട്.

(സി) വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണം തടയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അതത് വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയമാണ്.

## സൂക്ഷ്മ-ചെറുകിട വ്യവസായ യൂണിറ്റുകൾക്കായി സംരംഭക സഹായ പദ്ധതി

80 (4539) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി.ടി.എ. റഹീം :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മൂലധന പിന്തുണ നൽകുന്നതിന് സംരംഭക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി പ്രകാരം ഒരു സംരംഭകന് ലഭ്യമാകുന്ന പരമാവധി സഹായം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ വനിതാ സംരംഭകർക്ക് പ്രധാന്യം നൽകിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ എത്ര ശതമാനം വിഹിതമാണ് സ്ത്രീ സംരംഭകർക്കായി നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഇ) സൂക്ഷ്മ, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മൂലധന പിന്തുണ നൽകുന്നതിന് സംരംഭക സഹായ പദ്ധതിയായ എന്റെർപ്രെണർ സപ്പോർട്ട് സ്കീം (ESS) നിലവിൽ ഉണ്ട്. പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്കും നിലവിലുള്ള വ്യവസായ സംരംഭങ്ങളുടെ അധികമായ മൂലധന നിക്ഷേപത്തിനും നിശ്ചിത ശതമാനം തുക ധനസഹായമായി നൽകിക്കൊണ്ട് മേഖലയെ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സംരംഭകത്വ സഹായ പദ്ധതി പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. (പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു (പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു. ധനസഹായവും അധിക ധനസഹായവും ചേർത്ത് എല്ലാ സാമൂഹിക വിഭാഗങ്ങളിലുംപ്പെട്ടവർക്ക് (ജനറൽ, വുമൺ, യൂത്ത്, എസ്.സി./എസ്.ടി.) പരമാവധി അനുവദിക്കുന്ന തുക 30 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു.

ഒരു സംരംഭകന് ലഭ്യമാകുന്ന പരമാവധി സഹായം 30 ലക്ഷം രൂപയാണ്.

വനിതാ സംരംഭകരെ പ്രത്യേക വിഭാഗമായി കണക്കാക്കി 5% അധിക ധനസഹായം നൽകിവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ

81 (4540) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിട്ടുള്ളത്; ഓരോ സ്ഥാപനത്തിന്റെ പേരും തുകയും വിശദമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജീവിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നടപ്പ് ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന് കീഴിലുള്ള 27 പൊതുമേഖല സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ഓരോ സ്ഥാപനത്തിന്റെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകനം സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായി മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 270 കോടി രൂപ പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാമനപുരം നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ

82 (4541) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നിലവിൽ പദ്ധതികളില്ല. എന്നാൽ സ്വകാര്യ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പ്രോത്സാഹന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സംരംഭകത്വ സഹായ പദ്ധതി

83 (4542) ശ്രീ. പി. കെ. ശശി :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകത്വ സഹായ പദ്ധതിപ്രകാരം സംരംഭകർക്ക് എന്തൊക്കെ സൗകര്യങ്ങളും സൗജന്യങ്ങളുമാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) നവ സംരംഭകർക്ക് വേണ്ട സഹായം നൽകാനായി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ടോ; ഇത്തരം സെന്ററുകൾ ഏതെല്ലാം തരത്തിലുള്ള സഹായമാണ് നൽകിവരുന്നത്; സ്റ്റാർട്ടപ്പ്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് എന്നീ ആവശ്യങ്ങൾക്ക് നൽകിവരുന്ന സഹായം എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംരംഭകത്വ സഹായ പദ്ധതിപ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു (പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ സംരംഭങ്ങൾക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന

നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു (പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപ ത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം നൽകിവരുന്നു. ധനസഹായവും അധിക ധനസഹായവും ചേർത്ത് എല്ലാ സാമൂഹിക വിഭാഗങ്ങളിലുംപെട്ടവർക്ക് (ജനറൽ, വുമൺ, യൂത്ത്, എസ്.സി/എസ്.ടി.) പരമാവധി അനുവദിക്കുന്ന തുക 30 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മൺപാത്ര നിർമ്മാണ വ്യവസായ മേഖലയിലെ പ്രതിസന്ധി**

84 (4543) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മൺപാത്ര നിർമ്മാണ വ്യവസായ മേഖല പ്രതിസന്ധി യിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) ഈ മേഖലയെ മാത്രം ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങൾ ദുരിതത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കളിമൺ ഖനനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഈ മേഖലയെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) കേരളത്തിലെ മൺപാത്ര നിർമ്മാണ വ്യവസായ മേഖലയ്ക്ക് ആവശ്യമായ കളിമണ്ണ് ലഭിക്കുന്നില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ 2008-നുമുമ്പ് നികത്തപ്പെട്ട സ്ഥലങ്ങളിൽ കളിമൺ നിക്ഷേപമുണ്ടോയെന്നും ആയതു നിയമപരമായി ഖനനം ചെയ്യാൻ സാധിക്കുമോയെന്നും അറിയുന്നതിനായി പഠനം നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവും ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള പ്രയാസവും മൺപാത്ര നിർമ്മാണ മേഖലയിലെ മാത്രം ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

(സി) കളിമൺ ഖനനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ബാധിക്കാതിരിക്കുന്നതിനും പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ മേഖലയെ സഹായിക്കുന്നതിനുമായി പ്രതിവർഷം 50 മെട്രിക് ടൺവരെയുള്ള സാധാരണ കളിമണ്ണ് ഖനനം ചെയ്യുന്നതിന് പെർമിറ്റ്, റോയൽറ്റി എന്നിവ പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള സാധാരണ കളിമണ്ണ് ഗതാഗതം ചെയ്യുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അനുവദിച്ചുനൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കിയാൽ മതിയാകുന്നതാണ്. കൂടാതെ പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ മേഖലയ്ക്കാവശ്യമായ സാധാരണ കളിമണ്ണ് ഖനനത്തിനായി പാരിസ്ഥിതികാനുമതി ഒഴിവാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**പരമ്പരാഗത വ്യവസായങ്ങളെ കാര്യക്ഷമമാക്കാനും വിപുലീകരിക്കുന്നതിനും നടപടികൾ**

85 (4544) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണ് എന്നും വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും വിപുലീകരിക്കുന്നതിനും നിലവിലെ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുന്നു എന്നു വ്യക്തമാക്കുമോ;

(സി) പരമ്പരാഗത വ്യവസായമേഖലകളിൽ ഓരോന്നിലും എത്ര തൊഴിലാളികൾ വീതമുണ്ട് എന്നും ഓരോ പരമ്പരാഗതമേഖലയും നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്നും, ഇവ പരിഹരിക്കുവാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൈത്തറി, കശുവണ്ടി, കയർ, കരകൗശലം, ഈറ്റ-പനമ്പ്, ഖാദി-ഗ്രാമവ്യവസായങ്ങൾ എന്നിവയെ പരമ്പരാഗത വ്യവസായങ്ങളായി കണക്കാക്കി വരുന്നു. പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും പദ്ധതി, അംശദാന സമ്പാദ്യപദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന കയറ്റമതി പ്രോൽസാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷിവികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, ഹാന്റെക്സ്, ഹാന്റ്‌വീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കിവരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസ്സിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ്പ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പാ പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു. ഉൽപ്പാദനോപാധികളുടെ ആധുനികവൽക്കരണവും നടന്നുവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

കയർ മേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി)പരമ്പരാഗത കൈത്തറി മേഖലയിൽ ഏകദേശം 21000 തൊഴിലാളികളും കയർമേഖലയിൽ ഏകദേശം 3.5 ലക്ഷം തൊഴിലാളികളും കരകൗശല മേഖലയിൽ ഏകദേശം പതിനായിരത്തോളം തൊഴിലാളികളും ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിലെ പൊതു മേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെ ആശ്രയിച്ച് ഏകദേശം 7500 പനമ്പ് നെയ്ത്ത് തൊഴിലാളി കുടുംബങ്ങളും ആയിരത്തി അഞ്ഞൂറോളം ഈറ്റവെട്ട് തൊഴിലാളി കുടുംബങ്ങളും ആയിരത്തോളം വരുന്ന മറ്റ് ഇതര തൊഴിലാളികളും ഉപജീവനം നടത്തുന്നു. കശുവണ്ടി മേഖലയിലെ പൊതു മേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിൽ 10626 പേരും ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ കാപ്പെക്സിൽ ഏകദേശം 3426 പേരും പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്തുവരുന്നു.

തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലകൂടുതലും അവയുടെ ലഭ്യതക്കുറവും, മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള വിലകുറഞ്ഞ തുണികളുടെ വരവ്, പവർലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലകൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജതുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വീട്ടിൽ ഒരു തറി പദ്ധതിയിലൂടെ കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നത് ലക്ഷ്യമിടുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഹാന്റ്ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

പരമ്പരാഗത കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കാത്തതും അസംസ്കൃത വസ്തുക്കളുടെ അഭാവവും പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവവും ആധുനിക സാങ്കേതിക വിദ്യയുടെ അഭാവവും നൂതന വിപണന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയാത്തതും പ്രധാന പ്രതിസന്ധികളാണ്. പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ ത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കാത്തത് തുടങ്ങിയ ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. 'എന്റെ ഗ്രാമം' പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി എന്നിവ പ്രകാരം പരമ്പരാഗത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാർജിൻ മണി ഗ്രാന്റ് അനുവദിച്ചു വരുന്നു.

പരമ്പരാഗത കയർ മേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതക്കുറവാണ്. ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്.മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത തൊഴിലാളി കളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാന ങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

## ഇൻകെൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടക്കൊച്ചിയിൽ സുസ്ഥിര വികസന പദ്ധതി

86 (4545) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻകെൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ സുസ്ഥിരവികസന പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം എം.എൽ.എ. സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയിൽ സുസ്ഥിര വികസന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ലഭിച്ച നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്. ഇതുസംബന്ധിച്ച് ഇൻകെൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും (KSIDC), കിൻഫ്രയ്ക്കും നൽകിയിട്ടുണ്ട്. അവരുടെ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

87 (4546) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സംരംഭങ്ങളെ ലാഭത്തിലാക്കു ന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകനം സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധി പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃത മായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 270 കോടി രൂപ പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്.

**ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

88 (4547) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-16 കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന, വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

2011-16 കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* (അനുബന്ധം I, II, III, IV, V)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോട്ടയ്ക്കൽ മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെൽട്രോൺ വഴി പദ്ധതികൾ

89 (4548) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ രണ്ട് പദ്ധതികൾ കെൽട്രോൺ വഴി നടപ്പിലാക്കാൻ ഭരണാനുമതി ലഭിച്ച വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചനകൾ നടത്തി അടിയന്തരമായി പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് കെൽട്രോണിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്കൂളുകളിൽ സജ്ജീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആവശ്യമെങ്കിൽ പൊതു വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സിഡ്കോയുടെ ഭൂമിയിൽ കയ്യേറ്റം

90 (4549) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ ഭൂമിയിൽ പലയിടങ്ങളിലായി കയ്യേറ്റം നടന്നിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയ്യേറ്റങ്ങളിലൂടെ നഷ്ടപ്പെട്ട ഭൂമിയുടെ കണക്ക് സിഡ്കോയുടെ പക്കൽ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സിഡ്കോയുടെ ഭൂമി സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർവ്വേ നടത്തി കയ്യേറ്റങ്ങളുടെ കണക്ക് തിട്ടപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു.

(സി&ഡി) സിഡ്കോയുടെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകൾ, മിനി വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ പാർക്കുകൾ എന്നിവിടങ്ങളിലെ ഭൂമി സംബന്ധിച്ച് കൃത്യതയുള്ള വിവരം ലഭിക്കുന്നതിനായി ഒരു ഡിജിറ്റൽ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽനിന്നും അധിക ഭൂമി കൈവശം വച്ചിട്ടുള്ള വ്യവസായികളുടെ വിശദാംശങ്ങൾ ലഭ്യമാകുന്നതാണ്. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ എത്തിക്കാൻ നടപടി**

91 (4550) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

മുൻ സർക്കാരിന്റെ കാലത്ത് (2015-16 സാമ്പത്തിക വർഷത്തിൽ) 30 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**മുള വ്യവസായം വികസിപ്പിക്കുന്നതിനായി പദ്ധതി**

92 (4551) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുളവ്യവസായം വികസിപ്പിക്കുന്നതിനായി പദ്ധതി നിലവിലുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിന്റെ ഭാഗമായി ബാംബൂ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കയാണ്;

(സി) മുള ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ബാംബൂ ഇന്നവേഷൻ കേന്ദ്രങ്ങളിലൂടെ വൈവിദ്ധ്യമാർന്നതും മൂല്യവർദ്ധിതവുമായ മുള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അന്തർദ്ദേശീയ പ്രാതിനിധ്യത്തോടെ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മുള വ്യവസായം വികസിപ്പിക്കുന്നതിനായി സംസ്ഥാന ബാംബൂ മിഷന്റേയും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെയും നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് തൊഴിലാളി മേഖലയിലുള്ള പ്രവർത്തനത്തിനോടൊപ്പം മുളയെ ഒരു വ്യാവസായിക നിർമ്മാണ വസ്തുവായി ഉയർത്തുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മരത്തിന് പകരം മുള എന്ന ആശയം പ്രചരിപ്പിക്കുന്നതിനോടൊപ്പം നല്ലളം ആസ്ഥാനമായി പ്രവർത്തിക്കുന്ന തറയോട് നിർമ്മാണ ഫാക്ടറിയും മാനന്തവാടി, പാലക്കാട്, നാദാപുരം എന്നിവിടങ്ങളിലെ അനുബന്ധ യൂണിറ്റുകളെയും മുളയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന ചെയ്യുന്നതിന് പ്രാപ്തമാക്കുന്ന രീതിയിൽ പുനഃസംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്കരിച്ച മുളയും കോർപ്പറേഷന്റെ മറ്റ് ഉൽപ്പന്നങ്ങളും ഉപയോഗിച്ച് കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളടങ്ങിയ വിനോദസഞ്ചാര മേഖലകളിൽ വാസഗൃഹങ്ങളും എക്കോ ഹബ്ബുകളും കോർപ്പറേഷൻ നിർമ്മിച്ച് നൽകിത്തുടങ്ങിയിട്ടുണ്ട്. ഇതിനകംതന്നെ കോന്നിയിലുള്ള അടവി വനമേഖലയിലും തൊമ്മൻകുത്ത്, സൈലന്റ്‌വാലി എന്നിവിടങ്ങളിലും ഇത്തരത്തിൽ നിർമ്മിതികൾ നടത്തിക്കഴിഞ്ഞു.

(സി) ബാംബൂ മേഖലയിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനും ലോകോത്തര നിലവാരത്തിൽ ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനും ബാംബൂ തോട്ട നിർമ്മാണത്തിനും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അങ്കമാലിയിൽ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. മുള മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഏകോപനം, മുളകൊണ്ട് നിർമ്മിക്കുന്ന നൂതനമാതൃകകളുടെ

പ്രദർശനം, പുതിയ മാതൃകകൾ ഉണ്ടാക്കുവാനും അത് പഠിപ്പിക്കുവാനുമുള്ള സംവിധാനം, നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങളെക്കുറിച്ച് പഠിപ്പിക്കുക, ബാംബൂ ഉൽപ്പാദന പ്രക്രിയയെ അടിസ്ഥാനമാക്കി ഉപകരണങ്ങൾ രൂപപ്പെടുത്തി കരകൗശല തൊഴിലാളികൾക്ക് വിതരണം ചെയ്യുക, നിലവിലുള്ള കരകൗശല തൊഴിലാളികളുടെ നൈപുണ്യം വിലയിരുത്തി അതിനെ അടിസ്ഥാനമാക്കി പരിശീലന പരിപാടികൾ തയ്യാറാക്കുക എന്നിവയാണ് ബാംബൂ ഇന്നവേഷൻ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ. ബാംബൂ ഇന്നവേഷൻ സെന്ററിൽ ബാംബൂ കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) മുള ഉൽപ്പന്നങ്ങളുടെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ മുഖേന വാർഷിക മേളയായി ബാംബൂ ഫെസ്റ്റ് എറണാകുളത്ത് സംഘടിപ്പിച്ചുവരുന്നു. മുള ഉൽപ്പന്നങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ കരകൗശല വിദഗ്ദ്ധരും കേരളത്തിൽ സമാനമേഖലയിൽ പ്രവർത്തിക്കുന്നവരും തമ്മിൽ ആശയ വിനിമയം നടത്തുന്നതിനുമുള്ള വേദിയാണ് ബാംബൂ ഫെസ്റ്റ്. പതിനാലാമത് 'കേരള ബാംബൂ ഫെസ്റ്റ് 2017 ' അന്തർദ്ദേശീയ പ്രാതിനിധ്യത്തോടെ സംഘടിപ്പിക്കുന്നത് ലക്ഷ്യമിട്ട് കേരള ബാംബൂ മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന വ്യവസായ സ്ഥാപനങ്ങൾ**

93 (4552) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ വ്യവസായ സ്ഥാപനങ്ങൾ ഒട്ടും ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ് ;

(സി) വ്യവസായ സ്ഥാപനങ്ങൾ ഇല്ലാത്ത ജില്ലകളിൽ അവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) കാസർഗോഡ്, വയനാട്, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ രജിസ്റ്റേർഡ് ഓഫീസുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പൊതുമേഖലാ സ്ഥലങ്ങളുടെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

**തൃത്താലയിൽ വ്യവസായ പാർക്ക്**

94 (4553) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെയും കിൻഫ്രയുടെയും നേതൃത്വത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി കിൻഫ്ര നടത്തിയ പ്രാരംഭ പഠനം പൂർത്തിയായോ; ഉചിതമായ എത്ര സ്ഥലങ്ങളാണ് പരിശോധിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പഠന റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) തൃത്താല നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന്റെ സാദ്ധ്യതകൾ കിൻഫ്രയുടെ പരിശോധനയിലാണ്. വിശദമായ സ്ഥല പരിശോധനയ്ക്കുശേഷം മേൽപ്പറഞ്ഞ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സാധ്യമാവുകയുള്ളൂ.

**കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

95 (4554) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പുതിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) സംസ്ഥാനത്ത് ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) കിൻഫ്ര വ്യവസായ പാർക്കുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ
2. വ്യവസായ പാർക്ക്, മട്ടന്നൂർ
3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
5. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ
9. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം, തൃശ്ശൂർ
10. ഐ.ടി./ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം- രണ്ടാംഘട്ട വികസനം
11. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം
12. പെട്രാകെമിക്കൽ പാർക്ക്, എറണാകുളം
13. ഫാർമാ പാർക്ക്, എറണാകുളം
14. കിൻഫ്രാ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം- രണ്ടാംഘട്ട വികസനം.

(ബി) പ്രസ്തുത പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ ഏകദേശം 18000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കിൻഫ്ര പ്രതീക്ഷിക്കുന്നത്.

(സി) ഉണ്ട്. എറണാകുളത്ത് FACT-ൽ നിന്ന് കൈമാറുന്ന 600 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഭരണപരമായി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന കിൻഫ്ര അപ്പാരൽ പാർക്കിൽ ഒരു ലേഡീസ് ഹോസ്റ്റൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഒരു ക്രഷും (creche) പ്രവർത്തിച്ചുവരുന്നു. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കിൻഫ്ര ഹൈടെക് പാർക്ക്, കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ എന്നിവിടങ്ങളിൽ ക്രഷ് സംവിധാനം ഏർപ്പെടുത്താൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.

കൂടാതെ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ അവരെ ജോലി സ്ഥലത്ത് കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ തന്നെ വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

## മാവേലിക്കരയിൽ വ്യവസായ പാർക്ക്

96 (4555) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വ്യവസായ വകുപ്പിന് കീഴിൽ മാവേലിക്കര താലൂക്കിൽ 16.22 ഏക്കർ ഭൂമിയിൽ ഒരു വ്യവസായ വികസന ഏരിയയും ഒരേക്കർ ഭൂമിയിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റും നിലവിലുണ്ട്.

## സ്റ്റാർട്ട് അപ് വില്ലേജുകൾ

97 (4556) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പ് മുഖേന യുവ സംരംഭകർക്കായി സ്റ്റാർട്ട് അപ് വില്ലേജുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇവ കൂടുതൽ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന വ്യവസായ വകുപ്പ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSIDC)-ന്റെ ആഭിമുഖ്യത്തിൽ യുവസംരംഭകർക്കായി മൂന്ന് ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയിൽ ഒന്നാമത്തേത് എറണാകുളം ജില്ലയിൽ കൊച്ചിയിൽ ജിയോ ഇൻഫോ പാർക്ക് എന്ന കെട്ടിടത്തിൽ 4600 ചതുരശ്ര അടി വിസ്തൃതിയിൽ 124 പേർക്ക് ജോലി ചെയ്യാൻ സാധിക്കുന്ന തരത്തിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ളതും രണ്ടാമത്തേത് അങ്കമാലിയിൽ ഇൻകെൽ ടവർ 1-ൽ 5000 ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ളതും മൂന്നാമത്തേത് കോഴിക്കോട് യു.എൽ. സൈബർ പാർക്കിൽ 4000 ചതുരശ്ര അടി വിസ്തൃതിയിൽ 82 പേർക്ക് ജോലി ചെയ്യാൻ സാധിക്കുന്നതരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയതുമാണ്.

(സി) സംരംഭകത്വ വികസനത്തിനായി സംസ്ഥാനത്തുടനീളം ഇൻക്യുബേഷൻ സെന്ററിന്റെ ശൃംഖല രൂപീകരിക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥി/യുവസംരംഭകർക്ക് ആത്മവിശ്വാസം വളർത്താനും ഭാവി ശോഭനമാക്കാനുമായി അവരുടെ ആശയങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള നിക്ഷേപകർക്കുമുന്നിൽ അവതരിപ്പിക്കുന്നതിനും നിക്ഷേപകരുമായി ആശയ വിനിമയം നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി സെമിനാറുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുന്നതിനായി കെ.എസ്.ഡി.സി., ടൈ, സി.ഐ.ഐ. എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

യുവസംരംഭകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യിൽ ആരംഭിച്ചിട്ടുള്ള സീഡ് ഫണ്ടിംഗ് സ്കീം തുടരുന്നതാണ്. പ്രസ്തുത സ്കീം പ്രകാരം വിദ്യാർത്ഥി/യുവ സംരംഭകരുടെ നൂതന ആശയങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിന് പരമാവധി 25 ലക്ഷം രൂപവരെ സാമ്പത്തിക സഹായം വായ്പ അടിസ്ഥാനമാക്കി ലഭ്യമാക്കുന്നു.

വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യൂബേഷൻ സെന്ററുകൾ സ്ഥാപിക്കുന്ന

തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇൻക്യുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി.വിഭാഗത്തിൽപ്പെട്ട കോളേജുകൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## ഭക്ഷ്യസംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി നടപടികൾ

98 (4557) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യസംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇതിലൂടെ എത്ര വ്യവസായങ്ങൾ സ്ഥാപിതമായി എന്ന് അറിയിക്കുമോ;

(സി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യ സംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭക്ഷ്യ സംസ്കരണ മേഖലയിൽ നൈപുണ്യ വികസന പദ്ധതി, സാങ്കേതിക ശിൽപ്പശാല, എക്സിബിഷൻ എന്നിവ നടത്തിവരുന്നു. ഭക്ഷ്യസംസ്കരണ രംഗത്ത് നിക്ഷേപങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലും പത്തനംതിട്ടയിലെ അടൂരും ഭക്ഷ്യസംസ്കരണ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ നെല്ലാടിൽ കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കായി ഒരു മേഖല സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാഫുഡ് പാർക്ക്.

കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യസംസ്കരണ രംഗത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കേന്ദ്രസഹായത്തോടെ ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 65 ഏക്കർ സ്ഥലത്ത് ഒരു മെഗാഫുഡ് പാർക്ക് തുടങ്ങുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതുകൂടാതെ കെ.എസ്.ഐ. ഡി.സി.-യുടെ കീഴിലുള്ള കണ്ണൂർ കൂത്തുപറമ്പ് വ്യവസായ വളർച്ചാ കേന്ദ്രത്തിലും കോഴിക്കോട് കിനാലൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിലും ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലം നൽകുന്നുണ്ട്.

(ബി) ഭക്ഷ്യസംസ്കരണ മേഖലയിൽ 2016-17-ൽ ഏകദേശം 1850 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ സ്ഥാപിതമായിട്ടുണ്ട്. കിൻഫ്രയുടെ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലെ ഭക്ഷ്യസംസ്കരണ പാർക്കിൽ 24 ഭക്ഷ്യസംസ്കരണ വ്യവസായ ങ്ങളും എറണാകുളം ജില്ലയിലെ നെല്ലാടിലെ ഭക്ഷ്യസംസ്കരണ മേഖലയിൽ 31 വ്യവസായങ്ങളും അടൂരിലെ ഭക്ഷ്യസംസ്കരണ പാർക്കിൽ ഭൂമി അനുവദിച്ച 14 സംരംഭകരിൽ 8 വ്യവസായ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. മറ്റുള്ളവ നിർമ്മാണ ഘട്ടത്തിലാണ്. കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തല മെഗാഫുഡ് പാർക്കിൽ 14 സമുദ്ര/ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 8 ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും കണ്ണൂരിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 4 വ്യവസായങ്ങൾക്കും സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപ്പന്നങ്ങൾ, കറിപൗഡർ, ശുദ്ധീകരിച്ച വെളിച്ചെണ്ണ, ഐസ്ക്രീം ഉൽപ്പന്നങ്ങൾ, ആട്ട, സൂചി, മൈദ, ചോക്ലേറ്റ്, കശുവണ്ടി അധിഷ്ഠിത ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ, പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും സംസ്കരണവും ശീതീകരണവും, നാളികേര അധിഷ്ഠിത മൂല്യവർദ്ധന ഉൽപ്പന്നങ്ങളായ കോക്കനട്ട് മിൽക്ക്, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, വിവിധതരം അച്ചാറുകൾ, സമുദ്ര ഭക്ഷ്യ സംസ്കരണം എന്നിവ ചെയ്തുവരുന്നു.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതികൾ

99 (4558) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായസംരംഭങ്ങൾ നടത്തുന്നവർക്ക് അവരുടെ സ്ഥാപനം നിൽക്കുന്ന സ്ഥലത്തിന് പട്ടയം നൽകുന്നതിന് തീരുമാനമുണ്ടോ ; വിശദീകരിക്കാമോ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം അനുവദിച്ച പ്രവർത്തനക്ഷമ മല്ലാത്ത സംരംഭങ്ങളെ ഒഴിവാക്കി പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുമോ; വിശദീകരിക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6 ജില്ലകളിലെ 11 വ്യവസായ വികസന മേഖലകളിലെ ആന്തരിക റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം പൊതുമാലിന്യ സംസ്കരണ പ്ലാന്റ്, പൊതുസേവന കേന്ദ്രം എന്നിവയുടെ വിപുലീകരണത്തിനായി 25 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ ഏരിയ/പ്ലോട്ടുകളിൽ സ്ഥലം അലോട്ട് ചെയ്തിരുന്നത് ഹയർ പർച്ചേസ്/ഔട്ട് റൈറ്റ് പർച്ചേസ് വ്യവസ്ഥയിലായിരുന്നു. ഇത്തരത്തിൽ ഭൂമി ലഭിച്ചവർ അനുവദിക്കപ്പെട്ട പദ്ധതി പ്രകാരവും ഉടമസ്ഥതയിൽ മാറ്റമില്ലാതെയും തുടരുന്ന പക്ഷം വ്യാവസായിക ഭൂമിക്കനുസരണമായ നിബന്ധനകളോടെ പട്ടയം അനുവദിക്കാറുണ്ട്. പക്ഷേ 10-6-2013 മുതൽ അലോട്ട്മെന്റുകളും ഉടമസ്ഥത മാറ്റവും ലീസ് വ്യവസ്ഥയിലുള്ളതായതിനാൽ പട്ടയത്തിന് അർഹതയില്ല.

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം അനുവദിച്ചതും ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതുമായ സംരംഭങ്ങളുടെ ഭൂമി നിയമപരമായി തിരിച്ചെടുത്ത് പുതിയ സംരംഭങ്ങൾക്ക് അനുവദിക്കാറുണ്ട്.

**ടെക്സ്റ്റൈൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച തുക**

100 (4559) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്സ്റ്റൈൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച തുക കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് സഹകരണ സംഘത്തിന് അടയ്ക്കാത്തത് സംബന്ധിച്ച വിഷയത്തിൽ ഈ തുക തിരിച്ചടയ്ക്കുന്നതിന് സർക്കാർ ഭാഗത്തു നിന്നും കോർപ്പറേഷന് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുമോ;

(ബി) ടെക്സ്റ്റൈൽ കോർപ്പറേഷൻ തുക അടയ്ക്കാത്തതുമൂലം സംഘത്തിനും ജീവനക്കാർക്കും റിട്ടയർ ചെയ്തവർക്കും പലിശയിനത്തിൽ ഉണ്ടായിരിക്കുന്ന ബാധ്യത ടെക്സ്റ്റയിൽ കോർപ്പറേഷൻ ഏറ്റെടുക്കുമോ; ഇതുസംബന്ധിച്ച് വിശദീകരണം നൽകാമോ;

(സി) ഇത്തരത്തിൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ എത്ര ലക്ഷം രൂപയാണ് സഹകരണ സംഘത്തിന് അടയ്ക്കുവാനുള്ളത്; ഈ തുക മുഴുവൻ എന്നേയ്ക്ക് അടച്ചുതീർക്കും എന്നറിയിക്കാമോ; ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ചെടുത്ത തുക എങ്ങനെ വിനിയോഗിച്ചു എന്നും അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച തുക കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് സഹകരണ സംഘത്തിന് അടയ്ക്കാൻ കഴിയാതെ വന്നത് തുടർച്ചയായ നഷ്ടംമൂലം ഉണ്ടായ പ്രവർത്തനമൂലധന ചോർച്ച കൊണ്ടാണ്. മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചമായാൽ മാത്രമേ തുക അടയ്ക്കുവാൻ സാധിക്കുകയുള്ളൂ.

(ബി&സി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ തുക അടയ്ക്കാത്തതുമൂലം സംഘത്തിനും ജീവനക്കാർക്കും പെൻഷൻ പറ്റിയവർക്കും പലിശയിനത്തിൽ ഉണ്ടായിരിക്കുന്ന ബാധ്യത ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം ടെക്സ്റ്റൈൽ കോർപ്പറേഷൻ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കോട്ടയം ടെക്സ്റ്റൈൽസിന് ഈ ഇനത്തിൽ സംഘത്തിന് 26.78 ലക്ഷം രൂപ അടയ്ക്കാനുണ്ട്. തുക അടച്ചുതീർക്കുന്നതിന് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ല. ശമ്പളത്തിൽനിന്നും കിഴിച്ച തുക മറ്റ് ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ല.

**മലപ്പുറം ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം**

101 (4560) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ക്വാറികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ജില്ലയിൽ ക്വാറി മാപ്പിംഗ് പൂർത്തിയായിട്ടുണ്ടോ; എന്തെല്ലാം വിവരങ്ങളാണ് ഇതുവഴി ശേഖരിച്ചത്; വിശദാംശം നൽകുമോ;

(സി) റവന്യൂ ഭൂമി കയ്യേറി വൻതോതിൽ പാറ പൊട്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ അടച്ചുപൂട്ടുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ മലപ്പുറം ജില്ലാ ഓഫീസിന് അധികാരമുണ്ട്. കൂടാതെ അനധികൃത ക്വാറികൾ കണ്ടെത്തുന്നതിന് കേരള മിനറൽ സ്ക്വാഡ് (വടക്കൻ

മേഖല) -ഉം പ്രവർത്തിക്കുന്നുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ക്വാറി പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് അധികൃതരെ വിവരം അറിയിക്കാൻ പോലീസ്, റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Directorate General of Mine Safety-ലെ ഉദ്യോഗസ്ഥരാണ് ക്വാറിയിലെ സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിക്കാൻ നിയമപരമായി അധികാരപ്പെട്ടവർ.

(ബി) പൂർത്തിയായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്നതും പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതും കാലഹരണപ്പെട്ടതുമായ എല്ലാ ക്വാറികളുടെയും ലൊക്കേഷൻ, നിലവിൽ പ്രവർത്തിച്ചുവരുന്ന ക്വാറികളുടെ പെർമിറ്റ് വിവരങ്ങൾ, ധാതുവിന്റെ ഇനം, സ്വഭാവം, സ്ഥലത്തിന്റെ ഘടനാപരമായ സവിശേഷതകൾ എന്നീ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(സി) റവന്യൂ വകുപ്പിൽനിന്നുള്ള NOC പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് റവന്യൂ ഭൂമിയിൽ ഖനനാനുമതി നൽകാറുണ്ട്. ഇപ്രകാരം ഖനനാനുമതി നൽകിയ സ്ഥലത്തിന് പുറത്ത് ഖനനം നടക്കുന്നത് കണ്ടെത്തുമ്പോൾ ഖനനം നിർത്തിവയ്പിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നുണ്ട്. വൻതോതിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം 2-12-2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കേണ്ടിവന്നു. എങ്കിലും ഇത്തരം ചില ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെത്തുടർന്ന് അവ നിർത്തിവയ്പ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത ക്വാറികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിലെ കൈത്തറി നെയ്ത്ത് സംഘങ്ങൾ**

102 (4561) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര കൈത്തറി നെയ്ത്ത് സംഘങ്ങളുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും വ്യക്തമാക്കുമോ; പൂട്ടിക്കിടക്കുന്നവ ഉണ്ടെങ്കിൽ അവയെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

വാമനപുരം നിയോജകമണ്ഡലത്തിൽ ആകെ 3 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഉണ്ട്. ആയതിൽ 2 എണ്ണം പ്രവർത്തിക്കുന്നവയാണ്. പ്രവർത്തിക്കാത്ത ഒരു സംഘത്തിൽ നിലവിൽ തറികളും തൊഴിലാളികളും ഇല്ല. ഈ സാഹചര്യത്തിൽ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സാദ്ധ്യതയില്ല.

**യന്ത്രത്തറി വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിന് പദ്ധതികൾ**

103 (4562) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യന്ത്രത്തറി വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) യന്ത്രത്തറി സഹകരണ സംഘങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനുമായി വായ്പകൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതികൾക്കായുള്ള കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് യന്ത്രത്തറി വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനായി പ്രാഥമിക യന്ത്രത്തറി സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തമായി ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്. ടി ഫണ്ട് സംഘങ്ങളിലെ നിലവിലുള്ള യന്ത്രത്തറികൾ നവീകരിക്കുന്നതിനും പുതിയ യന്ത്രത്തറികൾ സംഘത്തിലേയ്ക്ക് വാങ്ങി സംഘത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംഘങ്ങളുടെ ആവശ്യകതയനുസരിച്ച് ഉപയോഗിക്കുന്നതിനുംവേണ്ടിയാണ് നൽകുന്നത്. കൂടാതെ പ്രാഥമിക യന്ത്രത്തറി സംഘങ്ങളുടെയും സംയോജിത യന്ത്രത്തറി സംഘങ്ങളുടെയും നവീകരണത്തിനായി പ്രോജക്ട് അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ വർഷംതോറും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) നിലവിലില്ല.

(സി) യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്കും നെയ്ത്തുകാർക്കുമായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (ജി.ഐ.എസ്.) ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ പ്രീമിയം തുക ഒരാൾക്ക് 470 രൂപയാണ്. ഇതിൽ 290 രൂപ കേന്ദ്രസർക്കാർ വിഹിതവും 100 രൂപ എൽ.ഐ.സി. വിഹിതവും ബെനിഫിഷറി കോൺട്രിബ്യൂഷൻ ആയ 80 രൂപ സംസ്ഥാന സർക്കാർ വിഹിതവുമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

## വാമനപുരം നിയോജകമണ്ഡലത്തിൽ ഖാദി ബോർഡിന് കീഴിൽ വ്യവസായ യൂണിറ്റുകൾ

104 (4563) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഖാദി ബോർഡിന് കീഴിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) നിർജ്ജീവമായ യൂണിറ്റുകൾ ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) നിർജ്ജീവ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് കീഴിൽ വാമനപുരം നിയോജകമണ്ഡലത്തിൽ 4 ഖാദി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

1. വെഞ്ഞാറമൂട് വലിയകട്ടയ്ക്കാൽ ഗണപതിപുരത്ത് ഖാദി നൂൽ നൂൽപ്പ് കേന്ദ്രവും ഖാദി നെയ്ത്ത് കേന്ദ്രവും നോട്ട് ബുക്ക് നിർമ്മാണ കേന്ദ്രവും
2. കതിരുവിളയിൽ ഖാദി നെയ്ത്തുകേന്ദ്രം.
3. പേരയത്ത് ഖാദി നൂൽ നൂൽപ്പ് കേന്ദ്രവും ഖാദി നെയ്ത്ത് കേന്ദ്രവും.
4. കാലങ്കാവിൽ ഖാദി നൂൽ നൂൽപ്പ് കേന്ദ്രം.

(ബി) കല്ലറയിൽ ഖാദി നൂൽ നൂൽപ്പ് കേന്ദ്രം പ്രവർത്തിച്ചിരുന്നു. തൊഴിലാളികളുടെ അഭാവം നിമിത്തം കഴിഞ്ഞ 12 വർഷമായി പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

(സി) നൂൽപ്പിന് തൊഴിലാളികളെ ലഭിക്കാത്തതിനാലാണ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുന്നത്. ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്ന മുറയ്ക്ക് യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതാണ്.

**ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

105 (4564) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദിഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ സ്ഥലങ്ങളിൽ ഇവ സ്ഥാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുവഴി എത്ര തൊഴിലവസരങ്ങളാണ് ഉണ്ടായതെന്ന് വിശദമാക്കുമോ;

(ഡി) ഖാദി ഗ്രാമങ്ങൾ വഴി ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾക്കുള്ള വിപണി എങ്ങനെയാണ് കണ്ടെത്തിയത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ 14 ജില്ലകളിൽ തെരഞ്ഞെടുക്കുന്ന 2 പഞ്ചായത്തുകളിൽ ഖാദി വ്യവസായത്തിൽ നൂൽപ്പിലും നെയ്ത്തിലും ഒരു വർഷം 1000 പുതിയ തൊഴിലാളികളെ കണ്ടെത്തി 5 വർഷംകൊണ്ട് 5000 പേർക്ക് തൊഴിൽ നൽകുന്നത് ലക്ഷ്യമിടുന്ന പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അഞ്ച് വർഷംകൊണ്ട് നടപ്പിലാക്കാൻ വിഭാവന ചെയ്യുന്ന പദ്ധതി 5000 തൊഴിലവസരങ്ങൾ ലക്ഷ്യമിടുന്നു.

(ഡി) പദ്ധതി വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഖാദി ബോർഡിന്റെ വിൽപ്പനശാലകൾ വഴി വിറ്റഴിക്കാൻ സാധിക്കുന്നതാണ്.

## നീന്തൽ പരിശീലന കേന്ദ്രങ്ങൾ

106 (4565) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കുളങ്ങൾ നവീകരിച്ച് നീന്തൽ പരിശീലനത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) നീന്തൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കായിക വകുപ്പിന്റെ കീഴിൽ നിലവിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നില്ല.

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം

107 (4566) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ മലപ്പുറം ജില്ലയിൽ എവിടെയെല്ലാം കളിസ്ഥലങ്ങൾ വികസിപ്പിക്കാൻ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഏറനാട് മണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും കളിസ്ഥലം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിപ്രകാരം മലപ്പുറം ജില്ലയിൽ എടപ്പാൾ ഗവ.എച്ച്.എസ്.എസിലും നിലമ്പൂരിലും മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 13-2-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 33/17/കാ.യു.വ. പ്രകാരം രണ്ട് പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഇല്ല. എന്നാൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും പ്രദേശത്തിന്റെ ആവശ്യകതയും അനുസരിച്ച് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തൃശ്ശൂർ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്

108 (4567) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തൃശ്ശൂരിലെ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ജെയ്സി ജോസ്, കല്ലറയ്ക്കൽ, കൊടകര എന്നയാൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സ്പോർട്സ്-യുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ

109 (4568) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ്-യുവജനകാര്യ വകുപ്പിന് നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) സ്പോർട്സ് മേഖല മെച്ചപ്പെടുത്തുന്നതിന് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണ്; ഇതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കായിക യുവജനകാര്യ വകുപ്പിന് നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുക താഴെപ്പറയും പ്രകാരമാണ്.

| | പ്ലാൻ | നോൺ പ്ലാൻ |
|---|---|---|
| കായിക യുവജന കാര്യാലയം | 59,31,00,000 | 4,75,83,000 |
| കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 39,62,00,000 | 17,31,40,000 |
| യുവജന കമ്മീഷൻ | 1,10,00,000 | 85,50,000 |
| യൂത്ത് വെൽഫെയർ ബോർഡ് | 21,00,00,000 | 34,36,000 |

(ബി) **എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം**

8-7-2016-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നീക്കിവയ്ക്കുകയും ഇവയിൽ 18 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ 7 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭിക്കുകയും 4 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി**

2020-2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റെസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 'ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്.

**കേരള കായിക ക്ഷമത മിഷൻ**

കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ അതേ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി കേരള കായിക ക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പൊതുജന ആരോഗ്യ സംരക്ഷണത്തിനായിട്ടുള്ള സംരംഭങ്ങൾ**

പൊതുജന ആരോഗ്യ സംരക്ഷണത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ സ്പോർട്സ് ക്ലബ്ബുകളും സ്കൂൾ കോളേജ് തലങ്ങളിൽ സ്പോർട്സ് ക്ലബ്ബുകളും ഉണ്ടാക്കി ആരോഗ്യ സംരക്ഷണത്തിനായി ഒരു പുതിയ കായിക സംസ്കാരം നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ആബാലവൃദ്ധം ജനങ്ങൾക്കും ഇതിന്റെ ഭാഗമായി ആരോഗ്യപരമായ ഗുണം കിട്ടുന്നതിനായി സമഗ്രപദ്ധതി തയ്യാറാക്കി വരുന്നു.

**കായിക സർവ്വകലാശാല**

കേന്ദ്ര സഹായത്തോടെ കേരളത്തിൽ ഒരു കായിക സർവ്വകലാശാല തുടങ്ങുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**അടിസ്ഥാന കളിസ്ഥല വികസനം**

അണ്ടർ 17 ലോക ഫുട്ബോൾ മത്സരത്തിന്റെ ഭാഗമായി എറണാകുളം പനമ്പിള്ളി നഗർ ഗവൺമെന്റ് സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നാച്ചുറൽ ടർഫ്, സിന്തറ്റിക് ട്രാക്ക് എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ ഐ.റ്റി. പദ്ധതിയുമായി ബന്ധപ്പെടുത്തി സ്പോർട്സ് മെച്ചപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കി വരുന്നു. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിഷൻ ഡോക്യുമെന്റ്, പ്രായഭേദമന്യേ കായികക്ഷമത വർദ്ധിപ്പിക്കുന്ന തിനായി കമ്മ്യൂണിറ്റി സ്പോർട്സ് പദ്ധതി, പ്ലേ ഫോർ ഹെൽത്ത് സ്കീം, വയനാട് ആർച്ചറി അക്കാദമിയുടെ അടിസ്ഥാന സൗകര്യ വികസനം, ജി.വി.രാജാ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ, സ്പൈസൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കുന്ന 10 സ്ഥാപനങ്ങൾക്ക് മൾട്ടി പർപ്പസ് കോർട്ടുകൾ നിർമ്മിക്കുക എന്നിവയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഓപ്പറേഷൻ ഒളിമ്പിയ, കേരള കായിക ക്ഷമതാ മിഷൻ എന്നീ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിൽ ഒരു കായിക സർവ്വകലാശാല തുടങ്ങുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയും കേരളത്തിൽ സ്പോർട്സ് യൂണിവേഴ്സിറ്റി തുടങ്ങുന്നതിനും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരവേദി**

110 (4569) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടക്കുന്ന അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സര വേദിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് വരെയായെന്ന് വിശദമാക്കാമോ;

(ബി) സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു നൽകേണ്ട സമയത്തിനകം പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമോ; ഈ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാരിന്റെ ഇടപെടൽ വിശദമാക്കാമോ;

(സി) സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഏജൻസിയാണ് ഏറ്റെടുത്ത് നടത്തുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ നടക്കുന്ന അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സര വേദിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. നാല് പരിശീലന ഗ്രൗണ്ടുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

(ബി) മത്സരവേദിയായ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മേയ് 15-ാം തീയതിക്കുള്ളിലും 4 പരിശീലന ഗ്രൗണ്ടുകളുടെ നിർമ്മാണം മേയ് 13-ാം തീയതിക്കുള്ളിലും പൂർത്തീകരിക്കാനാണ് ഫിഫ നിഷ്കർഷിച്ചിട്ടുള്ളത്. സമയപരിധിക്കുള്ളിൽത്തന്നെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കായിക വകുപ്പ് മന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും വിവിധ ഘട്ടങ്ങളിൽ സ്ഥലം സന്ദർശിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 28-4-2017-ൽ കേന്ദ്ര കായിക വകുപ്പുമന്ത്രി ശ്രീ. വിജയ് ഗോയലിന്റെ സന്ദർശനവേളയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

തീരുമാനമനുസരിച്ച് എല്ലാ ദിവസവും രാവിലെ 9.30-ന് ജി.സി.ഡി.എ. ചെയർമാൻ, നോഡൽ ഓഫീസർ, ജില്ലാ കളക്ടർ, ബന്ധപ്പെട്ട എഞ്ചിനീയർമാർ, കരാറുകാർ എന്നിവർ യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നുണ്ട്. സമയബന്ധിതമായി ത്തന്നെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കും.

(സി) ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ നിർമ്മാണം ജി.സി.ഡി.എ.യും മഹാരാജാസ് കോളേജ് ഗ്രൗണ്ട്, ഫോർട്ട് കൊച്ചി വെളി ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ എറണാകുളം ബിൽഡിംഗ്സ് ഡിവിഷനും ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട് നിർമ്മാണം കിറ്റ്കോയും പനമ്പള്ളി നഗർ സ്പോർട്സ് അക്കാദമി ഗ്രൗണ്ടിന്റെ നിർമ്മാണം കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ സിവിൽ വിഭാഗവും ആണ് ഏറ്റെടുത്ത് നടത്തുന്നത്.

## ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സമിതികൾക്ക് സഹായങ്ങൾ

111 (4570) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സമിതികൾക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അതിനായി എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും തരംതിരിച്ച് വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഗ്രാമീണ മേഖലകളിലേതുൾപ്പെടെ സംസ്ഥാനത്തെ അഫിലിയേറ്റ് ചെയ്ത യൂത്ത് ക്ലബ്ബുകൾ സമർപ്പിക്കുന്ന വിവിധ പ്രോജക്ടുകൾ അടിസ്ഥാനമാക്കി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 1-6-1999-ലെ സ.ഉ.(എം.എസ്.)നമ്പർ 23/1999-ലെ സാം.കാ.വ. എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുതും വലുതുമായ വിവിധ കലാ-സാംസ്കാരിക സംഘടനകൾക്ക് അവരുടെ കലാ-സാംസ്കാരിക തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് അതത് സാമ്പത്തിക വർഷത്തെ ബജറ്റിലെ വിഹിതങ്ങളുടെ (ആവർത്തന/അനാവർത്തന/സ്പെഷ്യൽ ഗ്രാന്റുകളുടെ) അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽനിന്നും ധനസഹായം അനുവദിക്കാറുണ്ട്.

സ്വയംതൊഴിൽ സംരംഭങ്ങൾ, പരിസ്ഥിതി പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾക്കാണ് ഫണ്ട് ലഭ്യത അനുസരിച്ച് യുവജനക്ഷേമ ബോർഡ് ധനസഹായം അനുവദിക്കുന്നത്. ബോർഡിന്റെ ധനസഹായം ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് അതാത് ജില്ലകളിലെ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജന കേന്ദ്രങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ദേവികുളം മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച പരിപാടികൾ**

112 (4571) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജക മണ്ഡലത്തിൽ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകൽ, സ്വയംസംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, സാമൂഹിക പ്രവർത്തനം തുടങ്ങിയവയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് 2016-17-ൽ സംഘടിപ്പിച്ച പരിപാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 7-12-2016 മുതൽ 9-12-2016 വരെ ജില്ലാ കേരളോത്സവം 2016 മൂന്നാറിൽവച്ച് സംഘടിപ്പിച്ചു. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി വനിതകൾക്കായി ജില്ലാ ക്യാമ്പ് ദേവികുളം ദേശീയ സാഹസിക അക്കാഡമിയിൽ വച്ച് 2017 മാർച്ച് 4,5 തീയതികളിലായി സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ 120 യുവതികൾ പങ്കെടുത്തു.

**യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കുന്ന മുഖ്യ പരിപാടികൾ**

113 (4572) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. മുകേഷ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് വഴി നടപ്പാക്കുന്ന മുഖ്യപരിപാടികളും യുവാക്കളുടെ പുരോഗതി ലക്ഷ്യം വെച്ച് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ബോർഡ് സംഘടിപ്പിക്കുന്ന കേരളോത്സവത്തിന്റെ വിശദാംശങ്ങളും അതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങളും അറിയിക്കാമോ;

(സി) യുവാക്കൾക്ക് വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് വിവരം നൽകുന്നതിനും വിവിധ മത്സരപരീക്ഷകളിൽ പ്രാപ്തി നേടുന്നതിനുമായി, ബോർഡിനുകീഴിൽ കരിയർ ഗൈഡൻസ് സെന്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. കേരളോത്സവം

II. വജ്ര യുവത്വം.

**1. സംരംഭകത്വ വികസന പരിപാടി**

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ഭക്ഷ്യ സംസ്കരണം, മൃഗസംരക്ഷണം, (ക്ഷീര ഉൽപ്പാദനം, പൗൾട്രി ഫാം തുടങ്ങിയവ) റീട്ടെയിൽ/മൊത്ത വ്യാപാരം, വ്യവസായ-ഉൽപ്പാദന-ഐ.റ്റി. എന്നീ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനവും സഹായവും നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

നവസംരംഭകർക്കുള്ള വർക്ക്ഷോപ്പ്, ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന നടപ്പാക്കുന്ന പ്രോജക്ടുകൾ, യൂത്ത് ക്ലബ്ബുകൾക്ക് വിവിധ പദ്ധതികൾക്കായുള്ള ധനസഹായം എന്നിവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

**2. യുവസാഹിത്യ ക്യാമ്പ്**

സാഹിത്യ അഭിരുചിയുള്ള യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി പരിപോഷിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ യുവസാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുന്നു.

**3. യൂത്ത് അവാർഡ്**

ജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹവും പ്രശംസനീയവുമായ പ്രകടനം കാഴ്ചവച്ച യുവജനങ്ങളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു. സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം, കല, സാഹിത്യം, ഫൈൻ ആർട്സ്, കായികം, ശാസ്ത്രം, സംരംഭകത്വം, കൃഷി, മികച്ച യൂത്ത് ക്ലബ്ബ് എന്നീ മേഖലകളിൽ പുരസ്കാരം ജില്ലാതലങ്ങളിൽ ഏർപ്പെടുത്തുന്നു.

## 4. യൂത്ത് കേരള എക്സ്പ്രസ്സ് (YKE2016)

യൂത്ത് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലെ വൈവിധ്യങ്ങളെ കേരളീയ സമൂഹത്തിനാകെ പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള ടെലിവിഷൻ ഷോയാണ് യൂത്ത് കേരള എക്സ്പ്രസ്സ്. ഇത് സി-ഡിറ്റിന്റെ സഹായത്തോടെ നടത്താനുദ്ദേശിക്കുന്നു.

## 5. മാലിന്യത്തിൽനിന്ന് പച്ചപ്പിലേയ്ക്ക് (ഗാർബേജ് ടു ഗ്രീൻ ചലഞ്ച്)

പ്രാദേശികമായ പ്രത്യേകതകളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളെ തങ്ങളുടെ ചുറ്റുപാടിനെ മാലിന്യ വിമുക്തമാക്കാനും സൗന്ദര്യവൽക്കരിച്ച് ഹരിതാഭമാക്കാനും പ്രചോദിപ്പിക്കുന്ന ഒരു മത്സരാധിഷ്ഠിത പദ്ധതിയാണ് ഇത്.

## 6. യുവ കായിക വികസന പദ്ധതി

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അവയ്ക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

## 7. ജീവരക്ഷ-ആരോഗ്യരക്ഷ

വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളിൽനിന്ന് മുക്തിയും ആധുനിക സാങ്കേതിക വിദ്യയുടെ അമിത ഉപയോഗം യുവാക്കളിൽ സൃഷ്ടിക്കുന്ന വിവിധങ്ങളായ മാനസിക ആരോഗ്യ പ്രശ്നങ്ങൾ ലഘൂകരിക്കുന്ന പ്രവർത്തനങ്ങളും അടങ്ങുന്നതാണ് ഈ പദ്ധതി.

## 8. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (യുവജന പഠന കേന്ദ്രങ്ങളെ തെരഞ്ഞെടുക്കൽ)

കേരളത്തിലെ യുവജനങ്ങൾക്ക് സർക്കാർ ഉദ്യോഗം ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രീ-എക്സാമിനേഷൻ പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള യൂത്ത് ക്ലബ്ബുകൾ മുഖേന ആരംഭിക്കുവാൻ തീരുമാനിച്ചു.

## 9. ഷോർട്ട് ഫിലിം ഫെസ്റ്റിവൽ.

യുവജനങ്ങളുടെ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതാണ്.

**10. യുവജനങ്ങൾക്ക് നീന്തൽ പരിശീലനം നൽകൽ.**

III. യുവശക്തി

**1. യൂത്ത് സെന്ററുകളും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി ശാക്തീകരണവും**

യുവജന വികസനത്തിനായി സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന പദ്ധതികളും ഏകോപിപ്പിക്കുന്നതിനും അവയ്ക്കുവേണ്ട വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിനും സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകൾ, സർക്കാരേതര സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനും ഒരു വിഭവ വിവര-വിനിമയ കേന്ദ്രമായി യുവജനക്ഷേമ ബോർഡ് ആസ്ഥാനത്തെ സജ്ജമാക്കുന്നതാണ്.

യുവജനങ്ങൾക്ക് നാടൻ കലകളിൽ പരിശീലനം, ആയോധനത്തിലൂടെ ആത്മരക്ഷ, വെബ് സൈറ്റ് നവീകരണം, ഓൺലൈൻ അഫിലിയേഷൻ, ഗോത്രവർഗ്ഗ യുവജന വികസനം - അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ട് - യൂത്ത് റിസോഴ്സ് സെന്റർ തുടങ്ങിയ പദ്ധതികളും സംഘടിപ്പിക്കുന്നതാണ്.

**IV. മറ്റ് യുവജന വികസന പദ്ധതികൾ**

ജലസംരക്ഷണം, ദേശീയ അന്തർദ്ദേശീയ യുവജനദിനാഘോഷങ്ങൾ, മലയാള ഭാഷാപോഷണം. ബോർഡിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള പൊതുജന സമ്പർക്കപരിപാടി, നാഷണൽ ഫോക് ഫെസ്റ്റ് ഓഫ് കേരള എന്ന പദ്ധതിയിലൂടെ ദേശീയോദ്ഗ്രഥനം, സാഹസിക ടൂറിസം പദ്ധതികൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.

**V. നിർമ്മാണ പ്രവർത്തനങ്ങൾ**

1. നാഷണൽ അഡ്വഞ്ചർ അക്കാദമി - ദേവികുളം, ബോർഡ് ആസ്ഥാന മന്ദിരം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) നഗരത്തിലെ യുവജനങ്ങൾക്കൊപ്പം ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാ കായിക മേഖലകളിലെ കഴിവുകൾ പ്രകടമാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരമൊരുക്കുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കേരളോത്സവം സംഘടിപ്പിച്ചുവരുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കേരളോത്സവം സംഘടിപ്പിക്കാൻ വർഷാരംഭത്തിൽത്തന്നെ മാർഗ്ഗരേഖ പരിഷ്കരിക്കുകയും തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലും സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളിലും എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു.

കേരളത്തിലെ യുവജനങ്ങളുടെ കലാ-കായിക-സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ കഴിവുകളെ മാറ്റുരയ്ക്കുന്നതിനുമുള്ള വേദിയാണ് കേരളോത്സവം. കേരളത്തിലെ ലക്ഷക്കണക്കിന് യുവജനങ്ങളുടെ കലാ-കായിക മികവ് അവരുടെ പഠന കാലയളവിനുശേഷം പ്രകടിപ്പിക്കാൻ അവസരം നൽകുക, അതോടൊപ്പം കലാലയങ്ങളിൽ വിദ്യാഭ്യാസം ചെയ്യാൻ അവസരം ലഭിക്കാത്തവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള വേദി ഒരുക്കുക എന്നീ മഹത്തായ ലക്ഷ്യങ്ങളാണ് കേരളോത്സവത്തിലൂടെ നടപ്പിലാക്കിവരുന്നത്. കേരളോത്സവത്തിൽ സംസ്ഥാനതലത്തിൽ വിജയികളാകുന്നവർക്ക് ദേശീയ യുവജനോത്സവത്തിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കാറുണ്ട്.

(സി) കേരളത്തിലെ യുവജനങ്ങളെ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2017-18 സാമ്പത്തിക വർഷം എല്ലാ ജില്ലാകളിലും പ്രീ-എക്സാമിനേഷൻ പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നു. ഗ്രാമപ്രദേശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഉള്ള യൂത്ത് ക്ലബ്ബുകൾ മുഖേന ഓരോ ജില്ലയിലും രണ്ട് കേന്ദ്രം വീതം ആരംഭിക്കുവാനും തിരുവനന്തപുരം ജില്ലയിലെ 12 ബ്ലോക്കുകളിൽ സമീപത്തുള്ള ഈ രണ്ട് ബ്ലോക്കുകൾ സംയോജിപ്പിച്ച് 6 കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നു. അതിന്റെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം മറ്റ് ജില്ലകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

**സ്ഥിരപ്പെടുത്തിയ കെ.എസ്.ഇ.ബി. എൽ.-ലെ കരാർ തൊഴിലാളികൾ**

114 (4573) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷനുകളുടെ കീഴിൽ എത്ര കരാർ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും അവർ എത്രകാലമായി ജോലി ചെയ്തുവരികയാണെന്നും സെക്ഷൻ തിരിച്ച് വിവരങ്ങൾ നൽകാമോ;

(ബി) അഞ്ച് വർഷം സർവ്വീസ് പൂർത്തിയാക്കിയ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഇ.ബി.എൽ.-ൽ എത്ര കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തി എന്നതിന്റെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നില്ല. എന്നാൽ ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ പ്രസ്തുത പ്രവൃത്തിക്ക് ചെലവാകാൻ സാധ്യതയുള്ള തുക മുൻകൂട്ടി കണക്കാക്കി പ്രവൃത്തിയുടെ വിശദവിവരത്തോടൊപ്പം പ്രസിദ്ധീകരിക്കുകയും പ്രവൃത്തി ഏറ്റെടുക്കാൻ താൽപ്പര്യമുള്ളവരിൽനിന്നും ക്വട്ടേഷൻ/ദർഘാസുകൾ ക്ഷണിക്കുകയാണ് പതിവ്. ജോലിയുടെ സ്വഭാവമനുസരിച്ച് കരാറുകാരൻ നിശ്ചിത യോഗ്യതയുള്ളവരെക്കൊണ്ട് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

(ബി) ഇല്ല. പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ 2004 ഡിസംബർ 15-ലെ വിധിയും ആയതിന് അനുബന്ധമായി ബഹുമാനപ്പെട്ട ഹൈക്കോടതിയും ബഹുമാനപ്പെട്ട സുപ്രീംകോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധികളുമനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കരാർ ജോലിയിൽ 2004 ഡിസംബർ 15-ന് മുമ്പുള്ള 5 വർഷക്കാലയളവിൽ 1200 ദിവസങ്ങൾ കരാർ ജോലി പൂർത്തീകരിച്ചിട്ടുള്ള പെറ്റി കോൺട്രാക്റ്റർ/കോൺട്രാക്റ്റ് വർക്കർമാരിൽനിന്നും കോടതി ഉത്തരവ് നിഷ്കർഷി ച്ചിട്ടുള്ള നിശ്ചിത യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം ലേബർ ഡിപ്പാർട്ട്മെന്റ് തെരഞ്ഞെടുത്തവരുടെ അന്തിമ ലിസ്റ്റ്, സ്ഥിര നിയമനത്തിനുള്ള സ്യൂട്ടബിലിറ്റി ടെസ്റ്റ്, ഇന്റർവ്യൂ, ശാരീരിക യോഗ്യതാ പരിശോധന, സാമുദായിക സംവരണ ക്രമം നിശ്ചയിക്കൽ എന്നീ തുടർ നടപടികൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കെ.എസ്.ഇ.ബി. ലിമിറ്റഡ് കൈമാറിയിട്ടുണ്ട്. മറ്റെന്തെങ്കിലും കാലയളവും യോഗ്യത കളും മാനദണ്ഡങ്ങളാക്കി കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല.

(സി) ബാധകമല്ല.

**ഹൈഡൽ ടൂറിസം പദ്ധതി ഉടമ്പടി**

115 (4574) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഹൈഡൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഉടമ്പടി പ്രകാരം അമ്യൂസ്മെന്റ് പാർക്കുകൾക്ക് സ്ഥലം കൈമാറിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) എത്ര വർഷത്തേക്കാണ് പ്രസ്തുത ഉടമ്പടിയെന്നും അതിന്റെ ലാഭം ഏത് അനുപാതത്തിലാണ് വീതിക്കുന്നതെന്നും അറിയിക്കാമോ;

(സി) ഈ തീരുമാനത്തിന് ഹൈഡൽ ടൂറിസത്തിന്റെ എക്സിക്യൂട്ടീവ്/ ഗവേണിംഗ് കമ്മിറ്റികളുടെ അംഗീകാരമുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) വൈദ്യുതി ബോർഡ് സ്വന്തം ചെലവിൽ, ഹൈഡൽ ടൂറിസം മേഖലയിൽ കെട്ടിടങ്ങൾ പുതുക്കിപണിത് നടത്തിപ്പിനായി കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തേക്കെന്നും ലാഭം വീതിക്കുന്ന അനുപാതം എത്രയെന്നും അറിയിക്കുമോ;

(എഫ്) അതീവ സുരക്ഷാ മേഖലയിൽ ഇത്തരത്തിൽ സ്വകാര്യ വ്യക്തി കൾക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ജി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെൻഡർ നടപടികളും എസ്റ്റിമേറ്റും ഇല്ലാതെ ഹൈഡൽ ടൂറിസത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളെക്കുറിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി - ഡി) ബാധകമല്ല.

(ഇ & എഫ്) ഇല്ല.

(ജി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെൻഡർ നടപടികളും എസ്റ്റിമേറ്റും ഇല്ലാതെ ഹൈഡൽ ടൂറിസത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഉണ്ടെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോട്ടയ്ക്കൽ മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ**

116 (4575) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിച്ച് പലകാരണങ്ങൾ കൊണ്ട് കിട്ടാത്തവരുടെ പ്രശ്നങ്ങൾ ഇപ്പോഴും വകുപ്പിന്റെ പരിഗണനയിലാണോ-യെന്ന കാര്യം പരിശോധിച്ച് വ്യക്തമാക്കുമോ;

(ബി) ജനങ്ങളുടെ അടിസ്ഥാന പ്രശ്നമായ വൈദ്യുതിക്കുവേണ്ടി അപേക്ഷിച്ചിട്ടു ലഭിക്കാത്തവരുടെ പ്രശ്നം വകുപ്പ് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കുമോ;

(സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി.എൽ. ഓഫീസുകളിൽ കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ട് ലഭിക്കാത്തവരുടെ കണക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവിധ വകുപ്പുകളിൽ നിന്നുള്ള മുൻകൂർ അനുമതി ലഭ്യമാക്കുന്നത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ തടസ്സമാകുന്നു എന്ന് കണ്ടതിനെത്തുടർന്ന് താഴെ പറയുന്ന നടപടികൾ ഇതിനോടകം തന്നെ കൈക്കൊണ്ടിട്ടുണ്ട്.

തിരിച്ചറിയൽ രേഖയുടെയും ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖയുടെയും മാത്രം അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷനുകൾ നൽകിവരുന്നുണ്ട്. കൂടാതെ 100 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണം വരുന്ന വീടുകൾക്ക് ഉടമസ്ഥാവകാശരേഖ കൂടാതെയും 1500 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണം വരുന്ന വീടുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷനുകൾ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാൻ വിപുലമായ സംവിധാനങ്ങൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നവർക്ക് കണക്ഷനുകൾ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നില്ല. കോട്ടയ്ക്കൽ മണ്ഡലത്തിലെ കാടാമ്പുഴ സെക്ഷനിൽ 2 ഗാർഹിക കണക്ഷനുകളും വളാഞ്ചേരി സെക്ഷനിൽ 3 ഗാർഹിക കണക്ഷനുകളും 3 വാണിജ്യ കണക്ഷനുകളും എടയൂർ സെക്ഷനിൽ 2 ഗാർഹിക കണക്ഷനുകളും 2 വാണിജ്യ കണക്ഷനുകളും നൽകാൻ ബാക്കിയുണ്ട്.

**ഉദയ് പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭിച്ച തുക**

117 (4576) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉജ്ജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഉദയ്) യുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവയുടെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) ഇതുപ്രകാരം ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണ്?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരും സംസ്ഥാന വിതരണ കമ്പനിയായ കെ.എസ്.ഇ.ബി. ലിമിറ്റഡും ആയി ഉദയ് പദ്ധതിയുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്ന ഭാഗത്തിൽ മാത്രമായി 15-3-2017-ൽ ഒപ്പുവച്ചിട്ടുണ്ട്. ഉദയ് പദ്ധതിയുടെ സാമ്പത്തിക നില വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കുചേരാത്തതിനാൽ കെ.എസ്.ഇ.ബി.എൽ-ന് തുകയൊന്നും ലഭ്യമായിട്ടില്ല.

പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, Average Cost of Supply, Average Revenue Realisation ഇവയുടെ അന്തരം കുറയ്ക്കുക എന്നിവയാണ് മുഖ്യമായും ഉദയ് ലക്ഷ്യമിടുന്നത്. കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയും അല്ലാതെയും വിതരണ കമ്പനി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും മേൽപ്പറഞ്ഞ ലക്ഷ്യ പ്രാപ്തിയിലേയ്ക്ക് ഏകോപിപ്പിക്കുന്നതിലാണ് പദ്ധതിയുടെ ഊന്നൽ. അപ്രകാരം വൈദ്യുതിയുടെ പ്രസരണ വിതരണ മേഖലകളിൽ നടന്നുവരുന്ന എല്ലാ പ്രവർത്തനങ്ങളും UDAY-യുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നവയാണ്.

UDAY നടത്തിപ്പിനായി കേന്ദ്ര സർക്കാർ തുകയൊന്നുംതന്നെ അനുവദിക്കുന്നില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്ന പദ്ധതികൾക്കുപുറമേ താഴെ പറയുന്നവയും UDAY നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

1. എല്ലാ വിതരണ ട്രാൻസ്ഫോർമറുകളിലും 2018-19 ഓട്ടുകൂടി മീറ്ററുകൾ സ്ഥാപിക്കുക.

2. എല്ലാ 11 കെ. വി. മീറ്ററുകളിലും ഓട്ടോമാറ്റിക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക.

3. ഗ്രാമീണ മേഖലയിലെ 11 കെ. വി. ഫീഡറുകളിൽ എനർജി ഓഡിറ്റിംഗ് നടത്തുക.

4. പ്രതിമാസ ഉപഭോഗം 200 യൂണിറ്റിന് മുകളിലുള്ള എല്ലാ ഉപഭോക്തൃ മീറ്ററുകളും സ്മാർട്ട് സംവിധാനത്തിലാക്കുക.

5. Enterprise Resource Planning സംവിധാനം നടപ്പിൽ വരുത്തുക. എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുക.

## ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ

118 (4577) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ ഗവൺമെന്റ് BOOT (ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ സ്വതന്ത്ര കാപ്റ്റീവ് സംരംഭകർക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതനുസരിച്ച് കമ്മീഷൻ ചെയ്തത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതികളിലൂടെ ഉത്പാദിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇക്കാര്യത്തിൽ ഈ സർക്കാരിന്റെ നയമെന്താണ്; എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് BOOT അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) കോഴിക്കോട് ജില്ലയിലെ 8 MW-ന്റെ പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതി 11-1-2017-ൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി.

(സി) ആകെ 94.85 MW സ്ഥാപിതശേഷിയാണ് BOOT പദ്ധതികളിൽ നിന്ന് കണക്കാക്കിയിരിക്കുന്നത്.

(ഡി) മറ്റ് വൈദ്യുത പദ്ധതികൾക്കൊപ്പം ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം. സ്വകാര്യ മേഖലയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ 47.4 MW സ്ഥാപിതശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾകൂടി BOOT അടിസ്ഥാനത്തിൽ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഊർജ്ജ കിരൺ പദ്ധതി

119 (4578) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഊർജ്ജ കിരൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണത്തെപ്പറ്റി അവബോധം സൃഷ്ടിക്കാനായി രൂപീകരിച്ച ഊർജ്ജ കിരൺ പദ്ധതി പ്രകാരം കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലായി പരിപാടികൾ നടത്തിവരുന്നു. 2015-16-ൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു പരിപാടി എന്ന കണക്കിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും 192 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനും സാധിച്ചു. 2016-17-ൽ 304 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാനും പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഊർജ്ജ കിരൺ കൈപ്പുസ്തകം വിതരണം ചെയ്യുക വഴി അവരുടെ വീടുകളിലെ ഊർജ്ജ ഉപയോഗം സ്വയം വിലയിരുത്തുവാൻ പ്രാപ്തരാക്കുവാനും സാധിച്ചു. കേരളത്തിലെ എൻ.ജി.ഒ.-കൾ മുഖാന്തരമാണ് ഊർജ്ജ കിരൺ പദ്ധതി നടപ്പിലാക്കുന്നത്.

## വൈദ്യുത ബോർഡിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ

120 (4579) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വൈദ്യുതി ബോർഡിന്റെ കാര്യക്ഷമതയുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി മേഖലയെ വിഭജിക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള കേന്ദ്ര സർക്കാർ നടപടികൾ ഈ രംഗത്ത് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലാഭേച്ഛ എന്നതിലുപരി സാമൂഹ്യ വികസനത്തിനുള്ള പശ്ചാത്തല സൗകര്യമായി കണക്കാക്കി വൈദ്യുതി ബോർഡിനെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) സാങ്കേതിക-വാണിജ്യ സഞ്ചിത നഷ്ടം (AT&C loss) മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വൈദ്യുതി ബോർഡ് നടപ്പാക്കിവരുന്നു. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുക, പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു.

വിതരണ ശൃംഖല സുരക്ഷിതമാക്കുക, വിതരണ നഷ്ടം കുറയ്ക്കുക എന്നിവയ്ക്കായി പുതിയ 11 കെ. വി. എൽ. റ്റി. ലൈനുകൾ എന്നിവ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. കൂടാതെ എല്ലാ ഫാൾട്ടി മീറ്ററുകളും മെക്കാനിക്കൽ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിക്കുകയും ടി പദ്ധതിയിൽ ഉൾപ്പെടുത്തി ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുകയും കൂടാതെ വയറിംഗ് ചെയ്യാൻ ശേഷിയില്ലാത്ത വീടുകൾക്ക് സൗജന്യമായി വയറിംഗ് പൂർത്തിയാക്കി കണക്ഷൻ നൽകുന്നതിനുള്ള സംവിധാനങ്ങൾക്ക് കെ.എസ്.ഇ.ബി.എൽ. നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ താഴെ പ്പറയുന്ന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി. ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള

ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

2. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൺ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.

3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾവഴി നെറ്റ്ബാങ്കിങ്ങിലൂടെയും വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ്‌വഴി വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

4. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.

5. ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർവഴി നൽകിവരുന്നു. 1912 അഥവാ 0471-2555544 എന്ന ടെലഫോൺ നമ്പർവഴിയും ഇ-മെയിൽവഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും.

6. ഇ-ടെണ്ടർ സംവിധാനം മുഖേന 25 ലക്ഷം രൂപ വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

7. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു. തുടക്കമെന്ന

നിലയിൽ ചീഫ് എഞ്ചിനീയർ ട്രാൻസ്മിഷൻ (നോർത്ത്), കോഴിക്കോട് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി.

8. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി നടപ്പിലാക്കി.

9. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ ദൂത് ' പദ്ധതി നടപ്പിലാക്കി.

10. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

11. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺ ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം നടപ്പിലാക്കി.

12. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് ആന്റ് ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ്‌വെയർ മുഖേന വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതാത് ഓഫീസുകളിലും ഉന്നത ഓഫീസുകളിലും വിലയിരുത്തി തുടർനടപടി കൈക്കൊള്ളാനും അപകട സാദ്ധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർനടപടിക്ക് ആരംഭം കുറിക്കാനുള്ള സംവിധാനം.

ലാഭേച്ഛയ്ക്കുപരിയായി സാമൂഹ്യ വികസനത്തിനുള്ള ഉപാധി എന്ന നിലയിൽ വൈദ്യുത മേഖലയെ കാണുന്നതിനാണ് സംസ്ഥാന വൈദ്യുതി കമ്പനിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്താനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കേന്ദ്ര ഊർജ്ജ മന്ത്രാലയം രാജ്യത്തെ വിതരണ ലൈസൻസികളുടെ മാത്രം കാര്യക്ഷമത വിലയിരുത്തുന്നതിനുവേണ്ടി ഒരു സമഗ്ര 'റാങ്കിംഗ്' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒരു വിതരണ ലൈസൻസിയെന്ന നിലയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് രാജ്യത്ത് 12-ാം സ്ഥാനത്താണ്.

ഒറ്റകമ്പനിയായി നിലനിൽക്കുന്നതാണ് കേരളത്തിലെ സാഹചര്യത്തിൽ ഉത്തമമെന്നതിനാൽ കേന്ദ്ര നയങ്ങൾക്ക് വിരുദ്ധമായിട്ടാണെങ്കിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ഒറ്റകമ്പനിയായി നിലനിർത്തുന്നത്.

**വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം**

121 (4580) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എത്ര;

(ബി) ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017 മേയ് മാസം 10 വരെയുള്ള കണക്കനുസരിച്ച് ഉപഭോഗവും ഉൽപ്പാദനവും തമ്മിലുള്ള അന്തരം 55.0606 ദശലക്ഷം യൂണിറ്റാണ്.

(ബി) വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ടി KSEB-യുടെ ഉടമസ്ഥതയിലുള്ള ആഭ്യന്തര സ്രോതസ്സുകൾക്ക് പുറമേ കേരളത്തിന് അകത്തുനിന്നും പുറത്തുനിന്നും താഴെ സൂചിപ്പിച്ച പ്രകാരമുള്ള ഉൽപ്പാദകരിൽനിന്നും ദീർഘകാല ഹ്രസ്വകാല കരാറുകളിലൂടെ വൈദ്യുതി വാങ്ങുന്നു.

**1. കേന്ദ്ര വൈദ്യുത നിലയങ്ങൾ**:

കേന്ദ്ര ഊർജ്ജമന്ത്രാലയം അനുവദിക്കുന്ന വൈദ്യുതി വിഹിതമനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 13 കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും ദീർഘകാല അടിസ്ഥാനത്തിൽ 1613 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നുണ്ട്. പ്രസ്തുത വൈദ്യുതിയുടെ വില CERC (Central Electricity Regulatory Commission) ആണ് നിശ്ചയിച്ചിരിക്കുന്നത്.

**2. കേരളത്തിന് പുറത്തുനിന്നും ദീർഘകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ:**

**a. ധാരണാപത്രം മുഖേന (MoU Route):**

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 62 അനുസരിച്ച് വൈദ്യുത ഉത്പാദകരിൽനിന്നും വിതരണ ലൈസൻസിക്ക് നൽകുന്ന വൈദ്യുതിയുടെ വില

അതാത് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കേണ്ടതാണ്. ഇതുപ്രകാരം മൈതൺ പവർ ലിമിറ്റഡിൽനിന്നും (Maithon Power Ltd. MPL-TATA Power), ദാമോദർവാലി കോർപ്പറേഷനിൽനിന്നും (Damodhar Valley Corporation) (DVC) ധാരണാപത്രം വഴി കരാറിൽ ഏർപ്പെട്ട് CERC നിശ്ചയിച്ച നിരക്കിൽ 450 മെഗാവാട്ട് വൈദ്യുതി ദിവസം മുഴുവനും KSERC അനുമതിയോടെ വാങ്ങുവാൻ ദീർഘകാല കരാറിലേർപ്പെട്ടിട്ടുണ്ട്.

**b. ടെണ്ടർ മുഖേന (Bidding Route):**

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 63 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ നിയമാവലിക്കനുസൃതമായി സുതാര്യമായ ടെണ്ടർ നടപടിക്രമത്തിലൂടെ നിർണ്ണയിക്കുന്ന വൈദ്യുതിയുടെ വിലയുടെ അടിസ്ഥാനത്തിൽ അതാത് റെഗുലേറ്ററി കമ്മീഷൻ അംഗീകാരത്തോടെ വിതരണ ലൈസൻസിക്ക് വാങ്ങാവുന്നതാണ്. ഇതുപ്രകാരം KSEBL കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച DBFOO (ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓൺ, ഓപ്പറേറ്റ്) നിയമാവലിയുടെ അടിസ്ഥാനത്തിൽ 865 മെഗാവാട്ട് വൈദ്യുതി ദിവസം മുഴുവനും (24 hrs) വാങ്ങുവാനായി ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 415 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് KSERC-യുടെ അനുമതി ലഭിച്ചിട്ടുണ്ട്. 1-10-2017 മുതൽ വാങ്ങുന്ന 450 മെഗാവാട്ട് വൈദ്യുതി വാങ്ങൽ കരാറിന്റെ അനുമതി KSERC-യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള കരാറിലൂടെ ഡിസംബർ 2016 മുതൽ 315 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭിച്ചുതുടങ്ങി. ബാക്കി 550 മെഗാവാട്ട് വൈദ്യുതി 1-10-2017 മുതൽ ലഭിക്കേണ്ടതാണ്.

**3. കേരളത്തിന് പുറത്തുനിന്നും ഹ്രസ്വകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ:**

വൈദ്യുതി ക്ഷാമം നേരിടുന്ന കാലങ്ങളിൽ വൈദ്യുതി ആവശ്യകതയും ലഭ്യതയും വിശദമായി പരിശോധിച്ചും വൈദ്യുതി പുറമേനിന്നും കൊണ്ടുവരാനുള്ള പ്രസരണലൈനിന്റെ ലഭ്യത കണക്കിലെടുത്തും കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ ഡീപ്പ് പോർട്ടലിലൂടെ ടെണ്ടർ മുഖേന ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേയ്ക്ക് KSEBL ഹ്രസ്വകാല അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടാറുണ്ട്.

**4. കേരളത്തിനുള്ളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ:**

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 62 അനുസരിച്ച് കേരളത്തിലുള്ള സ്വകാര്യസംരംഭകരുടെ ചെറുകിട ജല വൈദ്യുത പദ്ധതികൾ, കാറ്റ്, സൗരോർജ്ജ പ്ലാന്റുകൾ തുടങ്ങിയവയിൽനിന്നും ധാരണാപത്രം വഴിയുള്ള

കരാറുകളിൽ ഏർപ്പെട്ട് ഏകദേശം 115 മെഗാവാട്ട് വൈദ്യുതി KSEBL വാങ്ങുന്നുണ്ട്. എൻ.ടി.പി.സി. (NTPC)-യുടെ കായംകുളം താപനിലയവുമായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും വൈദ്യുതിയുടെ വില അധികമായതിനാൽ അവിടെനിന്നും KSEBL ഇപ്പോൾ വൈദ്യുതി വാങ്ങാറില്ല.

**പവർ എക്സ്ചേഞ്ചിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ**

ജലസംഭരണികളിലെ വെള്ളം സംരക്ഷിക്കുന്നതിനായി വൈദ്യുത കമ്പോളത്തിലെ വില കുറവുള്ള സമയത്ത് KSEB-യുടെ ലോഡ് ഡെസ്പാച്ച് സെന്റർ (LD Kalamassery) ഡേ എഹഡ് (day ahead) ടേം എഹഡ് (term ahead) വ്യവസ്ഥകളിലൂടെ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി ആവശ്യാനുസരണം വാങ്ങുന്നു. 15 മിനിട്ട് ദൈർഘ്യമുള്ള 96 സ്ലോട്ടുകളിൽ ലഭ്യമായിട്ടുള്ള വൈദ്യുതിയുടെ വിലയും അളവും വ്യത്യസ്തമായിരിക്കും.

2016-17 കാലയളവിൽ KSEBL ഇപ്രകാരം 602 മില്യൺ യൂണിറ്റ് വൈദ്യുതി ശരാശരി വില യൂണിറ്റ് ഒന്നിന് 3.415 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.

**5. അൺ ഷെഡ്യൂൾഡ് ഇന്റർചേഞ്ച് (Unscheduled interchange)**

ലോഡ് ഡെസ്പാച്ച് സെന്റർ (LD Kalamassery)-ലൂടെ അൺ ഷെഡ്യൂൾഡ് ഇന്റർചേഞ്ച് വഴിയും KSEB Ltd. വൈദ്യുതി വാങ്ങുന്നുണ്ട്. 2016-17 കാലയളവിൽ KSEBL ഇപ്രകാരം 736 മില്യൺ യൂണിറ്റ് വൈദ്യുതി ശരാശരി വില യൂണിറ്റ് ഒന്നിന് 1.85 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.

**താമരശ്ശേരി ചുരത്തിലെ ഇലക്ട്രിഫിക്കേഷൻ**

122 (4581) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് താമരശ്ശേരി ചുരത്തിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തിയാകാത്തതിനാൽ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തകർക്കും പോലീസിനുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് വളവുവരെയാണ് നിലവിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുള്ളത്;

(സി) ചുരം പൂർണ്ണമായും വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) താമരശ്ശേരി ചുരത്തിലെ ഒന്നാം വളവിൽ കണലാട് വരെ ചുരത്തിലൂടെ വൈദ്യുതി ലൈൻ ഉണ്ട്. ടി ഭാഗം വരെ മാത്രമേ തെരുവുവിളക്കുകൾ

സ്ഥാപിച്ചിട്ടുള്ളൂ. രണ്ടാം വളവിനും മൂന്നാം വളവിനും മദ്ധ്യേയുള്ള ഭാഗത്ത് മറ്റൊരു വഴിയിലൂടെ വൈദ്യുതി ലൈൻ വലിച്ച് അവിടെയുള്ള വീടുകളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. ചുരം പൂർണ്ണമായും വൈദ്യുതീകരിക്കുന്നതിനോ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനോ ഉള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രഖ്യാപനം**

123 (4582) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എത്ര നിയോജകമണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്; സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രഖ്യാപനം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 77 നിയോജകമണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ സംസ്ഥാനതല പ്രഖ്യാപനം 2017 മേയ് 29-ന് കോഴിക്കോട് വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**മാനന്തവാടിയിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിക്ക് നഷ്ടപരിഹാരം നൽകാൻ നടപടി**

124 (4583) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ശിവൻ S/O നാരായണൻ, ചേക്കോട് കോളനി, തിരുനെടി അമ്പലം എന്ന വിദ്യാർത്ഥി പൊട്ടി വീണ വൈദ്യുതി കമ്പിയിൽനിന്നും ഷോക്കേറ്റ് മരിച്ച സംഭവത്തിൽ വൈദ്യുതി ബോർഡ് നഷ്ടപരിഹാര തുക കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണ് ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മരണപ്പെട്ട ശ്രീ. ശിവന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ സ്കീം പ്രകാരം ആശ്വാസ ധനസഹായം വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നത് പരിഗണനയിലാണ്.

ടി അപകടത്തിന്റെ ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകളിൽ, അനന്തരാവകാശ സർട്ടിഫിക്കറ്റിൽ ഒന്നിൽ കൂടുതൽ അവകാശികൾ ഉണ്ടെങ്കിൽ, ധനസഹായം കൈപ്പറ്റുന്നതിന് ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ട് അനന്തരാവകാശ സർട്ടിഫിക്കറ്റിൽ സൂചിപ്പി ച്ചിട്ടുള്ള മറ്റുള്ളവർ ഒരു നോട്ടറി പബ്ലിക്കിന് മുമ്പാകെ ഒപ്പിട്ടു നൽകിയ സമ്മത സത്യവാങ്മൂലത്തിന്റെ അസ്സലും കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും അനുവദി ക്കുന്ന ആശ്വാസ ധനം/നഷ്ടപരിഹാര തുകയ്ക്കുപരിയായി കൂടുതൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിനെതിരെ കോടതികൾ/ അദാലത്തുകൾ/ മറ്റു ഫോറങ്ങൾ എന്നിവ മുമ്പാകെ കേസ്സുകൾ/മറ്റു വ്യവഹാര നടപടികൾ എന്നിവയിൽ ഏർപ്പെടുകയില്ലെന്ന് പൂർണ്ണമായി സമ്മതിച്ചുകൊണ്ട് മരണപ്പെട്ട യാളുടെ എല്ലാ അനന്തരാവകാശികളും ഒരു നോട്ടറി പബ്ലിക് മുമ്പാകെ നിർദ്ദിഷ്ട മാതൃകയിൽ 200 രൂപ മുദ്ര പത്രത്തിൽ ഒപ്പിട്ട് അംഗീകാരം നൽകി സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിന്റെ അസ്സൽ എന്നിവ ഒഴിച്ചുള്ള മറ്റു രേഖകൾ എല്ലാം ഈ ഓഫീസിൽ ലഭ്യമാക്കുകയുണ്ടായി. ടി രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം/ആശ്വാസധനം അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്.

## ഡിപ്ലോമക്കാർക്ക് അസിസ്റ്റന്റ് എൻജിനീയർമാരായി പ്രൊമോഷൻ നൽകാൻ നടപടി

125 (4584) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സ്ഥാനക്കയറ്റം നടത്തുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രൊമോഷൻവഴി നികത്ത പ്പെടേണ്ട എത്ര ഒഴിവുകൾ ഉണ്ട്;

(ഡി) പ്രൊമോഷൻ ലഭിക്കാതെ 16 വർഷത്തോളമായി സബ്എഞ്ചിനീയർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ഡിപ്ലോമ യോഗ്യതയുള്ളവർക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരായി പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് നിലവിൽ രണ്ട് ക്വാട്ടകളാണ് ഉള്ളത്. 30% ഡിപ്ലോമ ക്വാട്ടയും 20% ITI ക്വാട്ടയും.

30% ഡിപ്ലോമ ക്വാട്ടയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് ഡിപ്ലോമാ യോഗ്യതയുള്ള 3 വർഷം സർവ്വീസ് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പൂർത്തിയാക്കിയ, പ്രൊബേഷൻ ഡിക്ലയർ ചെയ്ത, വിജിലൻസ് ക്ലിയറൻസുകൾ ലഭിച്ചതുമായ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റത്തിന് അർഹരാണ്.

20% ITI ക്വാട്ടയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് ITI യോഗ്യതയുള്ള 10 വർഷം സർവ്വീസ് കെ.എസ്.ഇ.ബി.എൽ.-ൽ പൂർത്തിയാക്കിയ, പ്രൊബേഷൻ ഡിക്ലയർ ചെയ്ത, വിജിലൻസ് ക്ലിയറൻസുകൾ ലഭിച്ചതുമായ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റത്തിന് അർഹരാണ്.

(ബി) ഉണ്ട്. W.A.2788/2015 എന്ന റിട്ട് അപ്പീലിന്റെ തീർപ്പിന് വിധേയമായി മാത്രമേ നിലവിൽ സ്ഥാനക്കയറ്റം നൽകാനാവൂ. ടി കേസ് വിചാരണയുടെ അന്തിമ ഘട്ടത്തിലാണ്.

(സി) 30% ഡിപ്ലോമ ക്വാട്ടയിൽ 51 ഒഴിവുകളും, 20% ITI ക്വാട്ടയിൽ 153 ഒഴിവുകളും ഉണ്ട് (1-5-2017 തീയതി പ്രകാരം).

(ഡി) W.A.2788/2015 എന്ന റിട്ട് അപ്പീലിന്റെ തീർപ്പിന് വിധേയമായി Seniority, Quota Vacancy എന്നിവ അനുസരിച്ച് പ്രൊമോഷൻ നടത്തുന്നതാണ്.

**നിർമ്മാണത്തിലിരിക്കുന്ന പ്രധാന ജലവൈദ്യുത പദ്ധതികൾ**

126 (4585) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രധാന ജലവൈദ്യുത പദ്ധതികൾ എതെല്ലാമാണ്;

(ബി) ഇവയുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി എന്നാണ് ;

(സി) 2017-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്ന ജലവൈദ്യുത പദ്ധതി ഏതാണ്;

(ഡി) പദ്ധതിയുടെ പേര്, സ്ഥാപിതശേഷി, പൂർത്തീകരിക്കുമെന്ന് പ്രതീക്ഷി ക്കുന്ന മാസം എന്നിവ വ്യക്തമാക്കുമോ?

(ഇ) സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉപയോഗത്തിന്റെ എത്ര ശതമാനമാണ് ജലവൈദ്യുത പദ്ധതികളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നത്?

<u>ഉത്തരം</u>

(എ & ബി) കേരളത്തിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രധാന ജലവൈദ്യുത പദ്ധതികളുടേയും അവയുടെ പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതിയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ | സ്ഥാപിത ശേഷി | പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി |
|---|---|---|---|
| 1 | പൊരിങ്ങൽകുത്ത് | 24 MW; 45.02 Mu | മേയ് 2018 |
| 2 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW; 153.9 Mu | ഡിസംബർ 2020 |
| 3 | ഭൂതത്താൻ കെട്ട് | 24 MW; 83.5 Mu | ജനുവരി 2018 |
| 4 | പെരുന്തേനരുവി | 6 MW; 25.77 Mu | മേയ്/ജൂൺ 2017 |
| 5 | അപ്പർ കല്ലാർ | 2 MW; 5.14 Mu | ഡിസംബർ 2018 |
| 6 | കക്കയം | 3 MW; 10.39 Mu | ഡിസംബർ 2017 |
| 7 | ചെങ്കുളം ഓഗ്മെന്റേഷൻ | 85 Mu | ജൂൺ 2019 |
| | ആകെ | 119MW; 408.72 Mu | |

(സി & ഡി) 2017-ൽ പൂർത്തികരിക്കുമെന്ന് പ്രതീക്ഷിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി | പൂർത്തികരിക്കുവാൻ പ്രതീക്ഷിക്കുന്ന തീയതി |
|---|---|---|---|
| 1 | പെരുന്തേനരുവി | 6 MW; 25.77 Mu | മേയ്/ജൂൺ 2017 |
| 2 | കക്കയം | 3 MW; 10.39 Mu | ഡിസംബർ 2017 |

(ഇ) 2017 ഏപ്രിൽ 9 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന ഉപഭോഗത്തിന്റെ 22.71% വൈദ്യുതി ജലവൈദ്യുതി പദ്ധതികളിൽനിന്നും ഉല്പാദിപ്പിക്കുന്നു.

**കെ.എസ്.ഇ.ബി.എൽ.-ൽ നിലവിലുള്ള ഒഴിവുകൾ**

127 (4586) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ള എല്ലാ തസ്തികകളുടെയും ഒഴിവുകൾ 10 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണമെന്ന ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ നിർദ്ദേശം കെ.എസ്.ഇ.ബി.എൽ.-ന് ബാധകമല്ലേ;

(ബി) 18-10-2016-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3134-ന് നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി.എൽ.-ൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 428 ഒഴിവുകളുണ്ടെന്ന് അറിയിച്ച് ആറ് മാസം കഴിഞ്ഞിട്ടും ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) വൈദ്യുതി ബോർഡിൽ നടന്നിട്ടുള്ള കമ്പ്യൂട്ടർവൽക്കരണം പി.ഡി.എ. നടപ്പാക്കൽ തുടങ്ങിയ ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി വിവിധ തരം തസ്തികകളുടെ ജോലിഭാരത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇതനുസരിച്ച് തസ്തികകളുടെ എണ്ണം പുനഃക്രമീകരിക്കേണ്ടതുണ്ട്. ഈ നടപടികളുടെ ഭാഗമായി മാത്രമേ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിൽ നിയമനം നടത്തേണ്ടതുണ്ടോ എന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ 33000-ത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ

ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആധുനികവൽക്കരണ നടപടികൾ നടക്കുന്നതിന് മുമ്പ് അംഗീകരിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ കണക്കനുസരിച്ചുള്ള മറുപടിയാണ് 18-10-2016-ന് നൽകിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച കാരണങ്ങളാലാണ് മുമ്പ് നൽകിയ മറുപടിയനുസരിച്ചുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്തത്.

**കെ.എസ്.ഇ.ബി.എൽ.-ന് കൂടുതൽ തുക അടയ്ക്കാനുള്ള ആദ്യത്തെ പത്തുപേരുടെ വിവരം**

128 (4587) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്ക്ക് സ്വകാര്യ മേഖലയിൽനിന്നും വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക കിട്ടാനുണ്ട്;

(ബി) ഏറ്റവും കൂടുതൽ തുക അടയ്ക്കാനുള്ള ആദ്യത്തെ പത്തുപേരുടെ വിവരങ്ങൾ വിശദമാക്കാമോ;

(സി) ഈ ആൾക്കാരുടെ കുടിശ്ശിക ഏത് വർഷം മുതലെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2017 ത്രൈമാസ കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി ചാർജ്ജിനത്തിൽ സ്വകാര്യ മേഖലയിൽനിന്നും പിരിഞ്ഞു കിട്ടുവാനുള്ള തുക 655.92 കോടി രൂപയാണ്. (പലിശ ഉൾപ്പെടാത്ത തുക). (സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും 587.11 കോടി രൂപയും ഗാർഹിക ഉപഭോക്താക്കളിൽനിന്നും 68.81 കോടി രൂപയുമാണ്.)

(ബി & സി) ഏറ്റവും കൂടുതൽ തുക അടയ്ക്കുവാനുള്ള ആദ്യത്തെ പത്തുപേരുടെ വിവരവും കുടിശ്ശിക ഏത് വർഷം മുതലെന്നും ചുവടെ ചേർത്തിരിക്കുന്നു.

31-3-2017-ൽ ഏറ്റവും കൂടുതൽ തുക അടയ്ക്കുവാനുള്ളവർ

| SI No. | Name of Firm | Total Arrear | Arrear under Litigation | From the Year |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | Binani Zinc Ltd. | 58,46,04,455 | 32,47,48,204 | April 1982 |
| 2 | Travancore Rayons Ltd. | 47,64,10,868 | | August 1986 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | High Techdm | 45,33,15,760 | | October 1998 |
| 4 | SILCAL | 21,39,69,485 | 21,39,69,485 | October 2000 |
| 5 | Bannari Amman Steel (P) Ltd. | 12,52,68,172 | 12,52,68,172 | April 2002 |
| 6 | SVA Steel Re-rolling Mills Ltd. | 12,17,47,161 | 1,82,94,815 | January 2004 |
| 7 | AP Steel Re-rolling Mills | 12,15,93,361 | 2,83,68,449 | December 2011 |
| 8 | Excel Glass Factory | 11,33,90,831 | 6,20,63,127 | May 1999 |
| 9 | Koyenco | 11,24,41,129 | 11,24,41,129 | May 1997 |
| 10 | SMM Steel Re-rolling Mills (P) Ltd. | 10,92,50,653 | 10,80,45,509 | April 1997 |
| | Total | 2,43,19,91,875 | 99,31,98,890 | |

**ദീൻ ദയാൽ ഉപാദ്യായ ഗ്രാമ ജ്യോതി വൈദ്യുതി പദ്ധതിക്ക് ചെലവഴിച്ച തുക**

129 (4588) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദീൻ ദയാൽ ഉപാദ്യായ ഗ്രാമ ജ്യോതി വൈദ്യുതി പദ്ധതി പ്രകാരം 2017 മാർച്ച് 31 വരെ കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ദീൻ ദയാൽ ഉപാദ്യായ ഗ്രാമ ജ്യോതി വൈദ്യുതി പദ്ധതി പ്രകാരം 2017 മാർച്ച് 31 വരെ കേന്ദ്രസർക്കാർ 86.94 കോടി രൂപ അനുവദിച്ചു. അതിൽ 8.03 കോടി രൂപ വിനിയോഗിച്ചു.

**പുതിയ വൈദ്യുതി കണക്ഷന് ചെലവഴിച്ച തുക**

130 (4589) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയ ഇനത്തിൽ എത്ര കോടി രൂപ ചെലവാക്കി ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാൻ പുതിയ ലൈൻ വലിക്കുന്നതുൾപ്പെടെ ചെലവാക്കിയ തുക 236.28 കോടി രൂപയാണ്.

**പുതിയ വൈദ്യുതി കണക്ഷൻ നൽകിയതിന്റെ കണക്ക്**

131 (4590) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വീടുകളിൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2017-നുള്ളിൽ ആകെ 231302 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ജില്ല | കണക്ഷനുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 29551 |
| കൊല്ലം | 14498 |
| പത്തനംതിട്ട | 8168 |
| കോട്ടയം | 8771 |
| ആലപ്പുഴ | 9959 |
| എറണാകുളം | 21218 |
| ഇടുക്കി | 8894 |
| തൃശ്ശൂർ | 15444 |
| പാലക്കാട് | 22184 |
| മലപ്പുറം | 30770 |
| കോഴിക്കോട് | 22078 |
| വയനാട് | 7643 |
| കണ്ണൂർ | 19193 |
| കാസർഗോഡ് | 12930 |

**ആലപ്പുഴ ജില്ലാ കെ.എസ്.ഇ.ബി.എൽ.-ലെ മസ്ദൂർ റാങ്ക് ലിസ്റ്റ്**

132 (4591) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുണ്ടായിരുന്ന കെ.എസ്.ഇ.ബി.എൽ.-ലെ മസ്ദൂർ റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്ത് മൂന്ന് മാസം കഴിഞ്ഞിട്ടും നിയമനം നടത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡ്വൈസ് ലഭിച്ച എല്ലാവരെയും നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കും.

**തെന്മല ഡാമിൽനിന്നും വൈദ്യുതി**

133 (4592) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെൻമല ഡാമിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

തെന്മല ഡാമിൽനിന്നുള്ള വെള്ളം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കല്ലട പവർ ഹൗസിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കല്ലട പവർ ഹൗസിൽ 7.5 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് ജനറേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്. 7-5-2017 വരെ കല്ലട പവർഹൗസിൽനിന്നും പ്രതിദിനം ശരാശരി 0.08 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിരുന്നു. എന്നാൽ 7-5-2017-നുശേഷം തെന്മല ഡാമിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായ നിലയിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ കല്ലട പവർഹൗസിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനം തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. ജലം ലഭ്യമാകുന്ന മുറയ്ക്ക് ഉൽപ്പാദനം പുനരാരംഭിക്കുവാൻ കഴിയുന്നതാണ്.

## ഇടുക്കി അണക്കെട്ടിലെ ജലനിരപ്പും മൂലമറ്റം പവർഹൗസിലെ വൈദ്യുതി ഉൽപ്പാദനവും

134 (4593) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ഏറ്റവും താഴ്ന്ന നിലയിലാണോ ഇപ്പോഴുള്ളത്; എങ്കിൽ ഇപ്പോഴത്തെ ജലനിരപ്പ് എത്ര അടിയാണ് ;

(ബി) മുമ്പ് ജലനിരപ്പ് ഇതിലും താഴ്ന്നിട്ടുണ്ടോ; എങ്കിൽ ഏത് വർഷത്തിൽ ; അന്നത്തെ ജലനിരപ്പ് എത്ര അടിയായിരുന്നു;

(സി) ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞാൽ മൂലമറ്റം പവ്വർഹൗസിലെ വൈദ്യുതി ഉൽപ്പാദനം നിർത്തിവയ്ക്കേണ്ടി വരുമോ; എങ്കിൽ ജലനിരപ്പ് എത്ര അടികൂടി താഴ്ന്നാലാണ് ഉൽപ്പാദനം നിർത്തേണ്ടിവരിക ;

(ഡി) ഇതിനെ മറികടക്കാൻ ബദൽ സംവിധാനം കെ.എസ്.ഇ.ബി.എൽ.-ന്റെ മുന്നിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 10-5-2017-ലെ കണക്ക് പ്രകാരം ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2307.06 അടിയാണ് (703.19 മീറ്റർ)

(ബി) ഉണ്ട്. ഏറ്റവും കുറഞ്ഞ ജലനിരപ്പ് 2280.59 അടിയായി 1983-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ജലനിരപ്പ് 2280 അടി ആയാൽ (26.96 അടി കൂടി താഴ്ന്നാൽ) മൂലമറ്റം പവ്വർഹൗസിലെ വൈദ്യുതി ഉൽപ്പാദനം നിർത്തിവയ്ക്കേണ്ടതായി വരും.

(ഡി) കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുക വഴി, ഡാമുകളിൽ വെള്ളം വേനൽക്കാലത്തേക്ക് സംഭരിയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ

6-12-2016-ൽ ലഭിച്ചുതുടങ്ങി. 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മേയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാറുപ്രകാരം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

## വൈദ്യുതി കുടിശ്ശിക

135 (4594) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെയും സർക്കാർ പൊതുമേഖലാ സ്ഥാപന ങ്ങളുടെയും കൂടി വൈദ്യുതി ചാർജ്ജ് കുടിശ്ശിക 225 കോടി രൂപയെന്ന് കണ്ടെത്തി യിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ ആകെ കുടിശ്ശിക എത്ര; ഇവ ഏതെല്ലാം സ്ഥാപനങ്ങളെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക തുക എത്ര; ഇവ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെന്ന് തുക സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) 31-3-2017-ലെ ത്രൈമാസ കണക്കുപ്രകാരം സഹകരണ സ്ഥാപന ങ്ങളുടേയും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കൂടി (കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക, 1,263.27 കോടി രൂപയാണ് (പലിശ ഉൾപ്പെടാതെയുള്ള തുക).

(ബി) കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും സർവ്വീസ് കണക്ഷനുകൾ സപ്ലൈക്കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്, ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി

ശിപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.

സഹകരണ സ്ഥാപനങ്ങളിൽ സ്പിന്നിംഗ് മില്ലുകൾ, റബ്ബർ/മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റികൾ എന്നിവയാണ് ഉൾപ്പെടുന്നത്. കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് കുടിശ്ശിക നോട്ടീസ് നല്കി വൈദ്യുതിബന്ധം വിച്ഛേദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10-1-2017-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെയും വ്യവസായ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ നാശോന്മുഖമായ വ്യവസായമേഖലയെ സ്പിന്നിംഗ് മില്ലുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയെ സംബന്ധിച്ച് സാമൂഹിക പ്രതിബദ്ധതയോടുകൂടിയ ഒരു സമീപനത്തിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

ഇതുപ്രകാരം നിലവിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചിരുന്ന സ്പിന്നിംഗ് മില്ലുകളുടെ കണക്ഷൻ പുനഃസ്ഥാപിക്കുകയും തകർച്ചയുടെ വക്കിൽ എത്തി നിൽക്കുന്ന പതിനൊന്ന് സ്പിന്നിംഗ് മില്ലുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിനായി ഒരു പാക്കേജ് രൂപപ്പെടുത്തുകയും ചെയ്തു.

അതുപ്രകാരം 2017 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ കുടിശ്ശിക 2017 മാർച്ച് മാസം അടച്ച് തീർക്കുവാനും നിലവിൽ മേൽ മാസങ്ങൾക്ക് പുറമേയുള്ള കുടിശ്ശിക തുക 2017 ജൂൺ മാസം മുതൽ 12 തവണകളായി അടവുവരുത്താൻ തീരുമാനമായി.

ഇത്തരത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിൽ പൊതുമേഖലയിലും കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളായി സഹകരണ മേഖലയിലും പ്രവർത്തിച്ചുവരുന്ന സ്പിന്നിംഗ് മില്ലുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒട്ടേറെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായും വിവിധ മേഖലകളിൽ ശ്രമം നടത്തിവരുന്നു. കുടിശ്ശിക നോട്ടീസുകൾ സമയബന്ധിതമായി നൽകി വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു.

ഇതുകൂടാതെ ദീർഘകാല കുടിശ്ശികകൾ ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ എടുക്കുകയും ചെയ്തുവരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളുടെ ആകെ കുടിശ്ശിക 12.57 കോടി രൂപയാണ് (പലിശ ഉൾപ്പെടാതെയുള്ള തുക), സ്ഥാപനങ്ങളുടെ പട്ടിക ഇതോടൊപ്പം അനുബന്ധം-1* ആയി ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ കുടിശ്ശിക 1,250.70 കോടി രൂപയാണ്. (പലിശ ഉൾപ്പെടാതെയുള്ള തുക) പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക ഇതോടൊപ്പം അനുബന്ധം-2* ആയി ഉള്ളടക്കം ചെയ്യുന്നു.

## വൈദ്യുതി നിയന്ത്രണം

136 (4595) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ ഏതെങ്കിലും വിധത്തിലുള്ള വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

സംസ്ഥാനത്ത് നിലവിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ വൈദ്യുതിലൈനിൽ അറ്റകുറ്റപ്പണികൾ, സബ്സ്റ്റേഷനിൽ അറ്റകുറ്റപ്പണികൾ എന്നിവ വേണ്ടിവരുന്ന സമയത്ത് പ്രസ്തുത പ്രദേശത്ത് ചിലപ്പോൾ താത്കാലികമായി വൈദ്യുതി എത്തിക്കാൻ സാധിക്കാതെ വരാറുണ്ട്.

## കായംകുളം താപവൈദ്യുത നിലയം കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം

137 (4596) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിന് കെ.എസ്.ഇ.ബി.എൽ. നൽകി വരുന്ന ഫിക്സഡ് ചാർജ്ജ് എത്ര രൂപയാണ്; ഇത് വർദ്ധിപ്പിച്ച് നൽകുന്നതിനായി എന്തെങ്കിലും ആവശ്യം ബോർഡിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്;

(ബി) ഈ വൈദ്യുതി നിലയം കെ.എസ്.ഇ.ബി.എൽ. എറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം റെഗുലേറ്ററി കമ്മീഷൻ ബോർഡിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സാധ്യതകൾ ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ വൈദ്യുതനിലയത്തിൽനിന്നും ലാഭകരമായി വൈദ്യുതി ലഭിക്കുന്ന തരത്തിൽ ഈ വിഷയത്തിൽ എന്ത് മാറ്റമാണ് ബോർഡും സർക്കാരും പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കായംകുളം താപവൈദ്യുത നിലയത്തിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകി വരുന്ന ഫിക്സഡ് ചാർജ്ജ് പ്രതിവർഷം 207.13 കോടി രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകിവരുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ച് നൽകണമെന്ന് എൻ.റ്റി.പി.സി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകിവരുന്ന ഫിക്സഡ് ചാർജ്ജ് വർദ്ധിപ്പിച്ച് നൽകണമെന്ന് എൻ.റ്റി.പി.സി. കേന്ദ്രവൈദ്യുതി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടുകയും ആയതിൻ പ്രകാരം 27-10-2016-ലെ ഉത്തരവ് പ്രകാരം ഫിക്സഡ് ചാർജ്ജ് പ്രതിവർഷം ശരാശരി 299 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അത് അംഗീകരിച്ചിട്ടില്ല.

(ബി) നാഫ്ത എന്ന ഇന്ധനം ഉപയോഗിച്ച് കായംകുളം താപനിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില വളരെ കൂടുതൽ ആയതിനാൽ ടി നിലയത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നില്ല. എങ്കിൽകൂടി എൻ.റ്റി. പി.സി.-ക്ക് നൽകിവരുന്ന ഫിക്സഡ് ചാർജ്ജ് കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വർദ്ധിപ്പിച്ച് ഉത്തരവ് ഇറക്കിയ സാഹചര്യത്തിൽ ഇതിൻമേൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചില തടസ്സവാദങ്ങൾ രേഖപ്പെടുത്തുകയും വർഷംതോറും എൻ.റ്റി.പി.സി.-ക്ക് നൽകുന്ന ഭീമമായ തുക കുറയ്ക്കുന്നതിനു വേണ്ടി ചർച്ചകൾ നടത്താനോ ഇതിനുപകരമായി ഇതര നിലയങ്ങളിൽനിന്നും വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കാനോ ഉള്ള നടപടികൾ സ്വീകരിക്കണമെന്നും ടി കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ടി നിലയം ഏറ്റെടുക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൻ പ്രകാരം ഫിക്സഡ് ചാർജ്ജിൽ കുറവ് വരുത്തുന്നതിനും കേന്ദ്ര ഗവൺമെന്റിൽനിന്നും കുറഞ്ഞ വിലയുള്ള വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവ നടക്കാത്തപക്ഷം മാത്രമേ നിലയം ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള സാധ്യതകൾ പരിശോധിക്കുകയുള്ളൂ.

(സി) മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

## വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ

138 (4597) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ വിരമിച്ചിട്ടുണ്ടോ ;

(ബി) പുതിയ കമ്മീഷൻ ചെയർമാനെ ഉടനെ നിയമിക്കാൻ പദ്ധതിയുണ്ടോ;

(സി) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാനെ നിയമിക്കുമ്പോൾ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ.-ലെ ആളുകളിൽനിന്നും ചെയർമാനെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ ചട്ടം 84 അനുശാസിക്കുന്ന പൊതു മാനദണ്ഡം അനുസരിച്ചാണ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാനെ നിയമിക്കുന്നത്.

## വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കടം

139 (4598) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കടം എത്രയെന്ന് വ്യക്ത മാക്കാമോ;

(ബി) 2011-12 സാമ്പത്തിക വർഷം മുതലുള്ള ഓരോ വർഷത്തേയും ബോർഡിന്റെ വായ്പകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) കടം കുറച്ചുകൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കു ന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ നിലവിലുള്ള കടബാധ്യതകൾ, 31-3-2017 പ്രകാരം ചുവടെ ചേർക്കുന്നു. (ആഡിറ്റ് പൂർത്തിയാ കാത്ത താൽക്കാലിക കണക്കുപ്രകാരം)

| | |
|---|---|
| ദീർഘകാല-ഹ്രസ്വകാല മൊത്തം വായ്പ | 6414.69 കോടി രൂപ |
| ഓവർ ഡ്രാഫ്റ്റ്/സി.സി. | 666.19 കോടി രൂപ |
| ആകെ | 7080.88 കോടി രൂപ |

(ബി) 2011-12 സാമ്പത്തിക വർഷം മുതലുള്ള ബോർഡിന്റെ വായ്പകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ദീർഘകാല വായ്പ (തുക കോടിയിൽ) | പ്രവർത്തന മൂലധന വായ്പ (തുക കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 2011-12 | 1356.33 | 1114.49 |
| 2012-13 | 2134.20 | 1942.97 |
| 2013-14 | 2957.48 | 2303.62 |

| (1) | (2) | (3) |
|---|---|---|
| 2014-15 | 3699.35 | 2110.48 |
| 2015-16 | 3753.51 | 2171.94 |

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടം കുറച്ചുകൊണ്ട് വരുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സാമ്പത്തിക വിഭാഗത്തിൽ കൈക്കൊള്ളുന്നതാണ്.

മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കാവുന്നതാണ്.

കേന്ദ്രസർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി' പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് 15-3-2017-ൽ കേന്ദ്ര സർക്കാരുമായി ഉടമ്പടിയിൽ ഒപ്പ് വച്ചു. പ്രസ്തുത പദ്ധതി പ്രകാരം ‘AT & C loss ഉം റവന്യൂ ഗ്യാപ്പ്-ഉം കുറയ്ക്കുന്നതിനും നടപടി എടുക്കുന്നതാണ്.

മിതമായ വിലയിൽ ഹ്രസ്വ ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾവഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടകൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാദ്ധ്യതകൾ കുറച്ചുകൊണ്ടു വരുവാനാണ് ശ്രമിക്കുന്നത്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ കെ.എസ്. ഇ. ബി.എൽ. സമർപ്പിച്ചിട്ടുള്ള വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചുതരുന്ന പ്രകാരം താരിഫ് വർദ്ധനവ് നടപ്പിലാക്കുമ്പോൾ ബോർഡിന്റെ കടം കുറയുന്നതാണ്. കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽനിന്നും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട 1400 കോടി രൂപ ലഭ്യമാകുമ്പോൾ ബോർഡിന്റെ ബാദ്ധ്യത ഗണ്യമായി കുറയുന്നതാണ്.

**മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

140 (4599) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എത്ര പുതിയ ട്രാൻസ്ഫോർമറുകളും ലൈൻ കൺവേർഷനുമാണ് സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് മെറ്റീരിയൽസിന്റെ ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 10 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും 6.928 Km ലൈൻ കൺവെർഷൻ പ്രവൃത്തികളും പൂർത്തിയാക്കി വരികയാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ, പുരോഗതി എന്നിവ താഴെ ചേർത്തിരിക്കുന്നു.

| SI. No. | Name of Section | Name of work | Status |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മലപ്പുറം (വെസ്റ്റ്) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-വട്ടപ്പാറ | ഐ.പി.ഡി.എസ്. പദ്ധതിയിൽ ടെണ്ടർ ചെയ്തു |
| 2 | മലപ്പുറം (ഈസ്റ്റ്) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-കലംപാടി | ലൈൻ വർക്ക് പൂർത്തീകരിച്ചു |
| 3 | മലപ്പുറം (ഈസ്റ്റ്) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്- കച്ചാടിപറമ്പ | ലൈൻ വർക്ക് പൂർത്തീകരിച്ചു |
| 4 | മലപ്പുറം (ഈസ്റ്റ്) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-വലിയാട് | ലൈൻ വർക്ക് പൂർത്തീകരിച്ചു |
| 5 | മലപ്പുറം (ഈസ്റ്റ്) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-എൻ.കെ. പടി | ലൈൻ വർക്ക് പൂർത്തീകരിച്ചു |
| 6 | മലപ്പുറം (ഈസ്റ്റ്) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-കസ്കാഡ് ബാങ്ക് | ലൈൻ വർക്ക് പൂർത്തീകരിച്ചു |
| 7 | മലപ്പുറം (ഈസ്റ്റ്) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-ചീരത്ത് | ലൈൻ വർക്ക് പൂർത്തീകരിച്ചു |
| 8 | വള്ളുവമ്പ്രം | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-കുഴിക്കവുങ്ങൽ-പുല്ലറ | ലൈൻ വർക്ക് പൂർത്തീകരിച്ചു വരുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | ചട്ടിപ്പറമ്പ | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-ചേലോട് | ലൈൻ വർക്ക് പൂർത്തീകരിച്ചു |
| 10 | മഞ്ചേരി നോർത്ത് | വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക്-പിലാക്കൽ | ജോലി പൂർത്തീകരിച്ചു വരുന്നു. |
| 11 | മഞ്ചേരി നോർത്ത് | ഇന്റർലിങ്കിങ്ങ് പാലക്കത്തോട് മുതൽ തോട്ടേക്കാട് വരെ | ജോലി പൂർത്തീകരിച്ചു വരുന്നു. |
| 12 | മഞ്ചേരി നോർത്ത് | ഇന്റർലിങ്കിങ്ങ് രാമൻകുളം മുതൽ പള്ളിയാർപടി വരെ | ജോലി പൂർത്തീകരിച്ചു വരുന്നു. |
| 13 | മഞ്ചേരി നോർത്ത് | തോട്ടക്കാട് | ജോലി പൂർത്തീകരിച്ചു വരുന്നു. |
| 14 | മഞ്ചേരി നോർത്ത് | ഇന്റർലിങ്കിങ്ങ് വള്ളുവമ്പ്രം റോഡ് മുതൽ പൂക്കളത്തൂർ വരെ | ജോലി പൂർത്തീകരിച്ചു വരുന്നു. |
| 15 | മഞ്ചേരി നോർത്ത് | ഇന്റർലിങ്കിങ്ങ് ഷാപ്പിൻകുന്ന് മുതൽ കളത്തുംപടി വരെ | ജോലി പൂർത്തീകരിച്ചു വരുന്നു. |
| 16 | മഞ്ചേരി നോർത്ത് | സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്ക് പാലക്കത്തോട് മറാണി ഏരിയ | ജോലി പൂർത്തീകരിച്ചു വരുന്നു. |
| 17 | മഞ്ചേരി നോർത്ത് | സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്ക് ന്യൂ ബസാർ ഏരിയ | ജോലി പൂർത്തീകരിച്ചു വരുന്നു. |

(സി) ട്രാൻസ്ഫോർമർ, കമ്പികൾ എന്നിവയുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഗാർഹിക ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്**

141 (4600) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഫലമായി ഗാർഹിക ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവുമൂലം വൈദ്യുതി ഉപഭോഗം എത്രത്തോളം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഗാർഹിക ഉപഭോക്താക്കളിൽനിന്നുള്ള വരുമാനം വൈദ്യുതിയിൽ നിന്നുമുള്ള മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(സി) ഊർജ്ജ പ്രതിസന്ധി നേരിടുന്നതിനായി ഗാർഹിക ഉപഭോക്താക്കൾക്ക് കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന ലാഭപ്രദ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ലക്ഷ്യമിടുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും മെച്ചപ്പെട്ടതും വൈദ്യുതി ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള എൽ.ഇ.ഡി. ബൾബുകളും മറ്റും ഉണഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നാണ് കരുതുന്നത്.

(ബി) ഗാർഹിക ഉപഭോക്താക്കളിൽനിന്നുള്ള വരുമാനം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൊത്തം വരുമാനത്തിന്റെ '34.82' ശതമാനത്തോളം വരും. 2016-17-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൊത്തം വരുമാനം '11,200' കോടി രൂപയും ഗാർഹിക ഉപഭോക്താക്കളിൽ നിന്നുള്ള വരുമാനം 3,900 കോടി രൂപയും ആകുന്നു.

(സി) ഉണ്ട്. സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിച്ച് ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതിനായി ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (DELP) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ EESL എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനവുമായി സഹകരിച്ച് 75 ലക്ഷം ഉപഭോക്താക്കൾക്ക് 2 എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ഇതുവരെ 1 കോടിയിൽപ്പരം ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

**പെൻഷനായ കെ.എസ്.ഇ.ബി.എൽ. ജീവനക്കാരുടെ ആശങ്കകൾ**

142 (4601) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. കമ്പനിയായി മാറിയപ്പോൾ ഇവിടെനിന്നും പെൻഷൻ പറ്റിയ ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ പെൻഷൻ വിതരണം സുഗമമാക്കാൻ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിലവിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരവും അതുമൂലം സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ജീവനക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡിലേയ്ക്ക് മാറ്റപ്പെട്ട ജീവനക്കാരുടേയും പെൻഷൻകാരുടേയും പെൻഷൻ ഉൾപ്പെടെയുള്ള സേവന വേതന ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് 12-2-2015-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 31-3-2013 വരെ നിയമിതരായ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഒരു മാസ്റ്റർ ട്രസ്റ്റ് -'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ് എന്ന പേരിൽ 12-2-2015-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31-10-2013 വരെയുള്ള പെൻഷൻ ബാധ്യത യായി 12419 കോടി രൂപ എന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും ഈ തുകയിൽ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്ററി അലോക്കേഷൻവഴി വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകുന്നതും ബാക്കി തുകയായ 11895 കോടി രൂപയ്ക്ക് രണ്ടുതരം ബോണ്ടുകൾ -(i) 8144 കോടി രൂപ 20 വർഷത്തേയ്ക്ക് 10% (ii) 3751 കോടി രൂപ 10 വർഷത്തേയ്ക്ക് 9%-പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ തുകയിൽ 3751 കോടി രൂപ കേരള സർക്കാർ വിഹിതമായിരിക്കുന്നതും ആയത് 31-10-2013 മുതലുള്ള 10 വർഷം കെ.എസ്.ഇ.ബി. ലിമിറ്റഡ്, കേരള സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടികിഴിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ രണ്ടുതരം ബോണ്ടുകളും 1-4-2017-ന് കെ.എസ്.ഇ.ബി. ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിനുവേണ്ടി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കമ്പനിവൽക്കരണത്തെ തുടർന്ന് യൂണിയനുകളും മാനേജ്മെന്റും കേരള സർക്കാരും തമ്മിൽ ത്രികക്ഷി കരാർ ഒപ്പുവച്ച് ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ അതേപടി തുടരുന്നതിന് ധാരണയിലെത്തിയിട്ടുണ്ട്.

**വീട്ടുകളിലെ മീറ്റർ റീഡിംഗ് എടുക്കാത്തതുമൂലം സ്ലാബുകളിൽ വ്യത്യാസം**

143 (4602) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ്
ശ്രീ. റോജി എം. ജോൺ
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് എല്ലാ മാസവും വീട്ടുകളിലെ മീറ്റർ റീഡിംഗ് എടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മാസംതോറും മീറ്റർ റീഡിംഗ് എടുക്കാത്തതുമൂലം ഉപഭോക്താക്കൾക്ക് നിശ്ചയിച്ചിട്ടുള്ള സ്ലാബുകളിൽ വ്യത്യാസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിമാസ ഉപഭോഗം കണക്കാക്കിയാണോ വൈദ്യുതി നിരക്കിന്റെ സ്ലാബുകൾ നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) രണ്ട് മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കുന്നതുമൂലം ഉയർന്ന സ്ലാബനുസരിച്ച് ഉപഭോക്താക്കൾ കൂടുതൽ തുക നൽകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) ഇതൊഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ 2014-ലെ സപ്ലൈകോഡ് എന്ന ചട്ടം അനുസരിച്ചാണ് വൈദ്യുതി ഉപഭോക്താക്കൾക്ക് മീറ്റർ റീഡിംഗ് എടുത്തു ബിൽ നൽകിവരുന്നത്. ആ ചട്ടം അനുസരിച്ച്, 99.95% ഉപഭോക്താക്കൾക്കും ദ്വൈമാസ സ്പോട്ട് ബില്ലിംഗ് സമ്പ്രദായമാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ അതേ ചട്ടപ്രകാരം തന്നെ 20 കിലോവാട്ടിന് മുകളിൽ കണക്റ്റഡ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസ ബില്ലിംഗ് സമ്പ്രദായമാണ് നടപ്പാക്കിയിട്ടുള്ളത്.

'93' ലക്ഷത്തോളം വരുന്ന ഉപഭോക്താക്കളുടെ പ്രതിമാസ റീഡിംഗ് എടുത്ത് ബിൽ നൽകുമ്പോഴുണ്ടാകുന്ന വലിയ ചെലവ് കുറയ്ക്കാനും, ഉപഭോക്താക്കൾക്ക് എല്ലാ മാസവും ചാർജ്ജ് അടയ്ക്കാൻ സെക്ഷൻ ഓഫീസുകളെ സമീപിക്കേണ്ടതു പോലെയുള്ള ബുദ്ധിമുട്ടുകളും മറ്റും പരിഗണിച്ചാണ് കമ്മീഷൻ ദ്വൈമാസ ബില്ലിംഗ് സമ്പ്രദായം നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ഇല്ല. മാസംതോറും മീറ്റർ റീഡിംഗ് എടുക്കാതെ രണ്ടു മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുത്ത് ബിൽ ചെയ്യുന്നതുകൊണ്ട് സ്ലാബുകളിൽ മാറ്റം വരുന്നില്ല.

(സി) അതെ. ദ്വൈമാസ ഉപഭോഗം എടുത്ത് അതിന്റെ പകുതികണ്ട് പ്രതിമാസം ഉപഭോഗത്തോട് നിർണ്ണയിച്ച്, അത് അനുസരിച്ചുള്ള സ്ലാബ് നിശ്ചയിച്ചാണ് രണ്ടുമാസത്തേയ്ക്കുള്ള ബിൽ നൽകിവരുന്നത്.

(ഡി) ഇല്ല. മേൽ പറഞ്ഞ രീതിയിൽ രണ്ടുമാസത്തിലൊരിക്കൽ റീഡിംഗ് എടുത്ത് ബിൽ ചെയ്യുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് ഉയർന്ന സ്ലാബിലുള്ള അധിക തുക നൽകേണ്ടിവരുന്നില്ല.

(ഇ) സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ച ചട്ടമനുസരിച്ചുള്ള മേൽ ബില്ലിംഗ് സമ്പ്രദായത്തിൽ ഉപഭോക്താക്കൾക്ക് നഷ്ടം വരുന്നില്ലാത്തതിനാലും, എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും പ്രതിമാസ ബില്ലിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് അധികം മനുഷ്യശേഷിയും ചെലവും വരുമെന്നതിനാലും മേൽചട്ടപ്രകാരമുള്ള സമ്പ്രദായം തുടരുന്നു. മാത്രവുമല്ല, മറ്റു സംസ്ഥാനങ്ങളിലും സമാനമായ ദ്വൈമാസ സമ്പ്രദായമാണ് നിലവിലുള്ളത്.

**വൈപ്പിൻ നിയോജകമണ്ഡലത്തില ഭൂഗർഭ കേബിൾ സംവിധാനം**

144 (4603) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ നഷ്ടം പരമാവധി ഒഴിവാക്കുന്നതിന് ഉതകുന്ന ഭൂഗർഭ കേബിൾ സംവിധാനം നടപ്പിലാക്കുന്നതിനുള്ള സർക്കാർ നടപടികൾ വിശദമാക്കാമോ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഇത്തരത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നാളിതുവരെ എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളെയാണ് അടുത്തതായി ഭൂഗർഭ കേബിൾ സംവിധാനത്തിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കൂടുതൽ പ്രദേശങ്ങളെ ഭൂഗർഭ കേബിള് സംവിധാനത്തിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസരണ നഷ്ടവും വൈദ്യുത തടസ്സവും ഒഴിവാക്കുന്നതിനുവേണ്ടി ഓവർ ഹെഡ് പ്രസരണ ലൈൻ നിർമ്മിക്കാൻ ബുദ്ധിമുട്ടുള്ള ജനസാന്ദ്രത കൂടിയ നഗര പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം, തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി., ഐ.പി.ഡി.എസ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുത പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള ഭൂഗർഭ കേബിൾ ഇടുന്ന സംവിധാനം നടപ്പിലാക്കുന്നുണ്ട്.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എളംകുന്നപ്പുഴ, നായരമ്പലം, ഞാറക്കൽ, എടവനക്കാട്, മുളവ്കാട് എന്നീ പഞ്ചായത്തുകളിൽ ആർ.എ.പി. ഡി.ആർ.പി. കൊച്ചി സിറ്റി സ്കീമിൽ 2014 മുതൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

(സി) 75.2 കിലോ മീറ്റർ കേബിൾ സ്ഥാപിക്കുന്നതിനായി ഈ പദ്ധതിയുടെ കീഴിൽ 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിൽ ആർ.എ.പി.ഡി.ആർ.പി.-യിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തികൾ മാത്രമേയുള്ളൂ.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികളൊന്നും ഇപ്പോൾ വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിലവിലില്ല.

**സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ**

145 (4604) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ സ്ഥലങ്ങളിൽ സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി ഇതുവരെയായി 10.66 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്. 8.26 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 4.71 മെഗാവാട്ടിന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 200 മെഗാവാട്ടിന്റെ സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 200 മെഗാവാട്ടിന്റെ മറ്റൊരു സോളാർ നിലയം ചീമേനിയിൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. എൻ.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽ കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ 170-ഓളം മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ കെ.എസ്.ഇ.ബി.എൽ എൻ.റ്റി.പി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അവരുടെ സഹായത്തോടുകൂടി റൂഫ് ടോപ്പ് സോളാർ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾക്ക് ആവശ്യമായ കണക്ടിവിറ്റി സമയബന്ധിതമായി നൽകിവരുന്നു. സിയാൽ 20.4 മെഗാവാട്ടും ഹിൻഡാൽകോ 1 മെഗാവാട്ടും അനെർട്ട് 2 മെഗാവാട്ടും വൈദ്യുതി സോളാർ നിലയത്തിൽനിന്നും ഉത്പാദിപ്പിക്കുന്നുണ്ട്.

അനെർട്ടിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിലായി 9837 സൗരോർജ്ജ ഗാർഹിക പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| നമ്പർ | ജില്ല | പ്രവർത്തിക്കുന്ന സൗരോർജ്ജ ഗാർഹിക നിലയങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ആലപ്പുഴ | 531 |
| 2 | എറണാകുളം | 1381 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 3 | ഇടുക്കി | 181 |
| 4 | കണ്ണൂർ | 547 |
| 5 | കാസർഗോഡ് | 300 |
| 6 | കൊല്ലം | 533 |
| 7 | കോട്ടയം | 1034 |
| 8 | കോഴിക്കോട് | 875 |
| 9 | മലപ്പുറം | 884 |
| 10 | പാലക്കാട് | 541 |
| 11 | പത്തനംതിട്ട | 441 |
| 12 | തിരുവനന്തപുരം | 1122 |
| 13 | തൃശ്ശൂർ | 1275 |
| 14 | വയനാട് | 192 |
| | ആകെ | 9837 |

വീടുകൾക്കും സ്ഥാപനങ്ങൾക്കും സബ്സിഡി ഉപയോഗപ്പെടുത്തി ശൃംഖലാ ബന്ധിതവും അല്ലാത്തതുമായ പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ബൃഹത്തായ പദ്ധതികൾ രൂപം കൊടുത്തുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2017-18 വർഷത്തെ പദ്ധതി പ്രകാരം അനെർട്ട് മുഖേന ആകെ 4.4 മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

**തിരുവമ്പാടി മണ്ഡലത്തിലെ മിനി ഹൈഡൽ പ്രോജക്ടുകൾ**

146 (4605) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്നതും അനുമതി ലഭിച്ചതുമായ മിനി ഹൈഡൽ പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതികൾ കാലവിളംബമില്ലാതെ നടപ്പാക്കുന്നതിന് എന്തുനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദമായ അവലോകനം നടത്തുന്നതിനും കർമ്മപരിപാടികൾ തയ്യാറാക്കുന്നതിനും യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന സ്വകാര്യ സംരംഭകർ വഴിയുള്ള ഹൈഡൽ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന പ്രകാരം മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ഇൻസ്പെക്ഷൻ കൃത്യമായി നടപ്പിലാക്കിവരുന്നു. ക്ലിയറൻസുമായി ബന്ധപ്പെട്ട സഹായങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റി കൂടി നടപ്പിലാക്കുന്നതാണ്.

(സി) പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സം നേരിടുകയാണെങ്കിൽ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ പ്രവൃത്തികൾ അവലോകനം ചെയ്യുന്നതാണ്.

**കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ട്**

147 (4606) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന മികവിനായി ചില നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു റിപ്പോർട്ട് കോഴിക്കോട് ഐ.ഐ.എം. ബോർഡിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ബോർഡിൽ നിലവിലുള്ള 876 മീറ്റർ റീഡർ തസ്തികയിൽ നിയമനം നടത്തരുതെന്ന് റിപ്പോർട്ടിൽ നിർദ്ദേശമുണ്ടോ;

(സി) റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയ്ക്ക് ശേഷം മറ്റൊരു റിപ്പോർട്ട് ഐ.ഐ.എം-ൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത റിപ്പോർട്ട് ആരെല്ലാമായി ചർച്ച ചെയ്യും; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്, ഉണ്ട്.

(ഡി) ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട് പഠിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായിട്ടുള്ള സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പാരമ്പര്യേതര ഊർജ്ജ മാർഗ്ഗങ്ങളിൽനിന്നും വൈദ്യുതി**

148 (4607) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ മാർഗ്ഗങ്ങളായ കാറ്റ്, സൗരോർജ്ജം, തിരമാല എന്നിവയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പുതുതായി ഏതെങ്കിലും പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പാരമ്പര്യേതര സ്രോതസ്സിൽനിന്നും 2015-16, 2016-17 വർഷങ്ങളിൽ ലഭിച്ച വൈദ്യുതി എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ. ആരംഭിച്ച പാരമ്പര്യേതര ഊർജ്ജ മാർഗ്ഗങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പി ക്കുന്നതിനുള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിവിധ ജില്ലാ പഞ്ചായത്തുകൾ 10.015484 കോടി രൂപ മുതൽമുടക്കി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 1.29 MWP സ്ഥാപിത ശേഷിയുള്ള റൂഫ് ടോപ്പ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു. ഇതുകൂടാതെ എല്ലാ കളക്ടറേറ്റ് കെട്ടിടങ്ങളുടെ മേൽക്കൂരയിലും 1.9 MWP സ്ഥാപിതശേഷിയുള്ള റൂഫ് ടോപ്പ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

2. തിരുവനന്തപുരം ജില്ലയിൽ പൂവാർ ഫിഷർമാൻ കോളനിയിൽ 1 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം ചെറുകാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ച് ചെയ്യിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കഞ്ചിക്കോട്ടുള്ള കാറ്റാടിപ്പാടത്തിലെ 225 കിലോവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ മാറ്റി 850 കിലോവാട്ട് ശേഷിയുള്ള മൂന്നും 600 കിലോവാട്ട് ശേഷിയുള്ള രണ്ടും കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് പാടത്തിന്റെ ശേഷി 2.625 മെഗാവാട്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി -5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും, 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട, വിദൂരസ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 4000 കിലോവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പാലക്കാട് കഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയി ലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തിരമാലയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും 2015-16-ൽ 59.972673 ദശലക്ഷം യൂണിറ്റും 2016-17-ൽ 94.52083 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ലഭ്യമായിട്ടുണ്ട്.

**മുതുവല്ലൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ്**

149 (4608) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മുതുവല്ലൂർ ആസ്ഥാനമായി പുതിയ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാർ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം എവിടെയെങ്കിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മുതുവല്ലൂർ ആസ്ഥാനമായി പുതിയ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ സർക്കാർ വന്നതിനുശേഷം റാന്നി പെരിനാട്, വെണ്മണി, വള്ളികുന്നം, ഉടുമ്പഞ്ചോല, ആലക്കോട് തൊടുപുഴ, മഞ്ഞള്ളൂർ, കോറോം, സീതംഗോളി, ചെറുപുഴ, നെല്ലിക്കുഴി, എടത്തല, കുമ്പാറ, വാളയാർ എന്നീ സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**പാരമ്പര്യേതര ഊർജ്ജോല്പാദന രംഗത്ത് അനെർട്ടിന്റെ നേട്ടങ്ങൾ**

150 (4609) <u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u>:
<u>ശ്രീ. പി. ഉണ്ണി</u>:
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജോല്പാദന രംഗത്ത് അനെർട്ടിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പാരമ്പര്യേതര ഊർജ്ജസാധ്യതകൾ പ്രചരിപ്പിക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും അനെർട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) അനെർട്ടിന്റെ 2016-17 വർഷത്തെ മികച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനം കനത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ അനെർട്ടിന്റെ സൗരോർജ്ജ വൈദ്യുതോപകരണങ്ങൾ കൂടുതൽ വ്യാപകമാക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ രംഗത്ത് കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സംസ്ഥാന നോഡൽ ഏജൻസിയാണ് ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനെർട്ട്. അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പ്രചരണവും, സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനെർട്ട് മുഖേന നടന്നുവരുന്നു. കൂടാതെ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതികാനുമതിയും അനെർട്ട് മുഖേനയാണ് നൽകിവരുന്നത്. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകാനും, 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട, വിദൂരസ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും കോൾസെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും, നിർമ്മാതാക്കളെ എം പാനൽ ചെയ്യുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും, സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേറ്റഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന 5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതി പ്രകാരം ഇതേവരെ 2303 എണ്ണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും, 145 ക്യൂബിക് മീറ്റർ പ്രതിദിനശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും, 4185 സ്ക്വയർ മീറ്റർ കളക്ടർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്ററുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് നൽകി വരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1281 വീടുകളും പാലക്കാട് ജില്ലയിൽ 367 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ചു കഴിഞ്ഞു.

2016-17 വർഷം ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ വാട്ടർ ഹീറ്ററുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ മുതലായവ സബ്സിഡി നൽകി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ പദ്ധതി പ്രകാരം 1,250 ലക്ഷം രൂപയും, സൗരോർജ്ജ ഓഫ് ഗ്രിഡ്, ശൃംഖലാബന്ധിത പവർ പ്ലാന്റുകൾ, സമ്പൂർണ്ണ വൈദ്യുതീകരണം എന്നിവ നടപ്പിലാക്കുന്നതിനായി 2898 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു.

2016-17 വർഷത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10000 വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന

പദ്ധതിയായ 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചുനൽകി. ഇവ ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പര്യാപ്തമാണ്.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ**

151 (4610) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ പ്രവർത്തിച്ചുവരുന്ന ഏജൻസികൾ ഏതെല്ലാമാണ്;

(ബി) ഊർജ്ജോത്പാദന മേഖലയിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) 2016-17 വർഷത്തിൽ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനവും സംഭരണവും വിതരണവും നിയന്ത്രിക്കുന്നതിനായി പ്രസ്തുത സ്ഥാപനം എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നത്;

(ഇ) സംസ്ഥാനത്ത് വൈദ്യുതിയുമായി ബന്ധപ്പെട്ട അപകടങ്ങൾ അന്വേഷിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും അപകടങ്ങൾക്ക് ഉത്തരവാദിയായവർ ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ.

(ബി) ഊർജ്ജോൽപ്പാദന പ്രതിഷ്ഠാപനങ്ങൾ റഗുലേഷൻ 32, റഗുലേഷൻ 30 ഓഫ് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് റ്റു സേഫ്റ്റി &

ഇലക്ട്രിക്ക് സപ്ലൈ) പ്രകാരം പരിശോധന നടത്തി പ്രസ്തുത പ്രതിഷ്ഠാപനങ്ങൾ സുരക്ഷിതത്വം ഉറപ്പാക്കുകയും ആയത് ഊർജ്ജീകരണത്തിനുള്ള അനുമതിയും നൽകുകയെന്നതാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ.

(സി) 2016-17 വർഷത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കൈവരിച്ച പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

(i) സംസ്ഥാനത്ത് വ്യാപകമായി വൈദ്യുതി സുരക്ഷാബോധവൽക്കരണം നടത്തുകയും തൽഫലമായി വൈദ്യുത അപകടങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ സാധിച്ചു. മുൻ വർഷത്തേക്കാൾ അപകട മരണ നിരക്ക് 30% കുറച്ചുകൊണ്ടുവരാൻ സാധിച്ചു.

(ii) മീറ്റർ ടെസ്റ്റിംഗ് & സ്റ്റാന്റേർഡ്സ് ലാബിൽ എൽ.ഇ.ഡി. ലൈറ്റ് ടെസ്റ്റിംഗ് സംവിധാനം സജ്ജമാക്കി.

(iii) റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലാബുകളുടെ വിപുലീകരണത്തിന്റെ ഭാഗമായി കോഴിക്കോട്, ഇടുക്കി എന്നീ ലാബുകളിൽ 10 എനർജി മീറ്ററുകൾ ഒരുമിച്ച് ടെസ്റ്റ് ചെയ്യുന്ന എനർജി മീറ്റർ ടെസ്റ്റ് ബെഞ്ച് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

(iv) ക്വാളിറ്റി കൺട്രോൾ പ്രകാരം ട്രാൻസ്ഫോർമർ പ്രതിഷ്ഠാപനങ്ങൾ പരിശോധന നടത്താൻ ഓട്ടോമാറ്റിക്ക് ട്രാൻസ്ഫോർമർ ടെസ്റ്റ് സെറ്റ് അപ്പ് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സജ്ജമാക്കുന്നു.

(v) എസ്.ക്യൂ.എം.എസ്. സർട്ടിഫിക്കേഷൻ നിലനിർത്തി.

(vi) മീറ്റർ ടെസ്റ്റിംഗ് & സ്റ്റാന്റേർഡ്സ് ലാബോറട്ടറിയിൽ അക്രെഡിറ്റേഷൻ ഈ വർഷവും നിലനിർത്തി.

(vii) 10 ജില്ലകളിൽ റീജിണൽ മീറ്റർ ടെസ്റ്റിംഗ് & സ്റ്റാന്റേർഡ്സ് ലാബോറട്ടറിയിൽ NABL അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(viii) ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു യൂണിക്ക് സോഫ്റ്റ്‌വെയർ വികസിപ്പിച്ചു നടപടി ആരംഭിച്ചു.

(ix) ഇതര സംസ്ഥാനങ്ങളിലെ ഉന്നത വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഇന്റർനാഷണൽ കോൺഫറൻസ് ഫെബ്രുവരി 17, 18 തീയതി കളിൽ നടത്തി.

(ഡി) ക്വാളിറ്റി കൺട്രോൾ ഓർഡറിനെ സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴി പൊതുജനങ്ങളെ ബോധവൽക്കരിച്ചു. ഇലക്ട്രിക്ക് കടകളിൽ ബോധവൽക്കരണം നടത്തുകയും നോട്ടീസ് നൽകുകയും ചെയ്തു.

നിലവാരമില്ലാത്ത ഉപകരണങ്ങൾ പിടിച്ചെടുത്ത് ടെസ്റ്റിംഗിന് അയയ്ക്കുന്നതും ലൈസൻസ് റദ്ദാക്കുകയും മറ്റും അടുത്തപടിയായി സ്വീകരിക്കുന്നതാണ്.

(ഇ) ഇലക്ട്രിസിറ്റി ആക്ട് 2003 ഖണ്ഡിക 161 പ്രകാരം എല്ലാ വൈദ്യുത അപകടങ്ങളും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അന്വേഷിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് അയയ്ക്കുന്നു. അപകടങ്ങളുടെ ഉത്തരവാദിയായവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി പോലീസിനും കത്ത് നൽകാറുണ്ട്. കൂടാതെ ജില്ലാതല വൈദ്യുത അപകട നിവാരണ സമിതികൾ കൂടുകയും ആയതിൽ വൈദ്യുത അപകടങ്ങളുടെ കാരണങ്ങളും വിലയിരുത്തി ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**ഇടക്കൊച്ചിയിൽ അനുവദിച്ച സെക്ഷൻ ഓഫീസ്**

152 (4611) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10 സെന്റ് സ്ഥലമോ വാടകരഹിത കെട്ടിടമോ ലഭ്യമല്ലാത്തതിനാൽ കെ.എസ്.ഇ.ബി.എൽ. അനുവദിച്ച സെക്ഷൻ ഓഫീസുകൾ ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ എവിടെയെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇടക്കൊച്ചിയിൽ അനുവദിച്ച സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനായി പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സൗജന്യമായി 10 സെന്റ് സ്ഥലമോ വാടകരഹിത കെട്ടിടമോ ലഭിക്കാത്തതിനാൽ കെ.എസ്.ഇ.ബി.എൽ. 2016-ൽ അനുവദിച്ച 8 സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഇലക്ട്രിക്കൽ സർക്കിൾ | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|
| തിരുവനന്തപുരം | പാപ്പനംകോട് |
| എറണാകുളം | ഇടക്കൊച്ചി |
| ഷൊർണ്ണൂർ | ലക്കിടി കൂട്ടുപാത, വിളയൂർ |
| മഞ്ചേരി | പുഴക്കാട്ടിരി, മുണ്ടക്കുളം |
| തിരൂർ | ഇന്ത്യന്നൂർ |
| പാലക്കാട് | കയറാടി |

(ബി & സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നുള്ളൂ എന്ന് ബോർഡ് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് സ്ഥലമോ കെട്ടിടമോ ലഭ്യമാക്കുന്നതിനായി പഞ്ചായത്ത്, ജില്ലാ ഭരണകൂടം എന്നിവയുമായി ബന്ധപ്പെട്ടുവരികയാണ്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേയ്ക്കാവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ്‌വർക്കിംഗ് സംവിധാനം, വാഹന സൗകര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചെലവ് ബോർഡ് തന്നെയാണ് വഹിക്കുന്നത്. ഇത്തരത്തിലുള്ള ചെലവുകൾ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള കെട്ടിട വാടകകൂടി ഏറ്റെടുക്കേണ്ടി വന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ ഭേദഗതി വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാകുന്ന മുറയ്ക്ക് ഇടക്കൊച്ചി ഉൾപ്പെടെയുള്ള സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം ബോട്ടിംഗ്**

153 (4612) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ പെരിങ്ങൽകുത്ത് ഡാമിനോട് ചേർന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി നടത്തിവന്നിരുന്ന ബോട്ടിംഗ് നിർത്തിവച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിജയകരമായി സർവ്വീസ് നടത്തിയിരുന്നതും നൂറ് കണക്കിനു ടൂറിസ്റ്റുകൾ പ്രതിദിനം സന്ദർശിക്കുകയും ചെയ്തിരുന്ന പെരിങ്ങൽകുത്തിലെ ബോട്ടിംഗ് പുനരാരംഭിക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ അനുമതിയുമായി ബന്ധപ്പെട്ട് ബോട്ടിംഗിന് തടസ്സം നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്.

**കാലവർഷക്കുറവുമൂലം ഉണ്ടായ വൈദ്യുതിക്ഷാമം**

154 (4613) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കുറവുമൂലം 2011 മുതൽ ഏതെല്ലാം വർഷങ്ങളിൽ വൈദ്യുത ക്ഷാമം നേരിടേണ്ടി വന്നു എന്നും അക്കാലങ്ങളിൽ നടപ്പാക്കിയ ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവയുടെ തോത് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) കാലവർഷക്കുറവുമൂലം ഉണ്ടായ വൈദ്യുതി ക്ഷാമം ഓരോ വർഷത്തിലും എത്രയായിരുന്നു എന്നും റിസർവോയറുകളിൽ അപ്പോൾ ലഭ്യമായ ജലം എത്ര എന്നും ഏതെല്ലാം ദ്രവ ഇന്ധന നിലയങ്ങളെയും മറ്റു സ്രോതസ്സുകളേയും അക്കാലങ്ങളിൽ ആശ്രയിച്ചു എന്നും വ്യക്തമാക്കാമോ;

(സി) 2012-13 കാലയളവിൽ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനായി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരുന്ന തുക എത്ര; കൂടുതൽ ചെലവാക്കിയ തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിലവിലെ വൈദ്യുതിക്ഷാമം പരിഹരിക്കാനും പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഉണ്ടാകാതിരിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2012-13 ജലവർഷത്തിൽ കാലവർഷക്കുറവുമൂലം 2012 സെപ്റ്റംബർ മുതൽ 2013 ജൂൺ 16-ാം തീയതി വരെ ലോഡ്ഷെഡ്ഡിംഗും പവർ കട്ടും ഉണ്ടായിരുന്നു. 2012 സെപ്റ്റംബർ മുതൽ 2013 ജൂൺ വരെ 779.775 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലോഡ്ഷെഡ്ഡിംഗ് മുഖേന കുറച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഉത്തരം അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി വാങ്ങൽ ചെലവിനത്തിൽ അനുവദിച്ച തുക 5008.49 കോടി രൂപയായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ചെലവായ തുക 7199.62 കോടി രൂപയാണ്. അതായത് കമ്മീഷൻ അംഗീകരിച്ചതിനേക്കാൾ 2191.13 കോടി രൂപ ആ വർഷം അധികമായി ചെലവാക്കി.

2012-13 കാലത്ത് '19868.66' ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ആവശ്യകതയായി കമ്മീഷൻ അംഗീകരിച്ചിരുന്നത്. എന്നാൽ മൺസൂൺ മഴയുടെ കുറവുമൂലം (40% കുറവ്) ജലവൈദ്യുതോൽപ്പാദനത്തിൽ 2186 ദശലക്ഷം യൂണിറ്റിന്റെ കുറവുവന്നു. കൂടാതെ കേന്ദ്രനിലയങ്ങളിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരുന്ന വൈദ്യുതിയിൽ, 945 ദശലക്ഷം യൂണിറ്റിന്റെ കുറവും ഉണ്ടായി. ഈ പ്രതിസന്ധി മറികടക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ കോഴിക്കോട്, ബ്രഹ്മപുരം ദ്രവഇന്ധന നിലയങ്ങളിൽനിന്ന് കമ്മീഷൻ അംഗീകരിച്ചതിനേക്കാൾ 327 ദശലക്ഷം യൂണിറ്റും (യൂണിറ്റൊന്നിന് 10.81 രൂപ നിരക്കിൽ) കായംകുളം താപനിലയത്തിൽനിന്ന് 897 ദശലക്ഷം യൂണിറ്റ് അധികമായും (12.66 രൂപ നിരക്കിൽ), സ്വകാര്യ നിലയമായ ബി.എസ്.ഇ.എസ്.-ൽ നിന്ന് 131.34 ദശലക്ഷം യൂണിറ്റും (18.03 രൂപ നിരക്കിൽ) ഉപയോഗിക്കേണ്ടതായി വന്നു. ബാക്കി മറ്റ് ഉൽപ്പാദകരിൽനിന്നും പവ്വർ എക്സ്ചേഞ്ചിൽനിന്നും കൂടി വാങ്ങിയാണ് പ്രതിസന്ധി തരണം ചെയ്തത്. കമ്മീഷൻ അംഗീകരിച്ചതിനേക്കാൾ 2454.89 ദശലക്ഷം യൂണിറ്റ് വൈദ്യുതി 2191.13 കോടി രൂപ അധികം ചെലവാക്കി വാങ്ങിക്കേണ്ടതായി വന്നു.

(ഡി) കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാനായി മദ്ധ്യകാല ദീഘകാല കരാറുകൾ മുഖേന (ഡി.ബി. എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുകവഴി, ഡാമുകളിൽ വെള്ളം വേനൽ കാലത്തേക്ക് സംഭരിയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാ വാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മേയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാറുപ്രകാരം

ഇപ്പോൾ ലഭിക്കുന്നുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർ ചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവവഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടു വരുന്നതിനുള്ള കോറിഡോർ ലഭ്യതയ്ക്കായി 400 കെ.വി. അരീക്കോട് സബ് സ്റ്റേഷനിലെ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തന സജ്ജമാക്കി കൂടുതൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## റിസർവ് ബാങ്ക് നിയന്ത്രണങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ നടപടി

155 (4614) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കറൻസി നിരോധന നടപടികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധികളും പ്രത്യാഘാതങ്ങളും മറികടക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രാഥമിക സഹകരണ ബാങ്കുകളുടെ ധനപരമായ ഇടപാടുകളിൽ എന്തെല്ലാം നിയന്ത്രണങ്ങൾ കൊണ്ടുവന്നുവെന്നും അത്തരം നിയന്ത്രണങ്ങൾ പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനില്പിനെ പ്രതികൂലമായി ബാധിക്കാതിരിക്കാനും അവിടത്തെ ഇടപാടുകാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാനും കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന്

അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാൻ അനുവദിച്ചു. പ്രാഥമിക സഹകരണ സംഘത്തിൽ ഇടപാടുകാരനുള്ള അക്കൗണ്ടിൽ നിന്നും അക്കൗണ്ട് ഉടമ ആവശ്യപ്പെടുന്ന തുക ജില്ലാ സഹകരണ ബാങ്കിലുള്ള അയാളുടെ അക്കൗണ്ടിലേക്ക് നൽകി, ആഴ്ചയിൽ 24,000 രൂപയോ റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പരിധിയിലുള്ള തുകയോ ഇടപാടുകാരന് പിൻവലിക്കാവുന്നതും ചെക്ക്, ഡ്രാഫ്റ്റ് ഇടപാടുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി. എന്നിവ ഉപയോഗിച്ച് ആവശ്യമായ തുക ഇടപാടുകാർ നിർദ്ദേശിക്കുന്ന ഏജൻസിക്ക് നൽകാൻ നിർദ്ദേശം നൽകി. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ തുടർന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുകയും കർഷകർക്ക് അനുവദിക്കുന്ന വായ്പാ തുക മേൽ വിവരിച്ച രീതിയിൽ ആരംഭിച്ചിട്ടുള്ള ജില്ലാസഹകരണ ബാങ്കിലുള്ള പ്രാഥമിക സംഘത്തിലെ അംഗങ്ങളുടെ/കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകുകയും അംഗങ്ങളെ/കർഷകരെ അതിൽ നിന്നും പിൻവലിക്കുന്നതിന് അനുവദിക്കുന്നതിന് നിർദ്ദേശിച്ചു. പ്രാഥമിക സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടുകളിലൂടെ അംഗങ്ങൾക്ക് തുടർന്നും ഇടപാടുകൾ നടത്തുന്നതിനും നിക്ഷേപം സ്വീകരിക്കുന്നതിനും വായ്പാ തിരിച്ചടവ് നടത്തുന്നതിനും അനുവദിച്ചു. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിലെ ഇടപാടുകാരന് അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടിവരുന്ന ചെലവ് ജില്ലാ സഹകരണ ബാങ്ക് വഹിക്കുവാൻ നിർദ്ദേശിച്ചു. ഈ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നേരിടുന്ന കറൻസി ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള താൽക്കാലിക സംവിധാനം ആയിരിക്കുമെന്നും നിർദ്ദേശം നൽകി.

**സഹകരണ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

156 (4615) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഡിറ്റ് വിഭാഗത്തിന്റെ വീഴ്ചമൂലം സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പിൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു. ഓഡിറ്റ് കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. എല്ലാ സംഘങ്ങളിലും പ്രത്യേകിച്ച് കമ്പ്യൂട്ടർവൽകൃത സംഘങ്ങളിലും പരിശോധിക്കുന്നതിന് മാർഗ്ഗനിർദ്ദേശം ആഡിറ്റർമാർക്ക് നൽകിയിട്ടുണ്ട്.
2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.
3. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം താലൂക്ക്-ജില്ലാ-സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്.
4. ആഡിറ്റ് മാന്വൽ പരിഷ്കരണം അന്തിമഘട്ടത്തിലാണ്.
5. നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
6. അനുപാത വിശകലന പഠനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
7. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ വകുപ്പിലെ നോൺ-ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനം**

157 (4616) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലും ആശുപത്രികളിലും നോൺ-ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനത്തിനാവശ്യമായ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഈ റാങ്ക് ലിസ്റ്റിൽനിന്നും നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) നിയമനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേപ്പിന്റെ കീഴിലുള്ള ഏക ആശുപത്രിയായ ആലപ്പുഴ ജില്ലയിലെ പുന്നപ്ര സാഗര ഹോസ്പിറ്റലിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാനുള്ള നടപടികൾ നടന്നുവരുന്നു. കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ട്രേഡ്സ്മാൻ, ഇൻസ്ട്രക്ടർ ഗ്രേഡ് II, ലൈബ്രേറിയൻ, അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളിലെ റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത്. കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ഈ റാങ്ക് ലിസ്റ്റിന് ഇനിയും അംഗീകാരം നൽകിയിട്ടില്ല. റാങ്ക് ലിസ്റ്റിൻമേൽ പരാതികൾ ഉയർന്ന സാഹചര്യത്തിൽ പരിശോധന നടത്തിവരികയാണ്. പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## വായ്പത്തുക അടച്ചുതീർത്തിട്ടും സഹകരണ സംഘങ്ങൾ ആധാരം തിരികെ നൽകാത്തതിന് കാരണം

158 (4617) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനവായ്പ പൂർണ്ണമായും അടച്ചുതീർത്ത വായ്പക്കാരന്റെ ആധാരം തടഞ്ഞുവയ്ക്കാൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കോ സഹകരണ ഹൗസിംഗ് ഫെഡറേഷനോ അധികാരമില്ലെന്ന് ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വായ്പത്തുക അടച്ചുതീർത്തിട്ടും സഹകരണ സംഘങ്ങൾ ആധാരം തിരികെ നൽകാത്തതിന് കാരണം വ്യക്തമാക്കുമോ ;

(സി) ആധാരം തിരികെ നൽകാത്തതുമൂലം സാധാരണക്കാരായ ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുമോ ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വായ്പകൾ സംഘത്തിൽ പണയപ്പെടുത്തുന്ന അതേ ഈടുവസ്തുവും അതിൽ നിർമ്മിക്കുന്ന വീടും ഉൾപ്പെടെ ഫെഡറേഷൻ സെക്യൂരിറ്റിയായി സ്വീകരിച്ചുകൊണ്ടാണ് സംഘത്തിന് വായ്പ നൽകുന്നത്. സംഘത്തിൽ കണക്കവസാനിച്ച വായ്പകളുടെ തുക ഫെഡറേഷനിൽ യഥാസമയം അടച്ച് ബാധ്യത തീർത്താൽ മാത്രമേ സംഘത്തിന് ആധാരം തിരികെ നൽകാൻ സാധിക്കുകയുള്ളൂ.

(സി) ഉണ്ട്.

(ഡി) ഹൈക്കോടതി വിധിന്യായത്തിൽ പ്രമാണങ്ങൾ തിരികെ നൽകാൻ കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷനോടാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**കൺസ്യൂമർ ഫെഡ് സഹകരണ ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ള വായ്പ**

159 (4618) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ ലിമിറ്റഡ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്ന് വായ്പ എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകളിൽനിന്ന് വായ്പ എടുത്തിട്ടുണ്ടെന്നും ആയതിന്റെ തുകകൾ എത്രയെന്നും വിശദീകരിക്കുമോ ;

(സി) ഈ വായ്പ എടുത്തിട്ടുള്ളത് ഏതെല്ലാം ആവശ്യത്തിനാണ് ; ഇതിന് ഈട് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് തരത്തിലുള്ള ഈടാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വായ്പകൾ നൽകുമ്പോൾ ആയതിന് സഹകരണ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർ ഫെഡറേഷൻ സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| (1) | (2) | (3) |
|---|---|---|
| ക്രമ നമ്പർ | ബാങ്കിന്റെ പേര് | തുക (കോടിയിൽ) |
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 190.82 |
| 2 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | 10.00 |
| 3 | ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | 10.00 |
| 4 | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | 125.00 |
| 5 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 75.00 |
| ആകെ | | 410.82 |

(സി) കൺസ്യൂമർ ഫെഡിന്റെ ബിസിനസ്സ് ആവശ്യത്തിനാണ് വായ്പകൾ എടുത്തിട്ടുള്ളത്. വായ്പകൾക്ക് ഈട് നൽകിയിട്ടുണ്ട്. കൺസ്യൂമർ ഫെഡിന്റെ വ്യാപാര സ്ഥാപനങ്ങളിലെ സ്റ്റോക്ക്, വസ്തുവിന്റെ ആധാരം എന്നിവയാണ് ഈട് നൽകിയിട്ടുള്ളത്. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പയിലെ 25 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടി ഈടായി നൽകിയിട്ടുണ്ട്.

(ഡി) ഒരു സഹകരണ സ്ഥാപനമെന്ന നിലയിൽ കൺസ്യൂമർ ഫെഡറേഷൻ നിയമത്തിലെയും ബൈലോയുടെയും വ്യവസ്ഥകൾക്ക് വിധേയമായി സ്വന്തം നിലയിലാണ് വായ്പകൾ എടുത്തിട്ടുള്ളത്. ഇത്തരത്തിൽ വായ്പകൾ എടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

**ദേവികുളം മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ**

160 (4619) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങളുടെ എണ്ണമെത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെ പഞ്ചായത്തിലാണെന്ന വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണി, ത്രിവേണി സ്റ്റോർ, വിദേശ മദ്യഷോപ്പ് എന്നീ മൂന്ന് സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്.

(ബി) മൊബൈൽ ത്രിവേണി, ത്രിവേണി വിദേശ മദ്യഷോപ്പ് എന്നിവ അടിമാലി പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ മൊബൈൽ ത്രിവേണി ദേവികുളം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ലഭ്യമാക്കുന്നുണ്ട്.

## കേപ്പിന്റെ റാങ്ക് ലിസ്റ്റുകൾ പുനഃപരിശോധിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

161 (4620) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേപ്പിന്റെ കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ തസ്തികകളിലേക്ക് 25-7-2015-ലെ ഇ 3/777/2014/കേപ്പ് നമ്പർ വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകൾ പുനഃപരിശോധിക്കാൻ കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിരുന്നോ; എങ്കിൽ പുനഃപരിശോധന നടപടി പൂർത്തിയായിട്ടുണ്ടോ ;

(ബി) പൂർത്തിയായെങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കിയതിലെ നടപടിക്രമങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇവ പുനഃപരിശോധിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ വ്യക്തമാക്കാവുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കാർഷിക വായ്പാ നിരക്ക്

162 (4621) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സാമ്പത്തികവർഷം സഹകരണ സ്ഥാപനങ്ങൾവഴി കാർഷിക വായ്പയും കാർഷികേതര വായ്പയും നൽകിയതിന്റെ ശതമാന നിരക്ക് ബാങ്ക് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കാർഷിക വായ്പാ നിരക്കിൽ കുറവ് വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സ്ഥാപനങ്ങൾ വഴി കാർഷിക വായ്പയും കാർഷികേതര വായ്പയും നൽകിയതിന്റെ ശതമാന നിരക്ക് സൂചിപ്പിക്കുന്ന ബാങ്ക് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജില്ലയിലെ ചില സഹകരണ ബാങ്കുകളുടെ കാർഷിക വായ്പ നൽകുന്നതിലെ നിരക്കിൽ കുറവ് വന്നിട്ടുണ്ട്. ആയത് ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധത്തിൽ പരാമർശിച്ചിട്ടുണ്ട്.

**കാട്ടാക്കട കേന്ദ്രമായി സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിന് നടപടി**

163 (T*4622) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാട്ടാക്കട കേന്ദ്രമായി ഒരു സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം പാവപ്പെട്ടവരും സാധാരണ ക്കാരും കൂടുതലായി തിങ്ങി പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൃത്യമായി നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തു പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിൽ 57 മൊബൈൽ ത്രിവേണികൾ ഇത്തരത്തിൽ പ്രവർത്തി ക്കുന്നുണ്ട്. പാവപ്പെട്ടവരും, സാധാരണക്കാരും കൂടുതലായി തിങ്ങിപാർക്കുന്ന ആദിവാസി മേഖല, തീരദേശ മേഖലകളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം ലഭ്യമാകത്തക്ക രീതിയിൽ സ്ഥലത്തെ ജനപ്രതിനിധികളുമായി ആലോചിച്ചിട്ടാണ് ഇവയുടെ റൂട്ട് നിശ്ചയിച്ചുവരുന്നത്.

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ നിലവിൽ അനുവദിച്ചിട്ടുണ്ട്.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേരള ബാങ്ക് രൂപീകരണം

164 (4623) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായിട്ടാണോ ഈ നടപടി;

(ബി) സേവനങ്ങൾക്ക് അമിത നിരക്ക് ചുമത്താതെ സാമ്പത്തിക ഉല്പന്നങ്ങൾക്ക് മാത്രം പലിശ ഈടാക്കിക്കൊണ്ടായിരിക്കുമോ കേരള ബാങ്ക് രൂപീകരണം;

(സി) റിസർവ് ബാങ്ക്, നബാർഡ് എന്നിവയുടെ അംഗീകാരം കിട്ടാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) കേരള ബാങ്കിന് ദീർഘകാല കടമോ,ഗ്രാന്റോ ആയി തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) കേരള ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടിവരുമോ; ഇതുസംബന്ധിച്ച് സംഘടനകളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പ്രതികരണം എന്താണ്?

### ഉത്തരം

(എ) 4/2017 നമ്പർ ഓർഡിനൻസിലെ വ്യവസ്ഥ പ്രകാരം ജില്ലാ സഹകരണ ബാങ്കിലെ വോട്ടവകാശമുള്ള അംഗത്വം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വോട്ടവകാശമുള്ള അംഗത്വം പരിമിതപ്പെടുത്തിയത് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് മുന്നോടിയായിട്ടല്ല.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകരിച്ച ശേഷം മാത്രമേ സേവനങ്ങളും നിരക്കുകളും സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(സി) റിസർവ് ബാങ്ക്, നബാർഡ് എന്നിവയുടെ അംഗീകാരം കിട്ടാൻ ഈ ഘട്ടത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) കേരള സഹകരണ ബാങ്ക് രൂപീകരണ ഘട്ടത്തിലായിരിക്കും സർക്കാർ ഇക്കാര്യം പരിശോധിക്കുക.

(ഇ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ മാത്രമേ ഇക്കാര്യങ്ങൾ സർക്കാർ തീരുമാനിക്കുകയുള്ളൂ.

**കേരള സഹകരണ ബാങ്കിന്റെ ഓഹരി ഘടന**

165 (4624) ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വരാൻ പോകുന്ന കേരള സഹകരണ ബാങ്കിന്റെ ഓഹരി ഘടന വിശദമാക്കുമോ;

(ബി) കേരള സഹകരണ ബാങ്കിന് നിലവിലുള്ള സഹകരണ ബാങ്കുകളുടെ പരിധിക്കപ്പുറത്തേക്ക് വാണിജ്യബാങ്കുകളുടെ ഏതൊക്കെ തരത്തിലുള്ള ബിസിനസ്സുകൾ കൈകാര്യം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) കേരള സഹകരണ ബാങ്ക് റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ള 'ഷെഡ്യൂൾഡ് ബാങ്ക് എന്ന നാമപരിധിയിൽ ഉൾപ്പെടുന്നുണ്ടോ ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങൾക്കാണ് കേരള സഹകരണ ബാങ്ക് രൂപീകരണം വഴിതെളിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 5 അംഗ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷവും സർക്കാർ നയത്തിന്റെ ഭാഗമായും ആയിരിക്കും ഓഹരി ഘടന നിശ്ചയിക്കുക.

(ബി) ഇക്കാര്യം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ മാത്രമായിരിക്കും തീരുമാനിക്കുക.

(സി) നിലവിൽ സംസ്ഥാന സഹകരണ ബാങ്കിന് ഷെഡ്യൂൾഡ് പദവി ഉണ്ട്. ഷെഡ്യൂൾഡ് ബാങ്ക് എന്ന നാമപദവി നൽകുന്നത് റിസർവ് ബാങ്ക് ആയതിനാൽ ഇക്കാര്യം റിസർവ് ബാങ്കിന്റെ അനുമതിക്ക് വിധേയമായിരിക്കും.

(ഡി) കേരള സഹകരണ ബാങ്ക് രൂപീകരണം ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത് മുഖേന

പലിശ നിരക്കിൽ ഗണ്യമായ കുറവ് വായ്പാക്കാർക്ക് സാധ്യമാകും. പലിശ നിരക്കിലെ കുറവ് ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിക്കാൻ ഇടയാക്കും. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പുത്തൻ ഉണർവ്വ് നൽകുവാൻ സാധിക്കും.

സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും ക്രഡിറ്റും വളർത്തിക്കൊണ്ടുവരുന്നതിന് പ്രസ്തുത ബാങ്കിന് ക്രിയാത്മക പങ്ക് വഹിക്കാനാകും. ബാങ്കുകളുടെ സംയോജന ത്തിലൂടെ സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും മറികടക്കാനാകും. സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്താനും സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാനും കേരള സഹകരണ ബാങ്കിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## എറവ്-പരയ്ക്കാട് പരസ്പര സഹായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ

166 (4625) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമ പഞ്ചായത്തിലെ എറവ്-പരയ്ക്കാട് പരസ്പര സഹായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത സംഘം ഏറ്റെടുത്ത് നടത്തുന്ന കൊടയാട്ടി കോൾ പടവിലെ മുഴുവൻ കർഷകർക്കും സംഘത്തിൽ അംഗത്വം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോൾപടവിലെ എല്ലാ കർഷകർക്കും അംഗത്വം നൽകി അവരുടെ പൊതുയോഗം വിളിച്ച് ചേർത്ത് നെൽക്കൃഷി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ആറാംകല്ല് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന എറവ്-പരയ്ക്കാട് പരസ്പര സഹായ സഹകരണ സംഘത്തിൽ കൊടയാട്ടി കോൾപ്പടവിലെ കർഷകരാണ് അംഗങ്ങളായിട്ടുള്ളത്. സംഘത്തിൽ 8 അംഗ ഭരണ സമിതിയാണ് നിലവിലുള്ളത്. 195 ഏക്കർ ഭൂമിയിൽ സംഘം നെൽക്കൃഷി നടത്തിവരുന്നു.

(ബി) കൊടയാട്ടി കോൾപ്പടവിലെ മുഴുവൻ കർഷകർക്കും സംഘത്തിൽ അംഗത്വം നൽകാത്തത് സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(സി) അംഗത്വം നൽകുന്നതിനും പൊതുയോഗം വിളിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ സംഘത്തിന് നൽകുന്നതാണ്.

## സഹകരണ സംഘങ്ങളിലെ അഴിമതിയുമായി ബന്ധപ്പെട്ട കേസ്സുകൾ

167 (4626) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ അഴിമതിയുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ആഡിറ്റിലും അന്വേഷണത്തിലും ക്രമക്കേട് കണ്ടെത്തിയ സഹകരണ സംഘങ്ങളിൽ സർക്കുലർ 11/79 പ്രകാരം അന്വേഷണത്തിന് കൈമാറിയതും അന്വേഷണം പൂർത്തീകരിച്ചതുമായ എത്ര കേസ്സുകൾ കോടതിയുടെ തീർപ്പിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങളുടെ അഴിമതിയുമായി ബന്ധപ്പെട്ട കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ആഡിറ്റിലും അന്വേഷണത്തിലും ക്രമക്കേട് കണ്ടെത്തിയ സംഘങ്ങളിൽ സർക്കുലർ 11/79 പ്രകാരം അന്വേഷണത്തിന് കൈമാറിയതും അന്വേഷണം പൂർത്തീകരിച്ചതുമായ 24 കേസ്സുകൾ കോടതിയുടെ തീർപ്പിന് നൽകിയിട്ടുണ്ട്.

## സഹകരണ ബാങ്കുകളുടെ മൂലധനപര്യാപ്തതാ മാനദണ്ഡങ്ങളിൽ ഇളവ്

168 (4627) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ മൂലധനപര്യാപ്തതാ മാനദണ്ഡം 2016-17-ൽ പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യപ്പെട്ട് സർക്കാർ റിസർവ് ബാങ്കിനെ സമീപിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് റിസർവ് ബാങ്ക് എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 31-3-2017-ന് മുമ്പായി ബാങ്കിംഗ് ലൈസൻസുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും 9 ശതമാനം മൂലധനപര്യാപ്തത കൈവരിക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശം ഉണ്ടായിരുന്നു. താൽക്കാലിക കണക്കുകൾ പ്രകാരം 14 ജില്ലാ സഹകരണ ബാങ്കുകളിൽ 11 ജില്ലാ സഹകരണ ബാങ്കുകളും നിശ്ചിത മൂലധനപര്യാപ്തത കൈവരിച്ചിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, കാസർഗോഡ് ജില്ലാ സഹകരണ ബാങ്കുകൾ നിശ്ചിത മൂലധനപര്യാപ്തത കൈവരിച്ചിട്ടില്ല. നോട്ട് പ്രതിസന്ധി കാരണം വായ്പാ തിരിച്ചടവിൽ കുറവ് വരികയും ആയത് ബാങ്കുകളുടെ എൻ.പി.എ. വർദ്ധിക്കുന്നതിന് ഇടയാക്കിയത് ടി ബാങ്കുകൾക്ക് നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാതെ വന്നതിന്റെ പ്രധാന കാരണമാണ്.

(ബി) ഉണ്ട്. മാത്രമല്ല നബാർഡുമായിട്ടുള്ള ചർച്ചകളിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യപ്പെട്ടിരുന്നു.

(സി) റിസർവ് ബാങ്കിന്റെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ഇക്കാര്യം പരിശോധിക്കാമെന്ന് റിസർവ് ബാങ്ക് ഗവർണർ അറിയിച്ചിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ കൊല്ലം ജില്ലയിലെ ഒഴിവുകൾ

169 (4628) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലേയ്ക്ക് 2017-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്ന ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) മറ്റെല്ലാ ജില്ലകളിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും കൊല്ലം ജില്ലയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കൊല്ലം ജില്ലയിൽ ഒഴിവുള്ള ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ നിയമനങ്ങൾ നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകൾക്ക് ഒരു പഞ്ചായത്തിൽ കുറഞ്ഞത് ഒരു ശാഖയെങ്കിലും അനുവദിക്കുന്നതിനും പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് കൂടുതൽ പേരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ)

| ജില്ല | നിയമനങ്ങൾ |
|---|---|
| തിരുവനന്തപുരം | - |
| കൊല്ലം | - |
| പത്തനംതിട്ട | - |
| ആലപ്പുഴ | - |
| കോട്ടയം | 10 |
| ഇടുക്കി | 5 |
| എറണാകുളം | 5 |
| പാലക്കാട് | 26 |
| മലപ്പുറം | 29 |
| കോഴിക്കോട് | - |
| വയനാട് | 10 |
| കണ്ണൂർ | - |
| കാസർഗോഡ് | - |

തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ 2016-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത്.

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ നിലവിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ഒഴിവുകളില്ല. ആയതിനാലാണ് കൊല്ലം ജില്ലയിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത്.

(സി) 2017-ലെ ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ബാങ്ക്-2 എൻ.ജെ.ഡി. ഒഴിവുകൾ 16-3-2017-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് ജില്ലാ സഹകരണ ബാങ്കുകൾക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്.

കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിലെ റാങ്ക് ലിസ്റ്റ്**

170 (4629) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഈ ലിസ്റ്റിൽനിന്നും നിയമനം താല്ക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ;

(സി) എങ്കിൽ അർഹരായവർക്ക് നിയമനം ലഭിക്കുന്നില്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ അടിയന്തരമായി നിയമനത്തിനായി ശിപാർശ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിലേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

| ജില്ല | നിയമനങ്ങൾ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | - |
| കൊല്ലം | - |
| പത്തനംതിട്ട | - |
| ആലപ്പുഴ | - |
| കോട്ടയം | 10 |
| ഇടുക്കി | 5 |
| എറണാകുളം | 5 |
| പാലക്കാട് | 26 |
| മലപ്പുറം | 29 |
| കോഴിക്കോട് | -( |
| വയനാട് | 10 |
| കണ്ണൂർ | - |
| കാസർഗോഡ് | - |

(ബി) ജില്ലാ സഹകരണ ബാങ്കുകളിൽ PSC മുഖേന നടത്തുന്ന നിയമനങ്ങൾക്ക് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഒഴിവുകൾ വരുന്ന മുറയ്ക്ക് PSC ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

**റിസ്ക്ഫണ്ട് പ്രകാരമുള്ള ആനുകൂല്യം**

171 (4630) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലോൺ എടുക്കുന്ന അവസരത്തിൽ ത്തന്നെ ബന്ധപ്പെട്ടവരോട് നിർബന്ധമായും വിശദീകരിക്കണമെന്ന നിബന്ധന വയ്ക്കുന്നതിനും അത് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്ത മാക്കാമോ?

ഉത്തരം

റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലോൺ എടുക്കുന്ന അവസരത്തിൽ വായ്പക്കാരെ അറിയിക്കണമെന്ന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുറഞ്ഞ വിലയ്ക്ക് പഠനസാമഗ്രികൾ ലഭ്യമാക്കാൻ നടപടി**

172 (4631) ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ കൺസ്യൂമർ ഫെഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പൊതുവിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പഠനസാമഗ്രികൾ വിൽക്കുന്നത് ;

(സി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പുതിയ അദ്ധ്യയന വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് 250 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലത്തിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ്സ് മാർക്കറ്റെങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടെയോ സ്കൂളുകളുടേയോ നേതൃത്വത്തിൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്കാവശ്യമായ മുഴുവൻ സാധനങ്ങളും ഒരു മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് സ്റ്റുഡന്റ്സ് മാർക്കറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ പോലുള്ള കൂട്ടായ്മകളുടേയും പ്രമുഖ കമ്പനികൾ ഉത്പാദിപ്പിക്കുന്ന സ്കൂൾ ബാഗ്, കുട, ലഞ്ച് ബോക്സ്, വാട്ടർ ബോട്ടിൽ, പേന, പെൻസിൽ, ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവയും, കൺസ്യൂമർ ഫെഡ് ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും സ്റ്റുഡന്റ്സ് മാർക്കറ്റിൽ ലഭ്യമാക്കുന്നതാണ്. മാർക്കറ്റ് വിലയേക്കാൾ 15% മുതൽ 20% വരെ സ്റ്റുഡന്റ്സ് മാർക്കറ്റിൽ സാധനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) പൊതുവിപണിയേക്കാൾ 15% മുതൽ 20% വരെ വിലക്കുറവിലാണ് പഠന സാമഗ്രികൾ വിൽക്കുന്നത്.

(സി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ്സ് മാർക്കറ്റ് എങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടേയോ, സ്കൂളുകളുടെയോ നേതൃത്വത്തിൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## കേപ്പ് എഞ്ചിനീയറിംഗ് കോളേജുകളിലെ തസ്തികകളിൽ ഒഴിവ്

173 (4632) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേപ്പ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഓരോ ഡിപ്പാർട്ട്മെന്റിലും ട്രേഡ്സ്മാൻ,ട്രേഡ്സ്മാൻ ഇൻസ്ട്രക്ടർ തസ്തികകളിലായി എത്ര വീതം ജീവനക്കാർ സ്ഥിരം/കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ ട്രേഡ്സ്മാൻ, ട്രേഡ്സ് ഇൻസ്ട്രക്ടർ, അസിസ്റ്റന്റ് ഗ്രേഡ് II, ലൈബ്രേറിയൻ എന്നീ തസ്തികകളിൽ എത്ര വേക്കൻസികൾ നിലവിലുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ട്രേഡസ്മാൻ തസ്തികയിൽ 64-ഉം ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിൽ 33-ഉം സ്ഥിരം ജീവനക്കാരുണ്ട്. ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക നിലവിലില്ല.

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം ഒരാൾ മാത്രം കരാർ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിൽ ജോലി ചെയ്തുവരുന്നു. ദിവസ വേതനക്കാരില്ല.

(ബി) ട്രേഡ്സ്മാൻ-84 ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക നിലവിലില്ല.
ട്രേഡ്സ്മാൻ II- 15

അസിസ്റ്റന്റ് ഗ്രേഡ് II- 17

(ഇതിൽ 12 പേർ റെഗുലറൈസ്ഡ് എന്ന നിലയിൽ തുടരുന്നുണ്ട്).

ലൈബ്രേറിയൻ - 9

## വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

174 (4633) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്നവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ചുവടെപ്പറയുന്ന 6 പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ടി. സംഘങ്ങളെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(1) പള്ളിപ്പുറം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.685

(2) കുഴിപ്പള്ളി പട്ടികജാതി/പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.62

(3) നായരമ്പലം പട്ടികജാതി/പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.337

(4) ഞാറയ്ക്കൽ പട്ടികജാതി/പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.739

(5) എളങ്കുന്നപ്പുഴ പട്ടികജാതി/പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.295

(6) എടവനക്കാട് പട്ടികജാതി/പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ.61

**വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ**

175 (4634) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(ബി) നിത്യോപയോഗസാധനങ്ങൾ വിപണിയേക്കാൾ എത്ര ശതമാനം വിലകുറച്ചാണ് ത്രിവേണി, നന്മ സ്റ്റോറുകളിൽ വിൽക്കുന്നത് ;

(സി) 2016-17 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി എത്ര കോടി രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സബ്സിഡി ഇനത്തിൽ വകുപ്പിന് ടി വർഷം സർക്കാർ എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിലക്കയറ്റം തടയുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്.

പുതിയ അദ്ധ്യയന വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് 250 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലത്തിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ്സ് മാർക്കറ്റ് എങ്കിലും പ്രാഥമിക സഹകരണസംഘങ്ങളുടെയോ സ്കൂളുകളുടെയോ നേതൃത്വത്തിൽ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞത് 15-20% കുറഞ്ഞ വിലയ്ക്ക് സ്റ്റുഡന്റ്സ് മാർക്കറ്റിൽ സാധനങ്ങൾ ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡ് ആരംഭിച്ച നാല് ഇ-ത്രിവേണികൾക്ക് പുറമേ 24 എണ്ണംകൂടി പുതുതായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓൺലൈൻ ട്രേഡിംഗിന് ആവശ്യമായ നടപടികൾ ആരംഭിച്ചുവരുന്നു. ഷോപ്പുകളിൽ വന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും, അവ വീട്ടിൽ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പ്രാഥമിക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിന്റെ മുൻകയ്യോടെ 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പന വില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്തുവരുന്നു.

(ബി) നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ ശരാശരി 5 മുതൽ 10 ശതമാനം വരെ വിലകുറച്ചാണ് ത്രിവേണികളിൽ വിൽക്കുന്നത്.

(സി) 2016-2017 വർഷം പ്രസ്തുത സ്ഥാപനങ്ങൾ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി 13.55 കോടി രൂപ ചെലവഴിച്ചു.

(ഡി) സബ്സിഡി ഇനത്തിൽ 2016-2017 സാമ്പത്തികവർഷം 53 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**നെല്ലിക്കുഴി പഞ്ചായത്തിൽ തൃക്കാരിയൂരിൽ നീതി മെഡിക്കൽ സ്റ്റോർ**

176 (4635) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ നെല്ലിക്കുഴി പഞ്ചായത്തിൽ തൃക്കാരിയൂരിൽ ഒരു നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് സി.എസ്1/33236/12 പ്രകാരം 27-2-2013-ൽ ഉത്തരവ് ലഭിച്ചിരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ വെള്ളപ്പൊക്കംമൂലം ബാങ്കിന്റെ കെട്ടിടം ശോചനീയ അവസ്ഥയിലാവുകയും ഇതുമൂലം നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിടത്തിന്റെ മെയിന്റനൻസ് പൂർത്തിയാക്കിയതിനെ തുടർന്ന് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുവേണ്ടി 10-8-2016-ൽ ബാങ്ക് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്പോൾ ഈ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) നീതി മെഡിക്കൽ സ്റ്റോർ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല; സ്വീകരിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച് നിലവിൽ കരട് ഉത്തരവായിട്ടുള്ളതാണ്.

(ഇ) എന്നത്തേയ്ക്ക് നീതി മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമായ തീയതി അറിയിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

**അംഗസമാശ്വാസഫണ്ട് വിനിയോഗത്തിന് ചട്ടം നിർമ്മിക്കാൻ നടപടി**

177 (4636) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 53 A പ്രകാരം രൂപീകരിച്ചിട്ടുള്ളതും സഹകരണ സംഘങ്ങളുടെ അറ്റലാഭത്തിൽനിന്ന് മാറ്റിവയ്ക്കപ്പെടുന്നതുമായ അംഗസമാശ്വാസ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) ചട്ടം പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിൽ ചട്ടം നിർമ്മിക്കുമ്പോൾ സഹകരണ സംഘത്തിൽനിന്നും വായ്പ എടുത്ത് ഗുരുതരമായ അസുഖം ബാധിച്ച രോഗികളുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് അംഗസമാശ്വാസഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടം നിർമ്മിക്കുമോ?

ഉത്തരം

(എ) ചട്ടം 53 (എ) പ്രകാരം അംഗസമാശ്വാസ ഫണ്ടിന്റെ നിയന്ത്രണം കൈകാര്യം എന്നിവ ബഹു. സഹകരണ വകുപ്പുമന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരടങ്ങുന്ന കമ്മിറ്റിക്കാണ്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

(ബി) ചട്ടം 53(എ) പ്രകാരം രൂപീകരിച്ചിട്ടുള്ള അംഗ സമാശ്വാസ ഫണ്ട് സംഘങ്ങളിലെ അംഗങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംഘത്തിൽനിന്നും വായ്പ എടുത്ത് ഗുരുതരമായ അസുഖം ബാധിച്ച രോഗികളുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് അംഗസമാശ്വാസഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കൺസ്യൂമർ ഫെഡിന്റെ വിദേശ മദ്യ വിൽപ്പന ശാലകൾ**

178 (4637) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 മാർച്ച് 31 വരെ സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ എത്ര വിദേശ മദ്യ വിൽപ്പന ശാലകൾ പ്രവർത്തിച്ചിരുന്നു;

(ബി) ഇവ എവിടെയൊക്കെയാണെന്ന് കെട്ടിട ഉടമയുടെ പേര് വിവരം, വിസ്തീർണ്ണം, വാടക എന്നിവ വ്യക്തമാക്കുമോ;

(സി) ഇവയിൽ ദേശീയ-സംസ്ഥാന പാതയോരത്ത് പ്രവർത്തിച്ചിരുന്ന വിദേശ മദ്യ വിൽപ്പന ശാലകൾ ഏതൊക്കെ; ഓരോന്നിന്റെയും കെട്ടിട ഉടമസ്ഥന്റെ പേര്, വിസ്തീർണ്ണം, വാടക, അഡ്വാൻസ് എന്നിവ വ്യക്തമാക്കുമോ;

(ഡി) കൺസ്യൂമർ ഫെഡിന്റെ വിദേശ മദ്യ വിൽപ്പന ശാലകളിൽ സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവ് എത്ര ; കടകൾ തിരിച്ച് സ്റ്റോക്ക് വ്യക്തമാക്കുമോ;

(ഇ) അനുവദനീയമായ അളവിനേക്കാൾ കൂടുതൽ മദ്യം സ്റ്റോക്ക് ചെയ്തിരുന്ന തായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് 31 വരെ സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ 36 വിദേശ മദ്യ ഷാപ്പുകളും 3 ബിയർ ഷാപ്പുകളും പ്രവർത്തിച്ചിരുന്നു.

(ബി) വ്യക്തമാക്കാം. വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു.

(സി) വ്യക്തമാക്കാം. വിശദാംശം അനുബന്ധം-2* ആയി ചേർക്കുന്നു.

(ഡി) കൺസ്യൂമർ ഫെഡിന്റെ വിദേശ മദ്യ വിൽപ്പനശാലകളിൽ സൂക്ഷിക്കാവുന്ന മദ്യത്തിന് പരിധി നിശ്ചയിച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശംഖുമുഖത്ത് വിനോദസഞ്ചാരികളും ലൈഫ് ഗാർഡുകളും അനുഭവിക്കുന്ന ദുരിതം**

179 (4638) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ശംഖുമുഖത്ത് വിനോദസഞ്ചാരികളും ലൈഫ് ഗാർഡുകളും മറ്റും അനുഭവിക്കുന്ന ദുരിതത്തിനെക്കുറിച്ച് 5-5-2016-ലെ മംഗളം പത്രത്തിലെ പൊതുവൃത്താന്ത പേജിൽ വന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെന്ന് വിവരിക്കുമോ;

(ബി) ഈ വിഷയത്തിൽ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശംഖുമുഖത്ത് വിനോദസഞ്ചാരികൾക്ക് ആവശ്യമായ കൂടുതൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു. പൊതുവെ ലൈഫ്ഗാർഡുകൾ നേരിടുന്ന പ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്.

**മദ്യ നയംമൂലം വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന കുറവ്**

180 (4639) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുൻ സർക്കാരിന്റെ മദ്യനയവും ദേശീയപാതയുടെ 500 മീറ്ററിൽ മദ്യഷാപ്പുകൾ പാടില്ല എന്ന സുപ്രീംകോടതി വിധിയും കേരളത്തിലെ വിനോദ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഞ്ചാര മേഖലയെ ഏത് രീതിയിലാണ് ബാധിച്ചത്;ഈ നയങ്ങൾ കാരണം വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനെ കുറിച്ച് ശാസ്ത്രീയമായ പഠനം എന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

മുൻ സർക്കാരിന്റെ മദ്യനയവും ദേശീയ പാതയുടെ 500 മീറ്ററിൽ മദ്യഷാപ്പുകൾ പാടില്ല എന്ന സുപ്രീംകോടതി വിധിയും കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ ഏത് രീതിയിലാണ് ബാധിച്ചത് എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ 2016-ൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരി കളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് “Trade Research Survey 2016” എന്ന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണി ക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ, കല്യാണങ്ങൾ എന്നിവയിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി.

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി**

181 (4640) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന്റെ തോത് കുറഞ്ഞുവരുന്നതിന്റെ കാരണങ്ങൾ അവലോകനം ചെയ്തിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വിദേശ വിനോദസഞ്ചാരികളെ, വിശേഷിച്ച് അറബ് രാജ്യങ്ങളിൽ നിന്നുള്ളവരെ കൂടുതലായി ആകർഷിക്കാനായി നടത്തിയിട്ടുള്ള പ്രചാരണ പ്രവർത്ത നങ്ങൾ അറിയിക്കാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനും സുരക്ഷിതത്വത്തിനു മായി കിഫ്ബിവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് "Trade Research Survey 2016" എന്ന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയിലുണ്ടായ ഇടിവാണ്.

(ബി) അറബ് രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

- അറേബ്യൻ ട്രാവൽ മാർക്കറ്റ് ട്രേഡ് ഫെയറിൽ കേരള ടൂറിസത്തിന്റെ സജീവ സാന്നിധ്യം.
- കേരള ടൂറിസത്തിന്റെ പ്രചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ അറബ് രാജ്യങ്ങളിൽ റോഡ് ഷോ നടത്തുകയുണ്ടായി. ഇതിനുപുറമേ വിവിധ അറബ് പത്രങ്ങളിലും മാസികകളിലും പരസ്യം നൽകിയിട്ടുണ്ട്. ദുബായ് പോലുള്ള സ്ഥലങ്ങളിൽ കേരള ടൂറിസം ടാക്സി ബ്രാൻഡിംഗ് നടത്തിയിട്ടുണ്ട്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന 8 പദ്ധതികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകി കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

1. കോഴിക്കോട് SIHM കാമ്പസിൽ ത്രീ സ്റ്റാർ ഹോട്ടൽ കോംപ്ലക്സ് നിർമ്മാണം.
2. മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബിച്ച് റിസോർട്ട് നിർമ്മാണം.
3. ആലപ്പുഴ ജില്ലയിലെ ചെത്തി ബീച്ച് നിർമ്മാണം.
4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം.
5. കാഞ്ഞിരപ്പുഴ ഡാം വികസനം
6. തെന്മല ഡാം വികസനം

7. നെയ്യാർ ഡാം വികസനം

8. മുഴപ്പിലങ്ങാട്-ധർമ്മടം-ധർമ്മടം ഐലന്റ് ബന്ധപ്പെടുത്തി റോപ്പ് വേയുടെ നിർമ്മാണം.

നിലവിൽ കിഫ്ബിയിലേയ്ക്ക് ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുള്ള 8 പദ്ധതികളിൽ 6 പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായിട്ടാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ നിയമിച്ചിട്ടുള്ളത്.

**അതിഥി മന്ദിരങ്ങൾ**

182 (4641) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് കേരളത്തിന്റെ അതിഥി മന്ദിരങ്ങൾ ഉള്ളത് ; എവിടെയെല്ലാം;

(ബി) അതിഥി മന്ദിരങ്ങൾ ഇല്ലാത്ത സംസ്ഥാന തലസ്ഥാനങ്ങളിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽ പല വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഇപ്പോഴും ടൂറിസം വകുപ്പിന്റെ അതിഥി മന്ദിരങ്ങൾ ഇല്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ന്യൂഡൽഹി, മഹാരാഷ്ട്രയിലെ നവി മുംബൈ, തമിഴ്നാട്ടിലെ കന്യാകുമാരി എന്നിവിടങ്ങളിൽ ഓരോ കേരള ഹൗസുകൾ വീതം പ്രവർത്തിക്കുന്നു. ഇതുകൂടാതെ ചെന്നൈയിൽ കെ.റ്റി.ഡി.സി.-യുടെ കീഴിൽ ഗസ്റ്റ് ഹൗസ്/ ഹോട്ടൽ വിഭാഗത്തിൽ പ്രവർത്തിക്കുന്ന റെയിൻഡ്രോപ്പ്-ൽ 10 മുറികൾ അതിഥികൾക്ക് റിസർവേഷൻ മുഖേന നൽകുന്നുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) സർക്കാർ ഗസ്റ്റ് ഹൗസുകൾ ടൂറിസ്റ്റുകളെ ലക്ഷ്യമാക്കി സ്ഥാപിച്ചിട്ടുള്ളതല്ല. സർക്കാർ അതിഥികളെ സ്വീകരിക്കുന്നതിനായാണ് അവ സ്ഥാപിക്കുന്നത്. എന്നാൽ കെ.റ്റി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ സാധ്യതയുള്ള ടൂറിസം കേന്ദ്രങ്ങളിൽ റിസോർട്ടുകളും ഹോട്ടലുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കും. കൂടാതെ സ്വകാര്യ സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതാണ്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

183 (4642) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ്‌ലെറ്റുകൾ, കോഫി ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളെയും സർക്കാർ വകുപ്പുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി നിർവ്വഹിക്കുന്നത്.

(സി) പ്രധാന പാതകൾക്കരികിൽ വകുപ്പുകളോ തദ്ദേശ സ്ഥാപനങ്ങളോ, പൊതുമേഖലാ സ്ഥാപനങ്ങളോ ലഭ്യമാക്കുന്ന അനുയോജ്യമായ സ്ഥലങ്ങളിലാണ് വിനോദസഞ്ചാര വകുപ്പ് "ടേക്ക് എ ബ്രേക്ക് " സ്ഥാപിക്കുന്നത്. ഇതിനാവശ്യമായ നിർമ്മാണ ചെലവ് വിനോദസഞ്ചാര വകുപ്പ് വഹിക്കുന്നു.

**സാഹസിക വിനോദസഞ്ചാരം**

184 (4643) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനുള്ള മാസ്റ്റർ പ്ലാൻ സംസ്ഥാനത്ത് ഇതിനകം തയ്യാറായിട്ടുണ്ടോ;

(ബി) എങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള ചുമതല ഏത് ഏജൻസി യെയാണ് ഏൽപിച്ചിട്ടുള്ളത്;

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എത്ര ലക്ഷം രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ബീച്ചുകൾ കേന്ദ്രീകരിച്ചാണ് സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പഠനവിധേയമാക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കാപ്പിൽ, വാഗമൺ, മുഴപ്പിലങ്ങാട് എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി യിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(ഡി) ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ നിലവിൽ പഠനവിധേയമാക്കുന്നില്ല.

**അടൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

185 (4644) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ഡി.റ്റി.പി.സി. മുഖാന്തരം അടൂർ മണ്ഡലത്തിന്റെ പരിധി യിൽപ്പെട്ട ഏതെല്ലാം ടൂറിസം പദ്ധതികൾ ഭരണാനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടു ണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായകമായ ഭരണാനുമതി ലഭ്യമാക്കുമോ?

ഉത്തരം

(എ) ചിറമുടി പോണ്ട് വികസനം, നെടുംകുന്ന് മല ടൂറിസം പദ്ധതി എന്നീ പദ്ധതികൾ ഡി.റ്റി.പി.സി. മുഖേന ഭരണാനുമതിക്കായി ലഭ്യമായിട്ടുണ്ട്.

(ബി&സി) പദ്ധതികൾ വിശദമായി പരിശോധിച്ചുവരുന്നു.

## കറൻസി നിരോധനവും ടൂറിസം മേഖലയിലെ പ്രത്യാഘാതങ്ങളും

186 (4645) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറൻസി നിരോധന നടപടികൾ സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിലയിരുത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) മുൻ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലും സ്വദേശി ടൂറിസ്റ്റുകളുടെ എണ്ണത്തിലും ഉണ്ടായ വ്യത്യാസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇക്കാലയളവിൽ ടൂറിസം മേഖലയിൽനിന്നും ലഭിച്ച വരുമാനത്തിന്റെ ഏറ്റക്കുറവുകൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചു എന്ന് മനസ്സിലാക്കുന്നതിലേക്കായി ഒരു "ക്വിക് സർവ്വേ" 2016 ഡിസംബർ 1-ന് വകുപ്പ് തലത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയിൽ ഹോട്ടൽ, ഹൗസ് ബോട്ട്, ടൂർ ഓപ്പറേറ്റർ എന്നിവർ ഉൾപ്പെട്ട സാമ്പിളുകളിൽ നിന്നും വിവരശേഖരണം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

- വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 15 മുതൽ 20 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് വിലയിരുത്തപ്പെടുന്നു.
- ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 20 മുതൽ 40 ശതമാനം വരെ കുറവ് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.
- മുൻകൂർ ബുക്കിംഗിനെ ഇത് ബാധിച്ചിട്ടുണ്ട്. ഇതിലുണ്ടായ കുറവ് 25 മുതൽ 30 ശതമാനം വരെയാണ്.
- നവംബർ മാസത്തിൽ ആകെ 30% ഹൗസ് ബോട്ടുകൾ മാത്രമാണ് പ്രവർത്തിച്ചത്.
- ഹോട്ടലുകളിലെ ഫുഡ് & ബിവറേജസിന്റെ വിൽപ്പനയിൽ 20 മുതൽ 25 ശതമാനം വരെ കുറവുണ്ടായി.

- നോട്ട് അസാധുവാക്കൽ മീറ്റിംഗുകൾ, കോൺഫറൻസുകൾ, സാഹസിക ടൂറിസം എന്നിവയെ കാര്യമായി ബാധിച്ചു.
- വിനോദസഞ്ചാരികളുടെ ഉപഭോഗത്തിനും മറ്റാവശ്യങ്ങൾക്കും ചെലവഴിക്കുന്ന പണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടതു കൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാധാരണക്കാരെ ഇത് കാര്യമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2015 കലണ്ടർ വർഷത്തെ അപേക്ഷിച്ച് 2016-ൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തെ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ തരംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | ആഭ്യന്തര വിനോദ സഞ്ചാരികൾ | ആകെ | വളർച്ചാ നിരക്ക് |
|---|---|---|---|---|
| 2015 | 9,77,479 | 1,24,65,571 | 13443050 | 6.53% |
| 2016 | 10,38,419 | 1,31,72,535 | 1,42,10,954 | 5.71% |

(സി) 2015-ൽ ആകെ ടൂറിസം വരുമാനം 26,689.63 കോടി രൂപ ആയിരുന്നത് 2016 -ൽ 29,658.56 കോടി രൂപ ആയി വർദ്ധിച്ചിട്ടുണ്ട് (11.12% വർദ്ധനവ്).

**അഗസ്ത്യ റിസോർട്ടിനോടനുബന്ധിച്ചുള്ള കെ.റ്റി.ഡി.സി.-യുടെ സ്ഥലം**

187 (4646) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിലെ അഗസ്ത്യ റിസോർട്ടിനോടനുബന്ധിച്ചുള്ള കെ.റ്റി. ഡി.സി.-യുടെ സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുണ്ടോ ;

(ബി) എന്നാണ് പ്രസ്തുത ഭൂമിയിലെ കയ്യേറ്റം കണ്ടെത്തിയതെന്നും, അത് ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടാണെന്നും അറിയിക്കുമോ ;

(സി) ഭൂമി കയ്യേറിയവർക്കെതിരെ കേസ്സെടുത്ത് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി&സി) അഗസ്ത്യ റിസോർട്ടിനോടനുബന്ധിച്ചുള്ള കെ.റ്റി.ഡി.സി.-യുടെ സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറിയതായി 1993-ൽ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കെ.റ്റി.ഡി.സി. ബന്ധപ്പെട്ട അധികാരികളെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ ഫലമായി പ്രസ്തുത സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിക്കുകയും 18-4-2017-ന് സംരക്ഷിത വേലി കെട്ടുകയും ചെയ്തിട്ടുണ്ട്.

**കായംകുളം കായലോര ടൂറിസം**

188 (4647) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി, കായംകുളത്ത് കായലോര ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി, കായംകുളം കായലോര ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ടൂറിസ്റ്റ് അറൈവൽ സെന്റർ
2. ടൂറിസ്റ്റ് ഇന്റർപ്രിട്ടേഷൻ സെന്റർ
3. ബോർഡ് വാക്ക് &വ്യൂ പോയിന്റ്
4. പെർമനന്റ് ഹൗസ് ബോട്ട് ജെട്ടി
5. ഇംപ്രൂവിങ്ങ് നാവിഗബിലിറ്റി
6. ലാന്റ് സ്കേപ്പിംഗ്
7. ഇലക്ട്രിഫിക്കേഷൻ & യാർഡ് ലൈറ്റിംഗ്

ഈ പ്രവൃത്തികളിൽ ഇംപ്രൂവിങ്ങ് നാവിഗബിലിറ്റി എന്ന പ്രവൃത്തി ഒഴികെ മറ്റ് പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

## നാദാപുരം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

189 (4648) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തികരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) മാഹി മുതൽ തിരുത്തി വഴി കച്ചേരി, പെരിങ്ങത്തൂർ വരെ ജലഗതാഗതം ആരംഭിക്കുന്ന കാര്യം പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്ത മാക്കുമോ ?

ഉത്തരം

(എ&ബി) ടൂറിസം പദ്ധതികൾ ഒന്നും നിലവിലില്ല. എന്നാൽ വാണിമേൽ ടൂറിസം സർക്യൂട്ട് പ്രോജക്ടിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

## മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയ ടൂറിസം പദ്ധതികൾ

190 (4649) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ടൂറിസം മേഖലയിൽ ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കുമോ ;

(ബി) ശാന്തിതീരം റിവർസൈഡ് വാക്ക് വേ, കോട്ടക്കുന്ന് ടൂറിസം പദ്ധതി എന്നിവയ്ക്ക് എന്തു തുക അനുവദിച്ചു ; ഈ തുക പരിപൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) മിനി ഊട്ടിയിൽ ഒരു ടൂറിസം പദ്ധതി വികസിപ്പിക്കുവാൻ ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വകുപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) ശാന്തിതീരം റിവർസൈഡ് വാക്ക് വേ പദ്ധതിക്ക് രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 1,09,63,200 രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

കോട്ടക്കുന്ന് ടൂറിസം പാർക്കിൽ ടൂറിസം പദ്ധതികൾക്കായി 4,73,83,410 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3,73,83,410 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

(സി) മിനി ഊട്ടിയിൽ ടൂറിസം പദ്ധതികൾക്കായി നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല.

**ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിനോദസഞ്ചാര വികസന സാധ്യതകൾ**

191 (4650) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വിനോദ സഞ്ചാര വികസന സാധ്യതകൾ കണക്കിലെടുത്ത്, ഇതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ, സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്ത മാക്കാമോ?

ഉത്തരം

(എ&ബി) പരിശോധിക്കാവുന്നതാണ്.

## താമരശ്ശേരി ചുരം റോപ്പ് വേ

192 (4651) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ച് താമരശ്ശേരി ചുരത്തിലൂടെ ടൂറിസം വികസനത്തിന്റെ ഭാഗമായി റോപ്പ് വേ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ ടൂറിസം പദ്ധതികൾ

193 (4652) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ടൂറിസം മേഖലയിൽ ഈ സർക്കാർ അംഗീകാരം നൽകിയ പദ്ധതികളുടെ (കിഫ്ബി ഉൾപ്പെടെ) ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) നേരത്തെ വിജയകരമായി നടത്തിയ കാപ്പാട് കൈറ്റ് ഫെസ്റ്റിവൽ പരിഗണിക്കാതിരിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) മറ്റ് പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

ഉത്തരം

(എ) പകർപ്പുകൾ അനുബന്ധം 1,2* ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) ഡി.റ്റി.പി.സി.-യിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ പരിശോധിക്കാവുന്നതാണ്.

(സി) പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മദ്യവില്പന നിയന്ത്രണങ്ങൾമൂലം ടൂറിസം മേഖലയിൽ പ്രതിസന്ധി**

194 (4653) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള മദ്യവില്പന നിയന്ത്രണങ്ങൾ ടൂറിസം മേഖലയെ പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് നിലവിലുള്ള മദ്യവില്പന നിയന്ത്രണങ്ങൾ ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടൂറിസം വകുപ്പ് നടത്തിയ "Trade Research Survey 2016" എന്ന പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി

ദേശീയ /സംസ്ഥാന ഹൈവേകൾക്കിരുവശവും നിശ്ചിത ദൂരപരിധിക്കുള്ളിൽ (500 മീറ്റർ) മദ്യശാലകൾ പ്രവർത്തിക്കാൻ പാടില്ലെന്ന ബഹു. സുപ്രീംകോടതി ഉത്തരവുമൂലം ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നഷ്ടവും വരുമാന നഷ്ടവും സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെ.ടി.ഡി.സി.-യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന 22 ബിയർ പാർലറുകളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വന്നതിനെ തുടർന്ന് നടപ്പുസാമ്പത്തിക വർഷം വിറ്റുവരവിൽ ഏകദേശം 48 കോടി രൂപയോളം കുറവും, തൊഴിലാളികളെ പുനർവിന്യസിക്കേണ്ടി വരുന്നതുമൂലം ഏകദേശം 4.08 കോടിരൂപയുടെ അധിക ബാധ്യതയും കെ.ടി.ഡി.സി.-ക്ക് ഉണ്ടാകുമെന്ന് കരുതുന്നു.

**പൂയംകുട്ടി, പീണ്ടിമേട് പ്രദേശങ്ങളിൽ വിനോദസഞ്ചാരികൾക്ക് പ്രവേശനം**

195 (4654) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ പൂയംകുട്ടി, പീണ്ടിമേട് പ്രദേശങ്ങളിലേക്കുള്ള വിനോദസഞ്ചാരികളുടെ പ്രവേശനം വനം വകുപ്പ് തടഞ്ഞിരിക്കുന്നതിനാൽ, ടൂറിസ്റ്റുകൾക്ക് പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ആവശ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി, വിനോദസഞ്ചാരികൾക്ക് പ്രവേശനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശങ്ങൾ വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഇവിടെ എത്തുന്നവർക്ക് വേണ്ട സുരക്ഷാ സംവിധാനം ഒരുക്കേണ്ടതും, സന്ദർശനാനുമതി നൽകേണ്ടതും വനംവകുപ്പിന്റെ അധികാരപരിധിയിൽപ്പെട്ട സംഗതി ആയതിനാൽ പ്രസ്തുത വകുപ്പുമായി കൂടിയാലോചന നടത്തി നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**നമ്പിക്കുളം ടൂറിസം പദ്ധതി**

196 (4655) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി മണ്ഡലത്തിലെ നമ്പിക്കുളം ടൂറിസം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

പദ്ധതിക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**കേരളത്തിന്റെ ടൂറിസം സാധ്യത**

197 (4656) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് ശ്രീലങ്കക്കുണ്ടായ കുതിപ്പ് സംസ്ഥാന ടൂറിസം മേഖലയെ ബാധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(ബി) കുമരകത്ത് എത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2016-ൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ദുബായിൽ നടത്തിയ അറേബ്യൻ ട്രാവൽ മാർട്ടിൽ കേരളത്തിന്റെ ടൂറിസം സാധ്യത സംബന്ധിച്ച് വിദേശികൾക്ക് അറിവ് നൽകുന്നതിന് പ്രവർത്തനങ്ങൾ നടത്തിയിരുന്നോ; എങ്കിൽ അതിൽ നിന്നുണ്ടായ നേട്ടം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ അയൽദേശ ടൂറിസം കേന്ദ്രങ്ങളിൽ നിന്നുള്ള കടുത്ത മത്സരം കേരളത്തിലെ ടൂറിസത്തെ ബാധിക്കുമെന്ന് വിലയിരുത്തുന്നു.

(ബി) 2016-ൽ കുമരകത്ത് വന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 39274 ആണ്. 2015-ൽ ഇത് 43363 ആയിരുന്നു. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 9.42% കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കുറവിന്റെ കാരണങ്ങളെക്കുറിച്ചുള്ള പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) ദുബായിൽ നടത്തിയ അറേബ്യൻ ട്രാവൽ മാർട്ടിൽ കേരളത്തിന്റെ ടൂറിസം സാധ്യത സംബന്ധിച്ച് വിദേശികൾക്ക് അറിവ് നൽകുന്നതിനുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിന്റെ ഫലമായി കേരളത്തിലെത്തുന്ന മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2015-നെ അപേക്ഷിച്ച് 2016 വർഷത്തിൽ 86.09 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിൽ അഡ്വഞ്ചർ സെന്ററുകൾ**

198 (4657) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ഡാമിലെ ലഭ്യമായ സാധ്യതകൾ ഉപയോഗിച്ച് ഈ സ്ഥലത്തെ അഡ്വഞ്ചർ ടൂറിസം സെന്ററായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പുതുതായി അഡ്വഞ്ചർ ടൂറിസം സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിൽ അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമായ കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) പരിശോധിക്കാവുന്നതാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ പുതുതായി അഡ്വഞ്ചർ ടൂറിസം സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ഇല്ല.

**വെള്ളിയാങ്കല്ല് ടൂറിസം വികസനം**

199 (4658) ശ്രീ. വി. ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രമായ തൃത്താല വെള്ളിയാങ്കല്ലിന്റെ തുടർ വികസനത്തിനായി ഒരു സമഗ്ര കർമ്മപദ്ധതി നടപ്പാക്കുമോ;

(ബി) ഇതിനാവശ്യമായ തുക ടൂറിസം വകുപ്പ് അനുവദിക്കുമോ;

(സി) വെള്ളിയാങ്കല്ല് ജലസംഭരണിയോട് ചേർന്ന് ജലസേചന വകുപ്പിന്റെ കീഴിലുള്ള സ്ഥലം ടൂറിസം വികസനത്തിനായി പെർമ്മിസീവ് സാങ്ഷൻ ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വെള്ളിയാങ്കല്ല് അടക്കം പറയിപെറ്റ പന്തിരുകുലം എന്ന ഐതിഹ്യവുമായി ബന്ധപ്പെട്ട തൃത്താല, പട്ടാമ്പി മണ്ഡലങ്ങളിലെ സ്ഥലങ്ങളും ഭാരതപ്പുഴയും ചേർത്ത് ഒരു സാംസ്കാരിക ടൂറിസം നെറ്റ്വർക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) പരിശോധിക്കാവുന്നതാണ്.

**ശബരിമല നട തുറന്നതുമായി ബന്ധപ്പെട്ട വാർത്ത**

200 (4659) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്ത് ഉത്സവപൂജകൾക്കായി നേരത്തെ നിശ്ചയിച്ച് തീരുമാനിച്ച തീയതിയിലല്ലാത്ത ദിവസങ്ങളിൽ ഇത്തവണ നട തുറന്നതുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാർത്ത സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. ദേവസ്വം ബോർഡ് വിജിലൻസ് ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചത് പ്രകാരം ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശബരിമല ക്ഷേത്രത്തിന് പുതിയ പേര്**

201 (4660) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിന് പുതിയ പേര് ഇട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പേര് മാറ്റിയത് ഏത് മാനദണ്ഡത്തിന്റെയും ഉത്തരവിന്റെയും വെളിച്ചത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ അന്വേഷണം നേരിടുന്ന ദേവസ്വം സെക്രട്ടറിയെ ദേവസ്വം കമ്മീഷണർ ആക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1950-ലെ തിരു-കൊച്ചി ഗവൺമെന്റ് പാസ്സാക്കിയ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 58 പ്രകാരമാണ് പേര് മാറ്റിയതെന്ന് ദേവസ്വം ബോർഡ് റിപ്പോർട്ട് ചെയ്തെങ്കിലും ഒരു ക്ഷേത്രത്തിന്റെ പേര് മാറ്റുന്നതിന് ബോർഡിന് അധികാരം ഇല്ലാത്തതിനാൽ ആയത് സർക്കാർ റദ്ദ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1-4-1994 മുതൽ സർക്കാർ നൽകുന്ന പാനലിൽനിന്നും ബഹു. ഹൈക്കോടതി നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് ദേവസ്വം കമ്മീഷണറെ നിയമിക്കുന്നത്. ഇതുപ്രകാരം സർക്കാർ നൽകിയ പാനൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതിൽ നിലവിലെ ദേവസ്വം സെക്രട്ടറിയുടെ പേര് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അന്വേഷണം നേരിടുന്ന സെക്രട്ടറിയെ കമ്മീഷണറാക്കി ബോർഡ് ഉത്തരവിറക്കിയിട്ടുണ്ട്. ഇതിലെ അപാകത ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**ശബരിമല തീർത്ഥാടകർക്കായി ചിറങ്ങരയിൽ ഇടത്താവളം**

202 (4661) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങരയിൽ, കൊച്ചിൻ ദേവസ്വം ബോർഡ് വക സ്ഥലത്ത് ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) ഇടത്താവളം നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സൈറ്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു.

**മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾക്ക് ആശ്വാസ ധനസഹായ പദ്ധതി**

203 (4662) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വടക്കൻ ഭാഗത്തെ ക്ഷേത്രങ്ങൾക്ക് ആശ്വാസ ധനസഹായ പദ്ധതിയുടെ ഭാഗമായി നല്കിവരുന്ന സഹായത്തുകയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വർദ്ധനവില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എത്ര അപേക്ഷകളാണ് ഈ ധനസഹായം ലഭിക്കുന്നതിനായി കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ധനസഹായം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വടക്കൻ ഭാഗത്തെ ക്ഷേത്രങ്ങൾക്ക് ആശ്വാസ ധനസഹായ പദ്ധതി നിലവിലില്ല. ഉത്തര മലബാറിലെ ആചാരസ്ഥാനികർക്കും കോലധികാരികൾക്കും നൽകിവരുന്ന പ്രതിമാസ ധനസഹായ പദ്ധതിയാണ് നിലവിലുള്ളത്.

(ബി) പ്രതിമാസ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) പുതുതായി അപേക്ഷ ക്ഷണിച്ചുകൊണ്ട് 26-2-2016-ന് മലബാർ ദേവസ്വം ബോർഡ് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ആചാരസ്ഥാനികർ 1524, കോലധികാരികൾ -142 കൂടി ആകെ 1666 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം മലബാർ ദേവസ്വം ബോർഡിന്റെ സജീവ പരിഗണന യിലാണ്.

## മലബാർ ദേവസ്വത്തിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

204 (4663) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വത്തിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച കെ.ജയകുമാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ സർക്കാരിന് എത്രത്തോളം അധിക സാമ്പത്തിക ബാധ്യത വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) മലബാർ ദേവസ്വത്തിന്റെ വക ക്ഷേത്രങ്ങളിലെ വരുമാനം കണക്കാക്കുവാൻ ഒരു ഏകീകൃത കണക്കെടുപ്പ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ ദേവസ്വത്തിനുകീഴിലുള്ള ക്ഷേത്ര ജീവനക്കാരെ സംബന്ധിച്ച് പഠനം നടത്തിയതിനുശേഷം അധികമുള്ള ജീവനക്കാരെ പുനർവിന്യസിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രീ. കെ. ജയകുമാർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുമ്പോൾ ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധനസഹായം നൽകുന്നതിന് മാത്രമായി സർക്കാരിന് 57,51,60,114 (അമ്പത്തിയേഴ് കോടി അൻപത്തിയൊന്ന് ലക്ഷത്തി അറുപതിനായിരത്തി ഒരുനൂറ്റി പതിനാല്) രൂപയുടെയും ഡി.എ. ഇൻക്രിമെന്റ് കുടിശ്ശിക തുടങ്ങിയ വകയിൽ മേൽപ്പറഞ്ഞ തുകയുടെ അധിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നു.

(ബി) ഏകീകൃത കണക്കെടുപ്പ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നിയമ ഭേദഗതി ആവശ്യമാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സുരക്ഷാ പരിശോധനയ്ക്കുള്ള പമ്പയിലെ കെട്ടിട നിർമ്മാണം

205 (4664) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ പരിശോധനയ്ക്കായുള്ള, പമ്പയിലെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഹൈ പവർ കമ്മിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സുരക്ഷാ പരിശോധനയ്ക്കായുള്ള പമ്പയിലെ കെട്ടിട നിർമ്മാണത്തിന് (സെക്യൂരിറ്റി കോംപ്ലക്സ്) എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ സ്വീകരിച്ചു. പമ്പയിൽ നിലവിലുള്ള സ്ഥാനത്ത് തന്നെയാണ് നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ഈ നിർമ്മാണത്തിന് കേന്ദ്രവനസംരക്ഷണ നിയമമനുസരിച്ച് സുപ്രീംകോടതിയുടേയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ആവശ്യമുണ്ടെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഹു. കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹു. ഹൈക്കൊടതി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇതുപ്രകാരം ചീഫ് സെക്രട്ടറി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുകയും ചെയ്തിട്ടുണ്ട്.

## കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള പെരുമല ശിവക്ഷേത്രത്തിന് സമീപം താമസിക്കുന്നവർ

206 (4665) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ചൂണ്ടൽ പഞ്ചായത്തിലെ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പെരുമല ശിവക്ഷേത്രം സ്ഥിതിചെയ്യുന്ന പെരുമല കുന്നിൻചരുവിലായി പട്ടികജാതിക്കാരടക്കം നൂറോളം കുടുംബങ്ങൾ വർഷങ്ങളായി വീട് വച്ച് താമസിച്ച് വരുന്നത് ദേവസ്വത്തിന്റെ വകയായിരുന്ന സ്ഥലത്താണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം കിട്ടിയിട്ടില്ലാത്തതിനാൽ സർക്കാർ സഹായം അടക്കം ആനുകൂല്യങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടുന്നതിനാൽ ഇവർക്ക് പട്ടയം ലഭിക്കുന്നതിന് ദേവസ്വം ബോർഡ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ക്ഷേത്ര ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിരുകൾ അടയാളപ്പെടുത്തുന്ന പ്രവൃത്തി അന്ത്യഘട്ടത്തിലാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷേത്രങ്ങളും കുളങ്ങളും കാവുകളും നവീകരിക്കാൻ പദ്ധതി**

207 (4666) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളും കുളങ്ങളും കാവുകളും നവീകരിക്കാൻ പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ഇതിന് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ച് ബജറ്റിൽ തുക വകയിരുത്തി നടപ്പാക്കിവരുന്നു. പദ്ധതി സംബന്ധിച്ച നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പത്മനാഭസ്വാമി ക്ഷേത്രത്തിന് അനുവദിച്ച ഫണ്ട് വിനിയോഗം**

208 (4667) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭസ്വാമി ക്ഷേത്രത്തിലെ കണക്കെടുപ്പുമായും സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതുമായും ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തുന്നതിന് അക്കൗണ്ടന്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2,86,65,762 (രണ്ട് കോടി എൺപത്തി ആറ് ലക്ഷത്തി അറുപത്തയ്യായിരത്തി എഴുനൂറ്റി അറുപത്തി രണ്ട് രൂപ മാത്രം)

(ബി) ഫണ്ട് വിനിയോഗം സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടും സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടില്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിക്ഷേപം**

209 (4668) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പണം, നിലവിൽ ഏതു ബാങ്കിൽ എത്ര കാലം മുതൽ നിക്ഷേപിച്ച് വരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള തുക ഇതര ബാങ്കുകളിൽ നിക്ഷേപിക്കുന്നുണ്ടോ; പ്രസ്തുത നിക്ഷേപങ്ങൾ ആരംഭിച്ചത് എന്നാണെന്നും ബാങ്കിന്റെ വിശദാംശങ്ങളും നൽകുമോ?

ഉത്തരം

(എ&ബി) ധനലക്ഷ്മി ബാങ്ക് : 1978 മുതൽ

എച്ച്.ഡി.എഫ്.സി. ബാങ്ക് : 27-10-2010 മുതൽ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ : 27-6-2016 മുതൽ

കാനറാ ബാങ്ക് : 2-11-2016 മുതൽ

സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ : 4-7-2016 മുതൽ

**ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി അനുവദിച്ച തുക**

210 (4669) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം അനുവദിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ അനുവദിച്ച തുക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ; വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണത്തിന് നാളിതുവരെ തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം രണ്ട് കോടി രൂപ അനുവദിച്ചു.

(ബി) എറണാകുളം ജില്ലയിൽ മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടില്ല. ചോറ്റാനിക്കര ക്ഷേത്രക്കുളത്തിന് 10 ലക്ഷം രൂപയും ചേരാനെല്ലൂർ മാരാപ്പറമ്പ് ശിവക്ഷേത്രക്കുളത്തിന് 9 ലക്ഷം രൂപയും എറണാകുളം അഴകിയ കാവ് ക്ഷേത്രക്കുളത്തിന് 9,16,153 (ഒൻപത് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) രൂപയും കൊച്ചിൻ ദേവസ്വം ബോർഡ് മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

# II അടിയന്തരപ്രമേയം

## കാവേരി സെൽ നിർത്തലാക്കാനുള്ള തീരുമാനം

മി. സ്പീക്കർ : അതീവ ഗുരുതരമായ വരൾച്ച നേരിടുന്ന സംസ്ഥാനത്തിന് അന്തർ സംസ്ഥാന കരാറിലൂടെ ലഭിക്കേണ്ട നദീജലം നഷ്ടപ്പെടുത്തുകയും കാവേരി നദീജലം സംബന്ധിച്ച് തമിഴ്നാട് നൽകിയിട്ടുള്ള റിവ്യൂ പെറ്റീഷനും 2018-ൽ പുതുക്കേണ്ട പറമ്പിക്കുളം-ആളിയാർ കരാറും മുല്ലപ്പെരിയാർ പ്രശ്നവും നെയ്യാർ ജലപ്രശ്നവും അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയും തർക്കപ്രശ്നങ്ങളായി അവശേഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സുപ്രീംകോടതിയിൽ കേസ് നടത്തുന്നതിന് സാങ്കേതിക സഹായം നൽകുന്ന ഡൽഹിയിലെ കാവേരി സെൽ നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചതിലൂടെ സംസ്ഥാന താൽപ്പര്യം പൂർണ്ണമായും തകരുന്ന നിലയിൽ എത്തിയിരിക്കുന്നതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാവേരി നദീജല തർക്കവും അന്തർ സംസ്ഥാന നദീജല തർക്കങ്ങളും കൈകാര്യം ചെയ്യുന്നതിനായി 1995-ൽ രൂപീകരിച്ച സംവിധാനമാണ് കാവേരി സ്പെഷ്യൽ സെൽ. നിലവിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഒരു ക്ലാർക്ക്, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഡ്രൈവർ എന്നീ തസ്തികകളാണുള്ളത്. ഇതിനുപുറമെ സർക്കാരിന്റെ കീഴിൽ സുപ്രീംകോടതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിയമ വകുപ്പിന്റെ കീഴിൽ ഒരു അഡീഷണൽ ലാ സെക്രട്ടറി, ഒരു ഡെപ്യൂട്ടി സെക്രട്ടറി, ഒരു സെക്ഷൻ ഓഫീസർ, മൂന്ന് അസിസ്റ്റന്റുമാർ, ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളും നിലവിലുണ്ട്. കാവേരി സെൽ കൈകാര്യം ചെയ്യുന്നത് കാവേരി നദീജല തർക്ക ട്രിബ്യൂണലിന്റെ കേസ്സുകളും കേരളം കക്ഷിയായ അന്തർനദീജല തർക്കങ്ങളും സുപ്രീംകോടതി തീർപ്പാക്കിയതും ഇനി തീർപ്പാക്കാനുള്ള കേസ്സുകളുടെ രേഖകൾ സൂക്ഷിക്കുന്നതുമാണ്. ഏറ്റവും പ്രധാനപ്പെട്ട നദീജല തർക്കങ്ങൾ സംബന്ധിച്ച കേസ്സുകൾ ഇവയാണ്. 5-2-2007-ൽ വന്ന കാവേരി ട്രിബ്യൂണലിന്റെ അന്തിമ വിധിക്കെതിരെ ഫയൽ ചെയ്ത സിവിൽ ഹർജി, കേരളം എതിർകക്ഷിയായി തമിഴ്നാട് ഫയൽ ചെയ്ത മെഗാ കാർ പാർക്കിംഗ് കേസ്, തമിഴ്നാട് എതിർകക്ഷിയായി കേരളം ഫയൽ ചെയ്ത പറമ്പിക്കുളം-ആളിയാർ കേസ്, തമിഴ്നാട് ഫയൽ ചെയ്ത

നെയ്യാർ കേസ് എന്നിവയാണ്. ഇതിനുപുറമേ മെഗാ കാർ പാർക്കിംഗ് കേസ് ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഹരിത ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. ഹരിത ട്രിബ്യൂണലിൽ കേരളത്തിലെ ഉദ്യോഗസ്ഥരാണ് കേസ്സുകൾ വരുമ്പോൾ പോകുന്നത്. ഇത്തരത്തിൽ വിവിധ കോടതികളിൽ കേസ്സുകൾ ഉള്ളതിനാൽ കാര്യക്ഷമമായ ഏകോപനവും നിയമ വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഇത് ലക്ഷ്യമാക്കിയാണ് അന്തർ സംസ്ഥാന നദീജല തർക്കങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകാനായി മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. വി. ജെ. കുര്യൻ ചെയർമാനായി സാങ്കേതിക കാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിൽ ഇപ്രകാരം പറയുന്നു. "സുപ്രീംകോടതി ഉൾപ്പെടെയുള്ള വിവിധ കോടതികളിൽ നിലവിലുള്ള അന്തർ സംസ്ഥാന നദീജല തർക്കങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളുടെ സുഗമമായ നടത്തിപ്പിന് വിഘ്നാതമുണ്ടാകാതിരിക്കുവാനായി ന്യൂഡൽഹിയിലെ കേരളാ ഹൗസിലെ ലാ വിഭാഗത്തിലും സെക്രട്ടേറിയറ്റിലെ ജലവിഭവ വകുപ്പിലും പ്രത്യേകം നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു." സർക്കാർ തീരുമാനം സുവ്യക്തമാണ്. അന്തർ നദീജല തർക്കങ്ങളിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കാൻ കൂടുതൽ ഫലപ്രദമായ സംവിധാനങ്ങൾ ഉണ്ടാക്കുകയാണ് ചെയ്തിരിക്കുന്നത്. സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച പരിശോധനയിൽ കേസ്സുകൾക്കാവശ്യ മായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉപദേശവും സേവനവും ആവശ്യമാകുന്ന ഘട്ടത്തിൽ അത് നൽകുന്നതിന് നിയമ വകുപ്പിന്റെ കീഴിൽ പ്രത്യേകമായി പ്രവർത്തിക്കുന്ന ഉയർന്ന ലാ ആഫീസർക്ക് കഴിയും. അതോടൊപ്പം കേസ്സുകൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നേരിട്ട് അഡ്വക്കേറ്റ് ജനറലിൽനിന്ന് ശേഖരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും ലാ സെക്രട്ടറിയുമായി ബന്ധപ്പെടുന്നതിനും കൂടുതൽ സൗകര്യ പ്രദമാകും. ഇക്കാരണത്താലാണ് ഇപ്പോൾ പ്രവർത്തിക്കുന്ന സെല്ലിന്റെ പ്രവർത്തനം അവസാനിപ്പിച്ച് നിയമ വകുപ്പിന്റെ കീഴിലേയ്ക്കുള്ള സംവിധാനമായി സെല്ലിനെ മാറ്റുവാൻ തീരുമാനിച്ചത്. ഈ സംവിധാനംവഴി ഏത് ഘട്ടത്തിലും ഏത് ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്യുന്നതിനും അക്കാര്യത്തിൽ റസിഡന്റ് കമ്മീഷണർ അടക്കമുള്ള ഉദ്യോഗസ്ഥരുടെ ഉപദേശം തേടാൻ കഴിയുമെന്നുള്ളതുകൊണ്ടും അതോടൊപ്പം വിവിധ മന്ത്രാലയങ്ങളിൽ നമ്മുടെ യഥാർത്ഥ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കാൻ കഴിയുന്ന കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതോടൊപ്പം ആവശ്യം വേണ്ട ഘട്ടങ്ങളിൽ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം നിയമ വകുപ്പിന്റെ കീഴിലെ ഈ പുതിയ സംവിധാനത്തിലൂടെ സർക്കാരിനുവേണ്ടി കോടതിയിൽ ഹാജരാകുന്നവർക്ക്

വേണ്ട വിദഗ്ദ്ധ സാങ്കേതിക ഉപദേശം തേടുവാനും കഴിയും. നദീജല തർക്കങ്ങളുടെ വൈകാരിക സ്വഭാവവും പ്രാധാന്യവും കണക്കിലെടുത്ത് നിലവിലുള്ള കേസ്സുകൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും കൃത്യമായി അനുധാവനം ചെയ്യുന്നതിനും ഈ സെല്ലിന്റെ പ്രവർത്തനങ്ങളിലൂടെ കഴിയും. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതനുസരിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിനുള്ള നിരവധി സാഹചര്യങ്ങളാണുള്ളത്. ഇതൊരു ഭരണ-പ്രതിപക്ഷ തർക്കമായി വ്യാഖാനിക്കരുത്. ഇത് കേരള സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യമാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരിക്കുന്ന ആളുകൾ ഒരുമിച്ച് ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതിലെ ചില കേസ്സുകളാണ് ഇതിനകത്ത് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് കേരളത്തിലെ ഭരണകക്ഷിയുടെയോ പ്രതിപക്ഷത്തിന്റെയോ താൽപ്പര്യമായി അതിനെ വ്യാഖ്യാനിച്ച് കേരളത്തിന്റെ താൽപ്പര്യങ്ങൾ ഹനിക്കുന്ന ഒരു സാഹചര്യമുണ്ടാകരുതെന്നാണ് എന്റെ ആദ്യത്തെ അഭ്യർത്ഥന. അങ്ങ് ഇവിടെ പറഞ്ഞതനുസരിച്ച് ഒരു എഞ്ചിനീയറിംഗ് വിംഗും ഒരു ലാ സെക്ഷനുമാണ് കാവേരി സെല്ലുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുകൊണ്ടിരുന്നത്. അതിനകത്തെ ടെക്നിക്കൽ സ്റ്റാഫ് ഉൾപ്പെട്ട എഞ്ചിനീയറിംഗ് വിംഗിനെ ഒഴിവാക്കിയശേഷം ലാ സെക്രട്ടറിയും നിയമ വകുപ്പുമായി ആലോചിക്കുമെന്നാണ് അങ്ങ് പറയുന്നത്. നിയമ വകുപ്പിന് ഇതാലോചിക്കണമെങ്കിലും ഇതിന്റെ സാങ്കേതിക പരിജ്ഞാനം കണ്ടിന്യൂറ്റിയോടുകൂടി കൊടുക്കാൻ കഴിഞ്ഞുവെങ്കിൽ മാത്രമേ ഈ കേസ്സുകൾ വിജയത്തിലെത്തിക്കാൻ കഴിയുകയുള്ളൂ. അതിന് ദീർഘകാലമായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ടെക്നിക്കൽ വിംഗില്ലാതെ സാധ്യമാകില്ലെന്നുള്ളത് നമ്മുടെ മുന്നിലുള്ള നിരവധി വിധികൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഞാൻ ഓർക്കുന്നു, മോഹനചന്ദ്രൻ-തമിഴ്നാടിന്റെ ഇക്കാര്യങ്ങൾക്ക് ടെക്നിക്കലായി സപ്പോർട്ട് കൊടുക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ മരണം വരെ തമിഴ്നാട് നിലനിർത്തിപ്പോന്ന ഒരു വ്യക്തിയാണ്. എം. ജി. രാമചന്ദ്രൻ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലും ഏറ്റവും അവസാനം ശ്രീ. പനീർസെൽവം മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലും വാട്ടർ റിസോഴ്സസിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഈ ടെക്നിക്കൽ വിംഗിനെ തമിഴ്നാട് നിലനിർത്തിയിരുന്നതുകൊണ്ടാണ് തമിഴ്നാടിന് കേസ് ഫലപ്രദമായി കൊണ്ടുപോകാൻ കഴിഞ്ഞതെന്നുള്ള മുൻ അനുഭവം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ കേസ്സുകൾക്കൊപ്പം നാല് പ്രധാനപ്പെട്ട കേസ്സുകൾ സുപ്രീംകോടതിയിലുണ്ട്. കാവേരി നദീജലം സംബന്ധിച്ചുള്ള കേസ്സിന്റെ വിശദാംശത്തിലേയ്ക്ക് വരാം. മുല്ലപ്പെരിയാറിന്റെ മെഗാ കാർ പാർക്കിംഗ് സ്പെയ്സ്

സംബന്ധിച്ച കേസ്സുണ്ട്. അതോടൊപ്പം മുല്ലപ്പെരിയാറിന്റെ എക്സിക്യൂഷൻ പെറ്റീഷൻ അവർ സുപ്രീംകോടതിയിൽ കൊടുത്തിരിക്കുകയാണ്. ജൂലൈയിൽ കോടതി റീ-ഓപ്പൺ ചെയ്യുന്നതോടുകൂടി ഈ എക്സിക്യൂഷൻ പെറ്റീഷൻ അവർ കൊടുക്കുകയാണ്. അങ്ങനെ വന്നാൽ മുല്ലപ്പെരിയാർ പ്രശ്നം വീണ്ടും സുപ്രീംകോടതിയിലെ പ്രധാനപ്പെട്ട ചർച്ചാ വിഷയമായി മാറും.

പറമ്പിക്കുളം-ആളിയാർ പദ്ധതി സംബന്ധിച്ച കേസും സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ജൂലൈയിൽ അതിനെക്കുറിച്ചുള്ള ചർച്ച നടക്കാനിരിക്കുകയാണ്. അതുപോലെ 2018-ൽ പറമ്പിക്കുളം-ആളിയാറിനെ സംബന്ധിച്ചുള്ള എഗ്രിമെന്റ് റിവ്യൂ ചെയ്യുന്നതിനുള്ള സന്ദർഭവും വരികയാണ്. 1958-ലുള്ള എഗ്രിമെന്റ് 30 വർഷത്തെ കാലാവധിക്കുശേഷം പുനർചിന്തനം ചെയ്യുന്നതിന് കഴിയാതെ പോയി. വീണ്ടും 30 വർഷംകൂടി കഴിയുമ്പോൾ ഷഷ്ടിപൂർത്തി തികയുന്ന 2018-ൽ അതിനെക്കുറിച്ചുള്ള ചർച്ച നടക്കുന്ന സന്ദർഭത്തിൽ നമുക്ക് ടെക്നിക്കൽ know-how ഉള്ള ആളുകളെക്കൂടി പിരിച്ചുവിടുന്നുവെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. നെയ്യാറിനെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. അങ്ങ് പറയാത്ത ഒരു കാര്യം കൂടിയുണ്ട്. വൈപ്പാർ ലിങ്ക് ഇതിനകത്തെ പ്രധാനപ്പെട്ട പ്രശ്നമായി നിൽക്കുകയാണ്. ഇവിടെ കാവേരി ട്രിബ്യൂണലിന് മുമ്പിലുള്ള ഇപ്പോഴത്തെ കേസ് തമിഴ്നാട് കൊടുത്തിരിക്കുന്ന അപ്പീലാണ്. നമ്മളും അപ്പീൽ കൊടുത്തിട്ടുണ്ട്. 30 TMC വെള്ളം മാത്രമേ നമുക്ക് നൽകുകയുള്ളൂ. 419 TMC വെള്ളം തമിഴ്നാടിനും 270 TMC വെള്ളം കർണ്ണാടകയ്ക്കും കേരളത്തിന് 30 TMC വെള്ളവും പോണ്ടിച്ചേരിക്ക് 7 TMC വെള്ളവുമാണ് കാവേരി ട്രിബ്യൂണലിന്റെ തീരുമാനമനുസരിച്ച് ലഭിച്ചത്. നമുക്ക് ലഭിച്ച 30 TMC വെള്ളത്തിൽക്കൂടി കൈവയ്ക്കുന്നതിനുള്ള പരിശ്രമമാണ് നടക്കുന്നത്. 99 TMC വെള്ളം നമുക്ക് ലഭിക്കണമെന്നാവശ്യപ്പെട്ട് കാവേരി ട്രിബ്യൂണലിന്റെ മുമ്പിൽ കേസ് കൊടുത്തിട്ടും ട്രിബ്യൂണലിന്റെ വിധി വന്നപ്പോൾ അതിന്റെ മൂന്നിലൊന്നായ 30 TMC വെള്ളമാണ് നമുക്ക് ലഭിച്ചത്. അതുകൊണ്ട് ഇത് റിവ്യൂ ചെയ്യണമെന്നുള്ള പെറ്റീഷൻ നമ്മൾ സുപ്രീംകോടതിയിൽ കൊടുത്തിരിക്കുകയാണ്. സുപ്രീംകോടതിയിൽ കൊടുത്ത ഈ പെറ്റീഷന് സാങ്കേതികമായി സപ്പോർട്ട് ചെയ്യുന്നതിന് ഒരു മാർഗ്ഗമല്ലേയുള്ളൂ. സാങ്കേതിക പരിജ്ഞാനം കണ്ടിന്യൂറ്റിയോടുകൂടി കൊടുക്കാൻ കഴിഞ്ഞുവെങ്കിൽ മാത്രമേ നമുക്ക് ഈ കേസ് വിജയത്തിലെത്തിക്കാൻ കഴിയുകയുള്ളൂ. കബനിയിൽനിന്ന് 21 ടി.എം.സി.യും ഭവാനിയിൽനിന്നും 6 ടി.എം.സി.യും പാമ്പാറിൽനിന്ന് 3 ടി.എം.സി. വെള്ളവും നമുക്ക് നൽകുന്നതിനാണ് തീരുമാനമെടുത്തത്. അത് പോര. നമ്മുടെ ആവശ്യം 99 ടി.എം.സി. വെള്ളമാണ്. അതിനുവേണ്ടിയുള്ള അവസാനത്തെ ശ്രമമാണിത്. അതുകൊണ്ട് കേരളത്തിന്റെ ഈ അപ്പീൽ

പെറ്റീഷൻ പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കുന്നതിനുവേണ്ടി നമുക്ക് വളരെ ശക്തമായി മുന്നോട്ടുപോകണം. പി.എ.പി. കരാറിലുണ്ടായ ലംഘനംകൊണ്ട് ചിറ്റൂർ മുഴുവൻ വറ്റിവരണ്ടില്ലേ; ഈ വർഷം കൃഷിയിറക്കുന്നതിനെക്കുറിച്ച് ഈ സഭയിൽത്തന്നെ എത്ര പ്രാവശ്യം ചർച്ചയുണ്ടായിട്ടുണ്ട്. ഷോളയാർ, പറമ്പിക്കുളം, തൂണക്കടവിലാർ, തേക്കടിയാർ, പെരുവാരിപ്പള്ളം എന്നിവയോടൊപ്പംതന്നെ ചാലക്കുടിപ്പുഴയുടെ ട്രിബ്യൂട്ടറിയെ സംബന്ധിച്ച് ഇപ്പോഴും തർക്കം നിൽക്കുകയാണ്. പഴയ എഗ്രിമെന്റാണ്. 1958 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി 9-1-1958-ൽ ഇ.എം.എസ്-ഉം 4-7-1960-ൽ പട്ടം താണുപിള്ളയും 10-5-1969-ൽ വീണ്ടും ഇ.എം.എസ്.-ഉം കൈകാര്യം ചെയ്ത് അവസാനം വന്ന എഗ്രിമെന്റിന്റെ വ്യവസ്ഥകൾ ഇവിടെ ഏകപക്ഷീയമായി കാറ്റിൽ പറത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡുണ്ട്. എഗ്രിമെന്റിന്റെ വിശദാംശങ്ങൾ എന്റെ കയ്യിലുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡ് അതിനുള്ള തീരുമാനങ്ങളുണ്ടാക്കുന്നില്ല. മോഡിഫിക്കേഷൻ വേണം. മോഡിഫിക്കേഷൻ വേണമെങ്കിൽ എന്താണ് മാർഗ്ഗം; ചർച്ച ചെയ്യാൻ പറയണം. ചർച്ച ചെയ്യണമെങ്കിൽ മ്യൂച്വലി എഗ്രീഡാവണം. മ്യൂച്വലി എഗ്രീഡല്ലാത്തതുകൊണ്ട് ചർച്ച നടക്കുന്നില്ല. ലംഘനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നമുക്ക് കിട്ടേണ്ട ജലം അവർ കൃത്യമായി തരുന്നില്ല. ഈ സഭയിൽതന്നെ എത്രയോ പ്രാവശ്യം അതിനെക്കുറിച്ച് ചർച്ച നടന്നു. കേരള ഷോളയാറിലെ 2658 ഘന അടി വെള്ളം ജൂലൈ 1-ാം തീയതി നമുക്ക് തരേണ്ടതാണ്. സെപ്റ്റംബർ 1-ാം തീയതി വീണ്ടും 2663 ഘന അടി വെള്ളവും നമുക്ക് തരേണ്ടതാണ്. കാരണം, കേരള ഷോളയാറിൽനിന്ന് ജൂലൈ 1-ന് 2658 ഘന അടി വെള്ളവും സെപ്റ്റംബർ 1-ാം തീയതി 2663 ഘന അടി വെള്ളവും സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ 2658 ഘന അടി വെള്ളവും ഫെബ്രുവരി 1-ാം തീയതി 2663 ഘന അടി വെള്ളവും ചേർത്ത് ആകെ 12.3 ടി.എം.സി. വെള്ളം നമുക്ക് നൽകേണ്ടതാണ്. ആ വെള്ളം കിട്ടിയിരുന്നെങ്കിൽ ആ മേഖല നല്ല കൃഷിയിടമായി മാറില്ലേ; അവിടെ വറ്റിവരണ്ട് നിൽക്കില്ല. പാലക്കാട്ടുനിന്നുള്ള അംഗങ്ങൾ പറയട്ടെ; അവിടെ കൃഷി ചെയ്യാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ; വെള്ളമില്ലാതെ ആളുകൾ വിഷമിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ മാധ്യമങ്ങളിൽ ഒത്തിരി ചിത്രങ്ങൾ വന്നിട്ടുണ്ട്. വറ്റിവരണ്ടുകിടക്കുന്ന, വിണ്ടുകീറിക്കിടക്കുന്ന നമ്മുടെ കൃഷി പ്രദേശങ്ങളുടെ വാർത്തകളെല്ലാം മാധ്യമങ്ങളിൽ ധാരാളം വന്നിട്ടുണ്ട്.

നെയ്യാർ കേസ്സിലെ നിയമപ്രശ്നങ്ങൾ അവർ സുപ്രീംകോടതിയുടെ മുന്നിൽ കൊണ്ടുപോയിരിക്കുകയാണ്. 1956-ലെ സംസ്ഥാന റീ-ഓർഗനൈസേഷൻ ആക്ടിന്റെ പരിധിയിൽ നെയ്യാർ ജലം വരുമോ; ഒരു കോൺസ്റ്റിറ്റ്യൂഷണൽ ക്വസ്റ്റ്യനായി അതിപ്പോൾ ഉയർത്തിയിരിക്കുകയാണ്. 2004-ൽ വെള്ളം ഈ സംസ്ഥാനത്തിന് മാത്രമായി ഒതുക്കി നിർത്തിക്കൊണ്ട് നമ്മളെടുത്ത തീരുമാനം നിയമപരമോയെന്ന് അവർ സുപ്രീംകോടതിയിൽ ചോദിച്ചിരിക്കുകയാണ്. 2003-ലെ ഇറിഗേഷൻ ആക്ടുണ്ട്. ആ ഇറിഗേഷൻ ആക്ടിനെ അടിസ്ഥാനപ്പെടുത്തി 2006 മാർച്ച് 15-ാം തീയതി പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് ഡാം സേഫ്റ്റി അതോറിറ്റി രൂപീകരണത്തിനുവേണ്ടിയുള്ള നിയമം പാസ്സാക്കി. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ 40 വർഷം പഴക്കമുള്ള ഡാമുകളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടിയിലേയ്ക്ക് നമ്മൾ പോയത്. അതിൽ സുപ്രീംകോടതി ഇടപെട്ടു. നമുക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായി. അതുകൊണ്ട് ഈ നിയമം റദ്ദാക്കുന്നതിനുവേണ്ടി തമിഴ്നാട് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമത്തിന് നമ്മൾ കീഴടങ്ങിയാൽ കേരള സംസ്ഥാനത്തെ തമിഴ്നാടിന്റെ മുന്നിൽ ഒരു വെള്ളിത്തളികയിൽ വച്ചുകൊടുക്കുന്നതിന് തുല്യമായിപ്പോകും. അത് കേരളത്തെ തകർത്തുകളയും.

മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ നമ്മുടെ ഗവൺമെന്റ് ആദ്യമെടുത്ത നിലപാടുതന്നെ തെറ്റിയെന്ന അഭിപ്രായക്കാരനാണ് ഞാൻ. പുതിയ ഡാം പണിയണമെന്നുള്ളത് ഈ നിയമസഭയുടെ പൊതുആവശ്യമല്ലായിരുന്നോ; ഈ നിയമസഭയിൽ അപ്പുറവും ഇപ്പുറവുമുള്ള ആളുകൾ ഒരുമിച്ച് ഈ വിഷയത്തിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. പുതിയ ഡാം വേണമെന്നുള്ള ശക്തമായ ആവശ്യമാണ് നമ്മൾ ഉന്നയിച്ചത്. ശതോത്തരഘട്ടത്തിൽ പണി തീർത്ത മുല്ലപ്പെരിയാറിന് പകരം മറ്റൊരു ഡാം എന്നുള്ളത് കേരളത്തിന്റെ പൊതുആവശ്യമാണ്. സുപ്രീംകോടതി വിധി പ്രകാരം 142 അടി വെള്ളമായി അതിന്റെ സംഭരണശേഷി ഉയർത്താൻ തീരുമാനമെടുത്തു. അതിനോടൊപ്പം കോൺസിക്വന്റായ 2 ബുദ്ധിമുട്ടുകൾകൂടി വന്നുപെട്ടിട്ടുണ്ട്. 6.5 സ്ക്വയർ കിലോമീറ്റർ വനനശീകരണം അവിടെ നടക്കും. ഫ്ലോറ ആന്റ് ഫോണയുടെ നശീകരണം നടക്കും. 2 ആദിവാസി ഊരുകൾ വെള്ളത്തിനടിയിലായിപ്പോകും. ഇത്രയും ലംഘനങ്ങളുണ്ടായിട്ടും അതിനെ ചോദ്യം ചെയ്യാൻ നമുക്കുള്ള ഏക സെൽ പിരിച്ചുവിട്ടതുകൊണ്ട് എന്ത് ഗുണമാണ് കേരളത്തിനെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. 2 നിയമങ്ങളുടെ ലംഘനം ഇവിടെ നടക്കുകയാണ്. ഒന്ന്, നമ്മുടെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1971-ന്റെ ലംഘനമുണ്ട്. രണ്ട്, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1972.

<u>മി. സ്പീക്കർ:</u> യസ്...... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിന്റെ മൊത്തം ആവശ്യമാണ്. അതുകൊണ്ട് അപ്പുറത്തുള്ളവരുടെ സമയംകൂടി ദയവായി എനിക്ക് തരണം. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, 1972-ന്റെ ലംഘനം നടക്കുകയാണ്. ഈ രണ്ട് ലംഘനങ്ങൾ നമുക്ക് കോടതിയുടെ മുമ്പിൽ കൊണ്ടുപോകണ്ടേ; തമിഴ്നാട് എക്സിക്യൂഷൻ പെറ്റീഷൻ കോടതിയിൽ നൽകിയിരിക്കുകയാണ്. അച്ചൻകോവിലാറ് അടിച്ചുകൊണ്ടുപോകുന്നതിനുള്ള ശ്രമം നടക്കുകയാണ്.

മി. സ്പീക്കർ: യെസ്...... പ്ലീസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2 മിനിട്ടുകൊണ്ട് തീർത്തുകൊള്ളാം. വൈപ്പാറിൽ അവർ ഡാമിന്റെ പണി തീർത്തു. പക്ഷെ വെള്ളം മാത്രമില്ല. കാരണം നമ്മുടെ അച്ചൻകോവിലാറിന്റെ പ്രഭവസ്ഥാനത്തുനിന്ന് ആ നദി തിരിച്ചുകൊണ്ടു പോയി വെള്ളം സംഭരിക്കുന്നതിനുള്ള പരിശ്രമമാണ് നടക്കുന്നത്. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ 4 ജില്ലകളെ ബാധിക്കുന്ന വേമ്പനാട് കായൽ മാലിന്യത്തിന്റെ കേന്ദ്രമായിപ്പോകും. അത് ഫ്ളഷ് ഔട്ട് ചെയ്യുകളയാൻ ഒരു മാർഗ്ഗവുമില്ലാത്ത അവസ്ഥയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് ഈ 5 പ്രധാനപ്പെട്ട പ്രശ്നങ്ങൾ കേരളത്തിന്റെ പൊതുപ്രശ്നമാണ്. ആ പ്രശ്നങ്ങൾ ചർച്ച ചെയ്യണം. അതോടൊപ്പം അങ്ങ് ഇന്നലെ ആവശ്യമില്ലാത്ത സ്റ്റാഫ് അവിടെ ഇരിക്കണ്ടെന്നാണ് പറഞ്ഞത്. ആവശ്യമില്ലാതിരിക്കുന്ന ആളുകളുണ്ടോ; ഐ.ആർ.ബി.-യിൽ 125 സ്റ്റാഫ് ഒരു പണിയുമില്ലാതിരിക്കുകയാണ്. അതുപോലെ കുറ്റ്യാടി പദ്ധതിയിലും പഴശ്ശി പ്രോജക്ടിലും ജോലിയില്ലാതെ വെറുതെയിരിക്കുന്നവരെ പിരിച്ചുവിടാനുള്ള നടപടിയെടുക്കണം.

മി. സ്പീക്കർ: യെസ്...... പ്ലീസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഒരു വാക്കുകൂടി സൂചിപ്പിച്ചു കൊണ്ട് അവസാനിപ്പിക്കാം. ഈ ഗവൺമെന്റ് ബാഹ്യ സമ്മർദ്ദങ്ങൾക്ക് വിധേയമായി കേരളത്തിന്റെ താൽപ്പര്യങ്ങളെ പണയപ്പെടുത്തുന്നതിനുവേണ്ടി നടത്തുന്ന ശ്രമത്തിന്റെ ആദ്യത്തെ പ്രവർത്തനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ദുരൂഹ സാഹചര്യത്തിൽ ഗവൺമെന്റ് എടുത്തിരിക്കുന്ന ഈ തെറ്റായ നടപടിയിൽനിന്ന് പിറകോട്ടുപോകണം. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. ഈ സഭയിൽ എല്ലാവർക്കും ഇതിനെക്കുറിച്ച് അഭിപ്രായമുണ്ടാകും. അവർക്ക് പറയാനുള്ള ഒരു പ്രൊട്ടക്ഷൻ അങ്ങ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഈ കാര്യത്തിൽ ഒരു തരത്തിലുള്ള ദുരൂഹതയും നിലനിൽക്കുന്നില്ല. ഏതെങ്കിലും തരത്തിലുള്ള ബാഹ്യശക്തിയുടെ ഇടപെടലിന് വഴങ്ങുന്ന സർക്കാരല്ല ഇതെന്ന് ബഹുമാന്യനായ അംഗത്തിനുതന്നെ നല്ല ബോധ്യമുള്ള കാര്യമാണ്. അങ്ങനെ ഒരു ശക്തിക്കും ഈ സർക്കാരിനെ കീഴ്പ്പെടുത്താനാകില്ല. നമ്മുടെ അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ കേസ്സുകൾ നിലനിൽക്കുന്നുവെന്നത് ഒരു വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്തെ ചില പദ്ധതികളുമായി ബന്ധപ്പെട്ട് ഒരു ജോലിയും ഇല്ലാതെ ഇരിക്കുന്ന ആളുകളുണ്ടെന്ന് അദ്ദേഹം അവസാനം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് നമുക്ക് പരിശോധിക്കാം. അങ്ങനെ ആരെങ്കിലും വെറുതെയിരിക്കുന്നുണ്ടോ എന്നകാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ പ്രയാസമൊന്നുമില്ല. അതിലൊന്നും ഈ സർക്കാർ പ്രതിപക്ഷം പറഞ്ഞുപോയി എന്നുള്ളതുകൊണ്ട് അംഗീകരിക്കാതെ എതിർത്ത് നിൽക്കില്ല. ശരിയായ കാര്യം നമുക്ക് പൊതുവിൽ യോജിച്ചുതന്നെ അംഗീകരിച്ച് പോകാവുന്നതാണ്. ഇവിടെ ഉദ്ദേശിച്ച കാര്യം ഈ നില കൂടുതൽ ശക്തിപ്പെടുത്തുക എന്നുള്ളത് തന്നെയാണ്. കേസ്സുകൾ വരുന്ന ഘട്ടത്തിൽ ആ കേസ്സുമായി ബന്ധപ്പെട്ട് ആവശ്യമായ ടെക്നിക്കൽ സഹായം വേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ സർക്കാർ ഉത്തരവിൽത്തന്നെ പറഞ്ഞിട്ടുള്ള കാര്യം ന്യൂഡൽഹിയിലെ കേരള ഹൗസിലെ നിയമ വിഭാഗത്തിലും സെക്രട്ടേറിയറ്റിലെ ജലവിഭവ വകുപ്പിലും പ്രത്യേകം നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഒരു കേസ്സുമായി ബന്ധപ്പെട്ട് ഇതുപോലുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ബന്ധപ്പെട്ട അനുഭവജ്ഞാനമുള്ള ഉദ്യോഗസ്ഥരുടെ പിന്തുണ വേണമെന്ന കാര്യ ത്തിൽ യാതൊരു സംശയവുമില്ല. വെറും നിയമ കാര്യം മാത്രമല്ല ടെക്നിക്കലായുള്ള കാര്യങ്ങൾക്കും സ്വാഭാവികമായും പിന്തുണ നൽകേണ്ടതായിട്ടുണ്ട്. ഇവിടെ അദ്ദേഹം തമിഴ്നാട്ടിലെ ഒരു മോഹനചന്ദ്രന്റെ കാര്യം പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനം ഇത്തരത്തിലുള്ള ടെക്നിക്കൽ ഓഫീസർമാരെ ഉപയോഗിക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷെ, കേസ്സിന്റെ കാര്യത്തിൽ നമുക്കുള്ള അനുഭവം ദുരനുഭവമാണെന്ന കാര്യം നമുക്കറിയാം. ചില കാര്യങ്ങളിൽ നമുക്ക് വേണ്ടരീതി യിൽ ജയിച്ചുവരാൻ കഴിഞ്ഞിട്ടില്ല. അത് ഇവരുടെ കുറ്റംകൊണ്ടോ കുറവുകൊണ്ടോ അല്ല. പക്ഷേ നമ്മുടെ അനുഭവം അതാണ്. ഈ പറയുന്ന ടെക്നിക്കൽ വിംഗ് നിലനിൽക്കുന്ന ഘട്ടത്തിൽ തന്നെയാണ് നമുക്ക് ചില ഘട്ടങ്ങളിൽ പ്രതികൂല വിധികളും വന്നിട്ടുള്ളത്. അപ്പോൾ ടെക്നിക്കൽ വിംഗ് ഉണ്ടോയെന്നുള്ളതല്ല പ്രശ്നം, ആവശ്യമായ ടെക്നിക്കൽ പിന്തുണ വേണമെന്ന കാര്യത്തിൽ തർക്കമില്ല. ആ പിന്തുണയ്ക്കുള്ള സംവിധാനം നമുക്ക് ഒരുക്കുകയും ചെയ്യാം. ഇവിടെ ബഹുമാന്യനായ

തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ ഒന്ന്, തമിഴ്നാട് നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കമാണ്. ആ തർക്കകാര്യങ്ങളിൽ തമിഴ്നാട് സ്വീകരിക്കുന്ന നിലപാടിനോട് നമുക്ക് യോജിപ്പില്ലാത്തത് ഒരു പ്രശ്നമാണ്. ഇതുസംബന്ധിച്ച് തമിഴ്നാട് മുഖ്യമന്ത്രിക്ക് ഒരു കത്ത് ഇവിടെനിന്നും അയച്ചിരുന്നു. ആ കത്തിന്റെ കാര്യത്തിൽ നമ്മൾ എടുത്ത നിലപാട് ഇതു സംബന്ധിച്ച് ചർച്ച ചെയ്യണമെന്നായിരുന്നു. ഇരുസംസ്ഥാനങ്ങളും തമ്മിൽ ചർച്ചയാകാമെന്ന അനുകൂല മറുപടി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. അതൊരു പോസിറ്റീവ് സ്റ്റെപ്പായി നമുക്ക് കാണാം. ഫലമെന്താണെന്നുള്ളത് വേറെ കാര്യം. ഏതായാലും ചർച്ച വേണമെന്ന് നമ്മൾ ആവശ്യപ്പെട്ടപ്പോൾ ചർച്ചയാവാമെന്ന നിലപാട് അവരുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ഒരു കാര്യം നാം കാണേണ്ടത്, കരാർ പ്രകാരമുള്ള വെള്ളം നമുക്ക് കിട്ടിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷെ തീരെ വെള്ളം കിട്ടാത്ത അവസ്ഥ വന്നപ്പോൾ സർക്കാർ ഇടപെട്ടതിന്റെ ഭാഗമായി കൂടുതൽ വെള്ളം മുൻപത്തേതിനേക്കാൾ കിട്ടുന്ന നില നമുക്കുണ്ടായിട്ടുണ്ടെന്നതും നാം മറക്കാൻ പാടില്ല. ചില ഇടപെടലുകൾ സർക്കാർ നടത്തിയിട്ടുണ്ട്. അതിന് ചില ഗുണവും ഉണ്ടായിട്ടുണ്ടെന്നതാണ് വസ്തുത. 1958 മുതലുള്ള മുൻകാല പ്രാബല്യത്തിൽ ഒപ്പിട്ട കരാറായിരുന്ന പറമ്പിക്കുളവുമായി ബന്ധപ്പെട്ടുള്ളത്. അത് നമ്മുടെ ഉഭയസമ്മതപ്രകാരം മാത്രമേ പുനരവലോകനം ചെയ്യാൻ കഴിയൂവെന്നുള്ളത് അദ്ദേഹംതന്നെ ചൂണ്ടിക്കാണിച്ചു, അതൊരു വസ്തുതയാണ്. അതുപ്രകാരമുള്ള പുനരവലോകനത്തിന് 1988-ൽ തന്നെ സമയമായിരുന്നു. 1988 മുതൽ 2011 വരെ ഉഭയചർച്ചകൾ പലതും നടക്കുകയുണ്ടായി. എന്നാൽ പല തർക്കങ്ങളും നിലനിന്നിരുന്നതിനെത്തുടർന്ന് പുനരവലോകനം സാധ്യമാവാതെവരികയാണുണ്ടായത്. യഥാർത്ഥത്തിൽ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കരാർ ലംഘനങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. കരാർ ലംഘനങ്ങൾക്കെതിരെ നാം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചതാണ്. 2013-ൽ തന്നെ സുപ്രീംകോടതിയെ നാം സമീപിച്ചിട്ടുണ്ട്, അത് സുപ്രീംകോടതിയുടെ മുന്നിൽ നിലനിൽക്കുന്ന കേസ്സാണ്. അതിൽ നഷ്ടപരിഹാരം ചോദിച്ച് സമർപ്പിച്ച കേസ്സാണ് ഇപ്പോൾ സുപ്രീംകോടതിയുടെ മുന്നിലുള്ളത്. നമ്മുടെ കരാർ പുനരവലോകനമുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ കൂടിയാണ് തമിഴ്നാട് മുഖ്യമന്ത്രിയെ ക്ഷണിച്ചിട്ടുള്ളത്. ഫലമെന്താണെന്നുള്ളത് നമുക്ക് നോക്കാം. ചർച്ചയിലൂടെ എന്തെങ്കിലും ഫലമുണ്ടാക്കാൻ കഴിയുമോ എന്നുള്ളതിന് നാം ഒരു വഴി തുറക്കുകയാണ്. അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയിലൊരു പോസിറ്റീവായ വശം നമുക്ക് ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെ നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുടെ യോഗമുണ്ടായിരുന്നു. ആ യോഗത്തിൽ ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി പങ്കെടുത്തിരുന്നു. നമ്മൾ

അവിടെ ശക്തമായ ഒരാവശ്യമുന്നയിച്ചു. അതിന്റെ ഭാഗമായി കേരളത്തിന്റെ അഭിപ്രായം പരിഗണിക്കാതെ അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയിൽ തീരുമാനമെടുക്കില്ലെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈപ്പാറിൽ അവർ ഡാം പണിതുകഴിഞ്ഞു. പക്ഷെ അവർക്ക് വെള്ളത്തിനുള്ള സോഴ്സില്ല, ഫ്ലഡ് വാട്ടർ മാത്രമാണ്. അച്ചൻ കോവിലാർ ആരംഭിക്കുന്ന ഭാഗത്തുനിന്നും പുതിയൊരു കനാൽ വെട്ടി അങ്ങോട്ട് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചത് ലിങ്ക് പദ്ധതിയാണ്. അച്ചൻ കോവിലാറും-വൈപ്പാറും തമ്മിൽ യോജിപ്പിക്കുന്ന ലിങ്ക് പദ്ധതിയാണ്. നമ്മൾകൂടി പെർമിറ്റ് ചെയ്യാതെ അവർക്കത് ചെയ്യാൻ സാധ്യമല്ല. പക്ഷെ കാടിന്റെ മധ്യഭാഗത്തുനിന്നും നമ്മുടെ സോഴ്സിൽനിന്നും അവർ ഈ വെള്ളം തിരിച്ചുകൊണ്ടുപോകുന്നു എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. അതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ നമുക്ക് സ്വീകരിക്കാം. അത് നമുക്ക് തുടർന്നും സ്വീകരിക്കാവുന്നതാണ്. ഇവിടെയുണ്ടായ പ്രശ്നം അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയുമായി അവർ മുന്നോട്ട് പോകുന്നുണ്ടായിരുന്നു എന്നതാണ്. കേന്ദ്ര ഗവൺമെന്റ് അത്തരമൊരു നടപടി സ്വീകരിക്കുന്നതിനുമുമ്പ് കേരളത്തിന്റെ അഭിപ്രായം അറിയേണ്ടതുണ്ട്, കേരളത്തിന്റെ അഭിപ്രായം പരിഗണിക്കാതെ എടുക്കാൻ പാടില്ല എന്ന് നമ്മൾ ശക്തമായി ആവശ്യപ്പെട്ടതിന് ഫലമുണ്ടായിട്ടുണ്ട്. അത് മിനിട്ട്സിൽതന്നെ രേഖപ്പെടുത്തിയിരിക്കുകയാണ്. അത്തരത്തിലൊരു മാറ്റം ഈ കാര്യത്തിൽ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഏകപക്ഷീയമായി പല നടപടികളും സ്വീകരിക്കുന്ന ഘട്ടമാണല്ലോ, അപ്പോൾ ഇങ്ങനെയൊരു ഉറപ്പ് ലഭിച്ചിട്ടുണ്ട് എന്നതാണ് പറയാനുള്ളത്. അത് നമ്മൾ കാണാതിരിക്കേണ്ട. ഇവിടെ ഒരു തരത്തിലുള്ള ആശങ്കയും ഈ കാര്യത്തിൽ വേണ്ടതില്ല. എല്ലാ തരത്തിലും കേസ്സുമായി ബന്ധപ്പെട്ട നടപടികളിൽ നല്ല ശ്രദ്ധതന്നെയുണ്ടാകും. ലാവിംഗ് ഇതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ശ്രദ്ധിക്കുന്ന നിലയാണുണ്ടാവുക. അതോടൊപ്പം ആവശ്യമായ ടെക്നിക്കൽ പേഴ്സൺസിന്റെ പിന്തുണ ഇതിന് ലഭ്യമാക്കും. അതിന് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇത്തരം കാര്യങ്ങളിൽ നല്ല വൈദഗ്ദ്ധ്യമുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ സേവനം തുടർച്ചയായി ഉപയോഗിക്കുന്നതിന് നമുക്ക് നിലപാടെടുക്കുകയും ചെയ്യാം. അതിനൊന്നും യാതൊരു പ്രയാസവും ഉണ്ടാവില്ല. സംസ്ഥാന താൽപ്പര്യം ഒരു തരത്തിലും ബലികഴിക്കുന്ന നിലപാടുണ്ടാകില്ല. ആ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നമായി വരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ ജലവിഭവ വകുപ്പിന്റെ ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ ഞാനാണ് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഈ ചോദ്യം ചോദിച്ചത്. കഴിഞ്ഞ കുറെ ദിവസങ്ങളായി കേരളത്തിലെ മാധ്യമങ്ങളിലും അതോടൊപ്പംതന്നെ സെക്രട്ടേറിയറ്റിലും ഡിപ്പാർട്ട്മെന്റിലും കാവേരി സെൽ നിർത്തലാക്കുന്നുവെന്നുള്ളത് സംബന്ധിച്ച് വളരെ സജീവമായ ചർച്ചയാണ് നടക്കുന്നത്. കാവേരി സെൽ നിർത്തലാക്കാൻ ഡിപ്പാർട്ട്മെന്റ് ശിപാർശ ചെയ്തിട്ടുണ്ടോ? എവിടെനിന്നാണ് ഗവൺമെന്റിന് ഈ ആശയം കിട്ടിയത്? ചീഫ് എഞ്ചിനീയർ അടക്കം ഡിപ്പാർട്ട്മെന്റ് ഇതിനെതിരായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം സംരക്ഷിക്കണമെന്ന കാര്യത്തിലും കേരളത്തിനാവശ്യമായ ജലം ലഭ്യമാകണമെന്ന കാര്യത്തിലും ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ തർക്കമില്ല. ഇത് വളരെ ഗൗരവമേറിയ വിഷയമാണ്. അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ രാജ്യത്ത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണ്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചും കേരളത്തിന് ലഭിക്കേണ്ട ജലത്തെ സംബന്ധിച്ചും നിയമസഭയിൽ എത്രയോ തവണ ചർച്ച ചെയ്തിട്ടുണ്ട്. കാവേരി സെൽ പിരിച്ചുവിടാനുള്ള തീരുമാനം തികച്ചും ആത്മഹത്യാപരമാണ്. ഡിപ്പാർട്ട്മെന്റ് എതിരായിട്ടും ചീഫ് എഞ്ചിനീയർ അടക്കമുള്ള ആളുകൾ വ്യത്യസ്തമായ നിലപാടെടുത്തിട്ടും എന്തിനാണ് ഈ സെൽ പിരിച്ചുവിടാനുള്ള ആവേശം കാണിക്കുന്നത്? കാവേരിയുടെ പേരിലാണ് സെൽ തുടങ്ങിയതെങ്കിലും കേരളത്തിലെ എല്ലാ നദീജല തർക്കങ്ങളും ഇന്ന് കൈകാര്യം ചെയ്യുന്നത് ഈ സെല്ലാണ്. മുല്ലപ്പെരിയാർ കേസ് അവസാനിച്ചശേഷം കാവേരി സെൽ ആണ് അതിന്റെ കാര്യവും നോക്കുന്നത്. സെൽ നിർത്തലാക്കുന്നതോടെ അന്തർ നദീജല തർക്കങ്ങളെല്ലാം നാം ഫലത്തിൽ ഉപേക്ഷിക്കേണ്ട സ്ഥിതിയിലേയ്ക്ക് വരുമെന്ന ആശങ്ക നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ 1991-ലാണ് കാവേരി ട്രിബ്യൂണൽ നിലവിൽ വന്നത്. 1995-ലാണ് കേരളത്തിൽ സെൽ തുടങ്ങിയത്. തുടക്കത്തിൽ കാവേരി കേസ് മാത്രമാണുണ്ടായിരുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ മുല്ലപ്പെരിയാർ കേസ്, പറമ്പിക്കുളം-ആളിയാർ കേസ്, നെയ്യാർ ജലത്തിന്മേലുള്ള അവകാശ തർക്കം, അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് എന്നീ കേസ്സുകളുടെയെല്ലാം ഡോക്യുമെന്റേഷൻ നടത്തുന്നത് കാവേരി സെല്ലാണ്. ഈ വിഷയങ്ങൾ സംബന്ധിച്ചുള്ള വിപുലമായ വിവരശേഖരണം നടത്തുന്നതും

കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുന്നതും കോടതിയിൽ കേസ് വരുമ്പോൾ സാങ്കേതിക ഉപദേശം നൽകുന്നതുമെല്ലാം ഈ സെല്ലാണ്. 40000 ഫയലുകളാണ് അവരുടെ കയ്യിലുള്ളത്. ഇവ തരംതിരിച്ച് പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് അതാത് അഭിഭാഷകർക്ക് നൽകുന്നത് ഈ സെല്ലാണ്. സെൽ നിർത്തലാക്കുന്നതോടുകൂടി ഇതുസംബന്ധിച്ച കേസ്സുകൾ കോടതിയിൽ എത്തുമ്പോൾ അഭിഭാഷകർക്ക് വേണ്ട രീതിയിലുള്ള സാങ്കേതിക വൈദഗ്ധ്യം നൽകാൻ കഴിയില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഫയലുകൾ മാത്രം എടുത്താൽ പോര. അത് വിശദീകരിച്ച് കൊടുക്കണമെങ്കിൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകൾ വേണം. ഹരീഷ് സാൽവെ, മോഹൻ വി. കട്ടാർക്കി, ജയ്ദീപ് ഗുപ്ത, പ്രകാശ് തുടങ്ങിയ അഭിഭാഷകരാണ് കേരളത്തിനുവേണ്ടി സുപ്രീംകോടതിയിൽ ഹാജരാകുന്നത്. സുപ്രീംകോടതിയിൽ കേസ് വരുന്ന തീയതിപോലും പലപ്പോഴും ഗവൺമെന്റുകൾക്ക് ലഭിക്കാറില്ല. ആ സാഹചര്യത്തിലാണ് കാവേരി സെൽ എന്ന ആശയം രൂപപ്പെട്ടത്. ലാ ഓഫീസർക്ക് സാങ്കേതിക പരിജ്ഞാനമില്ല. തമിഴ്നാടിന്റെ കാര്യം ഇവിടെ പറഞ്ഞു. തമിഴ്നാട് മാത്രമല്ല, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കെല്ലാം വിപുലമായ സൗകര്യങ്ങളുണ്ട്. റിട്ടയേർഡ് ചീഫ് എഞ്ചിനീയർമാരുടെ ഒരു ടീമുണ്ട്. അതിൽ ഏറ്റവും സീനിയറായ ചീഫ് എഞ്ചിനീയർ ചെയർമാനായ കമ്മിറ്റിയെയാണ് തമിഴ്നാട് വച്ചിട്ടുള്ളത്. കർണ്ണാടകവും ഇതുപോലെയാണ്. വളരെ ഗൗരവത്തോടെ നിരന്തരം കോടതിയിൽ പോയി വിവരങ്ങൾ ശേഖരിക്കുകയും കേന്ദ്ര ഗവൺമെന്റിലുണ്ടാകുന്ന ചെറുതും വലുതുമായ നീക്കങ്ങളെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതുമായ അതിപ്രധാനമായ ജോലിയാണ് കാവേരി സെൽ ചെയ്യുന്നത്.

10.00 A.M]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അക്കാര്യത്തിൽ ഒരു ആശങ്കയുടെയും ആവശ്യമില്ല. ഇതിനെ യഥാർത്ഥത്തിൽ ഒരു ഒഫിഷ്യൽ വർക്ക് ഡിപ്ലോയ്മെന്റ് എന്ന നിലയ്ക്കുമാത്രമേ കാണേണ്ടതായിട്ടുള്ളൂ. ബാക്കി കാര്യങ്ങൾ സർക്കാർ കൃത്യമായി മോണിറ്റർ ചെയ്യും. ആവശ്യമായ സാങ്കേതിക വിദഗ്ധരുടെ പിന്തുണയും സഹായവുമെല്ലാം ഇക്കാര്യത്തിൽ ഉറപ്പുവരുത്തുമെന്ന് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സെൽ പിരിച്ചുവിടാതെ കുറേക്കൂടി strengthen ചെയ്യുന്ന നടപടിയല്ലേ സ്വീകരിക്കേണ്ടതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്. ഈ സെൽ പിരിച്ചുവിടുക എന്ന് പറയുന്നതിന് എന്തർത്ഥമാണുള്ളത്? തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സർക്കാരുകൾ ചെയ്യുന്നതുപോലെ കൂടുതൽ സാങ്കേതിക വിദഗ്ധരെ

ഉൾപ്പെടുത്തി ഇത് വിപുലീകരിക്കുകയാണ് വേണ്ടത്. അതിൽ ഒരു ദുർവാശി കാണിക്കേണ്ട കാര്യമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ധാരാളം കഥകൾ പുറത്തുവരുന്നുണ്ട്. നിഗൂഢതകളില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ സാഹചര്യത്തിൽ ഞാനത് പറയുന്നില്ല. ഇതിൽ മറ്റ് പല താൽപ്പര്യങ്ങളുമുണ്ടെന്ന് ആളുകൾ പറഞ്ഞുതുടങ്ങിയിട്ടുണ്ട്.

ഇതിന് ഡിപ്പാർട്ട്മെന്റിന്റെ ശിപാർശയുണ്ടോ? സാധാരണഗതിയിൽ ഒരു സെൽ വൈൻഡ്അപ് ചെയ്യുമ്പോഴോ ഒരു കാര്യം വേണ്ടെന്നുവയ്ക്കുമ്പോഴോ ഗവൺമെന്റിന് ഡിപ്പാർട്ട്മെന്റിന്റെ ശിപാർശകൾ ആവശ്യമാണ്. അത്തരം യാതൊരു ശിപാർശകളും ഉണ്ടായിട്ടില്ല. ജോലി ചെയ്യാത്ത ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവരെ മാറ്റി പുതിയ ആളുകളെ നിയമിക്കണം. ആ ഡിപ്പാർട്ട്മെന്റ് കാര്യക്ഷമമല്ലെങ്കിൽ അതിനെ കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കണം. അല്ലാതെ ഈ സെൽ പൂട്ടുന്ന നടപടിയോട് യോജിക്കാൻ കഴിയില്ല.

പല കേസ്സുകളിലും കേരളത്തിന് തമിഴ്നാടുമായി ജയിക്കാൻ കഴിയാതെ വരുന്നു. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ കാർഷികോല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു മേഖലയാണ് അട്ടപ്പാടി. അട്ടപ്പാടി ഇറിഗേഷൻ വാലി പ്രോജക്ടിൽ മൾട്ടി പർപ്പസ് ഡാം പണിയാൻവേണ്ടി വളരെ കാലത്തിന് മുൻപേ നടപടി തുടങ്ങിയതാണ്. നമുക്ക് പരിസ്ഥിതി ആഘാത പഠനത്തിനുള്ള അവസരം ലഭിച്ചു. ആ പഠനം നടത്താൻ വേണ്ടി നമ്മൾ മുന്നോട്ടുപോയപ്പോൾ തമിഴ്നാട് കേന്ദ്ര സർക്കാരിനെ സമീപിച്ചു. കേന്ദ്രം അത് നിരസിച്ചു. സുപ്രീം കോടതിയിൽ പോയപ്പോൾ അവിടെയും നിരസിച്ചു. ഇപ്പോൾ കേരളത്തിന് environmental impact study നടത്താനുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കേരളത്തിൽ പ്രവർത്തിക്കാതിരിക്കുന്ന ഏക സെൽ കാവേരി സെൽ മാത്രമാണോ? എത്രയോ ഡിപ്പാർട്ടുമെന്റുകളിൽ ജോലിയില്ലാതെ വെറുതെയിരിക്കുന്ന ഉദ്യോഗസ്ഥരുണ്ട്. കേരളത്തിന്റെ താൽപ്പര്യങ്ങളെ തുരങ്കം വയ്ക്കുന്ന ഒരു സമീപന മായി മാത്രമേ നമുക്കതിനെ കാണാൻ കഴിയുകയുള്ളൂ. ഇവിടെ ആവശ്യത്തിന് വെള്ളം കൊടുക്കുന്നതിനെപറ്റി ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. കാവേരി ജലം നമുക്ക് ഉപയോഗിക്കാൻ കഴിയാത്തത് വലിയ നഷ്ടമാണ്. മലമ്പുഴ ഡാമിന്റെ കപ്പാസിറ്റി 6.5 ടി.എം.സി.യാണ്. കാവേരിയിൽനിന്ന് കേരളത്തിന് അനുവദിച്ചതിൽ 28.5 ടി.എം.സി. ജലമാണ് ഉപയോഗിക്കാൻ കഴിയാതെ പോകുന്നത്. കാവേരി ട്രിബ്യൂണൽ അനുവദിച്ച ജലം എടുക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. പാലക്കാട് ജില്ല മുഴുവൻ വറ്റിവരളുന്ന ഈ സാഹചര്യത്തിൽ ഫലപ്രദമായി

കേസ്സുകൾ നടത്താനും സാങ്കേതിക ഉപദേശം നൽകാനും കാര്യങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാനുമുള്ള സാഹചര്യം എന്തിനാണ് നിർത്തലാക്കുന്നത്? ഇതിനെ സംബന്ധിച്ചുള്ള ആശങ്ക നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. പറമ്പിക്കുളം - ആളിയാർ പദ്ധതിയെപ്പറ്റി ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ആ കരാർ അനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട വെള്ളം ഇത്തവണ തമിഴ്നാട് തന്നില്ല. തന്നു എന്നുപറയുന്നത് ശരിയാണോ? 7.25 ടി.എം.സി. ജലമാണ് തമിഴ്നാട് കേരളത്തിന് തരേണ്ടത്. എന്നാൽ കിട്ടിയത് 3.24 ടി.എം.സി. ജലം മാത്രമാണ്. വെള്ളം കിട്ടാതെ പാലക്കാട് കരിഞ്ഞുണങ്ങി; ഭാരതപ്പുഴ വറ്റിവരണ്ടു. കേരളത്തിനർഹതപ്പെട്ട ജലം വാങ്ങിയെടുക്കാൻ സർക്കാർ ഫലപ്രദമായി പ്രവർത്തിച്ചില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇത്തരം കാര്യങ്ങളിൽ കത്തെഴുതിയതുകൊണ്ട് മാത്രമാകുന്നില്ല. സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുണ്ടാകണം. വെള്ളം ലഭിക്കാതെ കർഷകർ ബുദ്ധിമുട്ടുമ്പോൾ ഇതിന് പരിഹാരം കാണാനുള്ള നടപടിയായിരുന്നു സർക്കാർ സ്വീകരിക്കേണ്ടത്. അച്ചൻകോവിൽ-വൈപ്പാർ ലിങ്കിനെ സംബന്ധിച്ചുള്ള ആശങ്കകൾ ദൂരീകരിക്കേണ്ടതുണ്ട്. അന്തർസംസ്ഥാന നദീജല തർക്കങ്ങൾ നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ചർച്ചാ വിഷയമായ കാര്യമാണ്. ഈ സന്ദർഭത്തിൽ കാവേരി സെൽ നിർത്താനുള്ള സർക്കാരിന്റെ തീരുമാനത്തെ അംഗീകരിക്കാൻ കഴിയുന്നതല്ല. സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമാണിത്. ആത്മഹത്യാപരമാണ്. സർക്കാരിന്റെ ഈ തീരുമാനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, മൂന്നാറിലെ ട്രിബ്യൂണൽ പൂട്ടാനുള്ള തീരുമാന മെടുക്കുന്നതിൽ അങ്ങ് എടുത്ത താൽപ്പര്യം ഇപ്പോൾ കാവേരി സെൽ പൂട്ടുന്ന കാര്യത്തിലും കാണിക്കുന്നുണ്ട്. തുറക്കുക എന്നുള്ളതിനല്ല, പൂട്ടുക എന്നുള്ളതിനാണ് അങ്ങ് കൂടുതൽ താൽപ്പര്യം കാണിക്കുന്നത്. ഡൽഹിയിൽ ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുള്ള കാവേരി സെൽ പ്രവർത്തിക്കുകയാണ്. ഈ സെല്ലിനെ കൂടുതൽ ക്രിയാത്മകമാക്കുന്നതിനുവേണ്ടി സുപ്രീംകോടതിയുടെ തൊട്ടടുത്ത് technical experts-ഉം മറ്റുമൊക്കെയുള്ള ഈ സെല്ലിലെ legal experts-നെ ഡൽഹിയിൽ നിർത്തിയിട്ട് technical experts-നെ സെക്രട്ടേറിയറ്റിലേയ്ക്ക് മാറ്റി ഇതിനെ കൂടുതൽ ശാസ്ത്രീയമാക്കാമെന്നാണ് അങ്ങ് പറയുന്നത്. വിട്ട് നിൽക്കുന്തോറും എങ്ങനെയാണ് ഇതിനെ ഏകോപിപ്പിക്കാൻ സാധിക്കുകയെന്ന ചോദ്യത്തിനുള്ള മറുപടിയാണ് ഞങ്ങൾക്ക് കിട്ടേണ്ടത്. കാവേരി സെല്ലിനെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ഇവിടെ നിന്നാണ് എല്ലാ expert opinions-ഉം കേസ് നടത്തുന്ന വക്കീലന്മാർക്ക് പോകുന്നത്. മുല്ലപ്പെരിയാർ കേസ്, പറമ്പിക്കുളം

- ആളിയാർ കേസ്, നെയ്യാറിൽ നിന്നുള്ള വെള്ളത്തിന് തമിഴ്നാട് നൽകിയിട്ടുള്ള കേസ് ഇതെല്ലാം ഒരുമിച്ചുനോക്കുന്ന സെല്ലിനെ ഒരു സുപ്രഭാതത്തിൽ പൂട്ടുന്നു. ജൂലൈ മാസത്തിൽ ഇതെല്ലാം റിവ്യൂ ചെയ്യുകയാണ്. വളരെ നിർണ്ണായകമായ സമയത്താണ് ഈ സെല്ലിനെ പിരിച്ചുവിട്ടിരിക്കുന്നത്. കേരളത്തിന് ഇപ്പോൾ കിട്ടിയിരിക്കുന്നത് 30 ടി.എം.സി. വെള്ളമാണ്. അതിൽ 1.5 അടി മാത്രമാണ് ഉപയോഗിക്കാൻ കഴിയുന്നത്. ബാക്കി തമിഴ്നാട് തന്നെയാണ് ഉപയോഗിക്കുന്നത്. കേരളത്തിന് ഉപയോഗിക്കണമെങ്കിൽ പദ്ധതികൾ കൊടുക്കണം. എന്നാൽ പദ്ധതികളുണ്ടാക്കാനുള്ള കേരളത്തിന്റെ ശ്രമത്തെ തമിഴ്നാട് ശക്തമായി എതിർക്കുകയാണ്. തടയണ കെട്ടുന്ന കാര്യത്തിലും അട്ടപ്പാടിയിലെ വിഷയത്തിലും അവർ തടസ്സവാദമുന്നയിക്കുകയാണ്. ഇതിനെ ശക്തമായി നേരിടാനുള്ള കൂടിയാലോചന നടത്താനും ഒറ്റക്കെട്ടായി നിൽക്കാനും ഞങ്ങൾ തയ്യാറാണ്. കാവേരി സെൽ പിരിച്ചുവിടുന്ന നടപടിയിലേയ്ക്ക് പോകുന്നത് ശരിയല്ല. ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം എന്താണെന്ന് ആരായണം. ഇങ്ങനെ ഗൗരവമായി കാണേണ്ട ഒരു വിഷയത്തെ ലാഘവബുദ്ധിയോടെ കാണുകയാണുണ്ടായത്.

മി. സ്പീക്കർ: അന്തർ സംസ്ഥാന നദീജല തർക്കത്തിൽ സഭ ഐകകണ്ഠ്യേന നിൽക്കേണ്ടതായിരുന്നു.

ഡോ. എം. കെ. മുനീർ: സർ, ഇതിൽ എല്ലാവരും ഒരുമിച്ച് നിൽക്കണമായിരുന്നു. എന്നാൽ മുഖ്യമന്ത്രി അതിന് തയ്യാറായില്ലല്ലോ?

മി. സ്പീക്കർ: ഇത് വർക്ക് ഡിപ്ലോയ്മെന്റ് മാത്രമാണെന്ന് മുഖ്യമന്ത്രി വളരെ വ്യക്തമായി പറഞ്ഞിരുന്നു.

ഡോ. എം. കെ. മുനീർ: സർ, ആ സെല്ലിനെ ശക്തിപ്പെടുത്തണമെന്ന അഭിപ്രായത്തിലേയ്ക്കാണ് മുഖ്യമന്ത്രി വന്നിരുന്നതെങ്കിൽ നമുക്ക് യോജിക്കാമായിരുന്നു. അതിന് സാധിക്കാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചു കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യത്തോട് ഭാഗികമായി യോജിക്കുകയാണ്. കാവേരി സെല്ലിൽ മാത്രം നിന്നുകൊണ്ട് കേസ്സുകൾ വിജയിപ്പിക്കാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഒരു technical know-how വച്ചുകൊണ്ടുമാത്രം ഇതിന് കഴിയില്ല. നിയമപരമായ കാര്യങ്ങളും അതിനോടനുബന്ധിച്ച് ആവശ്യമാണ്. 'കാവേരി സെൽ' ഡൽഹിയിലുള്ളപ്പോൾ അതിനെ കൂടുതൽ ശാക്തീകരിച്ച് ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിച്ചു കൊണ്ടുള്ള ഒരു നടപടിയായിരുന്നു ഗവൺമെന്റ് സ്വീകരിക്കേണ്ടിയിരുന്നത്.

അന്തർസംസ്ഥാന നദീജല പ്രശ്നത്തിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ പലതും ഹനിക്കപ്പെട്ടിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. നദീസംയോജന പദ്ധതികളെ സംബന്ധിച്ച് വിവിധ കേസ്സുകൾ സുപ്രീംകോടതിയിലുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ആ കേസ്സുകളിൽ ശക്തമായ ബാക്ക്അപ് നല്കാനും കാവേരി സെല്ലിനെ പരമാവധി പ്രയോജനപ്പെടുത്താനും നമുക്ക് കഴിയണം. വൈപ്പാർ ലിങ്ക് പദ്ധതികളടക്കം നല്കുന്ന ആശങ്കകൾ വളരെ വലുതാണ്. ഇത്തരത്തിലുള്ള നദീസംയോജന പദ്ധതികളുടെ അശാസ്ത്രീയത ഗവൺമെന്റിന് എടുത്തുകാണിക്കാൻ കഴിയണം. ഡൽഹിയിൽ വച്ചുനടന്ന മീറ്റിംഗിൽ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹത്തിന്റെ വാദഗതികൾ അംഗീകരിച്ചെങ്കിലും ലിങ്ക് പദ്ധതിയിൽ നിന്നും പൂർണ്ണമായി ഇതിനെ ഒഴിവാക്കാൻ കേന്ദ്രം തയ്യാറായിട്ടില്ലെന്നുള്ളത് നാം മനസ്സിലാക്കേണ്ട കാര്യമാണ്. ഇത്തരത്തിലുള്ള സംയോജന പദ്ധതികളുടെ അശാസ്ത്രീയത കേന്ദ്രസർക്കാരിനുമുൻപിൽ അവതരിപ്പിക്കാൻ നമുക്ക് കഴിയണം. ഇതിനോടനുബന്ധിച്ചു വരുന്ന വിഷയങ്ങളെ കൂടുതൽ ഗൗരവമായി ഏറ്റെടുത്ത് മുന്നോട്ടുപോകാൻ തീർച്ചയായും ഈ സെൽ അനിവാര്യമായിരുന്നു. അത് നിർത്തലാക്കാനുള്ള തീരുമാനം നിർഭാഗ്യകരമാണ്. സ്വാഭാവികമായും വരുംവർഷങ്ങളിൽ കേരളത്തിന്റെ താല്പര്യങ്ങൾ ഹനിക്കപ്പെടുന്ന നിലയിലേയ്ക്ക് ഇത് മാറുമോ എന്നുള്ള ആശങ്ക ഈ സഭയിൽ ഞങ്ങൾ രേഖപ്പെടുത്തുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ആരുടെ ഉപദേശ പ്രകാരമാണെങ്കിലും കാവേരി സെൽ പിരിച്ചുവിട്ട നടപടി ശരിയല്ല. അന്തർ സംസ്ഥാന നദീജല പ്രശ്നം സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നടക്കുന്ന ചർച്ചകളിൽ ഏകോപനം നടത്തുന്നതിനും അതിനുവേണ്ട ടെക്നിക്കൽ അഡ്വൈസ് നല്കുന്നതിനും ഈ സെൽ പ്രവർത്തിക്കേണ്ടത് ആവശ്യമായിരുന്നു. അതിനെ കൂടുതൽ കാര്യക്ഷമമാക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. ഗവൺമെന്റ് ആ നടപടി പുനഃപരിശോധിക്കണം. കേരളം ഇന്ന് വരൾച്ചയിലാണ്. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ റിപ്പോർട്ടനുസരിച്ച് 43% മഴ കുറവാണ്. തിരുവനന്തപുരത്ത് കുടിവെള്ളവുമായി ബന്ധപ്പെട്ട് ചില നടപടികൾ എടുത്തിട്ടുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ മറ്റ് ജില്ലകളിലുള്ള പ്രവർത്തനങ്ങൾ അഭികാമ്യമല്ല. ജില്ലകളിൽ കുടിവെള്ളക്ഷാമമുണ്ട്. അതിനാവശ്യമായ ഫണ്ട് എത്തിയിട്ടില്ല. ഈ കാര്യങ്ങളിലെല്ലാം നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിൽ ഗവൺമെന്റ് ഉദാസീനത കാണിക്കാൻ

പാടില്ല. എന്തായാലും ഈ പ്രശ്നങ്ങളോട് ഗവൺമെന്റ് കാണിക്കുന്ന നിസ്സംഗതയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ കഴിഞ്ഞ ദിവസം പാലക്കാട് ജില്ലയിലെ ചിറ്റൂർ ഭാഗത്ത് പോയിരുന്നു. വെള്ളം കിട്ടാത്തതിനാൽ വയലുകൾ കൃഷി ചെയ്യാൻ സാധിക്കാതെ ഉണങ്ങിവരണ്ട് കിടക്കുന്നു. കർഷകരുടെ കരച്ചിലും പരാതികളും പാലക്കാട് ജില്ലയുടെ കിഴക്കൻ ഭാഗത്ത് കുറേ വർഷങ്ങളായി കേൾക്കുന്നതാണ്. നമുക്ക് അർഹതപ്പെട്ട വെള്ളം കിട്ടുന്നില്ലെന്ന പരാതി കുറച്ച് കാലങ്ങളായി പാലക്കാട് ജില്ലയിൽ വ്യാപകമായി നിലവിലുള്ളതാണ്. പല ഇടപാടുകളെപ്പറ്റിയും ജനങ്ങൾക്കിടയിൽ ധാരണയുണ്ട്. നമ്മൾ അതിലേയ്ക്ക് കടക്കേണ്ടതില്ല. പക്ഷേ അത്തരം തെറ്റായ ധാരണകളെ ശക്തിപ്പെടുത്താൻ മാത്രമേ വാസ്തവത്തിൽ ഈ നടപടികൾ ഉപകരിക്കുകയുള്ളൂ. ഇത് തെറ്റായ നീക്കമാണ്. ഏതെങ്കിലും ഉദ്യോഗസ്ഥർ പണിയെടുക്കാതെ ശമ്പളം വാങ്ങുന്ന സാഹചര്യമുണ്ടെങ്കിൽ അതിന് മറ്റ് പോംവഴികളുണ്ട്. കൃഷിക്കാരുടെ ആശങ്ക വർദ്ധിപ്പിക്കാൻ മാത്രമേ ഇതുകൊണ്ട് സാധിക്കുകയുള്ളൂ. ഈ വിഷയം വളരെ ഗൗരവമായി കാണേണ്ടതാണ്. അതിന് സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# III ശ്രദ്ധ ക്ഷണിക്കൽ

## 1. അലിൻഡ് സംരക്ഷണം

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, എന്റെ മണ്ഡലത്തിലെ ഏക ആധുനിക വ്യവസായ യൂണിറ്റാണ് 'അലിൻഡിന്റെ' ഭാഗമായിട്ടുള്ള മാന്നാർ സ്വിച്ച്

ഗിയർ കമ്പനി. 1964 മുതൽ ഏതാണ്ട് മുന്നൂറിലധികം തൊഴിലാളികളുമായി ഏറെ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വിച്ച്ഗിയർ കമ്പനി ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. നാമമാത്രമായ പ്രവർത്തനം മാന്നാർ സ്വിച്ച്ഗിയർ കമ്പനിയിൽ നടക്കുന്നുണ്ടെങ്കിലും കഴിഞ്ഞ 24 വർഷമായി ട്രേഡ്യൂണിയൻ ഭാരവാഹി എന്നുള്ള നിലയിലും 'അലിൻഡ് '-ന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങ ളുമായി നിരന്തരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളെന്ന നിലയിലും ഇത് ഏറ്റെടുത്ത് സംരക്ഷിച്ചാൽ നാടിനും തൊഴിലാളികൾക്കും ഗുണകരമാകു മെന്നതിനാൽ സർക്കാർ ഇത് ഏറ്റെടുക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

1946-ൽ കൊല്ലം-കുണ്ടറയിൽ സർക്കാർവക ഭൂമിയിൽ ആരംഭിച്ചതും പിന്നീട് കേരളം, ആന്ധ്രാപ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ച് പ്രവർത്തിച്ചുവരുന്നതും സ്വന്തമായി 162 ഏക്കർ ഭൂമിയും 7 ഉത്പാദന യൂണിറ്റുകളും 2 സർവ്വീസ് യൂണിറ്റുകളും റീജിയണൽ കോർപ്പറേറ്റ് ആഫീസുകളുമായി വൈദ്യുതി ഉൽപ്പാദന-പ്രസരണ-വിതരണ രംഗത്ത് രാജ്യത്താകെയും ആഗോള തലത്തിലും ശ്ലാഘനീയമായി പ്രവർത്തിച്ചിരുന്ന ഒരു വ്യവസായ സ്ഥാപനമാണ് അലിൻഡ്. എന്നാൽ 1982-നുശേഷം വ്യാവസായിക പ്രതിസന്ധി ആരംഭിക്കുകയും 1985-ലെ പീഡിത വ്യവസായ പുനരുദ്ധാരണ നിയമ പ്രകാരം 1987-ൽ പീഡിത വ്യവസായമായി പ്രഖ്യാപിക്കുകയും ചെയ്തു. 1980-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് ബി.ഐ.എഫ്.ആർ.-മായിച്ചേർന്ന് ഒരു പുനരുദ്ധാരണ പദ്ധതിക്ക് രൂപം നല്കിയതിന്റെ അടിസ്ഥാനത്തിൽ ബോംബെയിലെ 'സൊമാനി' ഗ്രൂപ്പിനെ കമ്പനിയുടെ പുനരുദ്ധാരണത്തിൽ പ്രൊമോട്ടറായി ചുമതലപ്പെടുത്തുകയും ചെയ്തു. പത്ത് വർഷത്തിനുള്ളിൽ പുനരുദ്ധരിക്കാമെന്ന വ്യവസ്ഥ അംഗീകരിച്ച 'സൊമാനി' ഗ്രൂപ്പ് അഞ്ച് വർഷമായപ്പോൾ ടി വ്യവസ്ഥയിൽനിന്ന് ഏകപക്ഷീയമായി പിന്മാറുകയും പ്രൊമോട്ടർ സ്ഥാനത്തുനിന്ന് രാജിവച്ച് പുറത്തു പോവുകയും ചെയ്തു. തുടർന്ന് കമ്പനിക്ക് നാഥനില്ലാത്ത അവസ്ഥ സംജാതമാവുകയും മാന്നാർ സ്വിച്ച്ഗിയർ അടക്കമുള്ള കമ്പനിയിലെ തൊഴിലാളികൾ ചേർന്ന് ഒരു സഹകരണസംഘം രൂപീകരിക്കുകയും അവർ ബി.ഐ.എഫ്.ആർ.-നെ സമീപിക്കുകയും മാന്നാർ അടക്കമുള്ള യൂണിറ്റുകൾ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവ പ്രവർത്തിപ്പിക്കാനും അല്ലാത്തവ ലേലം ചെയ്യാനും തീരുമാനിച്ചു. ഈ കാലയളവിൽ ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കുകയും ഹൈദരാബാദിൽ 100 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കമ്പനിയുടെ വക സ്ഥലത്തിന് 4000 കോടിയിലധികം വില ഉയരുകയും ചെയ്തു. ഈ സാഹചര്യം മനസ്സിലാക്കി പഴയ പ്രൊമോട്ടർമാരായ സൊമാനി ഗ്രൂപ്പ് ബി.ഐ.എഫ്.ആർ.-ന്റെ

തീരുമാനത്തിനെതിരെ എ.എ.ഐ.എഫ്.ആർ.- നെ സമീപിച്ച് 6 മാസത്തിനകം കമ്പനിയൊന്നാകെ പുനരുദ്ധരിക്കാമെന്ന് സമ്മതിച്ച് ഉത്തരവ് വാങ്ങി വീണ്ടും പ്രൊമോട്ടറായി രംഗത്തുവന്നു. അന്ന് എൽ.ഡി.എഫ്. സർക്കാർ കമ്പനി പുനരുദ്ധരിക്കുന്നതിന് നിരവധി അവസരങ്ങൾ സൊമാനി ഗ്രൂപ്പിന് നല്കിയെങ്കിലും കമ്പനി പ്രവർത്തിപ്പിക്കാൻ അവർ ശ്രമിച്ചില്ല. എ.എ.ഐ.എഫ്.ആർ.-നും സർക്കാരിനും സൊമാനി ഗ്രൂപ്പ് നല്കിയ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എളമരം കരീമിന്റെ നേതൃത്വത്തിൽ 2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു ഓർഡിനൻസിലൂടെ കമ്പനി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ടി ഓർഡിനൻസിന് പ്രസിഡന്റിന്റെ അനുമതി ലഭിക്കാതിരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സൊമാനി ഗ്രൂപ്പ് സ്വാധീനം ചെലുത്തുകയും ബിൽ മടക്കി അയയ്ക്കുകയുമാണുണ്ടായത്. തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ ഇത് പുനരുദ്ധരി ക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഏതാണ്ട് 400 കോടിയിലധികം രൂപയുടെ ബാധ്യതയുണ്ടെന്ന് പറയുന്ന പ്രസ്തുത കമ്പനി സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിക്കുകയും ഗവൺമെന്റ് എ.എ.ഐ.എഫ്.ആർ.-ൽ അപ്പീൽ കൊടുക്കുകയും അത് അനുവദിക്കുകയും ചെയ്തു. ആ സാഹചര്യത്തിലാണ് ബി.ഐ.എഫ്.ആർ.-ഉം എ.എ.ഐ.എഫ്.ആർ.-ഉം പിരിച്ചുവിട്ടത്. ആന്ധ്രാപ്രദേശിലെ സ്ഥലത്തിന് 3,000 കോടി രൂപ വിലയുണ്ടെന്ന് ആന്ധ്രാപ്രദേശ് ഗവൺമെന്റ് പറഞ്ഞിടത്ത് പതിനാറ് ലക്ഷം രൂപ മാത്രമേ വസ്തുവിന് വിലയുള്ളുവെന്നാണ് സൊമാനി ഗ്രൂപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചത്. പ്രസ്തുത കമ്പനി സർക്കാർ ഏറ്റെടുക്കുകയാണെങ്കിൽ നൂറുകണക്കിന് ആളുകൾക്ക് തൊഴിൽ നൽകാനും ലാഭകരമായി പ്രവർത്തിച്ച് നാടിന്റെ നന്മയ്ക്ക് ഉപകരിക്കുന്നതിനും കഴിയും. വെറും 5 കോടി രൂപ മുടക്കി 4,000 കോടി രൂപയിലധികം ആസ്തിയുള്ള പ്രസ്തുത കമ്പനി സൊമാനി ഗ്രൂപ്പ് ഇപ്പോൾ M/s. Voltas Impex Private Ltd (VIPL) എന്ന കമ്പനിക്ക് കൈമാറിയിരിക്കുകയാണ്. പ്രസ്തുത കമ്പനിയെയും തൊഴിലാളികളെയും രക്ഷിക്കുന്നതിനും കേരളത്തിന്റെ വ്യാവസായിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്ന പൊതുമേഖലയെ പുനരുദ്ധരിക്കുന്നതിനുംവേണ്ടി നിലകൊള്ളുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് അലിൻഡ് കമ്പനി ഏറ്റെടുത്ത് തൊഴിലാളികളെയും നാടിനെയും സംരക്ഷിക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1946-ൽ സ്ഥാപിച്ച കമ്പനിയാണ് അലിൻഡ്. സ്വാതന്ത്ര്യാനന്തരം കമ്പനി ആക്ട് 1956 പ്രകാരം ഇത് രജിസ്റ്റർ ചെയ്യുകയുണ്ടായി. തുടർന്ന് മാനേജ്മെന്റ് സിസ്റ്റം ഒഴിവാക്കി കമ്പനി നിയമം അനുസരിച്ച് പ്രവർത്തിക്കുമായിരുന്നു. സർക്കാർ പ്രതിനിധി ഡയറക്ടറും ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്നതായിരുന്നു കമ്പനി മാനേജ്മെന്റ്. 1987-ൽ ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്യുകയുണ്ടായി. 5-10-1989-ൽ ബി.ഐ.എഫ്.ആർ. ഒരു പുനരുദ്ധാരണ പദ്ധതി അനുവദിക്കുകയും

നിബന്ധനോപാധികളോടെ സൊമാനി ഗ്രൂപ്പിനെ പ്രൊമോട്ടറായി നിയമിക്കുകയുമുണ്ടായി. എന്നാൽ ഈ പദ്ധതി പരാജയപ്പെടുകയും തുടർന്ന് ബി.ഐ.എഫ്.ആർ. SICA-85 പ്രകാരം അലിൻഡ് അടച്ചുപൂട്ടാനും നിർദ്ദേശിച്ചു. എന്നാൽ അലിൻഡിന് പല സംസ്ഥാനങ്ങളിലും യൂണിറ്റുകളുള്ളതായും അതിൽ പല യൂണിറ്റുകളും നന്നായി പ്രവർത്തിക്കുന്നതാണെന്നും ശ്രദ്ധയിൽപ്പെട്ടപ്പോൾ അടച്ച് പൂട്ടലിനുപകരം ലാഭത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കാനും അഭിവൃദ്ധി സാധ്യത ഇല്ലാത്ത യൂണിറ്റുകൾ വിറ്റഴിക്കാനും ബി.ഐ.എഫ്.ആർ. ഉത്തരവായി. അതിൻപ്രകാരം 2000-ൽ പുരോഗതി സാദ്ധ്യതയില്ലാത്ത യൂണിറ്റുകൾ വിൽക്കുന്നതിന് bidder-മായി പരസ്പരധാരണയിലെത്താൻ ബി.ഐ.എഫ്.ആർ. നിർദ്ദേശിച്ചു. അതിൻപ്രകാരം പരസ്യം നൽകിയതിൽ M/s. Volta Impex Private Ltd-നെ ബി.ഐ.എഫ്.ആർ. അംഗീകരിക്കുകയും ലാഭത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന അലിൻഡിന്റെ ഹൈദരാബാദിലെ രണ്ട് യൂണിറ്റുകളെ പുനരുദ്ധരിക്കാനും ആവശ്യപ്പെട്ടു. സൊമാനി ഗ്രൂപ്പിന്റെ എതിർപ്പിനെ അവഗണിച്ച് ഹൈദരാബാദ് യൂണിറ്റിനായി തയ്യാറാക്കിയ D.R.S. (Draft Rehabilitation Scheme) ബി.ഐ.എഫ്.ആർ. അംഗീകരിക്കുകയുണ്ടായി. ഇതിനെതിരെ സൊമാനി ഗ്രൂപ്പ് SICA (Sick Industrial Companies Act) Act Section 25 പ്രകാരം എ.എ.ഐ. എഫ്.ആർ.-ൽ അപ്പീൽ ഫയൽ ചെയ്തു. എ.എ.ഐ.എഫ്.ആർ.-ന്റെ നിർദ്ദേശ പ്രകാരം കമ്പനി ബോർഡ് രൂപീകരിക്കാൻ ഉത്തരവായി. പക്ഷേ പ്രൊമോട്ടർമാരായ സൊമാനി ഗ്രൂപ്പ് അവരുടെ പ്രതിനിധികളെ മാത്രമാണ് കമ്പനി ബോർഡിൽ ഉൾപ്പെടുത്തിയത്. ഈ നടപടി എ.എ.ഐ.എഫ്.ആർ.-ന്റെ ഉത്തരവിന് വിരുദ്ധമാണ്. കൂടാതെ കമ്പനിയുടെ ഉടമസ്ഥാവകാശം തങ്ങൾക്കാണെന്ന ഭാവത്തിൽ അവർ ബി.ഐ.എഫ്.ആർ. മുമ്പാകെ ഡ്രാഫ്റ്റ് റീഹാബിലിറ്റേഷൻ സ്കീം സമർപ്പിക്കുകയുണ്ടായി.

2010 ജൂണിൽ അലിൻഡ് ഏറ്റെടുക്കുന്നതിനായി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആ ഓർഡിനൻസ് രാഷ്ട്രപതി കേന്ദ്രഗവൺമെന്റിന് മടക്കുകയാണുണ്ടായത്. നിയമമാക്കി അയയ്ക്കാൻ പറഞ്ഞാണ് മടക്കിയിരുന്നത്. പക്ഷേ ഇക്കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് ഒന്നും ചെയ്തില്ല. സംസ്ഥാന ഗവൺമെന്റിന്റെ നിയമപരമായ തടസ്സങ്ങൾ അവഗണിച്ചുകൊണ്ട് 12-2-2014-ൽ ബി.ഐ.എഫ്.ആർ. പ്രൊമോട്ടർ കമ്പനി നൽകിയ ഡ്രാഫ്റ്റ് റീഹാബിലിറ്റേഷൻ സ്കീം അംഗീകരിക്കുകയുണ്ടായി. ഇതിനെതിരെ അലിൻഡ് റിട്ടയേർഡ് എംപ്ലോയീസ് അസോസിയേഷനും അലിൻഡ് ഷെയർ ഹോൾഡേഴ്സ് അസോസിയേഷനും എ.എ.ഐ.എഫ്.ആർ.-ൽ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്

അപ്പീൽ പെറ്റീഷൻ 2016-ൽ ഫയൽ ചെയ്തത്. 25-11-2016-ൽ ഹിയറിംഗിനായി കേസ് നിശ്ചയിച്ചതുമായിരുന്നു. എന്നാൽ 1-12-2014-ൽ കേന്ദ്രസർക്കാർ ബി.ഐ. എഫ്.ആർ.-ഉം അപ്പലേറ്റ് അതോറിറ്റിയായ എ.എ.ഐ.എഫ്.ആർ.-ഉം വൈൻഡ് അപ്പ് ചെയ്യുകയും ഈ രണ്ട് ഫോറങ്ങളുടെ മുമ്പിലുള്ള കേസ്സുകൾ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ (NCLT) മുമ്പാകെ രജിസ്റ്റർ ചെയ്യണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത് NCLT മുമ്പാകെ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരികയുമാണ്.

ലഭ്യമായ വിവരങ്ങളനുസരിച്ച് അലിൻഡിന്റെ 10 രൂപ മുഖവിലയുള്ള 27 ലക്ഷം ഇക്വിറ്റി ഷെയറുകൾ 9500-ഓളം ഓഹരി ഉടമസ്ഥരിൽ നിക്ഷിപ്തമാണ്. ഇതിൽ 70 ശതമാനം ഓഹരി പത്തോ അതിൽ കുറവോ ഓഹരി ഉടമകളിലാണ്. ഇതിൽ മിക്ക ഓഹരി ഉടമകളും മരണപ്പെട്ടുപോകുകയോ അല്ലെങ്കിൽ യഥാർത്ഥ അനന്തരാവകാശികൾ ഇല്ലാത്തവരോ ആണ്. സർക്കാരിന്റെ അലിൻഡ് ഓഹരികളുടെ ഉടമസ്ഥാവകാശം ഒരു ശതമാനത്തിൽ താഴെയായതിനാൽ കമ്പനി ഏറ്റെടുക്കാനോ മറ്റ് സംസ്ഥാനങ്ങളിലെ കമ്പനി സ്വത്തുക്കളിൽ അവകാശം സ്ഥാപിക്കാനോ സർക്കാരിന് കഴിയുമെന്ന് തോന്നുന്നില്ല. അതിന് നിയമോപദേശം തേടിക്കൊണ്ടിരിക്കുകയാണ്.

അലിൻഡിന്റെ വസ്തുവകകൾ സംബന്ധിച്ച കാര്യത്തിൽ കുണ്ടറയിലെ സർക്കാർ ഭൂമിയായ 62.88 ഏക്കറിൽ 33.12 ഏക്കർ ഉൽപ്പാദന ലക്ഷ്യത്തിന് ഉപയോഗിച്ചിട്ടുള്ളതായി വാണിജ്യ-വ്യവസായ ഡയറക്ടറേറ്റ് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സൊമാനി ഗ്രൂപ്പിന്റെ സഹായി കമ്പനിയായ M/s. Voltas Impex Private Ltd (VIPL) കുണ്ടറ യൂണിറ്റിൽ നിക്ഷേപം നടത്താൻ താൽപ്പര്യം കാണിച്ചിട്ടുണ്ട്. കൂടാതെ 30 കോടി രൂപ പ്ലാന്റ് ആന്റ് മെഷിനറിക്കായി മുടക്കാമെന്ന് വാഗ്ദാനം നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകാനുള്ള 33.8 കോടി രൂപ ഉൾപ്പെടെ 116 കോടി രൂപ അവർ മുടക്കിയതായി അവകാശപ്പെട്ടിട്ടുണ്ട്. അതിനാൽ കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള തുക ഒഴിവാക്കിക്കൊടുത്താൽ ബി.ഐ.എഫ്.ആർ. സ്കീം പ്രകാരം ദീർഘകാല പാട്ടക്കരാറിൽ കമ്പനി പുനരുദ്ധരിക്കാൻ തയ്യാറാണെന്ന് M/s. Voltas Impex Private Ltd (VIPL) അറിയിച്ചിട്ടുണ്ട്. അവർ വ്യവസായ നിക്ഷേപവും തൊഴിൽ സാധ്യതയും വാഗ്ദാനം ചെയ്യുന്നുണ്ട്. ഉപയോഗത്തിലുള്ള 33.12 ഏക്കർ ഒഴിച്ച് ബാക്കിയുള്ള ഭൂമി മറ്റ് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമോ എന്ന സാധ്യതയും സർക്കാർ പരിശോധിച്ചു വരികയാണ്. സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നിയമപരമായ സാധ്യതകളെല്ലാം ഈ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: സർ, പ്രസ്തുത കമ്പനികളുടെ പ്രവർത്തന ങ്ങളെ സംബന്ധിച്ച് ധാരാളം ആരോപണങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ പ്രശ്നത്തിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം അടുത്ത ദിവസം വിളിച്ചുചേർത്തിട്ടുണ്ട്. ഇപ്പോൾ വന്നിട്ടുള്ള പ്രൊപ്പോസലു കളുടെ ഭാഗമായി കമ്പനി തുറക്കാൻ കഴിയുന്നതാണോയെന്ന് ആലോചിച്ചതിനു ശേഷം മറ്റ് പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്താമെന്നാണ് സർക്കാർ ആലോചിക്കുന്നത്.

## 2. ഒഴിവുകൾ നികത്തൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. പ്രിൻസിപ്പാൾമാരില്ലാത്ത സംസ്ഥാനത്തെ കോളേജുകളുടെ പ്രവർത്തനം വർഷങ്ങളായി താളംതെറ്റിയിരിക്കുകയാണ്. കോളേജുകളിൽ ഭരണം മാത്രമല്ല, യു.ജി.സി. അംഗീകാരം നേടിയെടുക്കേണ്ട പല പദ്ധതികളും അനിശ്ചിതത്വത്തിലാണ്. 2016 ഫെബ്രുവരി 23-ാം തീയതിയിലെ ഹൈക്കോടതി വിധി പ്രകാരം കേരളത്തിലെ കോളേജുകളിൽ 2010 മുതൽ പുതുക്കിയ യു.ജി.സി. റെഗുലേഷൻസ് നിലവിൽ വന്നിരിക്കുകയാണ്. ഈ റെഗുലേഷൻസ് അനുസരിച്ചുള്ള യോഗ്യതപ്രകാരം നിയമനം നടത്താൻ പ്രായോഗിക പ്രശ്നങ്ങളുള്ളതിനാൽ സർക്കാർ കോളേജുകളിലടക്കം പ്രിൻസിപ്പാൾ നിയമനം നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. കേരളത്തിൽ പ്രൊമോഷൻവഴിയുള്ള പ്രിൻസിപ്പാൾ നിയമനവും തടസ്സപ്പെട്ടിരിക്കുകയാണ്. ഈ വിധിന്യായത്തിനെതിരെയാണ് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിക്കുകയും അതിന്റെ വെളിച്ചത്തിൽ സർക്കാർ കോളേജ് പ്രിൻസിപ്പാൾ നിയമനത്തിലുള്ള സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ട് 19-3-2017-ന് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത്. സംസ്ഥാനത്തെ പകുതിയിലേറെ കോളേജുകളിലും നിയമന അംഗീകാരം ലഭിക്കാത്തവരോ താൽക്കാലിക ചാർജ്ജുള്ളവരോ ആണ് ഇപ്പോൾ പ്രിൻസിപ്പാളായിട്ടുള്ളത്. ഇത് കോളേജുകളിലെ പാഠ്യേതര പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുകയാണ്. സ്പെഷ്യൽ റൂൾസ് ഭേദഗതിയിൽ നിലവിലുള്ള മൈനോറിറ്റി സ്റ്റാറ്റസ്, സീനിയോറിറ്റി സ്റ്റാറ്റസ് കം ഫിറ്റ്നെസ് എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങളുംകൂടി ഉൾപ്പെടുത്തി എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾ നിയമനം, പ്രൊമോഷൻ എന്നിവയ്ക്ക് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്ക് എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾ നിയമനത്തിന് അംഗീകാരം നൽകാനുള്ള സാഹചര്യമൊരുക്കേണ്ടതായിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 2017-ലെ സർക്കാർ ഉത്തരവനുസരിച്ച് ഗവൺമെന്റ് കോളേജുകളിൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്താണ് പ്രിൻസിപ്പാൾമാരെ നിയമിച്ചത്. അതിൽ യു.ജി.സി. റെഗുലേഷൻസിൽ പറഞ്ഞിരിക്കുന്ന ഗൈഡ്ഷിപ്പും അക്കാദമിക്ക് പെർഫോമൻസ് ഇൻഡിക്കേറ്ററും

ഒഴിവാക്കിയാണ് അത് നടപ്പിലാക്കിയത്. ഇതുപോലെ എയ്ഡഡ് കോളേജുകളിലും പ്രിൻസിപ്പൽ നിയമനം നടത്താവുന്നതാണ്. എന്നാൽ സർക്കാർ ഭാഗത്തുനിന്ന് ഇതുവരെ അതിനാവശ്യമായ നടപടിയുണ്ടായിട്ടില്ല.

കോളേജുകളുടെ ഗുണനിലവാരം ഉയർത്താൻ സർക്കാർ കോളേജുകൾക്ക് കോടിക്കണക്കിന് രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഏതായാലും ഇത് നടപ്പിലാക്കണമെങ്കിൽ സംസ്ഥാനത്തെ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പാൾമാർ വേണം. അതില്ലാത്തതിനാൽ ഈ ഫണ്ട് പാഴായി പോകുകയാണ്. ഇത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ തകർക്കുമെന്നതിൽ യാതൊരു സംശയവുമില്ല. യു.ജി.സി. മാനദണ്ഡങ്ങൾ സർക്കാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് നൽകിയാൽ മാത്രമേ വീണ്ടും ഫണ്ട് ലഭ്യമാകുകയുള്ളൂ. ഒട്ടേറെപ്പേർ യോഗ്യത യുണ്ടായിട്ടും പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം ലഭിക്കാതെ വിരമിക്കുന്നതാണ് നിലവിലുള്ള സാഹചര്യം. അതോടൊപ്പം സംസ്ഥാനത്തെ സ്പെഷ്യൽ ഗ്രേഡ് കോളേജുകളിലും മറ്റ് കോളേജുകളിലും മാസങ്ങളായി പ്രിൻസിപ്പാൾമാരില്ലാതെ ഇൻ-ചാർജ്ജ് ഭരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. സ്പെഷ്യൽ ഗ്രേഡ് കോളേജുകളിലെ പ്രിൻസിപ്പാൾമാരിൽനിന്ന് സീനിയർ ആയവരെയാണ് ഡെപ്യൂട്ടി ഡയറക്ടർമാരായി നിയമിക്കുന്നത്. എന്നാൽ കേരളത്തിൽ ഇപ്പോൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഒറ്റ ഡെപ്യൂട്ടി ഡയറക്ടർപോലും ഇല്ലാത്ത അവസ്ഥാ വിശേഷമുണ്ട്. നിലവിൽ ആറ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയുണ്ടെങ്കിലും ഒരാളെപ്പോലും ഇതുവരെയും നിയമിച്ചിട്ടില്ല. എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപ കർക്ക് ശമ്പളം ലഭിക്കുന്നതിനും നിയമനാംഗീകാരം ലഭിക്കുന്നതിനും തടസ്സമാകുന്നുവെന്നത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. യോഗ്യതയുള്ളവർ ഉണ്ടായിട്ടും കോളേജ് ഡയറക്ടറേറ്റിൽ ഒഴിഞ്ഞുകിടക്കുന്ന അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് ആളെ പ്രൊമോട്ട് ചെയ്യാനോ നിയമിക്കാനോ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞിട്ടില്ല. അമ്പതോളം കോളേജുകളുമായി ജോലിഭാരംമൂലം ബുദ്ധിമുട്ടുന്ന കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പിന്റെ കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കണ്ണൂർ ആസ്ഥാനമായി ഒരു പുതിയ മേഖലാ ഓഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാർ എടുത്തിട്ടുള്ള തീരുമാനം ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ സിരാകേന്ദ്രമെന്ന് അവകാശപ്പെടുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, നാഥനില്ലാതായിട്ട് മാസങ്ങളായി. ഇതോടെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനവും നിശ്ചലമായിരിക്കുകയാണ്. സർവ്വകലാശാലകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കേന്ദ്രത്തിൽ നിന്നുള്ള പദ്ധതികൾ സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനും മേൽനോട്ടം വഹിക്കേണ്ടത് ഉന്നതവിദ്യാഭ്യാസ കൗൺസിലാണെന്നത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. പുതിയ കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട് ശ്രീ. രാജൻ

ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയമിച്ച ഒരു റിപ്പോർട്ട് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിലെ ആയിരക്കണക്കിന് അദ്ധ്യാപകർക്ക് 2010 സെപ്റ്റംബർ മുതൽ പ്ലേസ്മെന്റ് ലഭിക്കാതിരിക്കുകയാണ്. യു.ജി.സി. റെഗുലേഷൻസ് സംസ്ഥാനത്ത് എങ്ങനെ നടപ്പിലാക്കണമെന്നതിന് വ്യക്തത വരുത്താൻ വിദ്യാഭ്യാസ വകുപ്പിന് കഴിയാത്തതും അദ്ധ്യാപകരുടെ ടീച്ചിംഗ്, സെമിനാർ, എക്സാം ഡ്യൂട്ടി, റിസർച്ച് പബ്ലിക്കേഷൻസ് എന്നിവയുടെ അടിസ്ഥാന ത്തിൽ അക്കാദമിക് പെർഫോർമൻസ് ഇൻഡിക്കേറ്റർ പോയിന്റ് കണ്ടെത്താൻ ഗവൺമെന്റ് കോളേജുകളിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും എയ്ഡഡ് കോളേജുകളിൽ യൂണിവേഴ്സിറ്റികൾക്കും സാധിക്കുന്നതാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നിഷ്ക്രിയത്വം എല്ലാം അവതാളത്തിലാക്കിയിരിക്കുക യാണ്. അദ്ധ്യാപകരുടെ പ്ലേസ്മെന്റ് കാര്യത്തിൽ തീരുമാനമെടുക്കേണ്ട വകുപ്പും അതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നില്ല. അതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തികയും കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം ആസ്ഥാന കാര്യാലയം എന്നിവിടങ്ങളിൽ ഓരോ ഡെപ്യൂട്ടി ഡയറക്ടർമാരുടേതായി 6 തസ്തികകളും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലായി ഓരോ സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽമാരുടെ നാല് തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു. അഡീഷണൽ ഡയറക്ടറുടെ സ്ഥാനക്കയറ്റത്തിനുള്ള ഫീഡർ കാറ്റഗറി ഡെപ്യൂട്ടി ഡയറക്ടർമാരും ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഫീഡർ കാറ്റഗറി സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽമാരും സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽമാരുടെ ഫീഡർ കാറ്റഗറി പ്രിൻസിപ്പൽമാരുമാണ്. 10-12-2010-ലെ ഉത്തരവുപ്രകാരം യു.ജി.സി. മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നിരുന്നാലും യു.ജി.സി. യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർ മാരെ പ്രിൻസിപ്പൽമാരായി പ്രൊമോട്ട് ചെയ്തിരുന്നു. തുടർന്ന് 23-2-2016-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി (ഫുൾ ബഞ്ച്) സംസ്ഥാനത്ത് നടപ്പിലാക്കിയ 2010-ലെ യു.ജി.സി. റെഗുലേഷന് വിരുദ്ധമായി യോഗ്യതയില്ലാതെ നടത്തിയിട്ടുള്ള നിയമനങ്ങളും പ്രൊമോഷനുകളും നിയമവിരുദ്ധമാണെന്ന് വിധിന്യായം പുറപ്പെടുവിച്ചതിനെ ത്തുടർന്ന് കോളേജ് അദ്ധ്യാപകരുടെ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രൊമോഷൻ താൽക്കാലികമായി തടസ്സപ്പെട്ടു. 18-9-2010-നുശേഷം യു.ജി.സി.

യോഗ്യതയില്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരം താഴ്ത്താതിരിക്കാൻ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് പ്രിൻസിപ്പൽ പ്രൊമോഷന് 23-02-2016 മുതൽ പ്രാബല്യത്തിലായി സർക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ തള്ളിയതിനെത്തുടർന്ന് സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയുണ്ടായി. പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ കോളേജുകളുടെ ഭരണപ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 19-3-2017-ലെ ഉത്തരവുപ്രകാരം സുപ്രീംകോടതിയുടെ അന്തിമവിധിക്ക് വിധേയമായി പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫീഡർ കാറ്റഗറിയാണ് സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പലും അതിനുമുകളിലുള്ളവരുമെല്ലാം. ഇതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. യോഗ്യതയുള്ളവർക്ക് പ്രിൻസിപ്പൽ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾ നിലനിന്ന സാഹചര്യത്തിൽ പ്രിൻസിപ്പൽ തസ്തികയിലെ പ്രൊമോഷനുണ്ടായ കാലതാമസമാണ് ടി തസ്തികയുടെ പ്രൊമോഷൻ തസ്തികകളായ അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽ എന്നിവയിലേക്ക് പ്രൊമോഷനിൽ കാലതാമസം നേരിട്ടത്. അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി, ഡയറക്ടർ, സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽ എന്നീ തസ്തികകൾ 2010-ലെ യു.ജി.സി. റെഗുലേഷനിൽ പ്രതിപാദിക്കുകയോ ടി തസ്തികയുടെ യോഗ്യത നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി തസ്തികയുടെ സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത, ഫീഡർ കാറ്റഗറി എന്നിവയെ സംബന്ധിച്ച് പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകുന്നതിന് യോഗ്യതാ മാനദണ്ഡം നിശ്ചയിച്ച രീതിയിൽ പുനർനിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്. എന്നാൽ ടി തസ്തികകളുടെ സാമ്പത്തിക അധികാരത്തോടുകൂടിയുള്ള പൂർണ്ണ അധിക ചുമതല മറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതിനാൽ കോളേജുകളുടെയോ മറ്റ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുടെയോ ഭരണപരമായ കാര്യങ്ങളിൽ ഒരുവിധ തടസ്സവും നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിവിധ അക്കാഡമിക് വിഭാഗങ്ങളെ ഉൾപ്പെടുത്തി കൊളീജിയറ്റ് ഡയറക്ടേഴ്സ് തലത്തിൽ ഒരു സമിതി രൂപീകരിച്ച് അദ്ധ്യാപകരുടെ പെർഫോർമൻസ് ഇൻഡിക്കേറ്റർ പോയിന്റ് കണ്ടെത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ച് അദ്ധ്യാപകരുടെ സീനിയോറിറ്റി

നഷ്ടമാകാതിരിക്കുന്നതിനും അദ്ധ്യാപകരുടെ നിർത്തലാക്കിയ ലീവ് സറണ്ടർ ആനുകൂല്യം, ഫീസ് ആനുകൂല്യം തുടങ്ങിയവ തിരിച്ചുപിടിക്കാനുള്ള ശ്രമവും ഒഴിവാക്കിക്കൂടെ; അതോടൊപ്പം എയ്ഡഡ് കോളേജുകളിൽക്കൂടി ഇതേ നയം നടപ്പിലാക്കി പ്രിൻസിപ്പൽമാരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് കോടതി വിധിക്ക് വിധേയമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

# IV സബ്മിഷൻ

## 1. കളിമണ്ണ് കൊണ്ടുവരുന്നത് സംബന്ധിച്ച്

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, കേരളത്തിൽ കളിമണ്ണ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ കടുത്ത പ്രതിസന്ധി നേരിടുന്ന കാലഘട്ടമാണ്. നിരവധി ഓട് കമ്പനികൾ അടച്ചുപൂട്ടി, പലതും അടച്ചുപൂട്ടലിന്റെ വക്കിലുമാണ്. നിരവധി തൊഴിലാളികൾ തൊഴിൽരഹിതരായി. കേരളത്തിൽ കളിമണ്ണ് ഖനനം ചെയ്തെടുക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. കർണ്ണാടകത്തിൽനിന്നും പരിമിതമായ തോതിൽ കളിമണ്ണ് കൊണ്ടുവരുന്നതുകൊണ്ടാണ് പല കമ്പനികളും പിടിച്ചുനിൽക്കുന്നത്. ജിയോളജി പാസ് കർണ്ണാടകത്തിൽനിന്നും ലഭിക്കാത്തതിനാൽ സെയിൽസ് ടാക്സ് അടച്ച് ചെക്ക്പോസ്റ്റുകൾ വഴിയാണ് മണ്ണ് കൊണ്ടുവരുന്നത്. എന്നാൽ കേരളത്തിലെ ജിയോളജി, പോലീസ്, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകൾ ഇത്തരം കളിമണ്ണ് പിടിച്ചെടുത്ത് വൻ പിഴ ചുമത്തുന്നത് ഈ മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ആയതിനാൽ കർണ്ണാടകത്തിലെ നിയമപ്രകാരം ടാക്സ് അടച്ച് അവിടെ നിന്ന് കളിമണ്ണുമായി വരുന്ന വാഹനം തടഞ്ഞ് പിഴ ഈടാക്കുന്ന നടപടി തടയാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ കളിമൺ വ്യവസായം വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. കളിമണ്ണിന്റെ ലഭ്യത കുറവാണ് ഏറ്റവും പ്രധാന പ്രശ്നമായി വരുന്നത്. കളിമൺ ഖനനത്തിനുള്ള ഭൂമിയുടെ ലഭ്യതക്കുറവും തദ്ദേശ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള കർശന നിയന്ത്രണവും ഖനന മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ പ്രതിഷേധവുമെല്ലാം കളിമൺ ദൗർലഭ്യതയ്ക്ക്

കാരണമായിത്തീരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കളിമണ്ണ് കൊണ്ടുവരാനുള്ള ശ്രമങ്ങൾ വേണ്ടത്ര വിജയിക്കുന്നുമില്ല. ഈ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനത്തിന് തൃശ്ശൂർ കേന്ദ്രമാക്കി 'ടെറാടൈൽ കൺസോർഷ്യം' എന്ന പേരിൽ ഒരു ക്ലസ്റ്റർ ആരംഭിച്ചിട്ടുണ്ട്. കളിമണ്ണിന്റെ ദൗർലഭ്യം കാരണം അതിപ്പോൾ പ്രവർത്തനരഹിതമാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭാഗമായി നെൽവയലുകളും തണ്ണീർത്തട ങ്ങളും സംരക്ഷിക്കുന്നതിന് കൊണ്ടുവന്ന നിയന്ത്രണങ്ങളും കളിമണ്ണ് ഖനനത്തിന് ചില പ്രായോഗിക പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നോ മറ്റ് രാജ്യങ്ങളിൽനിന്നോ കപ്പൽമാർഗ്ഗമോ റെയിൽമാർഗ്ഗമോ കളിമണ്ണ് ഇറക്കുമതി ചെയ്യുമ്പോൾ റോയൽറ്റി ഒഴിവാക്കി നൽകണമെന്ന വ്യവസ്ഥ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നിയമമായ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ട്, കേരള മിനറൽസ് ചട്ടങ്ങൾ എന്നിവ പ്രകാരവും കളിമണ്ണ് ഉൾപ്പെടെയുള്ള ധാതുക്കൾ കൊണ്ടുപോകുന്നതിന് നിയമാനുസൃതമായ മിനറൽ ട്രാൻസിറ്റ് പാസ് ആവശ്യമാണ്. സംസ്ഥാനത്തെ കളിമണ്ണിന്റെ ദൗർലഭ്യം പരിഗണിച്ച് കർണ്ണാടകത്തിൽ നിന്നും വിൽപ്പന നികുതിയടച്ച് ചെക്ക്പോസ്റ്റുകൾവഴി കൊണ്ടുവരുന്ന കളിമണ്ണ് പിടിച്ചെടുക്കുന്നതൊഴിവാക്കാൻ ജിയോളജി, പോലീസ്, ട്രാൻസ്പോർട്ട് വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകുന്നതാണ്.

## 2. ഫ്ലൈറ്റ് ഹാൻഡ്ലിംഗ് തൊഴിലാളി സമരം

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള ത്തിൽ എയർ ഇന്ത്യ ഫ്ലൈറ്റ് ഹാൻഡ്ലിംഗ് സർവ്വീസ് ചെയ്തിരുന്ന കുള്ളാർ ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കുകീഴിൽ ക്ലീനിംഗ്, ലോഡിംഗ്, കൗണ്ടർ സ്റ്റാഫ് എന്നീ വിഭാഗങ്ങളിലായി നാന്നൂറിൽപ്പരം കരാർ തൊഴിലാളികൾ ജോലി ചെയ്തിരുന്നു. തൊഴിലാളികളെ എ.ഐ.എ.ടി.എസ്.എൽ. (ആൾ ഇൻഡ്യ എയർ ട്രാൻസ്പോർട്ട് സർവ്വീസസ് ലിമിറ്റഡ്) ഏറ്റെടുക്കുന്നതിനും തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത പി.എഫ്., ഇ.എസ്.ഐ. വിഹിതം തിരിച്ചടയ്ക്കണമെന്നും മറ്റും ആവശ്യപ്പെട്ട് 48 ദിവസം നിരാഹാര സമരം നടത്തുകയും ഇതേത്തുടർന്ന് കുള്ളാർ കമ്പനിയിലെ തൊഴിലാളികളെ മുഴുവൻ ഏറ്റെടുക്കുന്നതിന് എ.ഐ.എ.ടി.എസ്.എൽ. തീരുമാനിക്കുകയും ബഹുഭൂരിപക്ഷം തൊഴിലാളികളെയും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന വിവിധ യൂണിയനുകളിൽപ്പെട്ട 12 തൊഴിലാളികളുൾപ്പെടെ 20-ൽപ്പരം കരാർ തൊഴിലാളികളെ ഏറ്റെടുക്കുന്നതിന് ഇതുവരെ എ.ഐ.എ.ടി.എസ്.എൽ. തയ്യാറായിട്ടില്ല. 10 വർഷത്തോളം എയർപോർട്ടിൽ ജോലി

ചെയ്തവരും വിമാനത്താവളത്തിന് ഭൂമി നൽകുകയും വിമാനത്താവളത്തിന്റെ പ്രവർത്തനത്തിന് എല്ലാ സഹായവും ചെയ്ത കുടുംബങ്ങളിൽപ്പെട്ട ആളുകളുമാണ് ഇതിൽ മിക്കവരും. ഈ തൊഴിലാളി കുടുംബങ്ങൾ ഇപ്പോൾ പട്ടിണിയിലാണ്. ആയതിനാൽ ഇവരെ ഏറ്റെടുക്കുന്നതിനും കുടിശ്ശികയുള്ള ശമ്പളം ലഭ്യമാക്കുന്നതിനും അടിയന്തര ഇടപെടൽ നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കഴിഞ്ഞ അഞ്ച് വർഷമായി കരിപ്പൂർ എയർപോർട്ടിൽ നാല് യൂണിയനുകളിലായി 500-ൽപ്പരം തൊഴിലാളികൾ ജോലിചെയ്തുവരുന്നു. രണ്ട് വർഷത്തിലൊരിക്കൽ മാറിവരുന്ന കരാറുകാരുടെ കീഴിലാണ് ഈ തൊഴിലാളികൾ ജോലി ചെയ്തിരുന്നത്. പ്രസ്തുത സ്ഥാപനത്തിലെ കരാർ കമ്പനിയായിരുന്ന കുള്ളാർ ഹോസ്പിറ്റാലിറ്റി എന്ന സ്ഥാപനത്തിൽ ഡ്രൈവർമാർ, ക്ലീനിംഗ് തൊഴിലാളികൾ, ഓഫീസ് ജീവനക്കാർ എന്നീ വിഭാഗങ്ങളിലായി 442 തൊഴിലാളികളാണ് ജോലി ചെയ്തിരുന്നത്. തൊഴിലാളികൾക്ക് ശമ്പളം തവണ കളായി ലഭിക്കുന്നു. മിനിമം വേതനം ലഭിക്കുന്നില്ല, പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളി യൂണിയനുകൾ സമരം നടത്തിയിരുന്നു. ഇതിനെത്തുടർന്ന് കുള്ളാർ കമ്പനിയിലെ മുഴുവൻ തൊഴിലാളികളെയും ഏറ്റെടുക്കുന്നതിന് എയർ ഇന്ത്യ എയർ ട്രാൻസ്പോർട്ട് സർവ്വീസസ് ലിമിറ്റഡ് തീരുമാനിച്ചിരുന്നു. പക്ഷേ, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന വിവിധ യൂണിയനുകളിൽപ്പെട്ട തൊഴിലാളികളടക്കം 20-ൽക്കൂടുതൽ കരാർ തൊഴിലാളികളെ ഏറ്റെടുക്കുന്നതിന് എയർ ഇന്ത്യ എയർ ട്രാൻസ്പോർട്ട് സർവ്വീസസ് ലിമിറ്റഡ് ഇതുവരെ തയ്യാറായിട്ടില്ല. മേൽ സ്ഥാപനം കേന്ദ്ര തൊഴിൽ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതാണ്. സംസ്ഥാന തൊഴിൽ വകുപ്പിന് നടപടി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം റീജിയണൽ ലേബർ കമ്മീഷണർ സെൻട്രലിന് പരാതി കൈമാറിയിട്ടുണ്ട്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളവും അവരുടെ കരാറുകാരും അതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതാണ്. ഈ വിഷയത്തിൽ സർക്കാരിന് ഇടപെട്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

## 3. മെഡിക്കൽ പി.ജി. വിദ്യാർത്ഥികളുടെ ഫീസ്

ശ്രീ. എ. പി. അനിൽ കുമാർ: സർ, സ്വാശ്രയ മെഡിക്കൽ പി.ജി. കോഴ്സുകളിലെ അനിയന്ത്രിതമായ ഫീസ് വർദ്ധന സാധാരണ കുടുംബങ്ങളിൽ നിന്നുംവരുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വലിയ ആശങ്കയാണു ണ്ടാക്കിയിട്ടുള്ളത്. പ്രത്യേകിച്ച് എസ്.സി., എസ്.ടി., ഒ.ഇ.സി., ഒ.ബി.സി. വിഭാഗങ്ങളിലെ 30-ഓളം പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ ഉയർന്ന മാർക്ക് വാങ്ങി നീറ്റ് പരീക്ഷ

പാസ്സായാലും അവർക്ക് വലിയ ഫീസ് കൊടുത്ത് പഠിക്കേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. സ്വാശ്രയ മെഡിക്കൽ കോളേജുകൾ വരുമ്പോൾ രണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഒരു ഗവൺമെന്റ് കോളേജിന് തുല്യമാണെന്ന ആശയം മുമ്പുണ്ടായിരുന്നു. ആ ആശയത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള വിദ്യാർത്ഥി കളായിരുന്നു. നിർഭാഗ്യവശാൽ ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും നല്ല രീതിയിൽ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്കുപോലും പ്രത്യേകിച്ച് എസ്.സി./ എസ്.ടി. വിദ്യാർത്ഥികൾക്ക്, മെഡിക്കൽ പഠനം എന്നുള്ളത് അപ്രാപ്യമാകുന്ന സാഹചര്യത്തിലേക്ക് പോവുകയാണ്. ഇത്തരം വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഏത് ഫീസാണോ നൽകേണ്ടത്, ആ ഫീസ് ഗവൺമെന്റ് നൽകാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത് 50/2009 നമ്പർ സർക്കുലർ പ്രകാരമാണ്. നിലവിൽ സ്വാശ്രയ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ പദ്ധതിയിൽ വരുമാന പരിധിയില്ലാതെയും കേന്ദ്ര പദ്ധതിയിൽ 2,50,000 രൂപവരെ വാർഷിക കുടുംബ വരുമാനമുള്ളവർക്കുമാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നത്. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും അനുവദിക്ക ന്നുണ്ട്. ഈ അദ്ധ്യയനവർഷം മുതൽ സ്വാശ്രയ മെഡിക്കൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് നീറ്റ് സീറ്റിൽനിന്നും മെരിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. മുമ്പ് ഉണ്ടായിരുന്നതുപോലെ മെരിറ്റ്/മാനേജ്മെന്റ് എന്ന വേർതിരിവ് ഈ വർഷം അവസാനിക്കുകയാണ്. അതിനാൽ 50/2009 നമ്പർ സർക്കാർ ഉത്തരവുപ്രകാരവും കേന്ദ്ര പദ്ധതി പ്രകാരവും സ്വാശ്രയ കോഴ്സുകളിൽ മെരിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീ റെഗുലേറ്ററി കമ്മിറ്റി നിർദ്ദേശിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കേണ്ട സാഹചര്യമാണുള്ളത്. സ്വാശ്രയ മെഡിക്കൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് കഴിഞ്ഞ വർഷംവരെ 50 ശതമാനം സീറ്റുകളാണ് മെരിറ്റിൽ ലഭ്യമായത്. ഇതിൽ 10 ശതമാനം കുട്ടികൾക്കാണ് എസ്.സി./എസ്.ടി. സംവരണത്തിന്റെ ആനുകൂല്യം അനുവദിച്ചത്. ഈ വർഷം മുതൽ നീറ്റ് പരീക്ഷയുടെ അടിസ്ഥാനത്തിൽ 100 ശതമാനം സീറ്റുകളും മെരിറ്റടിസ്ഥാനത്തിൽ അലോട്ട്മെന്റ്

നടത്തേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ഇരട്ടിയായി വർദ്ധിക്കും. ഇതിനുപുറമെ 100 ശതമാനം സീറ്റുകളിലും ഏകീകൃത ഫീസ് എന്ന സുപ്രീംകോടതിയുടെ നിബന്ധന പ്രകാരമുള്ള മാനദണ്ഡം നടപ്പിലാക്കുമ്പോൾ മെരിറ്റിലുണ്ടായിരുന്ന ഫീസ് വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആ നിലയിൽ നോക്കിയാലും നിലവിൽ നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യത്തുക ഇരട്ടിയാകാനാണ് സാദ്ധ്യത. ഈ രണ്ട് കണക്കുകളും പരിശോധിക്കുമ്പോൾ നിലവിൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് വകുപ്പുതലത്തിൽ ചെലവിടുന്ന വിദ്യാഭ്യാസാനുകൂല്യത്തുക ഇരട്ടിയായി വർദ്ധിക്കും. യഥാർത്ഥ കണക്ക് പ്രവേശനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ. നിലവിൽ ബഡ്ജറ്റിന് പുറമെ തുക കണ്ടെത്തിയാൽ മാത്രമേ ഈ ബാധ്യത ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഇത് ഏറ്റെടുക്കാൻ ഗവൺമെന്റ് നിർബന്ധിക്കപ്പെടും. അതുകൊണ്ട് അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് അധിക വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## 4. കനാൽ നിർമ്മാണം

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, തിരുവനന്തപുരം-കാസർഗോഡ് ജലപാതയുടെ ഭാഗമായി വരുന്ന വടകര-മാഹി ജലപാത കുറ്റ്യാടി, മാഹി പുഴകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ആർട്ടിഫിഷ്യൽ റിവറായാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിനുവേണ്ട സ്ഥലമെടുപ്പ് 1960-കളുടെ ആദ്യം നടക്കുകയും പ്രവൃത്തികൾ ചെറിയ തോതിൽ ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ പല കാരണങ്ങളാൽ പ്രവൃത്തി പിന്നീട് നിർത്തിവച്ചു. 2012-ൽ 17.61 കിലോമീറ്റർ നീളമുള്ള ഇപ്പോഴത്തെ കനാൽ നിർമ്മാണവും മൺപണികളും, പ്രവൃത്തിയുടെ സൗകര്യം കണക്കിലെടുത്ത് അഞ്ച് റീച്ചുകളായി അറേഞ്ച് ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണ് ഇപ്പോൾ നടക്കുന്നത്. പ്രവൃത്തി നടന്നുവരുന്ന അഞ്ച് റീച്ചിലും മണ്ണിന്റെ ഘടന വ്യത്യസ്തമാണ്. ചിലസ്ഥലങ്ങളിൽ ചെളിയും മറ്റ് സ്ഥലങ്ങളിൽ ഒട്ടിപ്പിടിക്കുന്നതും കൃഷിക്ക് ദോഷകരവുമായ മണ്ണാണുള്ളത്. 10-15 മീറ്റർ ആഴത്തിലാണ് ചില സ്ഥലങ്ങളിൽനിന്നും മണ്ണെടുക്കുന്നത്. ഉപയോഗശൂന്യമായ ഈ മണ്ണ് മലപോലെ വഴിയോരങ്ങളിലും വീടുകളുടെ മുന്നിലും കൂട്ടിയിട്ടിരിക്കുകയാണ്. ഇത് എന്ത് ചെയ്യണമെന്ന് ഉദ്യോഗസ്ഥർക്കും കരാറുകാർക്കും യാതൊരു നിശ്ചയവുമില്ല. ഇതുകാരണം സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ വളരെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. 16 കിലോമീറ്റർ അപ്പുറമുള്ള പുഴയിലെ ഉപ്പുവെള്ളം കയറി വീടുകളിലെ കിണറുകൾ ഉപയോഗശൂന്യമാകുന്നു, ചില ഭാഗങ്ങളിൽ കിണറുകൾ വറ്റിവരളുന്നു, വീടുകളുടെ ചുമരുകൾക്ക് വിള്ളലുണ്ടാകുന്നു തുടങ്ങിയ പ്രശ്നങ്ങൾകൊണ്ട് ജന ജീവിതം ദുസ്സഹമാണ്. പ്രധാന റോഡുകളിൽ

കനാലിനുവേണ്ടി പാലം നിർമ്മാണം നടക്കുന്നതുകാരണം സ്കൂളുകളിലും കോളേജുകളിലും പോകുന്ന വിദ്യാർത്ഥികളും ആശുപത്രിയിൽ പോകുന്ന രോഗികളും ടൗണിൽ പോകുന്ന സാധാരണക്കാരും കടുത്ത ബുദ്ധിമുട്ടനുഭവിക്കുകയാണ്. സാമാന്യം വേഗത്തിൽ പാലം പണി പുരോഗമി ക്കുന്നുണ്ടെങ്കിലും മഴക്കാലത്ത് ഉണ്ടാകുന്ന അവസ്ഥയെക്കുറിച്ച് ജനങ്ങൾ ആശങ്കയി ലാണ്. കനാലിന്റെ പണി പൂർത്തിയാകുമ്പോൾ കല്ലേരിയിലെയും പരിസര പ്രദേശങ്ങളിലെയും 4 മുതൽ 6 മീറ്റർ വരെയുള്ള ജലവിതാനം സീറോ ലെവലിലേയ്ക്ക് താഴുമെന്നതിനാൽ ഈ പ്രദേശത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് സാധ്യത യുണ്ടെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ ഈ പ്രശ്നം പരിഹരിക്കാൻ, ഉന്നത ഉദ്യോഗസ്ഥ സംഘത്തെക്കൊണ്ട് സ്ഥലം പരിശോധിപ്പിക്കുകയും അവിടത്തെ നാട്ടുകാരേയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരയോഗം വിളിച്ചുചേർക്കണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം-കാസർഗോഡ് ജലപാതയുടെ ഭാഗമായ വടകര-മാഹി കനാലിന്റെ നീളം 17.6 കിലോമീറ്ററാണ്. അഞ്ച് റീച്ചുകളിലായി ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. റീച്ച് 1-ന്റെ പ്രവൃത്തി 20 ശതമാനം പൂർത്തീകരിച്ചശേഷം ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവയ്ക്കേണ്ടിവന്നു. കനാലിന്റെ അടിഭാഗത്തെ ചെളിനിറഞ്ഞ മണ്ണിന്റെ പ്രത്യേകത കാരണം പാർശ്വഭിത്തികൾ ഇടിഞ്ഞുതാഴുന്ന തിനാൽ കനാൽ പാർശ്വങ്ങളിൽ വേണ്ടത്ര ചരിവോടെ സൈഡ് വെട്ടി പണി പൂർത്തീകരിക്കുവാൻ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റീച്ച് 2, 3, 4 എന്നിവയുടെ പ്രവൃത്തികൾ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. റീച്ച് 5-ന്റെ പ്രവൃത്തി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 29 ശതമാനം പൂർത്തീകരിച്ചു. ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വടകര-മാഹി കനാലിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി 1965-ൽ അന്നത്തെ കനാൽ സ്റ്റാൻഡേർഡുകൾ പ്രകാരമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇപ്പോൾ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി നിശ്ചയിക്കുന്ന സ്റ്റാൻഡേർഡ് പ്രകാരം 32 മീറ്റർ വീതിയും കുറഞ്ഞത് 2.2 മീറ്റർ ആഴവുമുള്ള കനാലാണ് നിർമ്മിക്കേണ്ടത്. നിർമ്മാണത്തിനായി കുഴിച്ചതിന്റെ ഭാഗമായി കനാൽ പാർശ്വങ്ങളിൽ കൂട്ടിയിട്ട മണ്ണ് നീക്കം ചെയ്ത് കനാലിന്റെ പാർശ്വങ്ങളിൽ വഴി രൂപപ്പെടുത്തിവരുന്നു. കനാലിൽ 9 പാലങ്ങളും 15 നടപ്പാലങ്ങളും നിർമ്മിക്കുന്നുണ്ട്. ഇവ നിർമ്മിക്കുന്നതോടെ ജനങ്ങളുടെ ക്ലേശങ്ങൾക്ക് പരിഹാരമാകും.

## 5. നഷ്ടപരിഹാരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതൊരു ചതിയുടെ കഥയാണ്. 10 ദളിത് കുടുംബങ്ങളോട് റെയിൽവേ ചെയ്ത ഒരു പ്രവർത്തനത്തിൽ റവന്യൂ വകുപ്പും കൂട്ടുനിന്നുവെന്ന് ഞാൻ ആക്ഷേപിക്കുന്നില്ല, അവരറിയാതെയാണെങ്കിലും അതിൽ ചെന്നുപെട്ടു. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം റെയിൽവേപ്പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി അവിടെ റെയിൽവേ ട്രാക്ക് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ ഇറക്കിയപ്പോൾ അത് denovo ആയി. അപ്പോൾ റെയിൽവേ ഈ 10 കുടുംബങ്ങളുടെയും ആധാരം വാങ്ങി. ഈ 10 കുടുംബങ്ങൾക്കുംകൂടി ആകെയുള്ളത് 40 സെന്റ് ഭൂമിയാണ്. 4 സെന്റ് ഭൂമിയാണ് ആവറേജ് വരുന്നത്. ആ ഭൂമിയിൽ റെയിൽവേ ഒരു കലുങ്കും നിർമ്മിച്ചു. അതിനുശേഷം ഈ ഭൂമി വേണ്ടെന്ന് റെയിൽവേ പറയുകയാണ്. അവർക്ക് കൊടുക്കാനുള്ള ആർ. ആന്റ് ആർ. പാക്കേജില്ലേ; ആ പാക്കേജ് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അവർക്ക് കൊടുക്കേണ്ട നഷ്ടപരിഹാരം നൽകേണ്ടതല്ലേ? പാവപ്പെട്ട ദളിത് കുടുംബങ്ങളോട് ഇങ്ങനെയൊരു കൊലച്ചതി റെയിൽവേയിലെ ചില ഉദ്യോഗസ്ഥർ ബോധപൂർവ്വമായി ചെയ്തതാണോയെന്ന് എനിക്കറിയില്ല. അവരോട് നീതി കാണിക്കണം. അങ്ങയുടെ ഭാഗത്തുനിന്ന് നൂറ് ശതമാനവും നീതിയുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇപ്പോൾ അവർ പറയുന്നത് ടെക്നിക്കലായ കാര്യമാണ്. റെയിൽവേ ട്രാക്കിന്റെ പുറത്തായതുകൊണ്ട് അവർക്ക് ഭൂമി വേണ്ടെന്നാണ് പറയുന്നത്. റെയിൽവേ ട്രാക്കിന്റെ പുറത്താണെങ്കിലും ട്രാക്കിന് 40 മീറ്റർ മാറി മാത്രമേ അവർക്ക് വീട് വയ്ക്കാൻ പറ്റുകയുള്ളൂ. ഈ കുടുംബങ്ങൾ ഏകദേശം 50 കൊല്ലമായി താമസിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്ത് റെയിൽവേ ട്രാക്ക് നിർമ്മിച്ചതിനുശേഷം സ്ഥലമാവശ്യമില്ലെന്ന് പറയുകയാണ്. എന്തൊരനീതിയാണ്, ട്രാക്കും അവരുടെ വീടും തമ്മിൽ ഒരുമീറ്റർ അകലം മാത്രമേയുള്ളൂ. കൊച്ചുകുട്ടികൾ ഓടി ട്രാക്കിൽ വീണാൽ മരിച്ചുപോകും. രണ്ട് ട്രാക്കുകളിൽക്കൂടി അത്ര സ്പീഡിലാണ് ട്രെയിൻ വരുന്നത്. അവിടെ അപകട മരണങ്ങളൊഴിവാക്കുന്നതിനുവേണ്ടി ഇമ്മീഡിയറ്റായി റെയിൽവേയോട് ഈ ഭൂമി ഏറ്റെടുക്കാനും ആർ. ആന്റ് ആർ. പാക്കേജ് അനുസരിച്ചുള്ള കോമ്പൻസേഷൻ നൽകാനും ആവശ്യപ്പെടണം. ഈ 10 ദളിത് കുടുംബങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി അങ്ങ് അടിയന്തരമായി ഇടപെടണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി അവതരിപ്പിച്ചപ്പോൾ അവരെ എങ്ങനെയെങ്കിലും രക്ഷിക്കാൻ കഴിയുമോ എന്ന് നോക്കുകയായിരുന്നു. പക്ഷെ ഇത് ചതിയാണെങ്കിൽ അത് വർഷങ്ങൾക്കുമുമ്പ് നടന്നതാണ്. ഇപ്പോഴല്ല. ഞാൻ വർഷം പറയാം. ഇതിൽ രാഷ്ട്രീയമില്ല. വസ്തുതകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനോട് ഞാൻ പറയുകയാണ്, അതിൽ പോരായ്മയുണ്ടെങ്കിൽ താങ്കൾ ചൂണ്ടിക്കാണിച്ചാൽ മതിയാകും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, താങ്കളത് വായിക്കുന്നതിനുമുമ്പ് ഞാനൊരു കാര്യം പറയാം. ഉദ്യോഗസ്ഥർ എന്തെങ്കിലും എഴുതിത്തരും പണ്ട് എന്റെ കയ്യിലും തന്നിട്ടുണ്ട്. അതുവച്ച് മുന്നോട്ട് പോയാൽ നമ്മൾ കുഴപ്പത്തിലാകും.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ, 2015 എന്നു പറയുന്നത് 2017 ആകില്ലല്ലോ. അവർ പറഞ്ഞതുകൊണ്ട് മാറ്റിയെഴുതുകയാണെങ്കിൽ അത് നോക്കി നമുക്ക് ചെയ്യാം.

മുളന്തുരുത്തി-ചിങ്ങവനം റെയിൽപ്പാത ഇരട്ടിപ്പിക്കുന്ന പണി മൂന്ന് റീച്ചുകളിലായാണ് നടന്നുവരുന്നത്. മൂന്നാം റീച്ചിൽപ്പെട്ട 606 ഭൂവുടമകളിൽനിന്നുള്ളവരാണ് സബ്മിഷനിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന 11 പേർ. ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ ആധാരങ്ങളും മറ്റ് രേഖകളും 2-2-2013-ന് കക്ഷികളിൽനിന്ന് വാങ്ങി റെയിൽവേയ്ക്ക് ജില്ലാ അധികാരികൾ കൈമാറുകയുണ്ടായി. എന്നാൽ ഡോക്യുമെന്റേഷനുവേണ്ടി കക്ഷികളെ റെയിൽവേ അധികാരികൾ പല പ്രാവശ്യം വിളിച്ചെങ്കിലും ബന്ധപ്പെട്ടവർ ഹാജരായി ഡോക്യുമെന്റേഷൻ നടത്തി നഷ്ടപരിഹാരത്തുക കൈപ്പറ്റുകയോ ഭൂമി റെയിൽവേയ്ക്ക് കൈമാറുകയോ ചെയ്തില്ല. മേൽസാഹചര്യത്തിൽ റെയിൽവേ അധികാരികൾ 21-1-2015-ന് പ്രസ്തുത ആധാരങ്ങൾ തിരികെ പൊന്നുംവില തഹസിൽദാരുടെ ഓഫീസിലെത്തിക്കുകയുണ്ടായി. ആയതിനുശേഷം പല പ്രാവശ്യം പരാതിക്കാരുമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഔദ്യോഗികമായും അല്ലാതെയും ചർച്ചകളും മീറ്റിംഗുകളും നടത്തിയെങ്കിലും കക്ഷികൾ സ്ഥലത്തിന്റെ വിലയടക്കം ഓരോ കാരണങ്ങൾ നിരത്തി ഭൂമി ഏറ്റെടുക്കൽ വൈകിപ്പിക്കുകയാണ് ചെയ്തത്. റെയിൽവേ കലുങ്ക് പണിതിരിക്കുന്നത് റെയിൽവേയുടെ സ്ഥലത്തുതന്നെയാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 150 കോടിയിലധികം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് റെയിൽവേ മൂന്നാം റീച്ചിൽ (പായിപ്പാട്-ചിങ്ങവനം, 15 കിലോമീറ്റർ) ചെയ്തിരിക്കുന്നത്. ഇവിടെ പരാമർശിക്കപ്പെട്ട 11 പേരുടെ നിസ്സഹകരണംമൂലം റെയിൽവേപ്പാത ഇരട്ടിപ്പിക്കൽ ചങ്ങനാശ്ശേരി മുതൽ ചിങ്ങവനം വരെ സാധിക്കാതെവന്ന അവസ്ഥയിൽ റെയിൽവേ അധികാരികൾ സ്ഥലം വീണ്ടും പരിശോധിക്കുകയും ബന്ധപ്പെട്ടവരുടെ ഭൂമി ഒഴിവാക്കി പാത ഇരട്ടിപ്പിക്കൽ നടത്താൻ നിർബന്ധിതമാകുകയും പിൻവാങ്ങൽ നോട്ടീസ് നൽകി പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് രേഖാമൂലം ലഭിച്ചിരിക്കുന്നത്. ഇതിലെന്തെങ്കിലും പിശകുണ്ടോയെന്ന് തീർച്ചയായും പരിശോധിക്കാം. പക്ഷെ, ഇപ്പോൾ പറഞ്ഞിരിക്കുന്നതനുസരിച്ച് ചതിവ് എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ അത് അങ്ങയുടെ

തൊട്ടടുത്ത സീറ്റിലിരുന്ന ആൾ അവിടെയിരുന്ന കാലത്താണ്. ഇത് രാഷ്ട്രീയമല്ല. തീയതിയുടെ അടിസ്ഥാനത്തിലാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, (മൈക്ക് ഓഫ്) അങ്ങ് ഇതിൽ രാഷ്ട്രീയം കാണരുത്. അങ്ങ് ഇക്കാര്യത്തിൽ പേഴ്സണലായി ഇടപെടണം. ഇക്കാര്യം അങ്ങ് പരിശോധിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വസ്തുതാവിരുദ്ധമാണെങ്കിൽ തീർച്ചയായും പരിശോധിക്കും.

## 6. ഉപാധിരഹിത പട്ടയം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിലെ പട്ടയവിതരണവുമായി ബന്ധപ്പെട്ട് സർക്കാർ മുന്നോട്ടുപോകുന്നത് സന്തോഷകരമാണ്. വിവിധ ഘട്ടങ്ങളിലായി ഒട്ടേറെ പട്ടയം ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും 48000-ത്തോളം ആളുകൾക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പട്ടയത്തിന് അർഹതയുള്ള നിരവധി കർഷകർ ഇനിയും ശേഷിക്കുന്നതിനാൽ സമയബന്ധിതമായി പട്ടയം നൽകണമെന്നതാണ് ആവശ്യം. 1977-ലെ റവന്യൂ ഫോറസ്റ്റ് വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്ക് കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം നൽകാൻ തടസ്സമില്ലെന്നിരിക്കെ ഇടുക്കി താലൂക്കിലെ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലെ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടില്ല. കഞ്ഞിക്കുഴി വില്ലേജിലെ കരിമ്പൻ, അട്ടിക്കളം, കഞ്ഞിക്കുഴി, തട്ടേക്കണ്ണി, വെന്മണി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാൽ ഒട്ടേറെ കർഷകർക്ക് ലിസ്റ്റിലുൾപ്പെടാൻ സാധിച്ചില്ല. അതിനാൽ വീണ്ടും ജോയിന്റ് വെരിഫിക്കേഷൻ നടത്താനാവശ്യമായ അനുമതി വാങ്ങി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇടുക്കി വില്ലേജിലെ റവന്യൂ ഭൂമിക്ക് പട്ടയം നൽകുന്നതിന് മുന്നോടിയായി ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥലങ്ങളുടെ ക്ലിയറൻസിനായി ഇടുക്കി താലൂക്കിൽ വനംവകുപ്പിന്റെ ഫിസിക്കൽ വെരിഫിക്കേഷനും റവന്യൂ വകുപ്പിന്റെ സർവ്വേ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ തുടർനടപടി സ്വീകരിക്കാത്തതുമൂലം പട്ടയം ലഭിക്കുന്നതിനെ ബാധിച്ചിരിക്കുകയാണ്. നടപടികൾ പൂർത്തിയാക്കി അർഹരായവർക്ക് പട്ടയം നൽകണം. കയ്യേറ്റക്കാരെയും കുടിയേറ്റക്കാരെയും ഒരേതരത്തിൽ വിലയിരുത്താനാവില്ല. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും കുടിയേറ്റ കർഷകരെ സംരക്ഷിക്കുകയും ചെയ്യണം. ഇതിനായി അർഹരായ മുഴുവൻ കർഷകർക്കും കൈവശഭൂമിക്ക് പട്ടയം നൽകുകയും വനഭൂമിയും റവന്യൂവും തരിശ്ശും വേർതിരിച്ചെടുക്കുകയും

റീസർവ്വേ നടത്താത്ത വില്ലേജുകളിൽ അടിയന്തരമായി റീസർവ്വേ നടത്തി പട്ടയനടപടികൾ ആരംഭിക്കുകയും വേണം. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലെ 10 ചെയിൻ മേഖലകളിലും പട്ടയവിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത്തരം മേഖലകളിൽ പട്ടയനടപടി പൂർത്തിയാക്കണം. ഇടുക്കി വില്ലേജിലെ പട്ടയഭൂമി കൈമാറ്റം ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ നൽകുന്ന എൻ.ഒ.സി. ആവശ്യമായ സാഹചര്യമാണ് നിലവിലുള്ളത്. രജിസ്ട്രേഷൻ ആക്ട് പ്രകാരം ഇത്തരം എൻ.ഒ.സി. ഭൂമി കൈമാറുന്നതിന് ആവശ്യമില്ല. കർഷകരെയും സാധാരണക്കാരായ ജനങ്ങളെയും ഏറെ ബുദ്ധിമുട്ടിക്കുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിന് എൻ.ഒ.സി. ആവശ്യമാണെന്ന നിബന്ധന ഒഴിവാക്കണം. ഒട്ടേറെ ഭൂരഹിതർക്ക് 3 സെന്റ് ഭൂമി വീതം അനുവദിച്ചെങ്കിലും വാസയോഗ്യമായ സ്ഥലം കണ്ടെത്തി പതിച്ചുലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. മുഴുവൻ ഭൂരഹിതർക്കും വാസയോഗ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഇടുക്കി ജില്ലയിൽ അർഹരായ മുഴുവൻ കർഷകർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. 21-5-2017-ന് നടക്കുന്ന പട്ടയ മേളയിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഇടുക്കി താലൂക്കിലെ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലെ റവന്യൂ-ഫോറസ്റ്റ് വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ കർഷകർക്കും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പട്ടയം നൽകിവരുന്നു. നിലവിലുള്ള ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാത്തതും 1-1-1977-നുമുമ്പ് കുടിയേറി താമസിക്കുന്നവരുമായ കർഷകരെ സംബന്ധിച്ച സംയുക്ത പരിശോധന ഇനിയും നടത്തേണ്ടതുണ്ട്. ഇടുക്കി വില്ലേജിലെ റവന്യൂ ഭൂമി കൈവശക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അർഹരായ 832 പേർക്ക് പട്ടയം നൽകുന്നതിനായി നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇടുക്കി ജില്ലയിൽനിന്നുള്ള കൈവശക്കാരിൽ 1-1-1977-ന് മുമ്പ് കുടിയേറിയ കർഷകരും അതിനുശേഷം അനധികൃതമായി കുടിയേറിയവരും ഇടകലർന്ന് താമസിച്ചുവരികയാണ്. അതിൽത്തന്നെ 1-1-1977-നുമുമ്പ് കുടിയേറി കൃഷിചെയ്തുവരുന്ന അർഹരായ മുഴുവൻ കർഷകർക്കും അവരവരുടെ കൈവശത്തിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ കുറവ് റീസർവ്വേ നടപടികളെ ബാധിക്കാത്ത തരത്തിൽ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് എത്രയുംവേഗം റീസർവ്വേ പൂർത്തിയാക്കി അനധികൃത കയ്യേറ്റക്കാരെയും കുടിയേറ്റക്കാരെയും വേർതിരിക്കുന്ന നടപടി സ്വീകരിക്കുകയാണ്. റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളുടെ മേൽനടപടി സ്വീകരിച്ചുവരുന്നു. റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകളുടെ

നടപടികൾ അടിയന്തര പ്രാധാന്യത്തോടെ നടത്തിവരികയുമാണ്. ഉപേക്ഷിക്കപ്പെട്ട പെരിഞ്ചാംകുട്ടി പദ്ധതി പ്രദേശത്ത് ഇപ്പോഴും താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു. പത്തുചങ്ങല പ്രദേശത്തെ ഭൂപതിവ് വിഷയത്തിൽ റവന്യൂ, വനം, വൈദ്യുതി വകുപ്പുകളുടെ സംയുക്ത പരിശോധന എത്രയുംവേഗം പൂർത്തിയാക്കി മൂന്ന് ചങ്ങലവിട്ട് പട്ടയം നൽകുന്ന കാര്യം പരിഗണിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇടുക്കി വില്ലേജിൽ വ്യാജപട്ടയമുണ്ടാക്കി റവന്യൂ രേഖകളിൽ ചേർത്ത് ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ തട്ടിയെടുക്കുന്നുവെന്ന പരാതി വ്യാപകമായി ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് പട്ടയത്തിന്റെ വിശ്വസ്തത ഉറപ്പുവരുത്തി കൈമാറ്റം ചെയ്യുന്നതിന് ഇടുക്കി വില്ലേജിൽ എൻ.ഒ.സി. ബാധകമാക്കിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ആകെ 20744 പേർ അപേക്ഷ സമർപ്പിക്കുകയും ആയതിൽ 8549 പേരെ അർഹരായ ഗുണഭോക്താക്കളായി കണ്ടെത്തുകയും പട്ടയവിതരണം ചെയ്ത 4535 പേരിൽ 3510 പേർക്ക് ഭൂമി കൈമാറിയിട്ടുള്ളതുമാണ്. ആയതിൽ 27 പേർ മാത്രമാണ് വീടുവച്ച് താമസിക്കുന്നത്. 2543 പേർ അവർക്ക് അനുവദിച്ച പ്ലോട്ടുകൾ കൈവശം വച്ചുവരികയും ചെയ്യുന്നുണ്ട്. 1572 പേർക്ക് ബന്ധപ്പെട്ട ഭൂമിയിന്മേൽ കോടതിയിൽ കേസ് നടക്കുന്നതിനാൽ വസ്തു കൈമാറാൻ സാധിച്ചിട്ടില്ലാത്തതുമാണ്.

11.00AM]

## 7. പുലിമുട്ട് നിർമ്മാണം

ശ്രീ. എസ്. ശർമ്മ: സർ, വൈപ്പിൻ-മുനമ്പം പ്രദേശം തുടർച്ചയായിട്ടുള്ള കടലാക്രമണ ഭീഷണിയിലാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ഈ മേഖലയിലെ ഇടവനക്കാട്-അണിയൽ പ്രദേശത്ത് രൂക്ഷമായ കടലാക്രമണത്തെത്തുടർന്ന് അവിടെ താമസിക്കുന്ന ആളുകളെ മാറ്റിതാമസിപ്പിക്കേണ്ടിവന്നു. ഇതിനു മുമ്പ് സുനാമി ദുരന്തമുണ്ടായപ്പോൾ പ്രസ്തുത സ്ഥലത്ത് കടലാക്രമണം ശക്തിപ്പെട്ടു വരികയും അഞ്ചുപേരുടെ ജീവൻ അപഹരിക്കപ്പെട്ടിട്ടുള്ളതുമാണ്. അതുകൊണ്ട് അവിടെ പല സന്ദർഭങ്ങളിലും പ്രക്ഷുബ്ധമാകുന്ന സ്ഥിതി ഉണ്ടാകാറുണ്ട്. സ്ഥലം സന്ദർശിക്കാനെത്തിയ കളക്ടറേയും ഡെപ്യൂട്ടി കളക്ടറേയുമൊക്കെ തടഞ്ഞുവയ്ക്കുന്ന സ്ഥിതിവിശേഷം സമീപ ദിവസങ്ങളിലുണ്ടായിട്ടുണ്ട്. ഇക്കാര്യം നേരത്തെതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതനുസരിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഇറിഗേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഞാനും തമ്മിലൊരു മീറ്റിംഗ് നടത്തിയിരുന്നു. ഇതുസംബന്ധിച്ച് വന്നിട്ടുള്ള

പ്രൊപ്പോസൽ അടിയന്തരമായി പരിശോധിച്ച് ഒരു തീരുമാനമെടുക്കണമെന്ന് മന്ത്രിതന്നെ അന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തിരുന്നു. അതുസംബന്ധിച്ച് അന്വേഷിക്കുമ്പോൾ ഒരു ക്ലിയർ ചിത്രം ഒഫിഷ്യൽസിന്റെ ഭാഗത്തുനിന്നും വരുന്നില്ല. ആ പ്രശ്നത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്തുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന് പരിഹാരം കാണണം. ഇപ്പോൾത്തന്നെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകൾ മദ്രാസ് ഐ.ഐ.ടി. ക്ലിയർ ചെയ്തിട്ടുണ്ട്. അതിനോടനുബന്ധമായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പ്രൊപ്പോസലുണ്ടാക്കിയിട്ടുണ്ട്. അതിന് അനുവാദം കൊടുത്ത് ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഇടവനക്കാട്- നായരമ്പലം ഭാഗത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഐ.ഐ.ടി. 2009 -ൽ ശിപാർശ ചെയ്തതനുസരിച്ച് നായരമ്പലം ഭാഗത്തുള്ള ആറ് പുലിമുട്ടുകൾ പൂർത്തീകരിച്ചു. ഇടവനക്കാട് ഭാഗത്ത് ശിപാർശ ചെയ്തിരുന്ന ആറ് പുലിമുട്ടുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെയും ഐ.ഐ.ടി.-യുടെയും പഠനപ്രകാരമുള്ള രൂപകല്പനയ്ക്കുവേണ്ടി കാത്തിരിക്കുന്നു. അത് ലഭിച്ചതിനുശേഷം ഇടവനക്കാട് - നായരമ്പലം പ്രദേശത്തെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനിടയിൽ ശിപാർശ ചെയ്ത പുലിമുട്ടുകൾ സംബന്ധിച്ചും വളരെ വേഗത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## 8. കുടിവെള്ള പദ്ധതി

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ചിതറ കുടിവെള്ള പദ്ധതി. അഞ്ച് പഞ്ചായത്തുകൾക്ക് വെള്ളം കൊടുക്കുന്ന പദ്ധതിയാണിത്. കല്ലടയാറ്റിലെ ഒരു സോഴ്സായതുകൊണ്ട് ഈ പദ്ധതിയുടെ സോഴ്സ് വളരെ ശക്തമാണ്. മൈലമൂടിലെ കാലപ്പഴക്കംചെന്ന പമ്പും മോട്ടറും ട്രാൻസ്ഫോർമറും മാറ്റുന്നതിനായുള്ള എ.എസ്. കിട്ടിയിട്ടുണ്ട്, എന്നാൽ ടെണ്ടർ വിളിച്ചിട്ടില്ല. മൈലമൂട് മുതൽ മടത്തറ വരെയുള്ള പമ്പുകളിൽ ഒരു പമ്പ് മാറ്റിയിട്ടുണ്ട്. മടത്തറ മുതൽ ചടയമംഗലം വരെയുള്ള എ.സി.ട്രാൻസ്മിഷൻ പൈപ്പുകൾ മാറ്റുന്നതിനുള്ള പ്രോജക്ട് കൊടുത്തിട്ടുണ്ട്, നടപടിയൊന്നുമായിട്ടില്ല. ഇവിടേയും വെള്ളം പമ്പ് ചെയ്യുമ്പോൾ പഴയ പൈപ്പായതുകൊണ്ട് പൊട്ടുന്നുണ്ട്. അതുകൊണ്ട് എ.സി. പൈപ്പുകൾ മുഴുവൻ മാറ്റേണ്ടതാണ്. അതുപോലെ കുമ്മിൾ പഞ്ചായത്തിൽ നടപ്പാറയെന്ന വലിയൊരു പൊക്കമുള്ള പ്രദേശമുണ്ട്. അവിടെ പുതിയ വാട്ടർ ടാങ്ക് സ്ഥാപിച്ച് ചെറിയൊരു എക്സ്റ്റൻഷൻ കൊടുത്താൽ ആ

പഞ്ചായത്തിലെ കുടിവെള്ള പ്രശ്നവും പരിഹരിക്കാൻ സാധിക്കും. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ചിതറ കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിനിലെ പഴയ പ്രിമോ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി മൈലമൂട് മുതൽ വെങ്കോലവരെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. ഈ പൈപ്പ്ലൈൻ 29-12-2016-ൽ പഴയ പൈപ്പ്ലൈനുമായി കൂട്ടിയോജിപ്പിച്ച് പമ്പിംഗ് ആരംഭിച്ച് ജലവിതരണം നടത്തുന്നുണ്ട്. ഈ പദ്ധതിയുടെ തുടർച്ചയായി വെങ്കോല മുതൽ മടത്തറ ജലശുദ്ധീകരണശാലവരെയുള്ള പൈപ്പ്ലൈൻ മാറ്റുന്നതിനുള്ള പ്രവൃത്തിക്ക് രണ്ടാംഘട്ടമായി 17-2-2016-ൽ ഭരണാനുമതി നൽകുകയും 18-10-2016-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പൈപ്പ് സപ്ലൈ ചെയ്യുന്നതിനാവശ്യമായ എക്സൈസ് ഡ്യൂട്ടി എക്സംപ്ഷൻ സർട്ടിഫിക്കറ്റ് ജില്ലാ കളക്ടറിൽ നിന്ന് 22-2-2017-ൽ ലഭ്യമാക്കി കരാറുകാരന് നൽകിയിട്ടുണ്ട്. പൈപ്പുകൾ മേയ് അവസാനവാരത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പണിക്കാവശ്യമായ റോഡ്കട്ടിംഗ് ചാർജ് കേരള വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ അടച്ചിട്ടുണ്ട്. എന്നാൽ ജൂൺ ഒന്നുമുതൽ ആഗസ്റ്റ്30 വരെ പി.ഡബ്ല്യൂ.ഡി. റോഡിൽ പണികൾ അനുവദിക്കാത്തതിനാൽ സെപ്റ്റംബർ മാസത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കാമെന്നാണ് കരുതുന്നത്. 1455 മീറ്റർ 400 mm DIK-9 പൈപ്പിടുന്ന പ്രവൃത്തി ഒക്ടോബർ അവസാനത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മൈലമൂട് പമ്പ് ഹൗസിലെ പഴയ പമ്പും ട്രാൻസ്ഫോർമറും മാറ്റിസ്ഥാപിക്കുന്നതിന് 31-3-2017-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാംങ്ഷൻ നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരികയാണ്.

## 9. ഡയാലിസിസ് യൂണിറ്റ് ആരംഭിക്കൽ

ശ്രീ. സി. മമ്മൂട്ടി : സർ, തിരൂർ നിയോജകമണ്ഡലത്തിലെ വളവന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡയാലിസിസ് യൂണിറ്റ് ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇതിനാവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും ആവശ്യമായ ഡോക്ടർ ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ ശമ്പളമടക്കം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തും എച്ച്.എം.സി.-യും നൽകാമെന്ന് ഏറ്റിട്ടുണ്ട്. വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കേണ്ട അനിവാര്യത മനസ്സിലാക്കിക്കൊണ്ട് ഈ അനുമതി നൽകുകയാണെങ്കിൽ

എത്രയും പെട്ടെന്ന് അത് ആരംഭിക്കാൻ സാധിക്കും. അതുകൊണ്ട് എത്രയും പെട്ടെന്ന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളവന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ എട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്. മൂന്ന് ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്ന ഈ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 16 ആണ്. സ്ഥാപനത്തിൽ മെഡിക്കൽ ഓഫീസറുടെ സേവനം മൂന്നുമണിവരെ ലഭിക്കുന്നു. ഇവർക്കുപുറമെ പബ്ലിക് ഹെൽത്ത് പ്രോഗ്രാമിലൂടെ രോഗപ്രതിരോധ കുത്തിവയ്പും ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സും നടത്തിവരുന്നു. പ്രതിമാസം ശരാശരി പതിനായിരത്തിൽപ്പരം ഒ.പി. ചികിത്സയും ശരാശരി അമ്പത് ഐ.പി. ചികിത്സയും നടക്കുന്നുണ്ട്. ഇന്ന് നമ്മുടെ സമൂഹത്തിൽ വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അവരെ സഹായിക്കുന്നതിന് ഒരു ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, എം.പി.-യുടെ ഫണ്ടിൽനിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. വളരെ താല്പര്യത്തോടുകൂടി നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനത്തിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. അക്കൂട്ടത്തിൽതന്നെയാണ് വളവന്നൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പരിശ്രമവും നടത്തിയത്. ബ്ലോക്ക് പഞ്ചായത്ത് അതിനാവശ്യമായ സഹായം നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്ക് വളവന്നൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുവാദം ഗവൺമെന്റ് നൽകുന്നതാണ്. പോസ്റ്റ് ക്രിയേഷനടക്കമുള്ള മറ്റ് കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്.

## 10. സൗരോർജ്ജ വേലിയും കിടങ്ങും സ്ഥാപിക്കൽ

ശ്രീ. രാജു എബ്രഹാം: സർ, നാട്ടുമുഴുവൻ വന്യമൃഗങ്ങളെക്കൊണ്ട് നിറയുകയാണ്. കാട്ടാന, കടുവ, പുലി, കാട്ടുപന്നി, കേഴ, മുയൽ എന്നീ മൃഗങ്ങളെക്കൊണ്ട് ജീവിക്കാൻ രക്ഷയില്ലാതായി. അഞ്ച് വർഷം കഴിഞ്ഞാൽ ഇവ ആലപ്പുഴ, കോട്ടയം, എറണാകുളം, കൊല്ലം എന്നീ പട്ടണങ്ങൾ കീഴടക്കും. ശ്രീ. ചിറ്റയം ഗോപകുമാറിന്റെ മണ്ഡലത്തിൽ നിന്നും 20 കിലോമീറ്റർ അകലെയാണ് വനപ്രദേശം. എന്നിട്ടും ഇപ്പോൾ അവിടെ കാട്ടുപന്നികൾ നിറഞ്ഞിരിക്കുകയാണ്. കടലിന് സമീപത്തുള്ള കണ്ണൂരിലെ കല്യാശ്ശേരിയിൽ പുലിയിറങ്ങി. വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഇത് ഗൗരവത്തോടുകൂടി കാണണം. സംസ്ഥാനത്തൊട്ടാകെ ഇതിനായി പദ്ധതി നടപ്പാക്കുമെന്ന് അങ്ങ് കഴിഞ്ഞ ദിവസം മറുപടി പറയുകയുണ്ടായി. എന്റെ മണ്ഡലത്തിലെ 400 കിലോമീറ്റർ വനത്തിൽ സൗരോർജ്ജവേലി ഉണ്ടാകണമെന്നാണ് ഡി.എഫ്.ഒ. കൊടുത്തിരിക്കുന്ന റിപ്പോർട്ട്. കാട്ടുപന്നിയുടെ ശല്യം കാരണം ശബരിമല സന്നിധാനത്തുപോലും തീർത്ഥാടകർക്ക് ഇറങ്ങാൻ കഴിയുന്നില്ല. ഇതിനുമുമ്പ് സൗരോർജ്ജ

വേലി അനുവദിച്ചെങ്കിലും കേരളത്തിലെ ഏറ്റവും വലിയ വനം ഡിവിഷനായ റാന്നിക്ക് ആ പരിഗണന കിട്ടിയിട്ടില്ല. ഇതിനായി കിഫ്ബിയിൽ 100 കോടി രൂപയുണ്ടെന്നാണ് അങ്ങ് മറുപടിയിൽ പറഞ്ഞത്. 400 കിലോമീറ്ററിലും സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നില്ല. കുറഞ്ഞത് 200 കിലോമീറ്ററിലെങ്കിലും സൗരോർജ്ജ വേലി അടിയന്തരമായി നിർമ്മിച്ച് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനസംരക്ഷണവും വന്യജീവിസംരക്ഷണവും ഫലപ്രദമായി നടക്കുന്നുവെന്നുള്ളതിന്റെ തെളിവുകൂടിയാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായപ്രകടനം. റാന്നി വനം ഡിവിഷന്റെ പുറം അതിര് ഏകദേശം 761 കിലോമീറ്ററാണ്. ഇതിൽ കോട്ടയം-കോന്നി വനം ഡിവിഷനിലുള്ള പൊതുവായ അതിർത്തിയും ജനവാസ മേഖലയുമായി ബന്ധമില്ലാത്ത അതിർത്തികളും ഒഴിവാക്കിയാൽ സൗരോർജ്ജ വേലിയും കിടങ്ങുകളും മറ്റും നിർമ്മിച്ച് മനുഷ്യ-മൃഗ സംഘർഷം തടയേണ്ട വനാതിർത്തി ദൈർഘ്യം ഉദ്ദേശം 150 കിലോമീറ്ററോളം വരുന്നതാണ്. ആയതിൽ സൗരോർജ്ജ വേലി 35 കിലോമീറ്ററിലും കിടങ്ങ് 2.6 കിലോമീറ്ററിലും മുൻ വർഷങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. ഇനിയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട വനാതിർത്തിയുടെ ദൈർഘ്യം 110 കിലോമീറ്ററോളം വരും. പ്രതിരോധ പ്രവർത്തന ങ്ങൾ ഇനിയും തുടരുന്നതാണ്. റാന്നി വനം ഡിവിഷനുകീഴിൽ 110 ഹെക്ടർ യൂക്കാലിപ്റ്റസ് തോട്ടങ്ങളും 433.49 ഹെക്ടർ അക്കേഷ്യാ, മാഞ്ചിയം തോട്ടങ്ങളും വച്ചുപിടിപ്പിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി യൂക്കാലിപ്റ്റസ് തോട്ടങ്ങളും അക്കേഷ്യാ തോട്ടങ്ങളും മുഴുവനായും 72.56 ഹെക്ടർ ഒഴികെയുള്ള മാഞ്ചിയം തോട്ടങ്ങളും അടച്ചുമുറിയിൽനിന്നും ഒഴിവാക്കുകയും സ്വാഭാവിക വനമായി മാറ്റാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പൾപ്പ്‌വുഡ് തോട്ടത്തിന്റെ വിസ്തൃതി 543.49 ഹെക്ടറിൽനിന്നും 72.5 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. വനാതിർത്തിക്കുള്ളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും റാന്നി ഡിവിഷനിലെ നിലവിലുള്ള വർക്കിംഗ് പ്ലാനിൽ അനുവദിച്ചിട്ടില്ല. എന്നാൽ റാന്നി റെയ്ഞ്ചിലെ കരികുളം ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിൽ അടച്ചുമുറി നടത്തിയ 1952 കരികുളം തേക്ക് തോട്ടത്തിൽ വിവിധയിനങ്ങളിൽപ്പെട്ട വൃക്ഷത്തൈകൾ ഇക്കൊല്ലം നട്ടുപിടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റേഷനിൽ വിവിധതരം വൃക്ഷങ്ങളോടൊപ്പം മാവ്, പ്ലാവ്, ആഞ്ഞിലി, ഞാവൽ തുടങ്ങിയ ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്നതിനായി നഴ്സറിയിൽ തൈകൾ തയ്യാറാക്കിയിട്ടുണ്ട്. അവയെല്ലാം നട്ടുപിടിപ്പിക്കുന്നതാണ്. റാന്നി വനം ഡിവിഷന് ചുറ്റുമുള്ള മേഖലയിൽ ഇനിയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ അവശേഷിക്കുന്ന 110 കിലോമീറ്റർ പ്രദേശത്ത് അതാത് സ്ഥലത്ത് ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതാണ്.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

## V റിപ്പോർട്ടുകളുടെ സമർപ്പണം

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ മുപ്പത് മുതൽ നാൽപ്പത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത് മുതൽ നാൽപ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. റ്റി. വി. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക

വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-03-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| VIII | എക്സൈസ് | 77,26,07,000 | .. | 231,78,20,000 | .. | 231,78,20,000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 268,44,10,000 | 35,68,75,000 | 805,32,30,000 | 107,06,25,000 | 912,38,55,000 |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 784,13,72,000 | 43,08,44,000 | 2352,41,16,000 | 129,25,33,000 | 2481,66,49,000 |
| * I | സംസ്ഥാന നിയമസഭ | 24,17,12,000 | .. | 72,51,36,000 | .. | 72,51,36,000 |
| * IV | തെരഞ്ഞെടുപ്പുകൾ | 10,81,02,000 | .. | 32,43,05,000 | .. | 32,43,05,000 |
| * VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 55,13,24,000 | .. | 165,39,73,000 | .. | 165,39,73,000 |
| * X | ട്രഷറികളും അക്കൗണ്ടു | 71,93,32,000 | .. | 215,79,95,000 | .. | 215,79,95,000 |

| | | | | | | |
|---|---|---|---|---|---|---|
| | കളും | | | | | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| * XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 123,92,42,000 | 58,75,000 | 371,77,25,000 | 1,76,25,000 | 373,53,50,000 |
| * XVI | പെൻഷനും പലവകയും | 6352,64,51,000 | .. | 19057,93,51,000 | .. | 19057,93,51,000 |
| * XXIII | വാർത്താവിതരണവും പ്രചരണവും | 21,73,88,000 | 2,22,50,000 | 65,21,64,000 | 6,67,50,000 | 71,89,14,000 |
| * XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 33,59,32,000 | 405,85,03,000 | 100,77,97,000 | 1217,55,07,000 | 1318,33,04,000 |
| * XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 2061,79,74,000 | .. | 6185,39,24,000 | .. | 6185,39,24,000 |
| * XLV | പലവക വായ്പകളും മുൻകൂറുകളും | .. | 60,88,88,000 | .. | 182,66,66,000 | 182,66,66,000 |
| * ചർച്ച കൂടാതെ വോട്ടിനിടുന്നതാണ് | | | | | | |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയെയുംസ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന

XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യവർജ്ജന നയം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടും അതിനുവേണ്ടി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാരിന് വ്യക്തമായ മദ്യനയം ഇല്ലാത്ത തായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (ബാർ ലൈസൻസുകൾ വിവേചന രഹിതമായി നീട്ടി നൽകിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യവസ്ഥകൾ പാലിക്കാതെ യഥേഷ്ടം മദ്യശാലകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രതിവർഷം നിശ്ചിത ശതമാനം ബിവറേജസ് ഔട്ട്ലെറ്റുകൾ പൂട്ടണമെന്ന നയം നടപ്പാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദൂരപരിധി സംബന്ധിച്ച സുപ്രീംകോടതിയുടെ വിധി തെറ്റായി വ്യാഖ്യാനിച്ച് കൂടുതൽ ബിവറേജസ് ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സവിശേഷ സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദ്യാർത്ഥികൾക്കിടയിലെ മദ്യപാനാസക്തി നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം അവർക്ക് യഥേഷ്ടം മദ്യം ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുട്ടികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരി പ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യം നിരോധിച്ചാൽ കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിക്കുമെന്ന് പ്രചരിപ്പിക്കുന്നത് മദ്യമാഫിയകൾക്ക് സഹായം ചെയ്യുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കഞ്ചാവ്, മയക്കുമരുന്ന് ഇവയുടെ ഉറവിടം കണ്ടെത്തി അവയെ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കാതെ ചെറുകിട കച്ചവടക്കാരെ മാത്രം നിയന്ത്രിച്ച് അവയുടെ വ്യാപനം തടയാമെന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപയിൽ നിന്ന് നൂറു രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 231,78,20,000 രൂപയിൽ നിന്ന് നൂറു രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

# ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വിവിധങ്ങളായ പ്രശ്നങ്ങൾ, അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ, പ്രവാസികളുടെ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലാളിക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന യൂണിയനുകളുടെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കു ന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാത്തതുമൂലം ആ മേഖലയിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിൽ തർക്കങ്ങൾ യഥാസമയം പരിഹരിക്കാത്തതുമൂലം റേഷൻ വിതരണമുൾപ്പെടെ തടസ്സപ്പെടാനിടയായതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിലാളി യൂണിയനുകൾ അമിതകൂലി ഈടാക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികൾക്ക് നാട്ടിലേയ്ക്ക് മടങ്ങിവരുന്നതിനും അവരുടെ പുനരധിവാസത്തിനും തൊഴിൽ ലഭ്യതയ്ക്കും ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്.പി.: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രവാസി പുനരധിവാസ പദ്ധതികൾ വേണ്ടത്ര ഫലം ചെയ്യുന്നില്ലെന്ന പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രവാസിക്ഷേമ കമ്മീഷന് പ്രവർത്തിക്കാൻ യാതൊരു അടിസ്ഥാന സൗകര്യങ്ങളും നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 912,38,55,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. എം. ഷാജി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. റോഷി അഗസ്റ്റിൻ

# ധനാഭ്യർത്ഥന നമ്പർ XXV
# പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗങ്ങളുടെ ഫണ്ടുകൾ അർഹതപ്പെട്ടവരിൽ എത്തിപ്പെടാതെ പോകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടിയുള്ള ഫണ്ടിന്റെ വിനിയോഗത്തിലെ ക്രമക്കേടുകൾ കണ്ടെത്തി പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾക്കുള്ള ബഹുമുഖ വികസന പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ കോളനികളിൽ മദ്യമാഫിയയുടെ പ്രവർത്തനം തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂരഹിത പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അട്ടപ്പാടിയിലെ ആദിവാസി ഭൂമി തട്ടിയെടുത്തവർക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും കോളനികളിലും വൈദ്യുതിയും കുടിവെള്ളവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആദിവാസികൾക്കിടയിലെ ശിശുമരണ നിരക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉൾവനങ്ങളിലെ പട്ടികവർഗ്ഗ കോളനികളിൽ മൺസൂൺ കാലത്തുണ്ടാകാവുന്ന ഭക്ഷ്യക്ഷാമമുൾപ്പെടെയുള്ള കാര്യങ്ങളിൽ ആവശ്യമായ മുൻകരുതൽ സ്വീകരിച്ചിട്ടില്ലായെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എം.ആർ.എസ്.-കളിലും എസ്.സി./എസ്.ടി. ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്കായുള്ള സേവനങ്ങൾക്കും സൗകര്യങ്ങൾക്കും നിശ്ചിത നിലവാരം ഉറപ്പുവരുത്തുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ തൊഴിൽ മേഖലയിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നേരെയുണ്ടാകുന്ന ആക്രമണ ങ്ങൾക്ക് പട്ടികജാതി-

പട്ടികവർഗ്ഗ പീഡന നിരോധന നിയമം അനുസരിച്ച് കേസ്സുകൾ എടുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിരപരാധികളായ ആദിവാസികളെ കേസ്സുകളിൽ കുടുക്കി ജയിലിലടയ്ക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക / ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി വിദ്യാർത്ഥികൾക്ക് ജീവഭയമില്ലാതെ പഠിക്കാൻ സാഹചര്യമൊരുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യമൊരുക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2481,66,49,000 രൂപയിൽനിന്ന് നൂറു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മോൻസ് ജോസഫ്

ശ്രീ. റോഷി അഗസ്റ്റിൻ

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, 2017-18 സാമ്പത്തിക വർഷത്തെ എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികയുകയാണ്. 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് കേരളത്തിന്റെ വികസനത്തിനും കേരള മോഡൽ എന്ന് ലോകമാകെ അംഗീകരിക്കുന്ന പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്തതെന്ന് കാണാൻ കഴിയും. ഇപ്പോൾ 60-ാം വാർഷികവും കൂടിയാണ്.

കേന്ദ്ര സർക്കാർ അങ്ങേയറ്റം വിവേചനത്തോടുകൂടിയാണ് കേരളത്തോട് പെരുമാറിക്കൊണ്ടിരിക്കുന്നത്. തികഞ്ഞ രാഷ്ട്രീയ വിവേചനമാണ് എല്ലാ രംഗങ്ങളിലും കാണിക്കുന്നത്. ഇപ്പോൾ കേരളത്തിന് അർഹതപ്പെട്ട അരി വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. പട്ടിണിക്കിട്ട് തങ്ങളുടെ രാഷ്ട്രീയ വിരോധം കേരളത്തോട് തീർക്കാനാണ് അവർ ആഗ്രഹിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന വിവേചനത്തെ യോജിച്ച് നേരിടുന്നതിനുപകരം പലപ്പോഴും യു.ഡി.എഫ്. ബി.ജെ.പി.-ക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിൽനിന്നും അവർ ഏത് രാഷ്ട്രീയ നിലപാടാണ് ഉയർത്തിപ്പിടിക്കുന്നതെന്ന് കാണാൻ കഴിയും. മതനിരപേക്ഷതയ്ക്ക് പേരുകേട്ട നാടാണ് കേരളമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരള സർക്കാർ മതനിരപേക്ഷതയുടെ കാവലാളായിട്ടാണ് നിലകൊള്ളുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയെ കൊന്നാൽ ഒരു കോടി രൂപ ഇനാം തരാമെന്ന് ആർ.എസ്.എസ്. പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്നലെ കണ്ണൂരിൽ വന്ന കേന്ദ്രമന്ത്രി ശ്രീ. രാജീവ് പ്രതാപ് റൂഡി, വേണ്ടിവന്നാൽ കേന്ദ്ര സേനയെ അയയ്ക്കുമെന്ന് പറഞ്ഞ് കേരളത്തിലെ ജനങ്ങളെ പേടിപ്പിക്കുകയാണ്. ഒരു കാര്യം കേന്ദ്ര ഗവൺമെന്റിനെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളം അതിശക്തമായ സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിനും മതനിരപേക്ഷതയ്ക്കും വർഗ്ഗീയതയ്ക്കും എതിരായ ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ എവിടെയെല്ലാം വർഗ്ഗീയ കലാപങ്ങൾ നടന്നിട്ടുണ്ടോ അതിന്റെയെല്ലാം പിറകിൽ ആർ.എസ്.എസ്സും സംഘ്പരിവാറുമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.അവരുടെ താൽപ്പര്യങ്ങൾ കേരളത്തിൽ സംരക്ഷിക്കാൻ കഴിയുന്നില്ലെന്നുള്ളതുകൊണ്ടാണ് കേരളത്തെ പേടിപ്പിക്കാൻവേണ്ടി അവർ കേന്ദ്ര ഭരണത്തെ ഉപയോഗിച്ച് പരിശ്രമിക്കുന്നത്. അമേരിക്കൻ മോഡൽ ഭരണം അറബിക്കടലിൽ എന്ന മുദ്രാവാക്യം ഉയർത്തി പുന്നപ്ര-വയലാർ സമരത്തിന് നേതൃത്വം കൊടുത്ത നാടാണ് കേരളം. ആ സമരസേനാനി സഖാവ് വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെ ഇരിക്കുന്ന നിയമസഭയാണിതെന്ന് കേന്ദ്രത്തിലെ ഗവൺമെന്റ് ഓർക്കുന്നത് നന്നായിരിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

കണ്ണൂർ കേരളത്തിന് ഒട്ടേറെ സംഭാവനകൾ നൽകിയ നാടാണ്. മഠത്തിൽ അപ്പുവും കുഞ്ഞമ്പു നായരും ചിരുകണ്ടനും അബൂബക്കറുമെല്ലാം രാജ്യത്തിനുവേണ്ടി പോരാടി മരിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റ് രക്തസാക്ഷികളുടെ നാടാണ്. മൊയാരത്ത് ശങ്കരൻ ആദ്യത്തെ കോൺഗ്രസ് നേതാവായിരുന്നു. അദ്ദേഹം കോൺഗ്രസ്സിന്റെ കാപട്യം തിരിച്ചറിഞ്ഞ് സ്വയം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നതിന്റെ ഫലമായി കോൺഗ്രസ്സുകാരെല്ലാം കൂടി അടിച്ചു കൊന്നതാണ്. ഈ പാരമ്പര്യമുള്ള കണ്ണൂരിനെ ഒറ്റതിരിച്ച് ആക്രമിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെയും ആർ.എസ്.എസ്.-ന്റെയും സംഘ്പരിവാറിന്റെയും പരിശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ചെറുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേന്ദ്ര ഗവൺമെന്റ് വിവേചനപരമായ ഫെഡറൽ തത്വങ്ങൾക്ക് എതിരായിട്ടുള്ള നിലപാടാണ് കേരളത്തോട് എടുത്തുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയെ കാണാൻ പോലും അനുവാദം തരില്ലെന്ന നിലപാട് പ്രധാനമന്ത്രി സ്വീകരിക്കുകയാണ്. ഇതെല്ലാം നാടിന് അപമാനമാണെന്ന കാര്യത്തിൽ യതൊരു സംശയവുമില്ല.

തൊഴിൽ മേഖലയിൽ സഖാവ് റ്റി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അങ്ങേയറ്റം ശ്ലാഘനീയമാണ്. മലയാളികൾ മാത്രമല്ല പ്രശംസിക്കുന്നത്, ലോകത്തിലെ വിദേശ പത്രങ്ങൾ പോലും പ്രശംസകൾ ചൊരിയുകയാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് വിദേശ പത്രങ്ങളാണ് പ്രശംസിക്കുന്ന രീതിയിലുള്ള വാർത്തകൾ പ്രസിദ്ധീകരിച്ചതെന്ന് കാണാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം കൂലി പല മേഖലകളിലും പുതുക്കി നിശ്ചയിച്ചു. കടകൾ, ബീഡി-സിഗാർ, ഹോസ്റ്റൽ, ഉച്ചഭക്ഷണ തൊഴിലാളികൾ എന്നിവരുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചു. കർഷകത്തൊഴിലാളി ക്ഷേമനിധി പെൻഷൻ 1,100 രൂപയായി വർദ്ധിപ്പിച്ചതോടൊപ്പം തന്നെ ക്ഷേമനിധിക്ക് അപേക്ഷിക്കാനുള്ള വരുമാന പരിധി 11,000 രൂപയിൽ നിന്ന് 1,00,000 രൂപയായി വർദ്ധിപ്പിച്ചു. പൂട്ടിക്കിടന്ന കയർ, പൊതുമേഖല, തോട്ടം സ്ഥാപനങ്ങളിലെ 12116 തൊഴിലാളി കൾക്ക് 2,17,64,450 രൂപയുടെ ധനസഹായം നൽകിയ സർക്കാരാണിത്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി 15200857 തൊഴിലാളികൾക്ക് 127,29,84,000 രൂപയുടെ പെൻഷൻ അനുവദിക്കുകയും ക്ഷേമനിധി ബോർഡുകൾക്ക് ഗ്രാന്റായി 3,41,98,305 രൂപ നൽകുകയും ചെയ്തു. ഇത്തരം നടപടികളൊക്കെ തൊഴിലാളി കളുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതാണെന്ന് കാണാൻ കഴിയും. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വേതന സുരക്ഷ പദ്ധതി നടപ്പിലാക്കാൻ തയ്യാറായി. മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്ത് ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള ഭരണാനുമതി കിഫ്ബിയിലൂടെ നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിലെ കൽപ്പറ്റ ഐ.ടി.ഐ.-യുംകൂടി അതിൽ ഉൾപ്പെടുത്താനുള്ള പരിശ്രമം ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ തീരുമാനിച്ചു. ഈ പട്ടികയിൽ വയനാട് ജില്ലയുംകൂടി ഉൾപ്പെടുത്താൻ കഴിയേണ്ടതുണ്ട്. തോട്ടം തൊഴിലാളികളുടെ ജീവിതം അങ്ങേയറ്റം ദുരിതപൂർണ്ണമാണ്. തോട്ടം ഒരു വ്യവസായമാണെങ്കിലും മറ്റ് വ്യവസായമേഖലയിൽ കിട്ടുന്ന പരിഗണനയും സുരക്ഷയും തോട്ടം തൊഴിലാളി കൾക്ക് ഇപ്പോഴും ലഭിക്കുന്നില്ല. തോട്ടം തൊഴിലാളികളെ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആധുനിക വ്യവസായ തൊഴിലാളികളുടെ സ്റ്റാറ്റസിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കോളനി ഭരണകാലഘട്ടത്തിലെ അവശേഷിക്കുന്ന ചിഹ്നങ്ങളെയാണ് ലയം എന്ന് പറയുന്നത്. ലയത്തിൽ താമസിക്കാൻ കഴിയില്ല. ആധുനിക കാലഘട്ടത്തിൽ താമസിക്കാൻ പറ്റാത്ത വീടുകളാണ് ലയം. അങ്ങനെയുള്ള ലയങ്ങളെല്ലാം പൊളിച്ചുമാറ്റി, തോട്ടം തൊഴിലാളികൾക്ക് ആധുനിക ഭവനങ്ങൾ നിർമ്മിക്കുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. 30857 തോട്ടം തൊഴിലാളികൾക്ക് പുതിയതായി വീട് നിർമ്മിച്ച് കൊടുക്കേണ്ടതായിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് മുഴുവൻ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് കൊടുക്കുമെന്നുള്ളത് വലിയ ആവേശത്തോടെയും സന്തോഷത്തോടെയുമാണ് അവിടത്തെ ജനങ്ങൾ സ്വീകരിച്ചിരിക്കുന്നത്. കാര്യക്ഷമമായും സമയബന്ധിത മായും വീട് നിർമ്മിക്കുന്ന കാര്യത്തിൽ മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഭവനം ഫൗണ്ടേഷൻ ഓഫ് കേരളയുടെ കൈവശമുള്ള 22.6 കോടി രൂപ ഇതിനുവേണ്ടി വിനിയോഗിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

കടുത്ത ചൂഷണങ്ങൾക്ക് വിധേയമാവുകയാണ് തോട്ടം തൊഴിലാളികൾ. രാവിലെ 8 മണിക്ക് ജോലിക്ക് വന്നുകഴിഞ്ഞാൽ വൈകുന്നേരം 5 മണി വരെ ജോലി എടുക്കണം. ഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. സ്ത്രീതൊഴിലാളികൾ ഇരട്ട ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് പ്രാഥമിക സൗകര്യങ്ങളും വിശ്രമിക്കാനുള്ള സൗകര്യങ്ങൾപോലും തോട്ടം മേഖലയിൽ ഇല്ലെന്ന് കാണാൻ കഴിയും. പ്രയാസമേറിയ സാഹചര്യങ്ങളിലാണ് അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ കൂലി 301 രൂപയാണ്. ഇന്ത്യയിലെ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും കൂലി 600 രൂപ ആക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഘട്ടംഘട്ടമായി തോട്ടം മേഖലയിലെ കൂലി വർദ്ധിപ്പിക്കാൻ തയ്യാറാകണം. തോട്ടം മേഖലയിൽ തെറ്റായ കണക്കുകളാണ് മാനേജ്മെന്റുകൾ പലപ്പോഴും ഉന്നയിക്കുന്നതായി കാണാൻ കഴിയുന്നത്. ജീവിത സൂചിക ഒരു യൂണിറ്റിന് മറ്റ് മേഖലയിൽ 15 പൈസയാണെങ്കിൽ തോട്ടം മേഖലയിൽ അഞ്ചരയും

ആറും പൈസയാണ് കൊടുക്കുന്നത്, ഇത് വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒരു കിലോ കാപ്പിക്കുരുവിന് ഇന്നത്തെ മാർക്കറ്റ് വില 120 രൂപയാണ്. രണ്ടര കിലോ കാപ്പിക്കുരു പൊടിച്ചാൽ ഒരു കിലോ കാപ്പിപ്പൊടി കിട്ടും. അതിന് 300 രൂപ മതി. എന്നാൽ ബ്രാന്റഡായി വിൽക്കുമ്പോൾ 1500 രൂപ മുതൽ 4000 രൂപ വരെയാണ്. കാപ്പിത്തോട്ടം തൊഴിലാളികൾക്കോ കർഷകർക്കോ അതിന്റെ ആനുകൂല്യം ലഭ്യമാകുന്നില്ല. അതുപോലെ തേയില മേഖലയിൽ നടക്കുന്ന auction വലിയ തട്ടിപ്പാണെന്ന് കാണാൻ കഴിയും. കൊച്ചി കേന്ദ്രീകരിച്ച് നടക്കുന്ന auction-നിൽ നാലോ അഞ്ചോ കമ്പനികൾ ചേർന്ന് ക്ലസ്റ്റർ രൂപീകരിച്ച്, ആ ക്ലസ്റ്ററിന്റെ അടിസ്ഥാനത്തിലാണ് auction നടക്കുന്നത്. ആ പോയിന്റിൽ നിൽക്കുന്ന വിലയാണ് കമ്പനികൾ അവരുടെ ലാഭനഷ്ടക്കണക്കിന്റെ ബാലൻസ്ഷീറ്റ് തയ്യാറാക്കാൻ ഉപയോഗിക്കുന്നത്. എന്നാൽ auction-ൽ പങ്കെടുക്കുന്നത് ഇവർ തന്നെ രൂപീകരിച്ച സിസ്റ്റർ കമ്പനികളാണ്. ആ കമ്പനികൾ വലിയ വിലയ്ക്കാണ് മറിച്ച് വിൽക്കുന്നത്. അതുകൊണ്ട് സുതാര്യമായ auction-നുവേണ്ടി നേതൃത്വം കൊടുക്കണം. തൊഴിലാളികളുടെ അനുപാതം ഒരു ഏക്കറിന് 1.75 ആയാണ് നിശ്ചയിച്ചിരിക്കുന്നത്. ഹാരിസൺ മലയാളം കമ്പനിക്ക് വയനാട്ടിൽ മാത്രം 5500 ഏക്കർ തോട്ടമുണ്ട്. ആ ഭൂമിയുടെ പാട്ടക്കാലാവധിയൊക്കെ കഴിഞ്ഞതാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. തോട്ടം മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

എക്സൈസ് മേഖലയിൽ വലിയ രീതിയിലുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. മദ്യനിരോധനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി വിധി അതിജീവിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. വ്യാജവാറ്റ്, മയക്കുമരുന്ന്, കഞ്ചാവ്, ബ്രൗൺ ഷുഗർ എന്നിവയുടെ ഉപയോഗം വർദ്ധിക്കുകയാണ്. അതുകൊണ്ട് മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് വേണ്ടതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരോഗ്യപരമായ ഒരു മദ്യനയത്തെക്കുറിച്ച് ഈ സഭ ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്താൻ കഴിയണം. ഔട്ട്ലെറ്റുകൾ പൂട്ടിയതുകൊണ്ട് മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ എന്ന കാര്യവും പഠനവിഷയമാക്കേണ്ടതാണ്. മദ്യനയത്തിൽ ഒരു പുതിയ സമീപനം സ്വീകരിക്കാൻ കഴിയണം.

പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റവും ശ്രദ്ധേയമാണ്. ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ കൊണ്ടുവരാൻ കഴിയണം. പട്ടികവർഗ്ഗ

മേഖലയിലെ പ്രവർത്തനങ്ങളിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്. പരമ്പരാഗത രീതിയിൽനിന്ന് മാറി ചിന്തിക്കാൻ കഴിയണം. കാർഷിക പൂർവ്വഘട്ടത്തിലെ ഇക്കോ സംസ്കാരം ഉൾക്കൊള്ളുന്നവരാണ് ആദിവാസികൾ. എന്നാൽ നാഗരിക ജീവിതമാണ് നമുക്കുള്ളത്. മനസ് ഇക്കോ സംസ്കാരത്തിലും അവരുടെ ശരീരം ആധുനിക നാഗരിക സംസ്കാരത്തിലുമാണ് നിലകൊള്ളുന്നത്. ഇത് മനസ്സിലാക്കി ഏറ്റവും ശ്രദ്ധേയമായ ഇടപെടൽ നടത്താൻ കഴിയണം.

കേന്ദ്രഗവൺമെന്റ് ടി.എസ്.പി. ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ട്. കേരളത്തിലെ ഗവൺമെന്റ് ഇത് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വരുന്ന ഒന്നാം തീയതി (ജൂൺ 1) സ്കൂൾ തുറക്കുമ്പോൾ വയനാട്ടിലെ പട്ടികവർഗ്ഗ മേഖലയിലെ 241 ആദിവാസി ടീച്ചർമാർ സ്കൂളിലേയ്ക്ക് പ്രവേശനം നേടി വരികയാണ്. കേരളത്തിലെ മുഖ്യമന്ത്രിയും പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് അത് ലോഞ്ച് ചെയ്യുകയാണ്. തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള പ്രത്യേക നടപടിയാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായതെന്ന് കാണാൻ കഴിയും.

അതുപോലെ ഈ ഗവൺമെന്റ് എക്സൈസ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തിയിരിക്കുകയാണ്. നിരവധി ആളുകളെ പോലീസിലെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് ഊരുകൂട്ടത്തെ അടിസ്ഥാനപ്പെടുത്തി ' ഊരുകൂട്ടം ആശ ' എന്ന പേരിൽ 250 പേരെ ജോലിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. ആദിവാസി തൊഴിൽ സംവരണം രണ്ട് ശതമാനമാണ്. ഓരോ ജില്ലയിലെയും ജനസംഖ്യയ്ക്കാനുപാതികമായി തൊഴിൽ സംവരണം കൊടുക്കാൻ കഴിയണം. വയനാട്ടിലെ ആദിവാസികളുടെ ജനസംഖ്യ 18.75 ശതമാനം ആണ്. സ്വകാര്യ മേഖലയിലെയും തൊഴിൽ സംവരണം ഉറപ്പാക്കണം. സംവരണത്തിനകത്ത് സംവരണം എന്ന നിലപാട് സ്വീകരിക്കണം. ആദിവാസികളുടെ ജനസംഖ്യയനുസരിച്ച് ഓരോ വിഭാഗത്തിനും തൊഴിൽ കിട്ടാനാവശ്യമായ നിലപാട് സ്വീകരിക്കണം. ഒ.ബി.സി.-യിൽ വിശ്വകർമ്മ, ധീവര എന്നിവയ്ക്ക് സംവരണമുള്ളതുപോലെ എസ്.ടി. മേഖലയിൽ പണിയ, അടിയ, കുറിച്യ തുടങ്ങിയ എല്ലാ ആദിവാസി വിഭാഗങ്ങളുടെയും ജനസംഖ്യാ തോതനുസരിച്ച് സംവരണം നൽകിക്കൊണ്ട് എല്ലാവരുടെയും ജോലി സാധ്യത ഉറപ്പാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം.

ഭൂമി നൽകുന്നതിൽ മുന്തിയ പരിഗണന നൽകണം. അതോടൊപ്പം ഇപ്പോൾ നിലവിലുള്ള വിജിലൻസ് അന്വേഷണങ്ങൾ പൂർത്തീകരിക്കാനുള്ള നിലപാട് സ്വീകരിക്കണം. ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. അവരെ സ്വയംപര്യാപ്തതയിലെത്തിക്കാൻ കഴിയണം. ഗവൺമെന്റ് ഓണക്കിറ്റും ഓണക്കോടിയുമൊക്കെ കൊടുക്കുന്നുണ്ട്. പണ്ട് ഇതെല്ലാം ജന്മിമാരാണ് ചെയ്തിരുന്നത്. അവർക്കിഷ്ടമുള്ള

കടയിൽനിന്ന് ഇതൊക്കെ വാങ്ങാൻ കഴിയുന്ന രീതിയിൽ അവരുടെ കയ്യിൽ പണം എത്തിക്കാനും അവർക്ക് തൊഴിൽ കൊടുക്കാനും കഴിയണം. ഈ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് സാക്ഷരത പ്രഖ്യാപിച്ചിട്ടുണ്ട്. അത് നല്ല രീതിയിൽ നടപ്പിലാക്കാൻ കഴിയണം. 'ഗദ്ദിക' എന്ന പേരിൽ ഗോത്ര കലാമേളകൾ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. അവിടെ 80 ലക്ഷം രൂപയുടെ വിറ്റുവരവാണ് ഉണ്ടായിട്ടുള്ളത്. അതിനെ ശക്തിപ്പെടുത്താൻ കഴിയണം.

പിന്നാക്കക്ഷേമ വകുപ്പിൽ 37766 പേർക്ക് 317 കോടി രൂപയുടെ ധനസഹായം ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ എസ്.ടി. പ്രൊമോട്ടർമാരുടെ നിയമനത്തിൽ 18 വയസ്സിനും 25 വയസ്സിനുമിടയിലുള്ളവർക്ക് അപേക്ഷിക്കാം. അതുപോലെ എഴുത്തുപരീക്ഷ എന്ന തെറ്റായ രീതിയും നടപ്പിലാക്കിയിട്ടുണ്ട്. അത് റദ്ദാക്കി എല്ലാവർക്കും അവകാശം ലഭ്യമാക്കാൻ കഴിയണം.

ജനവിഭാഗങ്ങൾ മദ്യാസക്തിയിലാണ്. തൊഴിലില്ലായ്മയും നിരക്ഷരതയും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ഇതിന് കാരണമെന്നാണ് അമേരിക്കൻ ഗവേഷകനായ ഫ്രെഡ് ഡിവോസ് പറഞ്ഞിരിക്കുന്നത്. ജനിതക കാരണങ്ങൾകൊണ്ടും മദ്യാസക്തി ഉണ്ടാകുന്നുണ്ടെന്ന് പറയുന്നുണ്ട്. ഇതിൽനിന്നെല്ലാം അവരെ മോചിപ്പിക്കാനുള്ള നിലപാട് സ്വീകരിക്കണം. "ഞങ്ങൾ ഭൂമിയുടെ ഭാഗമാണ്. ഭൂമി ഞങ്ങളുടെയും ഭാഗമാണ്. പൂക്കൾ ഞങ്ങളുടെ സഹോദരിമാരാണ്. പർവ്വതങ്ങളും പുൽമേടുകളും കരടിയും മാനും പരുന്തും കുതിരക്കുട്ടികളുമെല്ലാം ഞങ്ങളുടെ കുടുംബാംഗങ്ങളാണ് " എന്നാണ് അമേരിക്കൻ ദ്വീപിലെ ആദിവാസി മൂപ്പനായ സുസൻ ഘോഷിം പറഞ്ഞിരിക്കുന്നത്. ഈ രീതിയിലുള്ള മുന്നറിയിപ്പാണ് നിരക്ഷരരായ ജനവിഭാഗം സാക്ഷര ലോകത്തിന് വകയിരുത്തിയിരിക്കുന്നത്. ഇതുകൂടി കണക്കിലെടുത്ത് ആദിവാസി ജനവിഭാഗങ്ങളുടെ മുന്നേറ്റത്തിൽ ശ്രദ്ധേയമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ശശീന്ദ്രൻ സംസാരിച്ച് തുടങ്ങിയത് ഒരു വർഷമായി കേട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് ഞങ്ങളെ ഭയപ്പെടുത്തേണ്ട, പേടിപ്പിക്കേണ്ട, ഞെട്ടിപ്പിക്കേണ്ട, വിരട്ടേണ്ട എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഒരുപാട് പാരമ്പര്യങ്ങളെക്കുറിച്ചുമൊക്കെ അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ഒരു വർഷമായി ഈ വാചകമടിയും ബഡായി പറച്ചിലുമല്ലാതെ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട അരി പോലും ചോദിച്ചുവാങ്ങാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതുകൊണ്ട് ഞാനിത് പറഞ്ഞെന്നുമാത്രം.

സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള പിന്നോക്ക വിഭാഗങ്ങൾ, എസ്.സി./ എസ്.ടി. വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരെ ബാധിക്കുന്നതാണ് ഇന്നത്തെ ധനാഭ്യർത്ഥനകൾ. ഈ ഒരു വർഷം ഈ കാര്യങ്ങളിലൊക്കെ എന്ത് നടന്നുവെന്നുള്ള തിന് ഒരു ആത്മപരിശോധന നിങ്ങൾ നടത്തുന്നത് നല്ലതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ നിങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകുന്നുണ്ട്. അത് നിർത്തിയില്ലെന്നുള്ളത് ഒരാശ്വാസമായി ഞാൻ കാണുകയാണ്. ന്യൂനപക്ഷ ക്ഷേമത്തിന് വേണ്ടി കഴിഞ്ഞ ഗവൺമെന്റ് പതിനഞ്ചിലധികം പദ്ധതികളാണ് ആവിഷ്കരിച്ചത്. ഈ ഗവൺമെന്റ് പുതിയതായി ഏതെങ്കിലും പദ്ധതി തുടങ്ങിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. തുടങ്ങിയതായി എന്റെ അറിവിലില്ല. കഴിഞ്ഞ ഗവൺമെന്റ് ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി വളരെ അഭിമാനത്തോടെ പറയാൻ കഴിയുന്ന 15 പദ്ധതികളാണ് ആവിഷ്കരിച്ചത്. ഈ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. മഞ്ഞളാംകുഴി അലി മന്ത്രിയായിരുന്ന സമയത്ത് 100 ശതമാനമായിരുന്നു എക്സ്പെന്റിച്ചർ. പക്ഷേ ഈ വർഷം എത്രയായെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പറയണം. എന്റെ അറിവ് ശരിയാണെങ്കിൽ അത് നൂറിൽ എത്തിയിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷവും നൂറ് ശതമാനത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ പദ്ധതിയിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയായി എനിക്ക് തോന്നിയത് വിധവകൾക്കും വിവാഹ ബന്ധം വേർപെടുത്തിയ സ്ത്രീകൾക്കുംവേണ്ടിയുള്ള ഭവന പദ്ധതിയാണ്. ഇതൊരു നല്ല പദ്ധതിയാണ്. ജനറൽ കാറ്റഗറിയിൽ വരുന്ന ഇവർക്ക് പഞ്ചായത്തിൽനിന്ന് ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വളരെ പ്രയാസമാണ്. ഈ പദ്ധതി ശാക്തീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെ ശാക്തീകരിക്കുമ്പോൾ പേര് മാറ്റിക്കൊണ്ടുള്ള ശാക്തീകരണമല്ല ഞാൻ ഉദ്ദേശിക്കുന്നത്. നിങ്ങൾ ഇപ്പോൾ ആ പദ്ധതിക്ക് ഇമ്പിച്ചി ബാവയുടെ പേര് കൊടുത്തു. ഞാൻ അതിനെ എതിർക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന് വേണമെങ്കിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റേയോ കേരളത്തിന്റെ അഭിമാനമായ സി. എച്ച്. മുഹമ്മദ്കോയ സാഹിബിന്റെയോ പേര് കൊടുക്കാമായിരുന്നു. ഈ ഗവൺമെന്റ് പേര് മാറ്റൽ ചടങ്ങ് മാത്രമാക്കി കാര്യങ്ങൾ കാണാതെ ഇത്തരം പദ്ധതികൾ വിപുലപ്പെടുത്തി കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പട്ടികജാതിക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എനിക്ക് മന്ത്രിയോട് സൂചിപ്പിക്കാനുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യം ഇവിടെയുണ്ട്. 2017-18-ലെ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാനിന്റെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. ഒരു ഗവൺമെന്റിനെയോ ഒരു മന്ത്രിയെയോ ഒരു വകുപ്പിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്മാരെയോ സംബന്ധിച്ചിടത്തോളം ഭരണരംഗത്തെ കാര്യങ്ങളിൽ നേരിട്ട് ഇടപെടുമ്പോൾ അതിനനുസരിച്ചുള്ള ചില കാര്യങ്ങൾ ചെയ്യാനുള്ള ഫണ്ടുകൂടി നീക്കിവയ്ക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. കഴിഞ്ഞ പ്രാവശ്യത്തെ 9.1 ശതമാനത്തിനുപകരം 9.8 ശതമാനമാണ് ടോട്ടൽ ഔട്ട്ലേ എന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ ഈ സഭയിൽ പറയുകയുണ്ടായി. പക്ഷേ ഫണ്ടുണ്ടെങ്കിലും അത് ഗവൺമെന്റിനോ ഡിപ്പാർട്ട്മെന്റിനോ മന്ത്രിക്കോ ചെലവഴിക്കുന്ന കാര്യത്തിൽ ചില പരിമിതികളുണ്ടെന്ന് എനിക്ക് തോന്നുന്നു. കോർപ്പസ് ഫണ്ട് 78 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പല ജില്ലകളിലും കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ ആയിട്ടുള്ള വർക്കുകൾക്ക് കൊടുക്കുമ്പോൾത്തന്നെ ഈ 78 കോടി രൂപ തീരും. അങ്ങ് ഇവിടെ സ്വയംപര്യാപ്ത ഗ്രാമം, അംബേദ്കർ ഗ്രാമം എന്ന് പേരുമാറ്റൽ നടത്തി; നല്ല കാര്യം; ഞാൻ അതിനെ വിമർശിക്കുന്നില്ല. എന്നാൽ അംബേദ്കർ ഗ്രാമം ഒരു നിയോജക മണ്ഡലത്തിലെ രണ്ട് കോളനികൾക്കാണ് കൊടുക്കുന്നത്. അങ്ങനെ വന്നാൽ 250 കോളനികൾക്ക് അത് കൊടുക്കണം. മുൻ ഗവൺമെന്റിന്റെ കാലത്ത് കോർപ്പസ് ഫണ്ടിൽ നിന്നാണ് അതിനാവശ്യമായ പണം എടുത്തിരുന്നത്. ഇപ്പോൾ കോർപ്പസ് ഫണ്ടിൽ 78 കോടി രൂപയാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള ഈ പദ്ധതി നടപ്പാക്കാനുള്ള ഫണ്ട് എവിടെ നിന്ന് കണ്ടെത്തുമെന്നുള്ളതുകൂടി അങ്ങ് സൂചിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ഒട്ടനവധി പദ്ധതികൾ നമ്മൾ നടത്താറില്ലേ? ഒരു മന്ത്രിയെന്നുള്ള നിലയ്ക്ക് ഒരു പുതിയ കാര്യം നടപ്പാക്കണമെങ്കിൽ അല്ലെങ്കിൽ ഫണ്ട് ചെലവഴിക്കാനുള്ള വക കണ്ടെത്തണമെങ്കിൽ ഏത് ഹെഡ്ഡിൽ നിന്നെടുത്ത് ചെലവഴിക്കുമെന്ന് ചോദിച്ചാൽ ഇതിനകത്ത് കാണാൻ കഴിയാത്ത സാഹചര്യമുണ്ട്. ഫണ്ട് ഒരുമിച്ചു തന്നതുകൊണ്ട് മാത്രമായില്ല; ജില്ലകളിൽ പോകുമ്പോൾ ഒട്ടനവധി പ്രോജക്ടുകൾ നമ്മുടെ മുന്നിൽ വരും. ജില്ലാ ഉദ്യോഗസ്ഥന്മാർ പ്രോജക്ടുകൾ വയ്ക്കും. അത് വർക്കിംഗ് ഗ്രൂപ്പ് പാസ്സാക്കുന്ന സാഹചര്യമുണ്ട്. യഥാർത്ഥത്തിൽ വർക്കിംഗ് ഗ്രൂപ്പ് ഒരു പ്രാവശ്യം കൂടി കൂടാനുള്ള ഫണ്ട് ഈ വർഷം വച്ച കോർപ്പസ് ഫണ്ടിലില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഏത് ഗവൺമെന്റ് വന്നാലും കൊടുക്കുന്ന കുറേയേറെ കാര്യങ്ങളിൽ ഒരു മാറ്റം വേണമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. അതിലേറ്റവും പ്രധാനപ്പെട്ട കാര്യം, വീടിന് പണം കൊടുക്കുന്ന കാര്യത്തിൽ ഭവന ധനസഹായം, ഭൂമി വാങ്ങുന്നതിന് ധനസഹായം, കഴിഞ്ഞ ഗവൺമെന്റ്

ചെയ്യാവുന്നതിൽ അങ്ങേയറ്റം ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു ചെറിയ വർദ്ധനവുണ്ടായി. അങ്ങ് 2011-ൽ മന്ത്രിയായി ഇറങ്ങിപ്പോകുന്ന സമയത്ത് വീടൊന്നിന് ഒരു ലക്ഷം രൂപയാണ് കൊടുത്തതെങ്കിൽ 5 വർഷം കൊണ്ട് ഞങ്ങൾ 3 ലക്ഷം രൂപയാക്കി; നിങ്ങൾ അത് 3.75 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. കാലാനുസൃതമായ വർദ്ധനവ് ഇനിയു മുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അത്തരം പദ്ധതികൾക്കപ്പുറത്തേയ്ക്ക് ഗവൺമെന്റിന്റേതായ പ്രവർത്തനങ്ങൾ കൊണ്ടുപോകേണ്ട സാഹചര്യമാണ് ഇന്നുള്ളത്.

അങ്ങ് ഇവിടെ സൂചിപ്പിച്ചല്ലോ ഇ.എം.എസ്. ഗവൺമെന്റിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ പട്ടികജാതി സമൂഹം അല്ലെങ്കിൽ പട്ടികവർഗ്ഗ സമൂഹം ഈ 60 വർഷംകൊണ്ട് എന്ത് നേടിയെന്നതിനെക്കുറിച്ച് ഒരാലോചന നടത്താൻ തയ്യാറാകണം. കമ്മ്യൂണിസ്റ്റ് പാർട്ടി എന്നും ഈ ജനവിഭാഗത്തോടൊപ്പമാണ്, പാർശ്വവൽക്കരിക്കപ്പെട്ടവരോടൊപ്പമാണ് എന്നൊക്കെ പറയുകയും അവരെ വെറും മുദ്രാവാക്യ തൊഴിലാളികളാക്കി മാറ്റുന്നതിനപ്പുറത്ത് അവരുടേതായ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിന് എന്താണ് ഈ 60 വർഷംകൊണ്ട് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെടണം. നമ്മളൊക്കെ ആവർത്തിച്ച് പറയാറുള്ളതുപോലെ അയ്യൻകാളി പറഞ്ഞതുപോലെ 10 ബിരുദധാരികളെയാണ് മുമ്പ് ആവശ്യമെങ്കിൽ ഇന്ന് അതാണോ ആവശ്യം, അല്ല, ഇന്ന് കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട് ആ മാറ്റത്തിനനുസരിച്ച് അവർക്ക് ജീവിത-സാമ്പത്തികരംഗത്ത് വളരാനുള്ള അവസരവും വ്യവസായ രംഗത്ത് കടന്നുവരാനുള്ള അവസരവുമൊരുക്കണം. 10 ശതമാനത്തോളം വരുന്ന ജനവിഭാഗമാണ് കേരളത്തിലെ എസ്.സി. വിഭാഗം. ഇന്ന് ആ 10 ശതമാനത്തോളം വരുന്ന ജനവിഭാഗത്തിന്റെ സാമ്പത്തികമേഖല എടുത്തുകഴിഞ്ഞാൽ നമുക്ക് ഒരു ശതമാനംപോലും വളർച്ച കാണാൻ കഴിയില്ല. ഇന്ന് വിദേശത്ത് പോയവരുടെ എണ്ണമെടുത്തു കഴിഞ്ഞാൽ, ആകെയുള്ള മലയാളികളിൽ ഒരു ശതമാനംപോലും പട്ടികജാതി വിഭാഗത്തിലില്ല. വിദേശത്ത് പഠിക്കാൻ പോകുന്ന കുട്ടികളുടെ എണ്ണമെടുത്തു കഴിഞ്ഞാലും ഒരു ശതമാനം വിദ്യാർത്ഥികൾപോലും ആ വിഭാഗത്തിലില്ല. അപ്പോൾ പഴയകാലത്തുള്ള ആവശ്യങ്ങൾക്കപ്പുറത്ത് ഇന്നത്തെ ആവശ്യങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ആ മാറ്റം ഉൾക്കൊണ്ടുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആദ്യമായി എയ്ഡഡ് മേഖലയിൽ എസ്.സി. വിഭാഗത്തിന് 4 കോളേജുകൾ അനുവദിക്കാൻ കഴിഞ്ഞുവെന്നുള്ളത് വലിയൊരു ചരിത്രനേട്ടമായി ഞങ്ങൾ കാണുകയാണ്. അതിന് മുമ്പുള്ള ഇടതുപക്ഷ ഗവൺമെന്റ് ചെയ്യേണ്ട കാര്യമായിരുന്നു അത്. ഇവിടെ ഒട്ടനവധി എയ്ഡഡ് കോളേജുകളുണ്ട്. എല്ലാ സമുദായങ്ങൾക്കും ഇന്ന് കോളേജുകളുണ്ട്. പട്ടികജാതി വിഭാഗം മാനേജ്മെന്റുകൾക്ക് കോളേജ് നടത്താൻ

കഴിയില്ലെന്നുള്ളതുകൊണ്ടാണോ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അവർക്ക് കോളേജ് അനുവദിക്കാതിരുന്നത്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് 4 മാനേജ്മെന്റുകൾക്കാണ് കോളേജ് അനുവദിച്ചത്. മൂന്ന് കോളേജുകൾ ആരംഭിച്ചു കഴിഞ്ഞു. എല്ലാ മേഖലയിലും പ്രത്യേകിച്ച് സാമ്പത്തികരംഗത്തും വ്യവസായ രംഗത്തുമൊക്കെ ഈ വിഭാഗത്തിൽപ്പെട്ടവരെ കൊണ്ടുവരണമെങ്കിൽ അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തണം. എല്ലാ കാലത്തും ഭൂമിയും വീടും കൊടുക്കുന്ന പദ്ധതികളൊക്കെ നടക്കട്ടെ. ഇന്ന് കേരളത്തിൽ വ്യവസായ രംഗത്ത് വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. തിരുവനന്തപുരത്ത് സ്റ്റാർട്ടപ്പ് വില്ലേജ് ഉൾപ്പെടെയുള്ള പദ്ധതികളുണ്ട്. അവിടെയൊക്കെ എത്ര എസ്.സി. വിഭാഗത്തിലുള്ള ആളുകളുണ്ട്; എത്ര പുതിയ സംരംഭകരുണ്ട്? കഴിഞ്ഞ ഗവൺമെന്റ് ആ രംഗത്തും 500-ഓളം പേരെ പ്രത്യേകം വിളിച്ചുചേർത്ത് അവർക്ക് പ്രത്യേകം ട്രെയിനിംഗ് കൊടുത്ത് ആ മേഖലയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമം തുടങ്ങിവച്ചതാണ്. അപ്പോഴാണ് തെരഞ്ഞെടുപ്പ് വന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഈ വക കാര്യങ്ങളിൽ ശക്തമായ ഒരു നിലപാട് ഗവൺമെന്റ് എടുക്കേണ്ട സാഹചര്യം ഉണ്ടായിരിക്കുന്നു. പാവപ്പെട്ട പട്ടികജാതി വിഭാഗക്കാരെ പാർട്ടിയുടെ വെറും മുദ്രാവാക്യ തൊഴിലാളികളാക്കി മാറ്റാതെ അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് കാര്യമായ രീതിയിലുള്ള പ്രവർത്തനം നടത്തണം.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് കുറേയേറെ ആളുകൾക്ക് വിദേശത്തേയ്ക്ക് പോകാൻ കഴിഞ്ഞു. ഇന്ന് വിദേശത്ത് തൊഴിലെടുക്കുന്ന മലയാളികൾ എത്ര പേരുണ്ട്? അത്തരം കാര്യങ്ങളിൽ പിന്തുണ കൊടുക്കണം. ഗൾഫ് മേഖലയിലാകട്ടെ യൂറോപ്യൻ മേഖലയിലാകട്ടെ എവിടെയാണ് തൊഴിൽ സാധ്യതയുള്ളത് അവിടേയ്ക്ക് പോകുവാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. എത്ര വരുമാനമുള്ളവരായാലും അവരുടെ കുട്ടികൾക്ക് വിദേശത്തു പോയി പഠിക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. ഇതൊക്കെ കഴിഞ്ഞ ഗവൺമെന്റ് ചെയ്ത കാര്യങ്ങളാണ്. ഈ ഗവൺമെന്റ് അത് വേണ്ടരീതിയിൽ തുടരുന്നില്ലെന്നുള്ളതുകൊണ്ടാണ് അങ്ങയോട് ഞാൻ സൂചിപ്പിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് രാഷ്ട്രീയം നോക്കിയിട്ടല്ല; ഒരു ജനവിഭാഗത്തിന്റെ സാമൂഹ്യ മാറ്റത്തിന് അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ പുതിയ പദ്ധതികളൊക്കെ കഴിഞ്ഞ സർക്കാർ കൊണ്ടുവന്നത്. അങ്ങ് അതെല്ലാം മാറ്റിയെന്നു ഞാൻ പറയുന്നില്ല. 'വാത്സല്യനിധി' പദ്ധതി കഴിഞ്ഞ ഗവൺമെന്റ് അനൗൺസ് ചെയ്തിട്ടുണ്ടായിരുന്നു; അതേ പദ്ധതി തന്നെ ഈ ഗവൺമെന്റും തുടരുന്നു. ഇതൊക്കെ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. രാവിലെ ഞാൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ അങ്ങ് പറഞ്ഞു, പുതിയ സാഹചര്യംകൊണ്ട് കൂടുതൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം കിട്ടും. അപ്പോൾ അങ്ങ് പറഞ്ഞ ഒരു കാര്യം, രണ്ടര

ലക്ഷത്തിൽ കൂടുതൽ വരുന്ന ആളുകൾക്ക് കേന്ദ്രഗവൺമെന്റിന്റെ സഹായമുണ്ട്. അവിടെ സംസ്ഥാന ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. രണ്ടര ലക്ഷം രൂപയുടെ വരുമാനപരിധി എസ്.സി. വിഭാഗം ആളുകൾക്ക് വയ്ക്കുകയെന്നത് ഒരു രീതിയിലും ന്യായീകരിക്കാൻ കഴിയാത്തതാണ്. കേന്ദ്രഗവൺമെന്റിന്റെ പദ്ധതിയായതു കൊണ്ട് നമുക്ക് പരിമിതിയുണ്ട്. നമ്മൾ ആലോചിച്ച ഒരു കാര്യം, രണ്ടര ലക്ഷം വരെ വരുമാനമുള്ള ആളുകൾക്ക് സംസ്ഥാന ഗവൺമെന്റ് പിന്തുണ കൊടുക്കണം. ഇന്ന് ഒരു പ്യൂണിനുപോലും ഒരു വർഷത്തെ വരുമാനം രണ്ടര ലക്ഷം രൂപയുണ്ട്. അങ്ങനെ വന്നുകഴിഞ്ഞാൽ ഗവൺമെന്റ് ഉദ്യോഗസ്ഥനായ ഒരു പ്യൂണിന്റെ മകനോ മകൾക്കോ പോലും മെഡിക്കൽ കോഴ്സിനു പോയാൽ ഗവൺമെന്റിൽനിന്ന് ഫീസ് സൗജന്യം ലഭിക്കാത്ത സാഹചര്യമാണ്. അതുകൊണ്ട് അത്തരം ഇടപെടലുകളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. രണ്ടര ലക്ഷം രൂപവരെയുള്ള വരുമാനപരിധി മാറ്റിക്കൊണ്ട് അത്തരം ആളുകൾക്ക് സംസ്ഥാന ഗവൺമെന്റ് പിന്തുണ കൊടുക്കണം. അതിനുമുകളിലുള്ള ആളുകൾക്ക് കേന്ദ്രഗവൺമെന്റ് കൊടുക്കുന്നുണ്ട്. അതിന് ധനകാര്യ വകുപ്പിനെ കാണേണ്ട കാര്യവുമില്ല. ആ പണം മുഴുവൻ കൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. സംസ്ഥാന ഗവൺമെന്റ് ഒരു ബാധ്യതയും ഏറ്റെടുക്കുന്നില്ല. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ഇന്ന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുവാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പാലക്കാട് മെഡിക്കൽ കോളേജിനോട് അങ്ങ് എടുത്ത സമീപനം എനിക്കറിയാം. പാലക്കാട് മെഡിക്കൽ കോളേജ് ഇന്ന് പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനിക്കാവുന്ന ഒന്നാണ്. ഇന്നത്തെ സാഹചര്യത്തിൽ ഒരു വർഷം 70-ഓളം എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്കാണ് പഠിക്കാൻ കഴിയുന്നത്. 5 വർഷം കഴിയുമ്പോൾ 350 വിദ്യാർത്ഥികളാണ് അവിടെയുണ്ടാകുക. ഒരുപാട് എതിർപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യംകൊണ്ടാണ് അത് നടപ്പാക്കിയത്. അങ്ങ് ഫയലെടുത്ത് പരിശോധിച്ച നോക്കിയാൽ അറിയാൻ കഴിയും. സെക്രട്ടേറിയറ്റിൽ ഇരിക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ സമീപനം എന്തായിരുന്നുവെന്ന് ആ ഫയലുകൾ വെളിപ്പെടുത്തുന്നുണ്ട്. ഗവൺമെന്റിന് ദളിത് വിഭാഗത്തോടുള്ള സമീപനം വളരെ ശക്തമായതുകൊണ്ടാണ് എതിർപ്പുകളുണ്ടായിട്ടും പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കാൻ കഴിഞ്ഞത്. ആ മെഡിക്കൽ കോളേജിനെ വേണ്ടരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞാൽ ഇൻഡ്യയിൽ നമുക്ക് അഭിമാനിക്കാവുന്ന സ്ഥാപനമാകും പാലക്കാട് മെഡിക്കൽ കോളേജ്. എന്നാൽ അതിനനുസരിച്ചുള്ള ഒരു അനുകൂല സമീപനം അങ്ങയുടെ ഭാഗത്തുനിന്ന് ഇല്ലെന്നുള്ള രീതിയിലാണ് പത്രവാർത്തകൾ കാണുന്നത്. ഈ വർഷം മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കില്ല; ആവശ്യത്തിന് ജീവനക്കാരില്ല എന്നുള്ള രീതിയിലാണ് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

മി. ചെയർമാൻ: .... 3 മിനിറ്റായി .... പ്ലീസ് കൺക്ലൂഡ്...

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ഒരു വർഷക്കാലം പുതുതായി യാതൊന്നും ചെയ്യാൻ ഗവൺമെന്റ് ഒരു താല്പര്യവുമെടുത്തിട്ടില്ല. എസ്.സി. വിഭാഗങ്ങളുടെ കാര്യത്തിലായാലും എസ്.ടി. വിഭാഗങ്ങളുടെ കാര്യത്തിലായാലും തുടർന്നുപോകുന്ന പദ്ധതികൾ അതേപടി മുന്നോട്ടുപോകുന്നുണ്ടെന്നുള്ളതല്ലാതെ മറ്റൊന്നും ചെയ്യാൻ ശ്രമിക്കാത്ത ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. ദാസൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു വർഷം പൂർത്തിയാക്കുന്ന ഘട്ടത്തിലാണ് കേരള ജനത ഈ ഗവൺമെന്റിനെപ്പറ്റി പൊതുവെ വിലയിരുത്തുന്നത്. കഴിഞ്ഞ ഒരു വർഷംകൊണ്ട് പ്രത്യേകിച്ച് എക്സൈസ് വകുപ്പ് മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. അതുകൊണ്ടുതന്നെ പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും ഈ വകുപ്പിനെ സംബന്ധിച്ച് നാളിതുവരെ ലഭിക്കാത്ത രീതിയിലുള്ള നല്ല വാർത്തകളാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിൽനിന്നും ഏറെ വ്യത്യസ്തമായിട്ടുള്ളൊരു സമീപനവും നയവുമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ആവിഷ്കരിച്ചിട്ടുള്ളത്. ദിനംപ്രതി വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് മാഫിയ സംഘങ്ങളിൽനിന്നും കേരളത്തെ മോചിപ്പിക്കാൻ അതിശക്തമായ ബോധവൽക്കരണവും മദ്യത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തിയും മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാനാവശ്യമായ നിലപാട് പ്രഖ്യാപിച്ചുകൊണ്ടും പ്രത്യേകിച്ച് 'വിരക്തി' എന്ന പേരിൽ വിദ്യാലയങ്ങളിൽ, പൊതു ക്ലബ്ബുകളിൽ, നാട്ടിൽ ജനങ്ങൾ കൂടുന്ന സ്ഥലങ്ങളിൽ എല്ലാം ക്യാമ്പെയിൻ നടത്തിയതിന്റെ ഭാഗമായി നല്ല നേട്ടമാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സമൂഹത്തിനുണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ എല്ലാ മേഖലയിലുമുള്ള പൊതുസമൂഹം അക്കാര്യം അംഗീകരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ആ മാറ്റത്തെ ഉൾക്കൊള്ളുകയും ചെയ്യുന്ന സമീപനമാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം കുറച്ചുവെന്ന് ചിലർ അവകാശപ്പെടുന്നുണ്ട്. അത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന ഒന്നല്ല. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യ വർഷം 2011-ൽ 669 ബാറുകളാണുണ്ടായിരുന്നത്. ആ ഗവൺമെന്റിന്റെ ഒരു വർഷ ബാലൻസ് ഷീറ്റ് എടുത്തുനോക്കിയാൽ അത് ഏതാണ്ട് 752 ബാറുകളായി വർദ്ധിച്ചുവെന്ന് മനസ്സിലാക്കാൻ സാധിക്കും. അന്നത്തെ ബഹുമാനപ്പെട്ട

എക്സൈസ് വകുപ്പുമന്ത്രിയുടെ ജില്ലയിൽ മാത്രം 14 പുതിയ ബാറുകളാണ് പുതുതായി ലൈസൻസ് നേടിയത്. അതും illegal ആയാണ് ലൈസൻസ് നേടിയതെന്നുള്ള വലിയ ക്യാമ്പെയിനാണ് അന്ന് കേരളത്തിലുണ്ടാ യിരുന്നത്. അതിന്റെ ഭാഗമായി മറ്റു ജില്ലകൾക്ക് അതുപോലെ ലഭിച്ചില്ലെന്ന പരാതിയാണ് അന്ന് നിയമസഭയിൽ കേട്ടിരുന്നത്. പക്ഷെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് അങ്ങനെയൊരു വാർത്ത ഒരു അങ്ങാടി നിലവാരത്തിന്റെ ചുവട്ടിലോ ഏതെങ്കിലുമൊരു പത്രത്താളുകളിലോ കാണാൻ കഴിയുമോ; അവസാനം സുപ്രീംകോടതി ഇടപെട്ട് നിലവാരമില്ലാത്ത ഷാപ്പുകൾ മാറ്റണമെന്ന് പറഞ്ഞപ്പോഴാണ് 418 ബാറുകൾ അടച്ചുപൂട്ടാൻ അന്ന് ഗവൺമെന്റ് നിർബന്ധിക്കപ്പെട്ടത്. എന്നാൽ അതുസംബന്ധിച്ച് കെ.പി.സി.സി.-ക്ക് വ്യത്യസ്തമായ അഭിപ്രായമുണ്ടായിരുന്നു. മുഴുവൻ ബാറുകളും അടച്ചുപൂട്ടണമെന്നാണ് പ്രത്യേകിച്ച് കെ.പി.സി.സി. അദ്ധ്യക്ഷൻ പറഞ്ഞത്. പക്ഷെ കേരളത്തിലെ അന്നത്തെ മന്ത്രിമാരും മുഖ്യമന്ത്രിയും അതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിച്ചു. വ്യത്യസ്തമായ രീതിയിലുള്ള അഭിപ്രായങ്ങളാണ് അസംബ്ലിയിലുണ്ടായിരുന്നത്. ആ രീതിയിൽ വ്യത്യസ്തമായ സമീപനം സ്വീകരിച്ചതിനെത്തുടർന്ന് 418 ബാറുകൾ അടയ്ക്കാൻ നിർബന്ധിക്കപ്പെട്ട ഗവൺമെന്റ് അവസാനം മുഖ്യമന്ത്രി കെ.പി.സി.സി. പ്രസിഡന്റിനുമേലെ ആധിപത്യം നേടാൻ കഴിയുന്ന രീതിയിൽ മുഴുവൻ ബാറുകളും അടയ്ക്കാനുള്ള തീരുമാനമെടുക്കുകയാണ് ചെയ്തത്.

ഇതിന്റെ ഭാഗമായി കേരളത്തിലെ റവന്യൂ വരുമാനം വമ്പിച്ച തോതിൽ തകരുകയും സാമ്പത്തിക നിലവാരംതന്നെ താഴോട്ട് പോകുകയും ചെയ്തു. ഘട്ടം ഘട്ടമായി മദ്യം നിരോധിക്കുമെന്ന യു.ഡി.എഫ്.-ന്റെ മുദ്യാവാക്യത്തിന് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ; നിങ്ങൾ അക്കമിട്ട് നിരത്തിയ മുദ്രാവാക്യങ്ങളില്ലേ; അതിന്റെ വള്ളിപുള്ളി തേഞ്ഞുമാഞ്ഞ് പോകുന്നതിനുമുൻപ് മദ്യ വിൽപ്പനയിൽ 22 ശതമാനമാണ് ഒരു കൊല്ലംകൊണ്ട് വർദ്ധനവുണ്ടായിരിക്കുന്നത്. എന്നാൽ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജമദ്യ വിൽപ്പനകളുടെ ശൃംഖല പെരുകുകയും ഈ നാട്ടിൽ എല്ലാ ഭാഗങ്ങളിലും വാറ്റുകേന്ദ്രങ്ങളുടെ സങ്കേതങ്ങൾ ഉണ്ടാകുകയും അത് നമ്മുടെ സാംസ്കാരിക പൈതൃകത്തെത്തന്നെ ചോദ്യം ചെയ്യുന്ന രീതിയിൽ ഒരു അധോലോകം സൃഷ്ടിക്കുമെന്ന ഭയമാണ് ഉണ്ടാക്കിയിരുന്നത്. ഈ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് മദ്യം നിരോധിച്ച് വിജയിച്ചതായി നിങ്ങൾക്ക് അവകാശപ്പെടാൻ കഴിയുമോ; ഇന്ത്യയ്ക്കുവെളിയിലാണെങ്കിൽപ്പോലും ഏതെങ്കിലും രാജ്യം മദ്യം നിരോധിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയൊരു നേട്ടം കൈവരിച്ചതായി പറയാൻ കഴിയുമോ; ആദർശത്തിന്റെ ഭ്രാന്ത് കയറി ഇങ്ങനെയുള്ള മുദ്രാവാക്യം പറയുമ്പോൾ പ്രായോഗിക തലത്തിൽ അതുണ്ടാക്കുന്ന വിഷമമെന്താണെന്ന് നാം കാണേണ്ടതല്ലേ;

യഥാർത്ഥത്തിൽ മദ്യം നിരോധിച്ചതുകൊണ്ട് ഒരു നേട്ടവും ഉണ്ടാക്കാൻ കഴിയുന്നില്ല. ഇപ്പോൾ ബീഫ് നിരോധിക്കണമെന്ന് ചിലയാളുകൾ പറയുന്നുണ്ട്. മറ്റു ചിലർ പറയുന്നത് ബീഫ് നിരോധനം ഫാസിസ മാണെന്നാണ്. മദ്യം നിരോധിക്കണമെന്ന് പറയുന്നതും ഒരുതരത്തിലുള്ള ഫാസിസമല്ലേ? നിരോധനം അടിച്ചേൽപ്പിക്കാൻ സാധിക്കുമോ; ഈ നിലപാട് സ്വീകരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്; ഒരു നിരോധനമല്ല യഥാർത്ഥത്തിൽ പ്രായോഗികമായിട്ടുള്ളത്. രണ്ടും രണ്ടാണ്, മദ്യവും ബീഫും കഴിക്കുന്നതാണ്. അപ്പോൾ നിരോധനമെന്ന് പറയുന്നത് അശാസ്ത്രീയമാണ്. ശാസ്ത്രീയമായ അടിസ്ഥാനമേയില്ല. ആ രീതിയിൽ ഒരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. മദ്യനിരോധനത്തിന്റെ വക്താക്കളായി കേരളത്തിന്റെ വീരപുത്രനായി ചിലയാളുകളെ എഴുന്നള്ളിച്ചുകൊണ്ടുപോകുകയാണ്. കേരളത്തിൽ റവന്യൂ രംഗത്ത് ഏറ്റവും വലിയ നഷ്ടം ഉണ്ടാക്കിയിട്ടുള്ളത് ഇക്കാര്യമാണെന്നുള്ളത് നാം മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിലെ കള്ള് വ്യവസായത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പറശ്ശിനിക്കടവ് മുത്തപ്പന്റെ നിവേദ്യം കൂടിയാണ് കള്ള് എന്നുള്ളത് എതിർക്കുന്നയാളുകൾ മനസ്സിലാക്കണം. കള്ളിൽ ആൽക്കഹോളിന്റെ കണ്ടന്റ് 8.1 ആണെന്നാണ് സ്റ്റേറ്റ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ മാനദണ്ഡമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. എന്തടിസ്ഥാനത്തിലാണ് കള്ളിൽ 8.1 ആൽക്കഹോൾ കണ്ടന്റ് ഉണ്ടെന്ന് എന്നുപറയുന്നത്. മദ്യങ്ങളിൽവച്ച് ഏറ്റവും വീര്യം കുറഞ്ഞ സാധനമാണ് കള്ള്. മരുന്നിനും ഉപയോഗിക്കുന്നുണ്ട്. കണ്ടന്റ് കുറഞ്ഞ സാധനം എങ്ങനെയാണ് മദ്യാസക്തി വർദ്ധിപ്പിക്കുന്നത്; യഥാർത്ഥത്തിൽ ഇതിൽ 6 മുതൽ 10 ശതമാനം വരെ ആൽക്കഹോൾ കണ്ടന്റ് ഉണ്ടെന്നാണ് കാണുന്നത്. ഔദ്യോഗികമായി ഇതിന്റെ പരിശോധന നടത്തിയിട്ടുണ്ടോ; നിലവിൽ അങ്ങനെയൊരു പരിശോധന നടത്തിയപ്പോൾ വ്യത്യസ്തമായിട്ടുള്ള രീതിയിലുള്ള കണക്കുകളാണ് കിട്ടിയിട്ടുള്ളത്. അതുകൊണ്ട് കണ്ടന്റിനെ സംബന്ധിച്ച കാര്യം 8.1 എന്നുള്ളത് തിരുത്തണം. അതിന് ആവശ്യമായിട്ടുള്ള ക്രമീകരണം ഉണ്ടാകണം. ഒരു തെങ്ങിൽനിന്നും ചെത്തിയെടുക്കുന്ന കള്ള് ഒന്നര ലിറ്ററായിട്ടാണ് കണക്കാക്കപ്പെടുന്നത്. അതിനൊരു മാനദണ്ഡമില്ല. കാരണം ഞങ്ങളുടെ പ്രദേശത്ത് തെങ്ങ് ചെത്തിയാൽ മിനിമം നാല് ലിറ്റർ കള്ള് കിട്ടും. അപ്പോൾ പിന്നെ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കള്ള് ഷാപ്പിൽ അളക്കുന്ന കള്ളിന്റെ ആവറേജ് എടുത്ത് ഒന്നര ലിറ്റർ എന്നുപറയുന്നത്. ആറും ഏഴും ലിറ്റർ കള്ള് കിട്ടുന്ന തെങ്ങുകളുണ്ട്. അതിന്റെ കായ്ഫലം അനുസരിച്ചാണ് കള്ള് കിട്ടുന്നത്. അത് അടിയന്തരമായി മാറ്റിയെടുക്കാനാവശ്യമായ നടപടി വേണം. കള്ള് വ്യവസായത്തിന്റെ സംഘടിതമായ പ്രവർത്തനം നടത്താൻ Toddy Board രൂപീകരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്; ഗവൺമെന്റ്

അതിലൊരു നിലപാട് സ്വീകരിക്കുമോ? പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടിയും കയറും കൈത്തറിയും മത്സ്യബന്ധനവും പോലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കള്ള് വ്യവസായത്തെ പരിപോഷിപ്പിക്കാനും സഹായം നൽകാനും അതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഒരു ബോർഡിന്റെ അനിവാര്യത ഈ നാട്ടിലുണ്ട്. അതുകൊണ്ട് Toddy Board രൂപീകരിക്കാൻ ആവശ്യമായ പ്രഖ്യാപനം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. കള്ള് ഷാപ്പുകളിൽ സൗകര്യങ്ങൾ വളരെ കുറവാണെന്നുള്ളത് കള്ള് വ്യവസായം ഇന്ന്നേരിടുന്ന പ്രധാന വിഷയമാണ്. ആവശ്യമായ കെട്ടിടങ്ങളില്ല. ബോർഡ് രൂപീകരിക്കപ്പെടുകയാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സുപ്രീംകോടതി വിധിപ്രകാരം 47-ഉം 49-ഉം ശതമാനം വീര്യമുള്ള ബാറുകൾക്ക് 200 മീറ്ററും 8 ശതമാനം വീര്യമുള്ള കള്ളിന് 400 മീറ്ററുമായി ദൂരപരിധി നിശ്ചയിച്ചിരിക്കുകയാണ്. ഇത് എന്ത് ദൂരപരിധി നിശ്ചയിക്കലാണ്. സമാനമായെങ്കിലുമെടുക്കണ്ടേ? എല്ലാത്തിനും 200 മീറ്ററായി നിശ്ചയിക്കണം. കേരളത്തിലെ ഭക്ഷ്യപാനീയത്തിന്റെ പരിഗണനയിലുള്ള കള്ളിന് 400 മീറ്റർ ദൂരപരിധി നിശ്ചയിക്കുക, കള്ളിനേക്കാളും വീര്യമുള്ള മദ്യത്തിന് 200 മീറ്ററായി ദൂരപരിധി നിശ്ചയിക്കുക, ഇത് ശരിയായ നിലപാടല്ല. ബാറുകൾക്കും ബ്രാൻഡി ഷോപ്പുകൾക്കും അനുവദിച്ചതുപോലെ കള്ള് ഷാപ്പുകൾക്കും മിനിമം 200 മീറ്ററായി ദൂരപരിധി നിശ്ചയിക്കണം. കള്ള് ഷാപ്പ് സ്ഥാപിച്ച സ്ഥലത്ത് പിന്നീട് അമ്പലങ്ങളോ പള്ളികളോ ഉണ്ടായാൽ ദൂരപരിധി സംബന്ധിച്ച് പരിശോധന ആവശ്യമാണ് എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ശരീരത്തിന് ഹാനികരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോയെന്നുള്ള രാസപരിശോധന ബേക്കറികളിലും മറ്റും നടത്താറുണ്ട്. ആ കടകളൊന്നും പൂട്ടിക്കാറില്ല. കള്ള് ഷാപ്പിൽ എന്തെങ്കിലും പരിശോധന നടത്തിയാൽ ആ ഷാപ്പ് പൂട്ടിക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. വടക്കൻ ജില്ലകളിലെ കള്ള് ഷാപ്പുകളിൽ ഭക്ഷണം നൽകാൻ പാടില്ലെന്ന് പറഞ്ഞ് ഉദ്യോഗസ്ഥന്മാർ ഇടപെടുകയാണ്. അതിനാവശ്യമായ ക്രമീകരണങ്ങളുണ്ടാകണം. കള്ള് ഷാപ്പിന്റെ പദവി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ അശാസ്ത്രീയ മദ്യനിരോധനത്തിന്റെ ഭാഗമായി കേരളത്തിലുണ്ടായ പ്രതിസന്ധികൾ നമ്മൾ കണ്ടതാണ്. മുസ്ലീംലീഗ് ഉൾപ്പെടെയുള്ള പാർട്ടികൾ കേരളത്തിൽ മദ്യനിരോധനം എടുത്തുമാറ്റാൻ അന്നത്തെ ഗവൺമെന്റിന്റെ ഏകോപന സമിതിയിൽ തീരുമാനിച്ചതനുസരിച്ചാണ് ഇവിടെ കള്ള് വ്യവസായം വന്നിട്ടുള്ളത്. യഥാർത്ഥത്തിൽ ആ നിലപാട് പ്രായോഗിക നിലപാടായിരുന്നു. അതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. കേരളത്തിലെ പരമ്പരാഗത വ്യവസായവും ഏതാണ്ട് 50,000-ത്തോളം ആളുകൾക്ക് ജോലി കൊടുക്കുന്നതും പരോക്ഷമായി അഞ്ച് ലക്ഷത്തോളം കുടുംബങ്ങളെ തീറ്റിപ്പോറ്റുന്നതുമായ ഈ

വ്യവസായത്തെ സംരക്ഷിക്കാനും പരിരക്ഷിക്കാനും ആവശ്യമായ അതിശക്തമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

12.00 Noon]

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്നിന്റെ ഓർമ്മകളാണ് ഇന്നലെകൾ. ഇന്നിന്റെ സ്വപ്നങ്ങളാണ് നാളെകൾ എന്ന് ഖലീൽ ജിബ്രാൻ പറഞ്ഞിട്ടുണ്ട്. ഇന്നിന്റെ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമ്മുടെ വ്യവസായശാലകളെല്ലാം തകർച്ചയുടെ വക്കിലായിരുന്നു. തൊഴിൽശാലകൾ അടച്ചുപൂട്ടപ്പെട്ടിരുന്നു. പരമ്പരാഗത വ്യവസായങ്ങളാകെ തകർച്ചയുടെ പടുകുഴിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. നിരവധി തൊഴിലാളികൾ പട്ടിണിയിലായിരുന്നു. അങ്ങനെയുള്ള സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. നിരവധി തൊഴിൽ സമരങ്ങളിലൂടെ വളർന്നുവന്ന തൊഴിലാളികളുടെ നേതാവായി ഇന്ന് കേരളത്തിന്റെ തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ റ്റി. പി. രാമകൃഷ്ണൻ തൊഴിലിന്റെയും എക്സൈസിന്റെയും ചുമതലയേറ്റെടുത്തതിനുശേഷം ആ വകുപ്പുകളെ മെച്ചപ്പെടുത്താൻ നല്ല പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ശ്രീ. കെ. ദാസൻ സൂചിപ്പിച്ചതുപോലെ, നിരവധി മേഖലകളിൽ മാറ്റമുണ്ടാക്കാൻ അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഒരു വർഷത്തെ പരിശ്രമഫലമായി അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് ആനുകൂല്യം വർദ്ധിപ്പിച്ചുനൽകാൻ സാധിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ്, അപ്നാ ഘർ എന്നീ പദ്ധതികൾ നടപ്പാക്കി. നിരവധി യുവാക്കൾ വിദ്യാഭ്യാസം കഴിഞ്ഞ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ പേര് രജിസ്റ്റർ ചെയ്ത് 'മഴ കാത്തിരിക്കുന്ന വേഴാമ്പലിനെ പോലെ' ഇരിക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ സർക്കാർ അധീനതയിൽ ജോബ് പോർട്ടൽ തുടങ്ങുന്നതിനുള്ള തീരുമാനം ചെറുപ്പക്കാർക്ക് പ്രതീക്ഷ നൽകുന്നതാണ്. പേര് രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ പുതുക്കുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വളരെ തിരക്കാണ്. അതൊഴിവാക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റിയെടുക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ഭിന്നശേഷി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാര യിലേയ്ക്ക് കൊണ്ടുവരാൻ കൈവല്യ പദ്ധതിക്ക് തുടക്കംകുറിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന് നിരവധി പ്രശ്നങ്ങളുണ്ടെന്ന് നമുക്കറിയാം. ഞാൻ അതെല്ലാം ഇവിടെ പറയുന്നില്ല. ആ ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ തൊഴിൽ മേഖലകളിൽ കടുത്ത ദാരിദ്ര്യമായിരുന്നു. തൊഴിൽശാലകൾ അടച്ചുപൂട്ടപ്പെട്ടു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കശുവണ്ടി മേഖല. നമുക്കറിയാം നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിൽ

ഏറ്റവും പ്രധാനപ്പെട്ടതാണ് കശുവണ്ടി മേഖല. എന്നൊക്കെ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നോ അന്നൊക്കെ മുതലാളിമാരെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷവും അതുതന്നെയായിരുന്നു. കശുവണ്ടി മേഖലയിലെ ഫാക്ടറികളെല്ലാം അടഞ്ഞുകിടക്കുകയായിരുന്നു. തൊഴിലാളികൾക്ക് തൊഴിലില്ലായിരുന്നു. അവരെല്ലാം ജീവിക്കാൻ പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തൊഴിൽ വകുപ്പിന്റെയും വ്യവസായ വകുപ്പിന്റെയും കശുവണ്ടി വ്യവസായത്തിന്റെയും ചുമതലയുണ്ടായിരുന്ന മന്ത്രിമാർ അടക്കമുള്ളവർ ആ മേഖലകളിലെ മുതലാളിമാരുടെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഒട്ടേറെ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. ഇനിയും നിരവധി ഫാക്ടറികൾ തുറക്കാനുണ്ട്. അതുകൂടി തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശ്രമം അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റ് 66 മേഖലകളിൽ മിനിമം വേജസ് നടപ്പാക്കിയിരുന്നില്ല. അത് നടപ്പാക്കണമെന്ന് അന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10 മേഖലകളിൽ അത് നടപ്പിലാക്കാൻ കഴിഞ്ഞു. മറ്റുമേഖലകളിൽ നടപ്പാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, കയർ, കൈത്തറി, കശുവണ്ടി, ഈറ്റ, ഓട്, തഴപ്പായ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും ഒരു കമ്മീഷനെ നിയോഗിച്ച് ആ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനും അവയെ പുനരുജ്ജീവിപ്പിക്കാനും തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ നൽകുന്നതിനുമുള്ള സംവിധാനമുണ്ടാ ക്കണം.

നമ്മുടെ സംസ്ഥാനത്തുള്ള ക്ഷേമനിധികളെല്ലാം ശക്തിപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഞെക്കിക്കൊല്ലാനാണ് യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചത്. അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി ഇന്ന് ഇവിടെ ഇല്ല. അദ്ദേഹം കഴിഞ്ഞ അഞ്ച് വർഷവും ഈ രംഗത്ത് കാര്യമായി ഒന്നും ചെയ്തിട്ടില്ല. 22 ലക്ഷത്തിലധികം തൊഴിലാളികളാണ് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. അവർക്ക് ഇന്ന് നിരവധി ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. റിട്ടയർമെന്റ് ആനുകൂല്യവും വിവാഹ ധനസഹായവും പ്രസവ ധനസഹായവും ചികിത്സാ സഹായവും മരണാനന്തര സഹായവും കഴിഞ്ഞ അഞ്ച് വർഷമായി കൊടുത്തിട്ടില്ല. ഏകദേശം 268 കോടി രൂപ കർഷകത്തൊഴിലാളി

ക്ഷേമനിധിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ കൊടുക്കാനുണ്ട്. അതിനായി സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുറച്ചുകൂടി പണം വകയിരുത്തി കഴിഞ്ഞ അഞ്ചുവർഷം യു.ഡി.എഫ്. ഗവൺമെന്റ് കൊടുക്കാതിരുന്ന കുടിശ്ശിക കൂടി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ എക്സൈസിന്റെ കാര്യം സൂചിപ്പിച്ചു. വിദേശ രാജ്യങ്ങളിലുള്ളവർ ഇവിടെ വരുമ്പോൾ ഓരോ സ്ഥലത്തും ക്യൂ നിൽക്കുന്നതായിട്ടാണ് കാണുന്നത്. അവർ മദ്യം പണം കൊടുത്ത് വാങ്ങി കഴിക്കുകയല്ലേ ചെയ്യുന്നത്? പണ്ട് ദേവ സദസ്സുകളിൽ സുരപാനമുണ്ടായിരുന്നു. മദ്യം രാജാക്കന്മാരുടെ ദർബാറുകളിലുണ്ടായിരുന്നു. പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രത്തിൽ കള്ളും ഉണക്ക മീനുമാണ് പ്രധാനപ്പെട്ട നിവേദ്യം. ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യുടെ മണ്ഡലത്തിൽപ്പെട്ട പോരുവഴി ദുര്യോധനക്ഷേത്രത്തിൽ ചാരായമാണ് പ്രത്യേക പൂജയ്ക്ക് കൊടുക്കുന്നത്. ധാരാളം ക്ഷേത്രങ്ങളിൽ ചാരായവും കള്ളും മദ്യവും ദേവന്റെ നിവേദ്യമായാണ് കാണുന്നത്. അത് കേരളത്തിൽ നിരോധിച്ചിട്ടില്ല. നിരോധിക്കാത്ത ഒരു സാധനം ഉപയോഗിക്കുമ്പോൾ അത് മാനംമര്യാദയ്ക്ക് കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. മദ്യം കഴിക്കുന്നവരെ മോശമായി കാണേണ്ട. അവർ പണം കൊടുത്താണ് വാങ്ങുന്നത്. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാന ങ്ങളിൽ ഇത്തരത്തിലുള്ള ക്യൂ കാണാൻ സാധിക്കുമോ? അതുകൊണ്ടുതന്നെ ഇന്നത്തെ ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കാനുള്ള പരിശ്രമമുണ്ടാകണം. കൊടുക്കുന്നെങ്കിൽ മാന്യമായി കൊടുക്കണം. അതിനാവശ്യമായ നടപടി അങ്ങ് സ്വീകരിക്കണം. ഇവിടെ സൂചിപ്പിച്ചതുപോലെ കള്ള് മദ്യമല്ല, പാനീയമാണ്. കള്ള് ഷാപ്പിന് ദൂരപരിധി നിശ്ചയിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ പ്രത്യേക നയമുണ്ടാകണം.

ബഹുമാന്യനായ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി ആ വകുപ്പ് ഏറ്റെടുത്ത ശേഷം നിരവധി മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. അതെല്ലാം ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ധാരാളം കാര്യങ്ങൾ അദ്ദേഹം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ഭൂമി, വീട്, ആദിവാസി വിഭാഗങ്ങളുടെ തൊഴിൽപ്രശ്നം എന്നിവ പരിഹരിക്കുന്നതിനും ആദിവാസി വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരെ വനം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും അവിടത്തെ സ്കൂളുകളിൽ അദ്ധ്യാപകരായി നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നു. ആറളം ഫാമിൽ നിരവധി പദ്ധതികൾ നടപ്പാക്കുന്ന തിനുള്ള പരിശ്രമങ്ങൾ നടക്കുന്നു. അവിടെ റോഡ്, പാലം, ഹയർ സെക്കന്ററി സ്കൂൾ, ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഹോസ്പിറ്റൽ, അങ്കണവാടി, കമ്മ്യൂണിറ്റി ഹാൾ എന്നിവയടക്കമുള്ള പ്രവൃത്തികൾ ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് ആദിവാസി മേഖലയിൽ 6750

കുടുംബങ്ങൾക്കാണ് വീടുവച്ചുനൽകാൻ ശ്രമിച്ചിട്ടുള്ളത്. 10 മോഡൽ സ്കൂളുകൾ, പാലക്കാട് സ്പോർട്സ് സ്കൂൾ എന്നിങ്ങനെ ഈ ഗവൺമെന്റ് ഇവിടെ ഒരു വർഷംകൊണ്ട് എല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷം പട്ടികവർഗ്ഗ മേഖലയിൽ നടന്ന അഴിമതി സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ മേഖലയിൽനിന്നും അഴിമതി തുടച്ചുനീക്കാൻ വേണ്ടിയുള്ള പരിശ്രമം നടന്നു കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ശക്തമായ ഇടപെടൽ ആദിവാസി മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പട്ടികജാതി മേഖലയും അതുപോലെ തന്നെയാണ്. പട്ടികജാതി വിഭാഗങ്ങളോടൊപ്പം ഭക്ഷണം കഴിച്ചും നൃത്തം ചെയ്തും ശ്രീ. രമേശ് ചെന്നിത്തല എല്ലായിടത്തും ജാഥ നടത്തി. പക്ഷേ ആ കോളനികളൊന്നും നന്നായില്ല. അവരോടൊപ്പം അദ്ദേഹം നൃത്തം ചെയ്തു, ഭക്ഷണം കഴിച്ചു. കഴിഞ്ഞ 5 വർഷം കൊണ്ട് ഒന്നും നടന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷമായിട്ടേയുള്ളൂ. ഒറ്റവർഷം കൊണ്ട് തന്നെ ഓരോ നിയോജക മണ്ഡലങ്ങളിലും രണ്ട് കോളനികൾ കൊടുക്കാൻ അദ്ദേഹം തയ്യാറായി. ആ കോളനികളിൽ ഒരു കോടി രൂപ കൊണ്ടുമാത്രം വികസനം നടപ്പാകില്ല എന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ഏതാണ്ട് 26342 പട്ടികജാതി കോളനികളുണ്ട്. 4645 പട്ടികവർഗ്ഗ കോളനികളുണ്ട്. ഓരോ കോളനിയിലും സമഗ്രമായ വികസനം നടപ്പാക്കുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കുകയും അതിനുവേണ്ടിയുള്ള ഫണ്ട് മാറ്റിവയ്ക്കുകയും ചെയ്യണം. ഇപ്പോൾ ഒരു കോടി രൂപ കൊടുത്തു. അവിടെ കുറച്ചുകാര്യം നടക്കും. അവിടെ പിന്നെയും കാര്യങ്ങൾ ചെയ്യേണ്ടി വരും. അതുകൊണ്ട് ഓരോ കോളനിയെയും സമഗ്രമായി നവീകരിച്ചുകൊണ്ട് പ്രത്യേകം പ്രത്യേകമായി വീട്, വീട് മെയിന്റനൻസ്, റോഡ്, ലൈറ്റ്, കുടിവെള്ളം, ശ്മശാനം, കളിസ്ഥലം, അങ്കണവാടി, കമ്മ്യൂണിറ്റി ഹാൾ എന്നിവയടക്കം ഒരു കോളനി പ്രദേശത്ത് എന്തെല്ലാം വേണമോ അതിനെ സംബന്ധിച്ച സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി അടുത്ത വർഷമെങ്കിലും അതിനാവശ്യമായ സംവിധാനമുണ്ടാ ക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുക്കുകയും ചെയ്യണം. അതുപോലെ സ്വാശ്രയ കോളേജുകളിൽ കഴിഞ്ഞ 5 വർഷം പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികൾ ഡിഗ്രി കഴിഞ്ഞ് ഏതെങ്കിലും ജോലിക്ക് അപ്ലൈ ചെയ്താൽ ഇന്റർവ്യൂവിന് ഹാജരാകാൻ കഴിയില്ല. കാരണം അവരുടെ സർട്ടിഫിക്കറ്റുകൾ സ്വാശ്രയ സ്ഥാപനങ്ങൾ വാങ്ങിവച്ചിരിക്കുകയാണ്. ഗവൺമെന്റ് കൊടുക്കാനുള്ള ഫീസ് കൊടുക്കാത്തതുകൊണ്ട് സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. ആ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് അവർക്ക് ജോലി ലഭിക്കുന്നില്ല. കഴിഞ്ഞ 5 വർഷമായി ഇതാണ് സ്ഥിതി. ഈ ഗവൺമെന്റ് വരുമ്പോൾ തീർച്ചയായും ഒരു മാറ്റമുണ്ടാകുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. അങ്ങ്

മുൻകയ്യെടുത്ത് അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തീർച്ചയായും ഇവിടെ കഴിഞ്ഞ 5 വർഷം കൊണ്ട് കേരളത്തെ നശിപ്പിച്ച് നാമാവശേഷമാക്കാൻവേണ്ടി പരിശ്രമിച്ച യു.ഡി.എഫ്.-നെതിരായിട്ടുള്ള ജനവികാരം കാരണമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നത്. തീർച്ചയായും കേരളത്തെ മാറ്റിമറിക്കാൻ, കേരളത്തിലെ ജനങ്ങളെ മുഴുവൻ വിശ്വാസത്തിലെടുത്തുകൊണ്ട് കേരളത്തിൽ സമഗ്ര വികസനം നടപ്പാക്കാൻ പരിശ്രമിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ശക്തമായി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്റെ ജില്ലയിൽ നിന്നടക്കം ധാരാളം കർഷകർ ഇന്ന് രാജ്ഭവനിലേയ്ക്ക് കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മാർച്ച് ചെയ്യുകയാണ്. ആ മാർച്ചിന് ആധാരമായ കാര്യങ്ങൾ പഠിക്കുകയും അത് പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ബജറ്റ് ചർച്ചയിലും എനിക്ക് ഇതേ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കാൻ സാധിച്ചിട്ടുണ്ട്. അന്ന് മുഴുവൻ പട്ടികജാതി വികസനത്തിലേയ്ക്ക് പോയതുകൊണ്ട് ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഞാൻ ഇപ്പോൾ ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്.

എൽ.ഡി.എഫ്. നേതൃത്വം നൽകുന്ന സർക്കാരാണിത്. സത്യത്തിൽ ന്യൂനപക്ഷ ങ്ങളുടെയും മുസ്ലീങ്ങളുടെയും വിദ്യാഭ്യാസ വികസന മുന്നേറ്റം തടഞ്ഞിട്ടുള്ള ഒരു പാർട്ടിയും മുന്നണിയുമാണ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് ആർ.എസ്.എസ്. സംഘ്പരിവാർ ഫോബിയ കാണിച്ചുകൊണ്ട് മുസ്ലീങ്ങളുടെ വോട്ട് തട്ടുകയും അവരുടെ സംരക്ഷകരായി ഞങ്ങളുണ്ടെന്നുപറഞ്ഞ് അവരെ സാന്ത്വനിപ്പിക്കാൻവേണ്ടി പലപ്പോഴും ശ്രമിക്കുകയും അതോടൊപ്പംതന്നെ വിദ്യാഭ്യാസ വികസന സാമൂഹ്യ മുന്നേറ്റത്തെ തടയുകയും ചെയ്തിട്ടുള്ള പാർട്ടിയാണ്. മുയലിന്റെ കൂടെ ഓടുകയും വേട്ടക്കാരന്റെ കൂടെ വേട്ടയാടുകയും ചെയ്യുന്ന സമീപനമാണ് മാർക്സിസ്റ്റ് പാർട്ടി കാലാകാലങ്ങളിൽ മുസ്ലീങ്ങളുടെ കാര്യത്തിൽ എടുത്തിട്ടുള്ളതെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സദ്ദാം ഹുസൈന്റെ പേര് പറഞ്ഞുകൊണ്ട് മുസ്ലീം വികാരങ്ങൾക്കൊപ്പം നിന്നും അതോടൊപ്പം ആർ.എസ്. എസ്.-നെയും സംഘ്പരിവാറിനെയും കാട്ടി മുസ്ലീങ്ങളെ ഭീതിയിലാഴ്ത്തി ഞങ്ങൾ സംരക്ഷകരാണെന്ന് ചമയുകയും ചെയ്യുന്നു. ധാരാളം ഉദാഹരണങ്ങളുള്ളതിൽ ഒറ്റക്കാര്യം പറയാം. നിങ്ങൾ ഇപ്പോൾ മദ്രസാ അദ്ധ്യാപക ക്ഷേമ പെൻഷൻ കൊണ്ടുവന്നുവെന്ന് പറയുന്നുണ്ടല്ലോ; 1985-ൽ കെ. കരുണാകരൻ മദ്രസാ അദ്ധ്യാപകർക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചപ്പോൾ കേരളത്തിൽ മുല്ല-മുക്രി പെൻഷൻ കൊടുക്കുന്നതിന് ഞങ്ങൾ എതിരാണെന്നുപറഞ്ഞ് ഡി.വൈ. എഫ്.ഐ. കേരളത്തിലാകമാനം പ്രകടനം

നടത്തി 1987-ൽ അതേ ഹിന്ദു വർഗ്ഗീയതയെ ഉത്തേജിപ്പിച്ചുകൊണ്ട് വോട്ടാക്കി മാറ്റിയിട്ടുണ്ട് നിങ്ങൾ. ആ ഒരു ഉദാഹരണം പോരേ; വേണമെങ്കിൽ ഇനിയും പറയാം. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ്....

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 307. മദ്രസാ അദ്ധ്യാപകർക്ക് പെൻഷൻ കൊടുക്കാനാവശ്യമായ തീരുമാനമെടുത്തപ്പോൾ അതിനെതിരെ ഡി.വൈ.എഫ്.ഐ. സമരം ചെയ്തുവെന്ന് പറഞ്ഞത് വസ്തുതാ വിരുദ്ധമാണ്. റൂൾ 307 അനുസരിച്ച് അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.* അതുമാത്രമല്ല, തുടർന്ന് ഒരുപാട് തവണ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റാണ് മദ്രസാ അദ്ധ്യാപകർക്ക് കേരളത്തിലാദ്യമായി പെൻഷൻ കൊടുത്തത്.

മി. ചെയർമാൻ: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ അതിൽ ഉറച്ചുനിൽക്കുന്നു. മാത്രമല്ല, ഞാൻ വെല്ലുവിളിക്കുകയാണ്. ഡി.വൈ.എഫ്.ഐ.-യുടെ ചരിത്രവും കേരളത്തിന്റെ രാഷ്ട്രീയവുമെടുത്ത് പരിശോധിക്കട്ടെ. 1987-ൽ ഹിന്ദു വർഗ്ഗീയത ഉത്തേജിപ്പിച്ചു കൊണ്ട് വോട്ട് പിടിക്കാൻവേണ്ടി മുല്ല-മുക്രി പെൻഷൻ കൊടുക്കുന്നുവെന്നുള്ളതാണ് മാർക്സിസ്റ്റ് പാർട്ടി അന്ന് ഉയർത്തിപ്പിടിച്ച മുദ്രാവാക്യം. അതുപോലെതന്നെ ശ്രീ. പി. കെ. അബ്ദു റബ്ബ് കഴിഞ്ഞ പ്രാവശ്യം സ്കൂളുകളും കോളേജുകളും കൊടുത്തപ്പോൾ എല്ലാം മലപ്പുറത്തേയ്ക്ക് കൊണ്ടുപോകുന്നുവെന്ന് പറഞ്ഞുകൊണ്ട് ആർ.എസ്.എസ്.-ന് ആയുധമുണ്ടാക്കിക്കൊടുത്തത് നിങ്ങളാണ്. ഞാൻ ഇത് പറയുന്നത് നിങ്ങൾ ഭാവിയിൽ ഈ നയം തിരുത്തുന്നതിനുവേണ്ടിയാണ്........(ബഹളം)..... പഞ്ചായത്തുകൾ വിഭജിച്ചപ്പോൾപോലും വർഗ്ഗീയതയുടെ മാനം നൽകി, വർഗ്ഗീയതയുടെ രൂപം നൽകി പ്രസംഗിച്ചതിൽ സങ്കടമുണ്ട്. ഡോ. ടി. എം. തോമസ് ഐസക്കിനെപ്പോലെയുള്ള ആളുകൾ പ്രസംഗിക്കുമ്പോൾ തീർച്ചയായും ആ നയം തിരുത്തണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഇവിടെ മുസ്ലീം പഞ്ചായത്തും മുസ്ലീം ബ്ലോക്ക് പഞ്ചായത്തും ഉണ്ടാക്കിയെന്ന് പറഞ്ഞുകൊണ്ട് കേരളത്തിൽ ആർ.എസ്.എസ്.-ന് ആയുധം കൊടുത്തത് നിങ്ങളാണ്.....(ബഹളം) ........ ഈ സഭയിൽ ശ്രീ. എ.എൻ. ഷംസീർ അടക്കമുള്ള ആളുകൾ പ്രസംഗിച്ചത് 'പച്ച ബ്ലൗസ്, പച്ച ബോർഡ് ' എന്നാണ്. ഇന്നലെപ്പോലും 'പച്ച മാങ്ങ' എന്നുപറഞ്ഞ് പ്രസംഗിച്ചു. ഈ രീതിയിലുള്ള സമീപനമാണ് നിങ്ങൾ മുസ്ലീങ്ങളോടും ന്യൂനപക്ഷങ്ങളോടും കാണിച്ചിട്ടുള്ളത്. ......(ബഹളം)....... ന്യൂനപക്ഷങ്ങളെ ന്യൂനപക്ഷ വകുപ്പ് ഉപയോഗിച്ചുകൊണ്ട് തന്നെ മുസ്ലീം മുന്നേറ്റത്തെ തടയാൻ വേണ്ടിയാണോ എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീലിനെ നിങ്ങൾ മന്ത്രിയാക്കിയത് എന്നുപോലും ഞാൻ സംശയിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ശ്രീ. മഞ്ഞളാംകുഴി അലി

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ.2309/ഇ.ബി/17/നി.സെ. തീയതി 19-5-2017) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നു. 2012-ൽ ഒരു കോടി രൂപ ന്യൂനപക്ഷക്ഷേമ വകുപ്പിനുവേണ്ടി നീക്കിവച്ച് 2016-17-ൽ 103 കോടി രൂപയായി, നൂറിരട്ടി വർദ്ധിപ്പിച്ചുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് ഇറങ്ങിപ്പോയത്. ഡോ. കെ. ടി. ജലീൽ ഇപ്രാവശ്യം എന്താണ് ചെയ്തത്; കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 2016-17-ലെ ബജറ്റിൽ 103 കോടി രൂപ ഉൾപ്പെടുത്തിയതിൽ ഒരു നയാപൈസ ചെലവഴിച്ചിട്ടുണ്ടോ; ആകെ ചെലവ് ചെയ്തത് 32 കോടിരൂപ മാത്രം, ശ്രീ. കാനം രാജേന്ദ്രന്റെ പ്രസ്താവനയൊക്കെ ഓർമ്മ വരികയാണ്. 2016-ൽ വിധവകൾക്കുവേണ്ടി തുക നീക്കിവച്ചപ്പോൾ ശ്രീ. കാനം രാജേന്ദ്രൻ മുസ്ലീം സ്ത്രീകൾക്കുവേണ്ടി വീടുണ്ടാക്കാൻ 32 കോടി രൂപ നീക്കിവച്ചുവെന്ന് പറഞ്ഞ് വർഗ്ഗീയ പ്രചരണം നടത്തി. ഞാൻ സത്യം പറയുകയാണ്. 2016-ലെ ശ്രീ. കാനം രാജേന്ദ്രന്റെ പ്രസ്താവനയെടുത്ത് പരിശോധിച്ചാൽ അറിയാം.....(ബഹളം).......

ശ്രീ. കെ. രാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ... വസ്തുതാപരമല്ലാത്ത ഈ അഭിപ്രായ പ്രകടനം രേഖയിൽനിന്ന് നീക്കം ചെയ്യണം.* ശ്രീ. കാനം രാജേന്ദ്രൻ അങ്ങനെ പറഞ്ഞതായി ഏതെങ്കിലും തരത്തിലുള്ള തെളിവ് ഹാജരാക്കാൻ പറ്റില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ഇങ്ങനെയൊന്നും വെല്ലുവിളിക്കേണ്ട. ശ്രീ. കാനം രാജേന്ദ്രൻ അങ്ങനെ പറഞ്ഞിട്ടുമില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ അതിൽ ഉറച്ചുനിൽക്കുന്നു. പരിശോധിക്കണം. ഞാൻ തെളിവ് ഹാജരാക്കാം.

മി. ചെയർമാൻ: വസ്തുതാപരമായി പരിശോധിച്ച് നടപടി സ്വീകരിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ആ 32 കോടി രൂപ കളക്ടർമാർക്ക് കൈമാറിയെന്നല്ലാതെ ഡോ. കെ. ടി. ജലീൽ ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം ഒരു നയാപൈസ ചെലവഴിച്ചിട്ടില്ല. വിധവകൾക്കുവേണ്ടിയുള്ള അപേക്ഷ സ്വീകരിച്ചതിന്റെ ലിസ്റ്റുപോലും പ്രിപ്പയർ ചെയ്യാൻ ന്യൂനപക്ഷ വകുപ്പിന് കഴിഞ്ഞിട്ടില്ല. സ്വാഭാവികമായും ഒരു വകുപ്പിൽ പണം ചെലവഴിക്കാതെ വന്നാൽ സാധാരണഗതിയിൽ പദ്ധതി രൂപീകരണ സമയത്ത്,...... (ബഹളം)........

മി. ചെയർമാൻ: വസ്തുതയല്ലാത്ത കാര്യം പരിശോധിച്ച് നടപടിയെടുക്കാ മെന്ന് പറഞ്ഞല്ലോ; .....(ബഹളം)....... അദ്ദേഹം പറയട്ടെ..... നിങ്ങൾ ഇരിക്കൂ......

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നിങ്ങൾ സഹിഷ്ണുതയോടുകൂടി കേൾക്കണം....... (ബഹളം)......

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ. 2309/ഇ.ബി/17/നി.സെ. തീയതി 19-5-2017) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

മി. ചെയർമാൻ: വസ്തുതയല്ലാത്ത ഒരു കാര്യവും രേഖയിലുണ്ടാകില്ല. അത് പരിശോധിച്ച് നടപടി സ്വീകരിക്കും. എല്ലാവരും സീറ്റിലിരിക്കണം. അങ്ങയുടെ സമയം അവസാനിക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ....(മൈക്ക് ഓഫ്)......സർ, പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. പി. കെ. ബഷീർ: സർ....(മൈക്ക് ഓഫ്)..... സർ, എന്താണിത് 2 പോയിന്റ് ഓഫ് ഓർഡർ വന്നു. ....(ബഹളം).......

മി. ചെയർമാൻ: ശ്രീ. പി. കെ. ബഷീർ, അങ്ങ് സീറ്റിൽ പോയിരിക്കു...... (ബഹളം)........ വസ്തുതാപരമല്ലാത്ത പരാമർശം രേഖയിലുണ്ടാകില്ല. എല്ലാവരും ചെയറുമായി സഹകരിക്കണം. പ്ലീസ്........

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എനിക്ക് പ്രൊട്ടക്ഷൻ തരേണ്ടത് അങ്ങാണ്. കുറച്ച് സഹിഷ്ണത പാലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വസ്തുതകൾ പറയുമ്പോൾ നിങ്ങൾക്ക് പൊള്ളുന്നതിൽ എന്നോട് ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. നിങ്ങൾ പ്രസംഗിക്കുന്നതിനുപകരം എന്തെങ്കിലും കാര്യം ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാനിത് പറയുന്നത്.....

മി. ചെയർമാൻ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം. അങ്ങയുടെ സമയം കഴിഞ്ഞു. .....(ബഹളം)....... അദ്ദേഹത്തോടാണ് പറഞ്ഞത്. നിങ്ങൾ ബഹള മുണ്ടാക്കണ്ട. അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എനിക്ക് അനുവദിച്ചുതന്നിട്ടുള്ള സമയം എനിക്ക് കിട്ടേണ്ടതുണ്ട്. അത് അവർ തടസ്സപ്പെടുത്തിയതാണ്. എനിക്ക് പ്രൊട്ടക്ഷൻ തരേണ്ടതും എനിക്ക് സമയം തരേണ്ടതും ചെയറാണ്. അത് തരണം.

മി. ചെയർമാൻ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അവസാനിപ്പിക്കാറായില്ല. എന്റെ നഷ്ടപ്പെട്ട സമയം മുഴുവൻ എനിക്ക് തരണം.

മി. ചെയർമാൻ: ഒരു മിനിട്ടേ നഷ്ടപ്പെട്ടുള്ളൂ. ......(ബഹളം).....

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഒരു മിനിട്ടൊന്നുമല്ല. ഞാൻ പറയുന്നത് കണക്കുവച്ചിട്ടാണ്. വിധവകൾക്കുവേണ്ടി നീക്കി വച്ച 32 കോടി രൂപ കളക്ടർമാർക്ക് കൈമാറിയെന്നല്ലാതെ ഒരു പൈസ പോലും ചെലവഴിച്ചിട്ടില്ല. മാത്രമല്ല, യു.ഡി.എഫ്. ഗവൺമെന്റ്, ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിൽ 103 കോടി രൂപ

വകയിരുത്തിയിരുന്നു. ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ അത് ചുരുക്കി 90 കോടി രൂപയാക്കി. ഈ വകുപ്പിനെത്തന്നെ ഞെക്കിക്കൊല്ലാൻ, ഈ വകുപ്പിന്റെ ആരാച്ചാരായി എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീലിനെ തന്നെ നിയമിച്ചി ട്ടുണ്ടോയെന്നുള്ളതാണ് എന്റെ സംശയം. സാധാരണഗതിയിൽ പദ്ധതി ഫോർമുലേഷന്റെ സമയത്ത് സ്വീകരിക്കുന്ന ഒരു പൊതുനയമുണ്ട്. എക്സ്പെൻഡിച്ചർ കുറഞ്ഞു പോയാൽ അതനുസരിച്ച് കുറയുകയും എക്സ്പെൻഡിച്ചർ കൂടിയാൽ അതനുസരിച്ച് കൂട്ടുകയും ചെയ്യുന്നുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് 2012 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ 100 ശതമാനം ചെലവഴിച്ച മേഖലയിലാണ് ഇപ്രാവശ്യം ഒന്നും ചെലവഴിക്കാത്ത ഒരു കാലഘട്ടമുണ്ടായിട്ടുള്ളത്. അതുപോലെതന്നെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന മദ്രസാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു. ഒന്നുമായില്ല. ഡോ. കെ. ടി. ജലീൽ യോഗം വിളിച്ചുവെന്നല്ലാതെ ആരും അതിൽ ചേരാൻ തയ്യാറായിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് 12,000 ആളുകൾ വരെ ചേർന്ന സംഭവമുണ്ടായി. മറ്റൊരു കാര്യംകൂടി പറയട്ടെ,

<u>മി. ചെയർമാൻ:</u> യെസ്...... പ്ലീസ്....... അങ്ങ് സൗമ്യനായ ഒരു മെമ്പറല്ലേ.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഇതൊക്കെ പറഞ്ഞാലും പേരുമാറ്റി പ്രസംഗം നടത്തിയുള്ള വിപ്ലവമല്ലാതെ മറ്റൊന്നും നടക്കുന്നില്ല. ഡോ. കെ. ടി. ജലീൽ ആകെ ചെയ്തത് എന്താണ്? കഴിഞ്ഞ പ്രാവശ്യം മറുപടി പറഞ്ഞുകൊണ്ടാണ് ഡോ. കെ. ടി. ജലീൽ അത് പ്രഖ്യാപിച്ചത്. ഈ സ്കീമിന്റെ മുഴുവൻ പേര് മാറ്റി. വിധവാ വീടിന്റെ പേര് ഇമ്പിച്ചിബാവ ഭവന പദ്ധതിയെന്നാക്കി. ഞങ്ങൾ നൽകിയ മെറിട്ടോറിയസ് സ്കോളർഷിപ്പിന് ജോസഫ് മുണ്ടശ്ശേരിയുടെ പേരിട്ടു. പാലോളി മുഹമ്മദ്കുട്ടിയോടെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഇത്തിരി സ്നേഹം കാണിക്കണമെന്നാണ് പറയാനുള്ളത്. കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്സ് എന്നായിരുന്നു ശ്രീ. പാലോളി മുഹമ്മദ്കുട്ടി പേരിട്ടിരുന്നത്. ആ പേര് മാറ്റി കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റീസ് എന്നാക്കി. എന്തിനാണ് ശ്രീ. പാലോളി മുഹമ്മദ്കുട്ടി ഇട്ട പേര് ഡോ. കെ. ടി. ജലീൽ മാറ്റുന്നത്? കേന്ദ്ര പദ്ധതിക്കായി തുക വകയിരുത്താനോ, പദ്ധതികൾ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി നടപ്പാക്കാനോ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. മാത്രമല്ല, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഐ.ഡി.എം.ഐ., മദ്രസാ നവീകരണം എന്നീ പദ്ധതികൾ 100 ശതമാനവും നേടിയെടുക്കാൻ ഞങ്ങൾക്കായിട്ടുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലിയുടെ കാലത്ത്, ആദ്യം കേരളം 17-ാം സ്ഥാനത്തായിരുന്നെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റ് ഇറങ്ങിപ്പോകുമ്പോൾ 100 ശതമാനം ചെലവഴിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാക്കി മാറ്റി. അവിടെ നിന്നാണ് നാം പിന്നോട്ട് പോയിട്ടുള്ളത്.

<u>മി. ചെയർമാൻ:</u> യെസ്...... പ്ലീസ്........

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഇല്ല. എനിക്ക് പറയണം. എന്റെ സമയം മുഴുവൻ ഇവിടെ ബഹളം വയ്ക്കുകയാണ് ചെയ്തത്.

മി. ചെയർമാൻ: അങ്ങ് സഹകരിക്കണം. അത് ശരിയല്ല. ചെയറുമായി സഹകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെയൊന്നും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പറയുന്നില്ല. പ്രസംഗം കൊണ്ട് കാര്യമില്ല. എന്തെങ്കിലും ചെയ്ത് കാണിക്കണമെന്നാണ് എനിക്ക് വളരെ വിനയത്തോടുകൂടി ഡോ. കെ. ടി. ജലീൽ അടക്കമുള്ളവരോട് പറയാനുള്ളത്. എന്റെ മണ്ഡലത്തിലെ ഒരു കാര്യംകൂടി പറയട്ടെ, ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇവിടെയുണ്ട്. സംസ്ഥാനത്ത് ഏറ്റവും അധികം എസ്.സി. വിഭാഗം താമസിക്കുന്ന ഒരു കോളനിയുണ്ട്. എൻ.എച്ച്. കോളനി. ആ കോളനിയിലെ എൽ.പി. സ്കൂൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളാക്കി. എന്നാൽ അവിടെ പഠിക്കുന്ന 100 ശതമാനം കുട്ടികളും എസ്.സി. വിഭാഗത്തിലുള്ളതാണ്. ആ സ്കൂളിന്റെ കെട്ടിടത്തിനുവേണ്ടി ഞാൻ ഫണ്ട് ചോദിച്ചിട്ടുണ്ട്. ഇതുവരെയും കിട്ടിയിട്ടില്ല. എക്സൈസ് വകുപ്പിനെക്കുറിച്ചും ധാരാളം പറയാനുണ്ട്. കൊണ്ടോട്ടി താലൂക്കിൽ ഒരു എക്സൈസ് ഓഫീസ് തുറക്കുന്നതിന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ഈ നിലപാട് ശരിയല്ല. ചെയറുമായി സഹകരിക്കണം. പ്ലീസ്.....

ശ്രീ. പി. ടി. തോമസ് : സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 286.

മി. ചെയർമാൻ: എന്ത് പോയിന്റാണ്; ......(ബഹളം).......

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ബഹുമാന്യനായ ടി. വി. ഇബ്രാഹിം സംസാരിക്കുമ്പോൾ അവിടെനിന്നും മനഃപൂർവ്വമായി പ്രസംഗം തടസ്സപ്പെടുത്താൻ നിരന്തരം ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട ചെയർ, പ്രസംഗിക്കുന്ന ഒരു വ്യക്തിക്ക് പ്രൊട്ടക്ഷൻ കൊടുക്കേണ്ട ഉത്തരവാദിത്വം അങ്ങേയ്ക്കാണ്. അങ്ങയുടെ റൂളിംഗിനെ ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. പക്ഷെ, അങ്ങ് സംസാരിക്കാനുള്ള അവസരം കൊടുക്കണം. വിമർശനം കേൾക്കാൻ അവർ തയ്യാറല്ല. അതിനുള്ള പ്രൊട്ടക്ഷൻ കൊടുക്കാനുള്ള ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ട്. അതുസംബന്ധിച്ച് റൂളിംഗ് നൽകണം.

മി. ചെയർമാൻ: അങ്ങയെപ്പോലുള്ള മുതിർന്ന മെമ്പർ ഇങ്ങനെ സമയം അപഹരിച്ചത് ശരിയായില്ല. അദ്ദേഹത്തിന് ആവശ്യമായ സമയം കൊടുത്തു. അതിനുശേഷം അങ്ങ് ഈ സമയം എടുക്കേണ്ടിയിരുന്നില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എക്സൈസ്, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ സംബന്ധിച്ചാണ് ഇവിടെ ചർച്ച

നടക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷം പിന്നിടുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ എക്സൈസ് വകുപ്പുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ, ഒരു പുതിയ മദ്യ നയത്തിന് രൂപം നൽകേണ്ട സാഹചര്യം കഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി 31-3-2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ മദ്യ നയത്തിന് രൂപം നൽകാൻ അനുകൂല സാഹചര്യം രൂപപ്പെട്ടിരിക്കുകയാണ്. ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഏകദേശം മുപ്പതിനായിരത്തിലധികം തൊഴിലാളികൾക്ക് അവരുടെ ഉപജീവനവുംകൂടി നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് കൂട്ടിച്ചേർക്കണം. ഈ സ്ഥിതിവിശേഷം സംസ്ഥാനത്ത് രൂപപ്പെടുന്നത് കാണാതിരിക്കാൻ കഴിയില്ല. മദ്യശാലകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് മറ്റൊരു തൊഴിൽ എളുപ്പത്തിൽ നേടിയെടുക്കാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ സർക്കാർ ഉണർന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. തൊഴിൽ നഷ്ടപ്പെട്ടവരുടെ തൊഴിൽപരമായ പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണെന്ന് ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ, 2014-15, കാലഘട്ടത്തിലെ മദ്യനയം അനുസരിച്ച് സംസ്ഥാനത്ത് പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകൾ ഒഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകില്ലെന്ന തീരുമാനമനുസരിച്ച് പൂട്ടിപ്പോയ ബാറുകളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കുന്നതിനും മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണത്തിനും മദ്യത്തിന് അടിമകളായവരെ പുനരധിവസിപ്പിക്കുന്നതിനും പണം സമാഹരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ അഞ്ച് ശതമാനം സെസ്സ് ഏർപ്പെടുത്തിയിരുന്നു. ഇതിലൂടെ ലഭിച്ച ഏകദേശം 500 കോടി രൂപയിലധികം സർക്കാരിന്റെ ഖജനാവിൽ ഉണ്ടാകേണ്ടതാണ്. നിലവിലെ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനുതകുന്ന സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഈ കാര്യത്തിൽ ഗവൺമെന്റ് വ്യക്തമായ നയം രൂപപ്പെടുത്തി സമൂഹത്തെ അറിയിക്കേണ്ടതുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള 'വിമുക്തി'-യെന്ന പദ്ധതി ഏറെ ശ്ലാഘനീയമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 7,22,95,000 രൂപ മിഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചതിൽ അഞ്ചുകോടി തൊണ്ണൂറ്റിയഞ്ചുലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ചതായി കണക്കാക്കിയിട്ടുണ്ട്.

ഫണ്ടുകളുടെ വിനിയോഗം ഫലപ്രദമായി റിവ്യൂ ചെയ്യാനും മോണിറ്റർ ചെയ്യാനും കഴിയണം. സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ലഹരി വിമോചന കേന്ദ്രങ്ങളുണ്ട്. പ്രസ്തുത കേന്ദ്രങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ സഹകരണം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്നാണ് എന്റെ അഭിപ്രായം.

ബഹുമാനപ്പെട്ട മന്ത്രി എക്സൈസ് വകുപ്പ് നവീകരിക്കുമെന്ന് പറഞ്ഞ ഒരു വാർത്ത വായിക്കുകയുണ്ടായി. ഏറെ സ്വാഗതാർഹമാണ്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള സ്ഥിതിവിശേഷത്തിൽ മാറ്റംവരുത്താൻ സാധിക്കുന്ന ഒരു കാര്യമാണ്. ഇന്ന് ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളും ഡിപ്പാർട്ട്മെന്റിന് വർദ്ധിപ്പിച്ചു കൊടുക്കേണ്ടതുണ്ട്. ഇന്ന് ലഹരിയുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടക്കുമ്പോൾ കുട്ടികളിലാണ് ഇതിന്റെ സാധ്യതകൾ വർദ്ധിച്ചുവരുന്നതായി കാണുന്നത്. പെൺകുട്ടികളടക്കം ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന സാഹചര്യം കേരളത്തിൽ നിലവിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ സ്റ്റേറ്റ്മെന്റ് വായിക്കുകയുണ്ടായി. ലഹരിയുടെ പുതിയ തലങ്ങൾ കണ്ടെത്തുന്നതിനുള്ള പാഠശാലകളായി നമ്മുടെ കലാശാലകൾ മാറുകയാണോയെന്ന് പരിശോധിക്കണം. കാമ്പസ് രാഷ്ട്രീയം സജീവമായിരുന്ന കാലത്ത് ഇതിനെ നിയന്ത്രിക്കാനും ഇത്തരം മോശമായ പ്രവണതകളെ എതിർക്കുവാനുമുള്ള ഒരു ശക്തി കാമ്പസ്സിൽത്തന്നെ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ഗവൺമെന്റ് കൂടുതൽ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. എ. കെ. ബാലൻ ഇവിടെയില്ലെങ്കിൽപ്പോലും അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ടൊരു കാര്യം പറയാനാഗ്രഹിക്കുകയാണ്. വനാതിർത്തിയോട് ചേർന്നുള്ള സ്ഥലങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലുള്ള കുട്ടികളെ ഒരു ക്ലാസ് റൂമിൽ ഇരുത്തി പഠിപ്പിക്കുന്ന സംവിധാനമാണ് ഏകാദ്ധ്യാപക സംവിധാനം. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചാണ് അദ്ധ്യാപകർ അവിടെ ജോലിയ്ക്കെത്തുന്നത്. രണ്ടുവർഷംമുമ്പ് കുട്ടമ്പുഴ ഇഞ്ചിപ്പാറ ആദിവാസിക്കുടിയിലെ അദ്ധ്യാപികയെ ജോലിക്ക് പോകുന്ന സമയത്ത് ആന ചവിട്ടിക്കൊന്ന സംഭവം ഉണ്ടായിട്ടുണ്ട്. ഏതാണ്ട് 336 അദ്ധ്യാപകരാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. അവരുടെ വേതനം കൃത്യമായി കൊടുക്കാൻ സാധിക്കുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടതുണ്ട്. ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി അവർ നൽകിയ സംഭാവനകൾ വിലയിരുത്തുമ്പോൾ അവരെ പുനരധിവസിപ്പിക്കുവാനും അവരുടെ ജോലി ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഈ കുട്ടികളെ മറ്റ് സ്കൂളുകളിലേയ്ക്ക് മാറ്റാൻ ശ്രമിച്ചെങ്കിലും കുട്ടികൾ പോകാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് ഇരുപത് വർഷത്തോളമായി ഇവരെ പരിരക്ഷിച്ചുപോരുന്ന ഏകാദ്ധ്യാപകരുടെ വിഷയം ഈ ഗവൺമെന്റ് ഗൗരവത്തോടുകൂടി

കാണണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ സഭയിലെ മുഴുവൻ എം.എൽ.എ.-മാരും ഒപ്പിട്ട് ഒരു നിവേദനം നൽകിയത് ഞാൻ ഓർക്കുന്നു. അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അയ്യായിരം രൂപയായിരുന്ന അവരുടെ ശമ്പളം പതിനായിരം രൂപയായി വർദ്ധിപ്പിച്ചുകൊടുക്കുകയുണ്ടായി. അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലേയ്ക്ക് കുട്ടികളെ മാറ്റുകയും കുട്ടികളില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ തീരുമാനമെടുക്കുകയും ചെയ്യുമ്പോൾ ആ കുട്ടികളെ പരിരക്ഷിക്കുന്നതോടൊപ്പം ഈ അദ്ധ്യാപകരെ സംരക്ഷിക്കാനുള്ള ബാധ്യതയും സർക്കാരിനുണ്ട്.

എസ്.ടി. വിഭാഗത്തിന് വീട് നിർമ്മാണത്തിന് പഴയ ഐ.എ.വൈ. പ്രകാരം ലഭിച്ചിരുന്ന സഹായം ഇന്ന് പി.എം.എ.വൈ. പ്രകാരം മൂന്ന് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പക്ഷെ ഡിപ്പാർട്ട്മെന്റിൽനിന്നും കൊടുക്കേണ്ട ഒരു ലക്ഷം രൂപ ഇതുവരെയും കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഏറെ ദുഃഖകരമാണ്. ആ വീടുകൾ പൂർത്തിയാക്കുവാൻ കഴിയുന്നില്ല. അത് കൊടുത്തുതീർക്കാനുള്ള നടപടിയുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപംകൊടുത്ത ഹാംലെറ്റ് പദ്ധതി പാതിവഴിയിലെത്തിയപ്പോൾത്തന്നെ തടസ്സപ്പെട്ട് കിടക്കുകയാണ്. അത് റിവ്യൂ ചെയ്ത് സമയബന്ധിതമായി ആ പദ്ധതി തീർക്കാനുള്ള നടപടിയുണ്ടാകണം. പുതിയ പദ്ധതിക്ക് ബഹുമാനപ്പെട്ട മന്ത്രി തുടക്കം കുറിച്ചിട്ടുണ്ട്. 'സ്വയം പര്യാപ്ത സ്വാശ്രയ ഗ്രാമം' നല്ല പദ്ധതിയാണ്. ഒരു കോടി രൂപയോ രണ്ടുകോടി രൂപയോ അനുവദിക്കുന്നതിനേക്കാളുപരി സമഗ്രമായൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാ നുള്ള കർമ്മപദ്ധതിക്കാണ് രൂപം നൽകേണ്ടത്. ഇന്ന് ആദിവാസി വിഭാഗത്തിൽ പ്പെടുന്ന ആൾക്കാർ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. എന്റെ നാട്ടിൽ ചികിത്സ ലഭിക്കാതെ ഒരാൾ മരിക്കാനിടയായ സാഹചര്യമുണ്ടായി. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? താലൂക്കാശുപത്രിയിൽ ചികിത്സ തേടി ചെന്നപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാൻ പറഞ്ഞെങ്കിലും ആംബുലൻസ് അനുവദിക്കാത്തതിനാൽ മെഡിക്കൽ കോളേജിലെത്തിക്കാൻ സാധിച്ചില്ല. ഇതിനൊക്കെ ട്രൈബൽ ഡിപ്പാർട്ട്മെന്റിൽനിന്നും ആൾക്കാർ വരാൻ നോക്കി നിൽക്കേണ്ടതുണ്ടോ? അതാത് ആശുപത്രിയിൽനിന്നും അല്ലെങ്കിൽ ജില്ലാ അഡ്മിനിസ്ട്രേഷൻ ഇടപെട്ട് സമയബന്ധിതമായി രോഗിയെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനുള്ള തീരുമാനമെടുക്കുന്നതിനുപകരം താൽക്കാലിക സാങ്കേതികത്വം പറഞ്ഞ് മനുഷ്യജീവൻപോലും അപകടത്തിലാക്കുന്ന സ്ഥിതിവിശേഷം തുടരുകയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിലെല്ലാം സമയബന്ധിതമായി തീരുമാനങ്ങളെടു ക്കാനും ജനക്ഷേമം ഉറപ്പുവരുത്താനും ഗവൺമെന്റിന് കഴിയണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. തൊഴിൽരംഗത്ത് കേരള സംസ്ഥാനം മാതൃകയായി മാറുകയാണ്. തൊഴിൽ വകുപ്പുമന്ത്രി

ധാരാളം കാര്യങ്ങൾ ഇതിനകംതന്നെ നടപ്പിലാക്കികഴിഞ്ഞു. അതൊന്നും ജനങ്ങളറിയുന്നില്ല. ആ കാര്യങ്ങൾക്ക് നല്ല പബ്ലിസിറ്റി കൊടുക്കേണ്ടതുണ്ട്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെല്ലാം ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത് എത്രപേർക്ക് അറിയുവാൻ കഴിഞ്ഞു? ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്ത് ഇങ്ങനെയൊരു സംവിധാനമുണ്ടായിട്ടുള്ളത്. ധാരാളം പേർക്ക് അതുകൊണ്ടുള്ള ഗുണം ലഭിക്കുകയാണ്. തൊഴിൽ നൈപുണ്യ കേന്ദ്രം അഥവാ കരിയർ ഡെവലപ്മെന്റ് സെന്ററുകൾവഴി നിരവധി ആളുകൾക്ക് ഇതിനകംതന്നെ ജോലി ലഭിച്ചിട്ടുണ്ട്. തൊഴിലില്ലാത്ത നിരവധി ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം നൽകിവരുന്നു. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും മറ്റ് മുന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്കുമെല്ലാം അതിന്റെ ഗുണം ലഭിച്ചുകഴിഞ്ഞു. തോട്ടം മേഖലയിൽ ഒരു കാലഘട്ടത്തിൽ വലിയ പ്രതിസന്ധി യായിരുന്നു. തോട്ടംമേഖല കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനം ശ്ലാഘനീയമാണ്. ഈ മേഖലയിലുള്ള പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. അതുകൂടി പരിഹരിച്ച് അക്കാര്യത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടയ്ക്കേണ്ട തുക ഇതുവരെ അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. അതുകൂടി അടച്ചാൽ ധാരാളം ഗുണം ആ മേഖലയിലുള്ളവർക്ക് ലഭിക്കും. വളരെ പ്രധാനപ്പെട്ട വ്യവസായ മേഖലയാണ് കശുവണ്ടി വ്യവസായം. എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. കുറെയധികം ഫാക്ടറികൾ ഈ ഗവൺമെന്റ് അധികാരമേറ്റശേഷം തുറന്നുപ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചില മുതലാളിമാർ ഇതിന് തയ്യാറാകുന്നില്ല. അതുകൊണ്ട് ഇനിയും തുറന്നുപ്രവർത്തിക്കാത്ത ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം വളരെ നല്ല നിലയിലാണ് ഇപ്പോൾ നടക്കുന്നത്. തൃശ്ശൂരിലെ എക്സൈസ് അക്കാദമി ദേശീയ നിലവാരത്തിലേയ്ക്ക് ഉയർന്നുകഴിഞ്ഞു. 'ലഹരി വിമുക്ത കേരളം' എന്ന വലിയ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി 'വിമുക്തി' എന്ന പേര് നൽകിക്കൊണ്ട് വലിയ പ്രവർത്തനമാണ് നടന്നുവരുന്നത്. ഇതിലൂടെ കുട്ടികളിലും ചെറുപ്പക്കാരിലും മദ്യാസക്തി വളർന്നുവരുന്നതിന്റെ ഭാഗമായി നമ്മുടെ സമൂഹത്തിലുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നുണ്ട്. ഒരു മദ്യനയം രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞതനുസരിച്ച് ഇന്ത്യാ രാജ്യത്തെ മുഴുവൻ ബാറുകളും പ്രത്യേകിച്ച് കേരളത്തിലെ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ എല്ലാം അടയ്ക്കുകയാണ്. കേരളത്തിന്റെ വരുമാനം നഷ്ടപ്പെടുന്നു. ഒരു പഞ്ചായത്തിൽ ഒരു ബിയർ പാർലർ എന്ന് വി. എസ്. അച്ചുതാനന്ദൻ സർക്കാർ പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇതുവരെ അത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു മദ്യനയം രൂപീകരിച്ചുകൊണ്ട് അടച്ചിട്ടിരിക്കുന്ന മുഴുവൻ ബാറുകളും തുറക്കണം. അതിനൊരു സമയം നിശ്ചയിക്കണം.

ഉച്ചകഴിഞ്ഞ് 3 മണി മുതൽ രാത്രി 10 മണിവരെ ബാർ തുറന്നാൽ ഇവിടെ എന്താണ് പ്രശ്നം; ആയിരക്കണക്കിന് കുടുംബങ്ങളാണ് വഴിയാധാരമായത്. അവരുടെ തൊഴിൽ നഷ്ടപ്പെട്ടു. അതുമൂലം ആ കുടുംബങ്ങൾ പട്ടിണിയായി. ആരെങ്കിലും അന്വേഷിക്കുന്നുണ്ടോ; മദ്യശാലകൾ അടപ്പിക്കാൻവേണ്ടി രണ്ട് പെഗ് അടിച്ചിട്ടാണ് വരുന്നത്. മദ്യം കഴിച്ചിട്ട് അടപ്പിക്കാൻ വരുന്നവനാണ് ആദ്യം മുദ്രാവാക്യം വിളിക്കുന്നത്. ഇത് എന്തൊരു ന്യായം, എന്തൊരു നീതി. ഔട്ട്ലെറ്റുകൾ തുറന്നുപ്രവർത്തിപ്പിക്കണം.

വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നു. മദ്യം കിട്ടാനില്ലാത്തതുകൊണ്ട് ഇപ്പോൾ കുട്ടികളും ചെറുപ്പക്കാരും ഒരുതരം ഇഞ്ചക്ഷനെടുക്കുകയാണ്. ടാബ്ലറ്റ് കഴിക്കുന്നു. ഗ്രാമങ്ങളിലും കോളനികളിലുമടക്കം കള്ളവാറ്റും ചരസ്സും കഞ്ചാവും യഥേഷ്ടം വർദ്ധിച്ചുവരികയാണ്. അത് നിർത്തണമെങ്കിൽ ഒരു നിയോജ കമണ്ഡലത്തിൽ രണ്ട് ഔട്ട്ലെറ്റുകളെങ്കിലും വേണം. ഞാൻ എന്റെ ഒരു നിർദ്ദേശം പറയുകയാണ്. സർക്കാർ അംഗീകരിക്കുന്നെങ്കിൽ അംഗീകരിച്ചാൽ മതി. ഞാൻ മദ്യാസക്തിയെ പ്രോത്സാഹിപ്പിക്കുകയല്ല. പക്ഷേ ആയിരക്കണക്കിന് കുടുംബങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ, ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിയണം. തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. നാഷണൽ ഹൈവേയുടെയും എം.സി. റോഡിന്റെയും പേരുപറഞ്ഞ് ബാറുകളെല്ലാം അടച്ചിട്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലും രണ്ടുമൂന്ന് ബാറുകൾ അടച്ചു. എത്രപേർ പട്ടിണിയിലായി. എന്റെ നിയോജക മണ്ഡലത്തിലെ പോരുവഴി പെരുവിരുത്തി മലനട ക്ഷേത്രം ദക്ഷിണേന്ത്യയിലെ ഏക ദുര്യോധന ക്ഷേത്രമാണ്. അവിടത്തെ നേർച്ച ചാരായമാണ്. നമ്മുടെ ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് വല്ലപ്പോഴും അവിടെ തൊഴാനായി വന്നുപോകുന്ന ആളാണ്. അങ്ങനെയുള്ള ക്ഷേത്രങ്ങൾ ഇന്ത്യയിലുണ്ട്.

ശാസ്താംകോട്ടയിൽ ഒരു എക്സൈസ് കോംപ്ലക്സ് ഉണ്ടായിരുന്നു. അതിനുള്ള ഭരണാനുമതി ആയി. പക്ഷേ നാളിതുവരെ അതിന്റെ പണി തുടങ്ങിയിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കണം. എക്സൈസ് ഗാർഡുകൾ റെയ്ഡിന് പോകുമ്പോൾ അവർക്ക് മതിയായ സംരക്ഷണം ഉറപ്പാക്കാൻ കഴിയുന്നില്ല. അവർക്ക് തോക്കും ആയുധവും കൊടുക്കണം. കഞ്ചാവുവേട്ടയ്ക്ക് പോകുമ്പോൾ അവരെ കത്തിവച്ച് കുത്തിയാൽ ആര് സമാധാനം പറയും. സ്വയരക്ഷയ്ക്കുവേണ്ടി അവർക്ക് ആയുധം കൊടുക്കണം. അതെന്റെ ഒരു നിർദ്ദേശമാണ്. കാര്യക്ഷമമായാണ് അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. വളരെ കൃത്യമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഇന്ത്യാ രാജ്യത്തിനുതന്നെ മാതൃകയായി മാറുകയാണ്. ശ്രീ. എ. കെ. ബാലന് 10 എ പ്ലസ് കൊടുക്കണം. 10 എ പ്ലസ് കിട്ടി അദ്ദേഹത്തിന്. കേന്ദ്ര ഗവൺമെന്റിൽനിന്നും കോടിക്കണക്കിന് രൂപ ഈ ഒരു

വർഷക്കാലംകൊണ്ട് നേടിയെടുത്ത് പാവപ്പെട്ടവർക്ക് വിതരണം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞു. ചികിത്സാ ഫണ്ടിന് എത്ര ലക്ഷം രൂപയാണ് അങ്ങ് കൊടുക്കുന്നത്. യു.ഡി.എഫ്.-കാർക്കും കൊടുക്കുന്നുണ്ട്. അതിൽ രാഷ്ട്രീയമൊന്നും നോക്കുന്നില്ല. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി ധാരാളം പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഇവിടെ ഒന്നും ചെയ്തില്ല എന്ന് യു.ഡി.എഫ്.-കാർ പറയുന്നുണ്ട്. എൽ.ഡി.എഫ്. വന്നാൽ എങ്ങനെയാണ് കാര്യങ്ങൾ ശരിയാകുന്നതെന്ന് യു.ഡി.എഫ്.-കാർ ചോദിച്ചു. അതിന് ഒരു ഉദാഹരണം ഞാൻ പറയാം. പട്ടികജാതി വകുപ്പിൽ നിന്നുണ്ടായ രണ്ട് ഉത്തരവുകൾ മാത്രം മതി അത് എടുത്തുപറയാൻ. ശ്രീ. എ. കെ. ബാലൻ മുൻപ് മന്ത്രിയായിരുന്നപ്പോൾ ഭരണത്തിന്റെ അവസാന ഘട്ടത്തിൽ, ദേശീയ സൈക്ലിംഗ് താരമായിരുന്ന കുമാരി സയോണ ഒരു സൈക്കിൾ വാങ്ങിക്കൊടുക്കണമെന്ന് പറഞ്ഞ് ഒരു മെമ്മോറാണ്ടം കൊടുത്തു. അതിനുശേഷം യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷം ഭരിച്ചു. ആ ഫയൽ പൂഴ്ത്തിവച്ചു. ശ്രീ. എ. കെ. ബാലൻ വീണ്ടും മന്ത്രിയായി. രണ്ട് മാസം തികയുന്നതിന് മുൻപ് ആ കുട്ടിക്ക് സൈക്കിൾ വാങ്ങിക്കൊടുത്തു. അതൊരു നേട്ടമല്ലേ. മറ്റൊന്ന്, കോഴിക്കോട് നടക്കാവ് ഹയർ സെക്കണ്ടറി സ്കൂളിലെ കുമാരി എം. വി. അഭിരാമി ഇന്തോനേഷ്യയിൽ നടന്ന ഏഷ്യൻ പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ...

ശ്രീ. പി. ഉബൈദുള്ള: സർ, അദ്ദേഹം ഇവിടെ പറഞ്ഞത്, ഒരു കുട്ടിക്ക് സൈക്കിൾ വാങ്ങിക്കൊടുത്തു എന്നാണ്. ഞങ്ങളുടെ ഭരണകാലത്ത് എസ്.സി. വിഭാഗത്തിൽപ്പെട്ട മുഴുവൻ വിദ്യാർത്ഥികളും സൈക്കിളിലാണ് പോയത്. എല്ലാവർക്കും സൈക്കിൾ വാങ്ങിക്കൊടുത്തു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ സ്പോർട്സ്കാരിയായ ഒരു കുട്ടിക്ക് കൊടുത്തുവെന്നാണ് പറഞ്ഞത്. ഉന്നത പഠനം നടത്തുന്ന എല്ലാ കുട്ടികൾക്കും ഈ സർക്കാർ സൈക്കിൾ കൊടുത്തു. ഒരു സൈക്കിളല്ല കൊടുത്തത്. കേരളത്തിലെ ദളിതർ, ആദിവാസി, പിന്നോക്ക വിഭാഗങ്ങൾ എന്നിവർ മുഖ്യധാരയിലേയ്ക്ക് കടന്നുവന്നത് ഇന്ത്യയുടെ ചരിത്രത്തിന്റെ ഭാഗമാണ്. മഹാനായ അയ്യങ്കാളി 1912-ൽ നടത്തിയ വലിയൊരു ചന്ത ലഹളയുണ്ട്. ദളിതർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ നെടുമങ്ങാട് ചന്തയ്ക്കുള്ളിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുമായിരുന്നില്ല. അവരുടെ ഉൽപ്പന്നങ്ങൾ ചന്തയ്ക്ക് പുറത്തുവച്ച് കച്ചവടം ചെയ്യണം. സവർണ്ണർ വന്ന് ആ ഉൽപ്പന്നങ്ങൾ എടുത്തിട്ട് തുച്ഛമായ നാണയത്തുട്ടുകൾ അവിടെ വച്ച് പോകും. അവർ ദൂരെ മാറിയതിനുശേഷമേ ഇവർ വന്ന് സാധനം എടുക്കുകയുള്ളൂ. ചന്തയ്ക്കകത്ത് കയറാൻ കഴിയുമായിരുന്നില്ല. അയ്യങ്കാളിയുടെ നേതൃത്വത്തിൽ 1912-ൽ നെടുമങ്ങാട് ചന്തയിൽ ആയിരക്കണക്കിന് പട്ടികജാതി/പട്ടികവർഗ്ഗ ജനങ്ങൾ വന്ന് ഉജ്ജ്വലമായ സമരം നടത്തി. വാക്കേറ്റമുണ്ടായി. വലിയ മർദ്ദനമുണ്ടായി. അതിലൂടെ യാണ് നെടുമങ്ങാട് മാർക്കറ്റിൽ ഇന്നും കയറാൻ സാധിക്കുന്നത്. അങ്ങനെ നൂറുകണക്കിന് ചന്തകളിൽ പോകാനുള്ള അവകാശം

നേടിയെടുക്കാൻ കഴിഞ്ഞതും അത് നിലനിർത്താൻ കഴിഞ്ഞതും ഇടതുപക്ഷ മുന്നണിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളും കേരളത്തിലും ഇന്ത്യയിലും പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. ഈ വിഭാഗങ്ങളെയെല്ലാം സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വളർത്തിയെടുക്കാൻ കഴിഞ്ഞു.

മരിച്ച പശുവിന്റെ തോലുരിച്ച അഞ്ച് ദളിത് യുവാക്കളെ നഗ്നരാക്കി നടുറോഡിൽ മർദ്ദിച്ച് അവശരാക്കിയതാണ് ബി.ജെ.പി.-യുടെ സംസ്കാരം. അത് ഇന്ത്യയുടെ സംസ്കാരമല്ല. ആ ബി.ജെ.പി.-യുടെ സംസ്കാരത്തിലേയ്ക്കാണ് ഇന്ന് കോൺഗ്രസ് പോയ്ക്കൊണ്ടിരിക്കുന്നത്. അവരുമായി കൂട്ടുപിടിച്ചുകൊണ്ട് ഇവിടെ നേമത്ത് നടന്ന മത്സരം നമ്മൾ കണ്ടതാണ്. അതുകൊണ്ടാണ് കേരള നിയമസഭയിലേയ്ക്ക് ഒരു ബി.ജെ.പി.-ക്കാരൻ കടന്നുവരാനുള്ള എല്ലാ അവസരവും ഉണ്ടായത്. അതുണ്ടാക്കിയത് അവസരവാദികളായ കോൺഗ്രസ്സുകാരാണ്. കോൺഗ്രസ്സിന്റെ നെറികെട്ട, വൃത്തികെട്ട ഈ സമീപനത്തിനെതിരെ അതിശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അംഗീകരിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാം ശരിയാകുമെന്ന് ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ പറഞ്ഞു. ഇദ്ദേഹത്തിന്റെ കല്യാണംപോലും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ശരിയാക്കാൻ കഴിഞ്ഞിട്ടില്ല. പിന്നെ ഇവിടെ എന്താണ് ശരിയായത്; ശ്രീ. ടി. വി. ഇബ്രാഹിം ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രസംഗിച്ചപ്പോൾ ബഹളമുണ്ടാക്കി. അദ്ദേഹം ഒരു സത്യം ഇവിടെ തുറന്നുപറഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് ന്യൂനപക്ഷക്ഷേമത്തിനായി 103 കോടി രൂപയാണ് മാറ്റിവച്ചത്. അത് ഇപ്പോൾ 90 കോടി രൂപയായി കുറച്ചു എന്നാണ്. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടക പരിശോധിക്കണം. അവിടെ 2015-16, 2016-17, 2017-18 വർഷങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് കോൺഗ്രസ് സർക്കാർ മാറ്റിവച്ച തുക അപ്പുറത്തിരിക്കുന്ന ആളുകൾ പരിശോധിക്കണം. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന സമീപനം സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ല. അത് ഐക്യജനാധിപത്യ മുന്നണിതന്നെയാണ്. അധികാരത്തിൽ വന്നിട്ട് ഇന്ന് ഒരു വർഷമായ സർക്കാരിനെതിരെ ശക്തമായ ജനരോഷം എല്ലാ ജില്ലകളിലും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് വയനാട് ജില്ലയിൽ യു.ഡി.എഫ്. പ്രഖ്യാപിച്ച സമ്പൂർണ്ണ ഹർത്താൽ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നഞ്ചൻകോട്- നിലമ്പൂർ റെയിൽ പാതയെ സംബന്ധിച്ച് സഭയിൽ സബ്മിഷൻ ഉന്നയിച്ചു. അതിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതാണ്. അതിന്റെ ഡി.പി.ആർ.

തയ്യാറാക്കുന്നതിനുവേണ്ടി രണ്ട് ജി.ഒ. ഇറങ്ങി. എന്നാൽ ഡി.എം.ആർ.സി.-ക്ക് പണം കൊടുത്തിട്ടില്ല. അതിൽ പ്രതിഷേധിച്ചുകൊണ്ടാണ് അവിടെ ഹർത്താൽ നടത്തുന്നത്. ഞാൻ പട്ടികവർഗ്ഗ മേഖലയിലെ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സഹോദരിമാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് പോഷകസമൃദ്ധമായ ആഹാരം കൊടുക്കുന്നതിനുവേണ്ടി ജനനി ജന്മരക്ഷ പദ്ധതി യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കി. ആ പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം, ആ പദ്ധതിയുടെ സ്ഥിതിയെന്താണ്? ഇന്ന് പല ജില്ലകളിലും ആ പദ്ധതി നടക്കുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത്തരത്തിലുള്ള തെറ്റായ നയങ്ങളുമായാണ് ഈ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. വനപ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുള്ള പദ്ധതിയായ ഗോത്രസാരഥി ഇന്ന് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിലുള്ള കുടിശ്ശികപോലും കൊടുക്കാതെ അദ്ധ്യാപകരെ നെട്ടോട്ടമോടിക്കുകയാണ്. പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ സ്ഥിതിയെപ്പറ്റി ശ്രീ. ചിറ്റയം ഗോപകുമാർ ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി അംഗമാണ്. കഴിഞ്ഞ അഞ്ച് വർഷവും അദ്ദേഹം അതിലുണ്ട്, അതിന്റെ ഭാഗമായി ഞങ്ങൾ ഹോസ്റ്റലുകൾ സന്ദർശിച്ചിരുന്നു. പട്ടികവർഗ്ഗ ഹോസ്റ്റലുകളിലേയ്ക്ക് വ്യാപാരികൾ കൊടുക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ കുടിശ്ശിക തുകപോലും കൊടുക്കാൻ ബാക്കിയുണ്ട്. എം.ആർ.എസ്. പോലുള്ള സ്കൂളുകളിലേയ്ക്കും ഹോസ്റ്റലുകളിലേയ്ക്കും ആവശ്യമായ പണം ലഭിക്കുന്നില്ല. ഇതെല്ലാം ഈ ഗവൺമെന്റിന്റെ തെറ്റായ സമീപനമാണ്. ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ നിയമം കൈകാര്യം ചെയ്യുന്ന മന്ത്രിയാണ്, മുഖ്യമന്ത്രിയെ ഉപദേശിക്കാറുണ്ടല്ലോ, അദ്ദേഹം ഈ വകുപ്പിൽ ശക്തമായി ഇടപെടണം. അദ്ദേഹത്തിന്റെ ഇടപെടൽ വളരെ കുറവായിട്ടാണ് കാണുന്നത്. കഴിഞ്ഞ സഭയിൽ എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നു, ഏത് ചെറിയ വകുപ്പ് എടുത്ത് പരിശോധിച്ചാലും അതിന് വെബ്സൈറ്റ് കാണാൻ സാധിക്കും, എന്നാൽ ഈ വകുപ്പിന് അങ്ങനെയൊന്നില്ല. ഇന്നും ആ കാര്യത്തെക്കുറിച്ച് ശ്രദ്ധിച്ചിട്ടില്ല. ഇന്ന് ട്രൈബൽ ഓഫീസുകളിലെവിടെയും ഡയറക്ടറുടെ ഓഫീസിനുപോലും വെബ്സൈറ്റില്ലാത്ത സാഹചര്യമാണുള്ളത്. ഇതെല്ലാം എളുപ്പം പരിഹരിക്കാൻ കഴിയുന്ന കാര്യമാണ്. അതുപോലും പരിഹരിക്കാൻ കഴിയാതെ പരാജയപ്പെട്ട ഒരു ഗവൺമെന്റാണിത്. ധാരാളം പദ്ധതികൾ വിഭാവന ചെയ്യുന്നുണ്ടെങ്കിലും ഒന്നും പ്രാവർത്തികമാകുന്നില്ല. ഇത് നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റ് ഏജൻസികളുടെ പോക്കറ്റ് വീർപ്പിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമാണൊരുക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ 93% തുകയും ചെലവഴിച്ചുവെന്ന് കഴിഞ്ഞ സഭയിൽ മന്ത്രി

മറുപടി പറയുകയുണ്ടായി. എങ്ങനെയാണ് ചെലവഴിച്ചത്; അത് പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്പെടണ്ടേ; കോളനികളിൽ പദ്ധതികൾ എത്തണ്ടേ? ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്തു അവർ അതിന്മുകളിൽ അടയിരിക്കുകയാണ്. ഒരു പദ്ധതിയും നടപ്പിലാകുന്നില്ല, ഇതിലെല്ലാം ഇടപെടണം. കഴിഞ്ഞ ദിവസം ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെയൊരു ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചു. അതിന് മന്ത്രി മറുപടിയും പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് ഏജൻസികൾക്ക് കൊടുക്കുന്ന പണം സമയബന്ധിതമായി കോളനികളിൽ ചെലവഴിക്കാനുള്ള സാഹചര്യമാണ് ഒരുക്കേണ്ടത്. പട്ടികവർഗ്ഗക്കാരെ സാമുദായികമായി അടിച്ചമർത്തുന്ന സമീപനത്തിൽനിന്ന് ഗവൺമെന്റ് പിന്മാറേണ്ടതുണ്ട്. കോടികളാണ് നഷ്ടപ്പെടുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും ധാരാളം ജി.ഒ.-കൾ ഇറക്കിയിട്ടുണ്ട്, നമ്മുടെ പട്ടികവർഗ്ഗ ഗ്രാമങ്ങൾ ഏറ്റെടുക്കുന്നതിനുള്ള 'ഒരുകോടി' പദ്ധതിയൊക്കെ ഇപ്പോൾ ഏജൻസികൾക്ക് കൊടുത്തിരിക്കുകയാണ്. അവർക്ക് തോന്നുംപോലെ ചെലവഴിക്കുന്നതിനുള്ള സാഹചര്യമാണുള്ളത്. രാവിലെ ഞാനൊരു ചോദ്യം ഉന്നയിച്ചപ്പോൾ ആദിവാസിമേഖലയിൽ ടൂറിസം ശക്തിപ്പെടുത്തണമെന്ന് ടൂറിസം മന്ത്രി മറുപടി പറയുകയുണ്ടായി. ടൂറിസം വകുപ്പിന്റെയും പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെയും സെക്രട്ടറി ഒരാളാണ്. പൈതൃക ഭവനം സംരക്ഷിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ. പി. അനിൽ കുമാറിന്റെ നേതൃത്വത്തിൽ ടൂറിസം വകുപ്പിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ റദ്ദുചെയ്തു. ഈ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. വേണുവിന് ഞാൻ രണ്ടുതവണ ലെറ്റർ കൊടുത്തു, നടപടി യുണ്ടായില്ല. ഈ ഗവൺമെന്റ് ഏതെങ്കിലും ഒരു നിവേദനത്തിന് മറുപടി തരുന്നുണ്ടോ? ചികിത്സാ സഹായം ലഭിക്കുന്നതിന് 50,000 രൂപ വാർഷിക വരുമാന പരിധിയാക്കിയിരിക്കുകയാണ്. ഈ പരിധിയ്ക്കുമുകളിൽ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബത്തിന് ചികിത്സാ സഹായം നിഷേധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെ ഉണ്ടായിട്ടില്ല. രണ്ട് അപേക്ഷകളാണ് തിരിച്ചുവന്നത്. മറ്റെല്ലാ സമുദായങ്ങൾക്കും വരുമാന പരിധി ഉയർത്തി. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വരുമാന പരിധി ഉയർത്താൻ ഈ സർക്കാർ തയ്യാറാകണം. മറ്റൊരു കാര്യം, എ.ടി.എസ്.പി. പദ്ധതികൾ നമ്മുടെ നാട്ടിൽ വിഭാവന ചെയ്തു. എ.ടി.എസ്.പി.വഴി അനുവദിച്ച വീടുകൾക്ക് തുക കൊടുക്കാത്തതിനാൽ ഇപ്പോഴും പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല. കോർപ്പസ് ഫണ്ടിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്, അത് ചെലവഴിക്കുന്നതിൽ നിയന്ത്രണമുണ്ടോ, അതിനൊരു വർക്കിംഗ് ഗ്രൂപ്പോ, മോണിറ്ററിംഗ് സംവിധാനമോ നിലവിലുണ്ടോ? ടി.ഡി.ഒ.-മാർക്കും ഉദ്യോഗസ്ഥർക്കും തോന്നുന്നതുപോലെ ചെലവഴിക്കപ്പെടുകയാണ്. ബഹുമാനപ്പെട്ട ഒ. ആർ. കേളു, എം.എൽ.എ ഇവിടെയുണ്ടല്ലോ, ജില്ലയിൽ യോഗം വിളിച്ചപ്പോൾ

കോർപ്പസ് ഫണ്ടിൽ കൂടുതൽ തുക കുടിവെള്ള മേഖലയ്ക്ക് മാറ്റിവയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞിട്ടുപോലും അതിനൊരു പരിഗണനയുമില്ലാതെ മുന്നോട്ടുപോകുകയാണ്. 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പദ്ധതിയിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. ഇപ്പോൾ അന്വേഷണം നടക്കുന്നു. ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകണം. ഇപ്പോഴും ഭൂമിയില്ലാത്ത ഒട്ടനവധി ആദിവാസികളുണ്ട്, അവർക്ക് ഭവനം നിർമ്മിക്കണം. ഭൂമിയില്ല എന്നതിന്റെ പേരിൽ അവർക്കർഹതപ്പെട്ട ഭവന നിർമ്മാണത്തിനുള്ള ഫണ്ട് നിഷേധിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 39 കോടി രൂപയാണ് പാവപ്പെട്ട പട്ടികവർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്നതിനായി എസ്.സി./എസ് .ടി. വികസന കോർപ്പറേഷനെ ഏൽപ്പിച്ചത്. അതിൽ 3.5 കോടി രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. ബാക്കി ഫണ്ട് അവിടെയുണ്ട്. ഇപ്പോഴും പട്ടികവർഗ്ഗക്കാർ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോണെടുത്ത് ജപ്തിഭീഷണി നേരിടുമ്പോൾ ഇതിൽ ശ്രദ്ധിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ വകുപ്പിൽ വ്യക്തമായുള്ള ഇടപെടൽ നടത്തണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1.00 PM]

ശ്രീ. ബി. സത്യൻ: സർ, എക്സൈസ്, തൊഴിൽ, തൊഴിലാളി ക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്താങ്ങുന്നു. തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. റ്റി. പി രാമകൃഷ്ണൻ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവും മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമവും വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ശ്രീ. എ. കെ. ബാലൻ എന്നിവരെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലം ഉണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഒരു മദ്യനയം ആ ഗവൺമെന്റിന് ഉണ്ടായിരുന്നില്ല എന്നതാണ്. അന്ന് കേട്ടത് ബാർ കോഴ എന്നായിരുന്നു, ആർക്കും നിഷേധിക്കാൻ കഴിയില്ല. നമ്മുടെ സുഹൃത്ത് ശ്രീ. എ. പി അനിൽ കുമാറടക്കം ഈ ചർച്ചയിൽ പങ്കെടുത്തതാണ്. ബാർ കോഴ ഉയർത്തിയ പ്രശ്നങ്ങൾ വളരെ ഗൗരവമായി കേരളം കണ്ടതല്ലേ? എങ്ങനെയെല്ലാം പരിണമിച്ചു, അതിന്റെ രൂപവും ഭാവവും മാറി കേരള സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നഷ്ടം വന്നതിന് യു.ഡി.എഫ്.-കാരും കോൺഗ്രസ്സുകാരും മറുപടി പറയണം. നാളെ മുതൽ 3 സ്റ്റാർ, 4 സ്റ്റാർ ബാറുകളില്ല എന്ന പ്രഖ്യാപനം വന്നപ്പോൾ നമ്മൾ നിർദ്ദാക്ഷിണ്യം നോക്കിനിന്നില്ലേ? എന്തൊക്കെ കണ്ടു, പ്രധാനപ്പെട്ട വ്യവസായ സ്ഥാപനം തകർന്നടിഞ്ഞ് അതുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ ദാരുണാന്ത്യം നമ്മൾ കണ്ടു. അതായിരുന്നു നയം, അത് മാത്രമാണ്

ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഒരു സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട മേഖല, വ്യവസായ മേഖലയെപ്പോലെ തന്നെ സംസ്ഥാനത്തിന് വരുമാനം ലഭിക്കുന്ന മേഖല തകർന്നടിഞ്ഞു. അതിന്റെ ബാക്കിപത്രമാണ് ഇന്ന് കാണുന്നത്. ഇന്ന് ദേശീയപാതയിൽ നിന്ന് എത്ര അകലെയാണ് മദ്യ ഔട്ട്ലെറ്റുകൾ വേണ്ടതെന്നുള്ള ചർച്ചയാണ് നടക്കുന്നത്. കേരളത്തിന്റെ പൊതുഖജനാവിൽ ഏറ്റവുമധികം വരുമാനമുണ്ടാക്കിയിരുന്ന ഒരു മേഖലയെ എങ്ങനെ സമ്പുഷ്ടമാക്കി നിലനിർത്താമെന്നതിനെക്കുറിച്ചുള്ള നല്ലൊരു ഹോംവർക്ക് ഇന്ന് ഗവൺമെന്റ് ചെയ്യുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു, അത് ഗൗരവത്തോടുകൂടി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഭരണഘടനാപരമായി ലഭ്യമായിട്ടുള്ള അവകാശാധികാരങ്ങളുണ്ട്. രാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മറ്റ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് ഭരണഘടന പ്രകാരം ലഭ്യമായിട്ടുള്ള അവകാശാധികാരങ്ങൾ വിനിയോഗിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇന്ന് ചെയ്യുന്ന കൊടിയ അനീതി നാം അറിയണം. ഭരണഘടന പ്രകാരം തലയെണ്ണിക്കൊണ്ടാണ് ഓരോ കാര്യത്തിനും സഹായം അനുവദിക്കേണ്ടത്. അങ്ങനെതന്നെയാണ് ഫണ്ട് അനുവദിക്കുന്നത്. ഇന്ത്യയിൽ ഏതാണ്ട് 16.6 ശതമാനം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 8.6 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും 25.2 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമുണ്ട്. അവർ ജനസംഖ്യാനുപാതികമായി 25 ശതമാന ത്തിനുമേലുണ്ട്. കേന്ദ്രസർക്കാർ പ്ലാനിംഗ് ബോർഡ്, പ്ലാനിംഗ് കമ്മീഷൻ തുടങ്ങിയവ വേണ്ടെന്നുവച്ചു. അതിനുപകരം നീതി ആയോഗ് സ്ഥാപിക്കപ്പെട്ടു. എങ്ങനെയാണ് നീതി ആയോഗ് വിന്യസിക്കപ്പെട്ടിരിക്കുന്നതെന്ന് നമ്മൾ കണ്ടതാണ്. 2014-15 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹമായ വിഹിതം നൽകിയിട്ടില്ലെന്നുള്ളത് പ്രിയപ്പെട്ട സ്നേഹിതന്മാർ മനസ്സിലാക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. രാജ്യത്താകെ ദളിത് വിഭാഗത്തിൽ പ്പെട്ടവർ പീഡിപ്പിക്കപ്പെടുകയാണ്. കമ്മ്യൂണിസ്റ്റുകാരായ സമരത്തൊഴിലാളികളെ സൃഷ്ടിക്കുന്നുവെന്ന് ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാർ എന്നുപറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. കമ്മ്യൂണിസ്റ്റുകാരനായ ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് കേരളത്തിൽ എവിടെയും പോകാം, സംസാരിക്കാം, പ്രവർത്തിക്കാം, ഏതു സ്ഥാനത്തേയ്ക്കും ഉയർന്നുവരാം, തുല്യനീതിയും തുല്യ അവകാശവുമുണ്ട്. എന്നാൽ ദേശീയ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പീഡിപ്പിക്കപ്പെടുന്നില്ലേ? ഹൈദരാബാദ് സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥിയായ രോഹിത് വെമുല ഭരണഘടന എഴുതി ഉണ്ടാക്കിയ ഡോ. ബി. ആർ. അംബേദ്കറിന്റെ പടത്തിന് മുന്നിൽ

സ്വയം കുരുങ്ങി, തന്റെ ജീവനും മരണവും ഏതാനും നിമിഷ നേരത്തേയ്ക്ക് കണ്ടിട്ട് അദ്ദേഹം എഴുതി വച്ചത്, ഞാൻ ഇനി ഈ ലോകത്തിലേയ്ക്കില്ല എന്നായിരുന്നു. ഇന്ന് നിലനിൽക്കുന്ന ചാതുർവർണ്യത്തിന്റെ വ്യവസ്ഥിതിയെപ്പോലെ ജാതീയമായി തരം തിരിച്ച്, രാജ്യത്തെ ദളിത് വിഭാഗത്തിൽപ്പെട്ടവരെ ആർ.എസ്.എസ്. തയ്യാറാക്കി കൊടുത്തിട്ടുള്ള അജണ്ട പ്രകാരം എങ്ങനെയൊക്കെ പീഡിപ്പിക്കാമെന്നാണ് കേന്ദ്ര ഗവൺമെന്റ് നോക്കുന്നത്. എന്നാൽ അതിനെ ആരും വിമർശിക്കുന്നില്ല. ഇവിടെ കമ്മ്യൂണിസ്റ്റുകാരൻ മുദ്രാവാക്യം വിളിക്കുന്ന ആളാണെന്ന് പറഞ്ഞ് തരംതാഴ്ത്തുന്നവരോട് പറയാനുള്ളത്, 1957-ലെ ചരിത്ര പ്രസിദ്ധമായ ഭൂപരിഷ്കരണ നിയമമായ മാഗ്നാ കാർട്ടയിൽ വിശേഷിപ്പിക്കുന്ന ചില കാര്യങ്ങളുണ്ട്. ചരിത്രപ്രസിദ്ധമായ ആ നിയമം വഴിയാണ് 1957-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഒരു തുണ്ട് ഭൂമിയുടെ ഉടയാളനായി ഈ രാജ്യത്തെ ദരിദ്രനാരായണന്മാരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും മണ്ണിൽ പണിയെടുക്കുന്നതിനായി ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത്. ആ നിയമംവഴി ഒരു തുണ്ട് ഭൂമിയുടെ ഉടയാളന്മാരായി മാറിയ ധാരാള മാളുകളുണ്ട്. ഈ രാജ്യത്ത് കൂടുതൽ കാലം ഭരണം നടത്തിയത് നിങ്ങളുടെ പാർട്ടിയാണല്ലോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന സമയത്ത് ഭരണഘടന എഴുതി ഉണ്ടാക്കിയ ഡോ. ബി. ആർ. അംബേദ്കർ പോലും കോൺഗ്രസ്സിനെ തള്ളിപ്പറഞ്ഞ് രാജിവച്ചില്ലേ? അതിന് വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ നിങ്ങൾ പറയണം. ഹിന്ദു കോഡ് നിയമം ഉണ്ടാക്കുന്ന തുമായി ബന്ധപ്പെട്ടുള്ള തർക്കത്തിൽ ഡോ. ബി. ആർ. അംബേദ്കർ കോൺഗ്രസ്സിനെ ഉപേക്ഷിച്ച് രാജിവച്ച് പോയില്ലേ? ഹൈന്ദവ മേഖലയിലെ ചാതുർവർണ്യ വ്യവസ്ഥിതി നിലനിർത്തുന്ന, 'മനുസ്മൃതി' എന്ന പ്രധാനപ്പെട്ട ആശയവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന അന്നത്തെ വലിയ വെല്ലുവിളി എന്തായിരുന്നുവെന്നുള്ളത് നാം കണ്ടതാണ്. ഡോ. ബി. ആർ. അംബേദ്കറിനെ തള്ളിപ്പറഞ്ഞ ആളുകളല്ലേ കോൺഗ്രസ്സുകാർ? ആ കോൺഗ്രസ്സുകാർ ഇപ്പോൾ കമ്മ്യൂണിസ്റ്റുകാരെ പുച്ഛിക്കുന്ന നിലയിലേയ്ക്ക് അധഃപതിക്കാമോ? അന്ന് നിയമ വകുപ്പുമന്ത്രി ആയിരുന്നു ഡോ. ബി. ആർ. അംബേദ്കർ. ഞാൻ ആ വിഷയത്തിലേയ്ക്ക് പോകുന്നില്ല. ഇവിടെ സംവരണത്തിന്റെ നിലപാട് എന്താണ്? ശ്രീ. മോഹൻ ഭാഗവത് സംവരണമൊക്കെ അവസാനിപ്പിക്കേണ്ട സമയം കഴിഞ്ഞുവെന്ന് പറയുന്നു. കോൺഗ്രസ്സ് അനുസംബന്ധിച്ചൊന്നും പറയുന്നില്ല. ദേശീയ അടിസ്ഥാനത്തിൽ രാജ്യവ്യാപകമായി ദളിത് വിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷ വിഭാഗത്തൽപ്പെട്ടവരും പീഡിപ്പിക്കപ്പെടുന്നു. ഏത് ഭക്ഷണം കഴിക്കണം, ഏത് വസ്ത്രം ധരിക്കണം, എങ്ങനെ ചിന്തിക്കണം, എങ്ങനെ ജീവിക്കണം എന്നു പറയാൻ ഒരു ഗവൺമെന്റ് രാജ്യത്ത് വാളോങ്ങി നിൽക്കുമ്പോൾ കൊച്ചുകേരളത്തിൽ മാത്രം നിർഭയം ഈ നാട്ടിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ചിന്തിക്കാനും പ്രവർത്തിക്കാനും

ജീവിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടെന്നുള്ള കാര്യം ഓർമ്മിപ്പിക്കുകയാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഇപ്പോഴും നേരിടുന്ന പ്രധാനപ്പെട്ട വിഷയം ഭൂമിയാണ്. അവർക്ക് ഒരു കിടപ്പാടം ലഭിക്കുക എന്നുള്ളത് ഏറ്റവും ഗൗരവമുള്ള വിഷയമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം വിവാദങ്ങളുടെ പെരുമഴക്കാലമായിരുന്നു. കാര്യങ്ങൾ നടക്കുന്നില്ല. ഉദ്യോഗസ്ഥരും ഗവൺമെന്റും ഒന്നും നോക്കുന്നുണ്ടായിരുന്നില്ല. അത് നമ്മൾ കണ്ടതാണ്, എങ്ങനെ നിഷേധിക്കാനാകും; അഞ്ച് വർഷക്കാലം ഭരണചക്രം നീങ്ങാതെ വിവാദങ്ങളിൽപ്പെട്ട് നിൽക്കുകയായിരുന്നില്ലേ? അന്നത്തെ കാലത്ത് തുടങ്ങിയ പദ്ധതികളെല്ലാം ഇപ്പോഴാണ് പൂർത്തീകരിച്ചുവരുന്നത്. വീടുകളുടെ പുനർനിർമ്മാണം, പുതിയ വീടുകൾ അനുവദിച്ചത്, ഭൂമി വാങ്ങുന്നത്, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കുടിശ്ശിക ഉണ്ടായിരുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ് തുടങ്ങിയവയെല്ലാം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുൾപ്പെടെ നൽകിയത് ഈ കാലഘട്ടത്തിലാണ്.

രാജീവ് ഗാന്ധി ഏവിയേഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ രാഹുൽ എന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് നിശ്ചിത മണിക്കൂർ വിമാനം പറത്തിയാൽ മാത്രമേ ലൈസൻസ് ലഭിക്കുകയുള്ളൂ, അയാൾ വിമാനത്തിൽ ഏതാണ്ട് അൻപതിനായിരം അടി മുകളിൽ നിൽക്കുമ്പോൾ താഴെനിന്ന് അതിന്റെ ചുമതലക്കാരനായിട്ടുള്ള ഉദ്യോഗസ്ഥൻ തനിക്ക് നിശ്ചിത തുക തന്നാൽ മാത്രമേ ഇനി വിമാനം പറത്താൻ കഴിയുകയുള്ളൂവെന്ന് പറയുകയാണ്. ഈ വിഷയം വിവാദമാകുകയും വകുപ്പുമന്ത്രി ഇടപെടുകയും ചെയ്തു. അതിനുശേഷം അയാൾക്ക് കൊടുക്കേണ്ട തുക കൊടുത്തു. ആ വിദ്യാർത്ഥിയുടെ പഠനം ഇപ്പോൾ പൂർത്തിയായി വരികയാണ്. ചില സുഹൃത്തുക്കൾ സൈക്കിളിന്റെ കഥ പറയുകയുണ്ടായി. പ്രിയപ്പെട്ട എ. കെ. ബാലൻ 5 ലക്ഷം രൂപ നൽകി ഒരു കായിക താരത്തിന് സൈക്കിൾ വാങ്ങിനൽകുകയും ആ കുട്ടി അന്തർദ്ദേശീയ മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു. ഇതുപോലുള്ള ഒറ്റപ്പെട്ട നിരവധി കാര്യങ്ങൾ ഇവിടെ നടപ്പാക്കിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ 50 ശതമാനം വർദ്ധിപ്പിക്കുമെന്ന് ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. അത് വർദ്ധിപ്പിക്കാൻ കഴിയണം. എല്ലാ സ്കോളർഷിപ്പുകളും മിനിമം ആയിരം രൂപയെങ്കിലുമാക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്കോളർഷിപ്പായി ലഭിക്കുന്നത് ചെറിയ തുകയാണ്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന ഏറ്റവും ചുരുങ്ങിയ സ്കോളർഷിപ്പ് തുക 1,000-1,500-2,000 രൂപയാണ്. അതിനെക്കുറിച്ച് ആരും ഒന്നും പറയുന്നില്ല. ആ നിലയിലേയ്ക്ക് ഇതിനെ മാറ്റിയെടുക്കാനും വർദ്ധനവ് വരുത്താനും തയ്യാറാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അവരുടെ അടിസ്ഥാന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ ധാരാളം കാര്യങ്ങളുമായി മുന്നോട്ട്

പോകാനുണ്ട്. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏതാണ്ട് എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 100 ശതമാനം വിജയം നേടിയിരിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗവുംകൂടി വരുമ്പോഴാണ് ചില കുറവുകൾ ഉണ്ടാകുന്നത്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരില്ല. ഹയർ സെക്കണ്ടറിയിൽ ഇപ്പോഴും ഗസ്റ്റ് ഫാക്കൽറ്റിയും കരാർ അദ്ധ്യാപകരുമാണുള്ളത്. അവിടെ സ്ഥിരം അദ്ധ്യാപകരെ നിയമിക്കണം. എസ്.എസ്.എൽ.സി.-ക്ക് കൊടുക്കുന്ന ട്രെയിനിംഗ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹയർ സെക്കന്ററിക്കും കൊടുക്കാൻ കഴിയണം. ആ നിലയിലേയ്ക്ക് വന്നാൽ മികവിന്റെ കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങളെ മാറ്റിയെടുക്കാൻ കഴിയും.

എക്സൈസ്, തൊഴിൽ വകുപ്പുകൾ ധാരാളം പരിശ്രമങ്ങൾ നടത്തുന്നുണ്ട്. തൊഴിൽ വകുപ്പിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുതൽ നമ്മുടെ സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ വിവിധ വകുപ്പുകളെ കാലഘട്ടത്തിനനുസരിച്ച് മാറ്റിയെടുക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് കാര്യക്ഷമമായി തുടരാൻ കഴിയണം. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണം. ടെക്സ്റ്റൈൽസ്, മാർജിൻ ഫ്രീ ഷോപ്പുകൾ, മാളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സഹോദരിമാർക്ക് തൊഴിൽ പരിരക്ഷ ഉറപ്പാക്കാൻ കഴിയണം. നമ്മുടെ സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ കുറവാണെങ്കിലും ഇവിടെ എത്തുന്ന തൊഴിലാളികൾക്കുവേണ്ടി തുടങ്ങിവച്ചിട്ടുള്ള പദ്ധതികൾ ശക്തിപ്പെടുത്താൻ കഴിയണം. അവരുടെ തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കണം.

വ്യവസായ മേഖലയിൽ ഐ.ടി.ഐ. അടക്കമുള്ളവയെ വിദ്യാഭ്യാസ രംഗത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ തൊഴിൽ വകുപ്പുമന്ത്രി നടത്തുന്ന പരിശ്രമങ്ങൾ പ്രോത്സാഹനജനകമാണ്. ഇന്ന് ഏറ്റവുമധികം തൊഴിൽ സാധ്യതയുള്ള ഐ.ടി.ഐ.-കളിൽ പരമ്പരാഗതമായി നിലനിൽക്കുന്ന പല കോഴ്സുകളും ഒഴിവാക്കി തൊഴിലധിഷ്ഠിത സാധ്യതയുള്ള കോഴ്സുകൾ ആരംഭിക്കാനുള്ള ശ്രമം തൊഴിൽ വകുപ്പ് നടത്തണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. തൊഴിൽ വകുപ്പ് തൊഴിൽ നയം രൂപപ്പെടുത്തുമ്പോൾ തൊഴിലാളികൾ ഇന്നനുഭവിക്കുന്ന ഗൗരവമേറിയ വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയണം. ഏറ്റവും ദുരിതപൂർണ്ണമായ അവസ്ഥയിലാണ് കശുവണ്ടിത്തൊഴിലാളി മേഖല എന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ. കശുവണ്ടി, കയർ മേഖലയിലും, അസംഘടിത തൊഴിൽ മേഖലയിലും പണിയെടുക്കുന്ന ആളുകൾക്ക് ലഭ്യമാകേണ്ട ഇൻഷ്വറൻസ് പദ്ധതി, ആരോഗ്യ സുരക്ഷിതത്വം, മിനിമം കൂലി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. എയ്ഡഡ്

സ്കൂളുകളിൽ പുതിയ സംരംഭങ്ങളുമായി വരുന്നവരെ സഹായിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. അതുപോലെ സ്വകാര്യ മാനേജ്മെന്റ് നടത്തുന്ന സ്ഥാപനങ്ങളെ മാറ്റി നിർത്താതെ സ്വകാര്യ സംരംഭകർ നടത്തുന്ന വ്യാവസായികാധിഷ്ഠിതമായ ഫാക്ടറികളിലും സ്ഥാപനങ്ങളിലുമെല്ലാം തൊഴിൽ നിയമം അനുശാസിക്കുന്ന നിലയിലുള്ള തൊഴിൽ സംരക്ഷണവും തൊഴിലാളികൾക്ക് മിനിമം നൽകേണ്ട ആനുകൂല്യവും നിയമ പ്രകാരം നൽകുവാനുള്ള നടപടി സ്വീകരിക്കണം. രണ്ട് വകുപ്പുകളും നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളെയെല്ലാം ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ ധനാഭ്യർത്ഥനയെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

<u>ശ്രീ. പി. ഉണ്ണി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേരള സമൂഹം ഒന്നടങ്കം ആഹ്ലാദത്തോടെയും അത്ഭുതത്തോടെയുമാണ് ഈ സർക്കാരിനെ നോക്കിക്കാണുന്നത്. വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ വലയുന്നവർക്ക് ആത്മഹത്യ മാത്രമേ പോംവഴിയുള്ളൂ എന്ന സ്ഥിതി വിശേഷം നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. ഈ സന്ദർഭത്തിലാണ് ആശ്വാസത്തിന്റെ കുളിർമഴ പെയ്യിച്ചുകൊണ്ട് 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രഖ്യാപിച്ചത്. ഇക്കാര്യത്തിൽ കേരളത്തിലെ മുഖ്യമന്ത്രിയെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. രാഷ്ട്രീയ എതിരാളികൾപോലും ഒളിഞ്ഞും തെളിഞ്ഞും ഈ പ്രഖ്യാപനത്തെ വളരെ അഭിനന്ദനാർഹമായ രീതിയിലാണ് നോക്കിക്കാണുന്നത്. പഠനം പൂർത്തിയാക്കി തൊഴിൽ അന്വേഷിക്കുന്നവർക്ക് ഇനി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പടികൾ കയറിയിറങ്ങേണ്ടി വരില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി മാറുന്നു. അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ സർക്കാർ കഴിഞ്ഞ ഒരു വർഷംകൊണ്ട് ധാരാളം സുപ്രധാനമായ കാര്യങ്ങൾ ചെയ്തുതീർക്കുകയും ചില പ്രധാനപ്പെട്ട കാര്യങ്ങൾക്ക് അടിത്തറയിടുകയും ചെയ്തിട്ടുണ്ട്. പരമപ്രധാനമായ ചില കാര്യങ്ങൾ പറഞ്ഞു കൊണ്ടുമാത്രമേ സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് വയോജന സംരക്ഷണം. അദ്ധ്വാനശേഷിയുള്ള കാലത്ത് സമ്പാദിച്ച് കുടുംബം നോക്കി പ്രായമാകുമ്പോൾ അന്യാധീനപ്പെട്ട് പോകുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. ഒരു സമൂഹം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണിത്. അന്യാധീനപ്പെട്ടാലും ഇല്ലെങ്കിലും സമ്പത്തുണ്ടെങ്കിലും ഇല്ലെങ്കിലും 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും പെൻഷൻ, മുൻകാലങ്ങളെപ്പോലെ കുടിശ്ശിക വരുത്താതെ, കൊടുക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക പെൻഷൻ മുഴുവൻ കൊടുത്തുതീർക്കുകയും പെൻഷൻ തുക 600 രൂപയിൽനിന്നും 1200 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. വീട്ടിൽ പോയി പെൻഷൻ കൊടുത്തപ്പോൾ പെൻഷൻ

കൊടുക്കാൻ ചെല്ലുന്നവർക്ക് ഷേക്ക് ഹാന്റ് കൊടുത്തു കൊണ്ടാണ് വൃദ്ധജനങ്ങൾ സന്തോഷം പ്രകടിപ്പിച്ചത്. ഇടതു സർക്കാർ വൃദ്ധജനങ്ങളെ മാതാപിതാക്കളെപ്പോലെ ആദരിക്കുകയും സ്നേഹിക്കുകയുമാണ്. 5,500 കോടി രൂപ ചെലവഴിച്ചാണ് ഈ മഹത്തായ നേട്ടം കൈവരിച്ചത്. ഏതെങ്കിലും തരത്തിലുള്ള പെൻഷൻ കിട്ടാത്ത ഒരു വയോധികൻപോലും നമ്മുടെ സംസ്ഥാനത്തില്ല. വൃദ്ധജനങ്ങൾ ശപിച്ചാൽ നാം ഗതി പിടിക്കില്ല. കഴിഞ്ഞകാലത്ത് എന്താണ് സംഭവിച്ചതെന്ന് ഞാൻ പറയാതെ തന്നെ മനസ്സിലായിക്കാണുമെന്ന് കരുതുന്നു. എൽ.ഡി.എഫ്. സർക്കാർ വന്നപ്പോൾ വൃദ്ധജനങ്ങളുടെ മുഖത്ത് പുഞ്ചിരിയും സന്തോഷവും വിടരുകയാണ്. കെട്ടിടം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി 50,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയത് മഹത്തായ കാര്യമാണ്. അതിന് സാമ്പത്തിക വിദഗ്ദ്ധനായ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇതൊരു സർവ്വകാല റെക്കോർഡാണ്. മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ വ്യാജ മദ്യലോബിയുടെ കടന്നുകയറ്റ സാധ്യത മുൻകൂട്ടികാണുന്ന തിലും മദ്യ ദുരന്ത സാധ്യത തടയുന്നതിലും എക്സൈസ് വകുപ്പുമന്ത്രി സ്തുത്യർഹമായ പ്രവർത്തനമാണ് നടത്തിയത്. എക്സൈസ് വകുപ്പ് കാലികമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. എക്സൈസ് വകുപ്പ് എന്ന സംവിധാനത്തെ ആധുനികവൽക്കരിക്കണമെന്ന ആവശ്യത്തിന് പ്രസക്തിയേറിയ കാലമാണിത്. മയക്കുമരുന്ന് വേട്ടയ്ക്ക് പോകുന്ന ഉദ്യോഗസ്ഥർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും സുരക്ഷയും സർക്കാർ ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. ആയത് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കണം. മദ്യ-മയക്കുമരുന്ന് രഹിതമായ സംസ്ഥാനമാണ് നമ്മുടെ ലക്ഷ്യം. അതിനായി ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിതെന്ന് ഞാൻ കരുതുന്നു. തൊഴിൽ നഷ്ടപ്പെട്ട മദ്യ വ്യവസായ തൊഴിലാളികളുടെ പുനരധിവാസം ശരിയായ അർത്ഥത്തിൽ ഉണ്ടായേ തീരൂ. തൊഴിൽ നഷ്ടപ്പെട്ട മദ്യ വിൽപ്പനശാലയിലെ ജീവനക്കാർ, ബാർ തൊഴിലാളികൾ എന്നിവരെയാണ് പുനരധിവസിപ്പിക്കേണ്ടത്. അവരുടെ കുടുംബം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ കാര്യങ്ങൾ പരിഗണിച്ച് മുഴുവൻ ആളുകളെയും പുനരധിവസിപ്പിക്കാൻ അടിയന്തരമായി നടപടിയെടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകുമെന്ന് അറിയാമെങ്കിലും സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് രൂപീകരിക്കണമെന്ന് ഞാൻ പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്.

ഈ സർക്കാരിന്റെ പ്രവർത്തന മികവിൽ ആദിവാസികൾ ആഹ്ലാദത്തിലാണ്. അശരണരും ആലംബഹീനരുമായ ആദിവാസികൾക്ക് നേരിട്ട് പ്രത്യേകം നിയമനം നടത്താനുള്ള പി.എസ്.സി.-യുടെ തീരുമാനം പട്ടികവിഭാഗങ്ങൾ ആഹ്ലാദത്തോടെയാണ് സ്വീകരിച്ചത്. ആദിവാസികൾക്കുള്ള പ്രത്യേക പാക്കേജ് എന്ന നിലയിൽ

മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി നടപടി പൂർത്തീകരിക്കാൻ സർക്കാർ തീരുമാനിച്ചത് സ്വാഗതാർഹമാണ്. 2016-17 വർഷത്തിൽ പട്ടികജാതിയിൽപ്പെട്ടവരുടെ ചികിത്സാ സഹായത്തിനായി 61.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് 28-2-2017 വരെ 18590 പേർക്കായി 35,10,22,991 രൂപ ചെലവഴിച്ചു. അപേക്ഷിച്ച മുഴുവൻ പേർക്കും, അർഹരായ എല്ലാപേർക്കും അനുവദിച്ചു എന്നാണ് ഇത് തെളിയിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ട്രൈബൽ സബ് പ്ലാൻ മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, തൊഴിൽ ലഭ്യമാക്കൽ എന്നീ ഇനങ്ങളിലായി 810.16 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞു. 2016-17 വർഷത്തിൽ ഭക്ഷ്യസഹായ പദ്ധതി വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 83,103 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ മൂന്നരക്കോടി രൂപ ചെലവഴിച്ച് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പാക്കിവരുന്നു. പോഷകാഹാരക്കുറവുമൂലം അട്ടപ്പാടിയിൽ ഒരു കുഞ്ഞും മരിക്കാൻ ഇടവരരുതെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരി ക്കുന്നത്. നമ്മളെല്ലാവരും ആശങ്കയോടും വിഷമത്തോടും ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് കുട്ടികളിലെ പുകയില-മദ്യ-മയക്കുമരുന്ന് ശീലങ്ങൾ. വിസ്കി, ബ്രാന്റി തുടങ്ങിയ മദ്യങ്ങൾ മാത്രമല്ല ഏറ്റവും അപകടകരമായ മറ്റ് മദ്യങ്ങളും ഇന്ന് സുലഭമാണ്. എന്ത് ഉദ്ദേശിച്ചാണോ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് ആ ലക്ഷ്യം നിറവേറ്റുന്നതിനാവശ്യമായ ലഹരിയാണ് അത് സമ്മാനിക്കുന്നത്. അത് അണ്ണാക്കിൽ ഒട്ടിച്ചും പല്ലിൽ തേച്ചും നാവിൽ ഒട്ടിച്ചും ലഹരി ആസ്വദിക്കുന്ന ഒരു വിഭാഗം നമ്മുടെ സംസ്ഥാനത്തുണ്ട്. അത് തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കുന്ന എക്സൈസ് വകുപ്പുമന്ത്രിക്ക് കേരള സമൂഹത്തിന്റെ ഒന്നാകെയുള്ള ആശീർവാദവുമുണ്ട്. സംസ്ഥാനത്ത് ലഹരി പദാർത്ഥങ്ങളുടെ ലഭ്യത തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാന ലഹരി വർജ്ജന മിഷൻ നടപ്പാക്കിവരുന്ന 'വിമുക്തി' എന്ന ബോധവൽക്കരണ പദ്ധതി ബൃഹത്തും അഭിനന്ദനാർഹവുമാണ്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വ്യാപാര മേഖലയിലുമുള്ള ആളുകളേയും 'വിമുക്തി'-യുടെ പഠനക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്നത് ഏറെ പ്രയോജനം ചെയ്യുമെന്ന് ഞാൻ കരുതുന്നു. കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 'വിമുക്തി' സംഘടിപ്പിക്കുന്ന പഠന ക്ലാസ്സുകൾ ഏറെ പ്രയോജനം ചെയ്യുന്നതാണ്. ദേശീയ നിലവാരത്തിലുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടി ഒരു ഡീ-അഡിക്ഷൻ സെന്റർ സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നത് ഒരു മഹത്തായ കാര്യമാണ്.മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുന്നതിനുള്ള പ്രചരണ പരിപാടികൾ ശക്തമായി സ്വീകരിച്ചുവരുന്ന എക്സൈസ്

വകുപ്പിന്റെ പ്രവർത്തനം പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മയക്കുമരുന്ന് കടത്തുമായി ബന്ധപ്പെട്ട് 2011 കേസ്സുകളും പുകയില സംബന്ധമായി 36881 കേസ്സുകളും രജിസ്റ്റർ ചെയ്തു. ഇക്കാര്യത്തിൽ സർക്കാർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. മദ്യ-മയക്കുമരുന്ന് വേട്ടയ്ക്ക് കരുത്തുപകരാൻ വനിതാ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനെടുത്ത തീരുമാനം കാലിക പ്രസക്തിയുള്ളതാണ്. പുതിയതായി വിമെൻസ് എക്സൈസ് പട്രോളിംഗ് ആരംഭിക്കുന്നുവെന്നത് പ്രശംസിക്കപ്പെടേണ്ടതാണ് മിക്ക കേസ്സുകളിലും സ്ത്രീകൾ മയക്കുമരുന്ന് മാഫിയയുടെ വാഹകരായി മാറുന്നതിനാൽ അത് തടയുന്നതിന് വിമെൻസ് എക്സൈസ് പട്രോളിംഗ് പ്രയോജനപ്പെടും. യുവാക്കൾക്ക് അനുയോജ്യമായ തൊഴിൽ മേഖല തിരിച്ചറിയാനും തൊഴിൽസാധ്യതയുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, പഠിച്ച് യോഗ്യരായി പുറത്തിറങ്ങുന്ന യുവാക്കളെ തൊഴിൽ തെരഞ്ഞെടുക്കുന്നതിന് സഹായിക്ക ന്നതിനുവേണ്ടിയുള്ള എംപ്ലോയ്മെന്റ് സെന്റർ എന്നിങ്ങനെ എല്ലാ അർത്ഥത്തിലും തൊഴിൽ വകുപ്പ് നവീകരണത്തിന്റെ പാതയിലാണ്. സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി സർക്കാർ ഒരു ജോബ് പോർട്ടൽ തുടങ്ങുന്നുവെന്നത് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ ദിശാബോധം വ്യക്തമാക്കുന്നു. സംസ്ഥാനത്തെ ജനങ്ങൾ വളരെ പ്രതീക്ഷയോടെ അധികാരത്തിലേറ്റിയ ഇടതുപക്ഷ മുന്നണി സർക്കാർ പിഴവുകൾ കൂടാതെ മുന്നോട്ടുപോകുന്നുവെന്നതിൽ ഈ സർക്കാരിനെ പ്രത്യേകം അഭിനന്ദിക്കേണ്ടതുണ്ട്. പ്രവാസികളുടെ തൊഴിൽ പ്രതിസന്ധിയിലും തൊഴിൽ നഷ്ടമായി തിരികെയെത്തുന്നവരെ സംരക്ഷിക്കുന്നതിനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത നോർക്ക വകുപ്പ് പ്രവാസികളുടെ കാര്യം വളരെ ഫലവത്തായി കൈകാര്യം ചെയ്യുന്നതിൽ പ്രവാസികളും അവരുടെ കുടുംബവും അതിയായ സന്തോഷത്തിലാണ്. മിക്ക അറബ് രാജ്യങ്ങളും സമ്പൂർണ്ണ സ്വദേശിവൽക്കരണ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഒട്ടൊന്നുമല്ല ഈ വിഷയം നമ്മളെ ആശങ്കപ്പെടുത്തുന്നത്. വിദേശത്തുനിന്ന് ജോലി നഷ്ടപ്പെട്ട് മടങ്ങി പുനരധിവാസ ത്തിനായി അപേക്ഷ നൽകിയവരുടെ എണ്ണം 2017 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം 30000 ആണ്. 2016-17 മാർച്ച് 31-ലെ കണക്കനുസരിച്ച് 1600 പുനരധിവാസ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നറിയാൻ കഴിഞ്ഞു. സബ്സിഡി വായ്പ നൽകുന്നതിനായി രാജ്യത്തെ പ്രധാന ദേശസാൽകൃത ബാങ്കുകളായ എസ്.ബി. ഐ., യൂണിയൻ ബാങ്ക്, എസ്.ഐ.ബി. എന്നിവയുമായി നോർക്ക കരാറുണ്ടാക്കിയിട്ടുണ്ട്. പ്രവാസികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതാവ ശ്യമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പൂർണ്ണമായി ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകൾമൂലം തൊഴിൽമേഖല കരുത്താർജ്ജിക്കുകയാണ്. ആരോഗ്യകരമായ തൊഴിൽ സംസ്കാര ത്തിന്റെ പ്രതിഫലനങ്ങൾ സംസ്ഥാനത്തുടനീളം ദൃശ്യമാണ്. ഒരു നാടിന്റെ വളർച്ചയുടെ ചാലകശക്തി സംരംഭക-തൊഴിലാളി ബന്ധം തന്നെയാണ്. അനാശാസ്യ പ്രവണതകളെ ഒഴിവാക്കിക്കൊണ്ട് സംരംഭക സൗഹൃദ അന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കുന്നതിനുള്ള വലിയ ശ്രമം ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ നമുക്ക് കഴിയണം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഒരു മാതൃക തന്നെയാണ്. ഏറെ സങ്കീർണ്ണതകളുള്ള കേരളത്തിന്റെ തൊഴിൽ മേഖലയിൽ തൊഴിൽ രംഗത്ത് സമാധാനാന്തരീക്ഷം നിലനിർത്തേണ്ടത് അനിവാര്യമാണ്. മിനിമം കൂലി ഉയർത്തി പുതിയ തൊഴിൽ നയം സമഗ്രമായി അവതരിപ്പിക്കുകയെന്നത് ഏറെ വെല്ലുവിളികൾ നിറഞ്ഞ കാര്യമാണ്. കേരളത്തിന് സ്വന്തമായൊരു തൊഴിൽ നയം ഉണ്ടാകുക എന്നത് ഏറ്റവും അഭിമാനാർഹമായ ഒന്നാണ്. തൊഴിൽനയം അവതരിപ്പിക്കാൻ കഴിയണം. അത് മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാകണം. തൊഴിൽ സംരക്ഷണത്തിനും തൊഴിലാളി ക്ഷേമത്തിനും ട്രേഡ് യൂണിയനുകളുടെ സംഭാവന വളരെ വലുതാണ്. അപേക്ഷ സമർപ്പിച്ച് 40 ദിവസത്തിനകം യൂണിയനുകൾക്ക് രജിസ്ട്രേഷൻ കൊടുക്കുന്നതിനായി സ്വീകരിച്ച വൺ ടൈം പോർട്ടൽ സംവിധാനത്തെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ലേബർ കമ്മീഷണറേറ്റിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ, ഓട്ടോമേഷൻ സിസ്റ്റമുൾപ്പെടെയുള്ള സംവിധാനങ്ങൾ എന്നിവ കുറച്ചുകൂടി വിപുലീകരിക്കണമെന്നും തൊഴിൽ വകുപ്പ് നൽകുന്ന സേവനങ്ങളെന്താണെന്ന് മനസ്സിലാക്കുന്നതിനായി ഇവ ബഹുജനങ്ങളുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിന് ശക്തമായ പ്രചരണ പരിപാടികൾ ആരംഭിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ട്രേഡ് യൂണിയനുകൾക്ക് വാർഷിക റിട്ടേൺ കൊടുക്കുന്നതിന് പുതിയ സംവിധാനം ഏർപ്പെടുത്തിയതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ട്രേഡ് യൂണിയനുകളെ സംബന്ധിച്ച് റിട്ടേൺ കൊടുക്കുക എന്നത് ഭാരിച്ച ജോലിയായിരുന്നത് പോർട്ടൽ സംവിധാനം വന്നതോടുകൂടി ജോലിഭാരം കുറയ്ക്കുന്നതിനും ആയാസരഹിതമാക്കുന്നതിനും സാധിച്ചു. ഇ-ഫയലിംഗ് സംവിധാനമായതിനാൽ ലേബർ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകൾ സംബന്ധിച്ചും ഫയലിന്മേൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ചും ലേബർ കമ്മീഷണറേറ്റിലെ ഉന്നത ഉദ്യോഗസ്ഥന് മനസ്സിലാക്കുന്നതിനും സമയബന്ധിതമായി അതിൽ ഇടപെടുന്നതിനും അഴിമതി രഹിതമാക്കുന്നതിനുമുള്ള മികച്ച ഇടപെടൽ നടത്താനും സാധിക്കുന്നു. ലേബർ കമ്മീഷണറേറ്റ് നടപ്പിലാക്കിയിട്ടുള്ള ടോൾഫ്രീ നമ്പർ വഴിയുള്ള കാൾ സെന്ററിന്റെ പ്രവർത്തനം സംസ്ഥാനത്താകെ മാതൃകയാണ്. 1960-ലെ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1948-ലെ ഫാക്ടറീസ് നിയമം, 1923-ലെ ബോയിലർ നിയമം എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളെ അടിസ്ഥാനമാക്കിയാണ്

തൊഴിലാളികൾക്ക് മിനിമം കൂലി, അർഹതപ്പെട്ട അവധി, ശരിയായ ജോലിസമയം, ആരോഗ്യ ശുചിത്വ പരിപാലനം നൽകുന്നതിനുള്ള പരിഗണന, ഹോസ്റ്റൽ, ക്രഷ്, പ്രാഥമിക സൗകര്യങ്ങൾ തുടങ്ങിയവ മാനദണ്ഡമാക്കി സംസ്ഥാനത്തെ വാണിജ്യ വ്യാപാര സ്ഥാപനങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഗ്രേഡിംഗ് സമ്പ്രദായം അവകാശ സംരക്ഷണത്തിനും വ്യാപാരസ്ഥാപനങ്ങൾക്ക് പുതിയൊരു മുഖംനൽകുന്നതിനും കാരണമാകും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇരിക്കുന്നതിനുവേണ്ടി നടത്തിയ സമരമുൾപ്പെടെ ഒട്ടനവധി സമരങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചതാണ്. ശക്തമായ പ്രക്ഷോഭ പരിപാടികൾ ഒട്ടനവധി രംഗങ്ങളിലുണ്ടാകുന്ന സാഹചര്യവുമുണ്ടായി. ഒരു സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ലേബർ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്ന ഇ-ക്ലാസിഫിക്കേഷൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുകയാണ്. 16 ക്ഷേമനിധികളിലും 11 ക്ഷേമബോർഡുകളിലും 11 ക്ഷേമപദ്ധതികളിലുമായി 75 ലക്ഷത്തിലധികം ആളുകളാണ് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മുൻ സർക്കാരിന്റെ കുടിശ്ശികകൾ കൂടി കൊടുത്തുതീർക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വം ഈ ഗവൺമെന്റ് ഏറ്റെടുക്കുകയും അത് ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. തുടർന്നും അവരുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇപ്പോഴുണ്ടായിരിക്കുന്ന കാലതാമസത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥി ക്കുന്നു. സംഘടിത മേഖലയിലെ അസംഘടിത തൊഴിലാളികളുടെ സാന്നിദ്ധ്യം ഒരിക്കലും നല്ലതല്ല. അത് വർദ്ധിച്ചുവരുന്ന സാഹചര്യമുണ്ട്. അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നടത്തുന്ന നീക്കങ്ങളെ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. 25 ലക്ഷത്തിലധികം വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകളെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എംപാനൽ ചെയ്ത ആശുപത്രികളിൽ 15000 രൂപ വരെയാണ് 'ആവാസ്' പദ്ധതിയുടെ ഭാഗമായി ഇവർക്ക് ഗവൺമെന്റ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻകൂടി ഉൾപ്പെടുത്തിക്കൊണ്ട് 'ആവാസ്' പദ്ധതി വിപുലീകരിക്കുന്നതിനും ഇവരുടെ ചികിത്സാ ധനസഹായം 15,000 രൂപയിൽനിന്ന് 50,000 രൂപയാക്കണമെന്ന അഭ്യർത്ഥനയാണ് 'ആവാസ്' പദ്ധതിയുടെ ഭാഗമായി ഗവൺമെന്റിനുമുന്നിൽ വയ്ക്കുന്നത്. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് മരണപ്പെട്ട ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപ കൊടുക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അത് 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് വിനീതമായി ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ

ജീവിത സാഹചര്യങ്ങൾ പലപ്പോഴും ദയനീയമാണ്. 44220 ചതുരശ്ര അടിയിൽ 768 കുടുംബങ്ങൾക്ക് താമസിക്കാവുന്ന വിധത്തിൽ പാലക്കാട് കഞ്ചിക്കോട് നടപ്പാക്കുന്ന "അപ്നാ ഘർ" പദ്ധതിയെ സ്വാഗതം ചെയ്യുകയാണ്. മറ്റ് ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഇടപെടലുണ്ടാകണം. കൂടുതൽ ജില്ലകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന കൈവല്യ പദ്ധതി, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, ഐ.ടി. മേഖലയ്ക്ക് ഒരു പുതിയ മുഖം നൽകുന്നതിനുവേണ്ടി ഡിപ്പാർട്ട്മെന്റും ഗവൺമെന്റും നടത്തുന്ന ഇടപെടലുകൾ, തൊഴിൽ സാധ്യതകൾ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മികച്ച പരിശീലനം, ഫിനിഷിംഗ് സ്കൂളുകൾ പോലുള്ള സംവിധാനങ്ങൾ, ഐ.ടി. മേഖലയിൽ ആരംഭിച്ചിട്ടുള്ള സംവിധാനങ്ങൾ, ജോബ് ഫെയറുകൾ ഇവയൊക്കെ മാതൃകാപരവും തൊഴിൽരഹിതരായ ആളുകൾക്ക് ആശ്വാസം നൽകുന്നവയുമാണ്. -

ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനമർഹിക്കുന്നത് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയാണ്. ശ്രീ. എ. കെ. ബാലനോടുള്ള നന്ദി ഈ അവസരത്തിൽ പ്രത്യേകമായി അറിയിക്കുകയാണ്. അദ്ദേഹത്തിന്റെ സഹായമില്ലായിരുന്നെങ്കിൽ ഈ മാസം 29-ാം തീയതി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രഖ്യാപിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുമായിരുന്നില്ല. പീരുമേട് നിയോജകമണ്ഡലത്തെ 14-ാം തീയതി സമ്പൂർണ്ണ വൈദ്യുതീകൃത നിയോജക മണ്ഡലമായി ബഹുമാനപ്പെട്ട വൈദ്യുത വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. അതിൽ 85 ലക്ഷം രൂപയോളം തുക പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റേതായി ചെലവഴിച്ചിട്ടുണ്ടെന്ന് ഈ സഭയിൽ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. വകുപ്പുകൾ തമ്മിൽ ഏകോപനമില്ലെന്ന് പറയുമ്പോഴും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് ഉത്തമ മാതൃകയായി, ഇതിനേക്കാൾ അപ്പുറത്തേയ്ക്ക് എടുത്തുകാണിക്കാൻ മറ്റൊരു ഉദാഹരണമില്ല. തന്റെ വകുപ്പിന്റെ പ്രവർത്തനങ്ങൾ മാത്രമല്ല മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ട് ഒരു മികച്ച പ്രവർത്തനം നടത്തി സാംസ്കാരിക രംഗത്തായാലും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങളിലായാലും മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ ആളുകൾ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് അനുഭവിച്ചിരുന്ന ദുരിതങ്ങൾ സംബന്ധിച്ച് ഇപ്പോൾ പറയുന്നില്ല. ഏതാണ്ട് 4000-ത്തിലധികം വീടുകളുടെ പണി പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ഇത്ര അഭിമാനകരമായ നേട്ടം കൈവരിക്കു ന്നതിന്റെ തെളിവാണ് ഇന്നുവന്ന തെരഞ്ഞെടുപ്പ് റിസൾട്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷം പിന്നിടുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന

ഉപതെരഞ്ഞെടുപ്പുകളിൽ 12-ൽ 8 സീറ്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാണ്. അതിൽ 3 എണ്ണം യു.ഡി.എഫ്.-ൽനിന്നും ഇടതുപക്ഷ മുന്നണി പിടിച്ചെടുത്തതാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അത് ഈ സർക്കാരിന്റെ നേട്ടമല്ലേ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഗവൺമെന്റിന്റെ മുഖവും പ്രതിച്ഛായയും മോശമാക്കുന്നതിന് പ്രകോപനപരമായ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയാലും ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ സ്വീകരിക്കുന്നുണ്ടെ ന്നുള്ളതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ഈ തെരഞ്ഞെടുപ്പ് വിജയം. രണ്ട് കാര്യങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്ന്, ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട പ്രശ്നമാണ്. നിരവധി തവണ ഈ സഭ ചർച്ച ചെയ്തിട്ടുള്ളതുമാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്ന് 50-60 വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് താമസിക്കുന്ന ആളുകൾ ഏതെങ്കിലും തരത്തിലുള്ള ഡിസ്ക്രിമിനേഷനിലേയ്ക്ക് പോകുന്നത് സംസ്ഥാനത്തിന് ഒരിക്കലും ഗുണകരമല്ല. കഴിഞ്ഞ 11 വർഷമായി സഭ ചർച്ച ചെയ്യുന്ന വിഷയമാണിത്. അങ്ങ് അടിയന്തരമായി ഈ വിഷയത്തിൽ ശ്രദ്ധപതിപ്പിച്ച് ജാതിസർട്ടിഫിക്കറ്റ് കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. എല്ലാത്തരം ജാതിസർട്ടിഫിക്കറ്റുകൾക്കും ഈ പ്രശ്നം ഉണ്ടാകുന്നുണ്ട്. മറ്റൊരു പ്രശ്നം, 60 ശതമാനം മാർക്കില്ലെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ വായ്പ കൊടുക്കാൻ ബാങ്കുകൾ തയ്യാറാകുന്നില്ലെന്നുള്ളതാണ്. അക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. തോട്ടം മേഖല ഏറെ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുചേർത്ത്, ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തി, റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റിയെ ശിപാർശ ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയടക്കം വിളിച്ച് അടിയന്തരമായി ചർച്ച ചെയ്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റിയുടെ ശിപാർശകളിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നത് പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്തവിധം പ്ലാന്റേഷൻ ടാക്സ് നമ്മുടെ സംസ്ഥാനത്ത് മാത്രം നിലനിൽക്കുന്നു. പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നിർദ്ദേശം പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ നയം പ്രഖ്യാപിക്കണമെന്നും ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റിയുടെ ശിപാർശയിലുണ്ട്. 13 തോട്ടങ്ങളാണ് സംസ്ഥാനത്താകമാനം പൂട്ടിക്കിടക്കുന്നത്. 7 ലക്ഷം ഹെക്ടർ ഭൂമി തോട്ടം മാനേജ്മെന്റിന്റെ കയ്യിലുണ്ട്. ഒരു ഹെക്ടറിന് രണ്ടോ, അഞ്ചോ തൊഴിലാളികൾ എന്ന അനുപാതത്തിൽ ജോലി നൽകണമെന്നിരിക്കെ ഭൂമി വെറുതെയിട്ടതിനുശേഷം ഗവൺമെന്റിനെയും പൊതുസമൂഹത്തെയും വെല്ലുവിളിച്ച്, തോട്ടം തുറന്നില്ലെങ്കിലും ഒന്നും ചെയ്യാനില്ലെന്ന് പറയുന്ന മാനേജ്മെന്റുകളുടെ നിലപാടിനെതിരെ

കർശന നിലപാട് സ്വീകരിക്കണം. തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. തോട്ടം തൊഴിലാളികളുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷനായി 20 കോടി രൂപയാണ് സംസ്ഥാനത്ത് കഴിഞ്ഞ 8 വർഷമായി മാറ്റിവച്ചിരിക്കുന്നത്. അതിൽ ഒരു രൂപപോലും നാളിതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ 5 വർഷം ചർച്ചകളും നിർദ്ദേശങ്ങളുമായി കടന്നുപോയി. ഭവനം ഫൗണ്ടേഷനുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റിന്റെ മുമ്പിൽ ഒരു പദ്ധതിയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടിയന്തരമായി തോട്ടം തൊഴിലാളികളുടെ ജീർണ്ണാവസ്ഥയിലുള്ള ലയങ്ങൾ ഒഴിവാക്കി പുതിയ ലയങ്ങൾ, വീടുകൾ എന്നിവ നിർമ്മിച്ച് നൽകുന്നതിനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. 6000-ലധികം വരുന്ന ചെറുകിട തേയില കൃഷിക്കാരുടെ പ്രശ്നങ്ങൾ വളരെ ഗൗരവമായി കാണണം. 47 ഫാക്ടറികൾ ഉണ്ടായിരുന്നതിൽ 27 എണ്ണം പൂട്ടിക്കിടക്കുകയാണ്. പലതും അബോളിഷ് ചെയ്തുപോയി. 20 ഫാക്ടറികൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വൻകിട ഫാക്ടറികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ചെറുകിട തേയില കൃഷിക്കാരെയും ബാധിക്കുന്ന സാഹചര്യമുണ്ടാകുന്നുവെന്നുള്ളതുകൊണ്ട് ഈ സംവിധാനങ്ങൾ മികച്ചതാക്കി കൊണ്ടുപോകേണ്ടതുണ്ട്. 10 ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനും പൂട്ടിക്കിടക്കുന്ന 13 തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. സാമൂഹ്യ സുരക്ഷാ പദ്ധതികൾ തോട്ടം മേഖലയിൽ നടപ്പിലാക്കുന്നതിനുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഈ സഭ ചർച്ചയ്ക്കെടുത്തിട്ടുള്ള തൊഴിലും എക്സൈസും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രശംസനീയമായിട്ടുള്ള ഒട്ടനവധി നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ തൊഴിലാളികൾക്ക് നാഥനില്ലാത്ത അവസ്ഥയായിരുന്നതുകൊണ്ട് ഒട്ടനവധി ക്ഷേമ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് നഷ്ടമായത്. നിരവധി തൊഴിൽശാലകൾ പൂട്ടിയും പെൻഷൻ അടക്കമുള്ള ക്ഷേമ ആനുകൂല്യങ്ങൾ കൊടുക്കാതെയും തൊഴിലാളി വർഗ്ഗത്തെ അശക്തരാക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

തൊഴിലാളി വർഗ്ഗത്തെ എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്ന ഉറച്ച നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നതായി കാണാൻ കഴിയും. നഷ്ടത്തിലായതും പൂട്ടിക്കിടന്നതുമായ തൊഴിൽശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും നിർജ്ജീവമായിക്കിടന്ന തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്, പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയവ പുനഃസംഘടിപ്പിക്കു ന്നതിനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ബാർബർ തൊഴിലാളികൾക്ക് പ്രത്യേക സംഘടനയില്ലെന്നാണ് മനസ്സിലാക്കുന്നത്. ബാർബർ തൊഴിലാളി ക്ഷേമനിധി ബോർഡുകൂടി പുനഃസംഘടിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. തൊഴിലാളികളുടെ പെൻഷന്റെ വരുമാനപരിധി 18,000 രൂപയിൽ നിന്ന് 1,00,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും അവരുടെ കുടിശ്ശികത്തുക കൊടുത്തുതീർക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അസംഘടിത തൊഴിലാളി കളുടെ ദുരിതാശ്വാസ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിനും തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചതായി കാണുന്നു. ഈ കാലയളവിനുള്ളിൽ 2000-ത്തോളം തൊഴിൽ തർക്കങ്ങളാണ് ഗവൺമെന്റ് പരിഹരിച്ചിട്ടുള്ളത്. തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായ വിതരണം നടത്തുന്നതിനും ഈ ഗവൺമെന്റ് ആശ്വാസകരമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പശ്ചിമ ബംഗാൾ, തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് ആളുകളാണ് കേരളത്തിൽ തൊഴിലെടുക്കുന്നത്. അത്തരം തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അന്യ സംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി ആശ്വാസകരമായിട്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇത്തരം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലത്ത് സുരക്ഷിതമായ റൂമുകൾ ലഭ്യമാക്കുന്നതിനും കുടിവെള്ളവും ശുചിത്വവും ഉറപ്പാക്കുന്നതിനും ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതൊക്കെ അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചും തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ ഗവൺമെന്റെന്ന നിലയ്ക്കും വളരെ പ്രശംസനീയമായ കാര്യങ്ങളാണ്.

എക്സൈസ് വകുപ്പിനെ സംബന്ധിച്ച് പറയാൻ ഒട്ടനവധി കാര്യങ്ങളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മദ്യനിരോധനം എന്ന ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്. മദ്യം പൂർണ്ണമായും നിരോധിക്കുക എന്നുള്ള യു.ഡി.എഫ്.-ന്റെ നയം കേരളത്തിൽ നടപ്പാക്കുന്നതിനുവേണ്ടി വലിയ ശ്രമമാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയിട്ടുള്ളതെങ്കിലും അത് ലക്ഷ്യം കാണാതെ പോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ

കഴിഞ്ഞത്. യു.ഡി.എഫ്. മദ്യം നിരോധിക്കണമെന്നും ബാറുകൾ പൂട്ടണമെന്നും പറഞ്ഞുകൊണ്ട് ഒട്ടനവധി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതാവായ ശ്രീ. അഭിഷേക് സംഘ്‌വിയെപ്പോലെയുള്ള ആളുകളാണ് ബാറുകൾ തുറക്കണമെന്നു പറഞ്ഞുകൊണ്ട് കേരളത്തിൽ വന്ന് കേസ് നടത്തിയിട്ടുള്ളത് എന്ന കാര്യവും നമ്മുടെ മുമ്പിലുണ്ട്. പക്ഷെ ഈ ഗവൺമെന്റിന് മദ്യം സംബന്ധിച്ച് വളരെ വ്യക്തമായ നയംതന്നെയുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് മദ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മദ്യം ഉപയോഗിക്കുന്ന ആളുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. പൂർണ്ണമായും മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനു വേണ്ടിയുള്ള ഒരു നടപടിതന്നെയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിനുവേണ്ടിയാണ് 'വിമുക്തി' പോലുള്ള പദ്ധതിക്ക് കേരള ഗവൺമെന്റ് രൂപംകൊടുത്തിട്ടുള്ളത്. സംസ്ഥാനതലംമുതൽ പഞ്ചായത്ത് വാർഡുതലംവരെയുള്ള മേഖലകളിൽ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടും കാമ്പയിനുകൾ നടത്തിക്കൊണ്ടും സ്കൂൾ കുട്ടികൾക്കാവശ്യമായ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ടും കോളേജ് കുട്ടികൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുള്ള വളരെ വ്യക്തമായ ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഗവൺമെന്റാണിതെന്ന് യു.ഡി.എഫ്. തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. ഇതെല്ലാം കേരള ജനതയ്ക്ക് ബോധ്യമുള്ള കാര്യങ്ങളാണ്. അതോടൊപ്പംതന്നെ എക്സൈസ് വകുപ്പ് കാലാനുസൃതമായി ആധുനികവത്കരണം നടത്തിക്കൊണ്ട് സംസ്ഥാനത്തുള്ള മയക്കുമരുന്ന് ലോബികളെ പിടികൂടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഏകദേശം 55 ശതമാനത്തോളം കേസ്സുകളാണ് ഒരു വർഷത്തിനുള്ളിൽ ഇവിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇങ്ങനെ എക്സൈസ് വകുപ്പിലും തൊഴിൽ വകുപ്പിലും ആശ്വാസകരമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്നുവെന്നത് വളരെ പ്രശംസനീയമായ കാര്യമാണ്. അതുപോലെ തന്നെ ഇവിടെ സൂചിപ്പിച്ചിട്ടുള്ള മറ്റൊരു ധനാഭ്യർത്ഥനയാണ് പട്ടികജാതി-പട്ടികവർഗ്ഗത്തെ സംബന്ധിച്ചുള്ള കാര്യം. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള പദ്ധതികൾക്ക് രൂപം നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് നമുക്ക് കാണാൻ കഴിയും. പട്ടികവർഗ്ഗ സഹോദരിമാർ പ്രസവിക്കുമ്പോൾ പോഷകാഹാരക്കുറവുമൂലം കുട്ടികൾ മരണപ്പെടുന്നുവെന്നുള്ളതും അവരെ പ്രസവത്തിനായി കൃത്യസമയത്ത് ആശുപത്രികളിൽ എത്തിക്കാൻ സാധിക്കുന്നില്ല എന്നതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. അതിൽനിന്നൊക്കെ വ്യത്യസ്തമായിട്ടുള്ള ഒരു നിലപാട് ഈ ഗവൺമെന്റ് കൈക്കൊള്ളുകയാണ്.

നേരത്തെ ഭൂമിയുടെ കാര്യം പറഞ്ഞു. ആശിക്കും ഭൂമി ആദിവാസിക്ക്, പി.വി.ടി.ജി. പദ്ധതി എന്നിവ അഴിമതിയിൽ മുങ്ങിക്കുളിച്ചു കിടക്കുന്ന പദ്ധതികളാണ്. അതുകൊണ്ടുതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആ പദ്ധതികൾ താളംതെറ്റിയ നിലയിലായിരുന്നു. കാട്ടുനായ്ക്കർ പോലുള്ള വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി നടത്തിയിട്ടുള്ള പി.വി.ടി.ജി. പോലുള്ള പദ്ധതിയും പാതിവഴിക്കാക്കിക്കൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് കടന്നുപോയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോടിക്കണക്കിന് രൂപ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നുള്ള കാര്യം ഈ നിയമസഭയിൽ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ മന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. വയനാട്ടിൽത്തന്നെ ഏകദേശം അയ്യായിരത്തോളം വീടുകളാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഈ ഒരു വർഷത്തിനുള്ളിൽ നൽകിയിട്ടുള്ളത്. അതോടൊപ്പംതന്നെ ഭൂമിയില്ലാത്ത ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗത്തിനും ഭൂമി ലഭ്യമാക്കുന്നതിനും കൈവശരേഖയില്ലാത്ത, പട്ടയം ലഭിക്കാത്ത ഒട്ടനവധി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ ഗവൺമെന്റ് നടപടിയെടുത്തുവരുന്നു എന്നുള്ള കാര്യവും കേരളത്തിലെ പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് വളരെ ആശ്വാസകരം കാര്യംതന്നെയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പിന്നോക്കം നിൽക്കുന്ന അടിയ, പണിയ വിഭാഗത്തിൽപ്പെട്ടവരെ സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രവർത്തനമെന്ന നിലയ്ക്കാണ് വയനാട്ടിൽ ഗോത്രവർഗ്ഗ വിഭാഗത്തിലെ 241-ഓളം ആദിവാസി സഹോദരിമാരെ ടീച്ചർമാരായി നിയമിക്കുന്നതിനും പോലീസിലും വനം വകുപ്പിലും ഒട്ടനവധി പട്ടികവർഗ്ഗ യുവതീയുവാക്കളെ റിക്രൂട്ട് ചെയ്യാനുമുള്ള നടപടി ഗവൺമെന്റിനെ സംബന്ധിച്ച് പ്രശംസനീയവും ആദിവാസികളെ സംബന്ധിച്ച് ആശ്വാസകരവുമാണ്. ഇത്തരത്തിൽ വളരെ അനുകൂലമായുള്ള നിലപാടും കാഴ്ചപ്പാടുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ അവസരത്തിൽ തീർച്ചയായും ഇത് അംഗീകരിക്കപ്പെടേണ്ട കാര്യംതന്നെയാണ്.

മറ്റൊന്ന് ന്യൂനപക്ഷത്തിന്റെ കാര്യമാണ്. ന്യൂനപക്ഷ സംരക്ഷണം സംബന്ധിച്ച് എപ്പോഴും ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ തെരഞ്ഞെടുപ്പിൽ ബഹുഭൂരിപക്ഷം സീറ്റുകളും ഇടതുപക്ഷം കരസ്ഥമാക്കിയിട്ടുണ്ടെന്ന് നേരത്തെ ശ്രീ. ആർ. രാജേഷ് ഇവിടെ പറഞ്ഞു. പക്ഷെ മലപ്പുറം ജില്ലയിൽ തൊട്ടുമുമ്പ് നടന്ന ഇലക്ഷന്റെ കാര്യം നമുക്കെല്ലാവർക്കുമറിയാം. കാലാകാലങ്ങളായി ലീഗിന്റെ സംവരണ സീറ്റായിരുന്ന അവിടെ ജയിച്ചത് വലിയൊരു കാര്യമായിട്ടാണ് നിയമസഭയിൽ യു.ഡി.എഫ്. ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ ഈ റിസൾട്ട് സംബന്ധിച്ച് യു.ഡി.എഫ്.-ന് എന്താണ് ഈ നിയമസഭയിൽ പറയാനുള്ളതെന്നുകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. ന്യൂനപക്ഷ സംരക്ഷണവുമായി ബന്ധപ്പെട്ടു കൊണ്ട് കേരളത്തിലും ഇന്ത്യയിലും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എടുക്കുന്ന

നിലപാടുകൾ പരിശോധിച്ചാൽ കേരളത്തിലെയും ഇന്ത്യയിലെയും ന്യൂനപക്ഷ വിഭാഗങ്ങളെ സംരക്ഷിക്കുന്നത് ഇടതുപക്ഷ പ്രസ്ഥാനമാണെന്ന് നമുക്ക് മനസ്സിലാകും. അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനെതിരെ ആഗോളതലത്തിലും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലുമൊക്കെ വളരെ ക്രൂരമായ നടപടികളാണ് ബി.ജെ.പി.യിലെ ആളുകൾ സ്വീകരിക്കുന്നത്. ആ അവസരത്തിൽ കേരളത്തിലെ യു.ഡി.എഫ്.-ന് എന്ത് അഭിപ്രായമാണ് പറയാനുള്ളത്; ഒരക്ഷരവും മിണ്ടാത്ത അവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ അവസരത്തിൽ വളരെ ആശ്വാസകരമായ കാഴ്ചപ്പാടോടും ദീർഘവീക്ഷണത്തോടുംകൂടിയുള്ള പദ്ധതിയാണ് ഈ ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ മഞ്ചേരിയിൽ ഇപ്പോൾ രണ്ട് സമരങ്ങൾ നടക്കുകയാണ്. മഞ്ചേരി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളായ അഞ്ച് പെൺകുട്ടികളടക്കം എട്ട് കുട്ടികൾ നിരാഹാര സമരത്തിലാണ്. കോളേജ് ശരിയാകുന്നില്ല എന്നുള്ളതാണ് പ്രശ്നം. അവിടെ പ്രിൻസിപ്പലടക്കം അദ്ധ്യാപകരില്ല, ഹോസ്റ്റൽ സൗകര്യമില്ല. സമരം ചെയ്യുന്ന എട്ട് കുട്ടികൾ എം.എസ്.എഫ്.-ലോ കെ.എസ്.യു.-വിലോ ഉൾപ്പെട്ടവരല്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. കൂട്ടുത്തരവാദിത്വമുള്ള ഗവൺമെന്റെന്ന നിലയ്ക്ക് മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർ ഇടപെടണമെന്ന് ഞാനാവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ മഞ്ചേരിയിൽ മറ്റൊരു സമരവും നടക്കുന്നുണ്ട്. മെഡിക്കൽ കോളേജുകൾ ശരിയായില്ലെങ്കിലും മഞ്ചേരിയിൽ ബാറുകളൊക്കെ ശരിയായി വരുന്നുണ്ട്. ഇന്നലെയൊരു ബാർ തുറന്നു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ ബാറുകൾ ഓരോന്നോരോന്നായി തുറന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ മദ്യനയം ഇതുവരെ വിശദീകരിച്ചിട്ടില്ലെങ്കിലും ബാർ ഹോട്ടലുകൾ ഓരോന്നായി തുറന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്ന് ഒരു വർഷം തികയുന്ന അവസരത്തിലും ഒരു മദ്യനയം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ അധികാരത്തിൽ വന്ന കാലം മുതൽ മദ്യനയം രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന സ്ഥിരം മറുപടിയാണ് ഓരോ സമ്മേളനത്തിലും പറയുന്നത്. ഒരു മദ്യനയം രൂപീകരിക്കാൻ ഒരു വർഷം പോരേ? മുൻ സർക്കാരിന്റെ കാലത്ത് ലൈസൻസ് ഫീസിനത്തിൽ ബിയർ/വൈൻ പാർലറുകൾക്ക് 4 ലക്ഷം രൂപയും ബാറുകൾക്ക് 23 ലക്ഷം രൂപയുമാണ് ഈടാക്കിയിരുന്നത്. അതിലിപ്പോഴും മാറ്റം വന്നിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ലൈസൻസ് ഫീസ് പുതുക്കുന്നതിനോ പുതിയവ നടത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല. പകരം കഴിഞ്ഞ വർഷത്തെ ലൈസൻസ് മൂന്നുമാസക്കാലയളവിലേയ്ക്ക് ദീർഘിപ്പിച്ച് നൽകുകയാണുണ്ടായത്. ഒരു ശതമാനംപോലും ഫീസ് വർദ്ധിപ്പിക്കാതെ ഇപ്പോൾ ലൈസൻസ് കാലാവധി നീട്ടി നൽകിയിരിക്കുകയാണ്. സാധാരണഗതിയിൽ 10 ശതമാനം ഫീസ് കൂട്ടിയിട്ടാണ്

ലൈസൻസ് കൊടുക്കാറുള്ളത്. ഞാൻ അഴിമതി ആരോപണമൊന്നും ഉന്നയിക്കുന്നില്ല. പക്ഷെ സംസ്ഥാന ഗവൺമെന്റിന് അതുമൂലമുണ്ടായ നഷ്ടമെത്രയാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പറയണം. മദ്യനയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഈ സമ്മേളനത്തിൽ ഒരു ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് 'ദേശീയ സംസ്ഥാന പാതയോരങ്ങളിൽ അഞ്ഞൂറ് മീറ്റർ ദൂരപരിധിക്കുള്ളിൽ മദ്യശാലകൾ പ്രവർത്തിക്കുവാൻ പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ പ്രത്യേക സാഹചര്യവും മലപ്പുറം ഉപതെരഞ്ഞെടുപ്പുമൂലം ഉണ്ടാകുന്ന പെരുമാറ്റച്ചട്ടവുമാണ് എന്നാണ്. മലപ്പുറം ഉപതെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടമനുസരിച്ച് ഇതല്ലാതെ ബാക്കിയെല്ലാം നടന്നിട്ടുണ്ട്. എന്നാൽ മദ്യനയത്തെ സംബന്ധിച്ച് മാത്രം പറഞ്ഞില്ല. മദ്യനയം പ്രഖ്യാപിക്കുന്നില്ലെങ്കിലും ഹൈക്കോടതി വിധിയുടെയും മറ്റും പേരിൽ ഇവിടെ മദ്യഷാപ്പുകൾ ഓരോന്നോരോന്നായി തുറന്നുകൊണ്ടിരിക്കുന്നുവെന്നത് വളരെ നിർഭാഗ്യകരമാണ്.

ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിൽ പറഞ്ഞത്, ടെക്നോപാർക്കിന്റെ വികസനത്തിനായി പുതിയ കെട്ടിടം, അടിസ്ഥാന സൗകര്യത്തോട് കൂടിയ ടെക്നോ ടൗൺ പ്രോജക്ട്, 2020-ഓടെ ഒരു ലക്ഷം ഐ.ടി. തൊഴിൽ അവസരങ്ങൾ എന്നിവ സൃഷ്ടിക്കുമെന്നാണ്. എന്നാൽ ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് തുടങ്ങിയ വിവിധ കമ്പനികളിലായി ഏകദേശം 86000-ഓളം പേർ ജോലിചെയ്തുവരുന്നുണ്ടെങ്കിലും ഇവരുടെ കാര്യത്തിൽ സർക്കാരിന് യാതൊരു തരത്തിലുള്ള നിയന്ത്രണവും ഏർപ്പെടുത്താൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് വിശദമായി പരിശോധിക്കണ മെന്നാണ് ഇപ്പോൾ പറയുന്നത്. അവിടെ പല ആളുകളെയും പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. പിരിച്ചുവിടുന്നവരെ പുനർനിയമിക്കുന്നതുസംബന്ധിച്ചോ അവരെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ചോ സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ലെന്നുള്ളത് വളരെ നിർഭാഗ്യകരമാണ്. ആയിരം ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ട് ഒരു വർഷം പിന്നിട്ടിരിക്കുകയാണ്. ഇപ്പോൾ 2 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. ഈ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

എൻ.എസ്.എസ്.-ഉം എം.ഇ.എസ്.-ഉം ക്രിസ്ത്യൻ മാനേജ്മെന്റും ചെയ്യുന്നതു പോലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ആദ്യമായി അവരുടെ മാനേജ്മെന്റ് കമ്മിറ്റി കൂടി അദ്ധ്യാപകരെ നിയമിക്കുവാനും കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുവാനുമുള്ള പൂർണ്ണമായ അധികാരത്തോടുകൂടി അവരുടെ നിയന്ത്രണ ത്തിലുള്ള രണ്ടുമൂന്ന് എയ്ഡഡ് കോളേജുകൾ വരികയുണ്ടായി. എന്നാൽ ഈയൊരു വർഷമായി പണം ചെലവഴിക്കാൻ കഴിയാതെ പോകുകയാണ്. അതേ സമയം നമ്മളെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ ദിവസവും

വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ആദിവാസി മേഖലയിലെ അട്ടപ്പാടിയിൽ പോഷകാഹാര ക്കുറവുമൂലം രണ്ട് നവജാത ശിശുക്കൾ മരണപ്പെട്ടുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏഴ് കുട്ടികൾ ആദിവാസി മേഖലയായ അട്ടപ്പാടിയിൽമാത്രം മരണപ്പെട്ടുവെന്നത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് വേണ്ടരീതിയിലുള്ള ശ്രദ്ധകൊടുത്ത് ബാലമരണം ഇല്ലെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞുവെങ്കിൽ ഇപ്പോൾ അത് വീണ്ടും വന്നുകൊണ്ടിരിക്കുന്നുവെന്നത് വളരെ നിർഭാഗ്യകരമാണ്.

മാറിമാറിവരുന്ന സർക്കാരുകൾ പ്രവാസികൾക്കായി പദ്ധതികൾ പ്രഖ്യാപിക്കുന്നതല്ലാതെ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നില്ല. പ്രവാസികളെ മുഴുവൻ സ്വർഗ്ഗലോകത്തേയ്ക്ക് കൊണ്ടുപോകുന്ന രീതിയിലുള്ള പ്രഖ്യാപനമാണ് നയ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ പ്രവാസികളെ പരിരക്ഷിക്കുകയെന്ന ഉത്തരവാദിത്വത്തോടുകൂടിയുള്ള പ്രഖ്യാപനങ്ങളല്ലാതെ ഒന്നും യാഥാർത്ഥ്യമാകുന്നില്ല. തൊഴിൽ നഷ്ടപ്പെട്ട് ഗൾഫ് രാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്നവരെ സഹായിക്കുന്നതിന് മുൻസർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന് കുറ്റപ്പെടുത്താറുണ്ട്. പക്ഷെ ഈ ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിഞ്ഞു; സൗദി അറേബ്യയിൽ ഇപ്പോൾ പ്രഖ്യാപിച്ച പൊതുമാപ്പുമൂലം തിരികെ വരേണ്ടിവരുന്നവരെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കാൻ നോർക്ക ഡിപ്പാർട്ട്മെന്റിന്റെ 'Project for Returned Emigrants' എന്ന പദ്ധതിയിലൂടെ 20 ലക്ഷം രൂപയുടെ വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുവരെ ഒരാൾക്കുപോലും വായ്പ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. 20 ലക്ഷം രൂപ വായ്പ കൊടുക്കുമെന്ന് പറയുന്നതല്ലാതെ അത് കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുയാണ്. ഒരുവർഷക്കാലം പിന്നിട്ടിട്ടും ഗവൺമെന്റ് ഉണർന്ന് പ്രവർത്തി ക്കുന്നില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും സുവർണ്ണ കാലഘട്ടമായ ഒരുവർഷത്തെ മധുവിധുകാലം കഴിഞ്ഞിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള ബാലൻസ് ഷീറ്റെന്താണ്? ആർഭാടം, ഇഷ്ടദാനം, ശത്രുസംഹാരം, സംശയരോഗം എന്നീ കാര്യങ്ങളിൽമാത്രം ഊന്നൽ നൽകിയാണ് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ആർഭാടമെന്ന് ഞാൻ വെറുതെ പറയുന്നതല്ല. ഈ ഗവൺമെന്റിന്റെ സത്യപ്രതിജ്ഞ സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തുന്നതിനുവേണ്ടി 50 ലക്ഷം രൂപയാണ് ചെലവായത്. 50 ലക്ഷം രൂപ ചെലവാക്കിയാണ് ഈ ഗവൺമെന്റിന്റെ പട്ടാഭിഷേകം നടന്നതെന്ന കാര്യം തൊഴിലാളി വർഗ്ഗത്തിന്റെ പേരിലുള്ള ഇടതുപക്ഷ ഗവൺമെന്റിന് അഭിലഷണീയമാണോ എന്ന് ഓർക്കണം. വേണ്ടതിനും വേണ്ടാത്തതിനും പഴയ കാരണവൻമാർ

വ്യവഹാരകെട്ടുകളുമായി നടക്കുകയാണ്. സുപ്രീംകോടതി കേസ്സിന്റെ വിധി സംശയാതീതമായി, കൃത്യമായി പറഞ്ഞാൽപോലും വലിയ ഫീസ് ചുമത്തി, വലിയ വക്കീലൻമാരെ കൊണ്ടുപോയി കേസ് നടത്തുകയാണ്. ഇവിടെ നിരവധി പ്രമുഖരായ അഭിഭാഷകരുണ്ട്, ഉപദേശകൻമാരുണ്ട്. മലയാളത്തിലും പെണ്ണില്ലാഞ്ഞ്, മറുദേശത്തും പെണ്ണില്ലാഞ്ഞ്, ബഹറിന്റെ അക്കരനിന്നൊരു മണവാട്ടി സുന്ദരി വന്നുവെന്ന് പറഞ്ഞതുപോലെ പ്രഗത്ഭന്മാരായ വക്കീലൻമാർ സുപ്രീംകോടതിയിൽ ഉണ്ടായിട്ടുപോലും തോൽക്കാൻവേണ്ടിപോയ കേസ്സിന് എത്ര ഫീസ് കൊടുത്തു വെന്നതും അതുവഴി സംസ്ഥാനത്തിന് എത്ര രൂപ നഷ്ടപ്പെടുത്തിയെന്നുമുള്ള കാര്യം നിങ്ങൾ ഓർക്കണം. ഈ ഗവൺമെന്റിന്റെ ഒരു വർഷക്കാലത്തെ മഹിതമായ പാരമ്പര്യം വിളിച്ചുപറയാൻ വേണ്ടി 16 കോടി രൂപയാണ് പരസ്യക്കൂലി ഇനത്തിൽ ചെലവാക്കിയത്. അതുപോലെ ശമ്പളമില്ലാതെ സൗജന്യമായി മുഖ്യമന്ത്രിയെ ഉപദേശിക്കാൻ എത്രപേരാണുള്ളത്; ഒരു രൂപയാണുപോലും അവരുടെ ശമ്പളം. പക്ഷെ അവരുടെ തൻചെലവും സിൽബന്ധിച്ചെലവും എത്രയാണ്; ഈ ഗവൺമെന്റിന് ഏറ്റവും കൂടുതൽ വരുന്നത് തൻച്ചെലവും സിൽബന്ധിച്ചെലവുമാണ്. ആ ചെലവുകൾ ഏത് കണക്കിലാണ് വരുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. ഭരണ പരിഷ്കാര കമ്മീഷനുവേണ്ടി വേറെ ചെലവ്. കഴിഞ്ഞ കാലത്ത് ആർഭാടം നടത്തിയെന്ന് പറയപ്പെടുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ എല്ലാവിധ സുഖസൗകര്യത്തോടുംകൂടി, ക്യാബിനറ്റ് റാങ്കോടുകൂടി മുന്നോക്ക വികസന കോർപ്പറേഷന്റെ ചെയർമാനായി കൊണ്ടുവന്നിരിക്കുകയാണ്. ഇപ്പോൾ യാതൊരു അഴിമതിയുമില്ല, പ്രശ്നങ്ങളുമില്ല. എല്ലാത്തിനും ഇവിടെ രാജിയായിരിക്കുകയാണ്. 'ഓരോ ഫയലും ഒരു ജീവിതം' എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ ഭംഗിയായി സംസാരിച്ചതാണ്. ജോലി സമയത്ത് പത്രവായന പാടില്ലായെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉഗ്ര ശാസനകേട്ട് ഞങ്ങളൊക്കെ ഞെട്ടിത്തരിച്ചുപോയി. ഉദ്യോഗസ്ഥർ ശരിയാകുമെന്ന് വിചാരിച്ചു. ഇപ്പോൾ എന്താണ് സ്ഥിതി; ഫയലുകൾ അനങ്ങുന്നുണ്ടോ? എം.എൽ.എ.-മാർ അവരുടെ വി.ഐ.പി. ലെറ്ററോടുകൂടി കൊടുത്ത ഫയലുകൾപോലും അനങ്ങാതെ സെക്രട്ടേറിയറ്റിൽ അന്തിയുറങ്ങുകയാണ്. ആർക്കാണ് ഇതിനെ ഉണർത്താൻ കഴിയുക? ഐ.എ.എസ്.-കാരുടെ സമരം കേരള ചരിത്രത്തിലുണ്ടായിട്ടില്ല. ഇവിടെ ഐ.എ.എസ്.-കാർക്കുപോലും സുരക്ഷിതത്വമുണ്ടായില്ല. അതുപോലതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ വകുപ്പുകളെയും നിയന്ത്രിക്കുമെന്നാണ് ഞാൻ ആദ്യം വിചാരിച്ചത്. പക്ഷെ അദ്ദേഹത്തിന് സ്വന്തം വകുപ്പിൽപോലും പിടിയില്ലായെന്നത് ഇപ്പോഴാണ് മനസ്സിലായത്. മൂന്നാറിൽ 144 പ്രഖ്യാപിച്ചത് ഞങ്ങളൊക്കെ അറിഞ്ഞതുപോലെ പത്രത്തിൽക്കൂടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അറിഞ്ഞത്. ഇതിലേറെ ഭരണത്തിന് പരാജയം വരാനുണ്ടോ? മുഖ്യമന്ത്രിക്ക് സ്വന്തം

ഭരണത്തിലും ആഭ്യന്തര വകുപ്പിലും പൊതുഭരണത്തിലും നിയന്ത്രണമില്ലായെന്നതിന്റെ ഏറ്റവും വലിയൊരു തെളിവാണത്. അതുപോലതന്നെ വളരെയേറെ കൊട്ടിഘോഷിക്കപ്പെട്ട ഒരു വിജിലൻസ് ഡയറക്ടറുണ്ടായിരുന്നു. ഇപ്പോൾ ആരാണ് വിജിലൻസ് ഡയറക്ടറെന്ന് പറയാൻ സാധിക്കുമോ? അന്ന് ഞങ്ങൾ ഡി.ജി.പി. ആരാണെന്ന് ചോദിച്ചു. ആരാണ് വിജിലൻസ് ഡയറക്ടർ എന്ന് ഇന്നത്തെ പല പ്രധാനപ്പെട്ട പത്രങ്ങളിലും എഴുതിയിരിക്കുന്നു. ആരാണെന്ന് പറയാൻ കഴിയുമോ; ഇതിനൊരു സുതാര്യത യില്ലാത്തതെന്തുകൊണ്ടാണ്? ഭരണഘടനാപരമായി ഏറ്റവും ഉയർന്നുനിൽക്കുന്ന തസ്തികയിലെ ആളുടെ പേരുപോലും വ്യക്തതയില്ലാത്ത സാഹചര്യമാണ്. സമരത്തോടൊക്കെ പരിഹാസമാണ്. ഏത് സമരമായിരുന്നാലും ആ സമരം തോറ്റില്ലേ, വിദ്യാർത്ഥി സമരം തോറ്റില്ലേ, കെ.എസ്.യു.-ന്റെ സമരം തോറ്റില്ലേ എന്നൊക്കെ സമരപാരമ്പര്യം ഉൾക്കൊള്ളുന്ന ഒരു മുഖ്യമന്ത്രിക്കും ഗവൺമെന്റിനും പറയാമോ; നല്ല കാര്യങ്ങൾക്കുവേണ്ടി സമരം ചെയ്യുമ്പോൾ ആ സമരം പരാജയപ്പെട്ടാൽ ഊറ്റം കൊള്ളുന്നത് അന്തസ്സുള്ള ഇടതുപക്ഷ ഗവൺമെന്റിന് ചേർന്നതാണോ? ഐ.എ.എസ്.-കാരെയും ഐ.പി.എസ്.-കാരെയും കൂടെയുള്ള മന്ത്രിമാരെയും പാർട്ടിക്കാരെയും സംശയമാണ്. ഇങ്ങനെ സംശയിച്ചുകൊണ്ട് ഒരു വർഷം തള്ളിനീക്കി. ബാക്കിയുള്ള നാല് വർഷക്കാലം സംശയരോഗവുമായി മുന്നോട്ടുപോയാൽ കേരളത്തിലെ ജനങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് വളരെയധികം ആശങ്കയുണ്ടെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

2.00 PM.]

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. എക്സൈസ് വകുപ്പിൽനിന്ന് കിട്ടുന്ന വരുമാനംകൂടി കണക്കാക്കിയാണ് ധനാഭ്യർത്ഥനകൾ രൂപപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എക്സൈസ് വകുപ്പിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുമെന്നാണ് വാർത്തകളിൽനിന്നും മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ദേശീയപാതയോരത്തെ മദ്യക്കച്ചവടം നിരോധിച്ചതുമൂലം കേരളത്തിൽ 1,600 കോടിയിൽപ്പരം രൂപയുടെ വരുമാനക്കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ലെജിസ്ലേച്ചറോ എക്സിക്യൂട്ടീവോ ഏതെങ്കിലും തരത്തിൽ ഭരണഘടനാവിരുദ്ധമായ ഉത്തരവുകളോ തീരുമാനങ്ങളോ എടുത്താൽ അത് പരിശോധിക്കാനുള്ള അധികാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉൾപ്പെടെയുള്ള കോടതികൾക്കുണ്ട്. കോടതി എന്ത് അധികാരമുപയോഗിച്ചാണ് ദേശീയ പാതയോരത്ത് മദ്യനിരോധനം ഏർപ്പെടുത്തിയത്? അതിന്റെ legal sanctity ചർച്ച ചെയ്യപ്പെടണ്ടേ? സംസ്ഥാനങ്ങളുടെ ജനസംഖ്യ എത്രയാണ്; റോഡുകളുടെ സ്ഥിതിയെന്താണ് ;

ജനവാസ കേന്ദ്രങ്ങളുടെ സ്ഥിതിയെന്താണ് എന്നത് സംബന്ധിച്ച് പരിശോധിക്കപ്പെടണ്ടേ. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് അഭിപ്രായങ്ങളുടെ പൊതുനിർമ്മിതിയുണ്ടാക്കി, അതിന്റെ ചട്ടക്കൂടിലേയ്ക്ക് നമ്മളെയെല്ലാം പ്പെടുത്തിയിട്ട് നിയമപ്രശ്നങ്ങൾ വന്നാൽപ്പോലും ചർച്ച ചെയ്യപ്പെടാതെ പോകുന്ന അവസ്ഥയിലെത്തിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് ചർച്ച നടന്നപ്പോൾ യുക്തിഭദ്രമല്ലാത്ത കോടതി വിധിയെന്ന് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞു. ഞാനും ചർച്ചയിൽ പറഞ്ഞിരുന്നു. അദ്ദേഹവും ഞാനുമാണ് ചർച്ചയിൽ പങ്കെടുത്തിരുന്നത്. പക്ഷേ നമ്മുടെ നാട്ടിലെ പലരും ഇത്തരത്തിലുള്ള ചർച്ചകൾക്ക് നേതൃത്വം കൊടുക്കാതെ പോകുകയാണ്. മദ്യശാലകൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കേണ്ട അവസ്ഥ ഇപ്പോൾ വന്നു. മദ്യശാലകൾ മാറ്റിസ്ഥാപിക്കുന്നതു മായി ബന്ധപ്പെട്ട ചർച്ച നേരത്തെ ഇവിടെ വരികയുണ്ടായി. ഓരോ സ്ഥലത്തേയ്ക്കും ഇത് കൊണ്ടുവരുന്നതിന്റെ ഫലമായുണ്ടായ അസ്വസ്ഥതകൾക്ക് കാരണം കോടതിയല്ലേ? ഇത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യണ്ടേ. ഇതിനെതിരെ ചില സംസ്ഥാനങ്ങൾ റിവ്യൂ ഹർജി കൊടുത്തു. നമ്മൾ എന്തുകൊണ്ട് റിവ്യൂ ഹർജിയിലേയ്ക്ക് പോയില്ലെന്ന് അങ്ങ് വ്യക്തമാക്കണം. ഞാൻ വിശദാംശ ങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

ശ്രീ. എം. ഉമ്മർ ഇവിടെ കേസ്സിന്റെ ചെലവിനെക്കുറിച്ചും മറ്റു കാര്യങ്ങളെയും കുറിച്ചൊക്കെ വിശദീകരിച്ചു. അദ്ദേഹത്തിന് നേരിട്ടറിയാവുന്ന സോളാർ കേസ്, ബാർ കോഴ കേസ് എന്നിവയുടെയൊക്കെ മൊത്തം ചെലവുകൂടി പറഞ്ഞിരുന്നു വെങ്കിൽ കണക്ക് കറക്ടാവുമായിരുന്നു. അതുകൂടി പറഞ്ഞിരുന്നുവെങ്കിൽ എത്ര കോടി രൂപയാണെന്ന് ഞാൻ വായിച്ചുകേൾപ്പിക്കാം. പിന്നെ ഐ.എ.എസ്.-കാർ തമ്മിലുള്ള വഴക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി എനിക്ക് തന്ന മറുപടി ഞാൻ ഇവിടെ വായിച്ചുകേൾപ്പിച്ചതാണ്. അന്നത്തെ കാലത്ത് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ടീമും മറ്റൊരു ഐ.എ.എസ്. ടീമും തമ്മിൽ ഏറ്റുമുട്ടി, കസേരയെടുത്തു, ചീത്ത വിളിച്ചതുമൊക്കെ സംബന്ധിച്ച് പരിശോധിക്കാൻ ശ്രീ. കെ. എം. ചന്ദ്രശേഖരനെ എന്ന പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായ ചുമതലപ്പെടുത്തിയതിനെക്കുറിച്ച് എനിക്ക് രേഖാമൂലം നൽകിയ മറുപടി ഞാൻ ഇവിടെ വായിച്ചുകേൾപ്പിച്ചതല്ലേ. അപ്പോൾ ചരിത്രത്തിലാദ്യമായി എന്നൊക്കെ പറഞ്ഞ് ചരിത്രത്തെ വിസ്മരിച്ച് വർത്തമാനം പറയരുത്. അതുകൊണ്ട് ഞാൻ പറഞ്ഞെന്നേയുള്ളൂ.

ഫോർ സ്റ്റാർ വരെയുള്ള ബാർ നിയന്ത്രണത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്? യു.ഡി.എഫ്.-ൽ രൂപപ്പെട്ട മദ്യനയം ഇതാണോ? ടൂ സ്റ്റാർ വരെയുള്ള 391 ബാറുകളുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് അന്നത്തെ എക്സൈസ് വകുപ്പിന്റെ കോഴ ഇടപാടിന്റെ ലേലംവിളികൾ മുറുകുന്ന ഘട്ടത്തിലാണ് കെ.പി.സി.സി. പ്രസിഡന്റിന്റെ രംഗപ്രവേശം. ടൂ സ്റ്റാർ വരെയുള്ള ബാർ ലൈസൻസുകൾ പുതുക്കേണ്ടതില്ല എന്നുപറഞ്ഞ

കെ.പി.സി.സി. പ്രസിഡന്റ്, തന്റെ സ്റ്റാർ പദവി ഒന്നാമതെത്തിക്കാൻ ഒറ്റയടിക്ക് ത്രീ സ്റ്റാർ വരെയുള്ള എല്ലാ ബാറുകളും നിയന്ത്രിക്കണമെന്ന പ്രഖ്യാപനം നടത്തി. അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ പറഞ്ഞതെന്താണ്? പാർട്ടിക്ക് പാർട്ടിയുടെ അഭിപ്രായം പറയാം; സർക്കാരിന് വേറെ വഴിയുണ്ട്; അത് നോക്കേണ്ടി വരും. എല്ലാ അഭിപ്രായങ്ങളും സ്വീകരിക്കാനാവില്ല. ഞങ്ങൾക്ക് ഞങ്ങളുടേതായ വഴികൾ എന്നാണ് അദ്ദേഹം ഈ സഭയ്ക്കകത്തും പുറത്തും പ്രതികരിച്ചത്. നിങ്ങളെല്ലാം ഓർക്കുന്നുണ്ടാവും. അത് ത്രീ സ്റ്റാർ വരെ നിയന്ത്രിക്കാനുള്ള ആഹ്വാനമല്ല, വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ തനിക്ക് ഒന്നാം സ്റ്റാറിലേയ്ക്കെത്താനുള്ള കെ.പി.സി.സി. പ്രസിഡന്റിന്റെ ഒരു മുഴം നീട്ടി എറിയലാണെന്ന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്ക് മനസ്സിലായി. അത് മനസ്സിലാക്കിയപ്പോഴാണ് സിനിമാ നടൻ സലിംകുമാർ പറഞ്ഞതുപോലെ 'ഞാനാരാ മോൻ' എന്നുപറഞ്ഞ മാതിരി ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പെ ഫോർ സ്റ്റാർ വരെയുള്ള ബാറുകൾക്ക് നിരോധനം ഏർപ്പെടുത്തിക്കൊണ്ട് അദ്ദേഹം കെ.പി.സി.സി. പ്രസിഡന്റിന്റെ സ്റ്റാർ പദവി സീറോയാക്കി വിട്ടു. ഇതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മാജിക്. ഇതാണ് നടന്നത്. ഫലത്തിൽ രണ്ട് നേതാക്കന്മാർ തമ്മിൽ ഒന്നാം സ്റ്റാറിലെത്താൻ വേണ്ടിയുള്ള കിടമത്സരത്തിൽ രൂപപ്പെട്ടതാണ് യു.ഡി.എഫ്.-ന്റെ മദ്യനയം. ഇതാണ് സത്യം. ഇതെല്ലാവർക്കുമറിയാം.

ഈ സ്റ്റാർ നിയന്ത്രണവും മറ്റു കാര്യങ്ങളുമെല്ലാം വന്നതിനുശേഷം നമ്മുടെ സാമൂഹിക, സാംസ്കാരിക, ജീവിതരംഗത്തുള്ള മാറ്റങ്ങൾ കാണാതെ പോകരുത്. അതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം. എത്രയെല്ലാം നിയന്ത്രണങ്ങൾ വന്നാലും ശരി, ഇപ്പോൾ അവിടെയെല്ലാം മാറ്റങ്ങൾ വരികയാണ്, മദ്യത്തിന്റെ സ്ഥാനത്ത് മയക്കുമരുന്ന്, കഞ്ചാവ് ഇതെല്ലാം പിടിമുറുക്കിയിരിക്കുകയാണ്. നമ്മുടെ വകുപ്പും സർക്കാരും പോലീസും പട്ടാളവുമെല്ലാം ജാഗ്രത പുലർത്തിയിട്ടും ഇതിന്റെ വ്യാപനമുണ്ടാകുന്നുണ്ടെന്ന് പറഞ്ഞാൽ കാര്യം നിസ്സാരമല്ല. നമ്മൾ അതിനെ ഗൗരവമായി കാണണം. മദ്യം നിരോധിച്ച രാജ്യങ്ങളുണ്ട്. അവിടെ പോകുന്ന മദ്യപാനികളായിട്ടുള്ള ആളുകൾ ആദ്യം ചെയ്യുന്നത് പ്രഷർ കുക്കർ മേടിക്കലാണ്. പ്രഷർ കുക്കർ വച്ചുള്ള മാനുഫാക്ചറിംഗാണ്. അത് ഇവിടെയും വരുന്നതിനുള്ള സാഹചര്യം നമ്മൾ സൃഷ്ടിക്കപ്പെടരുത്. ഇപ്പോൾ മയക്കുമരുന്നിലേയ്ക്ക് പോകുകയാണ്; അത് അപകടകരമാണ്. വ്യാജമദ്യത്തിന്റെ പ്രവേശനമുണ്ടായിക്കൊണ്ടിരിക്കുന്നത് നമ്മൾ കാണാതെ പോകരുത്. ആനമയക്കിയും നിലംതപ്പിയും പുല്ല് പറിയനും ഭാര്യാമർദ്ദിനിയും ഷക്കീലയും മണവാട്ടിയും ഇപ്പോൾ വർദ്ധിതമായ തോതിൽ വരാൻ തുടങ്ങിയിട്ടുണ്ട്. ഇത് ഏതെങ്കിലും ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടല്ല. എപ്പോഴെല്ലാം മദ്യത്തിന് നിയന്ത്രണം ഏർപ്പെടുത്തിയോ അപ്പോഴെല്ലാമുണ്ടായ കാര്യങ്ങളാണ്. ബഹുമാനപ്പെട്ട എ. കെ. ആന്റണി ചാരായം നിരോധിച്ച ഘട്ടത്തിലാണ് ഇതെല്ലാമുണ്ടായത്. ഇതിനെ നിസ്സാരമായി കാണരുത്;

ഇതിനെ പ്രതിരോധിക്കാൻ വേണ്ടിയിട്ടുള്ള ശക്തമായ ഇടപെടലുകളുണ്ടാകണം. കള്ള് വീര്യം കുറഞ്ഞ മദ്യമാണ്. അത് നമ്മുടെ സംസ്ഥാനത്തിന്റെ ഉല്പന്നമാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, മദ്യം വാങ്ങുന്നതിനുവേണ്ടി ആളുകൾ റോഡിൽ ക്യൂ നിൽക്കുകയാണ്. ഇതൊഴിവാക്കുന്നതിനായി ഷോപ്പിംഗ് മാളുകളിലൊക്കെ ഇതിനായി ഒരു കൗണ്ടർ തുടങ്ങി സാധാരണപോലെ കൊടുത്താൽ ആളുകൾക്ക് മാന്യമായി വാങ്ങി കുടിക്കാൻ അവസരമുണ്ടാകുമല്ലോ. അതിനെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. എം. ആരിഫ്: സർ, മദ്യത്തെ നിയന്ത്രിച്ച്; വീര്യം കൂടിയ മദ്യത്തിൽനിന്ന് വീര്യം കുറഞ്ഞ മദ്യത്തിലേയ്ക്ക് കൊണ്ടുവരണമെന്നാണ് ഞാൻ പറഞ്ഞത്. അതാണ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലൊക്കെയുള്ളത്. അത്തരത്തിൽ ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിനുപകരം സഡൻ ബ്രേക്കിട്ട് ചവിട്ടിയാലുണ്ടാകുന്ന ആപത്തിലേയ്ക്ക് കേരളം പോകുന്നുവെന്നത് ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടണം. നമ്മളെല്ലാം കെട്ടിയുയർത്തിയ ആദർശപരിവേഷത്തിന്റെ നിഴലിൽ നിന്നുകൊണ്ട് ഇതിനെ കാണാതെ പോകരുതെന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് 'വിമുക്തി' എന്ന പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുണ്ട്. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രിക പറയുന്നതെന്താണ്? എൽ.ഡി.എഫ്. ഗവൺമെന്റ് കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതിക്കാർ തുടങ്ങിയവരെ വച്ചുകൊണ്ട് വിപുലമായ ഒരു പ്രസ്ഥാനത്തെ രൂപപ്പെടുത്തി മദ്യവർജ്ജനത്തിലേയ്ക്ക് ഈ സമൂഹത്തെ എത്തിക്കാൻ വേണ്ടിയുള്ള ക്യാമ്പയിൻ ആത്മാർത്ഥമായി തുടങ്ങി വച്ചിട്ടുണ്ട്. അതിന് അങ്ങയെ അഭിനന്ദിക്കുന്നു. അത് കുറച്ചുകൂടി വിപുലമാക്കണം. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ തീരുമാനം നടപ്പിലാക്കാൻ കൂടുതൽ ഗൗരവമായി ഇടപെടേണ്ടതുണ്ട്.

തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട്, 400, 500, 600 രൂപയുണ്ടായിരുന്ന പെൻഷനുകളെല്ലാം 1,100 രൂപയാക്കി വീടുകളിൽ എത്തിച്ചുകൊടുത്തതിന് അങ്ങയെ അഭിനന്ദിക്കുകയാണ്. ഇരട്ടിപ്പിന്റെയും ആധാർ ലിങ്കിംഗിന്റെയും പേരുപറഞ്ഞ് കുറേയാളുകൾക്ക് പെൻഷൻ ലഭിക്കാതെ പോയിട്ടുണ്ട്. അത് പരിശോധിക്കപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമനിധി കുറച്ചുകൂടി വിപുലപ്പെടുത്തുകയും അതിന്റെ രജിസ്ട്രേഷൻ ശക്തമാക്കാൻ എ.എൽ.ഒ.-മാർക്ക് നിർദ്ദേശം നൽകുകയും ചെയ്യണം. തൊഴിലാളികൾക്ക് വീടുവച്ച് നൽകുവാനുള്ള ഭവനഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. 'നിയുക്തി ജോബ് ഫെയർ' പദ്ധതി പ്രകാരം എന്റെ മണ്ഡലത്തിൽ രണ്ട് ജോബ് ഫെയർ നടത്തിയതാണ്. യുവജനക്ഷേമ ബോർഡുമായി ബന്ധപ്പെടുത്തി ജോബ് ഫെയറുകൾ

കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്കുകൂടി നിയമനങ്ങൾ നടത്താനുള്ള സാഹചര്യമുണ്ടാക്കണം.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ മന്ത്രിയായി എൽ.ഡി.എഫ്. സർക്കാർ വരുമ്പോൾ ശ്രീ. എ. കെ. ബാലൻ വരുന്ന പതിവുണ്ട്. ഇന്നലെ യു.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടികൂടി മന്ത്രിമാരെ പ്രശംസിച്ച് പറയരുതെന്ന തീരുമാനമെടുത്തിരിക്കുകയാണ്. മന്ത്രിമാരെ പ്രശംസിക്കാൻ പാടില്ലെന്ന് ഇന്നലെ ചാനലുകളിലെല്ലാം എഴുതിക്കാണിച്ചിട്ടുണ്ട്. അവരുടെമേൽ നിയന്ത്രണമേർപ്പെടുത്തു കയാണ്. ഈ ഗവൺമെന്റിന്റെ പരിമിതികളെക്കുറിച്ച് ഇന്നലെ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതിനെതിരെയും അതിരൂക്ഷമായ വിമർശനം അഴിച്ചുവിട്ടു വെന്നാണ് ചാനലുകളിലെല്ലാം എഴുതിക്കാണിച്ചത്. അതുകൊണ്ട് ശ്രീ. എ. കെ. ബാലൻ ചെയ്ത നല്ല കാര്യങ്ങളെയൊന്നും ഇവർ പ്രശംസിക്കില്ല. ഇന്നലെ തീരുമാനം എടുത്തുപോയതുകൊണ്ടാണ് അല്ലെങ്കിൽ കുഴപ്പമില്ലായിരുന്നു, അവർ പറയുമായിരുന്നു, അപ്പുറത്തുനിന്ന് കുറച്ചുപേർ പറഞ്ഞുകൊണ്ടിരുന്നതുമാണ്. ഹിന്ദുരാഷ്ട്രം ഇപ്പോൾ ഇന്ത്യയിൽ സ്ഥാപിച്ചുവെന്ന് കണക്കാക്കിയുള്ള ആക്രമണമാണ് പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് എതിരായി അവർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മനുസ്മൃതിയുടെ അടിസ്ഥാനത്തിലുള്ള ആക്രമണങ്ങളാണ് നടത്തിക്കൊണ്ടിരി ക്കുന്നത്. അതുകൊണ്ട് പശുവിന്റെ തോലുരിഞ്ഞ് ഉപജീവനം നടത്തുന്ന ആളുകളെപോലും അവർ വെറുതെ വിടുന്നില്ല. മനുസ്മൃതിയിലെ എട്ടാം അദ്ധ്യായത്തിൽ പറയുന്നത് ....

മനുഷ്യാണാം പശൂനാഞ്ച ദുഃഖായപ്രഹൃതേസതി

യഥായഥാമഹദ്ദുഖം ദണ്ഡംകുര്യാത്തഥാതഥാ

മനുഷ്യരെയും പശുക്കളെയും സങ്കടം നേരിടത്തക്കവിധം അടിക്കുക, സങ്കടത്തിന് തക്കവിധം മുമ്പേ മൂന്നാമത് ശ്ലോകത്തിൽ പറഞ്ഞതിന് കൂടുതലായോ കുറവായോ ഉള്ള ശിക്ഷ വിധിക്കേണ്ടതാണ്. ആ ശിക്ഷയെക്കുറിച്ച് ഇപ്പുറത്ത് പറയുന്നുണ്ട്. അഹങ്കാരത്താൽ ഇന്നത് പ്രവർത്തിക്കണമെന്ന് ബ്രാഹ്മണനോട് ധർമ്മോപദേശം ചെയ്യുന്ന ശൂദ്രന്റെ വായിലും ചെവിയിലും എണ്ണ തിളപ്പിച്ചൊഴി ക്കേണ്ടതാണ്. ആർ.എസ്.എസ്.-കാർ മനുസ്മൃതി നടപ്പിലാക്കി തുടങ്ങിയിരിക്കുക യാണ്. പശുവിന്റെ തോലുരിഞ്ഞ് ഉപജീവനം നടത്തുന്നവരെപോലും വെറുതെ വിടുന്നില്ല, അവർ കൊലവിളി നടത്തുകയാണ്. ഇവിടെ ആർക്കെങ്കിലും പശുവിനെ കൊല്ലണമെന്ന് ആഗ്രഹമുണ്ടോ; ഒരാൾക്കുപോലും ആഗ്രഹമില്ല. കറവ വറ്റിയ പശുക്കളെ ബി.ജെ.പി./ആർ.എസ്.എസ്.-കാർ നല്ല വില കൊടുത്ത് എടുത്താൽ പ്രശ്നം തീർന്നു. കറവ വറ്റിയ പശുക്കളെയെല്ലാം ഞങ്ങൾ എടുത്തുകൊള്ളാമെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചാൽ അപ്പോഴേ പ്രശ്നം തീരും. ആർക്കെങ്കിലും ബീഫ് കഴിക്കണമെന്നുണ്ടെങ്കിൽ അവർക്ക് പോത്തിറച്ചി കൊടുത്താൽ

മതി. പോത്ത് കാലന്റെ വാഹനമാണെന്ന് പറഞ്ഞ് പിന്നീട് വരും, അത് നമുക്ക് അന്നേരം നോക്കാം. മനുസ്മൃതിയുടെ സ്വാധീനം നമ്മുടെ നാട്ടിൽ നിൽക്കുന്നതു കൊണ്ടാണ് ഇത്തരത്തിലുള്ള ആക്രമണം പട്ടികജാതിക്കാർക്കെതിരായി നടക്കുന്നത്. 1927 ഡിസംബർ 25-ാം തീയതി മനുസ്മൃതിയുടെ പതിനായിരക്കണക്കിന് കോപ്പികൾ കത്തിച്ചുകൊണ്ട് ജാതിയുടെ സ്വാധീനത്തിൽനിന്ന് സമൂഹത്തെ രക്ഷപ്പെടുത്താൻ ഡോ. ബി. ആർ. അംബേദ്കർ നടത്തിയ സമരം നമ്മൾ മുന്നോട്ട് കൊണ്ടുപോയില്ല, തീർച്ചയായും അത്തരത്തിൽ കൊണ്ടുപോകണം. അതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. ഡിസംബർ 25-ാം തീയതി മനുസ്മൃതി ദഹന ദിനമായി തുടർച്ചയായി ആചരിച്ചിരുന്നു. ആ ആശയ രാഷ്ട്രീയത്തിലേയ്ക്ക് കൊണ്ടുപോകാൻ കോൺഗ്രസ്സുകാർ തയ്യാറാകണം. കോൺഗ്രസ്സുകാർക്ക് ഇന്നിപ്പോൾ അതിനൊന്നും താൽപ്പര്യമില്ല. അങ്ങ് ഒരുപാട് ഫോട്ടോയൊക്കെ എടുത്തത് എന്റെ ഓർമ്മയിലുണ്ട്. മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തിയതിന് ബദലായി അങ്ങ് പട്ടികജാതി കോളനികൾ സന്ദർശിച്ചല്ലോ; അഞ്ച് കൊല്ലം ഇരുന്നിട്ടും അങ്ങ് ഒന്നും ചെയ്തില്ല. അതെല്ലാമാണ് ഞങ്ങളിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

പ്രവാസികളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ഉത്സവ സീസണുകളിൽ വിദേശ കമ്പനികളടക്കം യാത്രാനിരക്കുകൾ കൂട്ടി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത്. ഉത്സവ സീസണുകളിലെ വിമാന ടിക്കറ്റ് കൊള്ള; കൂടുതൽ സീറ്റ് അനുവദിക്കാമെന്ന് കേന്ദ്രം; പ്രവാസികളെ വലയ്ക്കുന്ന വിമാന കമ്പനികൾക്കെതിരെ ഗവൺമെന്റൊന്നും ചെയ്യുന്നില്ലെന്നാണ് ശ്രീ. എം. ഉമ്മർ ഇവിടെ പറഞ്ഞത്. പ്രവാസികൾ ദീർഘകാലമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഉത്സവ സീസണുകളിലും പ്രധാനപ്പെട്ട വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട് വിദേശ വിമാന കമ്പനികൾ നിരക്ക് കുത്തനെ കൂട്ടുന്നത്. ഇത് പരിഹരിക്കാൻ വിദേശ വിമാന കമ്പനികളുടെ പ്രതിനിധികളെയടക്കം വിളിച്ച് വരുത്തി കേന്ദ്ര മന്ത്രിയുടെ സഹായത്തോടുകൂടി ചർച്ച ചെയ്ത് അവർക്ക് കുറഞ്ഞ നിരക്കിൽ ടിക്കറ്റ് കൊടുക്കാനും വിമാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള തീരുമാനമെടുത്തു. മറ്റൊന്ന്, അവർക്ക് നിയമ സഹായ സംവിധാനം ഏർപ്പെടുത്താനുള്ള സൗകര്യം ഒരുക്കി എന്നുള്ളതാണ്.

ന്യൂനപക്ഷ ക്ഷേമം ഡോ. കെ. ടി. ജലീൽ നന്നായി കൈകാര്യം ചെയ്യുന്നുണ്ട്. പക്ഷെ, അദ്ദേഹം ചെയ്യുന്ന സത്പ്രവൃത്തികളെയെല്ലാം ന്യൂനപക്ഷങ്ങൾക്ക് വാരിക്കോരികൊടുക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ദുർവ്യാഖ്യാനം ചെയ്യുമ്പോൾ അതിനെ പ്രതിരോധിക്കാൻ തയ്യാറാകണം, അതാണ് കോൺഗ്രസ്സുകാർ ചെയ്യാത്തത്. അപ്പുറത്തുനിന്ന് ചില പ്രതികരണങ്ങളുണ്ടായിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ളവർ പ്രതികരിച്ചതിനെ അംഗീകരിക്കുന്നു. അവരെപ്പോഴും ആർ.എസ്.എസ്.-കാർ കൊല ചെയ്യപ്പെട്ടാൽ വല്ലാത്ത ശബ്ദം ഉയർത്തും ഇപ്പുറത്ത് ഞങ്ങൾ കൊല

ചെയ്യപ്പെട്ടാൽ അവർ അനങ്ങില്ല. അവർ ഉയർത്തുന്ന ആശയ രാഷ്ട്രീയ നിലപാടുകളെ എതിർക്കാതെ കോൺഗ്രസ് രക്ഷപ്പെടില്ലെന്ന തിരിച്ചറിവ് ഉണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യത്തിനാകെ മാതൃകയായ നിരവധി തൊഴിലാളിക്ഷേമ ബോർഡുകൾക്ക് രൂപം നൽകിയ ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ ഇന്ന് ആ ക്ഷേമബോർഡു കളിലെല്ലാം പണം കെട്ടിക്കിടക്കുകയോ ഉപയോഗിക്കപ്പെടാതിരിക്കുകയോ ചെയ്യുകയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഏകദേശം 300 കോടി രൂപ കുടിശ്ശികയാണ്. അർഹരായവർക്ക് കൊടുക്കാൻ കഴിയുന്നില്ല. ഇന്ത്യയിലെ തൊഴിൽ നിയമങ്ങളിൽ ഭൂരിപക്ഷവും സംഘടിത മേഖലയ്ക്കുവേണ്ടിയാണ്. 2008-ൽ പാർലമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. 30 ലക്ഷം കുടിയേറ്റ തൊഴിലാളികൾ കേരളത്തിലുണ്ട്. അതിൽ 20 ലക്ഷം ആളുകളും പശ്ചിമബംഗാളിൽ നിന്നുള്ളവരാണ്. ഈ തൊഴിലാളികളുടെ ഇ.എസ്.ഐ., പി.എഫ്., തൊഴിൽ സമയം തുടങ്ങിയ ന്യായമായ അവകാശങ്ങളിന്മേൽ വ്യക്തമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രശസ്ത സാമ്പത്തിക വിദഗ്ധൻ ഡോ. മാർട്ടിൻ പാട്രിക്കിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ആ തൊഴിലാളികളുടെ ലയങ്ങൾ/താമസസ്ഥലം ഏറ്റവും ദുരിതപൂർണ്ണമാണ്, യാതൊരു പ്രാഥമിക സൗകര്യവുമില്ല, നരകതുല്യമായി കഴിയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ കാലോചിതമായി പരിഷ്കരിച്ച് നമ്മുടെ നാടിന്റെ അഭിമാനത്തിനനുസരിച്ച് ഉയർത്തിക്കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മലപ്പുറം ജില്ലയിലെ ഇലക്ഷൻ കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ അവിടെ വന്ന് നടത്തിയ പ്രസ്താവനയ്ക്കെതിരെ ഒരു ചെറിയ പ്രതിഷേധംപോലും ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി നടത്തിയില്ലെ ന്നത് ദുഃഖകരമാണ്.

മദ്യഷാപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി ധാരാളം സൗകര്യങ്ങളൊക്കെ ഉണ്ടെങ്കിലും ഇവയെല്ലാം മെയിൻ റോഡിലാണ് സ്ഥിതി ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ സുഭാഷ് ചന്ദ്രബോസ് റോഡിൽ ചെട്ടിച്ചറ എന്നുപറയുന്ന ഭാഗത്തേയ്ക്ക് ഒരു മദ്യഷാപ്പ് മാറ്റി. ആഴ്ചയിൽ രണ്ട് ദിവസം ഡയാലിസിസ് ചെയ്യുന്ന രോഗിയുടെ വീടിന് മുന്നിൽ ബൈക്കുകളും വാഹനങ്ങളും കൊണ്ട് നിർത്തുന്നതുമൂലം

അയാൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അതിനെ എതിർക്കാൻ പോയ എന്റെ യുവ സ്നേഹിതൻ ശ്രീ. ഹൈബി ഈഡന്റെ നേരെ മോശപ്പെട്ട രീതിയിലാണ് പെരുമാറിയത്. ഗതാഗത തടസ്സങ്ങൾ ഉണ്ടാക്കുന്ന ഈ പ്രവർത്തനങ്ങൾ ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികളുടെ സ്റ്റൈപ്പന്റ് കൃത്യമായി കൊടുക്കണം, എസ്.സി./എസ്.ടി. ഹോസ്റ്റലിൽ പാവപ്പെട്ട കുട്ടികളെ മറയാക്കി സാമൂഹ്യ വിരുദ്ധർ കടന്നുകയറുന്നതിന് അറുതിവരുത്തണം. ആന്ധ്രാപ്രദേശ് സ്വദേശിയായ രാജേഷ് എന്ന കുട്ടിക്ക് കാര്യവട്ടം ക്യാമ്പസിൽ ഉണ്ടായ അനുഭവവും എം.ജി. യൂണിവേഴ്സിറ്റിയിലെ പട്ടികജാതി വിഭാഗക്കാരുടെ ഹോസ്റ്റലിൽ ഉണ്ടായ അനുഭവവും ഒരു കുട്ടിക്കും ഉണ്ടാകാൻ ഇടവരരുത്. അതുപോലെ മഹാരാജാസ് കോളേജിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രിൻസിപ്പലായ ശ്രീമതി ബീനയ്ക്കും വിക്ടോറിയ കോളേജിലെ പ്രിൻസിപ്പലിനും ഉണ്ടായതുപോലൊരു അനുഭവം ഇനി ഉണ്ടാകാൻ പാടില്ല. ഇതൊക്കെ പ്രത്യേകം ശ്രദ്ധിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദുബായിൽ പോയി 27 പ്രഖ്യാപനങ്ങൾ നടത്തി. ഒന്നുപോലും നടപ്പാക്കാനുള്ള യാതൊരു സാധ്യതയും കാണുന്നില്ല. നടപ്പാക്കുമെങ്കിൽ നല്ലതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രഖ്യാപനങ്ങളല്ലാതെ ഒന്നുമില്ല. ഒരു വർഷംകൊണ്ട് ഈ സർക്കാർ ഈ നിലയിലാണ് പോകുന്നതെങ്കിൽ അഞ്ച് വർഷം കൊണ്ട് എന്തായിരിക്കും സ്ഥിതിയെന്ന് നമുക്ക് ആലോചിക്കാം. "തൈലാദി വസ്തുക്കൾ അശുദ്ധമായാൽ പൗലോസ് തൊട്ടാൽ ശുദ്ധമാകും" എന്നൊരു ചൊല്ലുണ്ട്. ഇന്നിപ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ഇങ്ങോട്ട് വന്നിരിക്കുകയാണ്. അഴിമതിയുടെ ആൾരൂപമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ യു.ഡി.എഫ്. സർക്കാർ സംരക്ഷിക്കുന്നുവെന്ന് ആക്ഷേപം പറഞ്ഞ് വോട്ടുപിടിച്ച സ്നേഹിതന്മാരോട് ഞാൻ ചോദിക്കുന്നു, എവിടെപ്പോയി നിങ്ങൾ? "മുന്നോക്കം കൊണ്ടൊന്നും കാര്യമില്ല. മന്ത്രിസ്ഥാനം കിട്ടാതെ അടങ്ങുകയില്ലെന്ന്" അല്പംമുമ്പ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്. മന്ത്രിസ്ഥാനം കൊടുക്കേണ്ടിവരും. ശ്രീ. പിണറായി വിജയൻ എല്ലാത്തരം ഒത്തുതീർപ്പുകളുടെയും ആളായി മാറിയിരിക്കുകയാണ്. പ്രശസ്തനായ ഹെമിംഗ്വേ കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച് പറഞ്ഞ ഒരു വാചകമുണ്ട്. "പോരാളികളാകുമ്പോൾ അവരെ എനിക്കിഷ്ടമാണ്. പക്ഷേ പുരോഹിതന്മാരായി മാറുമ്പോൾ അവരെ എനിക്കിഷ്ടമല്ല" എന്നാണ്. ശ്രീ. പിണറായി വിജയൻ ഇന്ന് പുരോഹിതനായി മാറിയിരിക്കുന്ന സാഹചര്യമാണ്. ശ്രീ. വി. എസ്. അച്യുതാനന്ദനും

ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കും ഇന്ന് തുല്യ പദവിയാണ്. വയലാർ സമര നായകൻ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഇരിക്കുന്ന അതേ കസേരയിൽ അതേ പദവിയിൽ തുല്യ വേതനത്തിൽ തുല്യ ജോലി എന്നതാണ് ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് നാണമില്ലേ? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. കെ. എം. മാണിയും യു.ഡി.എഫ്.-ൽ ആണെങ്കിൽ വലിയ അഴിമതിക്കാർ. ഇരിക്കുന്ന സ്ഥാനത്ത് വേര് കിളിർത്തിട്ടില്ലെങ്കിൽ ഇതിനൊക്കെ മറുപടി പറയാനുള്ള ആർജ്ജവമുണ്ടാകണമെന്ന് അവിടെയിരിക്കുന്ന ഡി.വൈ.എഫ്.ഐ. നേതാക്കന്മാരോട് ഞാൻ പറയുകയാണ്. "ഇന്ത്യയിൽ ഇന്ന് കമ്മ്യൂണിസം അപ്രത്യക്ഷമാകുന്നതിന് നമ്മൾ സാക്ഷികളാവുകയാണോയെന്ന് സംശയിക്കുന്നു"- ശ്രീ. ടി.ജെ.എസ്. ജോർജിന്റെ പ്രഖ്യാപനമാണിത്. അദ്ദേഹം വീണ്ടും പറയുന്നു, "ഓരോ വിഷയത്തിലും ശ്രീ. പിണറായി വിജയൻ മണ്ടത്തരങ്ങൾക്കൊപ്പം നിൽക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തെറ്റുകളിൽനിന്നും തെറ്റുകളിലേയ്ക്ക് നീങ്ങുന്ന ശ്രീ. പിണറായി വിജയൻ സ്വയം നാണംകെട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. ടി. പി. സെൻകുമാറിന്റെ പ്രശ്നത്തി ലായാലും അതുപോലെയുള്ള ഓരോ കാര്യങ്ങളിലായാലും". എക്കാലവും ഇടതുപക്ഷത്തേയും പ്രത്യേകിച്ച് ശ്രീ. പിണറായി വിജയന്റെ നടപടികളേയും പരസ്യമായി പിന്തുണച്ചിട്ടുള്ള ശ്രീ. ടി. ജെ. എസ്. ജോർജിന്റെ പ്രഖ്യാപനം നിങ്ങൾക്ക് മറയ്ക്കാൻ കഴിയില്ല. എന്താണിവിടെ നടന്നുകൊണ്ടിരിക്കുന്നത്? ഇവിടെ എന്തുപറഞ്ഞാലും കോൺഗ്രസ്-ബി.ജെ.പി. സഖ്യമാണെന്ന് സി.പി.ഐ.(എം) പറയും. കോൺഗ്രസ്മുക്ത ഭാരതത്തെപ്പറ്റിയാണ് അവർ പറയുന്നത്. ഇവിടെ കോൺഗ്രസ് തോറ്റാൽ കമ്മ്യൂണിസ്റ്റുകാർ വരുമോ; വന്നിട്ടുണ്ടോ? എന്റെ കയ്യിലുള്ള ഈ പുസ്തകം 1977-ൽ ശ്രീ. പിണറായി വിജയൻ <u>കൂത്തു</u>പറമ്പിൽ മത്സരിച്ചതിന്റെ റിസൾട്ടാണ്. അന്ന് അദ്ദേഹം <u>കൂത്തു</u>പറമ്പിൽ മത്സരിക്കുമ്പോൾ ശ്രീ. പിണറായി വിജയന് എതിരായി മത്സരിച്ചത് അബ്ദുൾ ഖാദർ എന്ന ആർ.എസ്.പി.-ക്കാരനാണ്. അന്ന് ഉദുമയിൽ സി.പി.ഐ.(എം)-ന് സ്ഥാനാർത്ഥിയില്ല. അവിടെ ജയിച്ചത് കെ.ജി. മാരാരാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, അന്ന് അവിടെ ജയിച്ചത് എൻ. കെ. ബാലകൃഷ്ണനാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, അതെ. എൻ. കെ. ബാലകൃഷ്ണൻ മത്സരിച്ചപ്പോൾ അവിടെ തോറ്റത് കെ. ജി. മാരാരാണ്. ഇതേ സമയത്ത് <u>കൂത്തു</u>പറമ്പിൽ ശ്രീ. പിണറായി വിജയനെതിരെ മത്സരിച്ചത് അബ്ദുൾ ഖാദറാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ... 1977-ൽ ഉദുമയിൽ കെ. ജി. മാരാർ ജയിച്ചുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. കെ. ജി. മാരാർ

അവിടെ ജയിച്ചിട്ടില്ല. എൽ.ഡി.എഫ്.-ന് എതിരായി പറയുന്നത് ശരിയല്ല. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: അത് അദ്ദേഹം പിൻവലിച്ചു. അങ്ങ് പിൻവലിച്ചില്ലേ?

ശ്രീ. പി. ടി. തോമസ്: സർ, അത് ഞാൻ പിൻവലിച്ചു. എൻ. കെ. ബാലകൃഷ്ണൻ ജയിച്ച സ്ഥാനത്ത് കെ. ജി. മാരാർ തോറ്റു. കെ. ജി. മാരാർക്കെതിരെ സി.പി.ഐ.(എം)-ന് സ്ഥാനാർത്ഥിയില്ല. കൂത്തുപറമ്പിൽ ശ്രീ. പിണറായി വിജയനെതിരെയും ആർ.എസ്.എസ്.-ന് സ്ഥാനാർത്ഥിയില്ല. ആരാണ് സഖ്യമുണ്ടാക്കുന്നത്?

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസിന്റെ സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. പി. ടി. തോമസ് ഇങ്ങനെ പറഞ്ഞ് പോകുകയാണ്. 1980-ൽ എൽ.ഡി.എഫ്. ആണ് കെ. ജി. മാരാരെ പരാജയപ്പെടുത്തിയത്. അത് ഞാനാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് കോൺഗ്രസ്സിലായിരുന്നതുകൊണ്ട് സംഭവിച്ചതായിരിക്കും. ഇപ്പോൾ ഇടതുപക്ഷ ഗവൺമെന്റിന് ഗവർണറെ എന്തൊരു അംഗീകാരമാണ്. ഗവർണർ ഇപ്പോൾ ഒരു വിശുദ്ധ പശുവായിരിക്കുകയാണ്. കേരളത്തിലെ ഗവർണറെപ്പറ്റിയല്ല ഞാൻ പറയുന്നത്. ഇവിടെ ഇ.എം.എസ്. നമ്പൂതിരിപ്പാടും സർക്കാരിയ കമ്മീഷനും ഗവർണറെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ ഗവർണർക്ക് വിശുദ്ധ പശുവിന്റെ പദവിയാണ് വന്നിരിക്കുന്നത്. കേരളം ഇന്ത്യയല്ലെന്ന് സഖാക്കൾ ഓർമ്മിക്കണം. കേരളം നിങ്ങളുടെ കൊലപാതക രാഷ്ട്രീയം കണ്ടുമടുത്തു. ഇന്ത്യയിൽ ബി.ജെ.പി.-യുടെ മുഖ്യശത്രു സി.പി.ഐ.(എം) ആണോ; സി.പി.ഐ. ആണോ? കോൺഗ്രസ് ആണ് ആ കക്ഷി. "ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ നിയമനം നിയമവിരുദ്ധം"-ഇത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രഖ്യാപനമാണ്. സി.പി.ഐ.(എം) ആന്റി കോൺഗ്രസ് വികാരത്തിലൂടെയാണ് ഇന്ത്യയിൽ ബി.ജെ.പി.-യെ വളർത്തിയത്. അപ്പുറത്തിരിക്കുന്ന സി.പി.ഐ. സ്നേഹിതർ ശരിയായ രാഷ്ട്രീയം കാണുന്നുണ്ട്. ഇന്നല്ലെങ്കിൽ നാളെ ഇന്ത്യൻ രാഷ്ട്രീയത്തിന് കേരളത്തിലെ സി.പി.ഐ. നേതൃത്വം നൽകുമെന്ന് ഞങ്ങൾ വിചാരിക്കുന്നു. കാരണം അത് ശരിയായ ദിശയിലാണ് പോകുന്നത്. വർഗ്ഗീയ ശക്തികൾ അപകടകരമാണെന്ന് എസ്. എ. ഡാങ്കെ (ശ്രീപദ് അമൃത് ഡാങ്കെ) പറഞ്ഞപ്പോൾ അദ്ദേഹം ആവശ്യമില്ലാതെ പുകമറ സൃഷ്ടിക്കുകയാണെന്നുപറഞ്ഞ് നമ്പൂതിരിപ്പാടും കൂട്ടരും ആക്ഷേപിച്ചു. ശ്രീ. അടൽ ബിഹാരി വാജ്പേയി സി.എം. സ്റ്റീഫനുമായി ഡൽഹിയിൽ മത്സരിച്ചു. ഇ.എം.എസ്. ആർക്കാണ് വോട്ട് ചെയ്തത്? ഇപ്പോൾ അപ്പുറത്തിരിക്കുന്ന ഡി.വൈ.എഫ്.ഐ. സുഹൃത്തുക്കൾ നീതിയാത്ര

തുടങ്ങിയിരിക്കുകയാണ്. ശ്രീ. കാരായി ചന്ദ്രശേഖരനേയും ശ്രീ. കാരായി രാജനേയും രക്ഷിക്കാൻ കണ്ണൂരിൽനിന്നും എറണാകുളത്തേയ്ക്ക് നീതിയാത്രയെന്ന അനീതി യാത്ര നടന്നുകൊണ്ടിരിക്കുകയാണ്. ....(ബഹളം)..... കഴുകൻ കണ്ണുമായി അവർ നടക്കുകയാണ്. ....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... അദ്ദേഹം സംസാരിച്ച് അവസാനിപ്പിക്കട്ടെ..... (ബഹളം)..... പ്ലീസ്....പ്ലീസ്.... ശ്രീ. പി. ടി. തോമസ്, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. പി. ടി. തോമസ് : സർ, "നമ്മുടെ പൂർവ്വികരുടെ സുകൃതംകൊണ്ട് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഈർക്കിലി പാർട്ടികളായി മാറി. കമ്മ്യൂണിസ്റ്റുകാരെ ഭരണത്തിൽ കയറ്റാൻ കൊള്ളില്ല. അധികാരം കിട്ടിയാൽ അവർ ചെയ്യുന്നത് ഉന്മൂലനാശമാണ്. റഷ്യയിൽ സംഭവിച്ചതുപോലെ അടുത്ത സഖാക്കളെപ്പോലും തട്ടിക്കളയും. മനുഷ്യാവകാശങ്ങളില്ല. പൗരാവകാശങ്ങളില്ല. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഈർക്കിലി പാർട്ടികളായത് ഇന്ത്യയുടെ ഭാഗ്യമാണ്" എന്ന് നക്സലിസത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് മാതൃഭൂമിയിൽ വന്നിരിക്കുന്ന വാർത്തയാണ്.

മി. സ്പീക്കർ: യെസ്.... യെസ്....... ഇനി അങ്ങേയ്ക്ക് അവസാനിപ്പിക്കാം. ഇപ്പോൾ നാല് മിനിട്ട് അധികമായി.

ശ്രീ. പി. ടി. തോമസ്: സർ, അപ്പുറത്തുള്ളവർക്ക് പത്ത് മിനിട്ട് അധികം കൊടുത്തു.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫിന്റെ സംഭാവന കാരണം അങ്ങേയ്ക്ക് നാല് മിനിട്ട് അധികം കിട്ടി. ഇപ്പോൾ ആ സമയവും കഴിഞ്ഞു.

ശ്രീ. പി. ടി. തോമസ് : സർ, ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് 'ഗൗരി' എന്ന മനോഹരമായ ഒരു കവിത എഴുതിയിട്ടുണ്ട്.

"തൊഴിലാളി വർഗ്ഗം അധികാരമേറ്റാൽ
അവരായി പിന്നെ അധികാരവർഗ്ഗം
അധികാരമപ്പോൾ തൊഴിലായി മാറും
അതിനുള്ള കൂലി അധികാരി വാങ്ങും"

ഇതാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ചുമന്നുകൊണ്ട് നടക്കാൻ നാണമില്ലേയെന്ന് ഞാൻ ചോദിക്കുന്നു. .....(ബഹളം)..... നിങ്ങൾ എവിടെപ്പോയി?

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.... എന്താണിവിടെ? ഇവിടെ തെരുവ് നാടകമാണോ; ഒരാൾ പ്രസംഗിക്കുമ്പോൾ എല്ലാവരുംകൂടി പുറകിൽനിന്ന് ബഹളം വയ്ക്കുന്നത് എന്തിനാണ്?

പ്ലീസ് കൺക്ലൂഡ്. .....(ബഹളം)..... ഇത് തെരുവ് നാടകമാണോ; ആധുനിക നാടക സാങ്കേതിക വിദ്യയ്ക്ക് എന്തെങ്കിലും സംഭാവന കൊടുക്കുകയാണോ? പ്ലീസ്..... പ്ലീസ്......അങ്ങ് അവസാനിപ്പിക്കൂ. ആറ് മിനിട്ട് അധികമായി. ഒരു വാചകത്തിൽ അവസാനിപ്പിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ അവസാനിപ്പിക്കുന്നു. ഫീസ് വർദ്ധനവിനെതിരെ വിദ്യാർത്ഥികൾ തല്ലുകൊണ്ടപ്പോൾ, 'തല്ലുന്നേ തല്ലുന്നേ. തല്ലിത്തല്ലി കൊല്ലുന്നേ' എന്ന് മുദ്രാവാക്യം വിളിക്കുമ്പോൾ അഴിമതിയുടെ ആൾരൂപമെന്ന് ഇവർ പറഞ്ഞുനടന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ചുമക്കേണ്ട ഗതികേട് നിങ്ങൾക്കുണ്ടായിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്.......

ശ്രീ. പി. ടി. തോമസ്: സർ, നിങ്ങൾ അഴിമതിയെക്കുറിച്ച് പറയുന്നതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? ഈ ഗവൺമെന്റ് അഴിമതിക്കാരുടെയും സ്വാർത്ഥ താല്പര്യക്കാരുടെയും ഭാഗ്യാന്വേഷികളുടെയും കൊള്ളരുതാത്തവരുടെയും സ്വജനപക്ഷപാതികളുടെയും കൂടാരമായി മാറിയിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..... പ്ലീസ്.... പ്ലീസ്..... ഇനി നീട്ടിക്കൊണ്ട് പോകണ്ട.

ശ്രീ. പി. ടി. തോമസ്: സർ, ഇതുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാവേരി സെൽ വേണ്ടെന്നുവച്ചു. പണ്ട് മുല്ലപ്പെരിയാർ സമരം നടന്നപ്പോൾ വണ്ടിപ്പെരിയാർ മുതൽ അറബിക്കടൽ വരെ നടത്തിയ സമരത്തിന് നേതൃത്വം നൽകിയ ശ്രീ. പിണറായി വിജയൻ നടത്തിയിരിക്കുന്ന ഈ പ്രവർത്തനങ്ങളെ നിങ്ങൾ കാണണം. അതുകൊണ്ട് അഴിമതി നടത്തുന്ന ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

## VII വ്യക്തിപരമായ വിശദീകരണം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കമ്മ്യൂണിസ്റ്റ് വിരുദ്ധ ജ്വരം വല്ലാതെ ബാധിച്ച ഒരാളാണ് എന്റെ ബഹുമാന്യ സഹപ്രവർത്തകൻ ശ്രീ. പി. ടി. തോമസ്. (ബഹളം)

മി. സ്പീക്കർ: അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞ പരാമർശം അദ്ദേഹം വിശദീകരിക്കുകയാണ്....... പ്ലീസ് ഇരിക്കൂ....ഇരിക്കൂ.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മലപ്പുറം ഉപതെരഞ്ഞെടുപ്പിനുശേഷം ഞാൻ എന്തോ തെറ്റായിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് നടത്തിയെന്ന ധ്വനി വരുന്ന തരത്തിൽ ഒരു പ്രസ്താവന നടത്താൻ തയ്യാറായത്. മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായിട്ടുള്ള മുന്നേറ്റം മതനിരപേക്ഷതയുടെ

മുന്നേറ്റം തന്നെയാണ്. കഴിഞ്ഞ പ്രാവശ്യത്തെക്കാൾ ഒരു ലക്ഷം വോട്ട് അധികം ലഭിക്കുകയുണ്ടായി. ലീഗ് ജയിക്കാൻ സാധ്യതയുള്ള ഒരു തെരഞ്ഞെടുപ്പ് തന്നെയായിരുന്നു അതെന്ന് എല്ലാവർക്കും അറിയാവുന്നതാണ് എന്നാണ് ഞാൻ പറഞ്ഞത്. ബഹുമാന്യനായ അഹമ്മദിനേക്കാൾ കൂടുതൽ ഭൂരിപക്ഷം ആഗ്രഹിച്ച ലീഗ് അവിടെ മതന്യൂനപക്ഷ വർഗ്ഗീയതയെ പ്രോത്സാഹി പ്പിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ മലപ്പുറം ജില്ലയെ സംബന്ധിച്ച് ഒന്നും തന്നെ പറയാൻ തയ്യാറായിട്ടില്ല.

## ധനകാര്യം(തുടർച്ച)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ ബഹുമാനപ്പെട്ട 15 എം.എൽ.എ.-മാരാണ് പങ്കെടുത്തത്. 24 കട്ട് മോഷനുകളാണ് അവതരിപ്പിച്ചത്. ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടു മാത്രം സംസാരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. രാഷ്ട്രീയ കാര്യങ്ങളൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ അടിസ്ഥാന വിഭാഗത്തിന്റെ ജീവൽ പ്രശ്നങ്ങളാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. കഴിഞ്ഞ വർഷം ഏറ്റവും പ്രതിസന്ധിയുള്ള ഒരു വർഷമായിരുന്നു. പ്രത്യേകിച്ച് 500-ന്റെയും 1000-ന്റെയും നോട്ടുനിരോധനം ഈ വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. ബഹുഭൂരിപക്ഷം ഗുണഭോക്താക്കളും വ്യക്തിഗത ആനുകൂല്യങ്ങൾ ബാങ്കുവഴിയാണ് കൈപ്പറ്റുന്നത്. യഥാർത്ഥത്തിൽ തുക പിൻവലിക്കാനുള്ള പരിധി നിശ്ചയിച്ചതോടെ വലിയൊരു ആശങ്ക ഈ വകുപ്പിനുണ്ടായിരുന്നു. മാത്രമല്ല, ഈ ഗവൺമെന്റ് വരുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഏറെക്കുറെ കുത്തഴിഞ്ഞ സ്ഥിതിയിലായിരുന്നു. ഇതെല്ലാം തരണം ചെയ്തുകൊണ്ടാണ് ശ്രദ്ധേയമായ നേട്ടമുണ്ടാക്കാൻ ഈ വകുപ്പിന് കഴിഞ്ഞത്. പിന്നാക്കസമുദായ ക്ഷേമവകുപ്പിന് (അതുസംബന്ധിച്ച് ഇവിടെ ആരും ചർച്ചയിൽ സംസാരിച്ചില്ല) 93 ശതമാനവും പട്ടികവർഗ്ഗ വികസന വകുപ്പിന് 95.42 ശതമാനവും പട്ടികജാതി വികസന വകുപ്പിന് 83 ശതമാനവും ചെലവഴിക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമായാണ് കാണുന്നത്. എന്നാൽ ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുക്കുന്ന പണത്തിൽ അത്ര ഒരു പുരോഗതി കാണുന്നില്ലെന്നുള്ളത് വളരെ ഗൗരവത്തോടുകൂടി നമ്മൾ പരിശോധിക്കേണ്ടതാണ്. ശക്തമായ മേൽനോട്ടത്തിന്റെയും ആഴ്ചതോറുമുള്ള അവലോകനത്തിന്റെയും ഭാഗമായാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഉദ്യോഗസ്ഥർ നന്നായി സഹായിച്ചുവെന്ന് മാത്രമല്ല ധനകാര്യ വകുപ്പിന്റെ സഹായവും നല്ല രീതിയിലുണ്ടായി. കേന്ദ്രസർക്കാർ ജനസംഖ്യാനുപാതികമായി പദ്ധതിയുടെ 25 ശതമാനം കൊടുക്കേണ്ട സ്ഥാനത്ത് 12 ശതമാനമാണ് കൊടുക്കുന്നത്. കേരളം ജനസംഖ്യാനു പാതത്തേക്കാൾ രണ്ട് ശതമാനം കൂടുതൽ തുക ഈ വർഷം പദ്ധതിവിഹിതമായി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 294 കോടി രൂപ അധികമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളെന്ന പേരിൽ ബജറ്റിൽ വയ്ക്കുന്ന പദ്ധതികൾക്കൊന്നും തുക

പൂർണ്ണമായി നൽകാറില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്താൽ പോലും കേന്ദ്രം കൃത്യമായി പണം റിലീസ് ചെയ്യാറില്ല. 'ഗവൺമെന്റ് ഓഫ് ഇന്ത്യ -സ്കോളർഷിപ്പ് ' എന്ന പേരിൽ വിളിക്കുന്ന പദ്ധതിയിൽ 250 കോടി രൂപയിലേറെ തുക കേന്ദ്ര സർക്കാർ തരേണ്ടതാണ്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് 16.46 കോടി രൂപയും 2016-17-ൽ 42.67 കോടി രൂപയും മാത്രമാണ് ലഭിച്ചത്. കേന്ദ്ര സർക്കാർ ഈ സ്കീമിന് നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയാണ്. എന്നാൽ സംസ്ഥാന സർക്കാർ വരുമാന പരിധിയില്ലാതെ യാതൊരു വീഴ്ചയും വരുത്താതെയാണ് ഈ ആനുകൂല്യങ്ങൾ നൽകുന്നത്. ഇതേ സമയം പിന്നോക്കവിഭാഗ പ്രീ-മെട്രിക് സ്കോളർഷിപ്പ് നൽകാൻ 32 കോടി രൂപ ആവശ്യമുള്ളിടത്ത് 4.64 കോടി രൂപയാണ് കേന്ദ്രത്തിൽനിന്ന് ലഭിച്ചത്.

ഞാൻ ആദ്യം പിന്നാക്കവിഭാഗ വികസന വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ വർഷം ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 189 കോടി രൂപ ഒ.ഇ.സി., ഒ.ബി.സി. എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്നു. ഇതിനുള്ള പ്രധാനപ്പെട്ട കാരണം കഴിഞ്ഞ സർക്കാർ 30 വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി, ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹരാക്കി. അതിന്റെ ഭാഗമായി വലിയ സാമ്പത്തിക ബാധ്യത വന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് വരുമ്പോഴുള്ള കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കാൻ ഈ വർഷം 216 കോടി രൂപ അധികമായി കണ്ടെത്തേണ്ടതുണ്ട്. അഡീഷണൽ ഓതറൈസേഷൻവഴി ഈ തുക ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് ഇനി സ്വീകരിക്കാൻ പോകുന്നത്. 711 മൺ പാത്ര നിർമ്മാണ തൊഴിലാളികൾക്ക് 25,000 രൂപ വീതം ആകെ 1,77,00,000 രൂപ കൊടുത്തു. വകുപ്പിന്റെ നിലവിലുള്ള തുടർപദ്ധതികളായ ഓവർസീസ് സ്കോളർഷിപ്പ്, ബാർബർ ഷോപ്പുകളുടെ ആധുനികവൽക്കരണം, പരമ്പരാഗത കരകൗശല മേഖലയുടെ നവീകരണം ഇതെല്ലാം നല്ല രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞു. കേരള പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ റെക്കോർഡ് നേട്ടമാണ് കഴിഞ്ഞ വർഷം കൈവരിച്ചത്. 37766 പേർക്കായി 317 കോടി രൂപ വായ്പ നൽകി. ദേശീയ ധനകാര്യ കമ്മീഷൻ വായ്പയായി തന്ന 183 കോടി രൂപയും പുനർവിതരണം നടത്താൻ കഴിഞ്ഞു. സംരംഭകരെ പരിശീലിപ്പിക്കുന്നതിനുള്ള 'ദിശ' എന്ന ഒരു പുതിയ പദ്ധതിക്ക് ഈ ഗവൺമെന്റ് രൂപം കൊടുത്തു. 5200-ഓളം പേർ ഓൺലൈനായി രജിസ്റ്റർ ചെയ്തു. ഇവർക്കൊക്കെ വായ്പ നൽകി. പാലക്കാട് നടത്തിയിട്ടുള്ള കോർപ്പറേഷന്റെ 10 ദിവസം നീണ്ടുനിന്ന മേള വൻവിജയമായിരുന്നു. ഇതിനെല്ലാംപുറമേ, ഈ കോർപ്പറേഷൻ തന്നെ 100 സി.ഡി.എസ്-കൾക്ക് 100 കോടി രൂപ മൈക്രോ ക്രെഡിറ്റായി വായ്പ നൽകി. വിദേശ പഠനത്തിന് 47 പേർക്ക് 20 ലക്ഷം രൂപ വരെ കൊടുത്തതിൽ സ്ത്രീകൾക്ക് മൂന്നര

ശതമാനവും പുരുഷന്മാർക്ക് നാലര ശതമാനവുമാണ് പലിശനിരക്ക്. 6,70,00,000 രൂപയാണ് കൊടുത്തത്. മതന്യൂനപക്ഷങ്ങൾക്ക് മൂന്നര ശതമാനം പലിശ നിരക്കിൽ 30 ലക്ഷം രൂപ വരെ കൊടുക്കുന്നുണ്ട്. 10 ലക്ഷം രൂപവരെ ഗ്രാന്റായി കൊടുക്കുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം 17 പേർക്ക് കൊടുത്തു. ക്ഷീരമേഖലയിലെ പുതിയ സംരംഭകർക്ക് 7 ശതമാനം നിരക്കിൽ 10 ലക്ഷം രൂപ വായ്പയായി നൽകും. ഇതിൽ 30 ശതമാനം സബ്സിഡിയാണ്. മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ തൊഴിൽ സംരംഭങ്ങൾ - 'ഹരിത കേരളം വായ്പാ പദ്ധതി' - ഇതിനായി 10 കോടി രൂപ ചെലവഴിക്കുന്നുണ്ട്. വിദേശത്തുനിന്ന് തിരിച്ചുവരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 7 ശതമാനം നിരക്കിൽ 20 ലക്ഷം രൂപവരെ വായ്പ നൽകും. ഇതിൽ 15 ശതമാനം സബ്സിഡിയാണ്. ഭവനനിർമ്മാണ വായ്പാ പദ്ധതി നടപ്പിലാക്കുകയാണ്. നെയ്യാറ്റിൻകര, കരുനാഗപ്പള്ളി, ചേർത്തല, പത്തനാപുരം, ദേവികുളം, മൂവാറ്റുപുഴ, വടക്കാഞ്ചേരി, പേരാമ്പ്ര, കൂത്തുപറമ്പ്, കാഞ്ഞങ്ങാട് തുടങ്ങിയ സ്ഥലങ്ങളിൽ കോർപ്പറേഷന്റെ 10 ഉപജില്ലാ ഓഫീസുകൾ ആരംഭിക്കും. ഓണം, വിഷു, ക്രിസ്തുമസ് എന്നിവയോടനുബന്ധിച്ച് ബി.സി.ഡി.സി. എക്സ്പോ പരിപാടി പ്രധാന നഗരങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ക്കുവേണ്ടിയുള്ള 'ഗോത്ര സാരഥി' പദ്ധതിയിൽ മുൻ വർഷത്തെ കുടിശ്ശികയായ 6.67 കോടി രൂപ വിതരണം ചെയ്തു. പദ്ധതി അനുവദിച്ച 353 സ്കൂളുകളിൽ പഠിക്കുന്ന 12231 പട്ടികജാതി വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം നൽകി. 532 അനാഥ കുട്ടികൾക്ക് 1.3 കോടി രൂപ കൈത്താങ്ങ് പദ്ധതിയായി നൽകി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ജനനീ ജന്മരക്ഷാ പദ്ധതി ഏറെക്കുറെ നിശ്ചലവും രണ്ടുവർഷത്തെ കുടിശ്ശികയുമുണ്ടായിരുന്നു. അത് പുനഃസ്ഥാപിച്ചു. പോഷകാഹാര ത്തിനായി 10 കോടി രൂപ 11850 പേർക്ക് തുടർ പദ്ധതിയായി ഈ വർഷം ചെലവഴിച്ചു. മൺസൂൺ കാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടിണിയില്ലാതാക്കു ന്നതിനായി ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കുന്നതിന് 25 കോടി രൂപ അനുവദിച്ചു. 83103 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്തു. 153825 കുടുംബങ്ങൾക്ക് ഓണക്കിറ്റും 46826 പേർക്ക് ഓണക്കോടിയും നൽകി. 2159 പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള കടം എഴുതി ത്തള്ളുന്നതിനായി 6,17,56,000 രൂപ ചെലവഴിച്ചു. ഈ ഗവൺമെന്റ് അധികാര ത്തിൽ വരുമ്പോൾ സ്പിൽ ഓവറായിരുന്ന 17607 വീടുകളും ഐ.എ.വൈ.-പദ്ധതിയിൽ 18279 വീടുകളും ഉണ്ടായിരുന്നു. അതിൽ 15356 വീടുകളുടെ പണി പൂർത്തീകരിച്ചു. അർഹരായ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു. ഈ വർഷംതന്നെ എല്ലാ ആദിവാസികൾക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. 5075 പേർക്ക് ആർ.ഒ.ആർ. നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിന്റെ ഔപചാരിക ഉദ്ഘാടനം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അട്ടപ്പാടിയിൽ വച്ച്

2017 ജൂൺ 12-ാം തീയതി നിർവ്വഹിക്കുകയാണ്. വളരെക്കാലം മുമ്പ് സുപ്രീംകോടതി വിധി പ്രകാരം 7147 ഏക്കർ ഭൂമി ലഭിച്ചതിൽ നിന്നും നാലായിരം പേർക്ക് ഒരു ഏക്കർ വച്ച് വിതരണം ചെയ്യാൻ സാധിച്ചു. അതിനുള്ള നടപടിയും സ്വീകരിച്ചു. ഇതിന്റെ ഭാഗമായി റവന്യൂ, ഫോറസ്റ്റ്, പട്ടികജാതി വകുപ്പുകളിലെ ഉദ്യോഗസ്ഥരും ബഹുമാനപ്പെട്ട മന്ത്രിമാരും ചേർന്ന് ചില തീരുമാനങ്ങളെടുത്തു. ഇനിയൊരു 3000 പേർക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിക്കും. പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 14.70 കോടി രൂപ കെ.എസ്.ഇ.ബി.എൽ.- ന് കൊടുത്തു. ഈ രൂപ കൊടുത്തില്ലായിരുന്നെങ്കിൽ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതി ലൈൻ വലിക്കാൻ സാധിക്കുമായിരുന്നില്ല. സാധാരണ ഡിസ്ട്രിബ്യൂഷൻ ലൈൻ വലിക്കാൻ പണം കൊടുക്കാറില്ല. സർവ്വീസ് ലൈനിനും വീടിനുള്ള ലൈനിനും മാത്രമേ പണം കൊടുക്കുകയുള്ളൂ. സർവ്വീസ് ലൈനിനുപുറമെ ഡിസ്ട്രിബ്യൂഷൻ ലൈൻ കൂടി എടുക്കുന്നതിനുവേണ്ടിയാണ് ഈ പണം കൊടുക്കു ന്നത്. പട്ടികവർഗ്ഗക്കാരുടെ കലാ സാംസ്കാരിക പാരമ്പര്യത്തിലൂന്നിയിട്ടുള്ള നാടൻ കലാവേല വളരെ ശ്രദ്ധേയമായ രീതിയിലാണ് കഴിഞ്ഞ വർഷം സംഘടിപ്പിച്ചത്. കോഴിക്കോട്ടും പാലക്കാട്ടും വടക്കാഞ്ചേരിയിലുമാണ് നടത്തിയത്. ഒരു ദിവസം ഇരുപതിനായിരം-മുപ്പതിനായിരം-നാൽപ്പതിനായിരത്തോളം ആൾക്കാർ വന്നിരുന്നു. ആകെ പത്തോ പതിനഞ്ചോ ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങളാണ് സാധാരണ വിറ്റഴിക്കുന്നത്. ഇപ്രാവശ്യം 86 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങളാണ് വിറ്റഴിച്ചത്. സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയുടെ വികസന ത്തിന് ഒരു സമഗ്ര പാക്കേജ് നടപ്പിലാക്കുകയാണ്. ഒരു പുതിയ പദ്ധതിയെന്ന നിലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിൽ വിദ്യാർത്ഥികൾക്ക് 'സാമൂഹ്യ പഠനമുറി' എന്ന സംവിധാനം ഏർപ്പെടുത്തും. ചെറിയൊരു ലൈബ്രറി, കമ്പ്യൂട്ടർ, പത്തിരുപത് കുട്ടികൾക്ക് ഇരിക്കാൻ പറ്റുന്ന സൗകര്യം ഇതൊക്കെ ഇവിടെ ഒരുക്കും. ദിവസവും രണ്ടു മൂന്ന് മണിക്കൂറെങ്കിലും കുട്ടികൾ പഠിക്കുന്ന ഗൃഹപാഠങ്ങൾ രൂപപ്പെടുത്തും. ഓരോ കേന്ദ്രത്തിലും പട്ടിക വിഭാഗത്തിലെ വിദ്യാഭ്യാസ യോഗ്യതയുള്ള ഓരോ ട്രെയിനർമാരെയും നിശ്ചയിക്കും. നേരത്തെ സൂചിപ്പിച്ചതുപോലെ വയനാട് ജില്ലയിൽ ആദിവാസി വിദ്യാർത്ഥികൾ പഠിക്കുന്ന 243 സ്കൂളുകളിൽ ആദിവാസി ഗോത്ര വിഭാഗങ്ങളിൽനിന്നും അദ്ധ്യാപ കരില്ല. മലയാളം പറഞ്ഞാൽ അവർക്ക് മനസ്സിലാകുകയില്ല. അതുകൊണ്ട് ഗോത്ര ഭാഷയിൽ വിവരമുള്ള അഭ്യസ്തവിദ്യരായ എല്ലാ ആദിവാസികൾക്കും ജോലി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി 241 പേരെ ഗോത്രബന്ധു പഠന സഹായ അദ്ധ്യാപകരായി ഈ വർഷം തന്നെ നിയമിക്കും. ഇത് സ്കൂളുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സഹായിക്കും. ആദിവാസി വിഭാഗത്തിൽപ്പെട്ട ടി.ടി.സി. കഴിഞ്ഞ 220 പേർക്കും ഡിഗ്രി പൂർത്തീകരിച്ച 2451 പേർക്കും പി.ജി. കഴിഞ്ഞ 238 പേർക്കും ബി.എഡ്. കഴിഞ്ഞ 264 പേർക്കും

നഴ്സിംഗ് കഴിഞ്ഞ 237 പേർക്കും തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്കാണ് ഗവൺമെന്റ് രൂപം കൊടുക്കാൻ പോകുന്നത്. ഈ വർഷം രണ്ട് പുതിയ എം.ആർ.എസ്-കൾ ആരംഭിക്കും. കാസർഗോഡും കോഴിക്കോട്ടുമായിരിക്കും ഇത് സ്ഥാപിക്കുക. നിലവിലുള്ള എല്ലാ എം.ആർ.എസ്.കളിലെയും ഗ്രൗണ്ടുകൾ 50 ലക്ഷം രൂപ ചെലവിൽ മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ടുകളായി മാറ്റും. 5 പ്രീ-മെട്രിക് ഹോസ്റ്റൽ, 2 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, ഒരു യൂത്ത് ഹോസ്റ്റൽ, ഒരു വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ എന്നിവ കൂടി ഈ വർഷം ആരംഭിക്കും. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസന പ്രവർത്തനങ്ങൾ തുടരും. ഈ വർഷം പുതിയ 20 സങ്കേതങ്ങൾകൂടി തെരഞ്ഞെടുക്കും. ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനായി പി. കെ. കാളൻ സാമൂഹ്യ വികസന പദ്ധതി ആരംഭിക്കും. അട്ടപ്പാടിയിൽ ഉള്ളതുപോലെ തന്നെ കമ്മ്യൂണിറ്റി കിച്ചൻ വയനാട്, മലപ്പുറം ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയാണ്. വളരെ പ്രധാനപ്പെട്ടൊരു പദ്ധതിയാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ധനാഭ്യർത്ഥന ചർച്ചയുടെ ഭാഗമായി ഇവിടെ സൂചിപ്പിച്ച മില്ലെറ്റ് വില്ലേജ്. ആദിവാസികളുടെ തനത് ഭക്ഷണമായ ചാമ, തിന, ചോളം എന്നിവയുടെ കൃഷി പ്രോത്സാഹി പ്പിക്കുന്നതിനായി അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ പരമ്പരാഗത കൃഷി തിരിച്ചുകൊണ്ടുവരുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് മില്ലെറ്റ് വില്ലേജ് പദ്ധതി ആരംഭിക്കും. ഇത് ഇന്ത്യാ രാജ്യത്തെ ആദ്യത്തെ ഒരു സംരംഭമായിരിക്കും. ആദിവാസി മേഖലയിലെ വിവിധ ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്ന തിനും ബോധവൽക്കരണത്തിനും ലഹരി ഉപയോഗം കുറയ്ക്കുന്നതിനും എക്സൈസ് വകുപ്പുമായി ചേർന്ന് ഒരു തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കും. ആദിവാസി കളുടെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ലഹരി ഉപഭോഗം വ്യാപകമായ പ്രദേശങ്ങളിൽനിന്നും ഈ വിഭാഗങ്ങളെ മോചിപ്പിക്കുക എന്നതായിരിക്കും ഈ കേന്ദ്രങ്ങളുടെ ഉദ്ദേശം.

പട്ടികജാതി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികജാതി കടാശ്വാസ പദ്ധതിക്കുകീഴിൽ 2016-17-ൽ 69413 പേർക്ക് 86.54 കോടി രൂപ സഹായം അനുവദിച്ചു. അതുവഴി കുടുംബങ്ങളുടെ പണയപ്പെടുത്തിയ ആധാരങ്ങളും മറ്റും തിരിച്ചുനൽകാൻ കഴിഞ്ഞു. മുൻ എൽ.ഡി.എഫ്. സർക്കാരാണ് ഈ പദ്ധതിക്ക് രൂപം കൊടുത്തത്. അന്ന് എൽ.ഡി.എഫ്. സർക്കാർ 116751 പേർക്ക് 75 കോടി രൂപയായിരുന്നു കൊടുത്തത്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 7724 പേർക്കാണ് അത് നൽകിയത്. ഗ്രാമീണ വികസന വകുപ്പിന്റെ ഐ.എ.വൈ, പി.എം.എ.വൈ. പദ്ധതികളിൽ ഉൾപ്പെടുത്തി 107 കോടി രൂപ അനുവദിച്ചു. അതിന്റെ ഭാഗമായി ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരമുള്ള വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. അതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് കൊടുത്ത ഗ്രാന്റ്-ഇൻ-എയ്ഡിൽ റീ-അപ്രോപ്രിയേഷനിലൂടെ 95,37,00,000 രൂപ കൂടി ഇതിന്റെ ഭാഗമായി നമുക്ക്

മാറ്റിയെടുക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യമായി ഒപ്പിട്ട ഫയൽ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടം പണിയുന്നതിനുവേണ്ടിയുള്ളതാണ്. 310 കോടി രൂപയാണ് പാലക്കാട് മെഡിക്കൽ കോളേജിന് ആദ്യമായി കൊടുക്കുന്നത്. ബാക്കി കാര്യങ്ങൾ പിന്നീട് പറയാം. 4465 ഭൂരഹിത കുടുംബങ്ങൾക്ക് 175 കോടി രൂപ ചെലവിൽ ഭവനനിർമ്മാണത്തിനുള്ള സ്ഥലം വാങ്ങിനൽകി. 15000 കുടുംബങ്ങൾക്ക് പുതിയതായി വീട് അനുവദിച്ചതിൽ 14946 എണ്ണത്തിന്റെ പ്രവൃത്തി തുടങ്ങി. 967 വീടുകൾ ഇപ്പോൾ പൂർത്തിയായി. 2007-08 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിലെ സ്പിൽ ഓവറായിരുന്ന 16360 വീടുകളിൽ 4567-ഉം പൂർത്തിയായി. ഇതെല്ലാം ലേറ്റസ്റ്റായിട്ടുള്ള കണക്കാണ്. 7044 വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകി. എല്ലാ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തിയായി. വൃത്തിഹീനമായിട്ടുള്ള ഒരൊറ്റ ഹോസ്റ്റലും ഇല്ല. എല്ലാ സ്ഥലത്തും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. വിവിധ പദ്ധതികളിലായി നാലായിരത്തോളം യുവതീയുവാക്കൾക്ക് തൊഴിലും പരിശീലനവും നൽകി. ചികിത്സാ സഹായവുമായി ബന്ധപ്പെട്ട് സമർപ്പി ക്കുന്ന അപേക്ഷകളിന്മേൽ ഒരു കാലതാമസവും വരുത്താറില്ല. അസംബ്ലി സെഷൻ തുടങ്ങുന്ന സമയത്തുതന്നെ എത്ര തുകയാണെന്നും എവിടെയാണ് നൽകിയതെന്നു മുള്ള പരിപൂർണ്ണമായ വിവരങ്ങൾ എല്ലാ എം.എൽ.എ.-മാർക്കും എന്റെ ഓഫീസിൽ നിന്നും കൊടുക്കുന്നുണ്ട്. ഇതിനോടകം 23073 പേർക്ക് 45,99,28,104 രൂപ ചികിത്സാ ധനസഹായമായി പട്ടികജാതി വകുപ്പ് നൽകി. 280 സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് അനുമതി നൽകിയതിൽ 196 എണ്ണത്തിന്റെ പ്രവൃത്തികൾ ക്കായി ഏജൻസിയുമായി എഗ്രിമെന്റ് ഒപ്പുവച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 4687 പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ ആരംഭിക്കു ന്നതിന് സഹായം നൽകി. ഐ.റ്റി.ഐ.-കളുടെ നവീകരണ പ്രവർത്തനം ആരംഭിച്ചു. ഐ.റ്റി.ഐ.-കൾ കൂടുതൽ ആകർഷകമാക്കുന്നതിന് ജോബ് ഫെയറുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഐ.റ്റി.ഐ.-കളിൽ ആദ്യമായി ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചു. വിവാഹം, മിശ്ര വിവാഹം, ചികിത്സാ ധനസഹായം എന്നീ പദ്ധതികൾക്കുള്ള വാർഷിക വരുമാന പരിധി 50000 രൂപയായിരുന്നത് 100000 രൂപയാക്കി വർദ്ധിപ്പിക്കാൻ പോകുകയാണ്.

പുതിയ പദ്ധതികൾ

പാർപ്പിടം: ഭൂരഹിതരായ 26233 കുടുംബങ്ങളും സ്ഥലമുണ്ടായിട്ടും വീടില്ലാത്ത 7613 പേരും അടക്കം 33846 കുടുംബങ്ങൾ ഇതുവരെ ധനസഹായം ലഭിക്കാത്ത വരായിട്ടുണ്ട്. 2007-08 മുതൽ 2016-17 വരെയുള്ള കാലത്ത് അനുവദിച്ചതിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള 25722 വീടുകൾ ഈ വർഷം പരിപൂർണ്ണമായും പൂർത്തീകരിക്കും. ലൈഫ് പദ്ധതിയുടെ ഭാഗമായി വീടില്ലാത്ത, സ്ഥലമില്ലാത്ത ഒരൊറ്റ പട്ടികജാതി-പട്ടികവർഗ്ഗ

കുടുംബങ്ങളും ഈ കേരളത്തിലുണ്ടാവില്ല. വിസ്തൃതി കുറഞ്ഞ വീടുകളിൽ മതിയായ സൗകര്യമില്ലാത്തതിനാൽ പഠനം നല്ല നിലയിൽ നടത്താൻ കഴിയാത്ത ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് രണ്ട് ലക്ഷം രൂപ ചെലവിൽ പഠനമുറി നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു. ഈ വർഷം 2000 പഠന മുറികൾ നിർമ്മിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അവിടെ ഫർണിച്ചർ, ലൈറ്റ്, ഫാൻ, പേഴ്സണൽ കമ്പ്യൂട്ടർ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി സജ്ജീകരിക്കും. ഈ പദ്ധതിക്ക് 40 കോടി രൂപ വിനിയോഗിക്കും. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുന്ന പദ്ധതിക്കായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 4500 പേർക്ക് ഈ വർഷം സ്ഥലം വാങ്ങാൻ ധനസഹായം നൽകും. ദുർബ്ബല വിഭാഗ വികസനവുമായി ബന്ധപ്പെട്ട്, പട്ടികജാതിയിലെ ദുർബ്ബല വിഭാഗക്കാരുടെ വികസനത്തിന് വ്യക്തിഗത പരിപാടികൾ മാത്രമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഈ വിഭാഗത്തിൽപ്പെട്ട നായാടി, വേടൻ, ചക്ലിയൻ, അരുന്ധതിയാർ മുതലായ വിഭാഗക്കാർ താമസിക്കുന്ന സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്ന തിനായി 17 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

സഹകരണസംഘങ്ങൾ

പട്ടികജാതി സഹകരണ സംഘങ്ങളിൽ ജനോപകാരപ്രദവും വരുമാനദായകവും സേവനദായകവുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് സജ്ജമാക്കുന്നതിന്റെ ഭാഗ മായി എസ്.സി./എസ്.ടി. സഹകരണ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രത്യേക പരിപാടി ആരംഭിക്കും.

വിദ്യാഭ്യാസം

സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കും. ഉന്നത വിദ്യാഭ്യാസത്തിനായി ഗ്രാമങ്ങളിൽ നിന്ന് മികച്ച സ്ഥാപന ങ്ങളിൽ പഠനം നടത്താൻ വരുന്ന വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനമായിരിക്കും. സ്ഥലസൗകര്യമുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ് ടു ബാച്ചുകൾ ഈ വർഷം ആരംഭിക്കും. എല്ലാ എം.ആർ.എസ്.-കളിലും എം.എസ്.ഡബ്ല്യൂ. യോഗ്യ തയുള്ള കൗൺസിലർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാക്കും. എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, ഗണിതം മുതലായ വിഷയങ്ങളിൽ ട്യൂട്ടർമാരെ നിയമിക്കും. എല്ലാ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കും. കോഴിക്കോടുള്ള ക്രെസ്റ്റിന് 17 കോടി രൂപ ചെലവിൽ സ്വന്തമായി ക്യാമ്പസ് നിർമ്മിക്കും. ക്രെസ്റ്റിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. പ്ലസ് ടു തലത്തിൽ ട്യൂഷൻ സാർവ്വത്രികമാക്കും.

തൊഴിൽ

സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും സ്ഥിരവരുമാനം ലഭിക്കുന്ന തൊഴിൽ നേടുന്നതിന് പട്ടികജാതിക്കാരെ പ്രാപ്തമാക്കുന്നതിനുള്ള ഒരു നൂതന പദ്ധതി സർക്കാർ ആലോചിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്ത സംരംഭ മായിട്ടാണ് പുതിയ പദ്ധതി വിഭാവനം ചെയ്യുന്നത്. ആയിരം യുവതീയുവാക്കൾക്ക് ജോലി കൊടുക്കാൻ ഈ പദ്ധതി ഉപകരിക്കും. ഇതൊരു പ്രാരംഭ പ്രവർത്തനമാണ്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടിന്റെ വ്യവസ്ഥകൾക്കനുസൃതമായി പരിശീലനവും തൊഴിലും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭി ക്കാനും ഉദ്ദേശിക്കുന്നു.

സ്ത്രീ സുരക്ഷ

ജോലി ചെയ്യുന്ന സ്ത്രീകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാകാതെ പോയ വിദ്യാർത്ഥികൾക്കും ചെലവ് കുറഞ്ഞ താമസസൗകര്യം ഒരുക്കുന്നതിന് മൂന്ന് ഹോസ്റ്റലുകൾ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും ആരംഭിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. അതിന് 150 ലക്ഷം രൂപ ഈ ബഡ്ജറ്റിലുണ്ട്. പെൺകുട്ടികളുടെ സമഗ്ര ആരോഗ്യരക്ഷയ്ക്ക് 'വാൽസല്യനിധി' എന്ന പദ്ധതി ഈ വർഷം ആരംഭിക്കുകയാണ്.

കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന എഥനോളജിക്കൽ മ്യൂസിയം നവീകരിക്കും. പരമ്പരാഗത നാടൻകലകളുടെയും ഉത്പന്നങ്ങളുടെയും പ്രദർശന വിപണനമേളയായ ഗദ്ദിക സഹകരണസംഘങ്ങളുടെ പങ്കാളിത്ത ത്തോടെ കൂടുതൽ വിപുലമായ തോതിൽ സംഘടിപ്പിക്കും. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വളർന്നുവരുന്ന സാഹിത്യകാരന്മാർക്ക് മാർഗ്ഗദർശനമാകുന്ന സാഹിത്യപഠന കളരി സംഘടിപ്പിക്കും. ഇവരുടെ കൃതികൾ പ്രസിദ്ധീകരിക്കു ന്നതിന് ധനസഹായം നൽകും. ക്രെസ്റ്റിന്റെ നേതൃത്വത്തിൽ പിന്നോക്ക വിഭാഗ വികസനവുമായി ബന്ധപ്പെട്ട അക്കാദമിക് സംവിധാനങ്ങൾ സംഘടിപ്പിക്കും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളും സിവിൽ സർവ്വീസ് പരിശീലന കേന്ദ്രവും ഒരു പൊതുസംവിധാന ത്തിൻ കീഴിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി PETC-കൾ ഇല്ലാത്ത പത്ത് ജില്ലകളിൽ കൂടി PETC-കൾ ആരംഭിക്കും. ഇതിനൊരു പൊതു ഗവേണിംഗ് ബോഡിയുണ്ടായിരിക്കും. പരീക്ഷാ പരിശീലകർക്കുപുറമെ തൊഴിൽ സാധ്യതകൾ സംബന്ധിച്ച കൗൺസിലിംഗ്, വിദഗ്ദ്ധ തൊഴിൽ മേഖലകളിൽ ഹ്രസ്വകാല പരിശീലനം എന്നിവ കൂടി ഈ സ്ഥാപനങ്ങളിലുണ്ടാകും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമപദ്ധതികൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, നിയമപരിരക്ഷ എന്നിവ സംബന്ധിച്ച് എല്ലാ പഞ്ചായത്ത്/ നഗരസഭാതലങ്ങളിലും ബോധവത്കരണ പ്രവർത്തനങ്ങൾ ആരംഭിക്കും. പത്താം ക്ലാസ്, പ്ലസ് ടു തലത്തിൽ കരിയർ എഡ്യൂക്കേഷൻ ഗൈഡൻസ് നൽകുന്നതിനും ഈ വർഷം പ്രത്യേക പരിപാടി ആരംഭിക്കും. ഏകാദ്ധ്യാപക

വിദ്യാലയങ്ങൾ നാലായിരമായി വർദ്ധിപ്പിക്കും. ഏകാദ്ധ്യാപക വിദ്യാലത്തിലെ ടീച്ചർമാർക്ക് ശമ്പളം 5000 രൂപയായിരുന്നത് 7000 രൂപയാക്കും. കിന്റർഗാർട്ടൻ ആയയ്ക്ക് 2000 രൂപയായിരുന്നത് 3000 രൂപയായും കിന്റർഗാർട്ടൻ ടീച്ചർക്ക് 5000 രൂപയായിരുന്നത് 7000 രൂപയായും ബാലവിജ്ഞാന കേന്ദ്രം ആയയ്ക്ക് നിലവിൽ 1000 രൂപയായിരുന്നത് 3000 രൂപയായും ടീച്ചർക്ക് 2000 രൂപയായിരുന്നത് 4000 രൂപയായും ബാലവാടി ആയയ്ക്ക് 1500 രൂപയായിരുന്നത് 3000 രൂപയായും ടീച്ചർക്ക് 3000 രൂപയായിരുന്നത് 5000 രൂപയായും വർദ്ധിപ്പിക്കുന്നതിന് ഇന്നലെ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇനി അത് എസ്.സി./എസ്.ടി. വകുപ്പ് ഉത്തരവിറക്കി പ്രാവർത്തികമാക്കും. 2016-17-ൽ 255 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എം.ആർ.എസ്.-കളുടേയും പ്രീമെട്രിക് ഹോസ്റ്റലുകളുടേയും നവീകരണ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. അത് ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. എം.ആർ.എസ്.-കളിൽ പ്ലസ് വൺ ഈ വർഷം തന്നെ ആരംഭിക്കും. ഇവിടെ വന്ന വിമർശനങ്ങളുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ മാത്രമാണ് സൂചിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട ഐ.സി. ബാലകൃഷ്ണൻ ജനനി ജന്മരക്ഷാ പദ്ധതിയെക്കുറിച്ചുപറഞ്ഞു. അത് ഒരു ബുദ്ധിമുട്ടുമില്ലാതെ നടപ്പിലാക്കിക്കഴിഞ്ഞു. എവിടെയെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ പറഞ്ഞാൽ മതി. ഇപ്പോൾ ആർക്കും പത്തുപൈസ പോലും കൊടുക്കാൻ ബാക്കിയില്ല. ഒരു തടസ്സവുമില്ലാതെ കൊടുക്കുകയാണ്. രണ്ട് വർഷം ഫണ്ട് ബാക്കിയായിരുന്നു. ഗോത്രസാരഥി പദ്ധതിയെക്കുറിച്ച് ഞാൻ പറഞ്ഞു. ചികിത്സാ ധനസഹായത്തിനുള്ള വാർഷിക വരുമാനം 5000 രൂപ എന്നത് ഒരു ലക്ഷം രൂപയാക്കും. കടാശ്വാസപദ്ധതിയിൽ 88 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നത് കൊടുത്തുതീർത്തു. 'ആശിക്കും ഭൂമി ആദിവാസിക്ക്' പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസിനെ ഞാൻ അയച്ചതല്ല. ബഹുമാനപ്പെട്ട മെമ്പർ എന്തോ ഒരു ദുഃസൂചന നൽകി. ഞാൻ അങ്ങനെയുള്ള സ്വഭാവക്കാരനല്ല. രാഷ്ട്രീയമായി ആരോടെങ്കിലും പ്രതികാരം വീട്ടാൻ വിജിലൻസിനെ ഉപയോഗിക്കുന്ന രീതി എനിക്കില്ല.

ബഹുമാനപ്പെട്ട കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ അന്നത്തെ പ്രസിഡന്റ് വി.എം. സുധീരൻ എഴുതിത്തന്ന ഒരു ലെറ്ററുണ്ട്. വയനാട് ജില്ലയിൽ അരിവാൾ രോഗികൾക്ക് "ആശിക്കും ഭൂമി ആദിവാസിക്ക്" പദ്ധതി പ്രകാരം ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കെ.പി.സി.സി. ആദിവാസി കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ശ്രീ. ഐ. സി. ബാലകൃഷ്ണൻ എം.എൽ.എ.യേയും വയനാട് ഡി.സി.സി. പ്രസിഡന്റ് ശ്രീ. പൗലോസിനേയും ചുമതലപ്പെടുത്തി. ശ്രീ. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. കെ.പി.സി.സി.-ക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ 'ആശിക്കും ഭൂമി ആദിവാസിക്ക് ' പദ്ധതിയിൽ ഉൾപ്പെട്ട ആക്ഷേപത്തിന്റെ യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരുന്നതിന് ഇത്

വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ശിപാർശ ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിലാണ് കെ.പി.സി.സി. പ്രസിഡന്റ് കത്ത് തന്നത്. അത് ഇവിടെ നിന്നാരും കൊടുത്തതല്ല. അങ്ങനെയുള്ള ഏർപ്പാട് ഞങ്ങൾക്കില്ല. ഇത് 'എ' യും 'ഐ.' -യും തമ്മിലുള്ള പോരിന്റെ ഭാഗമായി രൂപപ്പെട്ടതാണ്. ഇതുമായി ബന്ധപ്പെട്ട് മറ്റുകാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽ കുമാർ കോർപ്പസ് ഫണ്ടുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം വളരെ ജനവിനാണ്. 265 കോടി രൂപയായിരുന്നു മുമ്പുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 78 കോടി രൂപയായി; ഇതിൽ വന്ന കുറവിന്റെ പ്രധാന കാരണം നിലവിൽ വീടിനുള്ള 250 കോടി രൂപ 500 കോടി രൂപയായി വർദ്ധിപ്പിച്ചു എന്നതാണ്. അങ്ങനെയാണ് കോർപ്പസ് ഫണ്ട് വെട്ടിച്ചുരുക്കിയത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കോർപ്പസ് ഫണ്ട് വളരെ ഉപകാരപ്രദമാണ്. ഇതിന്റെ ക്വാണ്ടം കുറയുമ്പോൾ അതിനെ ബാധിക്കും. അതിന്റെ ഭാഗമായി ഒരു അഡീഷണൽ ആതറൈസേഷൻ കിട്ടണം. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അഡീഷണൽ ആതറൈസേഷൻ തരാമെന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ച് ഒരു ആശങ്കയുടെയും ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: യെസ്.......യെസ്

<u>ശ്രീ. എ. കെ. ബാലൻ:</u> ഇവിടെ 33 മിനിട്ടാണ് ശ്രീ വി. എസ്. സുനിൽ കുമാർ എടുത്തത്. അതിനേക്കാൾ കൂടുതൽ സമയം ഞാൻ എടുക്കുകയില്ല. പട്ടികവിഭാഗക്കാർക്ക് തൊഴിൽ നൽകുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കും. പത്ത് പുതിയ പി.ഇ.ടി.സി. ഈ വർഷം ആരംഭിക്കും. പതിനാല് ജില്ലകളിലും പി.ഇ.ടി.സി. ഉണ്ടാകും. നേരത്തെ ഇവിടെ സൂചിപ്പിച്ച മെഡിക്കൽ കോളേജിനെ സംബന്ധിച്ച്, ബഹുമാനപ്പെട്ട മുൻമന്ത്രിക്ക് വസ്തുതകൾ അറിയാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട് ഒരു ഫയൽ സെക്രട്ടേറിയറ്റിൽ വന്നുകഴിഞ്ഞാൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം വേണം, പാരന്റ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം വേണം, ലാ ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം വേണം. ഇതൊന്നുമില്ലാതെ അവിടെ ഒരു ഓഫീസർ ഇഷ്ടംപോലെ പണം കൊടുത്തു. അതിന്റെ ഭാഗമായി എല്ലാ ഫയലുകളിലും നിയമവിരുദ്ധമാണെന്ന് എഴുതി വച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ഹർഡിൽസ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ തസ്തിക സൃഷ്ടിച്ചു. അതിന്റെ ഭാഗമായി സുതാര്യമായി നിയമനം നടക്കുകയാണ്. നിയമനവുമായി ബന്ധപ്പെട്ടാണ് പ്രധാനമായും ഒബ്ജക്ഷനുണ്ടായിരുന്നത്. നിയമനത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു. ഇപ്രാവശ്യം ഒരു രൂപത്തിലും പ്രശ്നമുണ്ടാകില്ല. ആവശ്യമായ

ജീവനക്കാരും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവും ഇപ്പോഴുണ്ട്. ഇപ്പോൾ ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. അന്യസംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത പട്ടികവിഭാഗക്കാരുടെ പ്രശ്നം ശ്രീമതി ബിജിമോൾ ഇവിടെ പറഞ്ഞു, 1950-ന് മുമ്പ് സ്ഥിര താമസമാക്കിയ ആൾക്കാർക്ക് ബുദ്ധിമുട്ടില്ല. അതിനുശേഷം വന്ന ആൾക്കാർക്കാണ് ബുദ്ധിമുട്ടുള്ളത്. അത് മുമ്പേയുള്ള ഒരു പ്രശ്നമാണ്. ഒരു കോൺസ്റ്റിറ്റ്യൂഷണൽ ഓർഡർ പ്രകാരമുള്ള നിബന്ധനയാണിത്. എന്നാലും എന്തൊക്കെയാണ് ചെയ്യാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ആലോചിക്കാം.

ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവുകൊണ്ടുണ്ടായ മരണം സംബന്ധിച്ച് ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചു. പോഷകാഹാരക്കുറവുകൊണ്ട് ഒരാൾ പോലും മരണപ്പെട്ടിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2015-16-ൽ 8 പേരും 2016-17-ൽ 5 പേരുമാണ് മരിച്ചിട്ടുള്ളത്. 2011-12 ൽ 16-ഉം 2012-13-ൽ 31-ഉം 2013-14-ൽ 15 ഉം 2014-15-ൽ 14-ഉം പേരാണ് മരിച്ചിട്ടുള്ളത്. ഏറ്റവും ഭീകരമായ രീതിയിലുള്ള മരണം അന്നാണ് നടന്നത്. ഇപ്പോൾ ആദിവാസി മേഖലയിലുള്ള മരണം കുറവാണ്. മാത്രമല്ല പോഷകാഹാര ത്തിന്റെ പ്രശ്നമോ ആരോഗ്യപരിചരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കുറവോ അട്ടപ്പാടി മേഖലയിലില്ല. അതിനെല്ലാം ശക്തമായിട്ടുള്ള ഇടപെടലാണ് നടത്തുന്നത്. ശ്രീ. പി. ടി. തോമസ് കുറെ കാര്യങ്ങൾ പറഞ്ഞു. അതിലേയ്ക്കൊന്നും ഞാൻ കടക്കാനാഗ്രഹിക്കുന്നില്ല.

3.00 PM.]

ശ്രീ. രമേശ് ചെന്നിത്തല: സർ, പട്ടികജാതി കോളനികൾ സന്ദർശിക്കുന്ന ഒരാളാണ് ഞാൻ. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ധാരാളം പണം വിവിധ സ്കീമുകൾ പ്രകാരം കോളനികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും നൽകുന്നുണ്ട്. പക്ഷേ സാമൂഹ്യ പുരോഗതി വേണ്ട രീതിയിൽ കൈവരിക്കാൻ കഴിയുന്നില്ല എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പ് ഇതിന്റെ അസസ്മെന്റ് സ്റ്റഡി ഇതുവരെ നടത്തിയിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടും സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയ്ക്കും അടിസ്ഥാന സൗകര്യങ്ങളുടെ വികസന ത്തിനും പ്രയോജനപ്പെടുന്നില്ല എന്നുള്ളതാണ് നമ്മൾ കാണുന്ന കാര്യം. അതിനെ കുറ്റപ്പെടുത്തുന്നതല്ല. മാറിമാറിവരുന്ന ഗവൺമെന്റുകളെല്ലാം പദ്ധതികൾ നടപ്പാക്കി യിട്ടുണ്ട്. അതിനെപ്പറ്റി ഡിപ്പാർട്ട്മെന്റിനെക്കൊണ്ട് ഒരു സ്റ്റഡി നടത്തി അതിന്റെ വെളിച്ചത്തിലുള്ള ഒരു വികസന പരിപാടിക്ക് രൂപം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് വളരെ കൺസ്ട്രക്റ്റീവായിട്ടുള്ള ഒരു നിർദ്ദേശമാണ്. ആദിവാസികളുടെ ഭൂപ്രശ്നവും വീടിന്റെ പ്രശ്നവും തൊഴിലിന്റെ പ്രശ്നവും പരിഹരിക്കാൻ കഴിഞ്ഞാൽത്തന്നെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഇക്കാര്യം ബന്ധപ്പെട്ട

വിദഗ്ധരുമായി ആലോചിച്ച് സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുക്കാം. ഈ മേഖലയിൽ ഒരു നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ച ഫണ്ട് യഥാസമയം ചെലവഴിച്ചില്ലെങ്കിലോ സംവരണതത്വം കംപ്ലൈ ചെയ്യുന്നി ല്ലെങ്കിലോ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനുള്ള ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ചുകൂടി ആലോചിക്കുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

മി. സ്പീക്കർ: പ്ലീസ്.....അദ്ദേഹം അരമണിക്കൂറെടുത്തു. അടിസ്ഥാന ജനവിഭാഗ ത്തിന്റെ കാര്യമായതുകൊണ്ടാണ് കൂടുതൽ ഇടപെടാതിരുന്നത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും വേണ്ടതായിരുന്നു. കോർപ്പസ് ഫണ്ട് ഇപ്രാവശ്യം വളരെ കുറച്ചാണ് ലഭിച്ചത്. അത് പരിഹരിക്കുമെന്നാണ് ഇപ്പോൾ മന്ത്രി ഇവിടെ പറഞ്ഞത്. എനിക്ക് ചോദിക്കാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം, ഒരു മന്ത്രി കഴിഞ്ഞദിവസം ഒരു സംഘടനയുടെ മീറ്റിംഗിൽ വച്ച് ഒരു പ്രസ്താവന നടത്തി, മുന്നോക്ക സമുദായത്തിലെ പിന്നോക്കക്കാർക്ക് സംവരണം കൊടുക്കുന്നതിനോ അവരെ അംഗീകരിക്കുന്നതിനോ നമ്മളാരും എതിരല്ല. കൊടുക്കണമെന്ന് തന്നെയാണ് നമ്മുടെ അഭിപ്രായം. പക്ഷേ അത് പട്ടികജാതിക്കാരിലെ മുന്നാക്കക്കാരെ ഒഴിവാക്കി പകരമായി മുന്നാക്ക സമുദായത്തിലെ.....

മി. സ്പീക്കർ: സംവരണ ഡിബേറ്റ് നമുക്ക് പിന്നീട് നടത്താം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അത് അറിയേണ്ട കാര്യമാണ്. ഈ ക്യാബിനറ്റിലെ ഒരു മന്ത്രി പറഞ്ഞതാണ്. പട്ടികജാതിക്കാരിലെ മുന്നാക്കക്കാരെ ഒഴിവാക്കിക്കൊണ്ട് മുന്നോക്കസമുദായത്തിലെ പിന്നോക്കക്കാരെ പിന്നോക്ക സമുദായത്തിൽ എടുക്കണമെന്നാണ് ക്യാബിനറ്റിലെ മന്ത്രി പറഞ്ഞത്. അങ്ങനെ പട്ടികജാതി സമുദായത്തിലെ മുന്നോക്കക്കാരെ ഒഴിവാക്കുകയാണെങ്കിൽ അങ്ങായിരിക്കും ആദ്യം പുറത്തുപോകുന്നത്. അങ്ങയെ ഉദ്ദേശിച്ചാണ് ആ മന്ത്രി പറഞ്ഞതെങ്കിൽ അങ്ങയുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഭരണഘടനാപരമായിട്ടുള്ള ഒബ്ലിഗേഷൻസ് നമ്മളെല്ലാം ഒബ്സർവ് ചെയ്തേ മതിയാകൂ. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ച ശതമാനത്തിൽനിന്നും ഒരു ശതമാനംപോലും മാറ്റാൻ ആര് വിചാരിച്ചാലും കഴിയില്ല. പക്ഷേ ഒരു സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുസമൂഹം ചർച്ച ചെയ്യുമ്പോൾ പരിഗണിക്കേണ്ട ഒരു കാര്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെപ്പോലെ തന്നെ മുന്നാക്ക സമുദായത്തിൽ പാവപ്പെട്ടവരുണ്ട്. അവർക്ക് സംവരണം കൊടുക്കണമെങ്കിൽ കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിന്റെ ഭാഗമായി

മാത്രമേ സാധിക്കുകയുള്ളൂ. അത് പൊതുസമൂഹമുൾപ്പെടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. വർഗ്ഗപരമായി കാര്യങ്ങൾ കാണുന്ന ഒരു പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിസ്ഥാനപരമായിട്ടുള്ള ഒരു നയമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അല്ലാതെ പട്ടികജാതിക്കാരന്റെ സംവരണം മുന്നോക്കക്കാരന് കൊടുക്കാൻ ആരും തീരുമാനിക്കുന്നില്ല. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കു ന്നില്ല. ഒരു നവകേരളം യാഥാർത്ഥ്യമാക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സമഗ്രവികസനം സാക്ഷാത്കരിച്ചുകൊണ്ട് അഴിമതി വിമുക്തകേരളം എന്നത് പിണറായി വിജയൻ സർക്കാരിന്റെ കാലാവധി പൂർത്തീകരിക്കു ന്നതിന് മുമ്പ് ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കും; ഒരു സംശയവും വേണ്ട. കേരളത്തിലെ വർഗ്ഗബന്ധങ്ങളിൽ മാറ്റം വരുമെന്ന് മാത്രമല്ല ഐക്യജനാധിപത്യ മുന്നണിയുടെ ഖബറടക്കം നടക്കുന്ന പരിപാടിയായിരിക്കും ഈ ഗവൺമെന്റിന്റെ കാലാവധിയുടെ അവസാന കാലത്ത് നിങ്ങൾ കാണാൻ പോകുന്നത്. ഇപ്പോൾ ത്തന്നെ കേരള ജനത മാറിക്കഴിഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിയ്ക്ക് വോട്ട് കൊടുത്ത ആളുകൾപോലും ഇന്ന് ഐക്യജനാധിപത്യ മുന്നണിയുടെ കൂടെയില്ല. ഇടക്കാലത്ത് നടന്ന ബൈ ഇലക്ഷൻ സൂചിപ്പിക്കുന്നത് അതാണ്. സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റ് രൂപം കൊടുത്ത, ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്ന് രൂപം കൊടുത്ത, ഭൂപരിഷ്കരണ നിയമത്തിന്റെ തുടർച്ചയെന്ന നിലയിൽ ലൈഫ്, ആർദ്രം, ഹരിതം, സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്നിവ ഈ വർഷം യാഥാർത്ഥ്യമാകുന്നതിന്റെ നടപടികളാ രംഭിക്കും. അഞ്ച് വർഷം കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി കേരള ത്തിൽ നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കേരള ത്തിലെ അടിസ്ഥാന വിഭാഗങ്ങളും പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗവും ഗവൺമെന്റിന്റെ കൂടെയുണ്ടാകും. ഈ ഡിമാന്റ് പാസ്സാക്കിത്തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി.പി. രാമകൃഷ്ണൻ</u>): സർ, ഈ ധനാഭ്യർത്ഥന ചർച്ചയിൽ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും 15 ബഹുമാനപ്പെട്ട അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. രാഷ്ട്രീയമായ ചില ഭിന്നതകളും പരാമർശങ്ങളുമുണ്ടെങ്കിലും അംഗങ്ങളെല്ലാം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും തൊഴിലാളികൾക്കും ജനങ്ങൾക്കും ഈ നാടിനും പൊതുവെ സ്വീകാര്യമായ എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് പരിഗണിക്കുമെന്ന് ഞാൻ ആദ്യമായി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഒരു വർഷത്തെ ഭരണകാലയളവിൽ എല്ലാ മേഖലകളിലും തൊഴിൽ സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിനും ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. നൈപുണ്യവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ

ആവിഷ്കരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും പ്രത്യേക പരിഗണന നൽകിയിരുന്നു. കൂട്ടായ ഇത്തരം പരിശ്രമങ്ങളിലൂടെ തൊഴിലും നൈപുണ്യവും വകുപ്പിന് ഒരു പുത്തൻ ഉണർവ്വ് കൈവരിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10 മേഖലകളിലല്ല മിനിമം വേജ് പ്രഖ്യാപിച്ചത്. കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, സെക്യൂരിറ്റി വിഭാഗം, ഉച്ചഭക്ഷണം പാകം ചെയ്യുന്നവർ, ഗാർഹിക തൊഴിലാളികൾ, ബീഡി & സിഗാർ തുടങ്ങിയ 18 മേഖലകളിൽ പുതുതായി മിനിമം വേജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിവിധ ക്ഷേമനിധി പെൻഷനുകൾ 600 രൂപയിൽനിന്ന് 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും ഉയർത്തി നിശ്ചയിച്ചു.

കർഷകത്തൊഴിലാളി ക്ഷേമപെൻഷന്റെ അർഹതാ വരുമാന പരിധി 11,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചും ധനവിനിയോഗത്തെക്കുറിച്ചും പ്രധാനമായി ഉന്നയിച്ച ഒരു വിമർശനം കർഷകത്തൊഴിലാളി ക്ഷേമപദ്ധതിയെ സംബന്ധിച്ചുള്ള പ്രശ്നമാണ്. ഒരനുഭവം ഈ നാടിന് മുമ്പിലുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കുടിശ്ശിക ഉൾപ്പെടെ 307851 കർഷക തൊഴിലാളികൾക്ക് 110,01,49,250 രൂപ പെൻഷൻ ഇനത്തിൽ കൊടുത്തിട്ടുണ്ട്. ഇതിൽ അതിന്റെ തൊട്ടുമുമ്പുള്ള വർഷത്തെക്കാൾ 8228 തൊഴിലാളികൾ അധികമുണ്ട്. അത് ഈ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിട്ടുള്ളതാണ്. എന്നാൽ ക്ഷേമപദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ ആനുകൂല്യങ്ങളെല്ലാം അനുവദിക്കുകയാണ്. പണം ഇനിയും വകയിരുത്തേണ്ടതുണ്ട്. തീർച്ചയായും ഗവൺമെന്റ് ഇക്കാര്യത്തിൽ, പാവപ്പെട്ട ജനവിഭാഗമെന്നുള്ള നിലയിൽ, ആ തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കത്തക്ക നിലപാട് തുടർന്നും സ്വീകരിക്കുന്നതാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് കർഷകത്തൊഴിലാളി ക്ഷേമപദ്ധതിയിൽ ഒരു രൂപപോലും നൽകിയിരുന്നില്ലെന്നുള്ള വസ്തുതകൂടി പരിഗണിക്കണം. അതിൽ നിന്നും വ്യത്യസ്തമായ നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുകയാണ്. 426,49,02,055 രൂപ പെൻഷൻ ഇനത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇതിനകം നൽകിയിട്ടുണ്ട്. ഇൻകം സപ്പോർട്ട് പദ്ധതിയിൻ കീഴിൽ ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, കാട്ടുവള്ളി തുടങ്ങിയ പരമ്പരാഗത മേഖലകളിലെ 385111 തൊഴിലാളികൾക്കായി 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കയർ, തോട്ടം, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ 12,116 തൊഴിലാളികൾക്കായി 1,80,69,600 രൂപ എക്സ്ഗ്രേഷ്യാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഈ കാലയളവിൽ ഫലപ്രദമായ ഇടപെടലുകളാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം 31832 പരിശോധനകൾ നടത്തുകയും 6670 പ്രോസിക്യൂഷനുകളും 1076 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കർശനമായ പരിശോധനകൾ തുടർന്നും നടത്താനാണ് ഉദ്ദേശിക്കുന്നത്. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി വിവിധ മേഖലകളിൽ തൊഴിൽ നിയമങ്ങളുടെ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് വരും ദിവസങ്ങളിൽ പ്രത്യേക നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്നത് ലക്ഷ്യംവച്ച് പുതുതായി ഗ്രേഡിംഗ് സമ്പ്രദായം ഈ മേഖലയിൽ നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ മാനദണ്ഡങ്ങൾ ഇതിനകംതന്നെ നിർണ്ണയിച്ചുകഴിഞ്ഞിട്ടുണ്ട്. ഗ്രേഡിംഗ് നടപ്പിലാക്കുന്നതിലൂടെ കേരളത്തിന്റെ തൊഴിൽ മേഖലയിൽ ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ഇതര സംസ്ഥാനത്തൊഴിലാളികളുടെ പ്രശ്നം ഏറെ പ്രാധാന്യത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം, വിവര ശേഖരണം, തിരിച്ചറിയൽ കാർഡ് എന്നിവ ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ 'ആവാസ്'-ന് ഗവൺമെന്റ് തുടക്കം കുറിക്കുകയാണ്. സർക്കാർ/എം-പാനൽ ചെയ്ത ആശുപത്രികളിൽ 15,000 രൂപ വരെ സൗജന്യ ചികിത്സ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടിയും 2 ലക്ഷം രൂപ വരെ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അടുത്ത മാസം മുതൽ തന്നെ ഇതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരമൊരു പദ്ധതി മുന്നോട്ടുവച്ചപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിദേശ രാജ്യങ്ങളിൽ വലിയ പ്രതികരണമുണ്ടായിട്ടുണ്ട്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ, പ്രത്യേകിച്ച് വെനസ്വേലയിൽ ഈ പദ്ധതിയെ പ്രകീർത്തിച്ചുകൊണ്ടുള്ള മാധ്യമ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഫ്രാൻസിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ചില പത്രങ്ങളും ഈ പദ്ധതിയെ പ്രകീർത്തിച്ചുവെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന പരിപാടി എത്രത്തോളം ഇന്ത്യയ്ക്ക് വെളിയിൽപ്പോലും ശ്രദ്ധിക്കപ്പെടുന്നുവെന്നുള്ളതിന്റെ സൂചനയായി കാണാൻ കഴിയുന്നതാണ്. പാലക്കാട് കഞ്ചിക്കോട്ട് ഇതര സംസ്ഥാനത്തൊഴിലാളികൾക്കായുള്ള ഹോസ്റ്റൽ മാതൃകയിൽ 'അപ്നാ ഘർ' പദ്ധതിക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ചതാണ്. അത് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ആ പദ്ധതി ഈ ഗവൺമെന്റിന്റെ കാലത്ത് പൂർത്തീകരിച്ചു വരികയാണ്. 640 തൊഴിലാളികൾക്ക് താമസിക്കാനുള്ള സൗകര്യമൊരുക്കുന്ന പാർപ്പിട പദ്ധതിയാണ് അവിടെ നടപ്പിലാക്കുന്നത്. ഇതിന്റെ തുടർച്ചയെന്നുള്ള നിലയിൽ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കു കയാണ്. കേരളത്തിലുടനീളം ഇത്തരം പദ്ധതികൾ പ്രാവർത്തികമാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ബാലവേല വിമുക്തമാക്കുന്നതിനുവേണ്ടി നിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള നിലപാടും സ്വീകരിച്ചുവരുന്നു. തൊഴിലാളി ക്ഷേമം മുൻനിർത്തിയുള്ള നിയമനിർമ്മാണവും ഈ സഭ നടത്തിയിട്ടുണ്ട്. നിയമപ്രകാര മുള്ള കുടിശ്ശിക ക്ലെയിമുകൾ തീർപ്പാക്കുന്നതിന് ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് അധികാരം നൽകിയതിലൂടെ ക്ലെയിം കേസ്സുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കാൻ കഴിയും. നിയമ ലംഘനങ്ങൾക്കുള്ള പിഴ 2 ലക്ഷം രൂപ വരെയായി ഉയർത്തി. വ്യവസായ തൊഴിൽ തർക്ക നിയമത്തിന്റെ പരിധിയിൽ സെയിൽസ് പ്രൊമോഷൻ ജീവനക്കാരെ ഉൾപ്പെടുത്തി. പീടികത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യ വിതരണം ഉദാരമാക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം നിയമനിർമ്മാണ നടപടികൾ ഇതിനകംതന്നെ ഈ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് തീവ്രശ്രമങ്ങളാണ് നടത്തിവരുന്നത്. ഈ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പഠിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പ്രത്യേക പരിഗണനയാണ് ഗവൺമെന്റ് നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് തോട്ടം ഉടമകളുമായും തൊഴിലാളി സംഘടനാ പ്രതിനിധികളുമായും വിശദമായ ചർച്ച നടത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനാ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് കൂടുതൽ ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായുള്ള പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങളിലൂടെ പ്രശ്നപരിഹാരങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്ലാന്റേഷൻ ഹൗസിംഗ് സൊസൈറ്റിയും ഹൗസിംഗ് അഡ്വൈസറി ബോർഡും പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡും ഇതിനകം പുനഃസംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ പാർപ്പിട പ്രശ്നപരിഹാരത്തിന് സർക്കാർ പ്രത്യേക പരിഗണന നൽകിവരുന്നു. ലൈഫ് പദ്ധതിയുടെ ഭാഗമായി തോട്ടം തൊഴിലാളികൾക്ക് പാർപ്പിടം കണ്ടെത്തുന്നതിന് തൊഴിലുടമകളുടെ സഹകരണം ഗവൺമെന്റ് തേടിയിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇന്നും ഭൂമിയും വീടുമില്ലാത്ത തൊഴിലാളികൾ,ഭൂമിയുള്ള വീടില്ലാത്ത തൊഴിലാളികൾ എന്നിവർക്കെല്ലാം തോട്ടം മേഖലയിൽത്തന്നെ വീട് നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതികളും ലൈഫിന്റെ ഭാഗമായി തൊഴിൽ വകുപ്പ് സ്വീകരിച്ചുവരികയാണെന്നുള്ളതും ഇതിന്റെ ഭാഗമായി അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് നിന്ന് സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടോ ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: ഇല്ല. ഭവനം ഫൗണ്ടേഷൻ കേരളയുടെ കീഴിൽ കുറഞ്ഞ വേതനക്കാരായ തൊഴിലാളികൾക്ക് 2 കിടപ്പുമുറികളുള്ള ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന ജനനി പദ്ധതി നടപ്പിലാക്കിവരുന്നു.

മി. സ്പീക്കർ: കൂടുതൽ സ്ട്രെയിൻ എടുക്കേണ്ട. അങ്ങേയ്ക്ക് ഇരുന്നു സംസാരി ക്കുകയോ മേശപ്പുറത്ത് വയ്ക്കുകയോ ചെയ്യാം.

ശ്രീ. റ്റി.പി. രാമകൃഷ്ണൻ: എല്ലാ ഭാഗത്തു നിന്നുമുള്ള അംഗങ്ങളുടെ അഭിപ്രായം പരിഗണിച്ച് ഞാൻ ഇക്കാര്യങ്ങൾ വിശദമായി പറയാൻ ഉദ്ദേശിക്കുന്നില്ല. ഒന്നു രണ്ടു കാര്യങ്ങൾകൂടി ഞാൻ പറയാൻ ഉദ്ദേശിച്ചിരുന്നു. അത് മേശപ്പുറത്ത് വയ്ക്കുന്നു. ഇത് രേഖയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം.

(തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ) മേശപ്പുറത്തു വച്ച മറുപടി താഴെച്ചേർക്കുന്നു)

"ജനനി" പദ്ധതിയിൻകീഴിൽ ഇടുക്കി ജില്ലയിലെ അടിമാലിയിൽ 645 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള 215 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

എറണാകുളം ജില്ലയിലെ പോഞ്ഞാശ്ശേരിയിൽ 715 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള 296 ഫ്ലാറ്റുകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു.

- തിരുവനന്തപുരത്ത് ആക്കുളത്തും ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.
- രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന (RSBY) പദ്ധതി, സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിവരുന്നു.
- രജിസ്റ്റർ ചെയ്ത 32,53,504 കുടുംബങ്ങളിൽനിന്നും 585253 പേർക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്.
- അസംഘടിത മേഖലകളിലടക്കം പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു നിശ്ചിത തുക ഏറ്റവും കുറഞ്ഞ വേതനമായി ലഭിക്കുന്ന കാര്യം ഉറപ്പാക്കുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ജീവിത വിലസൂചികയുമായി ബന്ധപ്പെട്ട വേതനം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ ഫലത്തിൽ തൊഴിലാളികൾക്ക് അടിസ്ഥാന വേതനം നിഷേധിക്കപ്പെടുകയാണ്.

- വിവിധ മേഖലകളിൽ കുറഞ്ഞ കൂലി നിശ്ചയിക്കപ്പെടുന്നുവെങ്കിലും ഈ തുക യാഥാർത്ഥ്യവുമായി അകലം പാലിക്കുന്നതാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ ദിവസവേതനം 600 രൂപയായി നിശ്ചയിക്കണമെന്നതാണ് സർക്കാരിന്റെ ആഗ്രഹം. ഈ ദിശയിൽ തുടർ ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളുന്നതിന് സർക്കാർ മുൻകയ്യെടുക്കുന്നതാണ്.

- സമഗ്ര കരട് തൊഴിൽ നയം സംസ്ഥാനത്ത് ഉടൻ പ്രഖ്യാപിക്കുന്നതാണ്. ആയത് ട്രേഡ് യൂണിയനുകളുമായും തൊഴിലുടമകളുമായും ചർച്ചചെയ്ത് അന്തിമ രൂപം നൽകി പ്രവർത്തിപഥത്തിലെത്തിക്കുന്നതിന് വേഗത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്

<u>വ്യവസായ പരിശീലന വകുപ്പ്</u>

- "കിഫ്ബി" പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുന്നതിന് 228.92 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

    1. ധനുവച്ചപുരം
    2. കൊല്ലം
    3. ചെങ്ങന്നൂർ
    4. ഏറ്റുമാനൂർ
    5. കട്ടപ്പന
    6. ചാലക്കുടി
    7. മലമ്പുഴ
    8. കൊയിലാണ്ടി
    9. കണ്ണൂർ
    10. കയ്യൂർ

- കോഴിക്കോട്, ചാക്ക ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്നത് ലക്ഷ്യമിട്ട് 10 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കളമശ്ശേരി ഐ.ടി.ഐ.-യെ മോഡൽ ഐ.ടി.ഐ. ആയി മാറ്റുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്ത് 9 പുതിയ ഐ.ടി.ഐ.-കൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ആരംഭിക്കു ന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

1. വാമനപുരം
2. പെരുമാട്ടി
3. പടിയൂർ
4. പേരാമ്പ്ര
5. ചാത്തമംഗലം
6. ധർമ്മടം
7. വർക്കല
8. ഹോസ്ദുർഗ്ഗ്
9. കൊട്ടാരക്കര

ഇതിൽ പേരാമ്പ്രയിലെ സ്ഥാപനം ഇതിനകംതന്നെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവയിൽ ഈ അദ്ധ്യയനവർഷംതന്നെ ക്ലാസ്സുകൾ ആരംഭി ക്കുന്നതിന് ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

- കൊഴിഞ്ഞാമ്പാറ, എലുമ്പുലാശ്ശേരി, കൊടുവള്ളി, നരിപ്പറ്റ, കുത്തുപ്പറമ്പ്, മാടായി, പേരാമ്പ്ര എന്നീ ഐ.ടി.ഐ.-കളുടെ പ്രവർത്തനത്തിനായി കഴിഞ്ഞ ഒരുവർഷക്കാലയളവിനുള്ളിൽ 39 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

- സംസ്ഥാനത്തെ ഐ.ടി.ഐ.-കൾക്ക് പ്രവർത്തന മികവിന്റെയും ഭൗതിക സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

- എറണാകുളം, കോഴിക്കോട്, പാലക്കാട്, റീജിയണുകളിലായി 2017 മാർച്ചിൽ വ്യവസായപരിശീലന വകുപ്പ് സംഘടിപ്പിച്ച ജോബ്ഫെയർ, "സ്പെക്ട്രം 2017"-ലൂടെ ആകെ 3069 ഉദ്യോഗാർത്ഥി കൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

  (പാലക്കാട്- 1121, എറണാകുളം-1200, കോഴിക്കോട്-748

  ആകെ - 3069)

## KASE-(കേരള അക്കാദമി ഫോർ സ്കിൽ ആന്റ് എക്സലൻസ്)

- വ്യവസായ പരിശീലന വകുപ്പ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, ODEPC എന്നിവയുടെ സഹകരണത്തോടെ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ KASE-ന്റെ കീഴിൽ ഉടൻ ആരംഭിക്കുന്നതാണ്. നൈപുണ്യവികസന പരിശീലനം നേടിയിട്ടുള്ള തൊഴിലന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.
- സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് തൊഴിൽ വകുപ്പിനെ നോഡൽ വകുപ്പായി ചുമതലപ്പെടുത്തിയതിനൊപ്പം KASE-നെ സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷനായി നിശ്ചയിച്ച് 2-12-2016-ൽ ജി.ഒ.(ആർ.ടി.) നമ്പർ.1501/16/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

  സംസ്ഥാനത്തെ നൈപുണ്യവികസന പദ്ധതികൾ KASE മുഖേന അതിവേഗം നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.
- കൺസ്ട്രക്ഷൻ മേഖലയിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊല്ലം ജില്ലയിൽ ചവറയിൽ Indian Institute of Infrastructure and Construction (IIIC) എന്ന സ്ഥാപനം സ്ഥാപിച്ചിട്ടുള്ളത്. ആയതിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## ശമ്പള പരിഷ്കരണം

- തൊഴിലാളികളുടെ സേവന-വേതന ഘടന സംരക്ഷിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

  (1) 26-2-2016-ലെ ജി.ഒ. (പി) നമ്പർ 28/2016/ധനഉത്തരവിലൂടെ ദിവസവേതനക്കാർക്കും കോൺട്രാക്ട് നിയമനം ലഭിച്ചവർക്കും നൽകിയ വേതനവർദ്ധനവ് തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെയും ജീവനക്കാർക്ക് ബാധകമാക്കി ഉത്തരവ് നൽകിയിട്ടുണ്ട്.

(2) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് എൽ.ഡി.എഫ്. സർക്കാർ ഈ കാലയളവിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

(3) റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ ജീവനക്കാർക്കും ശമ്പള പരിഷ്കരണം ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC)

- ഒഡെപെകിന്റെ ആധുനിക സജ്ജീകരണങ്ങളോടെയുള്ള പുതിയ ഓഫീസ് 2016 നവംബർ മാസം പ്രവർത്തനമാരംഭിച്ചു.
- യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള (അയർലണ്ട്, യു.കെ.) നഴ്സ് റിക്രൂട്ട്മെന്റ് ആരംഭിച്ചു.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കരിയർ ഡെവലപ്മെന്റ് സെന്റർ

- കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. മേയ് അവസാനത്തോടെ പ്രവർത്തനം ആരംഭിക്കും.

"നിയുക്തി 2017" മെഗാ ജോബ്ഫെയർ

- സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ അണിനിരത്തി ഉദ്യോഗാർത്ഥികൾക്ക് പരമാവധി തൊഴിൽ നേടാൻ കഴിയുംവിധം " നിയുക്തി 2017" എന്ന പേരിൽ മെഗാ ജോബ്ഫെയറുകൾ സംഘടിപ്പിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി സംഘടിപ്പിച്ച ജോബ്ഫെയറിലൂടെ 6817 ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ ജോലി വാഗ്ദാനവും 3338 പേർക്ക് തൽസമയ പ്ലേസ്മെന്റും നൽകാൻ കഴിഞ്ഞു.

| ജില്ല | പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | പങ്കെടുത്ത ഉദ്യോഗദായകരുടെ എണ്ണം | റിപ്പോർട്ട് ചെയ്ത ഒഴിവുകൾ | ജോബ് ഓഫർ | പ്ലേസ്മെന്റ് |
|---|---|---|---|---|---|
| തിരുവനന്തപുരം | 8100 | 79 | 6684 | 2560 | 1254 |
| എറണാകുളം | 6086 | 81 | 3935 | 2013 | 203 |
| കോഴിക്കോട് | 10638 | 92 | 7022 | 2244 | 1881 |
| ആകെ | 24824 | 252 | 17641 | 6817 | 3338 |

എംപ്ലോയബിലിറ്റി സെന്റർ

- കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ 7 എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 2016-17 കാലയളവിൽ 37,315 രജിസ്ട്രേഷൻ നടക്കുകയും ഇതിൽനിന്ന് 22028 പേർക്ക് അസസ്മെന്റ് നടത്തി കൗൺസിലിംഗ് ലഭ്യമാക്കുകയും ചെയ്തു. കൂടാതെ 22926 പേർക്ക് ബേസിക് ഐ.ടി, കമ്മ്യൂണിക്കേഷൻ, ഇന്റർവ്യൂ സ്കിൽസ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തു.

തൃശ്ശൂർ,മലപ്പുറം ജില്ലകളിൽ 2017 ജൂൺ മാസത്തിൽ തന്നെ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും. കാസർഗോഡ് സെന്ററിന്റെ നിർമ്മാണപ്രവർത്തനം അന്തിമഘട്ടത്തിലാണ്. പശ്ചാത്തലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലും സെന്ററുകൾ ആരംഭിക്കുവാൻ കഴിയും. ഇതിലേയ്ക്ക് 8 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ 265 തൊഴിൽമേളകൾ സംഘടിപ്പിക്കുകവഴി 9388 പേർക്ക് തൊഴിൽ ലഭ്യമാക്കി.

സ്വയംതൊഴിൽ പദ്ധതികൾ

(1) കൈവല്യ: ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 15-2-2017-ന് നിർവ്വഹിച്ചു. പദ്ധതിക്കായി അനുവദിച്ച 1,68,01,000 രൂപ ഉപയോഗിച്ച് 307 സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പ നൽകുകയും 150 പേർക്ക് സൗജന്യ മത്സര പരീക്ഷാ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(2) ശരണ്യ: ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് ആകെ 16 കോടി രൂപ സ്വയംതൊഴിൽ വായ്പാ ഇനത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. 3200 അശരണരായ വനിതകൾക്ക് പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭിച്ചിട്ടുണ്ട്.

തൊഴിൽരഹിത വേതനം

- 15 മാസക്കാലത്തെ തൊഴിൽരഹിത വേതനം കുടിശ്ശിക തീർത്ത് നൽകിയിട്ടുണ്ട്. ഇതിനായി ആകെ 28 കോടിയോളം രൂപ ചെലവഴിച്ചതിലൂടെ 192467 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- 2017-2018 സാമ്പത്തികവർഷം തൊഴിൽരഹിതവേതന വിതരണ ത്തിനായി 29 കോടി വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് മാർച്ച് 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള 12 മാസത്തെ തൊഴിൽരഹിതവേതനം കുടിശ്ശിക രഹിതമായി വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്.

"നവജീവൻ പദ്ധതി":

- സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കായി 'നവജീവൻ' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് ലളിതമായ വ്യവസ്ഥ കളിലൂടെ സ്വയംതൊഴിൽ വായ്പ അനുവദിക്കുക, അവർ ആർജ്ജി ച്ചിട്ടുള്ള അറിവും പരിചയസമ്പത്തും സമൂഹ നന്മയ്ക്കായി ഉപയോഗ പ്പെടുത്തുന്നതിന് അവരുടെ ഡാറ്റാബാങ്ക് തയ്യാറാക്കുക എന്നിവ യാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

- സംസ്ഥാനത്തെ അസംഘടിത മേഖല (പാക്കിംഗ് സെന്റർ തൊഴിലാളികൾ), സംഘടിതമേഖല (ഫാക്ടറികൾ: 1.കയർ വ്യവസായം, 2. ഇലക്ട്രോപ്ലേറ്റിംഗ്, 3. വെൽഡിംഗ് പ്രക്രിയയുള്ള ഫാക്ടറികൾ, 4. സീഫുഡ് ഇൻഡസ്ട്രീസ്) എന്നീ മേഖലകളിൽ ഒക്കുപ്പേഷണൽ ഹെൽത്ത് സർവ്വേ നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ആദ്യഘട്ടം ക്രഷർ, കശുവണ്ടി ഫാക്ടറികൾ എന്നിവിട ങ്ങളിൽ പൂർത്തിയായി. സീ ഫുഡ് ഫാക്ടറിത്തൊഴിലാളികൾ, വെൽഡിംഗ് തൊഴിലാളികൾ, ഇലക്ട്രോ പ്ലേറ്റിംഗ് തൊഴിലാളികൾ, പാക്കിംഗ് തൊഴിലാളികൾ എന്നിവരിലും സൗജന്യ രോഗനിർണ്ണയ സർവ്വെ നടത്താൻ വകുപ്പിന് പദ്ധതിയുണ്ട്.

- സംസ്ഥാനത്ത് അപകട തീവ്രത കൂടിയ വ്യവസായസ്ഥാപനങ്ങൾ കൂടുതൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ല കേന്ദ്രീകരിച്ച് റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റസ്പോൺസ് സിസ്റ്റം (ROCER) നടപ്പിലാക്കുന്നതിനായി ISRO-യുമായി ചേർന്ന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഫാക്ടറികളിൽ അപകടങ്ങളുണ്ടായാൽ ഉടൻതന്നെ സമീപവാസികളെ മുൻകൂട്ടി അറിയിച്ച് മൊബൈൽ ആപ്ലിക്കേഷൻ സഹായത്തോടെ നൽകുന്ന ജാഗ്രതാ സംവിധാനമാണിത്.

## എക്സൈസ് വകുപ്പ്

### മന്ത്രിസഭയുടെ നാളിതുവരെയുള്ള പ്രധാനപ്പെട്ട നേട്ടങ്ങൾ

ഈ സർക്കാർ അധികാരത്തിലേറിയശേഷം എക്സൈസ് വകുപ്പ് മദ്യം, മയക്കുമരുന്നുകൾ, മറ്റ് ലഹരിവസ്തുക്കൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണത്തിൽ ഓരോ മാസവും വൻവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 25-5-2016 മുതൽ 2017 മാർച്ച് 31 വരെ 22467 അബ്കാരി കേസ്സുകളും 3,486 NDPS കേസ്സുകളും 59,335 COTPA കേസ്സുകളും രജിസ്റ്റർ ചെയ്യുകയുണ്ടായി. എന്നാൽ മുൻവർഷം ഇതേ കാലയളവിൽ 25-5-2015 മുതൽ 31-3-2016 വരെ 14665 അബ്കാരി കേസ്സുകളും 1566 N.D.P.S. കേസ്സുകളും 8929 COTPA കേസ്സുകളും മാത്രമാണ് രജിസ്റ്റർ ചെയ്തിരുന്നത്. അതായത് ടി കാലയളവിൽ അബ്കാരി കേസ്സുകളുടെ എണ്ണത്തിൽ 53 ശതമാനവും N.D.P.S കേസ്സുകളുടെ എണ്ണത്തിൽ 123 ശതമാനവും COTPA കേസ്സുകളുടെ എണ്ണത്തിൽ 565 ശതമാനവും വർദ്ധനവാണുണ്ടായിട്ടുള്ളത്. ഇത് സർവ്വകാല റെക്കോർഡാണ്.

- എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും അഞ്ചിടത്ത് കണ്ടെയിനർ മോഡ്യൂളുകൾ സ്ഥാപിക്കുകയും ചെയ്തു.

- 25 ചെക്ക്പോസ്റ്റുകളിൽ ANERT മുഖേന സോളാർ ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 14 ചെക്ക്പോസ്റ്റുകളിൽ CCTV ക്യാമറ സ്ഥാപിക്കുന്നതിനും മുത്തങ്ങ, ചിന്നാർ ചെക്ക്പോസ്റ്റുകളിൽ Solar lighting System സ്ഥാപി ക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

- എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടു ത്തുന്നതിന്റെ ഭാഗമായി പത്ത് വർഷത്തിലധികം പഴക്കമുണ്ടായിരുന്ന വാഹനങ്ങൾ മാറ്റി 25 പുതിയ വാഹനങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചു. ജില്ലാമേധാവികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിനായി പുതിയ ഓരോ Mahindra Xylo ഇനത്തിൽപ്പെട്ട വാഹനം അനുവദിച്ചിട്ടുണ്ട്.

- എക്സൈസ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനും ഇ-ഓഫീസ് സിസ്റ്റം ഓഫീസുകളിൽ നടപ്പിലാക്കുന്നതിനുമായി 63 കമ്പ്യൂട്ടറും 18 1-KVA Online UPS സിസ്റ്റവും വാങ്ങിയിട്ടുണ്ട്. JEC/DC മാരുടെ ഉപയോഗത്തിന് ലാപ്ടോപ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

- തൃശ്ശൂരിലെ എക്സൈസ് അക്കാദമി ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 17 പദ്ധതികളുടെ നിർമ്മാണം ഇവിടെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

- കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട്, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ എക്സൈസ് ടവറുകൾ സ്ഥാപി ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിൽ എക്സൈസ് ടവറിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

- ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്.

- ലഹരി വിരുദ്ധ മിഷൻ "വിമുക്തി"യുടെ സന്ദേശം ജനങ്ങളിലെത്തി ക്കുന്നതിനായി 40 ലക്ഷം സ്റ്റിക്കറുകൾ എല്ലാ വീടുകളിലും പതിക്കുന്നതിനായി എല്ലാ ജില്ലകളിലെയും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2542 ലഹരി

വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 1385-ഓളം പരാതിപ്പെട്ടികളും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിനുകീഴിൽ ദേശീയ നിലവാരത്തിലുള്ള പുനരധിവാസ സൗകര്യത്തോടുകൂടിയ ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- എക്സൈസ് വകുപ്പിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുമെന്ന എൽ.ഡി.എഫ്. പ്രകടനപത്രികയിലെ വാഗ്ദാനം പ്രാവർത്തികമാക്കിക്കൊണ്ട് എക്സൈസ് വകുപ്പിൽ ഓരോ റേഞ്ച് ഓഫീസിലും ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസർ എന്ന ക്രമത്തിൽ 138 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- എക്സൈസ് വകുപ്പിൽ വയർലസ് സിസ്റ്റം നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപ 2017-18 വർഷത്തെ പ്ലാൻഫണ്ടിൽ വകകൊള്ളിച്ചിട്ടുള്ളതും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

- എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2,86,65,000 രൂപ 2017-18 വർഷത്തെ പ്ലാൻ ഫണ്ടിൽ വക കൊള്ളിച്ചിട്ടുള്ളതും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

- എക്സൈസ് അക്കാദമിയുടെ നവീകരണത്തിനായി 175 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 50,00,000 രൂപ 2017-18 വർഷത്തെ പ്ലാൻഫണ്ടിൽ വകകൊള്ളിച്ചിട്ടുണ്ട്.

- ശാസ്താംകോട്ട, അങ്കമാലി, കൊട്ടാരക്കര, മാനന്തവാടി എന്നിവിട ങ്ങളിൽ എക്സൈസ് കോംപ്ലക്സുകൾക്കും തങ്കമണി, ആര്യനാട് എന്നിവിടങ്ങളിൽ എക്സൈസ് റേഞ്ച് ഓഫീസുകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

- പുതിയതായി ആരംഭിച്ച താലൂക്കുകളിൽ 6 താലൂക്കുകളിൽ എക്സൈസ് സർക്കിളാഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ടോഡി ബോർഡ് രൂപീകരണം

- കള്ള് വ്യവസായ മേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുക യാണ്. കള്ള് ചെത്തുന്നതിനുള്ള വൃക്ഷങ്ങളുടെ കുറവും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകളും ഈ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെട്ടിട്ടുള്ള തൊഴിലാളി കളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കാൻ അടിയന്തര നടപടി ആവശ്യമാണ്. കള്ള് ചെത്തുന്നതിന് ആവശ്യമായ തോതിലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നതിനും തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുവാനും ലക്ഷ്യമിട്ട് 'റ്റോഡി ബോർഡ്' പ്രാവർത്തികമാക്കുന്നതാണ്. കൂട്ടായ ചർച്ചകൾ നടത്തി ഇതിനാവശ്യമായ നിയമനിർമ്മാണ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

സർ, ഒരു കാര്യം വ്യക്തമാക്കാനുള്ളത്, തൊഴിൽ മേഖലയിൽ കൂടുതൽ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 7964 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിൽ വിവിധ ഏജൻസികൾവഴി 63297 പേർക്ക് തൊഴിൽപരിശീലനം നൽകിയിട്ടുണ്ട്. ഇവിടെ എത്രപേർക്ക് തൊഴിൽ നൽകിയെന്നെല്ലാമുള്ള പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ടായിരുന്നു. തൊഴിൽ പരിശീലനം നൽകിയവരിൽ 33478 പേർക്ക് സ്വകാര്യ മേഖലയിൽ ജോലി ലഭിച്ചിട്ടുണ്ട്. ഗവൺമെന്റ് മേഖലയിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ മേഖലയിലും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കും. തൊഴിൽലഭ്യത വർദ്ധിപ്പിക്കുന്നതിൽ എംപ്ലോയബിലിറ്റി സെന്ററുകൾക്ക് ഒരു പ്രധാനപ്പെട്ട പങ്കുണ്ട്. കേരളത്തിൽ ഇന്ന് ഏഴ് ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വർഷംതന്നെ അത് പൂർത്തീകരിക്കും. എംപ്ലോയബിലിറ്റി സെന്റർ വഴി സംഘടിപ്പിക്കുന്ന ജോബ്ഫെയറിലൂടെ നിരവധി സ്വകാര്യ ഉടമകൾക്ക് ബന്ധപ്പെടാനും തൊഴിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ

ലഭിക്കുന്നതിനും സൗകര്യമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും സജീവമായ ഇടപെടൽ ഓരോ ജില്ലയിലും ഉണ്ടാകണം. അങ്ങനെവന്നു കഴിഞ്ഞാൽ വൻതോതിൽ തൊഴിൽ സാധ്യത സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. ഒന്നിച്ചുനിന്ന് പ്രവർത്തിച്ചുകഴിഞ്ഞാൽ ഈ കാര്യങ്ങളിലെല്ലാം ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ കഴിയും. തൊഴിൽജന്യരോഗങ്ങളുടെ കാര്യത്തിൽ കേരളം ഗൗരവമായ സ്ഥിതിവിശേഷമാണ് നേരിടുന്നത്. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടുള്ള പഠനങ്ങളിൽ വളരെ ഗൗരവമായിട്ടുള്ള സ്ഥിതിവിശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്നവരും കശുവണ്ടി ഫാക്ടറികളിൽ ജോലി ചെയ്യുന്നവരും അത്തരം പരിശോധനകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. തുടർന്ന് മത്സ്യബന്ധന തുറമുഖ മേഖലയിലെ തൊഴിലാളികൾ, വെൽഡിംഗ് തൊഴിലാളികൾ, ഇലക്ട്രോപ്ലേറ്റിംഗ് തൊഴിലാളികൾ, പാക്കിംഗ് തൊഴിലാളികൾ പൊതുമേഖല, സഹകരണമേഖല, കൺസ്യൂമർഫെഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ തുടങ്ങിയമേഖലകളിലെല്ലാം പാക്കിംഗ് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അവരുടെ ആരോഗ്യ പ്രശ്നം ഒരുതരത്തിലും പരിഹരിക്കപ്പെടുന്നില്ല. മുനിസിപ്പൽ കോർപ്പറേഷനുകളിലും ഈ വിഷയങ്ങളുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ തൊഴിലുമായി ബന്ധപ്പെട്ട രോഗങ്ങൾ നിർണ്ണയിക്കുന്നതിനും അത് തടയുന്നതിനും സഹായകരമായ നടപടികളിലേയ്ക്ക് പോകണം. അതിനടിസ്ഥാനമായ പരിശോധനകൾ നടത്തുന്നതിനാവശ്യമായ നടപടികളെല്ലാം സ്വീകരിച്ചുവരികയാണ്. എല്ലാ മേഖലകളിലും ആധുനികവൽക്കരണത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇവിടെ ഒരു വിവാദ വിഷയമായി നിൽക്കുന്ന മദ്യനയം ഏപ്രിൽമാസം മുതൽ നടപ്പിലാക്കേണ്ടതാണ്. നേരത്തെ അംഗീകരിക്കപ്പെട്ട നയമാണ് തുടരുന്നത്. മേയ് മാസത്തിലാണ് ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. സ്വാഭാവികമായും ആ ഘട്ടത്തിൽ നയം പ്രഖ്യാപിക്കാമെന്ന നിലപാടെടുത്തു. അത്തരമൊരു ഘട്ടത്തിലാണ് യാദൃശ്ചികമായി മലപ്പുറത്ത് തെരഞ്ഞെടുപ്പ് വരുന്നത്. ആ ഘട്ടത്തിൽ അത് സാധ്യമല്ലെന്ന് വന്നപ്പോൾ നിലവിൽ നടത്തിക്കൊണ്ടിരുന്ന ഷാപ്പുകളെല്ലാം തുടരുന്നതിന് എല്ലാവർക്കും മൂന്ന് മാസത്തെ കാലാവധി നീട്ടിക്കൊടുത്തു. അത് ഈ ജൂൺ 30-ാം തീയതി അവസാനിക്കും. ജൂൺ 30-ാം തീയതിക്ക് മുമ്പ് മദ്യനയം വരും. അതിന് വേറെ തടസ്സമുണ്ടാകില്ല. അതിനിടയിൽ എനിക്ക് ചെറിയൊരു ആരോഗ്യപ്രശ്നമുണ്ടായി. അതിൽ നിന്നും ഭേദമായി വരികയാണ്. എന്തായിരുന്നാലും ഗവൺമെന്റിനുവേണ്ടി മദ്യനയം പ്രഖ്യാപിക്കും. ബഹുമാനപ്പെട്ട എം. ഉമ്മറാണെന്ന് തോന്നുന്നു, മഞ്ചേരിയിൽ ഒരു ഷാപ്പ് തുറന്നതിനെ സംബന്ധിച്ച് പറഞ്ഞു. മഞ്ചേരിയിൽ ബാർ ഹോട്ടൽ തുറക്കാൻ ഇടവന്നതും മദ്യഷാപ്പുണ്ടെങ്കിൽ അതും കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. എല്ലാം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്. ഒരു കാര്യം ഞാൻ ഉറപ്പ് നൽകുന്നത് മദ്യവർജ്ജനം,

ലഹരി വർജ്ജനം എന്നിവ പ്രാവർത്തികമാക്കുന്നതിനുള്ള നിലപാടിലേയ്ക്കാണ് നമ്മൾ ഒന്നിച്ച് പോകേണ്ടത്. ആർക്ക് വേണമെങ്കിലും ഷാപ്പുകൾ പൂട്ടിക്കാം. പക്ഷേ അതുകൊണ്ട് ലഹരിയുടെ ഉപയോഗം അവസാനിക്കുന്നില്ല. ലഹരിയുടെ ഉപയോഗം അവസാനിപ്പിക്കണ മെങ്കിൽ ആളുകൾ ഇത് ഉപയോഗിക്കാതിരിക്കണം. ഇത് ഉപയോഗിക്കാതിരിക്കാൻ നമ്മളെല്ലാപേരും ഇടപെടണം. അതിനുള്ള ഏറ്റവും പ്രധാനപ്പെട്ട വഴിയാണ് 'വിമുക്തി'. വിമുക്തിയുടെ പ്രവർത്തനത്തിൽ എല്ലാവരും സഹകരിച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകണം. തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, വിദ്യാർത്ഥികൾ, യുവജനസംഘടനകൾ, എല്ലാപേരും ഒന്നിച്ചുചേർന്ന് ശ്രമിച്ചാൽ ലഹരിയുടെ ഉപയോഗത്തിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ കഴിയും. ഒരു കാര്യം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. ആദരണീയനായ മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ, ദീർഘകാലം കേരളത്തിൽ ഭരണത്തിന് നേതൃത്വം കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ നിലപാടുകളോടെല്ലാം ഒരുപാട് അഭിപ്രായ വ്യത്യാസങ്ങളുള്ളവരാണ് ഞങ്ങളെല്ലാം. അതെല്ലാം നിലനിർത്തിക്കൊണ്ട് പറയട്ടെ, ഒരു സന്ദർഭത്തിലും കെ. കരുണാകരൻ മദ്യ നിരോധനം ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. ഞാൻ മുമ്പ് നിയമസഭയിൽ പറഞ്ഞതുപോലെ എ. പി. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പ്രധാനമായും എടുത്തുചേർത്ത ഒരഭിപ്രായം ശ്രീ. കെ. കരുണാകരന്റേതാണ്. എന്തുകൊണ്ട് അദ്ദേഹം അത്തരമൊരു നിലപാട് സ്വീകരിച്ചു? പ്രായോഗികമായി ഈ രാഷ്ട്രത്തിന്റെ ദീർഘകാല അനുഭവങ്ങളിലും ലോകത്തിന്റെ അനുഭവങ്ങളിലും നിന്നുകൊണ്ടാണ് മദ്യ നിരോധനവുമായി ബന്ധപ്പെട്ട വിഷയത്തിൽ അദ്ദേഹം നിലപാട് സ്വീകരിച്ചത്. വ്യത്യസ്ത വീക്ഷണങ്ങളും അഭിപ്രായങ്ങളുമൊക്കെ ഉണ്ടായേക്കാം. നമ്മളെല്ലാം ആഗ്രഹിക്കുന്നത് എന്താണ്? ജനങ്ങൾ ലഹരിയിൽനിന്നും മോചിതരാകണം. അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ നമുക്കുണ്ട്. പക്ഷെ ജനങ്ങളെ ഈ നിലപാടിൽനിന്നും പിന്തിരിപ്പിക്കേണ്ട താണെന്ന ധാരണയിൽ സജീവമായി നാം ആത്മാർത്ഥതയോടുകൂടി ഇടപെട്ടാൽ പ്രാദേശികതലങ്ങളിൽ നിരവധി ആളുകളിൽ മാറ്റം വരുത്തുവാൻ കഴിയും. ലഹരി ഉപയോഗിക്കുന്നവരെ ഇനിയെങ്കിലും ലഹരി ഉപയോഗിക്കാത്തവരായി മാറ്റണം. വിദ്യാഭ്യാസ മേഖലയിൽ ഇത് പ്രധാനമായും സ്വീകരിക്കേണ്ട ഒരു നിലപാടാണ്. അതുകൊണ്ട് ഇത്തരമൊരു വീക്ഷണമാണ് സ്വീകരിക്കേണ്ടത്.

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരിയിലെ ബാർ ഹോട്ടൽ തുറന്നതിനെ സംബന്ധിച്ച്, അതിന്റെ തൊട്ടുമുമ്പിലുള്ളത് ഒന്ന് ഒരു മെഡിക്കൽ കോളേജാണ്. മറ്റൊന്ന് തൊട്ടടുത്തുള്ള ഒരു മുസ്ലീം പള്ളിയാണ്. ഈ രണ്ടിടത്തേയ്ക്കുമുള്ള ദൂരം 50 മീറ്റർ ഇല്ല. മാത്രമല്ല, അതുവഴിയുള്ള റോഡ് പി.ഡബ്ല്യൂ.ഡി.-യുടെ സ്റ്റേറ്റ് ഹൈവേ ആയിരുന്നു. ആ സ്റ്റേറ്റ് ഹൈവേ പേരുമാറ്റി അപ്പുറത്തേയ്ക്ക് കൊണ്ടുവന്ന് നിർമ്മിച്ചതാണ്. അതുകൊണ്ട് അങ്ങ്

പ്രത്യേകം ഈ കാര്യങ്ങൾ പരിശോധിക്കണം. ബഹുമാനപ്പെട്ട കോടതിയിൽ അങ്ങയുടെ ഡിപ്പാർട്ട്മെന്റ് ഈ സംഗതികൾ സപ്രസ്സ് ചെയ്തുകൊണ്ടാണ് വിധി സമ്പാദിച്ചതെന്നത് ശ്രദ്ധയിൽ പ്പെടുത്തുകയാണ്.

ശ്രീ. റ്റി.പി. രാമകൃഷ്ണൻ: സർ, ഞാൻ നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഒരു ഷാപ്പും അനുവദിക്കില്ല. നിയമത്തിനകത്തു നിന്നുകൊണ്ടുമാത്രമേ ഷാപ്പുകൾ പ്രവർത്തിക്കൂ. നിയമപരമായി മാത്രമേ ഷാപ്പുകൾ നടത്തുവാൻ അനുവദിക്കുകയുള്ളൂ എന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതുകൊണ്ട് അതുമാത്രമേ നടപ്പിലാകുകയുള്ളൂ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇവിടെ പി.ഡബ്ല്യൂ.ഡി. ഒരു പേരും മാറ്റിയിട്ടില്ല. ഒന്നും ഡീ-നോട്ടിഫൈ ചെയ്തിട്ടില്ല. യാതൊരുവിധ നിലപാടും എടുത്തിട്ടില്ല. ഇത് ഞാൻ മുമ്പും സഭയിൽ പറഞ്ഞിരുന്നു. ഇവിടെയും ഒരുകാര്യവും ഞങ്ങളുടെ ഡിപ്പാർട്ട്മെന്റ് ചെയ്തിട്ടില്ല.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ : സർ, അത് നമുക്ക് പരിശോധിക്കാം.

ശ്രീ. എം. ഉമ്മർ: സർ, പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും കത്തുകൾ വന്നതുകൊണ്ടാണ് ഞാൻ പറഞ്ഞത്

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, അങ്ങ് പരാതി എഴുതിത്തന്നാൽ പരിശോധിക്കാൻ തയ്യാറാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഡീനോട്ടിഫിക്കേഷൻ എന്നൊരു നിലപാട് സർക്കാർ ഇതുവരെ എടുത്തിട്ടില്ല. അപ്പോൾ സ്വാഭാവികമായും ചിലർ ദേശീയ പാതയെന്നും സംസ്ഥാന പാതയെന്നും ധരിച്ച പല റോഡുകളും രേഖകളിൽ മേജർ ഡിസ്ട്രിക്റ്റ് റോഡുകളാണ്. അതാണ് കോടതിയുടെ മുൻപിൽ വരുന്ന പ്രശ്നം. നിയമപരമായി പറഞ്ഞാൽ നിയമം നടപ്പിലാക്കാൻ ബാധ്യസ്ഥമാണ്. സുപ്രീംകോടതി വിധിയിൽനിന്ന് സർക്കാർ മാറുന്നില്ല. സുപ്രീംകോടതി വിധി അനുസരിച്ചുതന്നെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. തുടർന്നും അപ്രകാരം മാത്രമേ പ്രവർത്തിക്കുകയുള്ളൂ. നാടിന്റെ യാഥാർത്ഥ്യം മനസ്സിലാക്കി നമ്മൾ നയം രൂപീകരിക്കുന്ന സമയത്തും ചില നിലപാടുകൾ സ്വീകരിക്കേണ്ടി വരും. ഇവിടെ കള്ളുവ്യവസായ തൊഴിലാളികളുടെ സംരക്ഷണവും തുടർന്നുള്ള പ്രശ്നങ്ങളെക്കുറിച്ചെല്ലാം പല അഭിപ്രായങ്ങളും വന്നു. എല്ലാ കാര്യങ്ങളും ഞാൻ വിശദീകരിക്കുന്നില്ല. ഉന്നയിച്ച പ്രശ്നങ്ങളെല്ലാം സർക്കാർ പരിശോധിക്കാം. അതുമായി ബന്ധപ്പെട്ട് ഒരുകാര്യം ഞാൻ വ്യക്തമാക്കുകയാണ്, അത് Toddy Board-ന്റെ രൂപീകരണമാണ്. കള്ളുവ്യവസായ മേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കള്ള് ചെത്തുന്നതിനുള്ള വൃക്ഷം, അതിനുള്ള കുറവ്, ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഇതെല്ലാം ഈ മേഖലയിൽ

ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നുണ്ട്. ഈ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെട്ട തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കാൻ അടിയന്തര നടപടി ആവശ്യമാണ്. ഞാൻ ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗം വിളിച്ച് ചേർത്തപ്പോൾ എല്ലാ സംഘടനകളും ഒന്നിച്ച് ആവശ്യപ്പെട്ടത് Toddy Board രൂപീകരിക്കണമെന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അപ്രകാരമുള്ള ഒരു തീരുമാനമെടുത്തിരുന്നെങ്കിലും അത് നടപ്പിലായിട്ടില്ല. അതിനുള്ള ഒരു നടപടിയും 2015-ന് തീരുമാനം എടുത്തതിനുശേഷം നടത്തിയിട്ടില്ലെന്നാണ് പഴയ രേഖകൾ പരിശോധിച്ചപ്പോൾ കാണാൻ കഴിയുന്നത്. ഈ സർക്കാർ ഉദ്ദേശിക്കുന്നത് Toddy Board രൂപീകരിക്കാനും Toddy Board പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം ഇതിന്റെ തുടർച്ചയായി നടപ്പിലാക്കാനുമാണ്. Toddy Board പ്രാവർത്തികമാക്കുമെന്ന നിലപാട് ഗവൺമെന്റിനുവേണ്ടി ഞാനിവിടെ വ്യക്തമാക്കുകയാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. “If wealth is lost, nothing is lost; if health is lost, something is lost; if character is lost, everything is lost.” ധനം നഷ്ടപ്പെട്ടാൽ ഒന്നും നഷ്ടമാകുന്നില്ല, ആരോഗ്യം നഷ്ടപ്പെട്ടാൽ കുറച്ച് നമുക്ക് നഷ്ടമാകുന്നു, സ്വഭാവം നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടമാകുന്നു. Character നഷ്ടപ്പെട്ടതിലൂടെ സർവ്വതും നഷ്ടപ്പെട്ടവരുടെ വിലാപങ്ങളാണ് ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തുനിന്ന് മുഴങ്ങിക്കേട്ടതെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഒരു വർഷം പൂർത്തിയാക്കുകയാണ്. ഇന്നലെ തദ്ദേശ സ്ഥാപനങ്ങളിലെ 12 വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് നടന്നതിൽ എട്ടിലും എൽ.ഡി.എഫ്. വിജയം നേടി. യു.ഡി.എഫ്.-ന് നാല് സീറ്റുകളേ ലഭിച്ചുള്ളൂ. മലപ്പുറത്ത് ലോക്സഭയിലേയ്ക്ക് ഉപതെരഞ്ഞെടുപ്പ് നടന്നു. കഴിഞ്ഞ തവണ ഇടതുപക്ഷം നേടിയതിനേക്കാൾ ഒരു ലക്ഷത്തിലധികം വോട്ടാണ് ഇടതുപക്ഷം നേടിയത്. ......(ബഹളം).....

മി. സ്പീക്കർ: അദ്ദേഹത്തിന്റെ വകുപ്പിനെ സംബന്ധിച്ചുള്ള ചർച്ചയ്ക്ക് അദ്ദേഹം മറുപടി പറയണ്ടേ. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങൾ വിശദീകരിച്ചു. അദ്ദേഹം സംസാരിച്ച 29 മിനിട്ടും അടിസ്ഥാന ജനവിഭാഗങ്ങളുമായുള്ള പ്രശ്നങ്ങൾ പറയുന്നതിനുവേണ്ടിയാണ് വിനിയോഗിച്ചത്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സംസാരിച്ചപ്പോഴും പൂർണ്ണമായും ആ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിശദീകരിച്ചത്. ഗവൺമെന്റിനെ പ്രതിനിധാനം ചെയ്ത് സംസാരിക്കുമ്പോൾ അവർക്ക് പദ്ധതികൾ പ്രഖ്യാപിക്കാൻകൂടി അവസരം വേണ്ടേ. അത് പുതിയ കാര്യമാണോ?

<u>പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)</u>: ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങയുടെ ശ്രദ്ധയിൽ ഒരുകാര്യം കൊണ്ടുവരികയാണ്. സാധാരണ മന്ത്രിമാരുടെ മറുപടി 30 മിനിട്ടാണ്. ഇവിടെ അംഗങ്ങൾ രണ്ടോ മൂന്നോ മിനിട്ടെടുത്താൽ അപ്പോൾത്തന്നെ ചെയർ ബെല്ലടിക്കുകയും അവരെ തടസ്സപ്പെടുത്തുകയും ചെയ്യും. 30 മിനിട്ടെന്നുള്ളത് ഒരു മണിക്കൂർ പോരേ. ഇവിടെ രണ്ട് മന്ത്രിമാർ മറുപടി പറഞ്ഞു. ഒരു മണിക്കൂറായി. അതിനൊരു നിയന്ത്രണം അങ്ങ് ഏർപ്പെടുത്തണം. പുതിയ മന്ത്രിമാരാണ്. അവരുടെ വകുപ്പുകളുടെ കാര്യങ്ങൾ പറയുന്നതിലൊന്നും തെറ്റില്ല. അതൊക്കെ വേണം. ഇപ്പോൾത്തന്നെ 4 മണിയാകാറായി. അംഗങ്ങളെ നിയന്ത്രിക്കുന്നതുപോലെ മന്ത്രിമാരെക്കൂടി ദയവായി സ്പീക്കർ നിയന്ത്രിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. ഇന്നലെയും മിനിഞ്ഞാന്നും ഞാനത് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗങ്ങളേയും മന്ത്രിമാരെയും താരതമ്യം ചെയ്യുന്നതിൽ ഒരു അനൗചിത്യമുണ്ട്. കാരണം സർക്കാരിനെ പ്രതിനിധാനം ചെയ്തുകൊണ്ട് പദ്ധതികൾ പ്രഖ്യാപിക്കാനും കാര്യങ്ങൾ വിശദീകരിക്കാനുമുള്ള അവസരംകൂടി അവർക്ക് ലഭ്യമാകേണ്ടതുണ്ട്. അതൊരു പുതിയ കാര്യമല്ല. പക്ഷേ പരമാവധി സമയക്രമം പാലിക്കുകയാണ് ശരിയെന്ന് ആവർത്തിച്ചാവർത്തിച്ച് ഞാൻ പറയുന്നുണ്ട്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ന്യൂനപക്ഷ ക്ഷേമത്തെ സംബന്ധിക്കുന്ന ധനാഭ്യർത്ഥന ചർച്ചയാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ ന്യൂനപക്ഷ മേഖല യിൽ നടന്ന ഒരു ഉപതെരഞ്ഞെടുപ്പിന്റെ ഫലത്തെക്കുറിച്ച് ഇവിടെ ചില പരാമർശങ്ങൾ നടത്തേണ്ടതുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 193000 വോട്ടുകൾക്കാണ് യു.ഡി.എഫ്. അവിടെ വിജയിച്ചത്. ഈ ഉപതെരഞ്ഞെടുപ്പിൽ 171000 വോട്ടായി അത് കുറഞ്ഞിരിക്കുകയാണ്. ഇടതുപക്ഷത്തിന് ഒരു ലക്ഷത്തോളം വോട്ടാണ് കൂടിയിരിക്കുന്നത്.

(മന്ത്രിമാരുടെ പ്രസംഗത്തിൽ സമയക്ലിപ്തത പാലിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

<u>മി. സ്പീക്കർ</u>: ഇത് ദൗർഭാഗ്യകരമാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ന്യൂനപക്ഷ ജനവിഭാഗത്തിനുവേണ്ടി എൽ.ഡി.എഫ്. സർക്കാർ ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് കേൾക്കാനുള്ള സഹിഷ്ണുതപോലും ഇല്ലാതെയാണ് അപ്പുറത്തിരിക്കുന്നവർ ഇറങ്ങിപ്പോകുന്നത്. അത് കേൾക്കാനുള്ള സന്മനസ്സെങ്കിലും അവർ കാണിക്കേണ്ടതായിരുന്നു. ന്യൂനപക്ഷങ്ങൾക്കുവേണ്ടി എൽ.ഡി.എഫ്. ഒന്നും ചെയ്തില്ലെന്നാണ് പറഞ്ഞത്. ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ആദ്യമായി പി.എസ്.സി., യു.പി.എസ്.സി. പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങിയത് സഖാവ് വി. എസ്. അച്യുതാനന്ദൻ കേരളത്തിൽ എൽ.ഡി.എഫ്. സർക്കാരിന് നേതൃത്വം നൽകിയിരുന്ന കാലത്താണ്. അന്ന് 5 കേന്ദ്രങ്ങൾ തുടങ്ങി. അത് വ്യാപിപ്പിക്കുവാൻ മാത്രമാണ് പിന്നീടുവന്ന യു.ഡി.എഫ്. സർക്കാർ ശ്രമിച്ചത്.

നിർദ്ധനരായ മുസ്ലീം പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് സഹായകമായ 10,000 രൂപയുടെ സ്കോളർഷിപ്പ് സംസ്ഥാനത്ത് പ്രഥമമായി നടപ്പിലാക്കിയത് ശ്രീ. പാലോളി മുഹമ്മദ്കുട്ടി ന്യൂനപക്ഷ വകുപ്പിന്റെ ചുമതല ഏറ്റെടുത്ത് കൈകാര്യം ചെയ്തിരുന്ന സമയത്താണ്. അതിന് മഹാനായസി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പേരിട്ട എന്നല്ലാതെ മറ്റൊന്നും യു.ഡി.എഫ്. സർക്കാർ ചെയ്തില്ല. കേരളത്തിൽ ഒരു സർക്കാർ സിവിൽ സർവ്വീസ് അക്കാദമിയിൽ മാത്രമേ മുസ്ലീം കുട്ടികൾക്ക് 50 ശതമാനം സംവരണം നൽകപ്പെടുന്നുള്ളൂ. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് രൂപീകൃതമായ സിവിൽ സർവ്വീസ് അക്കാദമിയിലല്ല അങ്ങനെയൊരു സംവരണം നൽകപ്പെടുന്നത്. ശ്രീ. പാലോളി മുഹമ്മദ്കുട്ടി കേരളത്തിന്റെ മൈനോറിറ്റി വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന സമയത്ത് അങ്ങയുടെ നിയോജകമണ്ഡലമായ പൊന്നാനിയിൽ സ്ഥാപിതമായിട്ടുള്ള സിവിൽ സർവ്വീസ് അക്കാദമിയിലാണ് 50 ശതമാനം സീറ്റുകൾ മുസ്ലീം കുട്ടികൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. 5 വർഷം ലീഗ് ഭരിച്ചിട്ട് എന്ത് പുതിയ കാര്യമാണ് ഈ മേഖലയിലുണ്ടാക്കാൻ കഴിഞ്ഞത്; മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത് ലീഗ് ഭരിച്ചിരുന്ന കാലത്തല്ലല്ലോ. ശ്രീ. പാലോളി മുഹമ്മദ്കുട്ടിയല്ലേ അതും നടപ്പാക്കിയത്. അത് വിപുലീകരിക്കുക മാത്രമല്ലേ കഴിഞ്ഞ സർക്കാർ ചെയ്തത്.

ഈ സർക്കാർ വന്നതിനുശേഷം എന്ത് പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് ഇവിടെ വാചാലമായി ചോദിക്കുന്നതുകേട്ടു. ഈ സർക്കാർ വന്നിട്ട് ഒരു വർഷമേ ആകുന്നുള്ളൂ. പുതിയ പദ്ധതികൾ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്നു. മൂന്ന് പുതിയ പദ്ധതികളാണ് ഈ മേഖലയിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്ന്, Talent Scholarship for Minority Students. ഇതിനാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ പേര് നൽകിയത്. പാവപ്പെട്ടവരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മിടുക്കരായ എസ്.എസ്. എൽ.സി., പ്ലസ് ടു പരീക്ഷകളിൽ പാസ്സായ കുട്ടികൾക്ക് 10,000 രൂപ വച്ചാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്. ഇതിനായി കഴിഞ്ഞ വർഷം 1.50 കോടി രൂപ നീക്കിവച്ചു. 2 കോടി രൂപയാണ് ഈ വർഷം ഇതിലേയ്ക്കായി നീക്കിവച്ചിട്ടുള്ളത്. ന്യൂനപക്ഷ വിഭാഗങ്ങളിലെ ദരിദ്രരായ ഗുണഭോക്താക്കൾക്ക് കേടുപാടുകൾ സംഭവിച്ച വീടുകൾ റിപ്പെയർ ചെയ്യുന്നതിന് ഒരു പദ്ധതി നിലവിലില്ലെന്നത് മുന്നിൽ കണ്ടുകൊണ്ടാണ് ഈ വർഷം 5 കോടി രൂപ നീക്കിവച്ചുകൊണ്ട് ഈ വിഭാഗത്തിൽപ്പെടുന്ന ദരിദ്ര കുടുംബങ്ങളുടെ വീടുകൾ റിപ്പെയർ ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നല്കിയിരിക്കുന്നത്.

വഖഫ് ബോർഡിന്റെ സ്വത്തും അതിന്റെ ഭൂമിയും ഉപയോഗപ്പെടുത്തി ക്കൊണ്ട് വഖഫ് ബോർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും സഹകരണത്തോടെ മലപ്പുറത്ത് പുറത്തൂരിൽ 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോരിറ്റി സ്റ്റഡീസ് ' എന്ന സ്ഥാപനം ആരംഭിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് 10-5-2017-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് സഭയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തെ എൽ.ഡി.എഫ്. തടഞ്ഞുവെന്ന് വാസ്തവവിരുദ്ധമായ പ്രസ്താവന എന്റെ പ്രിയ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിം സഭയിൽ നടത്തുകയുണ്ടായി. മലബാറിന്റെ, വിശിഷ്യാ മലപ്പുറത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുടെ അടിത്തറ എന്ന് പറയപ്പെടുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി 1967-ൽ അധികാരത്തിൽ വന്ന രണ്ടാം ഇ.എം.എസ്. സർക്കാരിന്റെ കാലത്താണ് നിലവിൽ വന്നതും സ്ഥാപിക്കപ്പെട്ടതും എന്നുള്ളത് ബോധപൂർവ്വം മറച്ചുവച്ചു കൊണ്ടാണ് ഇങ്ങനെയൊരു പ്രസ്താവന ഇവിടെ നടത്തിയത്. മലപ്പുറം ജില്ലയിൽ ഏറ്റവുമധികം സർക്കാർ വിദ്യാലയങ്ങളുണ്ടായത് 1967-ലെ രണ്ടാം ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്താണെന്നതും മറക്കാനാകില്ല. മലബാറിൽ ഏറ്റവുമധികം ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ചത് ഇടതുപക്ഷ ഭരണ കാലത്ത് ശ്രീ. എം. എ. ബേബി കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോഴാണ്. അന്ന് 180 ഹയർ സെക്കന്ററി സ്കൂളുകളാണ് മലബാറിൽ മാത്രം അനുവദിച്ചത്. ധാരാളം സമ്മർദ്ദങ്ങൾ അതിനെതിരായി അന്ന് പലഭാഗങ്ങളിൽനിന്നും ഉയർന്നുവെങ്കിലും ഇടതുപക്ഷ സർക്കാർ മുട്ടുമടക്കാതെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രാമുഖ്യം നല്കി ആ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന സാഹചര്യ മുണ്ടാക്കി. ബഹുമാന്യനായ പാണക്കാട് തങ്ങൾ മാനേജരായിട്ടുള്ള പാണക്കാട് സ്കൂളിന് പ്ലസ് ടു ലഭിച്ചതുപോലും ഇടതുപക്ഷം ഭരിക്കുന്ന കാലത്താണെന്നത് ആർക്കാണ് മറക്കാൻ കഴിയുക. എൽ.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് മലപ്പുറത്ത് 3 പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിച്ചത് അങ്ങേയ്ക്കുമറിയാം. മലപ്പുറം ജില്ലയുടെ രൂപീകരണത്തിനുശേഷം പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഗവൺമെന്റ് മേഖലയിൽ ഒരു ഐ.ടി.ഐ. മാത്രമേ ഉണ്ടായിരുന്നുള്ളൂ. 3 ഐ.ടി.ഐ.-കൾ സ്ഥാപിച്ചുകൊണ്ട് ഇടതുപക്ഷ സർക്കാർ ആ മേഖലയെ ഉയർത്തിക്കൊണ്ടുവരുന്നതിന് ശ്രമിച്ചു. ട്രെയിനിംഗ് സെന്ററുകളുടെ പേരിൽ നിന്നും 'മുസ്ലീം' മാറ്റി എന്നതാണ് ശ്രീ. ടി. വി. ഇബ്രാഹിമിനെപ്പോലെ ഒരാൾ ഇവിടെ ആക്ഷേപിച്ചത്. ഈ സെന്ററുകളിൽ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവരും പഠിക്കുന്നുണ്ട്, ആ സെന്ററിന് 'സെന്റർ ഫോർ മുസ്ലീം യൂത്ത്സ് ' എന്ന് പേര് നല്കുന്നത് ഉചിതമല്ല എന്നുള്ള പശ്ചാത്തലത്തിലാണ് 'സെന്റർ ഫോർ മൈനോറിറ്റി യൂത്ത്സ് എന്നാക്കി മാറ്റിയത്. പ്രചണ്ഡമായ പ്രചാരവേലകൾ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പല സർക്കാരുകളും ചെയ്യുന്നു എന്ന രീതിയിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിൽ ബുദ്ധിപൂർവ്വമായ നിലപാടെടുത്തു എന്നുള്ളത് എങ്ങനെയാണ് ഒരാക്ഷേപമായി ഉന്നയിക്കുക?

2017-2018-ൽ പ്ലാൻ ഫണ്ടിൽ 99 കോടി രൂപയും നോൺ പ്ലാൻ ഫണ്ടിൽ 17.60 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്; മൊത്തം 116.60 കോടി രൂപ. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അവസാന വർഷം 104.9 കോടി രൂപ മാത്രമാണ് ഈ മേഖലയിൽ അനുവദിച്ചിരുന്നത്. 104 കോടി രൂപയാണോ 116 കോടി രൂപയാണോ വലുതെന്ന് പ്രത്യേകിച്ച് വിശകലനം ചെയ്യേണ്ടതില്ലല്ലോ. ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്ന ക്രൂരമായ വിനോദം ഇനിയെങ്കിലും മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ അവസാനിപ്പിക്കുന്നത് നന്നായിരിക്കും. കഴിഞ്ഞ വർഷം അനുവദിച്ച വിധവകളുടെ വീടുകളുടെ എണ്ണം 1200 ആണ്. എന്നാൽ ഈ വർഷം 2000 വീടുകളാണ് സർക്കാർ ഈ രംഗത്ത് നൽകാൻ പോകുന്നത്. ഇതിന്റെ ഫലമായി 2000 നിരാലംബരായ സ്ത്രീകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. അന്ന് ഈ പദ്ധതിക്കായി 31 കോടി രൂപയാണ് യു.ഡി.എഫ്. സർക്കാർ നീക്കിവച്ചതെങ്കിൽ 50 കോടി രൂപയാണ് എൽ.ഡി.എഫ്. സർക്കാർ നീക്കിവച്ചിരിക്കുന്നത്. ഇക്കാലമത്രയും 2.5 ലക്ഷം രൂപയാണ് വീട് നിർമ്മിക്കുന്നതിനായി സഹായം നല്കിയിരുന്നത്. ഈ പദ്ധതിയെ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച് ഇതിന്റെ ജനറൽ വിഭാഗത്തിൽ ലൈഫ് പദ്ധതിയിൽ നല്കുന്ന 3.5 ലക്ഷം രൂപ ഇവർക്കുകൂടി നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇമ്പിച്ചിബാവയുടെ പേരും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേരും പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ പേരും വിവിധ പദ്ധതികൾക്ക് നൽകിയതിനെ വിമർശിച്ചുകൊണ്ട് ഇവിടെ സൂചനകളിലൂടെ ചില അംഗങ്ങൾ പറയുകയുണ്ടായി. 2009-2010-ൽ ആരംഭിച്ച മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പിന് സി.എച്ച്. മുഹമ്മദ്കോയയുടെ പേരിട്ടു. ഏതെങ്കിലും ഒരു ഇടതുപക്ഷ അംഗം അല്ലെങ്കിൽ ഇടതുപക്ഷ നേതാവ് അതിനെതിരായി വിമർശനത്തിന്റെ ഒരു ചെറിയ വാക്കെങ്കിലും പറയുന്നത് ആരെങ്കിലും കേട്ടിരുന്നുവോ; എന്തിനാണ് ഇത്തരത്തിൽ അസഹിഷ്ണുത പ്രകടിപ്പിക്കുന്നത്? ബഹുമാന്യനായ എം. ഉമ്മർ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ് മഞ്ചേരി ജില്ലാ ആശുപത്രി കെട്ടിടത്തിലെ ഒരു ബ്ലോക്കിന് ശിഹാബ് തങ്ങളുടെ പേരിടണമെന്ന് പറഞ്ഞത്. അന്ന് കമ്മ്യൂണിസ്റ്റ് മനസ്സുള്ള കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി ആ ഹോസ്പിറ്റലിന് ശിഹാബ് തങ്ങളുടെ പേരിടാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു എന്ന കാര്യം കമ്മ്യൂണിസ്റ്റുകാരായ ആളുകളുടെ വിശാല മനസ്കത ബോദ്ധ്യപ്പെടുത്തുംവിധം എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു. ലീഗിന്റെ സുഹൃത്തുക്കൾ അത് ഇത്ര പെട്ടെന്ന് എങ്ങനെയാണ് മറന്നുപോയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ന്യൂനപക്ഷ പ്രശ്നങ്ങൾ വളരെ അവധാനതയോടെയും ഡിപ്ലോമാറ്റിക്കായും അവതരിപ്പിക്കേണ്ട ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഏത് മതസമുദായത്തിന്റെ വിഷയങ്ങളേയും മതനിരപേക്ഷമായി അവതരിപ്പിക്കാൻ നമുക്ക് കഴിയണം. മുസ്ലീം മുസ്ലീമിന്റെ കാര്യവും, ഹിന്ദു ഹിന്ദുവിന്റെ കാര്യവും, ക്രിസ്ത്യാനി ക്രിസ്ത്യാനിയുടെ കാര്യവും മാത്രം പറയുന്ന അവസ്ഥ മാറണം. വിശുദ്ധ ഖുറാനിലെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ട്, അത് ലീഗ്

സുഹൃത്തുക്കൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ ഉദ്ധരിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. എങ്കിലും രേഖയിൽ അത് കിടക്കട്ടെ എന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്:

"ഉദ്ഉ ഇലാ സബീലി

റബ്ബിക്ക ബിൽ

ഹിക്ക്മത്തി വൽ

മൗഇളത്തിൽ ഹസന"

ദൈവ മാർഗ്ഗത്തിലേയ്ക്ക് നിങ്ങൾ ജനങ്ങളെ ക്ഷണിക്കുമ്പോൾ നല്ലവാക്കുകൾ പറഞ്ഞും ഡിപ്ലോമാറ്റിക്കായും ക്ഷണിക്കണം എന്നാണ് പറയുന്നത്. മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾ ഇത് കേട്ടില്ലെങ്കിലും വരുന്ന ആരെങ്കിലും ഇത് രേഖയിൽനിന്ന് പഠിക്കുമെങ്കിൽ അതെങ്കിലും പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുന്നു. ന്യൂനപക്ഷ പ്രശ്നങ്ങൾ അവതരിപ്പിക്കുമ്പോൾ നല്ലവാക്കുകൾ പറഞ്ഞും ഡിപ്ലോമാറ്റിക്കായും അവതരിപ്പിക്കാൻ ലീഗിന്റെ സുഹൃത്തുക്കൾ പഠിക്കുമെന്ന വിശ്വാസത്തോടെ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. ബഷീർ, അബ്ദുൽ ഹമീദ്. പി., വി. കെ. ഇബ്രാഹിം കുഞ്ഞ്, പാറക്കൽ അബ്ദുല്ല, മഞ്ഞളാംകുഴി അലി, ഹൈബി ഈഡൻ, എൻ. ഷംസുദ്ദീൻ, എൻ.എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, കെ. എം. ഷാജി,റ്റി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് സർവ്വശ്രീ. പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, പി. ടി. തോമസ്, മഞ്ഞളാംകുഴി അലി, അൻവർ സാദത്ത്, റോജി എം. ജോൺ, അബ്ദുൽ ഹമീദ്. പി., കെ. മുരളീധരൻ, കെ. എം. ഷാജി, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, മോൻസ്

ജോസഫ്, സി. മമ്മൂട്ടി, ടി. വി. ഇബ്രാഹിം, വി. കെ. ഇബ്രാഹിം കുഞ്ഞ്, റോഷി അഗസ്റ്റിൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണ മെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് സർവ്വശ്രീ. പി. കെ. ബഷീർ, കെ. എം. ഷാജി, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, ഐ. സി. ബാലകൃഷ്ണൻ, എൻ. ഷംസുദ്ദീൻ, റ്റി. എ. അഹമ്മദ് കബീർ, എ. പി. അനിൽ കുമാർ, എം. ഉമ്മർ, അബ്ദുൽ ഹമീദ് പി., വി. കെ. ഇബ്രാഹിം കുഞ്ഞ്, സി. മമ്മൂട്ടി, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടിക യിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കു ന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ**

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവകവായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VIII അറിയിപ്പ്

'ജീവാമൃതം ചിത്രപ്രദർശനം'

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേയ്ക്കായി ഒരു കാര്യം പറയുകയാണ്. അവയവദാനത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കി വരുന്ന മരണാനന്തര അവയവദാന പദ്ധതിയായ കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ്-ന്റെ സഹകരണത്തോടെ നിർമ്മിച്ചിട്ടുള്ള ജീവാമൃതം എന്ന ചിത്രം അംഗങ്ങൾക്കായി V-ഇ കോൺഫറൻസ് ഹാളിൽ ഇന്ന് സഭാ സമ്മേളനത്തിനുശേഷം പ്രദർശിപ്പിക്കുന്നതാണ്. എല്ലാ അംഗങ്ങളും പ്രസ്തുത ചിത്രം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.51-ന് പിരിഞ്ഞു.)